Digitized by Arya Samaj Foundation Chennai and eGangotri

# അദ്ധ്യാത്മരാമായണം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# അദ്ധ്യാത്മ രാമായണം

കപ്രശ്ശേരി അപ്പുണ്ണിക്കയ്മൾ



CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

FORWARDED WITH COMPLIMENTS FROM
THE DE[illegible] OF EDUCATION,
GOVERNMENT OF INDIA.

(കേരള ഗവർമ്മേണ്ടിൽനിന്നും
ധനസഹായം ലഭിച്ചതു്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

FORWARDED WITH COMPLIMENTS FROM
THE DEPART EN· OF EDUCATION,
GOVERNMENT OF INDIA,

# അദ്ധ്യാത്മരാമായണം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(Malayalam)

# ADHYATMA RAMAYANAM

Translated by
**KAPRASSERI APPUNNI KAIMAL**

First Published June 1978

PRINTED AT VENAD PRINTERS, TRIVANDRUM

Price Rs. 25·00

Rights reserved

Published by
K. Mukundan Nair

Distributors
NATIONAL BOOK STALL
KOTTAYAM — TRIVANDRUM — ERNAKULAM — CANNANORE
TRICHUR — PALGHAT — QUILON — KOZHIKODE — ALLEPPEY

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# അദ്ധ്യാത്മരാമായണം

(വൃത്താനുവൃത്തപരിഭാഷ)

FORWARDED WITH COMPLIMENTS FROM
THE DEPARTMENT OF EDUCATION,
GOVERNMENT OF INDIA.

പരിഭാഷകൻ

**കപ്രശ്ശേരി അപ്പുണ്ണിക്കയ്മൾ**

വിതരണം

**നാഷനൽ ബുക്ക്സ്റ്റാൾ**

കോട്ടയം

വില ക. 25·00

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

S2539 D175/77-78 1-1500

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്റെ വന്ദ്യപിതാവ് കപ്രശ്ശേരി അപ്പുണ്ണിക്കട്ടൾ അദ്ധ്യാപനവൃത്തിയിൽനിന്നു വിരമിച്ചശേഷം, ജീവിതത്തിന്റെ അപരാഹ്നത്തിൽ കുറച്ചു കൊല്ലങ്ങളോളം അനുഷ്ഠിച്ച തീവ്രപ്രസാധനയുടെ ഫലമാണ് അദ്ധ്യാത്മരാമായണം വിവർത്തനം. അച്ഛന്റെ ജീവിതകാലത്തുതന്നെ ഇതു പ്രസിദ്ധീകരിക്കാൻ കഴിയാഞ്ഞതിലുള്ള ദുഃഖത്തിന്റെ പരിവേഷമുണ്ടെങ്കിലും, ഇന്ന് ഈ കൃതി സഹൃദയസമക്ഷം സമർപ്പിക്കുമ്പോൾ ഞാനനുഭവിക്കുന്ന ആത്മനിർവൃതി അനിർവ്വചനീയമാണ്. ഇതിന്റെ രചനയിൽ അച്ഛനു പ്രചോദനം നല്കിയവരും ഇതിന്റെ പ്രസാധനത്തിൽ എനിക്കു മാർഗ്ഗനിർദ്ദേശം ചെയ്തവരുമായ മഹദ്വ്യക്തികളോട് ഞാൻ എന്നെന്നും കൃതജ്ഞനാണ്.

സജ്ജനങ്ങളുടേയും സജ്ജനപ്രിയനായ ഭഗവാൻ വൈകുണ്ഠനാഥന്റേയും അനുഗ്രഹാശിസ്സുകൾക്കായി പ്രാർത്ഥിച്ചുകൊണ്ട്,

മുകുന്ദൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# അച്ഛൻെറ
# പാവനസ്മരണയ്ക്കു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്രന്ഥകർത്താവ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# ആമുഖം

കേരളീയർക്ക്–സംസ്കൃതാനഭിജ്ഞരായവക്ക് പ്രത്യേകിച്ചും രാമായണ സുധാവർണ്ണത്തിലിറങ്ങുവാൻ സഹായമായിട്ടുള്ളതു് എഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണം കിളിപ്പാട്ടു് മാത്രമാണല്ലൊ. ഈ ഗ്രന്ഥത്തിൻെറ വൈശിഷ്ട്യം കാരണം കേരളീയഭവനങ്ങളിൽ പാവനമായ ഒരു നിത്യപാരായണഗ്രന്ഥമായി ശതാബ്ദങ്ങളോളംകാലം അതു നിലനിന്നിരുന്നു. ഇന്നും അപൂർവ്വമായി നിലനില്ക്കുന്നുമുണ്ടു്. സംസ്കൃതത്തിലുള്ള 'അദ്ധ്യാത്മരാമായണ'മാണു് എഴുത്തച്ഛൻ തൻെറ കിളിപ്പാട്ടിനെ ആധാരമാക്കീട്ടുള്ളതു്. പക്ഷെ ആദികാവ്യമായ വാല്മീകി രാമായണത്തിൻെറ ശില്പസൌന്ദര്യമാസ്വദിക്കുന്നതിന്നു് വള്ളത്തോളിൻെറ പരിഭാഷ ഉപകരിക്കുന്നതുപോലെ, അദ്ധ്യാത്മരാമായണം ആസ്വദിപ്പാൻ എഴുത്തച്ഛൻെറ കിളിപ്പാട്ടു് പര്യാപ്തമാവുന്നില്ല. കാരണം മൂലകൃതിക്കു് ശരിയായ ഒരു പരിഭാഷ തയ്യാറാക്കുക എന്നതായിരുന്നില്ല എഴുത്തച്ഛൻെറ പ്രധാന ലക്ഷ്യം. ഉൽകൃഷ്ടമായ ഇതിവൃത്തവും, അതിലുള്ള ആദ്ധ്യാത്മിക തത്വങ്ങളും ഉന്നതാദർശങ്ങളും ഉപജീവിച്ചു്, സ്വന്തം ഔചിത്യബോധവും ഭാവനാസമ്പത്തും ആസ്പദമാക്കി, ഉചിതമായ പല മാററങ്ങളും വരുത്തി, നിസ്സാരമെന്നു തോന്നുന്ന ചെറിയ കഥാംശങ്ങൾ ചിലതു് വിട്ടുകളഞ്ഞും, പ്രസക്തമായ ചിലതു കൂട്ടിച്ചേർത്തും, ദേശീയമായ ഗാനരൂപത്തിൽ കേരളീയരുടെ സാംസ്കാരിക പുനരുദ്ധാനമുദ്ദേശിച്ചുകൊണ്ടു് രചിച്ച ഈ ഉൽകൃഷ്ടകലാശില്പം കേരളീയരുടെ സാംസ്കാരികമണ്ഡലത്തിലും കേരളസാഹിത്യത്തിലും അദ്വിതീയമായ സ്ഥാനം വഹിക്കുന്നുമുണ്ടു്.

എന്നിരുന്നാലും, മററു ഇതിഹാസപുരാണാദികൾക്കെന്നപോലെ അദ്ധ്യാത്മരാമായണത്തിനും നല്ല മലയാളത്തിൽ ഒരു പരിഭാഷ ഉണ്ടായിട്ടില്ലെന്ന പരമാർത്ഥം അവശേഷിക്കുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണി രാമായണം തർജ്ജിമ ചെയ്തിട്ടുണ്ടെന്നാണു് എൻെറ ഓർമ്മ; പക്ഷെ അതത്ര പ്രചാരത്തിലുള്ളതായിട്ടറിവില്ല. ഈ വസ്തുത പരിഗണിക്കുമ്പോൾ ശ്രീ. കെ. അപ്പുണ്ണികയ്മൾ എഴുതിയ 'അദ്ധ്യാത്മരാമായണം വൃത്താനുവൃത്തപരിഭാഷ' എന്ന ഈ ഗ്രന്ഥം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഏററവും സന്ദർഭോചിതമായിട്ടുണ്ടെന്നു പറയാം. ഒന്നുരണ്ടാവർത്തി ഈ ഗ്രന്ഥം ഞാൻ വായിച്ചു; മൂലകൃതിയുമായി പലേടത്തും ഒത്തുനോക്കുകയുമുണ്ടായി. മഹാഭാരതത്തിനു കുഞ്ഞുകുട്ടൻതമ്പുരാൻെറ പരിഭാഷപോലെ, ഈ കൃതി ആധാരകൃതിയിലെ ആശയങ്ങരം നന്നായി മനസ്സിലാക്കാനും ശരിയായി ആസ്വദിക്കാനും വളരെ ഉപകരിക്കുന്നുണ്ട്. വൃത്താനുവൃത്തം പരിഭാഷപ്പെടുത്തിയെന്നതു് ഇതിനെ കൂടുതൽ ആസ്വാദ്യമാക്കുന്നു. മൂലത്തിൻെറ കാവ്യഭംഗിയും രൂപസൌഭാഗ്യവും അതേപടി പരിഭാഷയിലും നിലനിർത്താൻ തന്മൂലം കഴിഞ്ഞിരിക്കുന്നു.

ഉത്തരകാണ്ഡമുരംപ്പെടെ രാമായണം ഏഴുകാണ്ഡവും വൃത്താനുവൃത്തം ഇതിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. അങ്ങനെ സുമാറു് 4218 പദ്യങ്ങളാണിതിൽ അടങ്ങിയിരിക്കുന്നതു്. എന്നാൽ ആരണ്യകാണ്ഡത്തിൽ സുതീക്ഷ്ണസ്തുതി, യുദ്ധകാണ്ഡത്തിലെ ബ്രഹ്മസ്തുതി ഇന്ദ്രസ്തുതി മുതലായ അല്പം ചില ഭാഗങ്ങരം പരിഭാഷപ്പെടുത്തുന്നതിനുപകരം മൂലപദ്യങ്ങരംതന്നെ ഉദ്ധരിച്ചുകാണുന്നു. കഴിവില്ലാഞ്ഞിട്ടല്ല അങ്ങനെ ചെയ്യതെന്നു തീർച്ച. ദേവസ്തുതി എന്ന നിലയ്ക്കു് അവയുടെ ഗാംഭീര്യവും പാവനതയും മന്ത്രതുല്യം പാലിക്കുവാൻ തീരുമാനിച്ചു വിട്ടതാവാം. ഇതുപോലെ കൊട്ടാരത്തിൽ ശങ്കുണ്ണിയും ഉത്തരകാണ്ഡത്തിലുള്ള "രാമഗീത" തർജ്ജിമക്കു് വിധേയമാക്കിയിട്ടില്ലെന്നാണു് എൻെറ ഓർമ്മ. അതും കഴിവില്ലാഞ്ഞിട്ടെന്നെങ്ങനെ പറയും. ഏതായാലും ശ്രീ കയ്മരം ആ ഭാഗവും ആവുന്നത്ര ഭംഗിയായിത്തന്നെ ഭാഷപ്പെടുത്തിയിട്ടുണ്ടു്.

സംസ്കൃതപദ്യങ്ങളിലുള്ള ഭാവം നല്ലപോലെ മനസ്സിലാക്കി സ്വാംശീകരിച്ചശേഷം അവയെ ആവുന്നത്ര ലളിതവും ആയാസരഹിതവുമായി, ചിലപ്പോരം സംഭാഷണശൈലിയിലേക്കു പോലും വഴുതുന്ന മട്ടിൽ, പ്രകാശിപ്പിക്കുന്നതിലാണു് ശ്രീ കയ്മരം ശ്രദ്ധയൂന്നീട്ടുള്ളതു്. ജ്യേഷ്ഠനിൽ ദൃഢഭക്തിയായ ഭരതൻ ഗുഹനിലയത്തിലെത്തി, അവിടെ രാമൻ ഒരു രാത്രി കഴിച്ചുകൂട്ടിയ സങ്കേതം കണ്ട ആരംഗം മൂലത്തിൽ

> "ഗുഹേന സഹിതസ്തത്ര യത്ര രാമസ്ഥിതോനിശി
> യയൌദ ദർശയന സ്ഥലം കുശസമാസ്തൃതം
> സീതാഭരണസംലഗ്ന സ്വർണ്ണബിന്ദു ഭിരർച്ചിതം
> ദുഃഖസന്തപ്ത ഹൃദയോ ഭരതഃ പര്യദേവൽ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അഹോऽതിസുകുമാരീയാ സീതാ ജനകനന്ദിനി
പ്രാസാദേ രത്നപര്യങ്കേ കോമളാസ്തരണേ ശുഭേ
രാമേണസഹിതാ ശേതേസാകഥംകുശവിഷ്ടരെ
സീതാ, രാമേണസഹിതാ ദുഃഖേന മമ ദോഷത:''

ഇപ്രകാരം വർണ്ണിച്ചിരിക്കുന്ന ഭാഗം ശ്രീ കയ്മൾ പരിഭാഷപ്പെടുത്തിയിട്ടുള്ളതു് ഇങ്ങനെയാണു്:

''ഭരതൻ ഗുഹനോടൊത്തു പോയ്ക്കണ്ടാൻ പുണ്യമാമസ്ഥലം
രാമൻ കിടന്നൊരാസ്ഥാനം കുശപ്പുല്ലു വിരിച്ചിടം
സീതതൻ ഭൂഷണം തട്ടി സ്വർണ്ണപ്പൊടി പുരണ്ടിടം
ഭരതൻ ദുഃഖസന്തപ്തൻ കേണുപോയതു കാണവെ
പൂമച്ചിൽപ്പൊന്മണിക്കട്ടിന്മേൽപ്പൂമെത്ത വിരിച്ചതിൽ
സസുഖം ശയനംചെയ്താ സുകുമാരാംഗി ജാനകി
ക്ലേശിച്ചു രാമനൊത്തേററം കഷ്ടമിക്കുശവിഷ്ടരെ
എമ്മട്ടു പോക്കിരാവന്നാളെന്നിലെ ദോഷമല്ലയോ''

ഇവിടെ മൂലത്തിലെ വൃത്തത്തിൽ തന്നെ നല്ല മലയാളത്തിൽ ആശയം ഒതുക്കിപ്പറഞ്ഞിരിക്കുന്നു. അതിൽ തന്നെ ''സ്വർണ്ണപ്പൊടി പുരണ്ടിടം'' ''പോക്കി രാവന്നാൾ'' മുതലായ ഭാഷാശൈലികളുടെ സാരസ്യം പരിഭാഷയ്ക്കു് ഹൃദ്യത വർദ്ധിപ്പിക്കുന്നു. താരതമ്യപഠനത്തിനു വേണ്ടി കിളിപ്പാട്ടിൽ ഈ രംഗം ആവിഷ്കരിച്ചതും ഇവിടെ ഉദ്ധരിക്കാം.

''കണ്ടാലുമെങ്കിൽ കുശാസ്തൃതം സീതയാ
കൊണ്ടൽവർണ്ണൻ തൻ മഹാശയന സ്ഥലം;
കണ്ടു ഭരതനും മുക്തബാഷ്പോദകം
തൊണ്ട വിറച്ചു സഗൽഗദം ചൊല്ലിനാൻ.
'ഹാ സുകുമാരി മനോഹരി ജാനകി
പ്രാസാദമൂർദ്ധ്നി സുവർണ്ണതൽപ്പസ്ഥലേ
കോമളസ്നിഗ്ദ്ധ ധവളാംബരാസ്തൃതേ
രാമേണശേതേ മഹാസുഖം, ഹാകഥം
ശേതേകുശമയ വിഷ്ടരേഖേദേന
സീതാമദീയാഗ്രജന്മനാ, മദ്ദോഷകാരണാലന്നു്''

ഈവരികളിൽ ആശയം പ്രകാശിപ്പിക്കുമ്പോൾ എടുക്കാവുന്ന സ്വാതന്ത്ര്യം എത്രത്തോളം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നു നോക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മൂലഗ്രന്ഥകാരൻെറ ചിന്താധാരയിൽ അലിഞ്ഞു ചേർന്നിരിക്കേണ്ട പരിഭാഷകൻ തൻെറ വ്യക്തിഗതമായ ചിന്തകളോ അഭിപ്രായങ്ങളോ പരിഭാഷയിൽ ചേർക്കുന്നതായാൽ ഗ്രന്ഥം വൃഥാ സ്ഥൂലമാകുന്നതിന്നു പുറമെ ഇതിവൃത്തത്തിലുള്ള കഥാംശങ്ങളെ ശരിക്കും പിന്തുടരുന്നതിനോ അവയുളവാക്കുന്ന ഭാവ വിശേഷങ്ങളെ വേണ്ട പോലെ ആസ്വദിക്കുന്നതിനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ ശ്രീ കയ്മൾ സവിശേഷം ശ്രദ്ധിച്ചിട്ടുണ്ടെന്നു പറയാം. ഉദാഹരണമായി, രാവണൻ വാളോങ്ങിക്കൊണ്ടു സീതയെ സമീപിക്കുമ്പോൾ, മണ്ഡോദരി അതു വിലക്കുന്ന ഭാഗം.

''മണ്ഡോദരീ നിവാര്യാഹപതിംപതിതേരതാ
ത്യജൈനാം മാനുഷീംദീനാം ദുഃഖിതാം കൃപണാംകൃശാം''

എന്നിങ്ങനെ മൂലത്തിൽ വർണ്ണിച്ചിട്ടുള്ളതിനു് ശ്രീ. കയ്മൾ

''മണ്ഡോദരിതടുത്തോതി പതിയോടു പതിവ്രത
ത്യജിയ്ക്കുീമാനുഷ സ്ത്രീയെ ക്ഷീണ ദുഃഖിത ദീനയെ''

എന്നിപ്രകാരം സന്ദർഭത്തിൻെറ ചൈതന്യം പൂർണ്ണമായാസ്വദിക്കത്തക്കവിധം തന്നെ പരിഭാഷപ്പെടുത്തിയിരിക്കുന്നു. എന്നാൽ കിളിപ്പാട്ടിൽ ഈ ഭാഗം വർണ്ണിച്ചിട്ടുള്ളതു് എങ്ങനെയെന്നു നോക്കുക.

''അതു പൊഴുതിലതികരുണയൊടുമയ തരുണിയു—
മാത്മഭർത്താരം പിടിച്ചടക്കീടിനാൾ.
ഒഴികെ ദശവദന ശൃണുമമവചോ ഭവാൻ
ഒല്ലാത കാര്യമോരായ്ക മൂഢപ്രഭോ!
ത്യജമനുജതരുണിയെ യൊരുടയവരുമെന്നിയെ
ദീനയായ് ദുഃഖിച്ചതീവകൃശാംഗിയായ്
പതിവിരഹ പരവശതയൊടു പരാലയേ
പാർത്തു പാതിവ്രത്യമാംബ്യരാഘവം
പകലിരവു നിശാചരികൾ പരുഷവചനം കേട്ടു
പാരം വശം കെട്ടിരിയ്ക്കുന്നതുമിവൾ
ദുരിതമിതിലധിക മിഹനഹിനഹിസ്വധർമ്മതേ
ദുഷ്കീർത്തിചേരുമോവീരപുംസാം വിഭോ!''

മൂലകൃതിയിൽനിന്നും എത്രമാത്രം അകന്നുപോയിരിക്കുന്നു!

കഥാഘടനയുടെ ഭംഗിയ്ക്കും സന്ദർഭവിശദീകരണത്തിന്നും ഉടവു തട്ടാതെ കഴിക്കണമെങ്കിൽ ആധാരകൃതിയിലെ നിസ്സാരമെന്നു തോന്നുന്ന കഥാംശങ്ങൾ പോലും പരിഭാഷയിൽ വിട്ടുകളയാതെ നോക്കേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ണ്ടതുണ്ട്. ശ്രീകയ്മാം ഈ കാര്യത്തിൽ ഒട്ടും ഉപേക്ഷ കാണിച്ചിട്ടില്ല. നികുംഭിലയിൽ ചെന്നിരുന്ന് ഹോമം തുടങ്ങിയിരിക്കുന്ന ഇന്ദ്രജിത്തിനെ, അതു മുഴമിക്കാൻ അനുവദിക്കാതെ നിഗ്രഹിക്കുന്നതിന്ന് ഉടനെ ലക്ഷ്മണനെ അയച്ചുകൊടുക്കാൻ വിഭീഷണൻ ശ്രീരാമനോടപേക്ഷിച്ചു. ''വേണ്ട, ഞാൻ തന്നെ വരാം'' എന്നായി രാമൻ. അപ്പോഠം

''വിഭീഷണോऽപിതം പ്രഹനാസാവനൈർന്നിഹന്യതെ
യസ്തുദ്വാദശവർഷാണി നിദ്രാഹാര വിവർജിത:
തേനൈവമൃത്യൂർന്നിർദ്ദിഷ്ടോ ബ്രഹ്മണാസ്യ ദുരാത്മനഃ''

എന്നു പറഞ്ഞു വിഭീഷണൻ ലക്ഷ്മണനത്തന്നെ ആവശ്യപ്പെട്ടതിൻെറ കാരണം വ്യക്തമാക്കി. ഇതു കേട്ടപ്പോഠം രാമനും കാര്യം വ്യക്തമായി. ഉടനെ ലക്ഷ്മണനെ അയയ്ക്കുകയും ചെയ്തു. എന്നാൽ കിളിപ്പാട്ടിൽ

''വസ്തുവൃത്താന്തങ്ങളെല്ലാം ധരിച്ച നേരത്തു
കൃതാർത്ഥനായ് ശ്രീരാമഭദ്രനും'' എന്ന് പരാമർശിക്കമാത്രമേ ചെയ്തുകാണുന്നുള്ളു. ലക്ഷ്മണൻെറ വീര്യപരാക്രമം അജയ്യമാവാനുള്ള കാരണം ആ കഥാപാത്രത്തിൻെറ സ്വഭാവാവിഷ്കരണത്തിൽ വിലയേറിയ ഒരു വസ്തുതയാണ്. അതുപേക്ഷിക്കാതെ ആ വസ്തുത ശ്രീ കയ്മാം ആവിഷ്കരിക്കുന്നതു നോക്കുക:

''ഊണുറക്കങ്ങളില്ലാതെ വാണോൻ പന്ത്രണ്ടു വത്സരം
നേരോടീ കർമ്മമൊപ്പിക്കാൻ പോരുന്നോൻ–
ബ്രഹ്മനിശ്ചിതം''

ഇതുപോലെ അഹല്യാമോക്ഷം കഴിഞ്ഞു് മിഥിലയിലേക്കുള്ള വഴിക്ക് രാമാദികഠം ഗംഗ കടക്കാൻ പുഴക്കരയിലെത്തി തോണിക്കാരൻ 'തോണി കയറാൻ വരട്ടെ' എന്ന് രാമനെ വിലക്കിക്കൊണ്ട് സമാധാനം പറയുകയാണ്.

ക്ഷാളയാമി തവ പാദപങ്കജം
നാഥ! ദാരുദൃഷദോ: കിമന്തരം
മാനുഷീകരണ ചൂർണ്ണമസ്തിതേ
പാദയോരിതി കഥാ പ്രഥീയസീ''

(ആദ്യം അങ്ങയുടെ കാൽ കഴുകിക്കട്ടെ. കല്ലും മരവും തമ്മിലെന്താണു ഭേദം. കാൽ പൊടിയേല്ക്കുക കാരണം കല്ല് നാരിയായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തീർന്നു. അഞ്ജയുടെ കാലിലെ പൊടിക്ക് സ്ത്രീയെയുണ്ടാക്കാനുള്ളാ കഴിവുണ്ടെന്നു പ്രസിദ്ധമായിരിക്കുന്നു. അതിനാൽ)

''പാദാംബുജം തേവിമലംഹി കൃത്വാ
പശ്ചാൽ തീരമഹം നയാമി
നോ ചേത്തരീ സദ്യവതീമലേന
സ്യാച്ഛേദവിഭോ വിധി കുടുംബഹാനിഃ.''

(അഞ്ജയുടെ കാൽ കഴകിച്ചശേഷം തോണി കടത്താം. അല്ലെങ്കിൽ, കാലിലെ പൊടിയേല്ക്കുക കാരണം എന്റെ തോണി നാരീമണിയായി മാറിയാൽ എന്റെ പിഴപ്പ് മുടങ്ങും). കഥയിൽ അപ്രധാനമെന്നു തോന്നാവുന്ന ഈ സംഭവം വിട്ടുകളയാതെ ശ്രീ കയ്മരം

''കല്ലുപോലെ മരവും വിശേഷ മൊ–
ട്ടില്ലനാഥ! കഴകട്ടെ നിൻ കഴൽ
നല്ല നാരിയെ രചിച്ചിടും പടി–
യ്ക്കില്ലയോ പൊടിയതിൽ സുശക്തമായ്
ത്വൽപാദപങ്കജം കഴകിക്കളഞ്ഞു
പിൽപാട്ട ഞാനക്കരെ കൊണ്ടുപോകാം
അല്ലായ്കിലിത്തോണി പൊടി പ്രഭാവാൽ
നല്ലാർ ചമഞ്ഞാൽ ഗതികെട്ടിടും ഞാൻ.''

എന്നിങ്ങനെ പരിഭാഷപ്പെടുത്തി, നർമ്മമധുരമായ ആ ഫലിതം അതേപടി നിലനിർത്തിയിരിക്കുന്നു. ഈ സംഭവം കിളിപ്പാട്ടിൽ സൌകര്യപൂർവ്വം വിട്ടിരിക്കയാണ്.

കഥാഗതിയനുസരിച്ച് ഉളവാകുന്ന അതാതു ഭാവങ്ങളെ കോട്ടം കൂടാതെ പരിഭാഷയിലും പകർത്തി കാണിക്കുന്നതിൽ ശ്രീ കയ്മരം പ്രത്യേകം പാടവം പ്രദർശിപ്പിച്ചിട്ടുണ്ട്.

''പാദങ്ങളേതു നിയതം നിജചിത്തപത്മേ
ധ്യാനിച്ച യോഗികരം ജയിപ്പതുമി പ്രപഞ്ചം
ഏതിന്റെ കീർത്തനവശാൽ സുരരും സുഖിക്കു–
ന്നട്ടീവ്യപാദകമലം ശരണം സദാമേ.''

ഇത്യാദി പ്രാർത്ഥനകളിൽ തുളുമ്പുന്ന ഭക്തിരസം,
''ശ്വശ്രൂവെസ്സേവചെയ്കെന്നും രാമനെപ്പിൻഗമിക്കുക,
പാതിവ്രത്യം വിടായ്കെന്നും ഭാവി ശോഭനമായ്വരും''
എന്നു തുടങ്ങിയ ഉപദേശങ്ങളിൽ പ്രകടമാകുന്ന ആത്മാർത്ഥത,

''ദുഃഖാതം വെലിഞ്ഞും, ദിനകൃത്യമൊന്നും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നോക്കാതുലഞ്ഞും, വദനം കരിഞ്ഞും,
ഹാരാമ രാമേതിവിലാപമാർന്നും
ആ രാമ രക്ഷോവലയത്തിൽ വാണാൾ''

എന്നുതുടങ്ങിയ വർണ്ണനകളിലെ തന്മയത്വം,

''സത്വമില്ലാത്തതാണല്ലോ സ്വപ്നതുല്യമനോഗതം.
പ്രപഞ്ചപ്പടുവൃക്ഷത്തിൻ വേരീദേഹാഭിമാനമാം''

എന്നിപ്രകാരമുള്ള വേദാന്ത തത്വങ്ങളുടെ ഗൌരവം—എല്ലാം പരിഭാഷയിലും ശ്രീ കയ്മരം നന്നായി പാലിച്ചുപോന്നിട്ടുണ്ട്. ഇങ്ങനെ വാസനാസമ്പന്നനും കൃതഹസ്തനുമായ ഒരു കവിയുടെ ലാഘവത്തോടെ ലളിതസുന്ദരവും പ്രസാദസുഭഗവുമായ കാവ്യശൈലിയിൽ ഗ്രന്ഥം പൂർണ്ണമായി പരിഭാഷപ്പെടുത്തിയതു തീർച്ചയായും ഒരു വലിയ വിജയം തന്നെ.

വളരെ ലളിതമെങ്കിലും ചൈതന്യയുക്തമായ ഒരു രചനാരീതിയാണ് കയ്മളുടേതു്. അതിനും പുറമെ, കേരളീയ ഹൃദയത്തോടു കൂടുതൽ അടുപ്പമുള്ളതാക്കിത്തീർക്കാനുപകരിക്കുന്ന ഒരു സവിശേഷത കൂടിയുണ്ടു് ആ രീതിക്കു്. സംസ്കൃതപദങ്ങളുടെ ആശയം, പ്രചാരത്തിലുള്ള തനി നാടൻ ശൈലികൾ അനായാസേന ഉപയോഗിച്ചു് വിശദമാക്കുക എന്നുള്ളതാണ് അതു്. വിളിപ്പാട്, വഴികാട്ടി, ഗതികെട്ടു, ദൃഷ്ടിവേണം, അടുക്കില്ല, നേട്ടം, ചാട്ടി, വട്ടംകറങ്ങി, പററി, തങ്ങൽ, ചൊല്ലടി, മേലാംപ്പണി, പത്തുങ്ങിപ്പാളി, ഏനം പോലെ മുതലായവ അല്പം ചില ഉദാഹരണങ്ങൾ മാത്രം. വാമൊഴിയിൽ നല്ല തഴക്കവും, പദാർത്ഥങ്ങളുടെ ശക്തിയെക്കുറിച്ചു് തികഞ്ഞ പരിജ്ഞാനവുമുള്ള സഹൃദയർക്കു മാത്രമേ ഇവ സമർത്ഥമായുപയോഗിച്ചു് വിജയിപ്പാൻ സാധിക്കൂ.

ശ്രീ അപ്പുണ്ണിക്കയ്മരം ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞിട്ടു് കാൽനൂററാണ്ടു് കാലമായി. അദ്ദേഹം സംസ്കൃതം പഠിച്ചിട്ടില്ല; മലയാളത്തിലും 'നല്ലപിടി' യുണ്ടെന്നവകാശപ്പെടാറില്ല. പഴയ ചില മാസികകളിൽ അദ്ദേഹത്തിന്റെ ചില കവനങ്ങൾ കണ്ടിട്ടുള്ളതുകൂടാതെ, ഒരു കവിയെന്ന നിലക്കോ സാഹിത്യകാരനെന്ന നിലക്കോ പറയത്തക്ക സംഭാവനകളൊന്നും തന്റെ 'നല്ല കാലത്തു്' അദ്ദേഹം ചെയ്തതായി അറിവില്ല. ആ പരിചയക്കുറവുകൊണ്ടുതന്നെയാവണം, കാണട്ടെന്നു് വന്നിട്ടെന്റെ, ധ്യാനിക്കതേവിധം തുടങ്ങി ഒട്ടധികം കസന്ധികളും, ലക്ഷ്യണൻ ചൊല്ലു്, പൊടിപ്രഭാവം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുതലായ വിലക്ഷണമായ സമാസങ്ങളും മററും ഈ കൃതിയിൽ ധാരാളം സ്ഥലം പിടിക്കാനിടയായിട്ടുള്ളതു്. അതുപോലെ പാദപൂരണത്തിനൊന്നപോലെ, മേ, തേ എന്നീ വർണ്ണങ്ങരം പൂർണ്ണക്രിയകളോടു ചേർത്തിരിക്കുന്നതും ഇന്നത്തെ രുചിക്കു് യോജിച്ചെന്നു വരില്ല. കൂടാതെ ചില നിപാതങ്ങളുടേയും മററും പ്രയോഗത്തിലും അൽപം വ്യാകരണപ്പിഴവും കണ്ടേക്കാം. എന്നിരുന്നാലും 'ആശയം പ്രകാശിപ്പിക്കാനുള്ളതാണു് ഭാഷ' എന്ന തത്ത്വം നമുക്കൊരിക്കലും വിസ്മരിച്ചുകൂടല്ലോ.

മൂന്നുനാലു കൊല്ലങ്ങരംക്കു മുമ്പു് ശ്രീ കയ്മരം 'ഭഗവത്ഗീത' പരിഭാഷപ്പെടുത്തുകയുണ്ടായി. സാമാന്യം ലളിതമായ ഭാഷയിൽ ഗീതയുടെ സാരം അതിൽ ഭംഗിയായി പ്രകാശിപ്പിച്ചിട്ടുണ്ടു്. എങ്കിലും ഗീതയ്ക്കുണ്ടായിട്ടുള്ള നിരവധി പരിഭാഷകളിൽ ഒന്നു മാത്രമാണു് അതു്. എന്നാൽ അദ്ധ്യാത്മരാമായണത്തിനു് ഒരു പരിഭാഷ അപൂർവ്വമാണെന്നുള്ള വസ്തുത കണക്കിലെടുക്കുമ്പോരം, പ്രസ്തുതഗ്രന്ഥം കൈരളിയുടെ ''പുരാണ'' വിഭാഗത്തിലേക്കു് ഒരനർഘ സംഭാവനയായി പരിഗണിക്കാവുന്നതാണു്. മാത്രമല്ല, ഉൽകൃഷ്ടമായ അദ്ധ്യാത്മരാമായണത്തിലേക്കു് ഇത്രയും സുഗമവും സുന്ദരവുമായ ഒരു പ്രവേശമാർഗ്ഗം നല്കിയ ഈ പരിഭാഷ കേരളീയർക്കെന്നും ഒരനുഗ്രഹമായിത്തന്നെ പരിലസിക്കയും ചെയ്യും. ജീവിതത്തിൻെറ ഈ അന്ത്യദശയിൽ ഇപ്രകാരം മഹത്തായ മനുഷ്യസേവനത്തിൽ തൻെറ വിശ്രമവേള ഉപയോഗപ്പെടുത്തിയതു കാരണം ശ്രീ കയ്മരം പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. സഹജമായ വാസന, പക്വസമ്പന്നമായ സഹൃദയത്വം, സ്ഥിരമായ ഉത്സാഹശീലം, സർവോപരി ശക്തിമത്തായ അന്തഃപ്രചോദനം–ഇവ മാത്രമാണു് വിലപ്പെട്ട ഈ ''വിനോദ'' ത്തിൻെറ പിന്നിലുള്ളതു്. ഇത്രയുംകൊണ്ടുതന്നെ ചരിതാർത്ഥനായ ശ്രീ കയ്മളിൽ നിന്നും മേലിലും ഉത്തരോത്തരം മികച്ച സംഭാവനകരം ഉണ്ടാകുമാറാകട്ടെ.

എന്നു്,

Retreat,
Vadakkanchery
10-5-74

പ്രൊഫസ്സർ ഇ. രാഘവവാരിയർ
റിട്ടയേഡ് പ്രിൻസിപ്പാരം
(ഒപ്പു്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# അവതാരിക

ഭാരതീയരുടെ ആദികവി വാല്മീകിയും ആദികാവ്യം രാമായണവുമാണ്. ഭാരതീയ സംസ്കാരത്തിന്റെ അടിത്തറ രാമായണമാണെന്നു പറയാം. ഹിമാലയത്തിൽ നിന്നുത്ഭവിച്ച് ഗംഗയോടൊപ്പം താണുതാണൊഴുകി തെക്കേ അററംവരെ വ്യാപിച്ചിട്ടുള്ള ഒരു പുണ്യതീർത്ഥമത്രേ ഭാരതീയസംസ്കാരം. ഇതിനെത്തന്നെയാണ് ആർഷസംസ്കാരം, വൈദിക സംസ്കാരം, ധാർമ്മിക സംസ്കാരം എന്നൊക്കെ പറയുന്നതു്.

യോഗദൃഷ്ടിയിൽ വേദമന്ത്രങ്ങളെ സാക്ഷാൽക്കരിച്ചിട്ടുള്ള ഋഷീശ്വരന്മാരത്രേ ആ സംസ്കാരത്തിന്റെ ഉപജ്ഞാതാക്കൾ. അവർ ഒരേ ഒരു ഓങ്കാരത്തിന്റെ മന്ത്രനാദം ഭാരതീയാന്തരീക്ഷത്തിലാകെ മാറെറാലിക്കൊള്ളിച്ചു. ഇരുപത്തിനാലക്ഷരമുള്ള ഗായത്രീമന്ത്രം എല്ലാവരെക്കൊണ്ടും ഉരുക്കഴിപ്പിച്ചു. സൂര്യനിലും അഗ്നിയിലും കാററിലും കാറിലും ദേവന്മാരുണ്ടെന്ന് എല്ലാവരെയും വിശ്വസിപ്പിച്ചു. തപസ്സ്, യാഗം, ഹോമം, ജപം തുടങ്ങിയ ധാർമ്മിക കർമ്മങ്ങളിൽ പരക്കെ ശ്രദ്ധ ജനിപ്പിച്ചു. അങ്ങനെ ചരിത്രാതീതകാലത്തു തന്നെ ഒരു വൈദിക സംസ്കാരം ഇന്ത്യയിലാകെ പ്രചരിപ്പിക്കുവാൻ ആ ഋഷീശ്വരന്മാർക്കു സാധിച്ചു.

കാലം മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കെ വേദമാകുന്ന ഹിമാലയത്തിൽ നിന്ന് വാല്മീകി ഒരു ഗംഗയെ അവതരിപ്പിച്ചു. അതാണ് ആദികാവ്യമായ രാമായണം. അതു പിന്നെ പല കൈവഴികളിലൂടെ ഒഴുകിച്ചെന്ന് ഭാരതഭൂമിയിൽ മുക്കും മൂലയും വിടാതെ സർവ്വത്ര പ്രവേശിച്ചു; ശാന്തിയും സമാധാനവും നൽകിവന്നു.

വേദവേദാംഗാദികളായ പതിന്നാലുവിദ്യകളായിരുന്നു പണ്ടു ഗുരുകുലങ്ങളിൽ പഠിപ്പിച്ചിരുന്നതു്. നാലു വേദങ്ങളും ആറു വേദാംഗങ്ങളും നാലു ഉപാംഗങ്ങളും പഠിച്ച് ധർമ്മാധർമ്മ വിവേകം നേടുക എന്നതായിരുന്നു അന്നത്തെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വവേദം ഇവയാണ് നാലു വേദങ്ങൾ. ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദോവിചിതി ഇവയാണ് ആറു വേദാംഗങ്ങൾ. പൂർവ്വമീമാംസ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഉത്തരമീമാംസ, പുരാണം, ധർമ്മശാസ്ത്രം ഇവയാണ് ഉപാംഗങ്ങൾ. ഒരു വേദം സാംഗോപാംഗമായി പഠിക്കാൻ തന്നെ പന്ത്രണ്ടോളം സംവത്സരം വേണ്ടിവന്നിരുന്നു. എങ്കിലും സർവ്വവേദപാരംഗതന്മാരായ പണ്ഡിതന്മാർ അന്നു ദുർല്ലഭമായിരുന്നില്ല. പക്ഷെ ബ്രാഹ്മണർക്കു മാത്രമേ അന്നു ആവിധം വൈദികവിദ്യാഭ്യാസത്തിനു് അധികാരവും സൗകര്യവുമുണ്ടായിരുന്നുള്ളു. മററുള്ളവർ രാജ്യഭരണം, കൃഷി, ഗോരക്ഷ, വാണിജ്യം മുതലായ കുലവിദ്യകളിൽ വ്യാപൃതരായി കഴിഞ്ഞുകൂട്ടുകയായിരുന്നു. അവർക്കു ധർമ്മസന്ദേഹം വരുന്ന സന്ദർഭങ്ങളിൽ വസിഷ്ഠവാമദേവാദികളെപ്പോലെയുള്ള ബ്രാഹ്മണരുടെ ഉപദേശം തേടുകയായിരുന്നു പതിവ്. സ്ത്രീകൾക്കും ശൂദ്രർക്കും മററും വൈദിക സംസ്കാരം നേരിട്ട് ഉൾക്കൊള്ളാൻ തീരെ സാധിച്ചിരുന്നില്ല. അങ്ങനെയുള്ള സാധാരണ ജനങ്ങളുടെ ആവശ്യത്തിലേക്കു് പല വൈദിക കഥകളും പ്രചരിപ്പിക്കാൻ തുടങ്ങി, ചില ഋഷീശ്വരന്മാർ. ത്രിപുരവിജയം, അമൃത മഥനം, വൃത്രവധം, ബലിനിഗ്രഹം മുതലായി വേദവ്യാഖ്യാനരൂപങ്ങളായ അസംഖ്യം കഥകൾ അങ്ങനെ ഉണ്ടായിട്ടുണ്ടു്. ദേവന്മാരും അസുരന്മാരുമായിരിക്കും മിക്കവാറും കഥാപാത്രങ്ങൾ. വിഷ്ണുവിനെപ്പോലെ വീര്യവാനവണം, ചന്ദ്രനെപ്പോലെ സൌമ്യനാവണം, വൈശ്രവണനെപ്പോലെ ദാനശീലനാവണം, സമുദ്രത്തെപ്പോലെ ഗംഭീര ഹൃദയനാവണം, ഹിമവാനെപ്പോലെ ധീരനാവണം എന്നും മററുമുള്ള ഗുണപാഠമാണ് ആ വൈദിക കഥകളുടെയെല്ലാം ലക്ഷ്യം. മനുഷ്യ കഥകൾക്കു് അക്കാലത്തു് പ്രചാരം നന്നെ കുറവായിരുന്നു. അങ്ങനെയുള്ള കാലത്തു് ഭാരതീയർക്കു ആദ്യമായി ലഭിച്ചിട്ടുള്ള നിത്യ നൂതനമായൊരു മനുഷ്യകഥയാണ് വാല്മീകി രാമായണം. ഒന്നാമത്തെ മനുഷ്യ കഥാനുഗായി വാല്മീകിയുമാണു്.

സർവ്വഗുണ സമ്പന്നനായ ഒരു മനുഷ്യനിലൂടെ വേദവേദ്യങ്ങളായ സകല ഉത്തമഗുണങ്ങളും ഉദാഹരിച്ചു കാണിക്കണമെന്നായിരുന്നു ആദികവിയുടെ ആഗ്രഹം. എന്നാൽ തമസാനദീതീരത്തു തപസ്സുചെയ്തു കഴിഞ്ഞുകൂടുന്ന വാല്മീകിക്കു് അന്നു മാതൃകാജീവിതം നയിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും മനുഷ്യൻ എവിടെയെങ്കിലും ഉണ്ടോ എന്നു് അറിവുണ്ടായിരുന്നില്ല. എന്നിട്ട് ഒരു ദിവസം യദൃച്ഛയാ നാരദമഹർഷിയെ കണ്ടപ്പോൾ അദ്ദേഹത്തോടു ചോദിച്ചു—

''കോന്വസ്മിൻ സാമ്പ്രതം ലോകേ
ഗുണവാൻ കശ്ചവീര്യവാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ധർമ്മജ്ഞശ്ച കൃതജ്ഞശ്ച
സത്യവാക്യോ ദൃഢവ്രത:''

എന്നു തുടങ്ങി നീണ്ടൊരു ചോദ്യം. ഇപ്പോഠം ഈ ലോകത്തിൽ സർവ്വഗുണങ്ങളും തികഞ്ഞിട്ടുള്ള ആഠം ആരാണ്? പണ്ടെന്നെങ്കിലും ഉണ്ടായിട്ടുള്ള ആളായാൽ പോരാ, ഇപ്പോഠം ഉള്ള ആളാവണം. ഇപ്പോഠംത്തന്നെ സ്വർഗ്ഗാദിലോകത്തിലുള്ള ദേവനോ മറേറാ ആയാലും പോരാ, ഈ ലോകത്തിലുള്ള മനുഷ്യനാവണം. എങ്ങനെയെങ്കിലും ഉള്ള ഒരാളായാലും പോരാ, എല്ലാ ഗുണങ്ങളും തികഞ്ഞ ആളാവണം. അങ്ങനെ ഇന്ന് ഈ ലോകത്തിൽ ആരുണ്ട്? ഇതാണ് ചോദ്യം. നാരദനു മറുപടി പറയാൻ ഒട്ടും പ്രയാസമുണ്ടായില്ല. നിത്യസഞ്ചാരിയായ ആ ദേവർഷിക്ക് സകല ലോകവൃത്താന്തങ്ങളും അതാതു സമയത്തുതന്നെ അറിയാമല്ലോ.

നാരദൻ പറകയാണ്—

''ബഹവോ ദുർല്ലഭാ ലോകേ
യേത്വയാ കീർത്തിതാഗുണാഃ
മുനേ! വക്ഷ്യാമ്യഹം ബുധ്വാ
തൈര്യുക്ത: ശ്രൂയതാം നര:
ഇക്ഷ്വാകുവംശപ്രഭവോ
രാമോ നാമജനൈ:ശ്രുത:
നിയതാത്മാ മഹാവീര്യോ
ദ്യുതിമാൻ ധൃതിമാൻ വശീ''

എന്ന്. അങ്ങു പറഞ്ഞ ഗുണങ്ങഠം എല്ലാം തികഞ്ഞ ആഠം ഈ ലോകത്തിലെന്നല്ല, ഏതു ലോകത്തിലും ദുർല്ലഭമാണ്. എന്നാൽ ഞാൻ മനസ്സിലാക്കിയേടത്തോളം അവയെല്ലാം തികഞ്ഞ ഒരു മനുഷ്യനുണ്ട്, ഇക്ഷ്വാകുവംശത്തിൽ പിറന്ന രാമൻ.

"സചസർവ്വഗുണോ പേതഃ
കൌസല്യാനന്ദ വർദ്ധന:''

എന്നിങ്ങനെ രാമന്റെ സർവ്വഗുണ സമ്പന്നത വ്യക്തമാക്കിയതിനു ശേഷം നാരദൻ രാമായണകഥ സംഗ്രഹരൂപത്തിൽ വാല്മീകിക്കു വിവരിച്ചുകൊടുത്തു. വാല്മീകിയുടെ ചോദ്യത്തിന് തൊണ്ണൂററിനാലു ശ്ലോകം കൊണ്ടാണ് നാരദൻ മറുപടി പറയുന്നതു്. കാര്യം ശരിക്കു മനസ്സിലായതിനുശേഷം ആ രാമനെ നായകനാക്കിക്കൊണ്ടു് നല്ലൊരു കൃതി നിർമ്മിക്കണമെന്ന് വാല്മീകി തീർച്ചപ്പെടുത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ക്രാന്തദർശിയായ ആ ആദികവി രാമകഥ മുഴുവൻ പ്രത്യക്ഷമായിട്ടെന്നപോലെ ഭാവനാദൃഷ്ടിയിൽ സാക്ഷാൽക്കരിക്കുകയും സുവിസ്തൃതങ്ങളും ചേതോഹരങ്ങളുമായ അനേകം വർണ്ണനങ്ങൾ ഉൾക്കൊള്ളുന്ന ആദികാവ്യം നിർമ്മിക്കുകയും ചെയ്തു. അതാണ് രാമായണം. രാമൻെറ അയനമാണ് രാമായണം. അയനം എന്ന വാക്കിനു് മാർഗ്ഗമെന്നാണ് അർത്ഥം. ധർമ്മമാർഗ്ഗത്തിൽ നിന്നു് തെല്ലുപോലും തെററാത്ത രാമൻെറ ജീവിതയാത്രയാണ് രാമായണത്തിലെ പ്രതിപാദ്യം. സത്യത്തിൻെറയും ധർമ്മത്തിൻെറയും രക്ഷക്കും അധർമ്മധ്വംസനത്തിനും വേണ്ടി എന്തു ത്യാഗവും സഹിക്കാൻ തയ്യാറാവുക എന്നതാണ് രാമൻെറ സ്ഥായിഭാവം.

അച്ഛൻെറ സത്യം പരിപാലിക്കാൻ വേണ്ടി രാജ്യം ഉപേക്ഷിച്ച് പതിന്നാലു കൊല്ലത്തേക്കു വനവാസം സ്വീകരിച്ചുവെന്നതാണ് ശ്രീരാമൻെറ ആദ്യത്തെ ത്യാഗം. ഏതു ഭരതനു വേണ്ടിയാണോ താൻ രാജ്യം ഉപേക്ഷിച്ചതു്, ആ ഭരതൻ തന്നെ അയോദ്ധ്യാവാസികളോടു കൂടി കാട്ടിൽ ചെന്നു രാജ്യം രാമൻെറ കാൽക്കൽ അടിയറവെച്ചിട്ടും അതു സ്വീകരിച്ചില്ലെന്നതു് തൻെറ സത്യം പരിപാലിക്കാൻ വേണ്ടിയുള്ള രാമൻെറ രണ്ടാമത്തെ ത്യാഗം. ഏതു സീതക്കു വേണ്ടിയാണോ രാമൻ, സുഗ്രീവസഖ്യം, ബാലിവധം, സേതുബന്ധനം, രാവണവധം എന്നിങ്ങനെയുള്ള മഹാപ്രയാസങ്ങൾ പലതും സഹിച്ചതു്, ആ സീതയെ ഗർഭിണിയായിരിക്കെ ജനാപവാദ പരിഹാരത്തിനു വേണ്ടി കാട്ടിലെറിഞ്ഞുകളഞ്ഞതു് ആ ധീരഹൃദയൻെറ മൂന്നാമത്തെ മഹാത്യാഗം. ഏതാപത്തിലും തനിക്കു തുണനിന്നിട്ടുള്ള ലക്ഷ്മണനെത്തന്നെ, മുനിവേഷധരനായ കാലനോടു ചെയ്തിട്ടുള്ള പ്രതിജ്ഞയനുസരിച്ചു പരിത്യജിക്കേണ്ടിവന്നപ്പോൾ അതിനും മടിക്കാതിരുന്നതു് ഒടുക്കത്തെ ദുഷ്കരത്യാഗം. ഇങ്ങനെ അസാധാരണങ്ങളായ ത്യാഗങ്ങൾ നിറഞ്ഞതാണ് ശ്രീരാമൻെറ ദീർഘജീവിതം. ഇതിനുപുറമേ ഏകപത്നീവ്രതം, പാതിവ്രത്യം, സഹോദരസ്നേഹം, ആശ്രിതവാത്സല്യം മുതലായ ഗുണങ്ങൾക്കും രാമായണം ഉത്തമനിദർശനമാണ്.

വേദവിഹിതങ്ങളായ യാഗഹോമാദികളുടെ സംരക്ഷണം ശ്രീരാമൻ ബാല്യം മുതൽക്കുതന്നെ ഒരു ജീവിതവ്രതമായി സ്വീകരിച്ചിരുന്നു. വിശ്വാമിത്രൻെറ യാഗരക്ഷ മുതൽക്കാരംഭിച്ച ആ വ്രതം വനവാസകാലത്താണ് വേണ്ടവിധം നിർവ്വഹിച്ചതു്. മഹർഷിമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രുടെ തപസ്സിനും മററും വിഘ്നകാരികളായ രാക്ഷസന്മാരെ വധിച്ച് ധർമ്മസംരക്ഷണം ചെയ്തുകൊണ്ടാണ് ശ്രീരാമൻ പഞ്ചവടിയിൽ പാർത്തിരുന്നതു്. വാസ്തവത്തിൽ രാമൻെറ വനവാസത്തെ വൈദികധർമ്മപ്രചാരണത്തിനുള്ള ഒരു തീർത്ഥയാത്രയായിട്ടുകൂടി കരുതാവുന്നതാണ്. സുഗ്രീവാദി വാനരന്മാരെയും വിഭീഷണാദി, രാക്ഷസന്മാരെയും ബന്ധുക്കളാക്കിത്തീർത്ത രാമനിലൂടെ ഭാരതഭൂഖണ്ഡത്തിൻെറ അകത്തും പുറത്തുമുള്ള വിഭിന്നവർഗ്ഗക്കാരുടെ ഐക്യവും പ്രതിപാദ്യമായി കരുതിയിരുന്നു വാല്മീകിയെന്നു വിചാരിക്കണം. ഏതായാലും ഹിമാലയം മുതൽ ലങ്കവരെ ഒരേ വൈദിക സംസ്കാരം പ്രചരിപ്പിക്കുവാനുള്ള ഫലപ്രദമായ ഒരു പ്രഥമ പ്രയത്നമാണ് വാല്മീകിയുടെ രാമായണനിർമ്മാണം. വാസ്തവത്തിൽ അഞ്ചാമത്തെ വേദമാണ് ആ ആദികാവ്യം. ലൌകികവേദം. അക്കാലത്തു അങ്ങിങ്ങു പ്രചാരണത്തിലുണ്ടായിരുന്ന വൈദിക കഥകളെല്ലാം ഉപാഖ്യാനരൂപത്തിൽ രാമായണത്തിൽ സമന്വയിച്ചിട്ടുണ്ടു്.

വാല്മീകി രാമായണത്തിൻെറ ആവിർഭാവത്തിനു ശേഷം സംസ്കൃതത്തിൽ പല രൂപങ്ങളിൽ ചെറുതും വലുതുമായി ഉണ്ടായിട്ടുള്ള രാമകഥാഗ്രന്ഥങ്ങൾക്ക് അവസാനമില്ല. ഇതിഹാസങ്ങളിലും പുരാണങ്ങളിലും കാവ്യനാടകാദികളിലും മററും നാനാപ്രകാരങ്ങളിൽ രാമകഥ ആഖ്യാനം ചെയ്യപ്പെട്ടിട്ടുണ്ടു്. അദ്ധ്യാത്മരാമായണം, ആനന്ദരാമായണം, അത്ഭുതരാമായണം, വാസിഷ്ഠരാമായണം, ആഗ്നിവേശ്യരാമായണം, മൌഗല്യരാമായണം, ജൈമിനി രാമായണം തുടങ്ങി പുരാണച്ഛായയിലുള്ള രാമായണങ്ങൾ പലതാണ്. മഹാഭാരതത്തിലും ഭാഗവതാദി പുരാണങ്ങളിലും രാമായണകഥ ഉപാഖ്യാനരൂപത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. മഹാകവി കാളിദാസൻെറ രഘുവംശ മഹാകാവ്യത്തിൽ ഏഴുസർഗ്ഗം രാമായണകഥാവർണ്ണനപരമാണ്. ക്ഷേമേന്ദ്രൻെറ രാമായണമഞ്ജരിയും ഭോജൻെറ രാമായണചമ്പുവും വാല്മീകി രാമായണസംഗ്രഹങ്ങളാണ്. ഭട്ടികാവ്യം മുതലായി പല കാവ്യങ്ങളിലെയും ഇതിവൃത്തം രാമായണത്തിൽ നിന്നെടുത്തതാണ്. ഭാസൻെറ അഭിഷേകം, പ്രതിമ, ശക്തിഭദ്രൻെറ ആശ്ചര്യചൂഡാമണി, ഭവഭൂതിയുടെ മഹാവീരചരിതം, ഉത്തരരാമചരിതം, ദിങ്നാഗൻെറ കുന്ദമാല, മുരാരിയുടെ അനർഘരാഘവം, രാമഭദ്രദീക്ഷിതരുടെ ജാനകീപരിണയം, ജയദേവൻെറ പ്രസന്നരാഘവം, ഹനുമാൻെറ മഹാനാടകം, രാജശേഖരൻെറ ബാലരാമായണം തുടങ്ങി രാമകഥാവലംബികളായ നാടകങ്ങൾ അസംഖ്യങ്ങളാണ്;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇങ്ങനെ നോക്കിയാൽ സംസ്കൃത സാഹിത്യത്തിൽ രാമകഥയെന്നപോലെ മററൊരു കഥക്കും ഇത്രമാത്രം പ്രചാരം ലഭിച്ചിട്ടില്ലെന്നു കാണാവുന്നതാണ്.

ഇന്ത്യയിലെ പ്രാദേശിക ഭാഷകളിലും രാമായണകൃതികൾക്കു പ്രഥമസ്ഥാനം കാണാം. ഹിന്ദിയിലെ രാമചരിതമാനസവും തമിഴിലെ കമ്പരാമായണവും പ്രസിദ്ധങ്ങളാണല്ലോ. തെലുങ്ക്, കന്നാടകം മുതലായ ഭാഷകളിലും രാമായണകാവ്യങ്ങൾ സുലഭങ്ങളാണ്.

നമ്മുടെ മലയാള സാഹിത്യത്തിൽ ആദ്യഘട്ടങ്ങളിലുണ്ടായ കൃതികളായി എണ്ണപ്പെടുന്നതു് രാമചരിതവും രാമകഥപ്പാട്ടും, കണ്ണശ്ശരാമായണവുമാണ്. അവയുടെ പ്രധാനാവലംബം വാല്മീകിരാമായണമല്ലാതെ മററൊന്നുമല്ല. പുനത്തിൻെറ ഭാഷാരാമായണചമ്പുവും തുഞ്ചത്തെഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണം കിളിപ്പാട്ടും കേരളവർമ്മതമ്പുരാൻെറ കേരളവർമ്മരാമായണം കിളിപ്പാട്ടും മദ്ധ്യഘട്ടത്തിലെ പ്രധാനപ്പെട്ട മൂന്നു രാമായണകൃതികളാണ്. പുനം അന്നു പ്രചാരത്തിലുണ്ടായിരുന്ന സംസ്കൃത കൃതികളെയെല്ലാം ഉപജീവിച്ചു കാവ്യനിർമ്മാണം ചെയ്തപ്പോൾ തുഞ്ചത്തെഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണത്തെ പ്രധാനാവലംബമായിക്കരുതി. കേരളവർമ്മതമ്പുരാനാകട്ടെ വാല്മീകിരാമായണത്തെത്തന്നെയാണ് മിക്കവാറും ആശ്രയിച്ചതു്. ആധുനികഘട്ടത്തിൽ മഹാകവി വള്ളത്തോൾ നമുക്കു് വാല്മീകിരാമായണം വൃത്താനുവൃത്തമായിത്തന്നെ വിവർത്തനം ചെയ്തുതന്നു. കുമാരനാശാൻെറ ബാലരാമായണത്തിനും 'ചിന്താവിഷ്ടയായ സീത'ക്കും ഇതിവൃത്തം നൽകിയതും രാമായണംതന്നെ. ഇങ്ങനെ ഒരു നിഷ്പക്ഷപര്യവേക്ഷണം നടത്തുന്നപക്ഷം ഭാരതീയസാഹിത്യമണ്ഡലത്തിലാകെ ആത്മാവായി നിലകൊള്ളുന്നതു് ആദികാവ്യത്തിൻെറ ചൈതന്യമാണെന്നു ബോദ്ധ്യപ്പെടുന്നതാണ്.

സംസ്കൃതത്തിലുള്ള അദ്ധ്യാത്മരാമായണമാണ് തുഞ്ചത്തെഴുത്തച്ഛൻ തൻെറ രാമായണത്തിനു പ്രധാനമായി സ്വീകരിച്ചതെന്നു പറഞ്ഞുവല്ലോ. ആ അദ്ധ്യാത്മരാമായണം മൂലം നിർമ്മിച്ചതാരാണെന്നു നിശ്ചയമില്ല. വേദവ്യാസൻ തന്നെയാണെന്നത്രെ ചിലരുടെ പക്ഷം. ഏതായാലും രാമായണത്തിനു വേണ്ടത്ര ഗൌരവം വന്നതു് അദ്ധ്യാത്മരാമായണമുണ്ടായപ്പോഴാണ്. ഭാഗവതം കൊണ്ടു് കൃഷ്ണകഥയ്ക്കു കിട്ടിയ പ്രഭാവം അദ്ധ്യാത്മരാമായണം കൊണ്ടു് രാമകഥയ്ക്കു കിട്ടി.

വാല്മീകി രാമായണത്തിനും അദ്ധ്യാത്മരാമായണത്തിനും തമ്മിൽ കഥാഗതിയെസ്സംബന്ധിച്ചേടത്തോളം അധികം മാററമില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എന്നാൽ അതിൻെറ പ്രതിപാദന രീതിയിൽ വലിയ വ്യത്യാസമുണ്ടു്. വർണ്ണനങ്ങൾക്കും ഉപകഥകൾക്കും അത്യധികം പ്രാധാന്യം കൊടുത്തുകൊണ്ടാണു് വാല്മീകിരാമായണത്തിൻെറ രചന. അദ്ധ്യാത്മരാമായണത്തിൽ വർണ്ണനങ്ങൾ തീരെ ഒഴിവാക്കിയിരിക്കുന്നു. ഉപകഥകളുടെ അത്യാവശ്യമായിട്ടുള്ളതു മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. ഇരുപത്തിനാലായിരം ഗ്രന്ഥമുള്ള (ഒരു ഗ്രന്ഥം മുപ്പത്തിരണ്ടക്ഷരം) വാല്മീകിരാമായണം നാലായിരം ഗ്രന്ഥമായി ചുരുങ്ങുവാനുള്ള കാരണം അതാണു്. എന്നാൽ സ്തുതികൾക്കും ആദ്ധ്യാത്മികതത്വപ്രതിപാദനത്തിനും ആകാവുന്നത്ര പ്രവേശം നൽകീട്ടുണ്ടു്, അദ്ധ്യാത്മരാമായണത്തിൽ.

ഇതിനുപുറമെ മറെറാരു വ്യത്യാസവും വാല്മീകിരാമായണത്തെ അപേക്ഷിച്ചു് അദ്ധ്യാത്മരാമായണത്തിനുണ്ടു്. രാമാദികൾ വിഷ്ണുവിൻെറ അംശാവതാരങ്ങളാണെന്ന കാര്യം വാല്മീകിക്കറിയാം, അതുകൊണ്ടു് വായനക്കാർക്കുമറിയാം. വാല്മീകിയുടെ കഥാപാത്രങ്ങൾക്കൊന്നും രാമൻ പരമാത്മാവും സീത മായാദേവിയുമാണെന്നോ അവർക്കു അത്രമാത്രം ദിവ്യത്വമുണ്ടെന്നോ അറിഞ്ഞുകൂടാ. അവരിൽ അസാധാരണങ്ങളായ ചില അമാനുഷപ്രഭാവങ്ങൾ ഉണ്ടെന്നു മാത്രമേ വാല്മീകി രാമായണത്തിലുള്ളൂ. അദ്ധ്യാത്മരാമായണത്തിലെ സ്ഥിതി അതല്ല. അതിൽ രാവണനടക്കം സകല കഥാപാത്രങ്ങൾക്കും ചില അപൂർവ്വ സന്ദർഭങ്ങളിലെങ്കിലും രാമൻ പരമാത്മാവാണെന്ന ബോധമുണ്ടാവുന്നുണ്ടു്. മറെറാരു രാമായണത്തിലും കാണാത്ത കാര്യമായിരിക്കും ഇതു്. ഈ കാര്യം ഞാനിവിടെ കുറച്ചൊന്നു വിശദീകരിക്കാം. ആദ്യം ശ്രീരാമൻ ജനിച്ച ഉടനെ കൌസല്യയുടെ മുമ്പിൽ "ശ്രീവത്സഹാരകേയൂരനൂപുരാദിവിഭൂഷണ"നായിട്ടു മഹാവിഷ്ണുവിൻെറ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും

"ഭൂഭാരം തീർക്കുവാൻ മുന്നം
ബ്രഹ്മാവർത്ഥിക്കമൂലമായ്
ദശഗ്രീവവധത്തിന്നായ്
മാനുഷം രൂപമാർന്നുഞാൻ."

എന്നു പറയുകയും ചെയ്യുന്നു. അങ്ങനെ ആദ്യമായി കൌസല്യ സ്വപുത്രൻ വിഷ്ണു തന്നെയാണെന്നു മനസ്സിലാക്കുന്നു. പിന്നെ വിശ്വാമിത്രൻ യാഗരക്ഷക്കു് രാമലക്ഷ്മണന്മാരെ കൊണ്ടുപോവാൻ വന്നപ്പോൾ കിങ്കർത്തവ്യതാമൂഢനായ ദശരഥനോടു് വസിഷ്ഠൻ പറയുന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



'രാമൻ മനുഷ്യനല്ലോർക്ക
പരമാത്മാ സനാതനൻ
ഭൂഭാരം തീർക്കുവാൻ പണ്ടാ
ബ്രഹ്മാവർത്ഥിക്കകാരണം
കൌസല്യാപുത്രനായിന്നീ,
കോസലത്തിൽജ്ജനിച്ചവൻ'

ഇത്യാദി. അങ്ങനെ ദശരഥനും മനസ്സിലായീ, രാമൻ വിഷ്ണുവാണെന്നു്. തനിക്കു ശാപമോക്ഷം നൽകാൻ വരുന്ന രാമൻ വിഷ്ണുവിൻെറ അവതാരമാണെന്നു ഭർത്താവായ ഗൌതമൻ പറഞ്ഞു് അഹല്യക്കു മുമ്പുതന്നെ മനസ്സിലായിട്ടുണ്ടായിരുന്നു. സ്തുതിയിൽ അക്കാര്യം വ്യക്തമായിത്തന്നെ അഹല്യ പറയുന്നുമുണ്ടു്. നോക്കുക

'ആദ്യൻ പുരാണൻ പരമാത്മനേകൻ
വിദ്യോതമാനൻ പരിപൂർണ്ണഭാവൻ
ലോകത്തിനാശിസ്സരുളാൻ മനുഷ്യ–
വേഷം ധരിച്ചോൻ ഹരിതന്നെയാം നീ'

ജനകമഹാരാജാവിനെ നാരദമഹർഷി ശ്രീരാമൻെറ യാഥാർത്ഥ്യം സീതാവിവാഹത്തിനു മുമ്പുതന്നെ ധരിപ്പിച്ചിരുന്നു. അക്കാര്യം ജനകൻ പിന്നെ വസിഷ്ഠ വിശ്വാമിത്രന്മാരോടു പറയുന്നുണ്ടു് നാരദൻെറ വാക്കിതാണു്—

''പരമാത്മാഹൃഷീകേശൻ
ഭക്തവാത്സല്യമേറിയോൻ
ദേവകാര്യം നടത്തീടാൻ
രാവണാന്തം വരുത്തുവാൻ
മായാമാനുഷവേഷത്തിൽ
ജ്ജാതനായ് രാമനെന്നവൻ
വിഷ്ണ്വംശം തന്നെയായ് ജാതർ
നാലാം ദശരഥാത്മജർ
യോഗമായ ഭവൽഗ്ഗേഹേ
ജനിച്ചാം സീതയെന്നവം
അതിനാൽ രാഘവൻതന്നെ
സ്സീതതൻ പതിയാക്കുക.''

പരശുരാമനും ത്രേതായുഗത്തിൽ വിഷ്ണു രാമനായി ജനിക്കുമെന്നു മുൻകൂട്ടി അറിയാമായിരുന്നു. അക്കാര്യം പരശുരാമൻ തന്നെ ശ്രീരാമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നോട്ട പറയുന്നുണ്ടു്. പരശുരാമൻ ബാല്യത്തിൽ തപസ്സു ചെയ്തു പ്പോരം വിഷ്ണു പ്രത്യക്ഷമായി പറഞ്ഞുവത്രേ—

''ത്രേതായുഗേ ജനിക്കും ഞാൻ
രാമനായ് രാഘവാന്വയേ.
അപ്പോളെന്നെപ്പരാശക്തി
ക്കൊപ്പം കാണാൻ തരപ്പെട്ടും
തിരിച്ചേട്ടുകവേനന്നെൻ
തേജസ്സിന്നു തരുന്നതും''

എന്നു്. ഇങ്ങനെ ബാലകാണ്ഡത്തിൽ കൌസല്യ, ദശരഥൻ, അഹല്യ, ജനകൻ, പരശുരാമൻ എന്നീ അഞ്ചുപേർക്കും രാമൻ വിഷ്ണുവാണെന്നറിയാമെന്നു് അദ്ധ്യാത്മരാമായണത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. വിശ്വാമിത്രൻ, ഗൌതമൻ, നാരദൻ മുതലായവർ ജ്ഞാനദൃഷ്ടികൊണ്ടു തന്നെ അതു മനസ്സിലാക്കിട്ടുണ്ടെന്നു സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു.

അയോദ്ധ്യാകാണ്ഡാരംഭത്തിൽ ഒരു നാരദരാമ സംഭാഷണമുണ്ടു്, അദ്ധ്യാത്മരാമായണത്തിൽ. രാവണവധത്തിനു വേണ്ടിയാണു് അവതരിച്ചിട്ടുള്ളതെന്നകാര്യം രാമനെ ഓർമ്മിപ്പിക്കാൻ ബ്രഹ്മാവു പറഞ്ഞയച്ചതാണു് നാരദനെ. നാരദവാക്യം കേട്ടപ്പോരം രാമൻ പറഞ്ഞു—

'കേരംക്കനാരദ ഞാനൊന്നു
മോർമ്മിപ്പീലെന്നു തോന്നുമോ!
പ്രതിജ്ഞ ചെയ്തതെല്ലാം ഞാൻ
നിറവേററുമസംശയം
കാലക്രമേണ ദൈത്യന്മാർ
പ്രാരബ്ധക്ഷയമേൽക്കവേ
ഓരോന്നായവരെക്കൊന്നു
ഭൂഭാരം തീർപ്പതുണ്ടുഞാൻ
രാവണനെററ വിനാശാർത്ഥം
നാളെപ്പോരം കാട്ടിലേക്കു ഞാൻ
പതിന്നാലാണ്ടു പാർത്തീടു
മങ്ങുഞാൻ മുനിവേഷനായ്
ദുഷ്ടനെസ്സകുലം കൊല്ലും
സീതാഹരണ കാരണാൽ'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എന്നു്. അപ്പോഠം രാമനും തൻെറ ഭൂതഭാവികളെക്കുറിച്ചു നല്ല ഓർമ്മയുണ്ടെന്നു വരുന്നു. വാല്മീകിയുടെ രാമനു് തൻെറ ജന്മത്തിനു മുമ്പത്തെ സ്ഥിതിയുടെ ഓർമ്മയുമില്ല, മേലിൽ എന്തെല്ലാം സംഭവിക്കാൻ പോകുന്നുവെന്നറികയുമില്ല.

അഭിഷേകം നിശ്ചയിച്ച വിവരം രാമനെ അറിയിക്കാൻ ചെന്ന ഗുരുവായ വസിഷ്ഠൻ രാമനോടു പറയുന്നു—രാമൻെറ പരമാത്മസ്ഥിതിയെന്തെന്നു് തൻെറ അച്ഛനായ ബ്രഹ്മാവു പറഞ്ഞു് തനിക്കു മനസ്സിലായിട്ടുണ്ടെന്നു്.

'ദേവകാര്യം നടത്തീടാൻ
ഭക്തിഭക്തർക്കുയർത്തുവാൻ
രാവണാന്തം വരുത്താനും
ജാതൻ നീയറിയുന്നു ഞാൻ
രാമനായ് പരമാത്മാവു
ജാതനാം രാഘവാന്വയേ
എന്നുഞാനറിയും പണ്ടേ
ബ്രഹ്മാവെന്നോടു ചൊല്ലയാൽ'

എന്നും മററുമാണു് വസിഷ്ഠവചനം

ശ്രീരാമൻ സീതാലക്ഷ്മണന്മാരോടു കൂടി വനത്തിലേക്കു പുറപ്പെട്ടപ്പോഠം പൌരജനങ്ങളും ഒപ്പം പുറപ്പെട്ടുവെന്നും അപ്പോഠം വാമദേവമഹർഷി അവർക്കു് രാമസീതാരഹസ്യമുപദേശിച്ചുവെന്നും അദ്ധ്യാത്മരാമായണത്തിലുണ്ടു്. വാമദേവൻ പറകയാണു്—

'സീതാരാരമഹസ്യം ഞാ—
നോതാം ദുഃഖിപ്പതെന്തിനായ്
ഈ രാമൻ വിഷ്ണുവാം സാക്ഷാ
ലാദിനാരായണൻ പരൻ
ജാനകീദേവിയോ ലക്ഷ്മി
യോഗമായേതി വിശ്രുതാ
ആദിശേഷനിവൻ, പേരാൽ
ലക്ഷ്മണൻ പിമ്പു പോകുവോൻ
ഒന്നുതാൻ മൂന്നുരൂപത്തിൽ
തോന്നുന്നു മായതൻ ഗുണാൽ'

തുടർന്നു ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരും മത്സ്യാദ്യവതാരമൂർത്തികളും എല്ലാം ഈ ശ്രീരാമൻ തന്നെയാണെന്നു പറയുന്നു. അങ്ങനെ അയോദ്ധ്യാവാസികളെല്ലാം മനസ്സിലാക്കുന്നു, രാമൻ വിഷ്ണുവാണെന്നു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭരദ്വാജമഹർഷിയും തൻെറ ആശ്രമത്തിൽ വന്ന രാമനോട് പറയുന്നു—

"അറിവേൻ രാമ! നിൻഭൂത-
ഭാവികാര്യങ്ങളൊക്കെയും
പരമാത്മാവു നീ, മായാ
പരനായ് കാര്യഗൌരവാൽ
എന്തിന്നവതരിച്ചു നീ
ബ്രഹ്മാവത്ഥിക്കയാൽ പുരാ
എന്തിന്നുവനവാസം നീ
ഹന്ത ചെയ്യുന്നതൊക്കെയും
തവോപാസനയാൽ ലബ്ധം
ജ്ഞാനക്കണ്ണാലറിഞ്ഞു ഞാൻ."

ഭരദ്വാജമഹർഷി ജ്ഞാനദൃഷ്ടികൊണ്ട് രാമൻെറ ഭൂതഭാവികളെല്ലാം കണ്ടറിഞ്ഞിരുന്നുവത്രേ.

വാല്മീകിമഹർഷി രാമനോട് സംഭാഷണം തുടങ്ങുന്നതുതന്നെ

''നീയല്ലോ സർവ്വഭൂതങ്ങൾ—
ക്കിരിക്കാനുത്തമസ്ഥലം
സർവ്വഭൂതങ്ങളും നിൻെറ—
യുത്തമസ്ഥാനമല്ലയോ''

എന്നിങ്ങനെ രാമൻെറ സത്യാവസ്ഥ തനിക്കു നന്നായറിയാമെന്ന ഭാവത്തോടുകൂടിയാണ്.

ഭരതൻ ചിത്രകൂടപർവ്വതത്തിൽച്ചെന്നു രാമനോട് അയോദ്ധ്യയിലേക്കു മടങ്ങാൻ ആവശ്യപ്പെട്ടപ്പോൾ രാമൻ തനിക്കു സത്യലംഘന ദോഷം വരുമെന്നു പറഞ്ഞ് അതു നിരസിച്ചു. അപ്പോൾ ഭരതൻ, ജ്യേഷ്ഠനെ കൂടാതെ താൻ മടങ്ങുകയില്ലെന്നുള്ള വാശിയിൽ നിരാഹാര വ്രതത്തിനു മുതിർന്നു. ആ സമയത്തു് രാമൻ നൽകിയ സൂചനയനുസരിച്ച് വസിഷ്ഠൻ ഭരതന് ഒരു തത്വോപദേശം നൽകുന്നുണ്ട്. അപ്പോഴാണ് രാമൻ പരമാത്മാവാണെന്ന കാര്യം ഭരതൻ മനസ്സിലാക്കുന്നതു്. വസിഷ്ഠൻ ഭരതനോട് പറയുന്നു—

''വത്സ ഞാൻ ചൊല്ലീടും കാര്യം
കേൾക്ക ഗുഹ്യം സുനിശ്ചിതം
ബ്രഹ്മാവാലാത്ഥിതൻ പണ്ടു
സാക്ഷാൽ നാരായണൻ പരൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാവണന്റെ വധത്തിന്നായ്
ജാതനായ് രാമനായിഹ
ജനകാത്മജയായ് ജാതാ
സീതയോ യോഗമായയാം
ശേഷൻ താൻ ലക്ഷ്മണപ്പേരിൽ—
ജ്ജാതനായ് രാമസേവകൻ,
രാവണാന്തം വരുത്താനായ്
പോവതാണവർ നിശ്ചയം.
കൈകേയീ ക്രൂരവാക്യത്തിൻ
കഥയും വരദാനവും
ഒക്കെദ്ദൈവകൃതം, കുററം
ചേർക്കേണ്ടാ മുററുമന്യരിൽ
രാമനെപ്പിന്മടക്കാനാ—
യതിനാലാഗ്രഹിക്കൊലാ.''

ഈ രാമരഹസ്യം മനസ്സിലാക്കിയപ്പോഴാണ് ഭരതൻ നാട്ടിലേക്കു മടങ്ങാൻ സമ്മതിച്ചതു്.

വസിഷ്ഠൻ ഭരതനു നൽകിയ തത്വോപദേശം കൈകേയിയും കേട്ടുവെന്നു തോന്നുന്നു. ചിത്രകൂടത്തിൽ നിന്നു ഭരതാദികൾ മടങ്ങാൻ ഭാവിക്കുമ്പോൾ കൈകേയി രാമനോടു പറയുന്നുണ്ടു്—

''അവ്യക്തൻ വിഷ്ണു നീ സാക്ഷാൽ
പരമാത്മാ സനാതനൻ
മോഹിപ്പൂ ജഗത്തെല്ലാം
മായാമാനുഷരൂപനായ്.
നിന്നാൽ പ്രേരിതമായ് ലോകം
ചെയ്യുന്നൂ നന്മതിന്മകൾ
ദേവകാര്യം നടത്താനായ്
താവകപ്രേരണാവശാൽ
പാപി ഞാനാചരിച്ചാളീ
പാപകർമ്മമരിന്ദമ''

എന്നു്. ശത്രുഘ്നനും അതേ സമയത്തു് രാമതത്വം ലഭിച്ചിരിക്കണം.

ദണ്ഡകാരണ്യവാസികളായ മഹർഷിമാരെല്ലാം രാമനെച്ചെന്നു കണ്ടു പറയുന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



"ഭൂഭാരം തീർക്കുവാൻ വേണ്ടി
ജാതൻ നീ ബ്രഹ്മചോദനാൽ
ഹരി നീ, ലക്ഷ്മിയാം സീത,
ശേഷനാം ലക്ഷ്മണൻ തഥാ."

ജ്ഞാനദൃഷ്ടികൊണ്ടുതന്നെയായിരിക്കണം അവർ രാമതത്വം ഗ്രഹിച്ചതു്. പിന്നെ സുതീഷ്ണമഹർഷിയും അദ്ദേഹത്തിൻെറ ആചാര്യനായ അഗസ്ത്യമഹർഷിയും തങ്ങൾക്കു രാമതത്വമറിയാമെന്നു രാമനോടു വ്യക്തമായി പറയുന്നുണ്ടു്.

ശൂർപ്പണഖയെ ലക്ഷ്മണൻ വിരൂപയാക്കിവിട്ടതും തുടർന്നു രാമൻ ഖരദൂഷണത്രിശിരസ്സുകളെയും പതിനാലായിരം രാക്ഷസന്മാരെയും മൂന്നേമുക്കാൽ നാഴികകൊണ്ടു നിഗ്രഹിച്ചതും അറിഞ്ഞ രാവണൻ ഉറക്കംവരാതെ കിടക്കുമ്പോൾ വിചാരിക്കുന്നു—

"രാമൻ വെറും മാനുഷനല്ല സാക്ഷാൽ
രമാധവൻ തന്നെയുമായിരിക്കാം
ബ്രഹ്മാവിനാൽ പ്രാർത്ഥിതനെൻെറ വംശം
നിർമ്മൂലനാർത്ഥം രഘുവംശജാതൻ
വധിക്കിലെന്നെപ്പരമേശ്വരൻ താൻ
വൈകുണ്ഠരാജ്യം മമ ലഭ്യമാകും
അല്ലെങ്കിലീ രാക്ഷസരാജ്യമെന്നും
ഭുജിച്ചിടാം രാമനൊടേൽക്കതന്നെ
ബോധിച്ചു രാമൻ പരമേശനാണെ—
ന്നെന്നാലുമോർത്തീവിധമാശരേശൻ
"ഹരിപ്രസാദത്തിനടുത്തു ചെല്ലാം
വിരോധഭാവത്തിലതാണെളുപ്പം.""

രാവണൻ ആദ്യമായി രാമനെക്കുറിച്ചു കേൾക്കുന്നതു് അംഗഭംഗം വന്നു ചെന്ന ശൂർപ്പണഖയിൽ നിന്നാണു്. അന്നുതന്നെ രാവണനു തോന്നിയിരിക്കുന്നു—

'രാമൻ വെറും മാനുഷനല്ല സാക്ഷാൽ
രമാധവൻ തന്നെയുമായിരിക്കാം'

എന്നു്. പിന്നെ മാരീചൻെറ അടുക്കൽ ചെന്നു് സീതാപഹരണത്തിനു തനിക്കു സഹായിക്കണമെന്നു പറഞ്ഞപ്പോൾ മാരീചൻപറയുന്നു—

"രാമനോർക്ക പരമാത്മാ പൂരുഷൻ,
വൈരമെന്തിനു, ഭജിക്കതെൻപദം
ഭക്തവത്സലനവൻ, ഗ്രഹിച്ചു ഞാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തൽക്കഥാഗതി മുനീന്ദ്രർ തൻ മുഖാൽ
ബ്രഹ്മനന്നൊരുദിനം പറഞ്ഞുപോൽ
ചിന്മയൻ ഹരിപദം ഭജിച്ചവൻ
'അംബുജേക്ഷണ! ഭവാൻ മനുഷ്യനാ—
യമ്മഹീതലമണഞ്ഞിടേണമേ.'
രാമൻ മനുഷ്യനല്ലോർക്ക
സാക്ഷാൽ നാരായണൻ ഹരി
മായാമാനുഷരൂപത്തിൽ
വനേ വന്നെത്തി നിർഭയൻ.''

മഹർഷിമാരിൽ നിന്നു രാമതത്വം താൻ മനസ്സിലാക്കീട്ടുണ്ടെന്ന മുഖവുരയോടെയാണ് മാരീചൻ രാവണവധത്തിനുവേണ്ടി ബ്രഹ്മാവിന്റെ അപേക്ഷയനുസരിച്ച അവതരിച്ച വിഷ്ണുതന്നെയാണ് രാമനെന്നകാര്യം രാവണനെ ഗ്രഹിപ്പിക്കുന്നത്. അതു കേട്ടപ്പോാം രാവണൻ ചിന്തിച്ചുറയ്ക്കുന്നതിങ്ങനെയാണ്—

''രാമനായ് പരമാത്മാവാ
ബ്രഹ്മാവത്ഥിക്ക കാരണം
എന്നെത്താൻ കൊല്ലുവാൻ വേണ്ടി
വന്നതാണെന്നിരിക്കിലോ
അക്കാര്യം ചെയ്തിടും വേഗം
സത്യസങ്കല്പനീശ്വരൻ
അതിനാലവിടന്നിപ്പോാം
സീതയെക്കൊണ്ടുപോരുവൻ
ഹതനായ് പോരിൽ ഞാനെങ്കി—
ലെതിരേ സ്വർഗ്ഗമേറിടാം
ഹതനായ് രാമനെന്നാലോ
സീതയെൻ കയ്യിലെന്നുമേ''

ഈ സമയത്തു് രാമൻ സീതയോടു് പറഞ്ഞുവത്രേ—

''വന്നീടും ഭിക്ഷുരൂപത്തിൽ
നിന്നടുത്തിന്നു രാവണൻ
സ്വകീയം ഛായനീ പർണ്ണ
ശാലയിൽത്തന്നെ നിർത്തുക.
അഗ്നിയിൽച്ചെന്നൊളിച്ചാലും
പിന്നെ നീയൊരു വത്സരം
വന്നിടാം നിന്നുപാന്തേ ഞാൻ
കൊന്നു രാക്ഷസരാജനെ''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എന്നു്. അതനുസരിച്ചു് സീത മായാസീതയെ ആശ്രമത്തിൽ സ്ഥാപിച്ചു് അഗ്നിമണ്ഡലത്തിൽ ഒരു കൊല്ലം മറഞ്ഞിരുന്നുവത്രേ. അദ്ധ്യാത്മരാമായണപ്രകാരം മായാസീതയെയാണു് രാവണൻ അപഹരിക്കുന്നതു്, യഥാൎത്ഥ സീതയെയല്ല. സീതാവിരഹദുഃഖവും മററും രാമൻ ലക്ഷ്മണാദികളെ ബോധിപ്പിക്കാൻ പുറമെക്കു നടിക്കുന്നതാണു്. ഉള്ളിൽ യഥാർത്ഥത്തിൽ ദുഃഖമൊന്നുമില്ല. രാമൻ യഥാൎത്ഥ സീതയെ അഗ്നിമണ്ഡലത്തിൽ ഒളിപ്പിച്ച കഥ ലക്ഷ്മണനറിഞ്ഞിട്ടില്ല. അറിയിക്കുന്നുമില്ല.

ജടായു മരിക്കാറാവുമ്പോൾ രാമനോടു പറയുന്നു—

"രാമ! നിൻ ദർശനം കിട്ടീ
ഭാഗ്യമെൻ മൃത്യുവേളയിൽ
മാനുഷം രൂപമാർന്നോൻ നീ-
യ മേയൻ വിഷ്ണുതന്നെയാം."

എന്നു്. അങ്ങനെ ജടായുവിനും മനസ്സിലായിരിക്കുന്നു, രാമൻ വിഷ്ണുവാണെന്നു്. പിന്നെ മുക്തിലഭിച്ച കബന്ധനും തൻെറ പൂൎവ്വചരിത്രം വിവരിക്കുന്ന കൂട്ടത്തിൽ പറയുന്നു—

"ത്രേതായുഗേ മഹാവിഷ്ണു
ജാതനാം രാഘവാന്വയേ
അദ്ദേഹം നിന്നടുത്തെത്തി
നിൻകൈ രണ്ടും മുറിച്ചിടും
അപ്പോൾ നീ മുക്തനാം ശാപാ-
ലൊപ്പം താൻ മുൻനിലയ്ക്കുമാം."

എന്നു പണ്ടു് അഷ്ടാവക്രമഹർഷി തന്നോടു പറഞ്ഞിട്ടുണ്ടെന്നു്. അങ്ങനെ മഹാവിഷ്ണുവിൻെറ അവതാരമാണു് രാമനെന്നു് കബന്ധനും ഗ്രഹിച്ചിരിക്കുന്നു.

ശബരിയോടു, ഗുരുക്കന്മാരായ മഹർഷിമാർ പോവുമ്പോൾ പറഞ്ഞിരുന്നുവത്രേ—

"ഏകാന്തചിത്തയായിങ്ങേ
വാഴ്കനീയിനിമേലിലും
രഘുവംശജനാം രാമൻ
പരമാത്മാസനാതനൻ
രക്ഷോവംശം മുടിച്ചീടാൻ
രക്ഷിപ്പാൻ മുനിമാർകുലം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എത്തും, നീയതിനാൽ വാഴ്കി-
ങ്ങേകാന്ത ധ്യാനനിഷ്ഠയായ്.''

എന്നു്, അങ്ങനെ ശബരിക്കു് രാമതത്വം മുമ്പുതന്നെ അറിയാം.

ഹനൂമാന്നു് രാമലക്ഷ്മണന്മാരെ കണ്ട മാത്രയിൽത്തന്നെ തോന്നി, ഇവർ ഈശ്വരാംശവതാരഭൂതന്മാരാണെന്നു്. നേരിട്ടു ചോദിക്കുകയും ചെയ്തു—

''ആരാം യുവാക്കളാം നിങ്ങൾ
വീരന്മാർ നരപുംഗവർ
സൂര്യനെപ്പോൽ സ്വതേജസ്സാൽ
ദിക്കെങ്ങും പ്രഭ വീശുവോർ
ത്രൈലോക്യസൃഷ്ടിഹേതുക്കൾ
പ്രധാന പുരുഷദ്വയം
നിങ്ങളെന്നു നിനപ്പൂ ഞാൻ
നിങ്ങളെങ്ങും വിളങ്ങുവോർ.
ഭൂഭാരം തീർക്കുവാനും തൻ
ഭക്തരെപ്പോററുവാനുമായ്
കേവലം കളിയായ് മായാ
മാനുഷാകൃതി പൂണ്ടവർ
സച്ചിന്മയ പരബ്രഹ്മം
സാക്ഷാൽ ക്ഷത്രിയ വേഷമായ്
സൃഷ്ടി സ്ഥിതിലയം കർമ്മം
ചേഷ്ടിച്ചിങ്ങു നടക്കയാം.''

ഈ ചോദ്യം കേട്ടപ്പോൾ രാമൻ തൻെറ രഹസ്യം ഹനൂമാനോടു പറഞ്ഞില്ല. ദശരഥപുത്രനായ രാമനാണു് താൻ എന്നു മാത്രമേ അപ്പോൾ പറഞ്ഞുള്ളൂ. പിന്നെ രാവണവധം കഴിഞ്ഞു് അയോദ്ധ്യയിൽ മടങ്ങിയെത്തി അഭിഷേകവും കഴിഞ്ഞു് സ്വസ്ഥമായിരിക്കുന്ന സമയത്തു് ആദ്യത്തിൽ സീതയും പിന്നെ ശ്രീരാമൻ തന്നെയും ശ്രീരാമതത്വം വ്യക്തമായി ഹനൂമാന്നു് ഉപദേശിക്കുന്നുണ്ടു്. തനിക്കു് പ്രഥമദർശനത്തിൽ തോന്നിയതു വാസ്തവമായിരുന്നുവെന്നു് അപ്പോഴാണു് രാമദാസനു് തീർച്ചപ്പെട്ടതു്. അദ്ധ്യാത്മരാമായണം ആരംഭിക്കുന്നതു തന്നെ സീതാരാമന്മാർ ഹനൂമാനു നൽകുന്ന തത്വജ്ഞാനോപദേശത്തോടു കൂടിയാണു്. അതിനാൽ അദ്ധ്യാത്മരാമായണത്തിലെ തത്വ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജ്ഞാനികളിൽ പ്രഥമസ്ഥാനം ഹനുമാനു് തന്നെയാണു്.

സപ്തസാലഭഞ്ജനം കഴിഞ്ഞപ്പോഴാണു് ശ്രീരാമന്റെ അത്ഭുത പ്രഭാവത്തെക്കുറിച്ചു് സുഗ്രീവനു് ആദ്യമായി തത്വബോധമുദിക്കുന്നതു്. രാമശരം സപ്തസാലങ്ങളെ ഭേദിച്ചു് തിരിച്ചുവന്നു് ആവനാഴിയിൽ പ്രവേശിച്ചപ്പോഠം,

വിസ്മയം കാഴ്ച സുഗ്രീവൻ
വീക്ഷിച്ചിങ്ങനെ ചൊല്ലിനാൻ—
"ദേവ! നീ താൻ ത്രിലോകേശൻ
പരമാത്മാവസംശയം.

പണ്ടു ഞാൻ ചെയ്ത പുണ്യത്താൽ
കണ്ടു ഞാനിന്നു നിൻപദം
സംസാരമോചനത്തിന്നായ്
സേവിപ്പൂ ഭക്തരങ്ങയെ

മോക്ഷദാതാവിനെ സാക്ഷാൽ
കണ്ടോൻ പ്രാർത്ഥിപ്പതെന്തുഞാൻ
ഭാര്യ, പുത്രൻ, ധനം, രാജ്യം
സർവം നിന്മായയാൽ കൃതം
മോഹമില്ലവയിൽദ്ദേവ!
മോഹിപ്പൂ, നിൻ പ്രസാദമേ."

രാമശരമേററുവീണ ബാലികഠം രാമനെ കാണുകയും രാമന്റെ വാക്കുകഠം കേഠംക്കുകയും ചെയ്തപ്പോഠം ആത്മജ്ഞാനം ജനിച്ചു.

'ഇതെല്ലാം കേഠംക്കവേ തോന്നി
വിഷ്ണുവാം രാമനെന്നു താൻ
ഭീതനായ് ബാലി കൈകൂപ്പി—
ട്ടോതിനാൻ രാമനോടിദം—

"രാമ രാമ മഹാഭാഗ!
ഭഗവാൻ താൻ പരമേശ്വരൻ
അറിവില്ലാത്ത ഞാൻ ചൊന്ന—
തഖിലം നീ ക്ഷമിക്കുക.

യോഗികഠംക്കുമലഭ്യം നിൻ
ദർശനം, ഞാൻ കൃതാർത്ഥനായ്
നിൻ കയ്യാൽ മർദ്ദിതൻ നിന്നെ—
ക്കണ്ടും കൊണ്ടു മരിക്കയാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അന്ത്യകാലത്തെവൻ നാമം
ചിന്തിച്ചാൽ മോക്ഷമേൽക്കുമോ
അമ്മഹാത്മാവിതാ മുന്നിൽ
നിൽക്കുന്നു ഞാൻ മരിക്കവേ!

ദേവ! നീ പുരുഷൻ സീതാ
ദേവിയോ ലക്ഷ്മി തന്നെയാം
രാവണാന്തം വരുത്തുവാൻ നീ
ജാതനായ് ബ്രഹ്മചോദനാൽ.''

ബാലി ഹതനായെന്നറിഞ്ഞു പാഞ്ഞു വന്ന താരയ്ക്കും ആത്മജ്ഞാനം നൽകുന്നതു് രാമനാണ്.

''സ്മരിക്കെന്നെസ്സദാനേരം
ശരിക്കോർക്കെന്റെ വാക്കുകൾ
ഒപ്പം പ്രാരബ്ധകർമ്മങ്ങ
ളൊപ്പിക്കാം, ബന്ധമേററിടാ.''

എന്നാണ് രാമൻ ഉപസംഹരിക്കുന്നതു്.

'ശ്രീരാമവചനം കേട്ടു
താരയ്ക്കത്ഭുതമായി തേ
ത്യജിച്ചു ദേഹജം ദുഃഖം
നമിച്ചാൾ രാമനെത്തദാ.
ആത്മാനുഭൂതിയാൽത്തൃപ്ത
ജീവന്മുക്തയുമായവൾ
രാമനാം പരമാത്മാവൊ—
ത്തൊരു മാത്ര കഴിക്കവേ.'

അങ്ങനെ ജീവന്മുക്തയായിത്തീർന്ന താര ആത്മാനന്ദം അനുഭവിച്ചുകൊണ്ടാണ് ജീവിതശേഷം നയിച്ചതു്.

ഗന്ധർവ പുത്രിയായ സ്വയംപ്രഭ, തന്റെ സ്വാമിനിയായ ഹേമയിൽ നിന്നു തന്നെ മനസ്സിലാക്കിയിരിക്കുന്നു.

'ത്രേതായുഗേ മഹാവിഷ്ണു
ജാതനാം രാമചന്ദ്രനായ്
ഭൂഭാരം തീർക്കുവാൻ രാമൻ
ചരിക്കും കാനനങ്ങളിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അവൻെറ ഭാര്യയെത്തേടി
തവപാർശ്വമണഞ്ഞിടും
വാനരന്മാരെ നീ പൂജി–
ച്ചാരാധിക്കുക രാമനെ
അതിൻെറ ഫലമായ് നീയും,
വിഷ്ണുപാദം ഗമിച്ചിടും'

എന്ന്. അങ്ങനെ വാനരന്മാർ വന്നുകണ്ടപ്പോൾ അവരെ സൽക്കരിക്കുകയും ഉടനെ ചെന്നുകണ്ടു സ്തുതിക്കുകയും ഒടുവിൽ മുക്തി പ്രാപിക്കുകയും ചെയ്തു. സ്വയം പ്രഭ.

സ്വയംപ്രഭാഗുഹയിൽപ്പെട്ടുഴന്ന് ഒരുമാസമെന്ന കാലാവധി കഴിഞ്ഞതായറിഞ്ഞ അംഗദൻ, ശത്രുപുത്രനായ തന്നെ സുഗ്രീവൻ വധിച്ചേക്കുമെന്നു ശങ്കിക്കുമ്പോൾ അദ്ദേഹത്തിന് ഹനുമാനാണ് രാമതത്വം ഉപദേശിക്കുന്നത്.

ഹനുമാൻ പറയുന്നതിതാണ്—

'മനുഷ്യനല്ലെടോ രാമൻ
സാക്ഷാൽ നാരായണൻ പരൻ
സീതയോ മായയാം ദേവി
ജനസമ്മോഹകാരിണി

ലക്ഷ്മണൻ ഭുവനാധാരൻ
സാക്ഷാൽ ശേഷൻ ഫണീശ്വരൻ
രക്ഷോവംശം മുടിച്ചീടാൻ
രക്ഷിപ്പാൻ സജ്ജനങ്ങളെ

മായാമാനുഷ ഭാവത്തിൽ
ജനിച്ചാൻ ബ്രഹ്മചോദനാൽ
വൈകുണ്ഠവാസരാം നമ്മൾ,
വിഷ്ണുപാർഷദർ സർവ്വരും.'

അങ്ങനെ അംഗദനും രാമതത്വം മനസ്സിലാക്കി.

സമ്പാദിക്കു രാമതത്വമുപദേശിച്ചത് ചന്ദ്രമാവെന്ന മഹർഷിയാണത്രേ. സൂര്യരശ്മി തട്ടി ചിറകുകരിഞ്ഞ് ആശ്രമപ്രദേശത്തു വന്നുവീണ സമ്പാതിയോടു ജീവിതരഹസ്യങ്ങൾ പലതും ഉപദേശിച്ചതിനുശേഷം ചന്ദ്രമാവു പറഞ്ഞു—

'മറെറാന്നു ചൊല്ലിടാമേററം
പററും നിൻെറ ഹിതത്തിനായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ത്രേതായുഗേ മഹാവിഷ്ണു
ജാതനാം രാഘവാന്വയേ
രാമനായ് പിന്നെ കാട്ടിൽപ്പോം
രാവണാന്തം വരുത്തുവാൻ
ഭാര്യ സീതയൊടും ഭ്രാതാ
ലക്ഷ്മണൻ ചേർന്നുമായവൻ
അങ്ങാവനത്തിലൊററയ്ക്കാ
യൊരുനാൾ സീത വാഴ്കവേ
രാവണൻ കള്ളനെപ്പോൽവ
ന്നവളെക്കൊണ്ടുപോയഹോ
ലങ്കയിൽക്കാത്തു സൂക്ഷിക്കു
മെങ്കിലോ ചില വാനരർ
അവളെത്തേടി വന്നെത്തു
മാഴിതീരത്തിലപ്പൊഴേ
അവരും നീയുമായ് ചേരാ
നിടയുണ്ടാമസംശയം
അവർക്കേകുക നീ സീതാ
വിവരങ്ങൾ യഥാർത്ഥമായ്
അന്നേരം തന്നെ നിൻപക്ഷ
ഗന്ധം വീണ്ടും മുളച്ചിടും.'

ഇങ്ങനെ സമ്പാതിയും മുമ്പുതന്നെ രാമതത്വജ്ഞനാണെന്നു വ്യക്തമാക്കിയിരിക്കുന്നു, അദ്ധ്യാത്മരാമായണകർത്താവ്.

ലങ്കാലക്ഷ്മി രാമാവതാരകാര്യം ബ്രഹ്മാവുതന്നെ പറഞ്ഞറിഞ്ഞിരുന്നുവത്രേ. ലങ്കാലക്ഷ്മി ഹനൂമാനോടു പറയുന്നു—

''പണ്ടെന്നോടോതിനാൻ ബ്രഹ്മാ—
വഷ്ടാവിംശതി പര്യയെ,
ത്രേതായുഗേ മഹാവിഷ്ണു
ജാതനാം രാഘവാന്വയെ,

രാമനായ്, രമയോ സീതാ
ദേവിയായായ്, ജനകാന്വയെ,
ഭൂഭാരം തീർക്കുവാനെന്നാൽ
പ്രാർത്ഥിക്കപ്പെട്ടമൂലമായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമൻ സഭാര്യനായ് പോകും
ഭ്രാതാവൊത്തു മഹാവനെ
അവിടെ സീതയെക്കക്കും
രാവണൻ രാമപത്നിയെ

പിന്നെ രാമൻെറ സഹായം
സുഗ്രീവനു ലഭിച്ചിടും
അവനൊ സീതയെത്തേടാൻ
പ്ലവംഗക്കാർജ്ഞ നൽകിടും

ഒരുത്തൻ രാത്രിയിൽ, കീശൻ
കരുത്തൻ നിങ്കലെത്തിടും;
തട്ടി നീ ചൊൽകയാൽ നിന്നെ
കൊട്ടിടും മുഷ്ടിയാലവൻ
അമ്മാന്യൻ തട്ടി നീയെപ്പോാം
സമ്മോഹാൻ വീണു പോവതൊ
രാവണനന്തമപ്പോഴേ
കൈവന്നെന്നോർത്തുകൊള്ളുക''

കുംഭകർണ്ണൻ രാവണനോടു പറയുന്നുണ്ട്—

'രാമൻ മനുഷ്യനല്ലല്ലോ
സാക്ഷാൽ നാരായണൻ പരൻ
സീതയോ ലക്ഷ്മിയാം സാക്ഷാൽ
രാമഭാര്യ യശസ്വിനി.

അവളെക്കൊണ്ടു പോന്നു നീ
തവവംശം മുടിക്കുവാൻ
വിഷപിണ്ഡമകത്തേല്ലും
വൻതരം മൽസ്യമെന്നപോൽ

വൈദേഹിയെ വഹിച്ചുനീ
വിപത്തെന്തൊക്കെ മേലിനി.'

വിഭീഷണനും രാവണനോടു പറയുന്നുണ്ട്—

''ജാതനായ് രാമരൂപത്തിൽ
കാലൻ ദശരഥാലയേ
ഭൂഭാരം തീർക്കുവാനത്രേ
ഭൂമൌ വന്നു പിറന്നവർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അവരാൽ പ്രേരിതൻ നീയോ
ശ്രവിപ്പീലെൻ ഹിതോക്തികഠം
പ്രകൃതിക്കപ്പുറം നില്പോൻ
പരമാത്മാ രഘൂത്തമൻ

ഭൂതങ്ങഠംക്കുള്ളിലൊപ്പം താൻ
പുറത്തെങ്ങുമൊരേവിധം
നാമരൂപാദിഭേദേന
ഭാസിപ്പോൻ നിർമ്മലൻ സദാ.

* * * * * * *

ബ്രഹ്മാവാൽ പ്രാർത്ഥിതൻ ദേവൻ
നിൻവധത്തിനു വന്നതാം
ആ കർമ്മം നീക്കുവാൻ വയ്യാ
സത്യസങ്കല്പനീശ്വരൻ.''

ഈ വിധത്തിൽ വ്യക്തമായി വിസ്തരിച്ചുതന്നെ തത്വോപദേശം ചെയ്യുന്നുണ്ട് വിഭീഷണൻ.

രാവണൻ സുഗ്രീവന്റെ അടുക്കലേക്കു ദൂതനായയച്ച ശുകനെന്ന രാക്ഷസൻ ആദ്യം വാനരന്മാരാൽ ബന്ധിക്കപ്പെട്ടു. പിന്നെ സേതുബന്ധനം കഴിഞ്ഞു എല്ലാവരും ലങ്കയിലെത്തിയതിനുശേഷം രാമൻ ശുകനെ വിട്ടയച്ചു. ശുകൻ രാവണന്റെ അടുക്കൽ ചെന്നു രാമലക്ഷ്മണന്മാരെയും വാനരവീരന്മാരെയും ചൂണ്ടിക്കാണിച്ചു കൊടുത്തതിനുശേഷം പറകയാണ്—

''രാമൻ മാനുഷനല്ലേതും
സാക്ഷാൽ നാരായണൻ പരൻ
ചിച്ഛക്തിതന്നെയാം സീത
ജഗത്തിൻ ഭാവഹേതുവും

ചരാചരാത്മകം ലോക-
മുൽപ്പന്നമവരാലഹോ
അതിനാലീ ജഗത്തിന്റെ
താതമാതാക്കളാണവർ.''

നല്ലൊരു തത്വോപദേശമാണ് അവിടെ ശുകൻ രാവണനു നൽകുന്നതു്. ഈ ശുകൻ പൂർവ്വജന്മത്തിൽ ഒരു വിശിഷ്ട ബ്രാഹ്മണനായിരുന്നുവെന്നും അഗസ്ത്യമഹർഷിയുടെ ശാപം മൂലമാണ് രാക്ഷസനായതെന്നും ശാപമോക്ഷം കൊടുക്കുമ്പോഠം അഗസ്ത്യമഹർഷി തന്നെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



'ദശഗ്രീവ വധത്തിനായ്
കീശന്മാരൊത്തു രാഘവൻ
വന്നെത്തും ലങ്കതൻ ചാര
ത്തന്നേരം കാൺക രാമനെ
രാവണൻ വിട്ട ചാരൻ നീ
രാമനെക്കണ്ട മാത്രയിൽ
ശാപമോക്ഷംവരുംപിന്നെ
ച്ചെന്നു രാവണനേകുക
തത്വജ്ഞാനമതോടൊപ്പം
മുക്തനായ് ബ്രഹ്മമെത്തിടാം.'

എന്നു പറഞ്ഞിരുന്നുവെന്നും അവിടെ വ്യക്തമാക്കീട്ടുമുണ്ട്.

രാവണവധം, വിഭീഷണാഭിഷേകം, സീതയുടെ അഗ്നിപ്രവേശം എന്നിവയെല്ലാം കഴിഞ്ഞ അവസരത്തിൽ ദേവന്മാരെല്ലാം അവിടെയെത്തി ശ്രീരാമനെ സ്തുതിക്കുന്നുണ്ട്. ആ ഭാഗം ഉദ്ധരിക്കാം—

''അന്നേരമിന്ദ്രനും സാക്ഷാൽ
യമൻ വരുണനെന്നിവർ
തേജസ്വിയാം കുബേരൻ താൻ
പിനാകി വൃഷവാഹനൻ
ബ്രഹ്മാവും മുനിമാർ സിദ്ധ
സാദ്ധ്യരും ചാരണാദിയും
ദേവർഷിമുഖ്യരും പിന്നെ
ഗന്ധർവ്വാപ്സരവർഗ്ഗവും
മറ്റെല്ലാദിവ്യരും വന്നാർ
വിമാനം ചേർന്നിരുന്നവർ
ഏവരും പരമാത്മാവാം
രാമനെത്തൊഴുതോതിനാർ.''

ദേവന്മാർ പൊതുവിലും പിന്നെ ബ്രഹ്മാവ്, അഗ്നി, ഇന്ദ്രൻ എന്നിവർ വെവ്വേറെയും സ്തുതിക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ രാമൻ വിഷ്ണുവിൻെറ അവതാരമാണെന്നും വിഷ്ണുവും പരമാത്മാവും ബ്രഹ്മവും എല്ലാം ഒന്നാണെന്നും അറിവുള്ളവരാണ് അദ്ധ്യാത്മരാമായണത്തിൻെറ ദൃഷ്ടിയിൽ പ്രധാനപ്പെട്ട രാമായണ കഥാപാത്രങ്ങളെല്ലാം. തന്നിമിത്തം ഇതിൽ ആത്മതത്ത്വ പ്രതിപാദന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ത്തിനു ഇടയ്ക്കിടയ്ക്കു സന്ദർഭം വരുന്നുണ്ട്. ആ നിലയിൽ ശ്രീരാമനു പരമാത്മത്വം സമർത്ഥിച്ചുകൊണ്ടുള്ള രാമായണമാണ് അദ്ധ്യാത്മരാമായണം. ഇതാണ് ഇതിനു് മററു രാമായണങ്ങളെ അപേക്ഷിച്ച് എടുത്തുപറയാവുന്ന ഒരു വിശേഷവും. അതിനനുസരിച്ച് കഥാഗതിയിലും അങ്ങിങ്ങു ചില മാററങ്ങൾ വരുത്തിയിട്ടുള്ളതായി കാണാം.

ഏതു കഥയിലും ആദ്ധ്യാത്മിക ചിന്ത ഉൾക്കൊള്ളിക്കുന്ന സ്വഭാവം ഭാരതീയർക്കു പണ്ടുപണ്ടേ ഉള്ളതാണ്. മനുഷ്യഹൃദയം തന്നെയാണ് ധർമ്മക്ഷേത്രമായ കുരുക്ഷേത്രമെന്നും അവിടെ ഏതു കാലത്തും പാണ്ഡവകൌരവയുദ്ധം നടക്കുന്നുണ്ടെന്നും സദ്വിചാരങ്ങളും ദുർവിചാരങ്ങളും തമ്മിലുള്ള പോരാട്ടം തന്നെയാണ് ഭാരതയുദ്ധമെന്നും ചില പണ്ഡിതന്മാർ പറയാറുണ്ട്. ഗീതോപദേശം ചെയ്യുന്ന ഭഗവാൻ ശ്രീകൃഷ്ണൻ പരമാത്മാവിൻെറയും അർജ്ജുനൻ ജീവാത്മാവിൻെറയും പ്രതീകമാണെന്നും അവരിരിക്കുന്ന തേർ ശരീരവും കുതിരകൾ ഇന്ദ്രിയങ്ങളുമാണെന്നും ഒരു അഭിപ്രായമുണ്ട്. അതിലേക്കു തെളിവായി

''ആത്മാനം രഥിതം വിദ്ധി
ശരീരം രഥമേവതു
ബുദ്ധിംതു സാരഥിം വിദ്ധി
മനഃപ്രഗ്രഹമേവച

ഇന്ദ്രിയാണി ഹയാനാഹു—
ർവ്വിഷയാം സ്തേഷുഗോചരാൻ
ആത്മേന്ദ്രിയ മനോയുക്തം
ഭോക്തേത്യാഹുർമ്മനീഷിണ:

എന്ന ഗീതവാക്യം പ്രമാണമായി ഉദ്ധരിക്കാറുമുണ്ട്. പഞ്ചപാണ്ഡവന്മാർ അഞ്ചിന്ദ്രിയങ്ങളും പാഞ്ചാലിബുദ്ധിയുമാണെന്നൊരു വ്യഖ്യാനം കേട്ടിട്ടുണ്ട്. ഇതുപോലുള്ള ഒരു വേദാന്തചിന്താഗതിയാണ് ശ്രീരാമൻ വിഷ്ണുവും ലക്ഷ്മണൻ അനന്തനുംഭരതശത്രുഘ്നന്മാർ ശംഖചക്രങ്ങളും സീത ലക്ഷ്മീദേവിയുമാണെന്നുള്ളതു്. രാമനെത്തന്നെ പരമാത്മാവായും ബ്രഹ്മാവായും കല്പിക്കുമ്പോൾ സീതയെ മായയായിട്ടും കല്പിക്കും. ഇത്തരം കല്പനകൾക്കെല്ലാം അനുകൂലങ്ങളായ വചനങ്ങൾ ഉപനിഷത്തുകളിൽകാണുകയും ചെയ്യാം. ഏതായാലും അദ്ധ്യാത്മരാമായണത്തിൻെറ ആവിർഭാവം രാമകഥയ്ക്കു് ദിവ്യമായ ഒരു ചൈതന്യം നൽകിയെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മലയാളത്തിൽ അദ്ധ്യാത്മ രാമായണം ആദ്യമായി വിവർത്തനം ചെയ്തതു് തുഞ്ചത്തെഴുത്തച്ഛനാണു്. അദ്ധ്യാത്മരാമായണം കിളിപ്പാട്ടുണ്ടായതോടുകൂടി മലയാളികളെസ്സംബന്ധിച്ചേടത്തോളം രാമായണത്തിന്റെ മുഖച്ഛായ തന്നെ മാറി. വാല്മീകി വർണ്ണിച്ചതുപോലെ കേവല മനുഷ്യനായ ഒരു രാമനെക്കുറിച്ചു ചിന്തിക്കാൻ തന്നെ ജനങ്ങൾക്കു സാദ്ധ്യമല്ലെന്ന നില വന്നു.

എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടു് എഴുപത്തഞ്ചു ശതമാനവും സംസ്കൃതത്തിലുള്ള അദ്ധ്യാത്മരാമായണത്തിന്റെ പരിഭാഷയാണെങ്കിലും മററു രാമായണങ്ങളിലെ പല ആശയങ്ങളും കിളിപ്പാട്ടിൽ എഴുത്തച്ഛൻ കൂട്ടിച്ചേർത്തിട്ടുണ്ടു്. ചിലതു് ഔചിത്യപൂർവം ഉപേക്ഷിച്ചിട്ടുണ്ടു്. ചില ദിക്കിൽ സ്വന്തം മനോധർമ്മങ്ങൾ ഉപയോഗിച്ചിട്ടുണ്ടുമുണ്ടു്. അക്കാലത്തു കവികളുടെ സ്വഭാവം അതായിരുന്നു. അന്യൂനാതിരിക്തമായി വിവർത്തനം ചെയ്യുന്ന സമ്പ്രദായം മലയാളസാഹിത്യത്തിൽ ഈ ഇരുപതാം നൂററാണ്ടിലേ ആവിർഭവിച്ചിട്ടുള്ളൂ. മൂലത്തിൽ പറഞ്ഞതെല്ലാം വിവർത്തനത്തിൽ ഉണ്ടായിക്കൊള്ളണമെന്നോ അതിലില്ലാത്തതൊന്നും കൂട്ടിച്ചേർക്കരുതെന്നോ പണ്ടു് ഒരു കവിയും വിചാരിച്ചിരുന്നില്ല. അതിനാൽ അദ്ധ്യാത്മരാമായണത്തിനു് വൃത്താനുവൃത്തവിവർത്തനം അടുത്ത കാലം വരെ മലയാളസാഹിത്യത്തിൽ ഉണ്ടാവാനിടവന്നില്ല. ഒന്നരക്കൊല്ലം മുമ്പു് ദിവംഗതനായ കവിവരേണ്യൻ ശ്രീ. കപ്രശ്ശേരി അപ്പുണ്ണിക്കയ്മൾ ഭാഷാസാഹിത്യത്തിന്റെ ആ ന്യൂനത പരിഹരിച്ചിരിക്കുന്നു. പ്രസന്നലളിതമായ നല്ലൊരു വൃത്താനുവൃത്ത വിവർത്തനം, അദ്ധ്യാത്മരാമായണത്തിനു് അദ്ദേഹം തയാറാക്കിവെച്ചു. അതടിച്ചു പ്രസിദ്ധപ്പെടുത്തേണ്ടുന്ന ചുമതല വിനീതപുത്രനായ കെ. മുകുന്ദൻ നായരിൽ സമർപ്പിച്ചു് കൃതാർത്ഥതയോടെ ആ ഭക്തോത്തമൻ നിത്യശാന്തിയടയുകയും ചെയ്തു. ശ്രീ. അപ്പുണ്ണിക്കയ്മളുടെ ആദ്യത്തെ സാഹിത്യസംരംഭം നാലഞ്ചു കൊല്ലം മുമ്പുതന്നെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്ന ഭഗവത്ഗീതാവിവർത്തനമാണു്. ഉദ്യോഗത്തിൽ നിന്നും വിരമിച്ചു് ഏകദേശം പത്തുപതിനഞ്ചു കൊല്ലങ്ങൾക്കുശേഷം ജീവിതത്തിന്റെ സായാഹ്ന വേളയിലാണു് അദ്ദേഹം ഇത്തരം സാഹിത്യപ്രവർത്തനങ്ങളിൽ വ്യാപരിക്കാൻ ഇടയായതെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണു്. നാലഞ്ചു കൊല്ലക്കാലത്തെ അവിശ്രമമമായ പ്രയത്നം ഈ സംരംഭങ്ങൾക്കു പിന്നിലുണ്ടു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഉത്തരകാണ്ഡമടക്കം ഏഴു കാണ്ഡവും ശ്രീ. അപ്പുണ്ണിക്കയ്മാം തർജ്ജമ ചെയ്തിട്ടുണ്ട്. ഏഴു കാണ്ഡത്തിലും കൂടി നാലായിരത്തിഇരുനൂററിപ്പതിനെട്ടു ശ്ലോകമുണ്ട്. അവയിൽ സ്തുതികളായ അറുപത്തിയേഴു ശ്ലോകമൊഴികെ ബാക്കിയുള്ള നാലായിരത്തിഒരുനൂററിഅമ്പത്തൊന്നു ശ്ലോകവും ഭാഷപ്പെടുത്തീട്ടുണ്ട്. ചില സ്തുതികഠം പരിഭാഷപ്പെടുത്തിയാൽ നിർജ്ജീവങ്ങളാവും. സംസ്കൃതം കേട്ടാലും പൊതുവിൽ അത്ഥം മനസ്സിലാവുകയും ചെയ്യും. അങ്ങനെയുള്ള സ്തുതികളാണ് തർജ്ജമ ചെയ്യാതെ വിട്ടിട്ടുള്ളതു്. അഹല്യാസ്തുതിയുടെ ഒടുവിലുള്ള ഒരു ശ്ലോ കം, സുതീക്ഷ്ണസ്തുതി എട്ടു ശ്ലോകം, ജടായുസ്തുതി പത്തു ശ്ലോകം, വിഭീഷണസ്തുതി പതിനാറു ശ്ലോകം, രാവണവധാവസാനത്തിലുള്ള 'ഹത്വായുധേ ദശാസ്യം' എന്നു തുടങ്ങുന്ന മംഗളശ്ലോകം, ബ്രഹ്മസ്തുതി പതിനെട്ടു ശ്ളോകം, ശങ്കരസ്തുതി പതിമൂന്നു ശ്ലോകം ഇങ്ങനെ അറുപത്തേഴു ശ്ലോകം മൂലം തന്നെ ചേർത്തിരിക്കയാണ്.

വിവർത്തനത്തിൻെറ സ്വഭാവം വ്യക്തമാക്കാൻവേണ്ടി ആദ്യത്തെ ശ്ലോകത്തിൻെറ മൂലവും ഭാഷയും ഇവിടെ എടുത്തു കാണിക്കാം.

മൂലം:

യഃ പൃത്ഥ്വീഭരവാരണായദിവിജൈഃ
സമ്പ്രാത്ഥിതശ്ചിന്മയഃ
സഞ്ജാതഃ പൃഥിവീതലേ രവികുലേ
മായാമനുഷ്യോവ്യയഃ
നിശ്ചക്രംഹത രാക്ഷസഃപുനരഗാൽ
ബ്രഹ്മത്വമാദ്യം, സ്ഥിരാം
കീർത്തിം പാപഹരാം വിധായജഗതാം
തംജാനകീശം ഭജേ.

ഭാഷ:

ഭൂഭാരക്ഷയകാര്യമായ് സുരജനം
പ്രാർത്ഥിക്കയാൽ ചിന്മയൻ
മായാമാനുഷരൂപനായ് രവികുലേ
സഞ്ജാതനാമവ്യയൻ
രക്ഷോവംശമൊടുക്കി, പാപഹരമാം
സൽക്കീർത്തിയുംചാർത്തി, തൻ
ബ്രഹ്മത്വം പദമാദ്യമെത്തിയ മഹാൻ
ശ്രീരാമനെക്കൈതൊഴാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തുഞ്ചത്തെഴുത്തച്ഛന്റെ കിളിപ്പാട്ടു തർജ്ജമയും ഉദ്ധരിക്കാം—

ധാത്രീഭാരത്തെത്തീർപ്പാൻ ബ്രഹ്മാദിദേവഗണം
പ്രാർത്ഥിച്ച ഭക്തിപൂർവ്വം സ്തോത്രം ചെയ്തതുമൂലം
ദുഗ്ദ്ധാബ്ധിമദ്ധ്യേഭോഗിസത്തമനായീടുന്ന
മെത്തമേൽ യോഗനിദ്ര ചെയ്തിട്ടും നാരായണൻ
ധാത്രീമണ്ഡലം തന്നിൽ മാർത്താണ്ഡകുലത്തിങ്കൽ
ധാത്രീന്ദ്രവീരൻ ദശരഥനു തനയനായ്
രാത്രിചാരികളായ രാവണാദികൾ നമ്മെ
മാർത്താണ്ഡാത്മജപുരം പ്രാപിപ്പിച്ചോരുശേഷം
ആദ്യമായ് ബ്രഹ്മത്വം പ്രാപിച്ച വേദാന്തവാക്യ–
വേദ്യനാം സീതാപതി ശ്രീപാദം വന്ദിക്കുന്നേൻ.

ശ്രീ. അപ്പുണ്ണിക്കയ്മളുടെ ഭാഷക്കുള്ള ലാളിത്യം മനസ്സിലാക്കാൻ മുമ്പുതന്നെ ഞാൻ ധാരാളം ശ്ലോകങ്ങൾ ഉദ്ധരിച്ചിട്ടുണ്ടല്ലോ. അല്പം ശ്രദ്ധയുള്ളവർക്കു മനസ്സിലാക്കാൻ ഒട്ടും പ്രയാസമില്ലാത്തതാണ് ഈ പുതിയ വിവർത്തനത്തിലെ ഭാഷയും പ്രതിപാദനവും. പരിപാവനമായ ഈ അച്ഛന്റെ കൃതി മുദ്രണം ചെയ്തു പ്രസിദ്ധീകരിക്കാൻ അവസരം ലഭിച്ച പിതൃഭക്തനായ ശ്രീ. മുകുന്ദൻനായർ ഭാഗ്യവാനാണ്. ഇതു് സഹൃദയഹസ്തങ്ങളിൽ സമർപ്പിക്കുവാൻ സന്ദർഭം ലഭിച്ച ഈയുള്ളവനും ധന്യനായി, അനുഗൃഹീതനായി.

നാരായണീയം, — സജ്ജനവിധേയൻ
തൃശ്ശൂർ–11,
22–11–'77. — കെ.പി. നാരായണപ്പിഷാരോടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# ബാലകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''വൈദേഹീസഹിതം സുരദ്രുമതലേ
ഹൈമേമഹാമണ്ഡപേ
മദ്ധ്യേപുഷ്പകമാസനേ മണിമയേ
വീരാസനേ സുസ്ഥിതം
അഗ്രേവാചയതി പ്രഭഞ്ജനസുതേ
തത്ത്വം മുനിഭ്യഃപരം
വ്യാഖ്യാന്തം ഭരതാദിഭിഃപരിവൃതം
രാമംഭജേൽ ശ്യാമളം.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# സർഗ്ഗവിവരം

1. രാമഹൃദയം

2. ഭൂദേവിയുടെ സങ്കടനിവേദനം

3. അവതാരം—ബാലലീല

4. വിശ്വാമിത്രയാഗരക്ഷാർത്ഥഗമനം

5. യാഗരക്ഷ - അഹല്യാമോക്ഷം

6. സീതാവിവാഹം

7. പരശുരാമസമാഗമം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

## സർഗ്ഗം—1

# രാമഹൃദയം

*''ധ്യായേ, ദാജാനുബാഹും, ധൃതശരധനുഷം, ബദ്ധപത്മാസനസ്ഥം,*
*പീതംവാസോവസാനം, നവകമലദളസ്പർദ്ധിനേത്രം, പ്രസന്നം,*
*വാമാങ്കാരൂഢസീതാമുഖകമലമിളല്ലോചനം, നീരദാഭം,*
*നാനാലങ്കാരദീപ്തം, ദധതമുരുജടാമണ്ഡനം, രാമചന്ദ്രം.''*

ഭൂഭാരക്ഷയകാര്യമായ് സുരജനം പ്രാർത്ഥിക്ക
യാൽ, ചിന്മയൻ,
മായാമാനുഷരൂപനായ് രവികുലേസംജാ-
തനാ, യവ്യയൻ,
രക്ഷോവംശമൊടുക്കി, പാപഹരമാംസൽ
കീർത്തിയും ചാർത്തി, തൻ
ബ്രഹ്മത്വം പദ, മാദ്യ, മെത്തിയ മഹാൻ
ശ്രീരാമനെക്കൈത്തൊഴാം.

സൃഷ്ടിക്കതിൻ സ്ഥിതിലയത്തിനുമേകമൂലം,
മായയ്ക്കുമാശ്രയ, നചിന്ത്യ, നതീതമായൻ,
ആനന്ദരൂപ, നമലൻ, വിഭു, ചിൽപ്രകാശൻ,
തത്വജ്ഞനാം ജനകജാപതിയെത്തൊഴുന്നേൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമായണം സർവ്വപുരാണ സമ്മതം
പാരായണം ചെയ്‌വവനാത്ത ഭക്തിയാൽ
നിത്യേനകേൾപ്പോന്നമതേ വിധം ശുഭം
നിഷ്‌പാപനായ്‌ വിഷ്‌ണുപദേലയിച്ചിടും.

അദ്ധ്യാത്മരാമായണമൊന്നുതന്നെ
പഠിക്കസംസാരവിമോചനാർത്ഥം;
അനേകഗോദാനഫലം ലഭിക്കും
നിദാനമീസൽക്കഥകേൾക്കവോനും.

ഹരനാം കുന്നിൽനിന്നുണ്ടായ്‌
രാമനാം കടലാഴവോം
രാമായണ മഹാഗംഗാ
ത്രൈലോക്യം ശുദ്ധമാക്കവോം.

കൈലാസേശൻ, ത്രിനേത്രൻ, ശിവ, നഖില
മുനീന്ദ്രാദിസംസേവ്യമാനൻ,
കൈവല്യൈകസ്വരൂപൻ, ഭവദുരിതഹരൻ,
ജ്ഞാനദൻ, ധ്യാനനിഷ്ഠൻ,
മിന്നും തൻമന്ദിരാന്തേദയിതയൊടൊരുമി–
ച്ചങ്ങുവാഴുന്നനേരം
ചൊന്നാളേവം, സുഭക്ത്യാ, നിജപതിയൊടുമാ
ദേവിശൈലേന്ദ്രപുത്രി.

പാർവ്വതി:

നമോസ്തുതേ ദേവ! ജഗന്നിവാസ!
സമസ്തദേഹാന്തരസാക്ഷിഭൂത!
സനാതനൻ നീ, പുരുഷോത്തമൻതൻ
സനാതനം തത്വമുരച്ചിടേണം.

ഗോപ്യം പരന്മാർക്കുപദേശയോഗ്യ–
മല്ലെങ്കിലും ഭക്തരൊടോതുമല്ലൊ.
ഞാനോ ഭവൽബ്‌ഭക്തയുമിഷ്ടയും താൻ
പറഞ്ഞുതന്നാലുമെനിക്കുതത്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വൈരാഗ്യ വിജ്ഞാനമൊടൊത്തു ഭക്തി
ചേർന്നുള്ളതാം ജ്ഞാനമൊരല്പവാക്കാൽ
സ്ത്രീയാമെനിക്കായതറിഞ്ഞുകൊള്ളാൻ
പ്രായോഗ്യമാം രീതിയിലോതിയാലും.

ശ്രീരാമനിൽ ഭക്തിമുഴുത്തുവെന്നാൽ
സംസാരപാഥോധിയുടൻ കടക്കാം
എന്നുള്ളതത്വം പരമം രഹസ്യം
ചൊന്നാലുമൊന്നായതു തന്നെമുന്നം.

സംസാരമോക്ഷത്തിനു ഭക്തിമാത്രം
പോരും, കവിഞ്ഞില്ലൊരു വസ്തുവേറെ
എന്നായ് പ്രസിദ്ധം; മനതാരിലൂന്നാ,—
നെന്നാൽ, ഭവൽ ഭാഷണമത്രവേണം.

ചൊല്ലുന്നു, രാമൻപരനേകനാദ്യൻ
മായാഗുണങ്ങൾക്കതീതനെന്നായ്
അമ്മട്ടുചിന്തിച്ചു സദാമുനീന്ദ്ര—
രെത്തുന്നുനിത്യം പദ, മന്തിമത്തിൽ.

മായാവൃതൻ രാമനവൻെറ സാക്ഷാൽ
പാരാത്മഭാവം മറവായ്കഴിഞ്ഞു
അന്യോപദേശാൽ പുനരാത്മതത്വം
ബോധിച്ചുവെന്നും ചിലരോതിടുന്നു.

തത്വംഗ്രഹിച്ചോനവനെങ്കിലെന്തേ
പത്നീവിയോഗാർത്തിയിൽ മുങ്ങിടാനായ്.
അല്ലെങ്കിലോ, മററുജനങ്ങളെപ്പോ—
ലല്ലേ; ഭജിപ്പോനെവനാണുപിന്നെ.

എന്താണിതിന്നുത്തരമോതിയാലും
സന്ദേഹമെല്ലാം മമ തീർത്തിടാനായ്.

പരമേശ്വരൻ:

ശ്രീരാമതത്വം ശരിയായ്ഗ്രഹിപ്പാ—
നിച്ഛിക്കയാൽ നീയതിധന്യതന്നെ.
പണ്ടാരുമെന്നോടുപരംരഹസ്യ—
മീതത്ത്വമാരായ്വതിനെത്തിയില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭക്ത്യാദരം നീയിതുചൊന്നമൂലം
നമിച്ചുരാമാംഘ്രിവചിച്ചിടാം ഞാൻ.
രാമൻ, പരാത്മാ, പരിണാമശൂന്യ,—
നാനന്ദരൂപൻ, പുരുഷോത്തമൻ താൻ.

സൃഷ്ടിച്ചുസർവ്വം നിജമായയാൽ, താൻ
നില്പായിപില്പാടകമേ പുറത്തും
നഭസ്സുപോൽ; സൃഷ്ടപദാർത്ഥമെല്ലാം
ചേഷ്ടിപ്പതന്തഃസ്ഥിതനാം പരാത്മാ.

ലോഹം ഭ്രമിക്കുന്നിതുകാന്തശക്ത്യാ,
ലോകം ചരിക്കുന്നതുമാത്മശക്ത്യാ;
എന്നാലുമിക്കാര്യമറിഞ്ഞിടുന്നി—
ല്ലവിദ്യയാലാവൃതരായ്‌വിമൂഢർ.

ശുദ്ധം പ്രബുദ്ധം പരമാത്മതത്വ—
മെന്നാലുമജ്ഞാനമതിൽ ചുമത്തി
പുത്രാദിമോഹം പല കർമ്മദാഹം
പുലർത്തിടുന്നു ഭവഭഗ്നർ മൂഢർ.

അന്തസ്ഥിതാത്മാവറിയപ്പെടാത്തോ—
നജ്ഞർക്കുകണ്ഠസ്ഥിതമാലപോലെ.
എമ്മട്ടിരുട്ടില്ലദിനേശനിൽ, തഥാ
പ്രകാശമാനൻ പരമേശ്വരൻ സദാ.

ചുററിത്തിരിഞ്ഞോനിളകുന്ന കണ്ണാൽ
ചററും ഭ്രമിക്കുന്നതുപോലെതോന്നും
അമ്മട്ടുദേഹേന്ദ്രിയചേഷ്ടയെല്ലാ—
മാത്മാവുചെയ്യും പടിമൂഢർ കാൺമൂ.

സൂര്യൻയഥാരാപ്പകലൊന്നുപോലെയാം
പ്രകാശരൂപൻപരമേശനുംതഥാ.
അജ്ഞാനവും ജ്ഞാനവുമില്ലരാമനിൽ
വിശുദ്ധചൈതന്യമതൊന്നുതാനവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആനന്ദരൂപൻഹരിയാംരഘൂത്തമ–
ന്നജ്ഞാനബോധയ്ക്കവകാശമില്ലതാൻ.
മായയ്ക്കധിഷ്ഠാനമവന്നുമായയാൽ
മോഹംവരാ; സാക്ഷിനിലയ്ക്കുനില്ക്കയാം

ഇപ്പോഠം ഞാൻ ചൊല്ലിടാം, ഗോപ്യം,
ദുർല്ലഭം, മോക്ഷദായകം,
സീതാരാമഹനുമാന്മാർ
തമ്മിലുണ്ടായഭാഷണം.

പണ്ടുരാമൻ രണോത്സാഹൻ
ദേവാരിദശകണ്ഠനെ
സപുത്രംസബലംകൊന്നു
സീതാഭ്രാതൃസമേതനായ്.

സുഗ്രീവാനിലപുത്രാദി
വാനരേന്ദ്രരുമൊത്തവൻ
അയോദ്ധ്യാനഗരംതന്നിൽ
തിരിച്ചെത്തിയഥാസുഖം.

രാജ്യാഭിഷേകവും ചെയ്തു,
വസിഷ്ഠാദികരം ചുററുമായ്,
സിംഹാസനേവിരാജിച്ചാൻ,
സൂര്യകോടിസമപ്രഭൻ.

അപ്പോഠംതൻമുന്നിലായ്നില്പു,
ഹനുമാൻ കൂപ്പുകയ്യോടെ
ഭക്തിമാൻ, ജ്ഞാനമൊന്നോതാ–
നർത്ഥിച്ചും കൃതകൃത്യനായ്

കണ്ടുരാമനിദംചൊല്ലി
സീതയോ''ടിവനേകക
തത്വജ്ഞാന, മിവൻ ഭക്തൻ,
നിഷ്പാപൻ; ജ്ഞാനപാത്രമാം''.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''അങ്ങനെത്തന്നെ''യെന്നോതി
രാമതത്വത്തെ ജാനകി
വിസ്തരിക്കാൻതുടങ്ങീ തൽ
ഭക്തനാം ഹനുമാനൊടായ്.

''ഓക്ക, രാമൻപരബ്രഹ്മം,
സച്ചിദാനന്ദ മദ്വയം,
ഉപാധിരഹിതം, ശാന്ത,-
മൂഹത്തിന്നുമതീതമായ്,

നിർവ്വികാരം, നിരാകാര,-
മാനന്ദം, നിർമ്മലം, പരം,
സർവ്വവ്യാപ്തവു, മാത്മാവാം
സ്വപ്രകാശാൽവിളങ്ങുവോൻ

സൃഷ്ടിസ്ഥിതിലയംചേർക്കും
മൂലപ്രകൃതിഞാനെടൊ.
ബ്രഹ്മസാന്നിദ്ധ്യമാത്രേണ
ഞാനെല്ലാം സൃഷ്ടിചെയ്‌വതെ.

എങ്കിലും പരമാത്മാവിൻ
സൃഷ്ടിയെന്നുവിമോഹിതർ
ആരോപിച്ചോതിടും, ജന്മം
കോസലേരാഘവാന്വയെ,

വിശ്വാമിത്രസഹായ ത്ഥം
വിപിനേയാഗരക്ഷണം,
അഹല്യാമോചനം, പിന്നെ
ശൈവചാപവിഭഞ്ജനം,

മൽപാണിഗ്രഹണം, പിന്നെ
ഭാർഗ്ഗവൻെറ മദക്ഷയം,
ഞാനൊത്തയോദ്ധ്യയിൽപ്പാപ്പും
പന്തിരണ്ടാണ്ടുകാലവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദണ്ഡകാരണ്യസഞ്ചാരം,
വിരാധവധവുംതഥാ,
മാരീചവധവും, പിന്നെ
ഭാര്യാവിരഹമങ്ങനെ,

ജടായുവിന്നുമമ്മട്ടിൽ
മോക്ഷദാനംകബന്ധനും,
ശബരീപൂജനം, പിന്നെ
സുഗ്രീവന്റെ സമാഗമം,

ബാലിതൻവധവും, ദു:ഖാൽ
സീതാന്വേഷണമങ്ങനെ,
സേതുബന്ധംസമുദ്രത്തിൽ,
ലങ്കാപുരനിരോധനം,

രാവണന്റെവധം പിന്നെ
സപുത്രംരണഭൂമിയിൽ,
രാജ്യം വിഭീഷണന്നേകൽ,
പുഷ്പകേണാനുമൊത്തുടൻ

അയോദ്ധ്യാഗമനം, തത്ര
രാജപട്ടാഭിഷേകവും,
ഇത്യാദികർമ്മമെല്ലാമെൻ
കൃത്യമാണെന്നിരിക്കിലും
ആരോപിക്കുന്നുരാമങ്കൽ
സർവ്വാത്മാ നിർവ്വികാരനിൽ.

നില്ക്കുന്നതോഗമനമോ സുഖദു:ഖമോഹ—
ദാഹങ്ങളേതുമവനില്ലൊരുനിഷ്ക്രിയൻതാൻ.
ആനന്ദമൂർത്തിയവനോപരിണാമശൂന്യൻ;
മായാവിമോഹിതരതിൻവിപരീതമോർപ്പൂ. ''

പിന്നെ രാമൻമരുൽസൂനു
തന്നോടായിത്ഥമോതിനാൻ
''ആത്മാനാത്മപരാത്മാക്ക—
ളിപ്പോഴം ഞാൻ വിവരിച്ചിടാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആകാശം ത്രിവിധംകാണാം
ജലാശയസമീക്ഷയിൽ
മഹാകാശമതൊ,ന്നൊന്നു
ജലത്താൽ വേർപെടുത്തതും,
മറേറതൊന്നു മഹാകാശ–
പ്രതിബിംബം ജലത്തിലും.

ചൈതന്യം പൂർണ്ണമൊ, ന്നൊന്നു
ബുദ്ധിയാൽ വേർതിരിച്ചതും,
മറെറാന്നു ബുദ്ധിയിൽ ബിംബി–
ച്ചാഭാസൻ; ചിത്തിതേവിധം.

സാഭാസൻ ബുദ്ധി കർത്താവാം
ജീവ;നെന്നാൽ ഭ്രമിപ്പവർ,
ആരോപിക്കുന്നുകർത്തൃത്വം
പൂർണ്ണനിൽ, സാക്ഷിമാത്രനിൽ.

ആഭാസൻമിഥ്യയാം, ബുദ്ധി–
യവിദ്യാകാര്യമായതും.
ബ്രഹ്മം വിച്ഛേദ്യമല്ലേതും,
വിച്ഛേദാവസ്ഥ തോന്നലാം.

അതിനാൽ, പൂർണ്ണനാത്മാവാ–
ണുള്ളതല്ലാതെ വേറെയായ്
'ജീവ' നില്ലെന്നു താൻചൊല്വൂ
'തത്വമസ്യാദി' ചൊല്ലുകൾ.

ജീവാത്മപരമാത്മാക്കൾ–
ക്കൈകത്വം ബോദ്ധ്യമാവുകിൽ
അവിദ്യയ്ക്കുമതിൻകാര്യ–
മേതിന്നും വ്യാപ്തിയില്ലമേൽ.

ഈ തത്വമറിയും ഭക്തർ
മമസാരൂപ്യമാർന്നിടും
ഭക്തരല്ലാത്തപേർശാസ്ത്ര
ഗർത്തത്തിൽ താൻ നിമഗ്നരാം.
നൂറുജന്മം കഴിഞ്ഞാലും
കേറാമോക്ഷത്തിലേയ്ക്കവർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രഹസ്യമേററം 'ഹൃദയം'മദീയ, മീ
ഞാൻ തന്നെ നേരിട്ടുപറഞ്ഞുതന്നതാം.
എന്നെ ബ്ഭജിക്കാത്ത ശഠർക്കിതേതുമെ
കേരംപ്പിക്കൊലാദിവ്യപദം ലഭിക്കിലും.''

'ശ്രീരാമഹൃദയം'ഗുഹ്യം
പവിത്രം പാവനം പരം
ഹൃദയാകർഷകം ദേവി!
നിന്നെക്കേരംപ്പിച്ചുഞാനിഹ.

രാമൻ നേരിട്ടുചൊന്നോരീ
സർവ്വവേദാന്തസംഗ്രഹം
ഭക്തിയോടെപ്പഠിക്കുന്നോർ
മുക്തരാമില്ല സംശയം.

ബ്രഹ്മഹത്യാദിപാപങ്ങളും
ബഹുജന്മാർജ്ജിതങ്ങളും
ഈ തത്വപഠനംകൊണ്ട്
നഷ്ടമാം; രാമവാക്കതാം.

പാപിഷ്ഠൻ, ബ്രഹ്മഹന്താ, പരധനദയിതാ
ഹാരി, ചോരൻ, മുനീന്ദ്ര-
വ്റാതപ്രദ്വേഷി, മാതാപിതൃജനപരിപീ
ഡോത്സുകൻ, കുത്സിതാത്മാ,
ആരായാലും പഠിപ്പോൻ രഘുവരഹൃദയം
രാമനിൽ ഭക്തിയോടെ,
നേരായ്ച്ചേരും സുപൂജ്യം പരമപദമതിൽ,
ദുർഗ്ഗമംയോഗികരംക്കും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—2

## ഭൂദേവിയുടെ സങ്കടനിവേദനം.

**പാർവ്വതി:**

ധന്യയായ് ഞാൻ ജഗൻനാഥ!
കൃതകൃത്യയുമായ്പ്രഭോ!
ത്വദീയഭാഷണത്താലെ
മദീയം ശങ്കതീർന്നുപോയ്.

ഭവാനിൽനിന്നുവർഷിച്ചീ
രാമതത്വാമൃതംപരം
പാനംചെയ്തുമെനിക്കിപ്പോഠം
തൃപ്തിയായില്ല വല്ലഭ!

ശ്രീരാമചരിതം ശ്രേഷ്ഠം
ഭവാനോതി ചുരുക്കമായ്;
വിസ്തരിച്ചതുകേഠംക്കാനായ്
വിശേഷാ! വാഞ്ഛയുണ്ടുമെ.

**പരമേശ്വരൻ:**

കേട്ടാലും ദേവി! ചൊല്ലീടാം
ഗോപ്യാൽ ഗോപ്യതരം മഹത്.
അദ്ധ്യാത്മരാമചരിതം
രാമൻതാൻ പണ്ടുചൊന്നതാം.

രാമനെന്നോടുചൊന്നോരാ
കഥയിപ്പോഠംപറഞ്ഞിടാം.
അതുകേഠംക്കും ജനങ്ങഠംക്കു
സംസാരാർത്തി നശിച്ചിടും.
ഐശ്വര്യം പുത്രസമ്പത്തും
ദീർഘായുസ്സും ലഭിച്ചിടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദൈത്യന്മാർ ഭാരമായിഗ്ഗുരുതരദുരിതക്ലേശ—
മാർന്നൂഴിമന്നം
ഗോരൂപംപൂണ്ടുചെന്നുമുനിജനദിവിജന്മാ
രൊടും ബ്രഹ്മലോകെ
കണ്ണീരോടും സ്വദുഃഖംവിരവൊടുവിവരിച്ചോത
വെബ്രഹ്മദേവൻ
ധ്യാനംപൂണ്ടല്പനേരംനിജമതിയിലുറച്ചീടി
നാനേകമാർഗ്ഗം.

പിന്നെക്ഷീരസമുദ്രമെത്തിവിധിയും വന്നോരു
മെല്ലാവരും
സർവ്വജ്ഞൻ, സകലാത്മകൻ, ഹരി, പരൻ വാ
ഴുന്നപുണ്യസ്ഥലെ
ബ്രഹ്മാവങ്ങവിടെപ്പുരാണഗളിതംസ്തോത്ര
ങ്ങളത്യാദരം
ശ്രുത്യോദാരപദങ്ങളാൽ ലളിതമായ്പാടി
സ്തുതിച്ചീടിനാൻ.

ഹരിയോ വന്നിതന്നേരം
പ്രത്യക്ഷം പൂർവ്വദിക്കിലായ്
സർവ്വലോകംവിളങ്ങിച്ചും
സൂര്യകോടിസമപ്രഭൻ.

പുണ്യമററോർക്കുദുർദ്ദർശൻ
ഹരിയെക്കണ്ടുനാന്മുഖൻ.
ഇന്ദ്രനീലപ്രഭാപൂർണ്ണൻ,
സുസ്മേരൻ, പത്മലോചനൻ,

കിരീടം കുണ്ഡലം ഹാരം
കേയൂരം കടകങ്ങളും
ശ്രീവത്സംകൌസ്തുഭംചേർന്നും
പ്രഭയാൽപ്രോജ്ജ്വലിപ്പവൻ,

സ്തുതിക്കുംസനകന്മുമ്പാം
പാർഷദന്മാരൊടൊത്തവൻ,
ശംഖചക്രഗദാപത്മ
വനമാലാവിഭൂഷിതൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പൊന്മയപ്പൂണനൂൽചാർത്തി
പൊന്മയാടധരിച്ചവൻ
രമയുംക്ഷമയുംചേർന്നും
രമിപ്പോൻഗരുഡന്നുമേൽ.

ഈവിധം ഹരിയെക്കണ്ടു
വിധിയോസ്തുതിചെയ്കയായ്

''കർമ്മപാശം വിടുർത്താനായ്
മോക്ഷകാംക്ഷികൾനിത്യവും
സ്മരിപ്പോർതവപാദങ്ങൾ
നമിക്കുന്നവ ഞാനിതാ.

സൃഷ്ടിസ്ഥിതിലയംസർവ്വം
ചേഷ്ടിപ്പൂ മായകൊണ്ടുനീ
നിർല്ലേപൻതന്നെനീ, യെന്നാൽ,
നിത്യാനന്ദസ്വരൂപനായ്.

ദാനാദിപുണ്യകർമ്മത്താൽ
ശുദ്ധിദുഷ്ടർക്കുവന്നിടാ
ഭവൽഭക്തിമുഴുത്തോരിൽ
ഭവിക്കുംചിത്തശുദ്ധിപോൽ

അതിനാൽമുനിമാർനിത്യം
തവപാദംസ്മരിക്കുവോർ
ഞാനുമെൻചിത്തശുദ്ധിക്കായ്
വന്നുകൂപ്പുന്നുനിൻപദം.

സ്വാത്മലാഭത്തിനായ് മുന്നം
പ്രാത്ഥിച്ചാർഞങ്ങളങ്ങയെ
അപരോക്ഷാനുഭൂതിക്കായ്
തപോവർഗ്ഗം ഭജിപ്പൂതെ.

തുളസീമാല നിൻകാല്ക്ക–
ലർച്ചനംചെയ്തുകാണവെ
ലക്ഷ്മിയോമത്സരിച്ചേക്കും
വക്ഷസ്ഥിത, സപത്നിപോൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ലക്ഷ്മിയേക്കാൾ ഭവാനേറും
പ്രേമം ഭക്തരിലാകയാൽ
തത്വസാരംഗ്രഹിച്ചോർനിൻ
ഭക്തിയൊന്നേകൊതിച്ചിടും.

ഭൗതികം ദുഃഖമേതിന്നും
ഭക്തിതാൻദിവ്യമൗഷധം
അതിനാലെന്മനസ്സെന്നും
പതിയട്ടേഭവൽപ്പദെ ''

എന്നുവേണം ഭവാനെന്നായ്
സ്തുതികേട്ടോതിനാൻഹരി.
വിധാതാവുത്തരംചൊല്ലി
മതിമോദംകലർന്നവൻ.

''രാവണൻ രാക്ഷസാധീശൻ
പൗലസ്ത്യതനയൻ മഹാൻ
എന്നിൽനിന്നുവരംവാങ്ങി
ചെന്നവൻ മദമത്തനായ്,

തോന്നുംപോൽമർദ്ദനം ചെയ്വൂ
മൂന്നുലോകജനത്തെയും
അവനെക്കൊന്നിടാൻപററാ
മററാർക്കും നരനെന്നിയെ
നരജന്മംഭവാൻതന്നെ
വരിച്ചുംകൊല്ലവൈരിയെ.''

ഭഗവാൻ:

പണ്ടെന്നെക്കശ്യപൻപാരം
തുഷ്ടനാക്കിതപസ്സിനാൽ

അവൻെറപുത്രനായ്തീരാ–
നർത്ഥനപ്പടിയേററുഞാൻ
ഭൂമൗദശരഥപ്പോരാ–
ലവനിപ്പോൾവിരാജിതൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അവൻെറപുത്രനായ്ഞാനോ
ജനിക്കും ജ്യേഷ്ഠരാജ്ഞിയിൽ
എന്നംശംതന്നെയായ്മൂന്നാ–
ളന്യനാരീജനത്തിലും.

സീതയായ് ജനകാഗാരെ
ജനിക്കുംയോഗമായയും.
അവളെക്കൂട്ടിഞാൻകാര്യം
സർവ്വവും നിർവ്വഹിച്ചിടും.
മറഞ്ഞുവിഷ്ണുചൊന്നേവം,
പറഞ്ഞുബ്രഹ്മനുംതദാ.

''രഘുവംശേ ജനിച്ചീടും
വിഷ്ണുമാനുഷനായുടൻ

ദേവന്മാരേ! പിറന്നാലും
ഭവാന്മാർ കീശവംശരിൽ
അദ്ദേഹം ഭൂതലേനില്ക്കും
കാലേ നല്ല സഹായവും.''

ദേവന്മാർക്കുപദേശിച്ച
സാന്ത്വനംചെയ്തു ഭൂമിയെ
ബ്രഹ്മാവും സ്വഗൃഹംപൂകി
സമ്മോദംപൂണ്ടിരുന്നതെ.

ദേവൗഘവും വാനരരൂപമാണ്ടവർ
ഹരിക്കുസാഹായ്യമണയ്ക്കുവാൻ സ്വയം
അതാതിടത്തങ്ങുജനിച്ചപോൽമഹാ
ബലംകലർന്നോർഭഗവൽപ്രതീക്ഷയാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—3

## അവതാരം—ബാലലീല

രാജാദശരഥൻ, ശ്രീമാൻ,
വീരൻ, സത്യപരായണൻ,
അയോദ്ധ്യാരാജ്യഭൂപാലൻ,
ത്രൈലോക്യവിശ്രുതൻ, മഹാൻ,

പുത്രനില്ലാത്തദുഃഖത്താൽ
പീഡിതാസ്വസ്ഥനേകദാ
വസിഷ്ഠൻസ്വകുലാചാര്യൻ
ഗുരുവോടോതിനാനിദം.

''ലക്ഷണംചേർന്നപുത്രന്മാർ
ലഭ്യമാകുവതെങ്ങനെ
പുത്രരില്ലാതെരാജ്യംമെ
ദുഃഖപൂർണ്ണമിതത്രയും.''

വസിഷ്ഠൻചൊല്ലി ''പുത്രന്മാർ
നാലുപേർതവജാതരാം
ലോകപാലസമന്മാരായ്
സത്വശാലികൾ നാലുവരും.

ഋശ്യശൃംഗൻമുനിശ്രേഷ്ഠൻ
തന്നെവേഗംവരുത്തുക
പുത്രകാമേഷ്ടിയാംയാഗം
ഞങ്ങളൊത്തുനടത്തുക.''

അപ്രകാരം വരുത്തിച്ചാൻ
ക്ഷിപ്രംമാമുനിവര്യനെ
പിന്നെത്തുടങ്ങിനാൻയാഗം
മന്ത്രിമാരൊത്തുഭൂപതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഹോമിക്കുമഗ്നികുണ്ഡത്തിൽ
പ്രത്യക്ഷംവന്നുചൊല്ലിനാൻ
അഗ്നിദേവൻ, സ്വഹസ്തത്തിൽ
പായസപ്പാത്രമേന്തിയോൻ.

''പുത്രപ്രദായിനീദിവ്യം
പായസംസ്വീകരിക്കുക.
പരമാത്മാവിനെത്തന്നെ
പുത്രനായ്തവലഭ്യമാം.''

എന്നോതിപായസംനൽകി
വഹ്നിദേവൻമറഞ്ഞുതെ.
ഇഷ്ടലാഭാൽ മഹീപാലൻ
വന്ദിച്ചാൻമുനിവര്യരെ.

അവർചൊന്നപടിക്കപ്പോൾ
പായസം പാതിപാതിയായ്
കൌസല്യാകൈകയീമാർക്കായ്
ഭാഗിച്ചേകിമഹീശ്വരൻ.

പുത്രീയംപായസംകിട്ടാൻ
തത്രവന്നാൾസുമിത്രയും
കൌസല്യ പാതിയുംനൽകി
തൻപങ്കിൽനിന്നു, മോദിത.

കൈകേയിയും സ്വഭാഗത്തി-
ന്നർദ്ധാംശം നല്കിനാൾമുദാ.
ക്രമേണതൽഫലാൽഗർഭം
ധരിച്ചാരവർമൂവ്വരും.

തേജസ്സുയർന്നു മൂന്നാളും
രാജിച്ചാർ രാജമന്ദിരെ.
കൌസല്യപുത്രനെപ്പെററാൾ
പത്താംമാസം ശുഭേദിനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചൈത്രത്തിൽ ശുക്ലപക്ഷത്തിൽ
നവമീ കർക്കി ലഗ്നവും
പഞ്ചഗ്രഹങ്ങളുച്ചത്തിൽ
പുണർതംനാളുമങ്ങനെ,

സൂര്യൻ മേടത്തിലായ്നില്ക്കേ
സർവ്വമംഗളമാംദിനേ
ആവിർഭവിച്ചു ദിവ്യാത്മാ,
പരമാത്മാ, സനാതനൻ.

നീലോല്പലദളശ്യാമൻ,
പീതവസ്ത്രൻ, ചതുർഭുജൻ,
രാജീവലോചനൻ, രമ്യൻ,
രാജൽക്കുണ്ഡലമണ്ഡിതൻ,

സൂര്യകോടിപ്രഭാപൂർണ്ണൻ,
കിരീടാഞ്ചിതകുന്തളൻ,
ശംഖചക്രഗദാപത്മ-
വനമാലാവിഭൂഷിതൻ,

അനുഗ്രഹേന്ദുസാന്നിദ്ധ്യ-
സൂചകസ്മേരസൻമുഖൻ,
കരുണാരസസമ്പൂർണ്ണ-
വിശാലോല്പലലോചനൻ,
ശ്രീവത്സഹാരകേയൂര-
നൂപുരാദിവിഭൂഷണൻ.

ഈവിധംപരമാത്മാവെ
പുത്രനായ്കണ്ട രാജ്ഞിയാം
ആനന്ദാശ്രുപൊഴിച്ചും വൻ
വിസ്മയംപൂണ്ടുമോതിനാൾ.

കൗസല്യ:

ശംഖചക്രഗദാധാരിൻ!
ദേവദേവ! നമോസ്തുതേ
അച്യുതൻപരമാത്മാനീ
യനന്തൻ പുരുഷോത്തമൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വാക്കിന്നുമിന്ദ്രിയാദികൾക്കും
ബുദ്ധിക്കും പ്രാപ്യനല്ലനീ
ജ്ഞാനസ്വരൂപനാം സത്തെ--
ന്നോതുന്നൂവേദപണ്ഡിതർ.

നീതാൻസൃഷ്ടിപ്പു, രക്ഷിപ്പൂ,
സംഹരിപ്പൂ, ജഗത്തിനെ
മായയാൽ; മായികൻനീയോ
തുരീയസ്ഥിതനിർമ്മലൻ.

ചെയ്‌വവൻപോലകർത്താനീ,
ചലിപ്പോൻപോലെ നിശ്ചലൻ,
കേൾപ്പവൻപോലെ കേൾക്കാത്തോൻ,
കാൺമോൻപോൽ കണ്ടിടാത്തവൻ.

പ്രാണൻ മനസ്സുമില്ലാത്തോ–
നാണുനീയെന്നുതാൻശ്രുതി.
സർവ്വഭൂതങ്ങളിലും നില്പോൻ
സമഭാവത്തൊടെങ്കിലും,

അജ്ഞാനാന്ധർക്കദൃശ്യൻ നീ
വിജ്ഞർക്കോ ദൃശ്യനെപ്പൊഴും.
ബ്രഹ്‌മാണ്ഡം പലതുംനിന്നിൽ
തിങ്ങിടുന്നണുരൂപമായ്.

എന്നിലിപ്പോൾജനിച്ചുനീ–
യെന്നുകാണിപ്പുലോകരെ.
ഭക്തവാത്സല്യമാം നീയീ
വിധ യാൽ കാട്ടിടുന്നതും.

മായാമോഹിതയായ്മുങ്ങി–
പ്പോയോരാ ഞാൻ ഭൗതികാബ്ധിയിൽ
ത്വൽപാദശരണം ലഭ്യ–
മിപ്പോളെൻനല്ലകാലമായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇക്കാണും രാമ്യമാംരൂപം
നിൽക്കട്ടേ ഹൃദിമേസദാ
വിശ്വമോഹിനി നിൻമായ
വലയിക്കായ്കമാം ഹരെ!

ഐശ്വര്യം കാൺമൊരീരൂപം
വിശ്വാത്മാവേ! മറയ്ക്കുക.
കാണട്ടെ നിൻമഹാനന്ദ–
ബാലഭാവംസുകോമളം.
ആലിംഗനകളാലാപാ–
ലാഹ്ലാദം പൂണ്ടിടട്ടെഞാൻ.

ഭഗവാൻ:

മതാവേ! ഭവതിക്കിഷ്ട–
മേതാവാമതുപോലെയാം.

ഭൂഭാരം തീർക്കുവാൻ മുന്നം
ബ്രഹ്മാവർത്ഥിക്കമൂലമായ്
ദശഗ്രീവവധത്തിന്നായ്
മാനുഷം രൂപമാർന്നു ഞാൻ

മുന്നംദമ്പതിമാർ നിങ്ങ–
ളെന്നെസ്സേവിച്ചുവേണ്ടപോൽ
നിങ്ങൾക്കു പുത്രനായ്തീരാ–
നങ്ങനെച്ചെയ്തുഞാനിതാ.

മുജ്ജന്മസുകൃതംമൂലം
ദിവ്യമീരൂപദർശനം.
മോക്ഷദം മമ സാലോക്യം
പുണ്യഹീനർക്കലഭ്യമാം.

സംവാദമിതുകേൾക്കുന്നോർ
സാവധാനം പഠിപ്പവർ
മൃത്യുകാലേസ്മരിക്കുംമാം,
മമ സാരൂപ്യമാർന്നിടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇതോതിബാലരൂപം താൻ
പൂണ്ടുരാമൻ കരച്ചിലായ്;
ബാലനോ നീലരത്നാഭൻ
വിശാലാക്ഷൻ വിമോഹനൻ,

ബാലസൂര്യപ്രകാശം പോൽ
ഭാസിപ്പോൻ സർവ്വലാളിതൻ.
കേട്ടറിഞ്ഞുമഹീപാലൻ
പുത്രോത്ഭവമഹോത്സവം
ആനന്ദമഗ്നനായ് വന്നാൻ
ഗുരുവൊത്തുഗൃഹാന്തരെ.

രാമനെക്കണ്ടു രാജേന്ദ്രൻ
രാജീവേക്ഷണബാലനെ
ഹൃഷ്ടനായ് ജാതകർമ്മാദി
സംസ്കാരങ്ങൾ നടത്തിനാൻ

പെററു പിന്നീടു കൈകേയി
ഭരതാഖ്യകുമാരനെ.
സുമിത്രാദേവിയും പെററാൾ
സമന്മാർ രണ്ടുപുത്രരെ.

അപ്പോൾ ദശരഥൻ ഭൂപ-
നർപ്പിച്ചാൻ ദാനമേറെയായ്,
ബ്രാഹ്മണർക്കായ്, ധനം വസ്ത്രം
ഗോക്കളും ഗ്രാമമെന്നിവ.

ഏതുരൂപംസ്മരിച്ചാത്മാ—
രാമന്മാരായിടും ബുധർ
ആ രൂപം പൂണ്ടവന്നേകി
'രാമ'നെന്നൊരുപേർ ഗുരു.

ഭരണാൽ 'ഭരതൻ' നാമം
ലക്ഷണാൽ 'ലക്ഷ്മണൻ' തഥാ
'ശത്രുഘ്നൻ' സാർത്ഥനാമങ്ങൾ
പുത്രർക്കന്യർക്കുമേകിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശത്രുഘ്നൻ ഭരതൻകൂടെ
ലക്ഷ്മണൻ രാമനൊത്തുമെ
പായസാംശപ്രകാരത്തിൽ
കൂട്ടായ്താൻ നിന്നിതെപ്പൊഴും.

രാമൻ ലക്ഷ്മണനോടൊത്തു
ബാലലീലകളാടിയും
മുഗ്ധാലാപങ്ങളെക്കൊണ്ടും
രസിപ്പിച്ചാൻപിതാക്കളെ.

ഫാലത്തിലാലിലപ്രായം
മാലയും രത്നഭൂഷിതം
ഗളേപുലിനഖംമാല
ചേലിൽ ചാർത്തിയുമങ്ങനെ,

മരുതിൻസടപോലുള്ള
മണിഭൂഷിതകുണ്ഡലം,
കിണങ്ങും കിങ്ങിണി, രത്ന—
മിണങ്ങും തള, തോൾവള

എല്ലാമണിഞ്ഞു സുസ്മേര—
വക്ത്രരായല്പദന്തരായ്
അങ്കണത്തിൽ കളിച്ചോട്ടം
തൻകുമാരക ലീലകൾ,

കണ്ടു മാതാപിതാക്കന്മാർ
പൂണ്ടു കൗതുകമേറവും,
ഭുജിക്കും നേരമന്നെന്നോ
വിളിച്ചു രാമനെപ്പിതാ.

കളിയിൽ കൂത്തടിപ്പോനാ
വിളിയാൽ വന്നിടായ്കയാൽ
പിടിച്ചെട്ടത്തുകൊണ്ടെത്താൻ
പത്നിയോടോതി രാജനും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



യോഗിഹൃത്തിൽ സ്ഥിരംവാസ-
മവനെപ്പിടികിട്ടുമൊ.
ഒടുവിൽ സ്വയമേവന്നാൻ
പൊടിമൺചേർന്നകയ്യുമായ്.
ഒന്നു രണ്ടുരുളച്ചോറും
തിന്നുകൊണ്ടോടി വീണ്ടുമെ.

കൗസല്യാദേവിയാഠംപിന്നെ
മാസംതോറും യഥോചിതം
പിറന്നാഠം ദിനവും ഘോഷി—
ച്ചിരുന്നാളുത്സവപ്പടി.

കോപ്പുകൂട്ടി പലേമട്ടി—
ലപ്പംലെഡ്ഡു ജിലേപികഠം
പലഹാരങ്ങളാൽതൃപ്തി
പുലരുംമട്ടിലൂട്ടിയും.

പെററമ്മ വിസ്മരിച്ചല്ലോ
മററെല്ലാം പുത്രലീലയാൽ.
ഒരുനാഠം ഭോജനംനൽകാൻ
വിരുതൻചൊല്ലി മെല്ലവെ.

കേട്ടില്ലതേതുമേ മാതാ—
വൊട്ടിപ്പോയന്യചിന്തയിൽ
അപ്പോഠം കോപിച്ചുരാമൻപോ—
യപ്പാത്രങ്ങളുടയ്ക്കയായ്.

ഉറിയിൽ ക്ഷിപ്തമാംഗവ്യം
മുറയ്ക്കെല്ലാം നിലത്തവൻ
വീഴ്ത്തിവീതപ്രകാരം സൌ—
മിത്രിക്കും ഭരതന്നുമായ്

ശത്രുഘ്നന്നും തദാനല്കി
സൂത്രജ്ഞൻ ക്രമമാംവിധം.
മാതാവും പുഞ്ചിരിച്ചെത്തി
പാചകച്ചൊല്ലുകേട്ടവഠം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മാതാവെക്കണ്ട ബാലന്മാർ
വേർതിരിഞ്ഞങ്ങ പാച്ചിലായ്.
പിന്നാലെപ്പോയിതന്നേരം
പതറും കാലൊടായവരം.

ഒടുക്കം രാമനെക്കയ്യാൽ
പിടിച്ചാരം; മിണ്ടിയില്ലവരം.
രാമനോ ബാലഭാവത്തിൽ
രോദനംചെയ്തുമന്ദമായ്.

മാതാവാശ്ലേഷണംചെയ്തും
ലാളിച്ചാരവരെത്തദാ.
മായാബാലകരൂപത്തി-
ലേവം ദമ്പതിമാർകളെ,

രമിപ്പിച്ചാൻ രമാനാഥൻ
രാമനാനന്ദമൂർത്തിമാൻ.
കാലക്രമേണകൌമാര
കാലമായ് നാലുപേർക്കുമെ.

ഉപനീതർ ജഗന്നാഥർ
ലീലയാ നരരായവർ
പഠിച്ചാർ സർവ്വശാസ്ത്രങ്ങരം
സർവ്വവിദ്യയുമങ്ങനെ.

വിശേഷിച്ചും ധനുർവ്വേദ
വിദ്യയിൽ ശ്രദ്ധയേററവർ.
ശത്രുഘ്നൻ ഭരതന്നൊപ്പം
ലക്ഷ്മണൻ രാമനൊപ്പവും,

സേവ്യസേവകഭാവത്തിൽ
പിന്തുടർന്നാർ നിരന്തരം.
വേട്ടയ്ക്കായ് നിത്യവും രാമൻ
കാട്ടിൽപ്പോം ചാപധാരിയായ്.

ലക്ഷ്മണൻകൂടിയും കൂട്ടായ്
ലാക്കിൽക്കൊന്ന മൃഗങ്ങളെ
കാഴ്ചയായ് വെച്ചിടുംതാത-
ന്നൊക്കെയും, ശീലമങ്ങനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കാലത്തേററുകുളിച്ചങ്ങു
താതനെച്ചെന്നുകുപ്പിടും.
പൗരകാര്യങ്ങളോരോന്നും
പിന്നെച്ചെയ്യും നയാന്വിതം.

ഭ്രാതാക്കളൊത്തു നിത്യേന
ഭോജനം, പിന്നെ കാര്യമായ്
തത്വാത്ഥചിന്തനം വേദ-
വിത്തുക്കളും മുനിമാരുമായ്.

മനുഷ്യനായീവിധമാ പരാത്മാ
മനുഷ്യരെപ്പോലെ നടത്തിസവ്വം.
വികാരമാററങ്ങളിയന്നിടാത്തോൻ,
വിചാരമാർന്നാ, ലവനെന്തുചെയ്തു!

സർഗ്ഗം—4

## വിശ്വാമിത്രയാഗരക്ഷാർത്ഥഗമനം

അയോദ്ധ്യയ്ക്കെത്തിനാനന്നാ-
ളൊരിക്കൽകൗശികൻ മുനി
രാമനാം പരമാത്മാവെ,
കാണുവാൻ, മർത്ത്യരൂപനെ.

രാജാദശരഥൻകണ്ടു
വേഗംചെന്നു യഥാവിധി
ഗുരുവൊത്തു പരംഭക്ത്യാ
പൂജയും ചെയ്തിരുത്തിനാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പിന്നെക്കൈക്കൂപ്പിനിന്നേവം
ചൊന്നാൻഭൂപൻ വിനീതനായ്
കൃതാർത്ഥൻ മുനിവര്യാ! ഞാൻ
തവാഗമനകാരണാൽ.

ഭവാന്മാരെത്തിടും ഗേഹെ
ഭാഗ്യലക്ഷ്മി തെളിഞ്ഞിടും.
ഞാനെന്തുചെയ്യണം, ചൊന്നാൽ
മാനംപോലതു ചെയ്തിടാം.''

തൃപ്തിയാർന്ന മുനിശ്രേഷ്ഠ–
നുത്തരംചൊല്ലിയിങ്ങനെ.
''വാവുതോറും പിതൃക്കൾക്കും
ദേവന്മാർക്കും യജിപ്പുഞാൻ.

ദൈത്യ, രെന്നാ, ലതിൻവിഘ്നം
നിത്യവും കൈവരുത്തിടും,
മാരീചൻ മുതലായുള്ള
മാപാപിനരവൈരികൾ.

അതിനാലവരെക്കൊല്ലാൻ
രാമനെ, ജ്യേഷ്ഠപുത്രനെ
എന്നൊടൊന്നിച്ചയച്ചാലും
ഭ്രാതാവൊത്തു; വരുംശുഭം.

ഗുരുവിൻസമ്മതം നേടീ–
ട്ടിഷ്ടമെങ്കിലയയ്ക്കുക.''
ഏകാന്തേ ഗുരുവോടോതി
ലോകേശൻ തപ്തമാനസൻ.

''എന്തുചെയ്യുംഗുരോ! രാമൻ
ഹന്ത പോകിൽസ്സഹിക്കുമൊ
എത്രകാലം തപിച്ചാണീ
പുത്രരെക്കൈവരിച്ചുഞാൻ.

നാലുപേർദേവതുല്യന്മാർ,
രാമനെൻപ്രിയമേറിയോൻ;
അവനോവിട്ടുപോയെന്നാൽ
ശിവനേ! ശവമാണു ഞാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മറുത്തുചൊല്ലുകിൽശ്ശാപം
മുറപ്പേകും മുനീശ്വരൻ.
അസത്യംപററിടാത്തെന്താം
പ്രസക്തം മാർഗ്ഗമുത്തമം.''

വസിഷ്ഠൻ:

കേട്ടാലുംഗോപ്യമീകാര്യ—
മൊട്ടാരുമറിയേണ്ടഹൊ.
രാമൻ മനുഷ്യനല്ലോർക്ക
പരമാത്മാ സനാതനൻ,

ഭൂഭാരം തീർക്കുവാൻപണ്ടാ
ബ്രഹ്മാവർത്ഥിക്കകാരണം
കൗസല്യാപുത്രനായിന്നീ
കോസലത്തിൽജനിച്ചവൻ.

മുൻജന്മം കശ്യപപ്പേരാം
പ്രജാപതിഭവാനഹൊ;
കൗസല്യദേവമാതാവാ—
മദിതിപ്പേരെഴുന്നവരം.
ആണ്ടനേകം തപംചെയ്താർ
രണ്ടുപേരും തുടർച്ചയായ്,

അനന്യചിത്തരായ്, വിഷ്ണു—
ദ്ധ്യാനനിഷ്ഠാനിമഗ്നരായ്.
ഭവാന്മാരിൽപ്രസാദിച്ചു
ഭഗവാൻ ഭക്തവത്സലൻ,

വരമെന്താഗ്രഹിപ്പെന്നാ—
യരുളിച്ചെയ്തുകേറക്കവൈ,
തങ്ങൾക്കുപുത്രനായ്തീരാ—
നങ്ങപേക്ഷിച്ചുനിങ്ങളും.

അക്കാര്യം നിറവേററാനാ—
യിക്കാലം രാമനായവൻ
ജാതനായ്; ശേഷനാംപിന്നെ
ലക്ഷ്മണൻ രാമസേവകൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പിന്നെബ്ഭരത ശത്രുഘ്ന-
പ്പേരിലാശംഖചക്രവും
ജനിച്ചാർ, ജാനകീദേവി
സീതയോ യോഗമായയും.

വിശ്വാമിത്രൻ വരുത്തീട്ടം
സീതാരാമവിവാഹവും
രഹസ്യംതന്നെയീകാര്യം
പരസ്യം ചെയ്യൊലാഭവാൻ

അതിനാൽ പ്രീതനായിപ്പോഠം
സൽക്കരിച്ചു മുനീന്ദ്രനെ
യാത്രയാക്കാം കുമാരന്മാ-
രൊത്തുതന്നെ, യതാം ശുഭം.

വസിഷ്ഠനീവിധംചൊല്ലെ
രാജാദശരഥൻ മുദാ
അഭിമാനിച്ചുതാനേറെ
കൃതകൃത്യനുമായതായ്,

വിളിച്ചുരാമനെക്കൂടെ
സുമിത്രാസുതനേയുമെ;
ആശ്ലേഷിച്ചവരെപ്പിന്നെ
വിശ്വാമിത്രനുനല്കിനാൻ.

ഏത്രയും ഹൃഷ്ടനായ്‌വിശ്വാ-
മിത്രൻനന്ദിച്ചുരാജനെ.
അസ്ത്രശസ്ത്രധൃതന്മാർ തൻ
പുത്രരെ സ്വീകരിച്ചവൻ,

യാത്രവേഗംതിരിച്ചാൻത -
ന്നാശ്രമസ്ഥലമെത്തുവാൻ.
അല്പദൂരം ഗമിച്ചാറെ
കെല്പെഴും മുനിരാമനായ്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നല്കിനാൻ വിദ്യരണ്ടെണ്ണം
ബലാതിബലയെന്നിവ;
വിശപ്പും ക്ഷീണവും പോക്കാൻ
സുശക്തമവ രണ്ടുമെ.

പിന്നെഗ്ഗംഗ കടന്നെത്തീ
താടകാവനമെന്നതിൽ.
വിശ്വാമിത്രൻ തദാചൊന്നാൻ
വിശേഷശൻ രാമനോടിദം.

''ഇവിടെപ്പാർത്തിടുന്നല്ലൊ
താടകാനാമരാക്ഷസി.
സർവ്വർക്കും ദ്രോഹമേല്പിപ്പോ–
ളവളെക്കൊല്ക സാമ്പ്രതം''

'ശരി'യെന്നോതി രാമൻ, തൻ
പെരുവില്ലണിഞ്ഞാണിനെ
മുറുക്കിശ്ശബ്ദമുണ്ടാക്കും
മുറയ്ക്കൊന്നുവലിച്ചതെ.

ശബ്ദം കേട്ടുസഹിക്കാതെ
ക്രോധാവേശേന താടക
രാമന്റെ നേർക്കുപാഞ്ഞെത്തി
കാർമേഘം പോലെ രാക്ഷസി.

പിളർന്നാൻ രാമനൊററമ്പാൽ
തളരാത്തവളാമാറിടം.
വീണുപോയ് രാക്ഷസീഘോരാ
നിണം ചുററും വമിച്ചവരം.

ശാപാൽപിശാചിയായ് തീർന്നോരം
താടകാ, രാമചന്ദ്രനാൽ
മുക്തയായ് യക്ഷിയായ്മാറി
മുന്നെപ്പോൽ പൊന്നണിഞ്ഞവരം.

അവളോ രാമനെക്കുപ്പി
ദേവലോകംഗമിച്ചതെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അപ്പോഠം പ്രഹൃഷ്ടൻ മുനി, രാമനെത്തൻ
മാറോടണച്ചല്പവിചാരശേഷം
സമന്ത്രമായസ്ത്രഗണം സമസ്തം
രാമന്നുനല്കീ, മതിതൃപ്തിപൂണ്ടോൻ

സർഗ്ഗം—5

## യാഗരക്ഷ—അഹല്യാമോക്ഷം.

അന്നുരാത്രി കഴിച്ചാ, രാ
മുന്നുപേരും വനാന്തരെ
രമ്യം 'കാമാശ്രമം'തന്നിൽ;
പിന്നെക്കാലെത്തു യാത്രയായ്,

'സിദ്ധാശ്രമ'മട്ടത്തെത്തി
സിദ്ധചാരണരുള്ളിടം.
വിശ്വാമിത്രനിദേശത്താ—
ലങ്ങുപാർകും മുനീശ്വരർ,

സൽക്കരിച്ചാർ യഥായോഗ്യം
രാമലക്ഷ്മണരെത്തദാ.
രാമൻ കൗശികനോടോതി
''മുനേ! ദീക്ഷവരിക്കുക.

ഒന്നുകാണിച്ചുതന്നാലും
നിന്ദ്യരാക്ഷസ വീരരെ.''
'ശരി'യെന്നോതിയോഗീന്ദ്രൻ
തുടങ്ങീയാഗവും ക്രമാൽ.

സുബാഹുവൊത്തു മാരീചൻ
സർവ്വദുർഘടകാരകൻ
മദ്ധ്യാഹ്നേവന്നുവർഷിച്ചാൻ
മാംസം രക്താസ്ഥിയെന്നിവ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമനപ്പോഠം ധനുസ്സിന്മേൽ
രണ്ടുബാണം തൊടുത്തുടൻ
കാതോളം ഞാൺവലിച്ചെയ്താ–
നോരോന്നും വേറെ വേറെയായ്.

ഒന്നുമാരീചനെദ്ദൂരെ
പായിച്ചു നൂറുയോജന;
നിന്നില്ല, ജലധിക്കുള്ളിൽ
തന്നെത്താഴിച്ചു വിസ്മയം.

മറേറതഗ്നിമയം ബാണം
ചുട്ടെരിച്ചു സുബാഹുവെ.
ലക്ഷ്മണൻകൊന്നുവേഗത്തിൽ
രാക്ഷസക്കൂട്ടരന്യരെ.

നന്ദിച്ചു രാഘവന്മാരെ
പുഷ്പം വർഷിച്ചുദേവകഠം,
വാദ്യമേളങ്ങളും താക്കീ;
സ്തുതിച്ചാർസിദ്ധചാരണർ.

വിശ്വാമിത്രൻ സസന്തോഷ
മാശീർവാദമുരച്ചുമെ
സാശ്വാസം മടിയിൽച്ചേർത്തു–
മാശ്ലേഷിച്ചിതു രാമനെ.

പഴങ്ങളാഹരിച്ചും സൽ
പുരാണകഥചൊല്ലിയും
മൂന്നുനാളവിടെപ്പാർത്താർ
മൂന്നുപേരും യഥാസുഖം.

നാലാംനാഠം കൗശികൻചൊല്ലി
രാമചന്ദ്രനൊടീവിധം.
''രാമ! രാമ! മഹായജ്ഞം
കാണുവാൻ പോകനമ്മളും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിദേഹം രാജ്യമൊന്നുണ്ട
ജനകൻനാടുവാഴവോൻ
ശിവനാൽ ന്യസ്തമായങ്ങ-
ണ്ടൊരുചാപം മഹാഘനം.

ജനകൻ സൽക്കരിച്ചീടും
ചാപവും കണ്ടുപോന്നിടാം.''
എന്നോതി രാഘവന്മാരൊ—
ത്തന്നേയാത്ര തിരിച്ചവൻ,

ഗംഗാതടെ സ്ഥിതം പുണ്യം
ഗൗതമാശ്രമമെത്തിനാൻ.
അഹല്യാതപമാളുന്നോ—
രവിടം രമ്യമെത്രയും,

ദിവ്യപുഷ്പഫലാകീർണ്ണം
മൃഗപക്ഷിവിവർജ്ജിതം.
ആശ്രമം കണ്ടുചോദിച്ചു
ശ്രീരാമൻ മുനിയോടിദം.

''ആരുടേതീമഹാപുണ്യ
മാശ്രമം ശോഭനം പരം
ദുഷ്ടജന്തുവിഹീനം, വൻ
വൃക്ഷപുഷ്പഫലാവൃതം.

മതിമോദം മുതിർക്കുന്നോ—
രതിസുന്ദരമിസ്ഥലം''.

വിശ്വാമിത്രൻ:

കേരാക്കഞൊൻ പറയാം പണ്ടു
ഗൗതമൻ ലോകവിശ്രുതൻ
ഇരുന്നിങ്ങുതപം ചെയ്യാൻ
ഹരിയെ, ത്താപഹാമിയെ.

ബ്രഹ്മദേവനവനേകി
പെൺമണിത്തയ്യഹല്യയെ
പരിചര്യപരാ, ശ്രേഷ്ഠാ,
പാതിവ്രത്യപരായണാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അവളൊത്തിങ്ങുതാൻ വാണാൻ
താപസപ്രവരൻമുനി.
അക്കാലമിന്ദ്രനാകന്യാ–
രത്നത്തിൽക്കാമമാർന്നുപോയ്.

ഒരിക്കൽഗ്ഗൗതമൻ ദൂരെ
ചരിക്കെശ്ശക്രനെത്തിനാൻ
രമിച്ചാൻമുനിഭാവത്തിൽ
തിരിച്ചാനുടനപ്പുറം.

ഗൗതമൻ കണ്ടുവന്നപ്പോൾ
ഗൗരവംപൂണ്ടുകോപിയായ്
ചോദിച്ചു ''ദുഷ്ട, നീ, യാരീ,
മട്ടെൻരൂപംധരിച്ചവൻ

പറഞ്ഞോസത്യ; മില്ലെങ്കിൽ
പറയാം, ഭസ്മമാക്കിടും.''
ഉത്തരംചൊല്ലി ''ഞാനിന്ദ്രൻ
ചിത്തജാർത്തി മുഴുത്തഹൊ,

പാപമാം നിന്ദ്യമാം കർമ്മം,
പാഹിമാ, മാചരിച്ചുപോയ്.''
കോപിച്ചുഗൗതമൻസിദ്ധൻ
ശപിച്ചാനിന്ദ്രനെത്തദാ.

''ഭഗാസക്തൻ ഭവാൻദുഷ്ടൻ
സഹസ്രഭഗനായ്വരും.''
ഈ വിധം ശാപവുംനല്കി
പ്രവേശിച്ചാശ്രമംമുനി,

പരുങ്ങിപ്പാളിനില്ക്കും തൻ
പത്നിയെക്കണ്ടുചൊല്ലിനാൻ
ദുഷ്കൃതംചെയ്തനീദുഷ്ടെ!
നില്ക്കുകിക്കല്ലിലെപ്പൊഴും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാപ്പകൽബ് ഭക്ഷണംകൂടാ–
തൊപ്പം താപസവൃത്തിയിൽ
വെയിലുംമഴയുംകാററും
വന്നതെല്ലാം സഹിച്ചുമെ,

ഏകാഗ്രചിത്തയായെന്നും
ശ്രീകാന്തദ്ധ്യാനനിഷ്ഠയായ്.
നൂനമീയാശ്രമം മേലാൽ
നാനാജന്തുവിഹീനമാം.

ഈവിധം പലവർഷങ്ങ-
ളാവിലപ്പെട്ടു നീങ്ങവെ
രാമൻ ദാശരഥിശ്രീമാൻ
സാനുജൻ വന്നുചേർന്നിടും.

നീനില്ക്കും ശിലയെപ്പാദാൽ
ശ്രീനാഥൻ തൊട്ടിടുംവിധൌ
പാപംപോയ് മുക്തയാം പശ്ചാ–
ത്താപത്താൽ ശുഭയായ് വരും.

നമിച്ചുരാമനെബ് ഭക്ത്യാ
സ്തുതിച്ചാലും തദന്തരെ.
പിന്നെ മൽപരിചര്യയ്ക്കായ്
മുന്നെപ്പോൽ ചേർന്നിടാംസുഖം.''

ഗൗതമൻപോയിതും ചൊല്ലി
ഹിമവൽപാർശ്വമെത്തുവാൻ.
അന്നുതൊട്ടാശ്രമംതന്നി–
ലാരുംകാണാത്തരീതിയിൽ,

വായുമാത്രം ഭുജിക്കുന്നോരം
നീയേശരണമെന്നവരം
അഹല്യാദേവിയാളിന്നും
സാഹസം തപമേല്ക്കയാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രക്ഷിക്കവെളെനീ രാമ!
സാക്ഷാൽ ബ്രഹ്മൻെറപുത്രിയെ.
ഏവമോതിമുനീന്ദ്രൻ, തൻ
കൈചൂണ്ടിക്കൊണ്ടു കാട്ടിനാൻ

അത്യുഗ്രം തപമാളുന്നോ-
രുത്തമാംഗിയഹല്യയെ.
കല്ലിന്മേൽ കാലുവെച്ചാറെ
കണ്ടാൻരാമൻ സ്വഭക്തയെ.

നമിച്ചരാഘവൻ പിന്നെ
'രാമൻ' താനെന്നുമോതിനാൻ.
രഘുശ്രേഷ്ഠൻ, രമാനാഥൻ,
രമ്യപീതാംബരാവൃതൻ,

ശംഖംചക്രംഗദാപത്മം
തൃക്കൈനാലിൽ പിടിച്ചവൻ,
ചാപബാണം ധരിച്ചുള്ളോൻ,
ചാരേലക്ഷ്മണസേവിതൻ,

സ്മേരവക്ത്രൻ, വിശാലാക്ഷൻ
ശ്രീവത്സാങ്കിതവക്ഷസൻ,
ഇന്ദ്രനീലപ്രഭൻ, ശ്യാമ-
സുന്ദരൻ, സമലംകൃതൻ.

ഈവിധം രാമനെക്കണ്ടു
കൺവിടർന്നോളഹല്യയാം,
ഗൌതമൻചൊന്നതോർമ്മിച്ചും
ബോധിച്ചാൾ 'ഹരി'യെന്നുതാൻ

അർഘ്യപാദ്യാദിയാലപ്പോൾ
സൽക്കരിച്ചഥ രാമനെ
സാഷ്ടാംഗംവീണു വന്ദിച്ചാൾ
ഹൃഷ്ടയായശ്രുനേത്രയായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാജീവലോചനൻ രമ്യൻ
രാമനെക്കണ്ടുനിന്നവരം
രോമാഞ്ചാഞ്ചിതയായ്ചൊന്നാരം
സാമോദം ഗൽഗദത്തൊടും.

അഹോജഗന്നാഥ! ഭവാൻെറകാലടി–
പ്പൊടിപ്രഭാവാൽകൃതകൃത്യയായി ഞാൻ
സ്മരിപ്പതേതോവിധിശങ്കരാദികരം
സ്പർശിച്ചുഞാനാതിരുപാദപങ്കജം.

മനുഷ്യഭാവേന ജഗത്തുസർവ്വവും
മിരട്ടിടുംനിൻ നിലയെത്രചിത്രമാം.
ചരിപ്പിതെന്നും ചരണങ്ങളെന്നിയെ
ചിദാത്മകൻനീ പരിപൂർണ്ണമായികൻ.

ഏതാരംക്കെഴും പദതളിർപ്പൊടികൊണ്ടുശുദ്ധ–
മാകുന്നുഗംഗശിവനംബുജസൂനുപോലും
ആ ദിവ്യരൂപമിഹകണ്ണിനുമുന്നിൽനില്പു ;
ഹാ! പൂർവ്വജന്മകൃതമാംമമപുണ്യമത്രെ.

മനുഷ്യനായ് രാമനിതിപ്രസിദ്ധനായ്
മനോഹരാംഗൻ ധൃതചാപബാണൻ
എന്മുന്നിൽനില്ക്കുന്നൊരുരൂപമൊന്നുതാൻ
സ്മരിക്കവേണെന്നുമനന്യചിത്തയായ്

വേദങ്ങളാരുടെയതത്വനിരീക്ഷണങ്ങരം
വേധസ്സുമാരുടെയനാഭിസരോജജാതൻ
ഭൂതാധിനാഥനെവനെസ്സുരസംഭജിക്കു–
ന്നാരാമചന്ദ്രനെസദാഹൃദിഞാൻ സ്മരിപ്പു.

ദേവർഷിനാരദനുമാപതിപത്മജന്മാ
ദേവാധിനാഥരുമതിൻപടിവാണിമാത്തും
ആരെക്കുറിച്ചനുദിനം സ്തുതിചെയ്തിട്ടുന്നി–
താരാമചന്ദ്രചരണംശരണംസദാമെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആദ്യൻ, പുരാണൻ, പരമാത്മ, നേകൻ,
വിദ്യോതമാനൻ, പരിപൂർണ്ണഭാവൻ,
ലോകത്തിനാശിസ്സരുളാൻ മനുഷ്യ
വേഷംധരിച്ചോൻ, ഹരിതന്നെയാംനീ.

വിരിഞ്ചനും വിഷ്ണുവുമീശനെന്നീ
വിധത്തിൽമൂന്നായ്തവമായമൂലം
സൃഷ്ട്യാദികാര്യങ്ങൾ നടത്തിടുന്നു;
നീയോസ്വതന്ത്രൻ പരിപൂർണ്ണനാത്മാ.

ശ്രീദേവിയാൽ പ്രേമരസേനലാളിതം,
ത്രിലോകവും മൂന്നടിയിൽപ്പെട്ടത്തും,
മുനീന്ദ്രരാൽസേവിതമെന്നുമെന്നുമെ,
നമോസ്തു, രാമാ! തവപാദപങ്കജം.

ജഗത്തിൻകാരണം, നീയേ,
ജഗത്തും, ജഗദാശ്രയം.
എങ്കിലും വേറെ നില്പൂനീ-
യേകനായ് ബ്രഹ്മരൂപനായ്.

ഓംകാരപ്രതിപാദ്യൻ നീ
വാക്കിന്നും ദൂരെനില്പവൻ.
ശബ്ദാത്ഥപരമാംഭേദാൽ
ഭവൽബ്ഭാവം ജഗന്മയം.

കാരണംകാര്യവും, കർത്താ,
ഫലവും പലതീവിധം
ഭാസിപ്പതൊക്കെയും രാമ!
ഭവന്മായാവിഡംബനം.

നിന്മായാമോഹിതന്മാർനിൻ
ചിന്മയംഭാവമോർത്തിടാ.
മായികൻ പരമാത്മാനീ
മത്ത്യനാണവർ ദൃഷ്ടിയിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആകാശംപോലകത്തും നീ
പുറത്തുംവ്യാപ്തനെങ്ങുമെ,
അസംഗ, നചലൻ, നിത്യൻ,
ശുദ്ധൻ, ബുദ്ധനു, മവ്യയൻ.

മൂഢാത്മാനാരിഞ്ഞാൻ, നിൻെറ
ഗൂഢതത്വംഗ്രഹിക്കുവാൻ,
അശക്യ, യതിനാൽരാമ!
നമിപ്പനേൻ നിന്നെഞാൻസദാ.

എങ്ങിരുന്നാലുമെന്നെന്നു—
മങ്ങയിൽബ്ഭക്തിപൂണ്ടുഞാൻ
സേവനം ചെയ്തിരിക്കട്ടെ
ദേവ! നിൻപാദപങ്കജം.

നമസ്തേപരമാത്മാവെ!
നമസ്തേഭക്തവത്സല!
നമോസ്തുതേ ഹൃഷീകേശ!
നാരായണ! നമോസ്തുതെ.

"ഭവഭയഹരമേകം ഭാനുകോടിപ്രകാശം
കരധൃതശരചാപം കാളമേഘാവഭാസം
കനകരുചിരവസ്ത്രം രത്നവൽക്കുണ്ഡലാഢ്യം
കമലവിശദനേത്രം സാനുജം രാമമീഡെ."

രാമനാംപരമാത്മാവെ
തൻമുന്നിൽക്കണ്ടിതേവിധം
സ്തുതിച്ചുപതിയെക്കാൺമാൻ
ഗമിച്ചാരം പിമ്പഹല്യയാരം.

അഹല്യാകൃതമാം സ്തോത്രം
പാടിപ്പോൻ ഭക്തിപൂർവ്വകം
പാപനിർമ്മുക്തനായ് തീരും
പരബ്രഹ്മമണഞ്ഞിടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പുത്രനിച്ഛിച്ചുകൊണ്ടേതോ
വന്ധ്യയാളിതുചൊല്ലുമൊ
ഒരുകൊല്ലത്തിനുള്ളിൽത്താൻ
പുത്രസമ്പന്നയായ്‌വരും;

രാമചന്ദ്രപ്രസാദത്താൽ
കാമമെല്ലാം ലഭിച്ചിടും.

തള്ളെത്തല്ലികൾ, താതഘാതകരഹൊ,
ഭൂദേവഹിംസാപരർ,
കള്ളൻ, കള്ളകുടിക്കുവോൻ, ഗുരുജനസ്ത്രീ–
സക്തധൂർത്തൻ, ഖലൻ,
കൊല്ലാം, കൊള്ളരുതാത്തപാപിയെവനും
ശ്രീരാമനിൽ ബ്ഭക്തിയും -
ക്കൊള്ളിൽക്കൈവരുമുത്തമംഗതി,പര –
ന്മാർക്കെന്തുചൊല്ലേണമൊ.

സർഗ്ഗം—6

# സീതാവിവാഹം

വിശ്വാമിത്രനതിൽപ്പിന്നെ
ചൊല്ലിരാഘവരോടിദം.
"പോകനാം ജനകൻകാക്കും
മിഥിലാപുരിപൂകുവാൻ

യജ്ഞവുംകണ്ടശേഷം നോ–
ക്കയോദ്ധ്യയ്ക്കുമടങ്ങിടാം.''
ഇങ്ങനെച്ചൊല്ലി, ചെന്നെത്തീ
ഗംഗാതീരത്തുമൂവ്വരും.
തടഞ്ഞാൻതോണിയിൽക്കേറാൻ
തുടങ്ങെത്തോണി നീക്കുവോൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തോണിക്കാരൻ:

കല്ലുപോലെമരവും, വിശേഷമൊ–
ട്ടില്ലനാഥ! കഴകട്ടെ നിൻകഴൽ;
നല്ലനാരിയെ രചിച്ചിടുംപടി–
ക്കില്ലയോപൊടിയതിൽ സുശക്തമായ്

തൽപാദപങ്കം കഴകികളഞ്ഞു
പില്ലാട്ടുഞാനക്കരെകൊണ്ടുപോകാം
അല്ലായ്കി, ലിത്തോണി, പൊടിപ്രഭാവാൽ
നല്ലാർചമഞ്ഞാൽ, ഗതികെട്ടിടുംഞാൻ.

കഴകപ്പെട്ടകാൽരണ്ടും
ഗംഗാനദി കടന്നവൻ
മിഥിലയ്ക്കെത്തിനാൻ രാമൻ
മുനിയോടൊത്തു സാനുജൻ.

ആദ്യമായ് മുനിവാടത്തിൽ
ചെന്നിരുന്നിതുമൂവരും.
കൗശികൻവന്നവൃത്താന്തം
കേട്ടടൻ മിഥിലാധിപൻ,

സാദരം ഗുരുവൊന്നിച്ച
മോദിതൻവന്നു, കാണുവാൻ
സാഷ്ടാംഗംവീണുവന്ദിച്ച
സൽക്കരിച്ചുമുനീന്ദ്രനെ.

ഒന്നിച്ചുള്ളവരെക്കണ്ടു
പിന്നെച്ചോദിച്ചുഭൂപതി
"ആരീലക്ഷണസമ്പന്നർ
സൂര്യചന്ദ്രസമപ്രഭർ.

ഏതുവംശേജനിച്ചോരീ
ദ്യോതിക്കുംനരപുംഗവർ,
നരനാരായണന്മാരെ–
പ്പോലെപ്രീതിപുലത്തുവോർ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഉത്തരം ചൊല്ലിനാൻവിശ്വാ–
മിത്രൻ ജനകനോടിദം
"രാജാദശരഥൻ തന്റെ
മക്കളാം രാമലക്ഷ്മണർ.

ഞാനെന്റെയാഗരക്ഷയ്ക്കാ–
യിവരെക്കൊണ്ടുപോന്നതാം.
തടഞ്ഞാൾമാർഗ്ഗമദ്ധ്യത്തിൽ
താടകാദുഷ്ടരാക്ഷസി.

അവളെശ്ശരമൊന്നാലെ
ശവമാക്കീരഘൂത്തമൻ.
പിന്നെസ്സിദ്ധാശ്രമേവന്നു
നിന്നേററൂയാഗരക്ഷണം.

വീഴ്ത്തിമാരീചനെ,ക്കൊന്നാൻ
വിഘ്നകാരികളന്യരെ.
പിന്നെഗംഗാതടം തന്നിൽ
ചെന്നെത്തീ ഗൗതമാശ്രമെ.

കേവലം കല്ലുപോൽനില്പ–
തവിടെഗ്ഗൗതമപ്രിയ,
കല്യൻകാൽകൊണ്ടുതൊട്ടപ്പോൾ
കല്യാണാംഗി വിളങ്ങിനാൾ.

കണ്ടോരഹല്യയെക്കൂപ്പി
കൈക്കൊണ്ടതിഥിപൂജയും,
പോന്നുനേരെബ്ഭവൽഗേഹെ
മിന്നും വില്ലൊന്നുകാണുവാൻ

രാജാക്കൾ പലരുംവന്നു
പൂജിപ്പോന്നതുകേൾവിമെ.
ഇവരുംവന്നുകാണട്ടെ
ശൈവചാപംമനോഹരം
ആയതിൻപിമ്പയോദ്ധ്യയ്ക്കു
പോയിടാമെന്നുമോർക്കയാം.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കൗശികച്ചൊല്ലുകേട്ടപ്പോൾ
പൂജാർഹരെ യഥാവിധി
ധർമ്മജ്ഞൻ ജനകൻപൂജാ–
കർമ്മത്താൽ സൽക്കരിച്ചതെ.

മന്ത്രിയെച്ചൊല്ലിവിട്ടാൻപി–
മ്പെത്രയും വേഗമാനൃപൻ
രാമനെക്കാട്ടുവാൻവേണ്ടി
ചാപത്തെക്കൊണ്ടുവന്നിടാൻ.

മന്ത്രിപോയളവിൽച്ചൊല്ലി
ജനകൻ മുനിയോടിദം.
"വില്ലെടുത്തുവള,ച്ചാ ഞാൺ
നല്ലപോലെമുറുക്കുവാൻ

രാമനൊത്താൽകൊടുക്കാമെ–
ന്നോമനപ്പുത്രി സീതയെ''
രാമനെ സസ്മിതം നോക്കി
'ശരി'യെന്നോതി മാമുനി

വില്ലുടൻ രാമനെക്കാട്ടാൻ
ചൊല്ലിനാൻ നൃപനോടുമെ.
പറഞ്ഞിരിക്കവെച്ചാപം
കൊണ്ടുവന്നാർ ചുമട്ടുകാർ.

ആയിരത്തോളമാളുക്കാരാ
മായതേററിവരുന്നവർ,
മണിസംഘടിതംചാപം
മണിവജ്രവിഭൂഷിതം.

രാമനായതുകാണിച്ചാൻ
ധീമാനാം മന്ത്രിസത്തമൻ.
അച്ചാപം കണ്ടുസന്തുഷ്ടൻ
കച്ചകെട്ടി രഘൂത്തമൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വില്ലെടുത്തുമിടംകയ്യിൽ
നല്ലപോലെ വളച്ചവൻ
ഞാൺകെട്ടിക്കളിയായ് തന്നെ
കാൺകെസർവ്വനൃപേന്ദ്രരും.

വലംകൈകൊണ്ടുഞാൺപിന്നെ
വലിച്ചാൻ; വിൽമുറിഞ്ഞുപോയ്.
മുറിഞ്ഞശബ്ദഘോഷംചെ–
ന്നറഞ്ഞൂസർവ്വദിക്കിലും.

ഭൂമിപാതാളവും സ്വർഗ്ഗ–
മെങ്ങും മാറെറാലിചേർന്നതായ്,
ഉത്ഭവിച്ചപെരുംശബ്ദാ–
ലത്ഭുതപ്പെട്ടുദേവകൾ.

അവരോ പുഷ്പവർഷത്താ–
ലാരാധിച്ചിതു രാമനെ;
പാടിനാർതാളമേളത്തോ–
ടാടിനാരപ്സരസ്സുകൾ.

രാമനെപ്പുല്കി രാജാവും
ഭീമചാപംമുറിക്കവെ.
ജാതാനന്ദം പ്രശംസിച്ചാർ
സീതാമാതൃജനങ്ങളും.

വന്നാൾസീത വലംകയ്യിൽ
മിന്നും മാലയുമേന്തിയോൾ,
“സ്മിതവക്ത്രാ സ്വർണ്ണവർണ്ണാ
സർവ്വാഭരണഭൂഷിത.”

കർണ്ണപൂരങ്ങൾ ഹാരങ്ങൾ
കാൽത്തളക്കോപ്പുമാർന്നവൾ,
പൊമ്പട്ടുസാരിയാൽകൊങ്ക–
പ്പൂമൊട്ടുകൾ മറച്ചവൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സ്വയം രാമങ്കലർപ്പിച്ചാൾ
ജയമാല്യം പ്രഹൃഷ്ടയായ്.
റാണിമാർ രാമനെക്കണ്ടോർ
ജാലകങ്ങളിലൂടവെ.

ആമോഹനാംഗനെക്കണ്ടി–
ട്ടാമോദം പൂണ്ടിതേവരും,
രാജാവോതിയതിൽപ്പിന്നെ
കൗശികൻ തന്നോടീവിധം.

''ഹേ കൗശികമുനിശ്രേഷ്ഠ!
പത്രംവേഗമയയ്ക്കുക;
രാജാദശരൻശീഘ്രം
വിവാഹാർത്ഥംവരേണ്ടതാം,

രാജ്ഞിമാർ മന്ത്രിമാർമററു
പുത്രന്മാരൊരുമൊത്തവൻ''
അപ്രകാരം പറഞ്ഞേല്പി–
ച്ചയച്ചാൻ മുനി ദൂതരെ.

ദൂതന്മാർചെന്നുരാജാവെ
കേൾപ്പിച്ചാർ രാമവാർത്തകൾ.
രാജാദശരഥൻ സർവ്വം
കേട്ടുകൗതുകമാർന്നതെ.

മന്ത്രിയോടുടനെച്ചൊന്നാൻ
യാത്രയ്ക്കെല്ലാമൊരുക്കുവാൻ.
''മിഥിലയ്ക്കിന്നുപോകേണം
നാലംഗപ്പടയൊത്തുനാം.

തേരുടൻകൊണ്ടുവന്നാലും
തയ്യാറായ് ഞാൻ പുറപ്പെടാൻ.
രാമമാതാവിനെക്കൂട്ടി
ഭഗവാൻ ഗുരുവര്യനും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സഭാര്യനഗ്നിയുകൈക്കൊ-
ട്ടഗ്രേയാത്ര തിരിക്കണം.''
ഈ വിധംചട്ടവും കെട്ടി
രാജാദശരഥൻ മഹാൻ

തേരേറിസ്സൈന്യസംസേവ്യൻ
നേരെപ്പോയ്മിഥിലയ്ക്കുടൻ.
രാജാദശരഥൻവന്ന
വാർത്തകേട്ടതിതുഷ്ടനായ്

എതിരേററുവിദേഹൻതൻ
ഗുരുവോടൊത്തുസാദരം
സൽക്കരിച്ചു യഥായോഗ്യം
സംപൂജ്യാതിഥിവര്യനെ.

പിതാവിൻ ചരണംകുപ്പി
രാമലക്ഷ്മണരും തദാ.
അപ്പോഴം ദശരഥൻ ഹൃഷ്ടൻ
രാമനോടോതിയിങ്ങനെ.

''ഭാഗ്യം, ഞാൻ കണ്ടിടുന്നുനിൻ
ഫുല്ലാബ്ജസമമാം മുഖം
കല്യനാം കൗശികൻതാനാ-
ണെല്ലാം മംഗളമാക്കിയോൻ''.

ആശീർവ്വാദമുരച്ചേവ-
മാശ്ലേഷിച്ചുകുമാരനെ
വൻമോദ മഗ്നനായ്തീർന്നാൻ
ബ്രഹ്മാനന്ദം ലഭിച്ചപോൽ.

രാജാദശരഥൻതന്നെ
ജനകൻ, രാജമന്ദിരെ
ഭാര്യാപുത്രരൊടും കൂടെ
പാർപ്പിച്ചാൻ സുഖമാം വിധം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പിന്നെശ്ശുഭമുഹൂർത്തത്തിൽ
ജനകൻ ജാനകീപിതാ
വിളിച്ചു രാമനെത്തത്ര
വേളികർമ്മം നടത്തുവാൻ.

മുത്തണിപ്പുഷ്പമാല്യങ്ങ-
ളൊത്തതോരണജാലവും
രത്നത്തൂണുകളും മിന്നും
മണ്ഡപം സമലംകൃതം.

വേദവിത്തുക്കളാം വിപ്രർ
വട്ടമിട്ടങ്ങുകൂടിനാർ
നാരിമാർ നല്ലവേഷത്തിൽ
നിരന്നാർനാലുപാട്ടമെ,

ഭേരിദുന്ദുഭിമുമ്പായ
വാദ്യവും തത്രകേറംകയൊയു്-
അവിടെ സ്വർണ്ണപീഠത്തി-
ലവരോധിച്ചു രാമനെ.

വസിഷ്ഠകൗശികന്മാരെ
പിന്നെപ്പൂജിച്ചിരുത്തിനാൻ,
രാമപാർശ്വേശതാനന്ദൻ
ജനകാചാര്യനാം മഹാൻ,

വിധിപോലഗ്നിയും പിന്നെ
ജ്വലിപ്പിച്ചാൻ സുശോഭനം.
സീതയെക്കൊണ്ടുവന്നെത്തി
ജനകൻ ഭൂഷിതാംഗിയെ.

സഭാര്യൻ രാമനെക്കൂപ്പി
തൽപാദം കഴുകിച്ചുടൻ
പാദതീർത്ഥം ധരിച്ചാൻതൻ
ശിരസ്സിൽജ്ഞാനവാനവൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശിവനും ബ്രഹ്മനും നിത്യ-
മാതീർത്ഥം തേടിടുന്നവർ-
ജലമക്ഷതവും ചേർത്തു
സീതതൻ കൈപിടിച്ചവർ,

രാമന്നർപ്പിച്ചു സംപ്രീത്യാ
പാണിഗ്രഹവിധിപ്പടി.
''രത്നഭൂഷിതയിക്കന്യാ-
രത്നമെൻസുതസീതയെ

തന്നിടുന്നേൻ ഭവാനിന്നു,
വന്നിടട്ടേസുഖംതവ.''
ഈ വിധം ജനകൻചൊല്ലി
രാമന്നേല്പിച്ചുസീതയെ,

വിഷ്ണുലക്ഷ്മീ വിവാഹത്തിൽ
പാൽക്കടൽപോൽകൃതാർത്ഥനായ്.
ഊർമ്മിളാസ്വന്തമാംപുത്രി
ദത്തയായ് ലക്ഷ്മണന്നുമെ.

ഭ്രാതൃകന്യകമാരായ
മാണ്ഡവീശ്രുതകീർത്തിയും
ശത്രുഘ്നഭരതന്മാർക്കായ്
ദത്തരായാർ യഥാക്രമം.

ഭ്രാതാക്കൾ നാല്വരുംതത്ര
ദാരസമ്പന്നരായ്മുദാ
രാജിച്ചാർപ്രഭയാലോക-
പാലരാം നാല്വർപോലെവെ.

ജനകൻ, സീതയെപ്പററി
നാരദൻപണ്ടുചൊന്നതാം
കഥ, കേൾപ്പിച്ചുസാമോദം
വിശ്വാമിത്രവസിഷ്ഠരെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''യാഗസ്ഥലവിശുദ്ധിക്കായ്
കാളപൂട്ടനടത്തവെ
സീതാഗ്രഭാഗമേകാന്തെ
ദൃശ്യയായൊരുകന്യക.

കണ്ടവാറവളിൽപ്രീത്യാ
പുത്രീഭാവമുദിച്ചുമെ.
ഏല്പിച്ചേൻപത്നിതൻപക്ക-
ലപ്പൊഴാസുന്ദരാംഗിയെ.

ഒരുനാളേകനായ്‌വാഴ്‌കെ
വന്നുദേവർഷിനാരദൻ
വീണവായിച്ചുകൊണ്ടും ശ്രീ
വിഷ്ണുഗീതങ്ങൾ പാടിയും

പൂജയേററു സുഖസ്ഥാന-
ത്തിരിക്കെച്ചൊല്ലിമാമുനി
''കേട്ടാലും ഗോപ്യമാം കാര്യം
കിട്ടാൻപോകുന്ന വൻഗുണം.

പരമാത്മാഹൃഷീകേശൻ
ഭക്തവാത്സല്യമേറിയോൻ
ദേവകാര്യം നടത്തീടാൻ
രാവണാന്തംവരുത്തുവാൻ

മായാമാനുഷവേഷത്തിൽ
ജാതനായ്‌രാമനെന്നവൻ
വിഷ്ണ്വംശംതന്നെയായ്‌ജാതർ
നാലാം ദശരഥാത്മജർ.

യോഗമായ ഭവൽഗേഹെ
ജനിച്ചാൾസീതയെന്നവൾ
അതിനാൽ രാഘവൻതന്നെ
സീതതൻ പതിയാക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വരാംഗിക്കന്യഭർത്താവി–
ല്ലൊരാളിതിനുമുമ്പിലും.''
ഇത്രയുംചൊല്ലിദേവർഷി
യാത്രയായ് വായുമാർഗ്ഗമായ്.

ലക്ഷ്മിയാം സീതയെന്നുള്ള
തോന്നലായന്നുതൊട്ടഹൊ
വരനായ്രാമനെക്കിട്ടാൻ
വഴിയെന്തെന്നുമോർത്തുഞാൻ.

ഓരോമാർഗ്ഗം വിചാരിക്കെ
കാര്യമേവമുറച്ചുഞാൻ
ഇപ്പട്ടംവില്ലിരിപ്പുണ്ട
മൽപിതാമഹവേശ്മനി.

ശിവനാൽ ക്ഷിപ്തമാമണ്ട
പുരദാഹത്തിനിപ്പുറം.
സീതാവിവാഹകാര്യാർത്ഥം
'പണ'മായ്നിശ്ചയിച്ചുഞാൻ,

വീര്യശൌര്യ പരീക്ഷയ്ക്കായ്
ഭാരിച്ചോരീധനുസ്സിനെ.
തൽപ്രസാദാൽമുനിശ്രേഷ്ഠ!
രാമൻരാജീവലോചനൻ.

വന്നല്ലോവില്ലുകണ്ടീടാൻ
നന്നായ്; ഞാൻ കൃതകൃത്യനായ്.
ഇന്നത്രേ സഫലം ജന്മം
നിന്നെഞാൻ രാമ! കാൺകയാൽ,

സീതയൊത്തേകപീഠത്തിൽ
ദ്യോതമാനമിരിപ്പതായ്.
നിൻപാദതീർത്ഥമാട്ടന്നോൻ
വമ്പൻസ്രഷ്ടാവുകൂടിയും.

നിന്നനുഗ്രഹമൊന്നാൽ താ–
നിന്ദ്രനായ് ബലിയുംപുരാ
നിൻപാദസ്പർശമേററത്രെ
മോക്ഷമാർന്നിതഹല്യയാം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അങ്ങയല്ലാതെ മററാരാം
ഞങ്ങാംക്കത്തെമരക്ഷകൻ.

പാദങ്ങളേതുനിയതം നിജചിത്തപത്മെ
ധ്യാനിച്ചുയോഗികാംജയിപ്പതുമിപ്രപഞ്ചം
ഏതിൻെറകീർത്തനവശാൽസുരരും സുഖിക്കു-
ന്നാദിവ്യപാദകമലം ശരണംസദാമെ.''

ഇപ്രകാരം സ്തുതിച്ചേകി
രാമന്നായ്ജനകൻതദാ
സുവർണ്ണനാണയംകോടി,
രഥങ്ങളായിരപ്പടി,

ലക്ഷക്കണക്കിലശ്വങ്ങാം,
ലക്ഷത്തോളംപദാതികാം,
അഞ്ഞൂറാനകളും പിന്നെ
മുന്നൂറാംദാസിവൃന്ദവും.

ദിവ്യവസ്ത്രങ്ങാം, ഹാരങ്ങാം
മുത്തുരത്നംപതിച്ചവ
സീതയ്ക്കായ്ജനകൻനല്കി
പ്രീതിയോടും പിതാവവൻ.

വസിഷ്ഠാദികളെപ്പിന്നെ
ഭരതാദികാം മൂവ്വരെ
കോസലേശനെയും മേന്മേൽ
പൂജിച്ചാൻ മിഥിലാധിപൻ.

അങ്ങനെജ്ജനകൻയാത്ര
യാക്കിനാൻ രഘുവംശ്യരെ.
കരയുംസീതയെപ്പുല്കി
പറഞ്ഞു റാണിമാർ തദാ.

''ശ്വശ്രുവെസ്സേവചെയ്കെന്നും
രാമനെപ്പിൻഗമിക്കുക;
പാതിവ്രത്യം വിടായ്കെന്നും;
ഭാവിശോഭനമായ്വരും.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമന്റെ യാത്രാസമയത്തുപൊങ്ങും
ഭേരീമൃദംഗാനകതൂര്യഘോഷം
സ്വർഗ്ഗത്തിലത്യുച്ചമുയർത്തവാദ്യ—
ഘോഷത്തൊടും ചേർന്നുനടുക്കിലോകം.

സർഗ്ഗം—7

## പരശുരാമസമാഗമം

യാത്രയായ് രാമപക്ഷക്കാർ
മൂന്നുയോജന പോകവെ
ദുർന്നിമിത്തങ്ങളൊട്ടേറെ
കണ്ടു ദശരഥൻ നൃപൻ.

ചോദിച്ചു ഗുരുവോടപ്പോാം
ഖേദിച്ചും ഭയമാർന്നുമെ,
ദുർന്നിമിത്തങ്ങളെന്താവാം
കാണാൻ, കാരണമെന്നുമായ്.

വസിഷ്ഠൻ ചൊല്ലി "സൂചിപ്പൂ
ഭയമെന്തോ വരുന്നതായ്.
പക്ഷെ, ശീഘ്രം ശുഭംചേതം
ഭയമെല്ലാമൊഴിഞ്ഞു പോം.

വട്ടം ചുററുന്നിതാകാൺക
മൃഗങ്ങൾ, ശുഭസൂചകം."
വസിഷ്ഠനീവിധം ചൊൽകെ
വായു വൻകാററടിച്ചുതെ.

കാററടിപ്പൊടി സർവ്വർക്കു—
മേററുകൺകളടഞ്ഞു പോയ്.
പിന്നെക്രമേണ നീങ്ങിപ്പോയ്
മിന്നീ നല്ല വെളിച്ചവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അപ്പോഴം വരുന്നതാ കാൺമൂ
ജാമദഗ്ന്യൻ പ്രതാപവാൻ
കോടിസൂര്യ പ്രഭാപൂർണ്ണൻ
മിന്നൽ പോൽ മിന്നിടുന്നവൻ

ദീർഘകായൻ, ജടാജ്ജൂടൻ,
മേഘവർണ്ണൻ, മുനീശ്വരൻ,
ധനുസ്സും മഴുവും കയ്യിൽ
ധരിച്ചോൻ, കാലസന്നിഭൻ,

കാർത്തവീര്യാന്തകൻ, രാമൻ,
ധൂർത്തക്ഷത്രിയമർദ്ദനൻ,
എത്തിപ്പോയ് മൃത്യുതാൻ മൂർത്തി—
മത്തായ് വന്നതു പോലവെ.

അവനെക്കണ്ടു സംത്രസ്തൻ
രാജാദശരഥൻ തദാ
പൂജിക്കാൻ വിസ്മരിച്ചോതി
'രക്ഷിക്കെ' ന്നൊന്നുമാത്രമായ്

പ്രാർത്ഥിച്ചാൻ പുത്രരക്ഷയ്ക്കായ്
പാദേവീണു നമിച്ചവൻ.
രാജാവിൻ വചനം തീരെ
വകവയ്ക്കാതെ ഭാർഗ്ഗവൻ,

ഏവമോതി മഹാക്രൂരം
വാക്യം ക്രോധ വിജൃംഭിതൻ.
"എന്നെപ്പോൽ 'രാമ'നായ് പേരാൽ
മന്നിൽപ്പേർ നേടിടുന്നു നീ.

ദ്വന്ദ്വയുദ്ധത്തിനായ് വാടാ
ക്ഷത്രിയാന്വയനെങ്കിൽ നീ.
ജീർണ്ണിച്ച വില്ലൊടിച്ചോൻ നീ
പ്രശംസയ്ക്കർഹനല്ലെടൊ.

വൈഷ്ണവം വില്ലിതിന്മേൽ നീ
ഞാൺകെട്ടാൻ ശക്തനാകുമൊ.
എങ്കിൽ ഞാൻ നിന്നോടിപ്പോഴന്താ—
നങ്കം വെട്ടും രഘൂത്തമ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇല്ലെങ്കിൽ, ക്ഷത്രഹന്താ ഞാൻ
കൊല്ലുവേൻ സർവ്വപേരെയും.''
ക്ഷമവിട്ടീവിധം ചൊൽകെ
ക്ഷമയൊന്നു വിറച്ചുപോയ്.

തരസാതോന്നി സർവ്വർക്കു-
മിരുളെങ്ങും പരന്നതായ്.
രാമൻ കോപിച്ചുകൊണ്ടപ്പോൾ
രാഘവൻ നേരെനോക്കിയും,

ആവില്ലു ബലമായ് വാങ്ങി
കെട്ടിഞാണു മുറുക്കിയും
ബാണം സ്വന്തമെടുത്തൊന്നാ
ഞാണിൽ കേററിത്തൊടുത്തവൻ,

ചൊല്ലി ഭാർഗ്ഗവനോടേവ-
"മല്ലേബ്രഹ്മൻ! ശ്രവിക്കുക.
ബാണംമേ വെറുതേപോകാ
കാണിക്കു ലക്ഷ്യമൊന്നുടൻ

നിൻനേട്ടം പുണ്യലോകങ്ങ-
ളന്യഥാതവ പാദമൊ;
ഇങ്ങുതങ്ങാൻ, പരേ പോകാൻ
രണ്ടിന്നും ശക്യനല്ല നീ.

ഏതുഞാൻ ചെയ്യണം, ചൊൽക
ശീഘ്രം; ശാസിക്കയാണു ഞാൻ.''
രാമനേവം പറഞ്ഞപ്പോൾ
ഭാർഗ്ഗവൻ മ്ലാനവക്ത്രനായ്.

പിന്നെത്തൻ പൂർവ്വവൃത്താന്ത-
മോർത്തു ഭാർഗ്ഗവനോതിനാൻ.
''രാമ! രാമ! ഭവാനാരെ-
ന്നറിഞ്ഞുഞാൻ ജഗൽപതെ.

പുരാണപുരുഷൻ വിഷ്ണു
സാക്ഷാൽ സ്രഷ്ടാവുമാണു നീ.
ബാല്യത്തിൽ ബദ്ഭക്തിയാൽ ഞാനാ
വിഷ്ണുവെസ്സേവ ചെയ്യുവാൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചക്രതീർത്ഥം ഗമിച്ചുഗ്രം
തപസ്സിൽത്താൻ നിമഗ്നനായ്.
ഒടുക്കം തുഷ്ടനായ് ദേവൻ
മഹാത്മാ പരമേശ്വരൻ,

പ്രത്യക്ഷം വന്നിതെൻ മുന്നിൽ
ശംഖചക്ര ഗദാധരൻ,
പ്രസന്ന മുഖനായേവം
ചൊല്ലിയെന്നോടരിന്ദമ!

വിഷ്ണു:

സഫലം നിൻ തപസ്സെല്ലാം
നിത്യം സന്തോഷമായിമെ.
കാർത്തവീര്യ വധത്തിന്നാ–
യെൻതേജസ്സല്പമേകിടാം.

നിന്നച്ഛനെ വധിച്ചോനാ
ദുഷ്ടനെക്കൊൽവതാഗ്രഹം.
അതും ചെയ്തിരുപത്തൊന്നു
വട്ടംക്ഷത്രരൊടേല്ക്കുക.

ക്ഷത്രിയാന്തം വരുത്തിബ്ഭൂ–
വൊക്കെകശ്യപനേകുക.
ത്രേതായുഗേ ജനിക്കും ഞാൻ
രാമനായ് രാഘവാന്വയെ.

അപ്പോളെന്നെപ്പരാശക്തി
യൊപ്പം കാണാൻ തരപ്പെട്ടും
തിരിച്ചെടുക്കു വേനന്നെൻ
തേജസ്സിന്നു തരുന്നതും.

കല്പാന്തം വരെയും പിന്നെ
തപസ്സും ചെയ്തിരിക്കുക;
ഏവംചൊല്ലി മറഞ്ഞീശൻ;
സർവ്വം ഞാൻ ചെയ്തിതാവിധം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആവിഷ്ണതന്നെയാം രാമ!
നീയിന്നവതരിച്ചവൻ.
പണ്ടെന്നിൽച്ചേർത്തൊരാതേജ—
സ്സുണ്ടല്ലോ, വീണ്ടെടുത്തിടാം.

സഫലം ജന്മമിന്നെൻെറ
സാധിച്ചു തവദർശനം.
പ്രകൃതിക്കപ്പുറത്തുള്ളോൻ,
ബ്രഹ്മനും പ്രാപ്യനല്ല നീ.

ഷഡ്ഭാവങ്ങൾ നിനക്കില്ല,
ജ്ഞാനാഭാവാൽജനിപ്പവ;
വരവും പോക്കുമില്ലാത്തോൻ
നിർവ്വികാരൻ, നിറകുടം.

തീയിലാ പുകയെന്നോണം
നീരിലാ നുരയെന്നപോൽ
നിന്നിലാമായയും, സർവ്വം
നിൻെറയായ് ചെയ്‌വതല്ലയൊ.

മായനീങ്ങും വരെയ്യാർക്കു—
മാകാനിന്നെയറിഞ്ഞിടാൻ.
വിചാരം ചെയ്യിടാത്തോള—
മവിദ്യാമായ നീങ്ങിടാ.

ദേഹേന്ദ്രിയാദിസംഘാത—
മവിദ്യാകൃതമത്രയും
അതിൽ ചിച്ഛക്തിബിംബിച്ചു
കാൺമതാം ജീവനെന്നതും.

ദേഹംബുദ്ധിമനസ്സെല്ലാം
തൻേറതെന്നുനിനയ്ക്കവെ,
ഭുജിപ്പോൻ, ചെയ്‌വവൻ, ദുഃഖ—
സൗഖ്യങ്ങൾക്കടിപെട്ടവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആത്മാവിന്നില്ല സംസാരം
ജ്ഞാനമില്ലിഹ ബുദ്ധിയിൽ
രണ്ടും കലർത്തിസമ്മോഹാൽ
ജീവൻ സംസാരിയാകയാം.

അഗ്നിയും ജലവും ചേർന്നാ–
ലന്യോന്യം ഗുണമാർന്നിടും
ആത്മാവും ബുദ്ധിയും ചേർന്നി–
ട്ടമ്മട്ടിൽഗ്ഗുണഭാക്കുകാം

എന്നോളം തവഭക്തന്മാ–
രൊത്തിരിക്കാൻകഴിഞ്ഞിടാ
സംസാരദുഃഖമന്നോളം
സർവ്വർക്കുമനുഭോജ്യമാം.

സൽസംഗലബ്ധിയാൽപിന്നെ
സുഭക്ത്യാസേവചെയ്യുകിൽ
മായമന്ദം ക്രമാൽനിങ്ങി
മായും വെളിവുമാർന്നിടും.

അപ്പുറം ജ്ഞാനസമ്പന്ന–
സദ്ഗുരുപ്രാപ്തിനേടിടും
ഗുരുവൊത്തു മഹാവാക്യ
ചർച്ചയാൽ മുക്തിയും വരും.

അതിനാൽ ഭക്തിഹീനന്മാ–
ർക്കൊക്കില്ലാമുക്തിയേത്തുമെ.
കോടിജന്മം കഴിഞ്ഞാലും
ധിട്ടീടാനിത്യ സൗഖ്യവും.

തൽപാദപങ്കജേഭക്തി
യുൽപാദിക്കേണമെന്നുമെ.
സൽസംഗപ്രാപ്തിയും വേണ–
മവയേമോക്ഷദായകം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നിന്നിൽബ്ഭക്തിമുഴുത്തോനാം
നിൻധർമ്മം നിറവേററുവോൻ
ധന്യമാക്കും സ്വവംശത്തെ,
തന്നെയും, ലോകമാകയും

നമോസ്തുതേ ജഗന്നാഥ!
നമസ്തേ ഭക്തിഭാവന!
നമസ്തേ കരുണാസിന്ധോ!
രാമചന്ദ്ര! നമോ നമഃ

പുണ്യലോകംലഭിക്കാൻ ഞാൻ
പുണ്യംചെയ്തതുസർവ്വവും
ലക്ഷ്യമാക്കട്ടെ നിൻബാണം
രക്ഷ രക്ഷ, നമോസ്തുതെ.

ഭാർഗ്ഗവസ്തുതിയാൽത്തുഷ്ടൻ
ശ്രീരാമൻ കരുണാമയൻ
പ്രസാദം പൂണ്ടുകൊണ്ടേവം
പറഞ്ഞാൻ ഭക്തവത്സലൻ.

''ഭവാനെന്താഗ്രഹം ബ്രഹ്മൻ!
ചൊന്നാൽ സർവ്വംതരുന്നതാം.''
ഇതുകേട്ടോതിനാനപ്പോൾ
ഭാർഗ്ഗവൻ പ്രീതമാനസൻ.

ഭവാനെന്നിൽ പ്രസാദിപ്പാൻ
ഭാവമെങ്കിൽജ്ജനാർദ്ദന!
ഭക്തസംഗാശയും നിന്നിൽ
ഭക്തിയും ദൃഢമാക്കുക.

ഭക്തിഹീനൻ ശഠൻപോല്യ—
മീസ്തോത്രം ചൊല്ലുമെങ്കിലൊ
അവനിൽച്ചേരണംഭക്തി,
ജ്ഞാനവും സ്മൃതിയും തവ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അതെല്ലാംസമ്മതിച്ചോരാ
രാമനെപ്പിന്നെ ഭാർഗ്ഗവൻ
പ്രണമിച്ചുവലം വച്ചു
മഹേന്ദ്രാദ്രിക്കുപോയിനാൻ.

ചത്തുജീവിച്ചപോൽകണ്ടാ
രാമനെഹൃഷ്ടമാനസൻ
രാജാദശരഥൻചെന്നു
പുല്കിനാൻ പലവട്ടവും.

പിന്നെസ്സംതൃപ്തനായ്സ്വസ്ഥ–
ചിത്തനായ്പോയിതൽപുരെ.
രാമലക്ഷ്മണശത്രുഘ്ന–
ന്മാരും ഭരതനും തഥാ
സ്വഭാര്യമാരൊടും കൂടെ
സുഖിച്ചാർ സ്വഗൃഹങ്ങളിൽ

സീതാസമേതനായ്രാമൻ
രമിച്ചു പിതൃവത്സലൻ
വിഷ്ണുലക്ഷ്മിയൊടും കൂടെ
വൈകുണ്ഠേവാണിടും പടി.

അക്കാലം കൈകയീഭ്രാതാ
യുധാജിത്തെന്നവൻ മുദാ
വന്നാൻ ഭരതനെത്തന്റെ
രാജ്യത്തേക്കാനയിക്കുവാൻ.

രാജാവോസ്നേഹഭാവേന
സമ്മതം നല്കിപോകുവാൻ
ശത്രുഘ്നനൊത്തുതാൻപോയി
ഭരതൻ മാതുലാന്തികേ.

ശചിയും ചക്രനും ചേർന്നാ
ദേവമാതാവുപോലവെ
കൗസല്യാദേവിയും വാണാരാം
രാമൻ സീതയുമൊത്തവരാം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ത്രൈലോക്യാധീശരാൽ തൻ ഗുണഗണമഖി
ലംവാഴ്ത്തിയും കേട്ടിരിപ്പോ–
നീലോകസ്ഥർക്കുനിത്യം നിരുപമപരമാ
നന്ദമേകിസ്സുഖിപ്പോൻ,
സാകേതേശ്രീനികേതേ നിരവധിവിഭവം
ചേരിലുംമായചേരാ–
താകാരാൽമാനുഷൻ പോൽസ്ഥിതമതി
വിഹരിച്ചീടിനാൻ രാമചന്ദ്രൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# അയോദ്ധ്യാകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# സർഗ്ഗവിവരം


1. രാമനാരദസംവാദം
2. അഭിഷേകസംരംഭം
3. ദത്തവരപ്രയോഗം
4. കുടുംബാംഗാനുനയനം
5. വനയാത്രാരംഭം
6. ഭരദ്വാജവാല്മീക്യാശ്രമങ്ങളിൽ
7. ദശരഥചരമം—ഭരതപ്രതികരണം
8. ഭരതന്റെ വനയാത്ര
9. ഭ്രാതൃസമാഗമം


CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—1

## രാമനാരദസംവാദം

നീലോല്പല ദളശ്യാമൻ
സർവ്വാഭരണ ഭൂഷിതൻ
രാമനന്നൊരുനാംതൻെറ
രത്നസിംഹാസനേ ശുഭെ

ഇരുന്നു സസുഖം സീതാ--
പരിചര്യകളേല്ലയാം;
പൊൻപിടിച്ചാമരം കൊണ്ടു
വീശുന്നു സീത സാദരം,

താംബൂ ലം സൽക്കരിച്ചോരോ
നർമ്മോക്തികളുരച്ചുമെ
അന്നേരം രാമനെക്കാൺമാൻ
വന്നു ദേവർഷി നാരദൻ

ശരച്ചന്ദ്രസമം ശുദ്ധൻ
സ്ഫടികം പോലെ നിർമ്മലൻ.
ദിവ്യമൂർത്തി ദിവംവിട്ടു
പെട്ടെന്നായ് ദൃഷ്ടനാകവെ

എണീററു സഹസാ രാമൻ
സാദരം കൂപ്പുകയ്യുമായ്
നമിച്ചു സീതയോടൊപ്പം
സാഷ്ടാംഗംവീണു ഭൂമിയിൽ.

രാമൻ നാരദനോടോതി
പരമം പ്രീതി പൂണ്ടവൻ.
''ലൌകികർക്കു മുനിശ്രേഷ്ഠ!
ദുർല്ലഭം തവ ദർശനം.
ഞങ്ങളോ വിഷയാസക്ത
സംസാരികൾ മഹാമുനെ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പൂർവ്വജന്മകൃതം പുണ്യം
ഫലിച്ചേ നിന്നെനിക്കിഹ.
ലൌകികർക്കും ലഭിച്ചീടും
സൽസംഗം പുണ്യമാർന്നിടിൽ,

അതിനാലങ്ങയെക്കണ്ടു
കൃതാർത്ഥൻ ഞാൻ മുനീശ്വര!
ഏതുകാര്യം ഭവാനെന്നാൽ
കൃതമാകേണ്ടു ചൊല്ലുക.''

നാരദൻ ചൊല്ലിനാനപ്പോൾ
ശരണ്യൻ രാമനോടിദം.
''ഭ്രമിപ്പിക്കുന്നു നീയെന്നെ
സാമാന്യജന രീതിയിൽ

സംസാരിയാം ഭവാനെന്നു
സംസാരിച്ചതു സത്യമാം.
പ്രപഞ്ചകാരിണീ മായ
പ്രഭോ! തവ കുടുംബിനി.

ഭവൽസന്നിധി മാത്രത്താ-
ലവളിൽജ്ജാതമാം ജഗൽ.
നിന്നെത്താനാശ്രയിച്ചല്ലൊ
നിന്നിടുന്നവളെപ്പൊഴും.

ത്രിഗുണാത്മികയാം മായ
ജഗൽ പ്രസവകാരിണി;
ലോകത്രയ കുടുംബത്തിൽ
ഗൃഹസ്ഥൻ, ഭഗവൻ! ഭവാൻ.

വിഷ്ണു നീ ജാനകീ ലക്ഷ്മി;
ശിവൻ നീ ജാനകീ ശിവാ;
ബ്രഹ്മൻ നീ ജാനകീ വാണി;
സൂര്യൻ നീ ജാനകീ പ്രഭാ;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചന്ദ്രൻ നീ രോഹിണീ സീത
ശുഭലക്ഷണയായവരം;
ഇന്ദ്രൻ നീ ശചിയാം സീത;
വഹ്നി നീ സ്വാഹസീതയും;

കാലരൂപൻ യമൻ നീതാൻ
സീതാസംയമനീ പ്രഭോ!
നീതാൻ നിരൃതി തൽബ്ഭാര്യ
താമസീ ജനകാത്മജ;

നീതന്നെ വരുണൻ രാമ!
വാരുണീ ജാനകീ ശുഭാ;
വായു നീരാമ! വൈദേഹി,
വിദിതം മെ, സദാഗതി;

കുബേരൻ രാമനീ സീത
സർവ്വസമ്പത്തുമായിട്ടും;
രുദ്രൻ നീ ലോക സംഹർത്താ
രുദ്രാണീ ജനകാത്മജ.

ഏതോ സ്ത്രീ വാചകം ലോകെ-
യതൊക്കെജ്ജാനകീ ശുഭാ;
ഏതോ പുല്ലിംഗനാമങ്ങ-
ളതെല്ലാം രാമ! നീയുമാം.

അതിനാൽ മൂന്നുലോകത്തും
നിങ്ങളല്ലാത്തതെന്തുതാൻ.

ത്വദാഭാസോദിതാജ്ഞാന,
'മവ്യാകൃത'മതിന്നു പേർ
അതിൽനിന്നു മഹത്തത്വം
സൂത്രാത്മാ ലിംഗവും ക്രമാൽ,

അഹങ്കാരമതും, ബുദ്ധി,
പഞ്ചപ്രാണേന്ദ്രിയങ്ങളും
ചേർന്നു 'ലിംഗ'മതിൻ ധർമ്മം
ജന്മമൃത്യുസുഖാദികവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അതുതാൻ ജീവനെന്നുള്ള
പേരാൽ ഭാസിപ്പതെങ്ങുമെ;
'അവിദ്യാ' കാരണോപാധി-
യവാച്യയുമനാദിയും.

കാരണം, സൂക്ഷ്മവും, സ്ഥൂലം,
ചേതനോപാധി മൂന്നിവ.
ഉപാധിചേർന്നവൻ ജീവൻ
വിട്ടവൻ പരമേശ്വരൻ.

ജാഗ്രൽസ്വപ്നസുഷുപ്ത്യാദി
ജഗദ്ധർമ്മങ്ങളൊന്നുമെ
നിന്നെ ബാധിപ്പതല്ലാ, നീ
ചിദ്രൂപൻ സാക്ഷിമാത്രമാം.

ജഗത്തുജാതമായ് നിന്നിൽ
നിന്നിൽത്താൻ സ്ഥിതിചെയ്‌വതും
നിന്നിൽ സർവ്വം ലയിക്കും, നീ-
യതിനാൽ സർവ്വകാരണൻ.

രജ്ജുസർപ്പഭ്രമം പോലെ
ജീവൻ താനെന്ന തോന്നലാം.
പരമാത്മാവു താനെന്നു
ബോധിച്ചാലില്ലമേൽ, ഭയം.

ചിന്മാത്ര രൂപനാമാത്മാ-
വാർക്കും ബുദ്ധി പ്രകാശകൻ.
അതിനാൽ, സർവ്വഭൂതസ്ഥ-
നാത്മാവായതു മങ്ങയാം.

രജ്ജുസർപ്പസമം നിന്നി-
ലജ്ഞാനാൽ കല്പിതം ജഗൽ
നിൻ തത്വമറിവായെന്നാൽ
ഭ്രമം സർവ്വം നശിച്ചിടും.

നിൻപാദ ഭക്തരായ്തീർന്നാൽ
വിജ്ഞാനമുളവാം ക്രമാൽ
അതിനാലത്തരം ഭക്തർ
നിത്യമുക്തിക്കുപാത്രമാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭക്തന്മാരുടെ ഭക്തന്മാ-
രവർക്കും ദാസനാണു ഞാൻ.
അതിനാൽ മോഹമേററാതെ
നല്കമേ നിന്നനുഗ്രഹം

നിൻനാഭിപത്മ സംഭൂതൻ
ബ്രഹ്മാവെൻ ജനകൻ പ്രഭോ!
പൌത്രൻ ഞാനതിനാലെന്നെ
ഭക്തനെക്കാത്തുകൊള്ളുക.''

ഏവമോതി നമിച്ചേററ-
മാനന്ദാശ്രുപൊഴിച്ചവൻ
പിന്നെച്ചൊല്ലിയിതിൻ വണ്ണം
''വന്നു ഞാൻ ബ്രഹ്മചോദനാൽ.

രാവണന്റെ വധത്തിന്നായ്
ജാതൻ നീ രഘുസത്തമ!
പിതാവാൽ രാജ്യ രക്ഷാർത്ഥം
നാളെ നീ യഭിഷിക്തനാം.

രാജ്യകാര്യത്തിലേർപ്പെട്ടാൽ
രാവണാന്തം തരപ്പെടാ
ഭൂഭാരം തീർക്കുവാൻചെയ്ത
പ്രതിജ്ഞയ്ക്കുടവേററിടും.

ആ സത്യം നിറവേറേണം
സത്യസന്ധൻ ഭവാനഹൊ.''
രാമനീ വചനം കേട്ടു
പുഞ്ചിരിച്ചോതിയിങ്ങനെ.

കോമക്കനൊരദ! ഞാനൊന്നു-
മോർമ്മിപ്പീലെന്ന തോന്നലൊ!
പ്രതിജ്ഞചെയ്തതെല്ലാം ഞാൻ
നിറവേററുമസംശയം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കാലക്രമേണ ദൈത്യന്മാർ
പ്രാരബ്ധക്ഷയമേല്ക്കവെ
ഒരോന്നായവരെക്കൊന്നു
ഭൂഭാരം തീർപ്പതുണ്ടു ഞാൻ.

രാവണന്റെ വിനാശാർത്ഥം
നാളെപ്പോം കാട്ടിലേക്കു ഞാൻ
പതിന്നാലാണ്ടു പാർത്തീടു-
മങ്ങുതാൻ മുനിവേഷനായ്

ദുഷ്ടനെസ്സകുലം കൊല്ലും
സീതാഹരണ കാരണാൽ.''
രാമവാക്യം ശ്രവിച്ചപ്പോഠം
പ്രമോദം പൂണ്ടുനാരദൻ,

മൂന്നുവട്ടം വലംവെച്ചു
രാമനെ പ്രണമിച്ചഥ
സമ്മതം വാങ്ങിസാമോദം
സ്വർഗ്ഗലോകം ഗമിച്ചുതെ.

വായിപ്പോനഥനിയതം ശ്രവിക്കുവോനും
ഭക്ത്യാ ഭാഷണമിതനുസ്മരിക്കുവോനും
വൈരാഗ്യം വിരവൊടുകൈവരിച്ചുമോക്ഷം
പ്രാപിക്കും സുരവരരാലുമങ്ങലഭ്യം.

സർഗ്ഗം —2

## അഭിഷേക സംരംഭം

രാജാ ദശരഥൻ ശ്രീമാ-
നേകനായൊരു വേളയിൽ
വരുത്തിയ കുലാചാര്യൻ
വസിഷ്ഠൻ തന്നൊടോതിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''എല്ലാരും രാമനെപ്പററി
പ്രശംസിപ്പൂ മഹാമുനെ!
പൌരന്മാർ മന്ത്രിമുഖ്യന്മാർ
വേദപണ്ഡിത വൃദ്ധരും.

അതിനാൽ ഗ്ഗുണസമ്പന്നൻ
രാമനെ, ജ്യേഷ്ഠപുത്രനെ
രാജാവായഭിഷേചിക്കാം,—
മെനിക്കോ പ്രായമേറെയായ്

കേകയത്തേക്കുപോയല്ലൊ
ഭരതൻ സോദരാന്വിതൻ;
എന്നാലുമഭിഷേചിക്കാം
നാളെത്താൻ, സമ്മതിക്കുക.

സാമഗ്രികളൊരുക്കട്ടെ;
രാമനോടറിയിക്കുക;
നാനാവർണ്ണക്കൊടിക്കൂറ
തെരുവെങ്ങുമുയർത്തണം,

സ്വർണ്ണ രത്നമയം നാനാ
തോരണങ്ങളുമാവിധം.''
സുമന്ത്ര മന്ത്രിയെപ്പിന്നെ
വരുത്തിച്ചൊല്ലിനാൻ നൃപൻ

''നടത്തും നാളെ രാമന്നു
യൌവ്വ രാജ്യാഭിഷേചനം.
വസിഷ്ഠൻ ചൊല്ലുമിക്കുള്ള
സാമഗ്രികളൊരുക്കുക.''

അപ്രകാരമൊരുക്കേണ്ട-
തെന്തെല്ലാം വേണ്ടതെന്നുമായ്
ചോദിക്കെ മന്ത്രിയോടോതി
വസിഷ്ഠൻ ജ്ഞാനിയായവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''പ്രഭാതേ പതിനാറോളം
നൃത്തസ്ത്രീകഠം വിഭൂഷിതർ
വാതില്ക്കൽ നില്ക്കണം; പിന്നെ
നാല്ക്കൊമ്പൻ ദിവ്യവംശജൻ,

സ്വർണ്ണഭൂഷയണിഞ്ഞുള്ളോ
രാനയും വന്നുനില്ക്കണം
നാനാ തീർത്ഥം നിറച്ചുള്ള
സ്വർണ്ണ കുംഭങ്ങളായിരം,

പുലിത്തോൽ പുത്തനായ് മൂന്നും
പുലർച്ചെത്തന്നെയെത്തണം;
പൊന്മണിക്കാലെഴും വെള്ള-
ക്കുടയും മുത്തണിഞ്ഞതായ്,

ദിവ്യമാലകഠം വസ്ത്രങ്ങഠം
ദിവ്യഭൂഷയുമങ്ങനെ,
മുനിമാരങ്ങിരിക്കട്ടെ
കുശപാണികഠം സൽകൃതർ.

നൃത്തമാടട്ടെ വേശ്യാ സ്ത്രീ-
ക്കൂട്ടം, പാടട്ടെ പാട്ടുകാർ
വാദ്യങ്ങഠം വിവിധം കൊട്ടി
ഘോഷിക്കട്ടെ നൃപാങ്കണെ.

നാലംഗപ്പടയും കാലെ
കാവലിന്നൊത്തു കൂടണം.
നഗരാന്തേ നിലക്കൊള്ളും
ദേവതാനിലയങ്ങളിൽ,

ബലിപൂജാദി കർമ്മങ്ങഠം
പലതും നിറവേററണം.
സാമന്തരെത്തണം കാഴ്ച-
സ്സാമാനം കയ്യിലേന്തിയും..''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഈമട്ടായുപദേശങ്ങൾ
സുമന്ത്രന്നേകി മാമുനി
രാമഗേഹമണഞ്ഞീടാൻ
താമസിക്കാതെ പോയിനാൻ.

തേരിൽത്താൻ സഞ്ചരിച്ചേററം
തേജസ്സോലും തപോനിധി
ചെന്നിറങ്ങി മനോരമ്യ
മന്ദിരേ രാമമന്ദിരെ.

ഗുരുവെന്ന നിലയ്ക്കുള്ളിൽ
കടന്നാൻ തടവെന്നിയെ.
സ്വാഗതം ചെയ്തു രാമൻ തൻ
ഗുരുവെക്കണ്ടമാത്രയിൽ,

കൂപ്പുകയ്യാ, യുടൻ പിന്നെ
കാല്ക്കൽ വീണു നമിച്ചുതെ.
സുവർണ്ണജലപാത്രത്തോ—
ടവിടേയ്ക്കെത്തി സീതയും.

ഇരുത്തി രത്ന പീഠത്തിൽ
ഗുരുപാദം രഘൂത്തമൻ
കഴുകി, സ്സീതയോടൊത്താ
തീർത്ഥം ചേർത്തുശിരസ്സിലായ്.

''പാദതീർത്ഥം ധരിച്ചോൻ ഞാൻ
ധന്യനാ''യെന്നുമോതിനാൻ.
രാമൻെറ വചനംകേട്ടു
പുഞ്ചിരിച്ചോതി മാമുനി.

പാർവ്വതീപതിയും നിൻെറ
പാദതീർത്ഥം ധരിച്ചവൻ
ബ്രഹ്മനെൻ താതനും തൽപാ—
ദാംബുവാൽ ശുദ്ധനായവൻ.

ലോകത്തോടുപദേശിപ്പാ—
നാകും നീ ചൊന്നതീവിധം.
ശ്രീയുതൻ പരമാത്മാ നീ
മാനുഷം വേഷമാർന്നവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദേവകാര്യം നടത്തീടാൻ
ഭക്തി ഭക്തർക്കുയർത്തുവാൻ
രാവണാന്തം വരുത്താനും
ജാതൻനീ, യറിയുന്നു ഞാൻ.

രഹസ്യം ദേവതാകാര്യം
പരസ്യം ചെയ്‌വതില്ല ഞാൻ.
മായാവേഷത്തിലെന്തെല്ലാ–
മായാലുമതിനൊത്ത പോൽ,

ശിഷ്യൻനീ ഗുരുഞാനെന്ന
ഭാവത്തിൽപ്പെരുമാറിടാം.
ഗുരുനീ ഗുരുവര്യർക്കും
പിതൃക്കൾക്കോ പിതാമഹൻ.

അന്തര്യാമിഭവാൻ ലോക-
കാര്യകർത്താവഗോചരൻ
ശുദ്ധസത്വമിദം ദേഹം
സ്വേച്ഛയാ സ്വീകരിച്ചവൻ;

മനുഷ്യനെന്നപോൽ ലോകെ–
ഭാസിപ്പോൻ യോഗമായയാ.
പൌരോഹിത്യം പരം മോശം
പരിത്യാജ്യ മറിഞ്ഞിടാം

രാമനായ് പരമാത്മാവു
ജാതനാം രാഘവാന്വയെ.
എന്നു ഞാനറിയും പണ്ടേ
ബ്രഹ്മാവെന്നോടു ചൊല്ലയാൽ.

തവസാമീപ്യ സമ്പർക്കം
സാധിപ്പാൻ വേണ്ടിയിങ്ങനെ
പൌരോഹിത്യം വരിച്ചു ഞാൻ
പാരം നിന്ദ്യമതെങ്കിലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എന്നാലെൻ മോഹമിന്നിപ്പോൾ
ഫലിച്ചു രഘുനന്ദന!
നിനക്കധീനയാം മായ
സർവ്വലോകൈക മോഹിനി,

മോഹമെന്നിൽപ്പുലർത്തീടാ–
താവോളം കാത്തുകൊള്ളണേ.
ഗുരുബദ്ധ കടം തീർക്കാൻ
കരുതിക്കൊൾകതേ വഴി.

പറയാനുള്ളതെല്ലാം ഞാൻ
പറഞ്ഞു; പക്ഷെയിന്നിഹ
വന്നതോ നിൻപിതാവാജ്ഞ
തന്നതിന്നനുസാരമായ്.

നാളെത്താൻ നിന്നെ രാജാവാ–
യഭിഷേചിച്ചിടുന്നതാം.
ഇന്നു നീ സീതയോടൊപ്പ–
മുപവാസം നടത്തണം.

ശയിക്കശ്ശുചിയാം ഭൂമൌ
ജിതേന്ദ്രിയ നിലസ്ഥതാൻ.
വന്നാലും നീ പ്രഭാതത്തി-
ലിന്നിപ്പോൾ പോയിടട്ടെ ഞാൻ."

പിന്നെ വേഗം രഥംകേറി
വന്നപോൽ പോയി മാമുനി.
രാമൻ ലക്ഷ്മണനോടപ്പോൾ
പുഞ്ചിരിച്ചോതിയിങ്ങനെ.

''സൌമിത്രേ! യുവരാജാവായ്
നാളെഞാനഭിഷിക്തനാം.
എന്നാൽ നീതന്നെ കർത്താവും
ഭോക്താവും, പേരിനാണു ഞാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നീയെനിക്കുപുറം പ്രാണൻ
വഴ്വ മറെറാരു ഭാവന.''
പിന്നെ രാമൻ കുലാചര്യൻ
ചൊന്നപോലാചരിച്ചുതെ.

ഗുരുവോ രാജനെക്കണ്ടു
കൃതകാര്യങ്ങളോതിനാൻ.
നൃപനും മുനിയും തമ്മി–
ലാദ്യമുണ്ടായ ഭാഷണം,

ആരോ കേട്ടതു സർവ്വത്ര
പുരമെങ്ങും പരത്തിനാൻ.
കൌസല്യയ്ക്കും സുമിത്രയ്ക്കും
വിവരം നല്കിനാനവൻ.

സഹർഷം വാർത്തകേട്ടപ്പോഠം
സമ്മാനം നല്കിനാരവർ.
രാമമാതാവതിപ്രീത്യാ,
പ്രേമനിർഭര മാനസാ,

ഭാവികാര്യ ശുഭാപ്തിക്കായ്
ദേവീപൂജ നടത്തിനാഠം.
രാജാദശരഥൻ, സത്യ
വാദിയാം, സത്യപാലകൻ.

കൈകയീവശഗൻ പക്ഷെ,
കുഴപ്പംവന്നു ചേരുമൊ.
ദുർഘടാശങ്ക പൂണ്ടേവം
ദുർഗ്ഗയേയും ഭജിക്കയായ്.

ഇതിന്നിടയ്ക്കു ദേവന്മാർ
വിധി പുത്രിയൊടോതിനാർ.
''അയോദ്ധ്യയ്ക്കൊന്നു പോയാലും
ദയവായ് നീ സരസ്വതി!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമാഭിഷേക വിഘ്നാത്ഥം
ശ്രമിച്ചാലും യഥോചിതം
ആദ്യം മന്ഥരയിൽ ചേർന്നും
പിന്നെക്കൈകേയി തന്നിലും.

കിര്യവിഘ്നം വരുത്തിച്ചേ-
ത്താര്യേ! നീയിങ്ങു പോരിക.''
ആവിധം ദേവിചെന്നാദ്യം
മേവിമന്ഥര തൻമുഖെ.

മാളികാഗ്രെ തദാചെന്നാരം
വക്രരൂപിണി മന്ഥര.
തെററെന്നു നോക്കവെക്കണ്ടാരം
ചുററും ചേലിലലങ്കൃതം,

പട്ടണം പരിശോഭിപ്പു
പതാകാ തോരണങ്ങളാൽ.
ഉത്സവച്ഛായ തോന്നിപ്പൂ;
വിസ്മയം പൂണ്ടിതായവരം.

താഴത്തിറങ്ങി വേഗത്തിൽ
ധാത്രിയോടിദമോതിനാരം.
''എന്തിദം നഗരം സർവ്വം
ചന്തമേന്തിലസിപ്പതും,

ഹന്ത കൌസല്യദാനങ്ങ-
ളന്തണർക്കേകിടുന്നതും.''
ചൊല്ലിനാരം ധാത്രി ''നാളെത്താൻ
രാമചന്ദ്രാഭിഷേചനം;

നടക്കമതിനാലിപ്പോരം
നഗരം സമലങ്കൃതം.''
ഇതുകേട്ടഥ കൈകേയീ
സവിധം ചെന്നുമന്ഥര;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഏകയായയ് മണിമഞ്ചത്തിൽ
മേവുന്നവളൊടോതിനാൾ
''കിടക്കുന്നെന്തു നിർഭാഗ്യേ!
മൂഢേ! ഭയമടുക്കവെ.

സൌന്ദര്യമത്തെഴുന്നോൾ നീ
വന്നൊരാപത്തു കാൺമിതൊ?

രാജപട്ടമഹോനാളെ
രാജാവേകുന്നു രാമനായ്.''
പെട്ടെന്നെണീററു കൈകേയി
കേട്ടവാററതിതുഷ്ടയായ്,

മന്ഥരക്കേകി തൻ രത്ന–
ബന്ധിതം സ്വർണ്ണനൂപുരം.
എന്നിട്ടോതി ''പരംതോഷം
തോന്നും വാർത്തയിതോഭയം!

രാമനെൻ മകനെക്കാളും
പ്രേമിപ്പോനെൻ പ്രിയങ്കരൻ
അമ്മയെപ്പോലെ താനെന്നെ
കാൺമവൻ മമ സേവകൻ.

ആ രാമൻ മൂലമെന്തൊന്നാം
വരാനുള്ള വിപത്തെടൊ.''
വെറുതേ വൈരമുണ്ടാക്കും
വികൃതിപ്പെണ്ണു ചൊല്ലിനാൾ

''കേൾക്കുകെൻ വചനം ദേവി!
നേർക്കിതാ ശരിയാം ഭയം.
പ്രിയവാക്കോതി സന്തോഷം
പ്രിയൻ നിന്നിലുയർത്തുവോൻ

കാമിയായ്പൊള്ളവാക്കോതി
പ്രേമം നിന്നിൽ നടിപ്പവൻ
രാമമാതാവിനെന്തിഷ്ട–
മായതെല്ലാം നടത്തുവോൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഉഠംപ്പോരിതുനിനച്ചല്ലൊ
തൽപുത്രനെ നയത്തൊടും
'അമ്മാ' ത്തേയ്യൊന്നുപോയ് പോരാൻ
ചുമ്മാവിട്ടതു ഭൂപതി.

ലക്ഷ്മണൻ രാമസേവയ്ക്കാ-
യക്ഷീണം കാത്തുനില്പവൻ
രാജ്യഭോഗമവന്നുണ്ടാം,
സുമിത്രയ്ക്കും സുഖം സുഖം.

ഭരതൻ ഭാവിയിൽക്കഷ്ടം
തീരാം രാമൻെറ ദാസനായ്;
പുറത്താക്കപ്പെടാം, പക്ഷെ
കൊന്നുപോയെന്നുമായിടാം.

നീയോ കൌസല്യതൻ ദാസീ-
ചര്യയിൽപ്പെട്ടുപോയിടും.
വയ്യേ സാപത്ന്യ ദുഃഖത്തെ
കാഴ്ചയ്ക്കാൻ, മരണംവരം.

അതിനാൽ യത്നമാണ്ടാലും
ഭരതൻ നാട്ടുവാഴുവാൻ,
രാമനോ പതിനാലാണ്ടു
വനത്തിൽപ്പാർത്തിടാനുമായ്.

രാമനെക്കാട്ടിൽ വിട്ടാലെ
ക്ഷേമം ഭരതനെത്തിട്ടു.
അതിന്നുപായമോതീടാം
ചിതം പോലോർത്തുവെച്ചതാം.

ഇന്ദ്രപ്രാർത്ഥനയാൽ പണ്ടു
ചെന്നാൻ ദശരഥൻ നൃപൻ
സൈന്യത്തോടും സഹായിപ്പാൻ
സുരാസുര രണേ, മഹാൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സോല്ലാസം നീയുമൊപ്പം പോയ്
വില്ലാളിക്കു സഹായമായ്.
യുദ്ധം നടന്നിരിക്കെത്തൻ
രഥത്തിന്നച്ചുകോൽത്തല,

മുറിഞ്ഞു വീണതേതും താ—
നറിഞ്ഞീല മഹാരഥൻ.
നീയപ്പോരം കീലരന്ധ്രത്തിൽ
കയ്യിട്ടും ധൈര്യമൂർത്തിയായ്,

രഥം കാത്തു തരം പോലെ
പതിപ്രാണൈകതൽപരാ.
ദൈത്യരെക്കൊന്നശേഷം നിൻ
കൃത്യംകണ്ടു മഹാരഥൻ,

ആശ്ചര്യം പരമംപൂണ്ടും
സാശ്ലേഷം ചൊല്ലിമോദിതൻ
"എന്തുവേണം നിനക്കെന്നാൽ
സന്തോഷാലതു ചെയ്യുവേൻ.

രണ്ടു കാര്യം പറഞ്ഞാലും
വേണ്ട, തേതും നടത്തിടാം.''
തൃപ്തയായ് ചൊല്ലിനീയപ്പോരം
''ദത്തമാം വരമെങ്കിലൊ

തരംപോൽ കാലമാകുമ്പോരം
തരാൻ ഞാനറിയിച്ചിടാം.
തൽക്കാലം സത്യവാക്കായ് താൻ
നില്ക്കട്ടേ നിൻ വരദ്വയം.''

അതുപോൽ സമ്മതിച്ചല്ലൊ
ക്ഷിതീശൻ വിട്ടുപോർക്കളം.
എന്നൊടീവാർത്തമുന്നം നീ
ചൊന്നതാമിന്നതോർമ്മയായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പാകമിപ്പോഴം വരംനേടാൻ
പൂക കോപാലയം ദ്രുതം.
രോഷ ഭാവത്തൊടങ്ങിങ്ങായ്
ഭൂഷയെല്ലാമെറിഞ്ഞുമെ
വെറും മണ്ണിൽശയിച്ചാല്യം
വൈവശ്യം പൂണ്ടുമൌനമായ്,

സത്യവാക്കാം നൃപൻകാര്യ–
മൊത്തതപോൽചെയ്തിടും വരെ.''
ചൊല്ലേവം കേഠംക്കവേദുഷ്ട
നല്ലതെന്നോർത്തു കൈകയി,

നഷ്ടമായ് നന്മനോഭാവം
ദുഷ്ടസംസർഗ്ഗമൂലമായ്
നീചയാം കുബ്ജയോടോതി
''നീയേററം ബുദ്ധിശാലിനി

അമ്പോ! നിൻ ബുദ്ധിചാതുര്യം
മുമ്പേവമറിവീലഞാൻ.
ഭരതൻ പ്രിയപുത്രൻമെ
ഭരണം കൈവരിക്കുകിൽ

ഗ്രാമം നൂറുനിനക്കേകും
പ്രേമം നിന്നിലിരട്ടിയാം''
ഏവംചൊല്ലിപ്രവേശിച്ചാഠം
കോപാഗാരം തരാമ്പിതം.

അഴിച്ചുഭൂഷണം സർവ്വം
ചുററും ചിതറിവിട്ടവഠം
ശയിച്ചു ഭൂമിയിൽത്തന്നെ
മലിനാംബര വേഷയായ്.

എന്നിട്ടോതി ''ശുഭേകുബ്ജേ!
മൃത്യുവന്നാകിലും ശരി
ഞാനീനിലയ്ക്കുവാണീടും
രാമൻ നാടു വിടുംവരെ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അങ്ങനെച്ചെയ്ക കല്യാണി!
മംഗളംവന്നുചേർന്നിടും
എന്നു മന്ഥരയും ചൊല്ലി
മന്ദംപോയ് സ്വഗൃഹാന്തരെ.

ധീരൻ, ധാർമ്മിക, നത്യുദാരമതിയാം നിസ്വാർത്ഥ
സേവാപരൻ,
നേരും നീതിയുമൊത്തവൻ, വിനയവാൻ,
വിദ്യാവിവേകാന്വിതൻ,
ആരും പാപികളൊത്തുചേർന്നനുദിനം
വർത്തിക്കിലത്യാഹിതം
ചേരും, ചാരുഗുണങ്ങളൊക്കെയൊഴിവായ്
പാപിഷ്ഠനാകും ക്രമാൽ.

അതിനാൽ ദുഷ്ടസംസർഗ്ഗം
ത്യജിച്ചാല്യം സദായ്പൊഴും
ദുസ്സംഗാൽ കൈകയിക്കൊപ്പം
നഷ്ടമാം പുരുഷാർത്ഥവും.

സർഗ്ഗം—3

## ദത്തവരപ്രയോഗം

രാമകാര്യാർത്ഥമായ് വേണ്ട
രാജശാസനമേകിയോൻ
രാവുറങ്ങാൻ ഗൃഹം പൂകി
രാജാദശരഥൻ മഹാൻ.

അങ്ങുതൻ പ്രിയയെക്കാണാ—
ഞ്ഞമ്പരന്നു മഹീപതി
''പതിവായിങ്ങു ഞാനെത്തെ
പുതുപുഞ്ചിരി പൂണ്ടവൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എതിരേല്ക്കമതും വീട്ടി
സ്ഥിതിയെന്തില്ല കാണുവാൻ.''
ഇതിചിന്തിച്ചു ചിന്തിച്ചു-
മതിയായ് ദുഃഖമാർന്നവൻ

പതിവിൻപടി വന്നെത്തും
പതിയെ സ്വീകരിപ്പവരം
ഇന്നെങ്ങാമെന്നുതൻ ദാസീ
വൃന്ദത്തോടഥ ചോദ്യമായ്.

അവരോതിതദാ ''കോപ
ഭവനം പൂകിദേവിയാം
കാരണം ചെന്നുചോദിക്കു
നേരേ, ഞങ്ങാക്കറിഞ്ഞിടാ.''

ഇതുകേട്ട ഭയത്രസ്തൻ
ക്ഷിതിനാഥൻ പ്രിയാന്തികെ
ചെന്നിരുന്നഥ ചോദിച്ചാൻ
മന്ദമന്ദം തലോടിയും.

''പൊന്നണിക്കട്ടിൽ വിട്ടെന്തേ
മന്നിലിങ്ങു ശയിപ്പതും
ഭൂഷണൗഘം വെടിഞ്ഞും നിൻ
വേഷമേവം മുഷിഞ്ഞുമെ.

എന്നൊടീ മൌനമെന്തിന്നായ്
ഖിന്നനായ് തീർന്നിടുന്നു ഞാൻ
ചൊന്നാലുമെന്തു നിന്നിഷ്ടം
ധന്യേ!സർവ്വം നടത്തിടാം

ആരു നിന്നഹിതം ചെയ്തോ-
നാണോ പെണ്ണോ ശുഭാനനെ!
വിധിക്കാം ശിക്ഷയേതും ഞാൻ
വധിക്കാം വേണമെങ്കിലൊ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചൊന്നാലുമെന്തുനിന്നിഷ്ടം
വന്നീടാൻ വേണ്ടതെൻ പ്രിയെ!
ഏറ്റം ദുർല്ലഭമായാലു–
മേററു ഞാൻ, നിറവേററിടാം.

പ്രേമിപ്പോൻ നിൻവശം നില്പോൻ
ഞാനെന്നു, മറിയുന്നു നീ
പിന്നെയും പാഴിലെന്തെന്നെ
ഖിന്നനാക്കുന്നതെൻ പ്രിയെ!

ദരിദ്രൻ നിൻ പ്രിയം ചെയ്തോ–
നാരെ ഞാൻ പ്രഭുവാക്കണം
ധനവാനപ്രിയം ചെയ്തോ–
നാരെ ഞാൻ ''പാപ്പ''രാക്കണം.

ആരെ ഞാൻ കൊല്ലണംചൊല്ലൂ
ആരെ ഞാൻ വിട്ടയയ്ക്കണം.
എന്തിനേറെ, പ്രിയം പ്രാണൻ
ത്യജിപ്പാനുമൊരുക്കമാം.

രാമനെൻ പ്രാണനെക്കാളും
പ്രേമമാർന്നോനെനിക്കഹൊ
''ആ രാമൻ തന്നെ''നിന്നിഷ്ട–
മാരാലെന്തും നടത്തിടാം.''

രാമനാമത്തിലീസത്യം
ഭൂമിപൻ ചെയ്തു കോക്കവെ
കൈകൊണ്ടു കൺ തുടച്ചേവം
കൈകേയി പുനരോതിനാൾ.

''സത്യമാം ചൊന്നതെന്നാലും
സത്യം പാലിക്കുമെങ്കിലും
ഞാനിപ്പോൾ പറയും കാര്യം
മാനിച്ചൊപ്പം നടത്തുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദേവാസുര രണേ മുന്നം
ഭവാനെക്കാത്തുപോന്നു ഞാൻ
തുഷ്ടനായേകിനാനന്നെ–
ന്നിഷ്ടമൊത്തവരദ്വയം.

പിന്നെയാവാം യഥാകാല–
മെന്നപ്പോളോതിനോളിവൾ.
ഇന്നതേകുഭവാ; നാദ്യം
മന്നനാകട്ടെ മത്സുതൻ.

സംഭരിച്ചിവകൊണ്ടേകു
ഭരതന്നഭിഷേചനം,
മറ്റൊന്നു–കാട്ടുപൂകാനായ്
തെറ്റെന്നേല്പിക്ക രാമനെ.

മുനി വേഷത്തൊടും രാമൻ
ജടാവല്ക്കലധാരിയായ്
പതിന്നാലാണ്ടുവങ്കാട്ടിൽ
കനിതിന്നു കഴിക്കണം.

പിന്നെ വന്നാലുമാകാട്ടിൽ
തന്നെ നിന്നാകിലും ശരി,
രാവിലെത്താൻ ഗമിക്കട്ടെ
രാമൻ രാജീവലോചനൻ.

താമസം വരുകിൽജ്ജീവൻ
ത്യജിക്കും ഞാൻ തവാന്തികെ.
ഇതാണെന്നിഷ്ട കാര്യങ്ങൾ;
പ്രതിജ്ഞ നിറവേറ്റുക.''

കൈകേയീ വചനം പാരം
കഠോരം രോമഹർഷണം
കേൾക്കവേ വീണു ഭൂപാലൻ
വജ്രമേറ്റദ്രിപോലവെ.

വെറും സ്വപ്ന മതോ ചിത്ത–
ഭ്രമമോ തന്നിലേറ്റതായ്
ശങ്കിച്ചു കൺതുടച്ചേറ്റം
സങ്കടത്തോടു ഭൂപതി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നോക്കവൈക്കണ്ടതൻ മുന്നിൽ
വ്യാഘ്രിപോൽ നില്പിതോമലാം.

രാജാവ്: "അയ്യോ! പ്രാണഹരം വാക്യം
നിയ്യേവം ചൊല്വതെന്തുവാൻ

രാമനെന്തപരാധം ഹാ!
കോമളൻ ചെയ്തുപോയതായ്
വാഴ്ത്തുവോളവനെ ബ് ഭദ്രേ!
നിത്യവും നീ നിരാമയം.

രാമനെന്നിൽ പ്രിയം, സ്വന്തം
മാതാവും ഞാനുമൊപ്പമാം.
എന്നല്ലോ നിൻെറ വാക്കെന്നു–
മിന്നെന്തീവിധമോതുവാൻ

രാജ്യം നിൻ സുതനായ് നല്കാം
രാമൻ നിന്നോട്ടെ തൻ ഗൃഹെ
അവനാൽ ഭയമുണ്ടാകാ;
ദയവായ് സമ്മതിക്ക നീ.''

കേണപേക്ഷിച്ചിതേ മട്ടിൽ
കരഞ്ഞാൻ കാല്ക്കൽ വീണവൻ
കൈകേയി കൺ ചുവന്നേററം
''കൈകടന്നോ''തിയിങ്ങനെ.

''നൃപ! നീ ഭ്രാന്തനെപ്പോലെ
വിപരീതം കഥിക്കയോം.
ഓർക്കണം നരകം ചേരും
വാക്കുപാലിച്ചിടാത്തവൻ.

കാലത്തു രാമൻ മുനിവേഷനായ് താൻ
കാട്ടിൽ ഗമിപ്പാൻ മുതിരാതിരുന്നാൽ
കെട്ടിപ്പിടഞ്ഞോ വിഷമുണ്ടു കൊണ്ടോ
കാട്ടിത്തരാം ഞാനുയിർ പോക്കുമല്ലോ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സത്യവ്റതൻ ഞാനിതിഭാവമല്ലെ
നിത്യം പരത്തുന്നിതുലോകമെല്ലാം.
രാമൻെറ നാമത്തിലുരച്ച സത്യം
പാലിച്ചിടാത്തോൻ നരകത്തിലാം നീ.''

കർക്കശം വാക്കിദം കേട്ടു
ദുഃഖക്കടലിലാണ്ടവൻ
ബോധംകെട്ടു നിലം പൊത്തി
സുധിയാം നൃപനഞ്ജസാ.

രാവേവം പോക്കി ദുഃഖത്താൽ
വർഷമൊന്നെന്നപോൽ നൃപൻ.
അതികാലത്തു മുൻ മട്ടിൽ
സ്തുതിപാഠകരെത്തിനാർ.

കഷ്ടം കോപിഷ്ഠ കൈകേയി
തടഞ്ഞാളവരെത്തദാ.
പിന്നെ പ്രഭാതമായപ്പോഠം
വന്നൊരുങ്ങി ഗൃഹാങ്കണെ,

ബ്രഹ്മ ക്ഷത്രിയ വൈശ്യന്മാർ,
മുനിമാർ, കന്യകാജനം,
കുടചാമരവും ദിവ്യ
ഗജവും വാജിവൃന്ദവും,

മറുഭാഗത്തു വാരസ്ത്രീ
ജനവും പൌരമുഖ്യരും.
വസിഷ്ഠ കല്പനക്കൊത്തു
സർവ്വം തത്ര നിരന്നുതെ.

നിദ്രയില്ലാതെ രാവെല്ലാം
പോക്കീ സ്ത്രീബാലവൃദ്ധരും.
''മഞ്ഞപ്പട്ടണി വേഷത്തിൽ
രാമനെക്കാൺമതെപ്പൊഴൊ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സർവ്വാഭരണ സമ്പന്നൻ
കിരീടമകുടോജ്ജ്വലൻ
കൌസ്തുഭാഭരണൻ ശ്യാമൻ
കന്ദർപ്പശത സുന്ദരൻ,

വെൺകൊററക്കുടയിൻ കീഴിൽ
നാൽക്കൊമ്പൻ പുറമേറിയോൻ,
സൌമിത്രിയൊത്തു, രാജ്യാഭി-
ഷിക്തൻ, സുസ്മേരവക്ത്രനായ്,

രാമനെക്കാൺമതെപ്പോഠം നാം
യാമിനിക്കന്ത്യമെപ്പൊഴൊ''
ഈ മട്ടു ചിന്തയാൽ പൌരർ
ശ്രീമാനെക്കാത്തിരിക്കയാം.

രാജേന്ദ്രനെന്തുണർന്നീലാ
രാവു തീർന്നുമിതേവരെ
എന്നുടൻ വിസ്മയം പൂണ്ടു
ചെന്നാൻ മന്ത്രി തദന്തികെ.

ജയ ശബ്ദേന വന്ദിച്ചു
നൃപനെക്കണ്ട മാത്രയിൽ
ദുഃഖാർത്തനെന്നറിഞ്ഞങ്ങു
നില്ക്കും രാജ്ഞിയൊടോതിനാൻ.

''ദേവി കൈകേയി ചൊന്നാല്വ-
മീവിധം കാൺമതെന്തുവാൻ.''
അവളോതി ''നൃപൻ രാവിൽ
കേവലം നിദ്ര വിട്ടവൻ.

രാമൻ രാമനിതേ നാമം
രാവെല്ലാമുച്ചരിച്ചു താൻ
ഉറങ്ങാത്രയും വാണീ
മുറയ്ക്കുസ്വസ്ഥനായിതെ.
രാമനെശ്ശീഘ്രമെത്തിക്കു
രാജാവിച്ഛിപ്പൂ കാണുവാൻ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''മന്നവൻ ചൊല്ലുണം പോകാ''—
നെന്നപ്പോരം മന്ത്രിവര്യനും.
സംവാദം ഭൂമിപൻ കേരക്കെ
സചിവൻ തന്നൊടോതിനാൻ.

''രാമനെക്കാണണം വേഗാൽ
സുമന്ത്രാ! കൊണ്ടുവന്നിടു''
നരപാലാജ്ഞ കേട്ടാറെ
ത്വരിതം പോയ് സുമന്ത്രനും.

തടവെന്യേ തദാ ചെന്നു
രാമനോടോതിനാനവൻ
''ശീഘ്രം പോന്നാലുമെൻ കൂടെ
രാമ! രാജീവ ലോചന!

പിതൃഗേഹത്തിലേ,യ്ക്കച്ഛൻ
തവദർശന കാംക്ഷിതൻ.''
ഉടനെസ്സംഭ്രമം പൂണ്ടും
രഥം കേറി മഹാഭുജൻ,

രാമൻ, ലക്ഷ്മണനോടൊത്തും
ശ്രീമാൻ സാരഥിയൊത്തുമെ-
ഗൃഹമദ്ധ്യേ വസിഷ്ഠാദി
മഹാത്മാർ നോക്കി നില്ക്കവെ,

നേരേ ചെന്നു പതിച്ചാൻ തൻ
പിതാവിൻ ചരണാന്തികെ
പുത്രനെപ്പുല്കുവാൻ ബദ്ധ—
പ്പെട്ടെണീററു മഹീശ്വരൻ,

'രാമാ'യെന്നോതി കൈനീട്ടെ
ഭൂമിയിൽത്തന്നെ വീണുപോയ്.
വാരിപ്പിടിച്ചുടൻ രാമൻ
മടിയിൽച്ചേർത്ത താതനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഗൃഹാന്തസ്ത്രീകളന്തം വി–
ട്ടതു കാൺകെക്കരഞ്ഞുപോയ്.
വസിഷ്ഠൻ ബഹളം കേട്ടു
വന്നിതെന്തെന്നറിഞ്ഞിടാൻ.

രാമൻ റാണിയൊ' 'ടെന്താവാം
രാജാവിൻ ദുഃഖ കാരണം''
എന്നു ചോദിക്കവെച്ചാരെ
നിന്നിടുന്നവളോതിനാൻ.

''നീ തന്നെ കാരണം; കാര്യ–
മേതാണ്ടൊന്നു നടത്തുവാൻ
രാജാവിച്ഛിപ്പതോനീതാൻ
ചെയ്യുകിൽ ദുഃഖശാന്തിയാം.

സത്യപ്രതിജ്ഞനാം നീയേ
സത്യവാക്കാക്കുകച്ഛനെ.
വരം രണ്ടേകിമേ പണ്ടെൻ
വരൻ സന്തുഷ്ട മാനസൻ.

നിന്നാൽ താൻ കൃതമാകേണ്ടു–
ന്നതു ചൊല്ലാൻ മടിക്കയാം.
സത്യപാശത്തിനാൽ ബദ്ധൻ
പിതാവിൻ രക്ഷ നിന്നിലാം.

പിതാവെ ത്രാണനം ചെയ്‌വോൻ
പുത്രനെന്നറിയേണ്ടതാം.''
കൈകേയീ വചനം കേട്ടു കൈ
രാമൻ ശൂലം തറച്ചപോൽ,

മനം നൊന്തവളോടോതി
''മാതാവേ! ചൊല്‌വതെന്തിദം,
താതന്നുവേണ്ടി ഞാൻ ജീവൻ
ത്യജിക്കും വിഷമുണ്ടിടും.

സീതയെസ്സന്ത്യജിക്കും ഞാൻ
മാതാവെക്കൂടി രാജ്യവും,
പിതാവോതാതെ തൻകാര്യം
ചെയ്തിടും പുത്രനുത്തമൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചൊല്പടിക്കാചരിപ്പോനാ—
മെപ്പൊഴും മദ്ധ്യമൻ ദൃഢം
ചൊന്നാലും ചെയ്യിടാത്തോനോ
ചൊല്ലാമധമനാണവൻ.

അതിനാലെന്തുതാൻ താത—
നോതു മോചെയ്‌വവനൊക്കെയും
ഇതുസത്യം സദാസത്യം
ചതിവാക്കോതുകില്ല ഞാൻ.''

രാമപ്രതിജ്ഞ കേട്ടപ്പോരം
സാമോദംചൊല്ലി കൈകയി
നിന്നിലിന്നഭിഷേചിക്കാൻ
സംഭരിച്ചവകൊണ്ടു താൻ

എൻ പുത്രൻ ഭരതന്നേക്കു
മുമ്പിനാലഭിഷേചനം.
അന്യമാം വരമെന്തെന്നാ—
ലിന്നു നീ കാട്ടു പൂകണം.

മരത്തോൽ ജടയും പൂണ്ടും
മുനിജീവിതമാർന്നുമെ
പതിന്നാലാണ്ടു കാട്ടിൽത്താൻ
പാർക്കണം, പോണമിപ്പൊഴെ.

നിന്നാൽ പിതാവിനൊക്കേണ്ടും
കാര്യങ്ങളിവ രണ്ടുമാം.
എന്നാൽ താതനതോതീടാൻ
നന്നെപ്പേടിച്ചിരിക്കയാം.''

രാമൻ: ''ഭരതന്നാട്ടെ രാജ്യം, ഞാൻ
ത്വരിതം കാട്ടുപൂകുവേൻ
രാജാവെന്തെന്നൊടാ കാര്യം
നേരിട്ടു പറയാത്തതും?''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമന്റെ വചനം കേട്ടു
നോക്കവെക്കണ്ടു രാമനെ
രാജാദശരഥൻ തപ്തൻ
ശോചനീയോക്തി ചൊല്ലിനാൻ.

''സ്ത്രീജിതൻ ഭ്രാന്തചിത്തൻ ഞാൻ
സന്മാർഗ്ഗം സന്ത്യജിച്ചവൻ.
രാജ്യം ഭരിക്ക നീയെന്നെ
ബന്ധിച്ചും; പാപമില്ലതിൽ.

എത്തിടില്ലതിനാലെന്നിൽ
സത്യലംഘന ദോഷവും''
ഇത്രയും ചൊല്ലി ഭൂപാലൻ
തപ്തനായ് വിലപിക്കയായ്

''ഹാ രാമ! ഹാ ജഗന്നാഥ!
ഹാ മമ പ്രാണവല്ലഭ!
എന്നെ ത്യജിച്ച നീ ഘോര
വിപിനേപോവതെങ്ങനെ.''

ഇതോതി രാമനെപ്പുല്കി
വാതുറന്നു കരച്ചിലായ്.
നനച്ചകൈകളെക്കൊണ്ടു
നരേന്ദ്രനയനങ്ങളെ,

തുടച്ച രാമനാശ്വാസ-
വാക്കോതീ നയകോവിദൻ.
''അനുജൻ നാടുവാഴട്ടെ
വ്യസനം വേണ്ടതിൽ പ്രഭൊ!

സത്യം പാലിച്ചശേഷം ഞാൻ
തിരിച്ചെത്താം തവാന്തികെ.
എന്നുമല്ലിവിടത്തേക്കാൾ
വനവാസം സുഖം മമ.

അച്ഛന്റെ സത്യവും കാക്കാ-
മിച്ഛപോൽ ദേവകാര്യവും,
കൈകേയിക്കിഷ്ടവും കൂടും!
കാടുവാഴ്ച ഗുണപ്രദം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കൈകേയീ ഹൃദയം ശാന്ത–
മാകട്ടേ പോകയാണു ഞാൻ
അഭിഷേകാർത്ഥസംഭാര–
മഖിലം മാററിവച്ചുക.

അമ്മയ്ക്കും ജാനകിക്കും ഞാ–
നാശ്വാസമരുളീട്ടടൻ
വന്നിങ്ങു തവ പാദങ്ങൾ
വന്ദിച്ചാവനമേറിടാം.''

എന്നും പറഞ്ഞു മാതാവെ
സന്ദർശിക്കാൻ തിരിച്ചുപോയ്.
അമ്മയോ രാമ കാര്യാർത്ഥം
ചെമ്മേ പൂജിപ്പു വിഷ്ണുവെ.

ഹോമം നടത്തി വിപ്രർക്കു
ദാനമേകീ യഥാവിധി
വിഷ്ണുവിൽച്ചിത്തമേകാഗ്രം
നിർത്തിദ്ധ്യാനിപ്പു മൌനമായ്.

തന്നുള്ളിൽ വാഴും ഘനചിൽപ്രകാശൻ
മിന്നും മനോരമ്യതര സ്വരൂപൻ
ആനന്ദസാന്ദ്രൻ ഹരിയെ സ്വഹൃത്തിൽ
ധ്യാനിക്കെ, രാമാഗമമാരറിഞ്ഞു!

സർഗ്ഗം—4

## കുടുംബാംഗാനുനയനം

രാമൻ വന്നതുകണ്ടപ്പോൾ
സുമിത്രാദേവി സംഭ്രമാൽ
വിവരം രാമ മാതാവെ
ബോധിപ്പിച്ചാൾ യഥോചിതം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമശബ്ദം ശ്രവിക്കെത്തെൻ
ധ്യാനവും നിർത്തി രാജ്ഞിയാം
ഓമനപ്പുത്രനെപ്പുൽകി
തന്മടിത്തട്ടിലേററിനാം.

ശ്യാമഗാത്രം തലോടിത്തൽ
ശിരോഭാഗം മുകർന്നുമെ,
വിശപ്പില്ലേ ഭുജിച്ചാലു—
മിച്ഛപോലെന്നുമോതിനാം.

രാമനോതി "ഭുജിച്ചീടാൻ
സമയം തെല്ലുമില്ലിഹ
കാനനം പൂകുവാൻവേഗം
പോകണം, നിശ്ചയിച്ചതാം.

കൈകേയീ വരദാനത്താൽ
സത്യബദ്ധൻ പിതാവഹൊ
ഭരതന്നേകി രാജ്യത്തെ
വനവാസമെനിക്കുമെ.

പതിന്നാലാണ്ടു ഞാനങ്ങു
പാർത്തിടും മുനിവേഷനായ്
പിന്നെ ശീഘ്രം മടങ്ങീടു—
മെന്നമ്മ വ്യസനിക്കൊലാ."

ഈ വിധം വാർത്തകേട്ടപ്പോം
കേവലം സ്തബ്ധയായവം.
സുബോധം വീണ്ടുമാർന്നാറെ
ചൊല്ലി കൗസല്യ ദുഃഖിതാ.

"വിപിനേപോകുറച്ചെങ്കിൽ
മകനേ! കൂട്ടുകെന്നെയും
ആവില്ല നീപിരിഞ്ഞെന്നാൽ
ജീവിപ്പാനരമാത്രയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പയ്യിന്നു കട്ടിക്കൂടാതെ
വയ്യാനില്ലാനൊരേടവും
നീയൊഴിഞ്ഞാവിധം ഞാനു-
മയ്യോനില്പാനശക്തയാം.

രാജ്യം ഭരതനേകട്ടെ
രാജാവിന്നിഷ്ടമെങ്കിലൊ
എന്നാലെന്തിന്നു കാടേറാൻ
നിന്നെത്തള്ളുന്നു ഭൂപതി.

കൈകേയീ വരദാനാർത്ഥം
രാജാവേകട്ടെ സർവ്വവും
അവരാക്കമച്ഛനും നീയെ-
ന്തപരാധം ചെയ്തുവെച്ചതായ്?

താതൻ നിൻ ഗുരുവാണെന്നാൽ
മാതാ ഞാൻ ഗുരുവാം ഗുരു.
കാട്ടിൽ പോകെന്നു താതാജ്ഞ
വീട്ടിൽ പാർക്കെന്നാതെൻ വിധി.

മാതൃവാക്യം ഗണിക്കാതെ
പിതൃവാക്യാനുസാരിയായ്
കാട്ടിലേക്കു ഗമിച്ചാൽ ഞാൻ
വിട്ടിടും പ്രാണനെത്തദാ.''

കൌസല്യാവചനം കേരക്കെ
ക്രോധാവേഗേന ലക്ഷ്മണൻ
മൂലോകം ഭസ്മമാക്കും മാ-
റേവം രാമനൊടോതിനാൻ.

''കൈകേയീ വശഗൻ ഭ്രാന്ത-
നീ കയ്യാൽ ബദ്ധനായിടും.
തരിതർപ്പണമാക്കും ഞാൻ
ഭരതൻ ബന്ധുവർഗ്ഗവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കാണട്ടെ ലോകമെൻ ശൌര്യം
ത്രൈലോക്യം ഭസ്മമാക്കിടാൻ.
രാമ! നിന്നഭിഷേകാർത്ഥം
ശ്രമം ചെയ്യാലുമിദ്ദിനം.

ഇന്നതിന്നെതിർ നില്പോരെ
ക്കൊന്നിടും ശസ്ത്രപാണി ഞാൻ.''
ഇത്രയും കേട്ടരാമൻ സൌ–
മിത്രിയോടോതി സാന്ത്വനം.

''ശൂരൻ നീ രഘുശാർദ്ദൂല!
ശരിയായെൻ ഹിതൈഷിയും.
സത്യം നീ ചൊന്ന,തെന്നാൽ തൽ
കൃത്യത്തിൻ കാലമല്ലിതു്.

കാൺമൊരീരാജ്യദേഹാദി
കാര്യങ്ങളും നിലനില്പതൊ
അല്ലായ്കിലെന്തിനായ് യത്ന–
മെല്ലാം ചെയ്‌വതു; നിഷ്ഫലം.

മന്നിലെ ബ്ഭോഗ്യവസ്തുക്കളും
മിന്നലിൻപടി ചഞ്ചലം.
ക്ഷിപ്രം നശിക്കുമായുസ്സും
തപ്തലോഹസ്ഥമംബു പോൽ.

സർപ്പവായിൽ പെട്ടും ഭേകം
ശാപ്പാടോർക്കുന്ന പോലവെ
കാലസർപ്പം പിടിച്ചോരീ
ലോകരും ഭോഗലോലുപർ.

പരംപണിപ്പാടുകളും ചെയ്തിടുന്നു
ശരീരസൌഖ്യത്തിനു മാത്രമായ് നരൻ.
ദേഹാദി ഭിന്നൻ പുരുഷൻ, ധരിക്കുകിൽ
മോഹംവരാ ഭോഗ്യപദാർത്ഥമൊന്നിലും

പുഴയിൽ പോം തടിക്കൂട്ടം
വഴിയിൽ പാന്ഥർ പോലെയും
താതമാതൃ സുതഭ്രാതൃ–
ദാരബന്ധങ്ങളോർക്കുകിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഛായാസമം ലക്ഷ്മിയുമസ്ഥിരം താൻ;
പായും യുവത്വം തിരമാല പോലെ;
സ്വപ്നോപമം സ്ത്രീസുഖ; മല്പമായു;—
സ്സെന്നാലുമെല്ലാററിലുമെത്രമോഹം!

സംസാരം ദുഃഖ സമ്പൂർണ്ണം;
ഗന്ധർവ്വ നഗരോപമം
സ്വപ്നതുല്യമതെന്നാലും
മഗ്നരാം മൂഢരായതിൽ.

ഉദയാസ്തമനം സൂര്യ—
ന്നുണ്ടാകുന്നതു കാൺകിലും
വാർദ്ധക്യം മൃത്യുവും തങ്ങളം—
ക്കെത്തുമെന്നോർത്തിടാ നരർ.

രാത്രിപോയ് പകലായ് പിന്നെ
രാത്രിയായത്ര മാത്രമാം
കാലവേഗം ഗണിക്കാതെ
കാമം തേടുന്ന വിഡ്ഢികരം.

ആയുസ്സുചോർന്നുപോം, പച്ച
മൺപാത്രജലമെന്ന പോൽ.
ദേഹത്തിലാക്രമിച്ചീടും
രോഗശത്രുക്കളും ദൃഢം.

ജരയും വ്യാഘ്രിയെപ്പോലെ
ക്രൂരയായ് നോക്കിനിൽപുതെ.
മൃത്യുവോ സമയം നോക്കി—
ട്ടൊത്തിണങ്ങി നടക്കയാം.

ദേഹം താനെന്ന ഭാവത്താൽ
മഹാനെന്നു ഞെളിഞ്ഞിടും
ജീവൻ; തൻദേഹമോക്ഷുദ്രം
കേവലം കൃമിതുല്യമാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മലമൂത്രാദി സംസിക്തം
മാംസരക്താസ്ഥി ബന്ധിതം
പരിണാമാത്മകം ദേഹ—
മാത്മാവാകുന്നതെങ്ങനെ?

ലോകം നീ ചുട്ടമെന്നോതി;
ലോകമേതാർ ചുട്ടുന്നതും?
'ദേഹോഹ' ഭാവമാണെല്ലാ
മോഹങ്ങൾക്കുമിരിപ്പിടം.

ദേഹോഹ ഭാവമാം ബുദ്ധി—
സ്സഹോ നാമ 'മവിദ്യ'യാം.
ആത്മാതാനെന്നു ഭാവിക്കും
ബുദ്ധിയോ 'വിദ്യ'യായതും.

അവിദ്യാഭൃത സംസാരം
വിദ്യയാൽ വിലയിച്ചുപോം.
മോക്ഷാർത്ഥിയതിനാലെന്നും
സൂക്ഷിച്ചാർജ്ജിക്ക 'വിദ്യ'യെ.
കാമക്രോധ വികാരങ്ങൾ
വിദ്യാവൈരികളോർക്കണം.

ശക്തമാം, കോപമൊന്നാലെ
മുക്തിമാർഗ്ഗം തടഞ്ഞിടാൻ,
കുടുംബക്കാരെയും കൊല്ലാൻ
ക്രോധാവിഷ്ടൻ മടിച്ചിടാ.

ക്രോധംമൂലം മനസ്താപം,
ക്രോധം സംസാരബന്ധനം,
ധർമ്മക്ഷയകരം ക്രോധം
ത്യജിക്കായതു ലക്ഷ്മണ!

ക്രോധം മഹാബലൻ ശത്രു;
കാമം വൈതരണീനദി;
സന്തോഷം നന്ദനോദ്യാനം
ശാന്തിയോ കാമധേനുവാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അതിനാൽ ശാന്തിയെത്തേട്ടു
ശത്രുക്കളൊഴിവായ് വരും
ദേഹേന്ദ്രിയ മനോബുദ്ധി—
പ്രാണങ്ങൾക്കുമതീതനായ്,

ശുദ്ധചൈതന്യമാ മാത്മാ
ദ്യോതിപ്പൂ നിർവ്വികാരനായ്.
ആവിധം ഭിന്നനാത്മാവെ—
ന്നറിയാൻ കഴിയുംവരെ,

സംസാരദുഃഖ ജാലത്തിൻ
പീഡതാനനുഭോജ്യമാം
അതിനാലോർക്കുകാത്മാവിൻ
ഭിന്നഭാവം സദായ്പൊഴും.

ഒപ്പം ലൌകിക കാര്യങ്ങ—
ളെപ്പേരും ചെയ്തുപോരിക,
പ്രാരബ്ധം സുഖദുഃഖങ്ങ-
ളെന്നുമാത്രം നിനച്ചുമെ.

പ്രാരബ്ധ നിലയിൽ തന്നാൽ
കൃതമാകേണ്ടി വന്നതാം
ബാഹ്യകാര്യങ്ങളൊന്നും താൻ
മോക്ഷബാധകമായിടാ.

അന്തരാത്മാ സ്വയം ശുദ്ധ—
മതിനേല്ക്കില്ല ബന്ധനം.
ഞാനീ പറഞ്ഞതെല്ലാം നീ
ധ്യാനിക്ക ഹൃദി സർവ്വദാ.

എന്നാൽ സംസാര ദുഃഖങ്ങൾ
നിന്നിലേല്ക്കില്ലൊരിക്കലും.
ഇതെല്ലാം ഭാവനം ചെയ്ക
മാതാവേ! തവഹൃത്തിലും.

കാത്തിരിക്കൂ, വരാം വേഗ,
മാർത്തയാകുന്നതെന്തിനായ്.
കർമ്മചാരിക്കൊരേ ദിക്കി—
ലെന്നും നില്പതസാദ്ധ്യമാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കഴിയില്ലൊത്തിരുന്നേറെ
ചുഴിയിൽപ്പെട്ട വഞ്ചികൾ.
പാതിമാത്ര കണക്കോട്ടം
പതിന്നാലാണ്ട കാലവും.

സമ്മതം നല്ക പോകാനാ–
യമ്മേ! ദുഃഖം ത്യജിക്കുക.
അങ്ങനെച്ചെയ്തുവെന്നാലെൻ
തങ്ങലങ്ങു സുഖത്തിലാം.''

ഇത്രയും ചൊല്ലി സാഷ്ടാംഗം
പുത്രൻവീണു നമിക്കവെ
പിടിച്ചെടുത്തു മാതാവും
മടിയിൽച്ചേർത്തു ചൊല്ലിനാൾ

‟സർവ്വഗന്ധർവ്വ ദേവന്മാർ
ശർവ്വൻ, വിഷ്ണു, പിതാമഹൻ
കാത്തിടട്ടെസ്സദാ നിന്നെ
നില്ക്കേ, നീങ്ങേ, യുറങ്ങവെ.''

പ്രാർത്ഥിച്ചാശീർവ്വചിച്ചേവം
പുത്രനെപ്പുല്കി രാജ്ഞിയാൾ.
ഹർഷാശ്രു ഗൽഗദത്തോടെ
ലക്ഷ്മണൻ ചൊല്ലി തദ്വിധൌ

ഭവാനെൻ ഹൃദയേനില്ക്കും
സംശയം തീർത്തു സർവ്വവും.
‟ഞാനും നിൻപിറകേ പോന്നു
സേവിക്കും സമ്മതിക്കുക.

അനുജ്ഞ നല്കിയില്ലെന്നാൽ
ഞാനെൻ പ്രാണൻ ത്യജിച്ചിടും.''
‟ശരി, വേഗം പുറപ്പാടായ്
വരികെ''ന്നോതി രാമനും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സീതയ്ക്കു വിവരം നൽകാൻ
വേഗംപോയ് പിന്നെ രാഘവൻ.
പതിയെക്കണ്ട മാത്രയ്ക്കാ
സതി സുസ്മേര ഭാഷിണി,

സ്വർണ്ണപാത്രജലം കൊണ്ട്
കാൽരണ്ടും കഴുകിക്രമാൽ
ചോദിച്ചു പതിയോടേവം
"നാഥ! നീയെങ്ങു നിന്നിദം

സേനയെന്യേ വരുന്നൂ നിൻ
ശ്വേതപത്രവുമെങ്ങഹൊ.
വാദ്യഘോഷങ്ങളില്ലില്ലാ
രാജചിഹ്നങ്ങളൊന്നുമെ.

ആർഭാടസഹിതം യാത്ര-
യ്ക്കേർപ്പാടില്ലാഞ്ഞതെന്തുവാൻ."
സീതതൻ വചനം കേട്ടുകൈ
സസ്മിതം ചൊല്ലി രാമനും.

"ദണ്ഡകാരണ്യ രാജ്യത്തിൻ
ഭരണം നൽകി മേ നൃപൻ.
അതിനാലതു പാലിക്കാ-
നിതുനേരം ഗമിക്കയാം.

ഇന്നുതാൻ പോകുവേൻ കാട്ടിൽ
നിന്നോടു പൊളി ചൊല്ലിടാ.
നന്നുനീ ശ്വശ്രുവിൻ കൂടെ
ചെന്നു സേവിച്ചിരിക്കുക."

സീത ചോദിച്ചിതപ്പോൾ സം-
ഭീതയായ് രാമനോടിദം.
"താതനെന്തേ മഹാത്മാവാ
കാട്ടുവാഴ്ച വിധിച്ചതെ."

ഓതി രാമൻ "പിതാവേകി
കൈകേയിക്കു വരദ്വയം
ഭരണം ഭരതന്നേകാൻ
ശരണം കാടെനിക്കുമായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പതിന്നാലാണ്ടു ഞാൻ കാട്ടിൽ
പാർക്കണം—വരമങ്ങനെ.
സത്യവാദി നൃപൻ രണ്ടും
സദയം സമ്മതിച്ചതാം.

അതിനാൽ പോകയാം വേഗ-
മെതിർ ചൊല്ലായ്ക ഭാമിനി!''
സീതയീവചനം കേട്ടുടൻ
പ്രീതഭാവത്തൊടോതിനാൾ.

''മുമ്പുഞാനാം ഭവാനെൻെറ
പിമ്പാകാം വനയാത്രയിൽ
എന്നെക്കൂടാത്ത നിൻ പോക്ക
മാന്യമല്ലോർക്ക രാഘവ!''

പ്രീതനായ് പ്രിയയോടോതി
പ്രിയനാം രഘുനന്ദനൻ.
''അയ്യയ്യോ നിന്നെയും കൂട്ടി
വയ്യല്ലോ വനയാത്രകൾ.

ഘോരരൂപരതിക്രൂരർ
നരഭോജികൾ രാക്ഷസർ
സിംഹ വ്യാഘ്ര വരാഹാദി
ഹിംസ്രജാതിയുമുള്ളിടം.

കടച്ചു ഫലമൂലങ്ങ-
ളൊട്ടേറെത്തിന്നു പാർക്കണം
കൂട്ടാനപ്പങ്ങളപ്പേരി
തൊട്ടൊന്നും ലഭ്യമായിടാ.

കായ്കളും കാലഭേദേന
കൈവരാമത്ര മാത്രതാൻ.
വഴിയോ കല്ലുമുള്ളാർന്നും
കഴിയാ നേരെ നീങ്ങുവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഗഹ്വരങ്ങളനേകങ്ങളാം
വിഹ്വലം ചികിടൊച്ചയും
ദണ്ഡമാമതിനാൽ പാർക്കാൻ
ദണ്ഡകാരണ്യ ഭൂമിയിൽ.

കാററു ചുട്ട തണുപ്പെല്ലാ–
മേററുകാൽനട താൻഗതി.
സ്വയം രാക്ഷസരെക്കണ്ടാൽ
ഭയാൽ ജീവൻ വെടിഞ്ഞുപോം.

അതിനാലിങ്ങുതാൻ പാർക്ക
ദ്രുതംഞാൻ പോയി വന്നിടാം.''
രാമൻെറ വചനംകേട്ട
സീതാദുഃഖ സമന്വിതാ,

മറുത്തോതി മുഖം വീർപ്പി–
ച്ചമർഷം ചെററുയർന്നുമെ.
''വിട്ടങ്ങു പോകയോ നീയീ
സതിയാം ധർമ്മപത്നിയെ.

പതിതന്നരികേ നില്ക്കും
പാതിവ്റത്യാസ്ത്ര ഹസ്തയെ
എമ്മട്ടാർ ധർഷണംചെയ്യും?
ധർമ്മജ്ഞൻ നീ ദയാപരൻ.

ഫലമൂലങ്ങളെന്തൊന്നോ
തവ ഭക്ഷണ ശിഷ്ടമായ്
ലഭിപ്പതമൃതം പോലെ
ഭുജിച്ചും തുഷ്ടയാകുവേൻ.

കല്ലും മുള്ളും നിറഞ്ഞോട–
മെല്ലാം പുഷ്പവിതാനമായ്
മാത്രമേ തോന്നുമെന്നുള്ളിൽ
ഭർത്താവൊത്തു നടക്കവെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭാരമാവില്ല ഞാനങ്ങ-
യ്യാര്യ! കാര്യസഹായിയാം.
ബാല്യത്തിലെന്നെ വീക്ഷിച്ച
ചൊല്ലീജ്യോത്സ്യനൊരാരാം മഹാൻ

ഭർത്താവൊത്തു വനേപാർക്കാ-
നെത്തും സംഗതിയെന്നുമായ്.
ജ്ഞാനിവാക് സത്യമാവട്ടെ
ഞാനിന്നൊന്നിച്ചു പോന്നിടും.

മറ്റൊന്നുപറയാം കേൾക്കു
പിന്നെന്നെക്കൊണ്ടു പോകുക.
രാമായണങ്ങളൊന്നല്ല
പലതും കേട്ടിരിപ്പു ഞാൻ.

അതിലെങ്ങാം വനേരാമൻ
സീത കൂടാതെ പോയതായ്.
അതിനാൽ നിൻതുണയ്ക്കായ് ഞാ-
നിത പോരുന്നു കൂടവെ.

എന്നെക്കൂടാതെ പോയെന്നാ-
ലിന്നെൻ പ്രാണൻ ത്യജിച്ചിടും.''
സീതതൻ നിശ്ചയം കണ്ടു
രാമൻ സമ്മതമേകിനാൻ.

''വരാമൊന്നിച്ചു നിന്നിഷ്ടം
വരാംഗി! നിറവേററുവേൻ.
ഗുരുപത്നിക്കുടൻ നൽകൂ
ഹാരം തൊട്ടവിഭൂഷകൾ.

ബ്രാഹ്മണർക്കായ് ധനം സർവ്വം
ചെമ്മേ നല്കിഗ്ഗമിക്കനാം.''
ഏവ മോതി ദ്വിജന്മാരെ
തത്രവേഗം വരുത്തിനാൻ.

കൊടുത്തു ഗോവൃന്ദമനേകമേറെ
വസ്ത്രങ്ങൾ ദിവ്യങ്ങൾ വിഭൂഷണങ്ങൾ
ഗൃഹസ്ഥരാം ശീലഗുണാഢ്യരാം സ-
ദ്വിജർക്കു രാമൻ രഘുവംശ ദീപം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സീതതൻ ഭൂഷണം സർവ്വം
ഗുരുപത്നികൾ നല്കിനാൻ
മാതാവിൻ സേവകന്മാർക്കും
ധനമേകി രഘൂത്തമൻ

സ്വന്തമാം സേവകന്മാരാ—
മന്തഃപുര നിവാസികൾ
പൌരന്മാരെന്നിവർക്കെല്ലാം
കോരിവാരിക്കൊടുത്തു പോൽ.

ലക്ഷ്മണൻ തൻെറ മാതാവെ
കൌസല്യാവശമാക്കിയും
ചാപ ബാണം ധരിച്ചോനായ്
രാമാഗ്രേ വന്നു നില്പുമായ്.

സഭാര്യൻ സാനുജൻ രാമൻ
സത്വരം പോയ് നൃപാലയെ.

ശ്യാമൻ, കാമസമാന, നെഞ്ചുമൊരു പോൽ
ഭംഗ്യാ വിളങ്ങിപ്പവൻ,
രാമൻ, സീതയൊടൊത്തു തൻെറ സഹജൻ
കൂടെച്ചരിച്ചങ്ങനെ,
കാൺമോരിൽക്കുതുകം പുലർത്തി വഴിയിൽക്കാൽ
വെച്ചിടം സർവ്വവും
ചെമ്മേ പാവനമാക്കി, രാജനിലയം പ്രാപിച്ചു
പാപാപഹൻ.

സർഗ്ഗം —5

## വനയാത്രാരംഭം

കൈകേയീവരദാനാദി
കേട്ടറിഞ്ഞ ജനാവലി,
സൌമിത്രി സഹിതം രാമൻ
സീതയൊത്തു ഗമിപ്പതായ്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കാണവേ തമ്മിലന്യോന്യം
കേണു കൊണ്ടേവമോതിനാർ.
''രാജാ ദശരഥൻ കാമി
രാമനെ പ്രിയ പുത്രനെ

സ്ത്രീവാക്കാൽ സന്ത്യജിച്ചല്ലൊ
സത്യപാലനമിത്രയൊ.
കൈകേയി ദുഷ്ടയാണെത്ര!
കഷ്ടം കാടേററി രാമനെ.

സത്യവാദി ഹിതംചെയ്വോ-
നിത്തരം ശിക്ഷയേകയൊ!
മാനമില്ലിവിടെപ്പാർക്കാൻ
കാനനം പൂകാ നമ്മളും.

സഭാര്യൻ സാനുജൻ രാമ–
നെങ്ങുപോമങ്ങു നമ്മളും.
കാൺകിതാ കഷ്ടമേ സീത
കാൽനടയ്ക്കേ ഗമിപ്പവാം

ദുർലക്ഷ്യ പുരുഷന്മാരാ–
ലല്ലീ ജാനകി സുന്ദരി
ഇന്നിപ്പോം ജനമദ്ധ്യത്തിൽ
നഗ്നപാദേന പോവതും.

രാമനും രമണീയാംഗൻ
വാരണാശ്വ വിവർജ്ജിതൻ
കേവലം കാൽനടയ്ക്കായ് താൻ
പോവിതാ ഭുവനേശ്വരൻ.

ലോകനാശത്തിനായ് തീർന്നോം
കൈകയീ നാമ രാക്ഷസി.
വ്യഥിതൻ നിശ്ചയം രാമൻ
സീതതൻ പദയാത്രയിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിധിപോൽ വന്നിടും സർവ്വം
വൃഥാ മാനുഷ പൌരുഷം.''
സത്തുക്കളീവിധം ചൊല്ലീ -
ട്ടത്തലാർന്നുമിരിക്കവെ,

വന്നുചേർന്ന മുനിശ്രേഷ്ഠൻ
വാമദേവനുരച്ചിദം.
''സീതാ രാമ രഹസ്യം ഞാ–
നോതാം ദുഃഖിപ്പതെന്തിനായ്.

ഈ രാമൻ വിഷ്ണുവാം സാക്ഷാ–
ലാദി നാരായണൻ പരൻ.
ജാനകീദേവിയോ ലക്ഷ്മി
യോഗമായേതി വിശ്രുത.

ആദിശേഷനിവൻ പേരാൽ
ലക്ഷ്മണൻ പിമ്പേപോകുവോൻ.
ഒന്നു താൻ മൂന്നു രൂപത്തിൽ
തോന്നുന്നൂ മായതൻ ഗുണാൽ.

ഒരേ ശക്തി രജോഭാവാൽ
സ്രഷ്ടാവാം ബ്രഹ്മനായത്തും
സത്വഭാവാൽ ജഗദ്രക്ഷാ–
കർത്താവാം വിഷ്ണുവായത്തും

തമസ്സാൽ വിലയം ചേർക്കു–
മമേയൻ രുദ്രനായത്തും.
ഭക്തനാം മനുവെപ്പണ്ടു
മത്സ്യരൂപം ധരിച്ചിവൻ

പ്രളയക്കോളിളകത്തിൽ
പ്ലവം കേററിത്തുണച്ചവൻ.
കടലെക്കടയും കാലം
മന്ദരം മഗ്നമാകവെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കൂർമ്മമായ്തൻ പുറത്തേററി
പൊങ്ങിച്ചോ നീ രഘൂത്തമൻ.
പ്രളയക്കണ്ടിൽ വീണെങ്ങും
നിലവിട്ടാഴ്ന്ന ഭൂമിയെ

പന്നിയായ് തേററമേലേററി-
പ്പോന്നിവൻ രഘു നന്ദനൻ.
പ്രഹ്ലാദ പ്രിയമേകാനായ്
പണ്ടിവൻ നരസിംഹമായ്

കീറിപ്പൊളിച്ചു ദൈത്യേന്ദ്ര-
മാറിടം കൈ നഖങ്ങളാൽ.
ഇന്ദ്ര മാതൃഹിതം നോക്കാൻ
ചെന്നു വാമന രൂപനായ്

യാചിച്ചു നഷ്ട രാജ്യത്തെ
മോചിപ്പിച്ചോനിവൻ മഹാൻ.
ദുഷ്ട ക്ഷത്രിയ സംഹർത്താ-
വിവൻ ഭാർഗ്ഗവനായതും.

ജഗന്നാഥനവൻ താനീ
യുഗാന്തേ രാമനായതും.
രാവണൻ തൊട്ടദൈത്യന്മാ-
രിവനാൽ ഹതരായ് വരും.

രാവണൻ മാനുഷക്കയ്യാൽ
ചാവണം വിധിയങ്ങനെ,
തനിക്കു പുത്രനായ് തീരാൻ
തപിച്ചാൻ ഹരിയെപ്പുരാ

രാജാദശരഥൻ; തൻെറ
പ്രജയായ് തീർന്നു വിഷ്ണുവും
ആവിഷ്ണതാനിവൻ രാമൻ,
രാവണാദി വധത്തിനായ്

ഇക്ഷണം പോയിട്ടും കാട്ടിൽ
ലക്ഷ്മണേന സമന്വിതൻ.
ഭഗവൻ മായയാം സീത
ജഗൽ പ്രഭവകാരിണി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാജാവോ കൈകയീതാനോ
തെല്ലും കാരണമില്ലിതിൽ.
ഭൂഭാരം തീർക്കുവാൻ ചൊന്നാ—
നിന്നലെത്തന്നെ നാരദൻ.

''ശരി ഞാൻ പോകുവേൻ കാട്ടിൽ
നാളെ''യെന്നോതി രാമനും.
വിഷാദമതിനാൽ രാമ—
വിഷയേ വേണ്ട തെല്ലുമേ.

രാമ! രാമ! ഹരേ! രാമ!
നാമമെന്നുമിതേവിധം
ജപിപ്പോൻ ജയി, സംസാരാൽ
തപിക്കില്ലൊരു നാളിലും

അമ്മഹാൻ രാമനെപ്പററി
ച്ചുമ്മാ ഖേദിപ്പതെന്തിനായ്.
രാമനാമം ജപിക്കെന്നും
കലികാലത്തതേഗതി.

ഭക്തന്മാർക്കു ഭജിപ്പാനും
നക്തഞ്ചര വധത്തിനും
രാജാവിന്നിഷ്ട പൂർത്തിക്കും
വ്യാജമാനുഷ രൂപനായ്.

വ്യക്തിയായ് ലീലയാടുന്നു
തക്കംപോലെ ജഗൽപതി.''
വിരമിച്ചാനിദം ചൊല്ലി
വാമദേവൻ മുനീശ്വരൻ.

ഇതെല്ലാം കേട്ട വിപ്രന്മാർ
മതി സംശയമററവർ
ഹരിതാൻ രാമനെന്നോർത്തു
ശരിയാം രാമ ഭക്തരായ്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''സീതാ രാമതന്നിത്തത്വ–
മേതൊരാൾ ചിന്തചെയ്യുമൊ
വിജ്ഞാന സഹിതം രാമ–
ഭക്തനായ് തീരുമായവൻ.

രാഘവ പ്രിയരേ! രാമ
രഹസ്യം കാത്തുകൊള്ളുക.''
എന്നും പറഞ്ഞു വിപ്രേന്ദ്രൻ
മറഞ്ഞാൻ, ധന്യരന്യരും.

സാനുജൻ രാമനോ പിന്നെ
സീതയൊത്തു നൃപാലയെ
തടവെന്യേ പ്രവേശിച്ച
കൈകേയിയൊടു ചൊല്ലിനാൻ

''മാതാവേ! വന്നിതാ ഞങ്ങൾ
വനയാത്രയ്ക്കൊരുങ്ങിയോർ
നിന്നിഷ്ടപ്പടി; താതാജ്ഞ
തന്നിടേണ്ടൊരു താമസം''

പെട്ടെന്നെണീററു കൈകേയി
വല്ക്കലങ്ങളെടുത്തഹൊ
രാഘവന്മാർക്കു സീതയ്ക്കു–
മേകിനാൾ വേറെ വേറെയായ്.

രാമൻ ത്യജിച്ചുതൻ വസ്ത്രം
മരത്തോൽ തന്നെ ചുററിനാൻ.
ഭ്രാതാവുമാവിധം ചെയ്തു;
സീതമാത്രം പരുങ്ങിനാൾ.

ലജ്ജയാ രാമനേ നോക്കി
വല്ക്കലം കയ്യിലേന്തിയോൾ.
രാമൻ വാങ്ങിയതോ ചാർത്തി
സീതതൻ പുടവയ്ക്കുമേൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അന്തഃപുരത്തിലുള്ളോർ, ക–
ണ്ഠന്തം വിട്ടുകരഞ്ഞു പോയ്.
വസിഷ്ഠൻ ബഹളം കേട്ടക്കെ
ഭർത്സിച്ചു ഭരതാംബയെ.

''രാമൻമാത്രം വനേപോകാൻ
വരം വാങ്ങിയതല്ലയോ
സീതയ്ക്കുമെന്തിനായ് പിന്നെ
ചീരവസ്ത്രം കൊട്ടപ്പത്തും.

പതിയെപ്പിന്തുടർന്നീടാൻ
സതിമോഹിപ്പിതെങ്കിലൊ
പതിവിൻ പടി ചാർത്തട്ടെ
പുതുവസ്ത്ര വിഭൂഷകൾ.

വിനോദം രാമനൊന്നിച്ചേരും
വന ദുഃഖം ശമിച്ചിടും.''
അരചൻ ചൊല്ലിനാനപ്പോൾ
''സുമന്ത്രാ! തേരൊരുക്കുക.

വനം കേറിഗ്ഗമിക്കട്ടെ
വനം, വനജനപ്രിയർ.''
ഇത്രയും ചൊല്ലി ഭൂപാലൻ
പുത്രരെ സ്സീത തന്നെയും

നോക്കി നോക്കിക്കരഞ്ഞും വൻ
ദുഃഖത്താൽ വീണു ഭൂമിയിൽ.
രാമൻ കാൺകെയുടൻ സീത
രഥത്തിൽച്ചെന്നു കേറിനാൾ.

വലംവെച്ചച്ഛനെപ്പിന്നെ
തേരിൽ കയറി രാമനും.
ചാപതൂണീരഖഡ്ഗങ്ങ–
ളീരണ്ടെണ്ണം വഹിച്ചവൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തേരേറി ലക്ഷ്മണൻ പിന്നെ
തിരക്കീ തേർ തെളിക്കുവാൻ.
അന്നേരം മന്ത്രിയോടോതി
നന്നെ നോവാർന്നു ദുഃഖിതൻ,

നില്ക്കു നില്ക്കെന്നു, ഭൂപാലൻ,
പോകപോകെന്നു രാമനും.
രഥം ദൂരെഗ്ഗമിച്ചപ്പോൾ
രാജാവോ വീണു മൂർച്ഛയിൽ.

പൌരന്മാർ ബാലവൃദ്ധന്മാർ
പാരം ഭക്തി മുഴുത്തവർ
നില്ക്കനില്ക്കെന്നുമാക്രോശി–
ച്ചൊക്കെത്തേർപിമ്പു പോയിനാർ.

രാജാവേറെക്കരഞ്ഞും തൻ
ദാസരോടോതിയിങ്ങനെ.
''കൌസല്യാ നിലയം തന്നിൽ
കൊണ്ടുപോയാക്കുകെന്നെയും.

അല്പകാലം കഴിക്കാം ഞാൻ
തൽപുരേ ദുഃഖിതാർത്തനായ്.
രാമനില്ലാതെ ജീവിക്കാ–
നാവതല്ലേറെ നാളുകൾ.''

രാമമാതൃ ഗൃഹം തന്നിൽ
ഭൂമിപൻ ചെന്ന മാത്രയിൽ
മൂർച്ഛിച്ചു വീണുപോയ് പിന്നെ
മൂകനായങ്ങിരിപ്പുമായ്.

രാമനോ തമസാതീരെ
താമസിച്ചന്നു സൌഖ്യമായ്
രാവുറങ്ങി മരച്ചോട്ടിൽ
സീതയൊത്തുപവാസമായ്.

ധർമ്മാത്മാ ലക്ഷ്മണൻ തത്ര
കാർമ്മുകം കയ്യിലേന്തിയും
ധർമ്മജ്ഞൻ മന്ത്രിയോടൊത്തും
സന്നദ്ധനായ് നിന്നു കാവലായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പൌരന്മാർ പിന്തുടർന്നോര-
ങ്ങരികെത്താമസിക്കയായ്.
രാമനെക്കൊണ്ടു പോകാനാ-
യില്ലെങ്കിൽ പിൻതുടർന്നിടാൻ.

പൌരചിന്ത ധരിച്ചപ്പോൾ
രാമൻ വിസ്മയമാണ്ടുപോയ്
''ഞാനിങ്ങിനി മടങ്ങായ്കിൽ
വനക്ലേശ മിവർക്കുമാം.''

ഏവം ചിന്തിച്ചുടൻ മന്ത്രി-
പ്രവരൻ തന്നോടോതിനാൻ.
''തയ്യാറാക്ക രഥം വേഗം
പോയേക്കാമിവിടന്നിനി.''

സുമന്ത്രൻ, ചൊല്പടി, ക്കപ്പോ--
ളമന്ദം തേരൊരുക്കിനാൻ.
അതിലേറിദ്രുതം പോയാർ
സീതയൊത്തു രാഘുത്തമർ

പോയാരയോദ്ധ്യതൻ നേർക്കാ-
യല്പം, പിന്നെത്തിരിച്ചുപോയ്,
കാണാതായ് രാമനെപ്പൌരർ
പ്രഭാതേകൺ തുറക്കവെ.

തേരുരുൾപ്പാടു കണ്ടോരാ
പൌരന്മാർ പിന്തിരിഞ്ഞു പോയ്
എത്തിനാർ സ്വപുരം, തത്ര
പാർത്തുപോൽ രാമചിത്തരായ്.

സുമന്ത്രൻ രഥമോടിച്ചാൻ
സുശീഘ്രം സമചിത്തനായ്.
സീതാസമന്വിതൻ രാമൻ
ശ്രീതാവും ഗ്രാമഭൂമികൾ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കണ്ടു കണ്ടെത്തിനാൻ ഗംഗാ
തീരത്തിൽ ശൃംഗി വേർപുരെ.
ഗംഗയെക്കണ്ടു വന്ദിച്ചു
മുങ്ങി സ്നാനം കഴിച്ചവർ,

ശിംശപാ വൃക്ഷമൂലത്തിൽ
വിശ്രമിച്ചു രസാന്വിതം
നാട്ടാർ ചൊല്ലി ഗുഹൻകേട്ടു
രാമൻ വന്ന മഹോത്സവം.

ഉടൻ സഖാവിനെക്കാൺമാ–
നോടിയെത്തി ഗുഹൻ തദാ,
മധുവും ഫലപുഷ്പങ്ങൾ
പലതും കയ്യിലേന്തിയോൻ.

രാമനായ് കാഴ്ചവെച്ചെല്ലാം
ഭൂമൌവീണു വണങ്ങിനാൻ.
എണീപ്പിച്ചവനെത്തുണ്ണ–
മാശ്ലേഷം ചെയ്തു രാഘവൻ

ചോദിച്ചു കുശലം; കൂപ്പു
കൈയോടോതി ഗുഹൻ തദാ.
''ധന്യനായ് ഞാൻ നിഷാദേശൻ
നിന്നെക്കാണുക കാരണം.

തവാംഗ സ്പർശനാലിപ്പോൾ
പരാനന്ദവുമേൽപു ഞാൻ.
ദാസനാമെൻെറയീ രാജ്യം
ശാസിക്കാം സ്വന്തമെന്നപോൽ.

തവാധീനമിതിൽ പ്പാർത്തു
ഭവാൻ രക്ഷിക്ക ഞങ്ങളെ.
പട്ടണം പൂകനാ, മെൻെറ
പത്തനം ശുദ്ധമാക്കുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സ്വീകരിച്ചാലുമങ്ങയ്ക്കായ്
ശേഖരിച്ചുള്ള കാഴ്ചകരം.
എന്നിട്ടനുഗ്രഹിച്ചാലു–
മെന്നെ, ദ്ദാസനെ, രാഘവ!''

പ്രീതനായോതിനാൻ രാമൻ
''സ്നേഹിതാ! കേരംക്കുകെൻ മൊഴി
പതിന്നാലാണ്ടു ഞാൻ പോകാ
പത്തനം ഗ്രാമമൊന്നിലും.

അന്യൻ തരുന്നതേതൊന്നും
തിന്നില്ലാ ഫലമൂലവും.
ഇന്നീരാജ്യ മെനിക്കുള്ള–
തെന്നാൽ നീ മമ തോഴനാം.''

വടക്ഷീരം വരുത്തിപ്പി–
ന്നുടൻ തന്നെ രഘൂത്തമൻ
ലക്ഷ്മണന്റെ സഹായത്തോ–
ടൊതുക്കിക്കെട്ടി തൻ ജട.

ജലം മാത്രം ഭുജിച്ചന്നാ
നിലത്തായ് പുൽ വിരിച്ചതിൽ
ശയിച്ചു രഘുശാർദ്ദൂലൻ
സതി സീതയുമൊത്തവൻ.

കൊട്ടാര മേടയിൽത്തങ്ക–
ക്കട്ടിലിൽപ്പട്ടു മെത്തയിൽ
പണ്ടുറങ്ങിക്കഴിഞ്ഞോണ–
മാണ്ടുപോയ് സുഖനിദ്രയിൽ.

അടുത്തുതാൻ, ചാപശരങ്ങരം കൈയിൽ
പിടിച്ചു സൌമിത്രി ഗുഹന്നു കൂട്ടായ്
കിടക്കുവോർക്കുത്തമ കാവലായ് കൺ
നടത്തി ചുററും നില്കൊണ്ടു രാവിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—6

# ഭരദ്വാജവാല്മീക്യാശ്രമങ്ങളിൽ

ഉറങ്ങും രാമനെക്കണ്ണീർ
നിറയും കണ്ണോടാഗ്ഗുഹൻ
നോക്കിനോക്കിപ്പരം ദുഃഖാൽ
ലക്ഷ്മണൻ തന്നോടോതിനാൻ.

''മേത്തരം മെത്തമേൽ, ശ്രേഷ്ഠ
പത്തനേ പൊന്നുകട്ടിലിൽ
ശയിച്ചോൻ രാമനീ പൊട്ട-
ക്കശപ്പുല്ലിൽ കിടക്കയാം

വിധിതാൻ കാരണം സർവ്വ
ദുരിതം വന്നുചേരുവാൻ
കൈകേയി ചട്ടുകം മാത്രം
കയ്യായ് നിന്നിതു മന്ഥര.''

ലക്ഷ്മണൻ ചൊല്ലിനാനപ്പോരം
''കേരംക്കമേ വചനം സഖേ!
ആരാർക്കു കാരണം ദുഃഖം
ചേരുവാൻ, സൌഖ്യമേൽക്കുവാൻ

സ്വകർമ്മം പൂർവ്വികം മാത്രം
സുഖദുഃഖൈക കാരണം

സുഖത്തെദ്ദുഃഖത്തെയുമന്യരേകു-
ന്നതെന്നു തോന്നുന്നതു ബുദ്ധിദോഷാൽ
വൃഥാഭിമാനം കരണത്വഭാവം;
സ്വകർമ്മബന്ധുസ്ഥിതമാണു ലോകം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സ്വന്തമായ് തോന്നിടുംമട്ടിൽ
സന്തതാചാരമാർക്കുമെ
ബന്ധുമിത്രാദി ഭാവങ്ങൾ
പൊന്തിടുന്നതിനൊത്തപോൽ

സ്വകർമ്മഫലമായ് വന്ന
സുഖമോ ദുഃഖമോ ശരി
സ്വയമായാവിധം തന്നെ
സ്വസ്ഥനായ് സ്വീകരിക്കണം.

ഭോഗത്തിലില്ലെനിക്കാശ
ഭോഗം വർജ്ജിപ്പതെങ്കിലും
'വന്നപാടെ'ന്ന ഭാവത്തിൽ
നിന്നിടാം കാര്യമേതിലും

ഏതൊരാളെങ്ങുവച്ചെന്നോ
ചെയ്തിടും കർമ്മമേതുമെ
അതാതിൻ പ്രകൃതിക്കൊത്ത
ഫലമേകും ഭുജിച്ചിടാൻ

സുഖദുഃഖാദി വേണ്ടേതും
ശുഭാശുഭഫലോദയെ
വേധസ്സിൻ വിധി ലംഘിപ്പാൻ
ദൈവദൈത്യർക്കുമായിടാ.

പുണ്യപാപകൃതം ദേഹം
സുഖദുഃഖസമാകുലം
ജന്മനാ; നരദേഹത്തിൽ
സമ്മേളിപ്പവ നിത്യവും.

സുഖത്തിൻ പിന്നിലായ് ദുഃഖം
ദുഃഖത്തിൻ പിന്നിലായ് സുഖം
ജീവികൾക്കിവ ലംഘിപ്പാ-
നാവില്ല ദിനരാത്രിപോൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സുഖത്തിന്നിടയിൽദ്ദുഃഖം
ദുഃഖത്തിന്നിടയിൽസ്സുഖം
ജലത്തിൽച്ചളിയെന്നോണം
മിളിതം രണ്ടുമെപ്പൊഴും

അതിനാൽ മായയാം സർവ്വ—
മെന്ന ഭാവേന ധൈര്യമായ്
ഇഷ്ടാനിഷ്ടം വരുന്നേരം
മോദഖേദങ്ങളേല്ലൊലാ.''

ഈ വിധം ലക്ഷ്മണൻ ചൊല്കെ
രാവുമങ്ങു കഴിഞ്ഞുപോയ്.
പ്രസാദം പൂണ്ട രാമൻ, തൻ
പ്രാതഃകർമ്മം കഴിച്ചുടൻ

ഗുഹനോടോതി, വേഗത്തിൽ
നല്ല തോണി വരുത്തുവാൻ.
അവനോ സ്വയമെത്തിച്ചാൻ,
ബഹുജാഗ്രതയുള്ളവൻ,

കെട്ടുറപ്പുള്ളതായ് നല്ല
ലക്ഷണം ചേർന്ന തോണിയും
''കയറാം മൂന്നുപേർക്കും, ഞാൻ
സ്വയമേ കൊണ്ടുപോയിടാം

തുഴയാൻ കൂട്ടുകാരുണ്ടു
തുണയാ''യെന്നുമോതിനാൻ.
ശരിയെന്നോതി രാമൻ തൻ
സതിയെക്കേററി മുമ്പിനാൽ

സ്നേഹിതകൈ സഹായത്താൽ
താനും കയറി തോണിയിൽ.
ആയുധങ്ങളതിൽക്കേററി
ഭ്രാതാവും പിമ്പു കേറിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഗുഹനും കൂട്ടരുംകൂടി
സുഗമം വഞ്ചി നീക്കിനാർ.
നദീമദ്ധ്യമണഞ്ഞപ്പോൾ
സീത പ്രാർത്ഥിച്ചു ഗംഗയെ.

''ദേവിഗംഗേ! നമസ്കാരം
ഭാവി ശോഭനമാക്കുക.
വനവാസാൽ പരം വീണ്ടും
തവ പൂജ നടത്തുവേൻ.''

തക്കംപോൽ തോണി നീക്കിക്കൊ
ണ്ടക്കരെയ്ക്കെത്തിനാരവർ.

അപ്പോഴോതി ഗുഹൻ ''രാമ!
ഒപ്പം ഞാനും വരുന്നിതാ.
സമ്മതിക്കായ്കിലോ പ്രാണൻ
സന്ത്യജിക്കും രഘൂത്തമ!''

നൈഷാദ വചനം കേട്ടു
രാമനോതിയിതേ വിധം.
''പതിന്നാലാണ്ടു ഞാൻ കാട്ടിൽ
പാർത്തശേഷം മടങ്ങുവേൻ.

കൃത്യമായ് വീണ്ടുമിങ്ങെത്താം
സത്യമെൻ വചനം സദാ.''
ആശ്വാസമീവിധം നൽകീ–
ട്ടാശ്ലേഷിച്ചഥ തോഴനെ

വീട്ടിലേക്കു മടങ്ങിടാൻ
വിട്ടു തന്നിഷ്ട ഭക്തനെ.

രാമനോ പിന്നെ വൈദേഹീ
ലക്ഷ്മണന്മാരുമൊത്തവൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭരദ്വാജാശ്രമോപാന്ത—
മാരാലെത്തി, പുരോഭുവി
കണ്ട മാമുനി തൻ ശിഷ്യ-
ദ്വിജനോടോതിയിങ്ങനെ.

''രാമൻ ദാശരഥിസ്സീതാ—
ലക്ഷ്മണന്മാർ പുറത്തിതാ
വന്നുനില്ക്കുന്നു വെന്നൊന്നു
ചെന്നു ചൊൽ മുനിയോടുടൻ.''

വട്ടപെട്ടെന്നു പോയ് തന്റെ
ഗുരുവെച്ചുപ്പിയോതിനാൻ
''മഹർഷേ! വന്നിതാ രാമൻ
ബഹിർഭാഗത്തു നിൽപുതെ.

സഭാര്യൻ സാനുജൻ ശ്രീമാൻ
സാദരം ചൊല്ലി വിട്ടതാം
ഭവാനെക്കാണുവാൻ വന്ന
വിവരം ബോദ്ധ്യമാക്കുവാൻ.''

കേട്ടമാത്ര ഭരദ്വാജൻ
പെട്ടെന്നേററു നടന്നഥ
അർഘ്യ പാദ്യാദി കൈക്കൊണ്ടു
രാമസാമീപ്യമെത്തിനാൻ.

രാമനെക്കണ്ടു വേണ്ടുംപോൽ
സ്വീകരിച്ചോതിയിങ്ങനെ.
''വന്നാലുമാശ്രമം തന്നിൽ
രാമ രാജീവ ലോചന!

പവിത്രീകൃതമാക്കേണം
ഭവാനെൻ പർണ്ണശാലയെ.''
അകത്തേക്കാനയിപ്പിച്ചാ—
നിത്ഥ്യം ചൊല്ലി മാമുനി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭക്ത്യാചാരങ്ങളാൽ വീണ്ടും
പൂജചെയ്തോതി യീവിധം.
"ഇന്നു നിൻ സംഗമം മൂലം
ധന്യനായ്, സഫലംതപം.

അറിവേൻ രാമ! നിൻഭൂത
ഭാവികാര്യങ്ങളൊക്കെയും
പരമാത്മാവു നീ മായാ
പരനായ് കാര്യഗൌരവാൽ

എന്തിന്നവതരിച്ചു നീ
ബ്രഹ്മാവർത്ഥിക്കയാൽ പുരാ
എന്തിന്നു വനവാസം നീ
ഹന്ത ചെയ്യുന്നതൊക്കെയും

തപോപാസനയാൽ ലബ്ധം
ജ്ഞാനക്കണ്ണാലറിഞ്ഞു ഞാൻ.
കൂടുതൽ ചൊല്ലിടുന്നില്ല
കൃതാർത്ഥൻ ഞാൻ രഘൂത്തമ!

പുരുഷോത്തമനാം നിന്നെ
പ്രത്യക്ഷം കണ്ടുകൊൾകയാൽ."
രാമലക്ഷ്മണരും സീതാ
ദേവിയും മൂന്നുപേരുമെ

ബ്രാഹ്മണാനുഗ്രഹത്തിന്നായ്
പ്രണമിച്ചാർ മുനീന്ദ്രനെ.
അങ്ങനെസ്സൽക്കൃതന്മാരാ-
യങ്ങുതാൻ തങ്ങി രാത്രിയിൽ

കാലത്തുണർന്നു മൂന്നാളും
മുനിബാല സഹായരായ്
യമുനയ്ക്കപ്പുറം പോയാർ
മുനിചൊന്ന വഴിക്കു താൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അങ്ങനെ ച്ചിത്രകൂടത്തിൽ
ചെന്നെത്തീ നല്ലൊരാശ്രമെ,
വാല്മീകി വാണിടുന്നേടം,
ഋഷിമാർ തങ്ങിടുന്നിടം,

എന്നും പൂകായ് നിറഞ്ഞേട—
മെങ്ങും പക്ഷി മൃഗാവൃതം.
അവിടെക്കണ്ടു വാല്മീകി
മുനിവര്യനിരിപ്പതായ്

മൂന്നുപേരും മുനിശ്രേഷ്ഠൻ
മുന്നിൽ വീണു നമിച്ചതെ.
വാല്മീകി രാമനെക്കണ്ടു
സീതാലക്ഷ്മണ സംയുതം.

സൌന്ദര്യനിധിയാം രാമൻ
ജടാമകുടമണ്ഡിതൻ
കന്ദർപ്പസദൃശാകാരൻ
കമനീയാംബുജേക്ഷണൻ.

കണ്ടമാത്രയിലേറ്റം
വിസ്മയംപൂണ്ടു മാമുനി
രാമനെപ്പുൽകി സാനന്ദം
സന്തോഷാശ്രുപൊഴിച്ചവൻ.

പൂജചെയ്തു ജഗൽപൂജ്യൻ
രാമനെബ്ഭക്തി പൂർവ്വകം
അർഘ്യപാദ്യാദിയാൽ പിന്നെ
ഫലമൂലനിവേദനാൽ.

രാഘവൻ മുനിയോടോതി
കൈകൂപ്പി വിനയാന്വിതം
''താതവാക്യാനുസരേണ
കാനനേ വന്നു ഞങ്ങളും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭവാനങ്ങറിവുണ്ടല്ലോ—
മിവൻകാരണമോതണോ
എങ്ങു ഞാൻ താമസിക്കേണ്ട—
മിങ്ങേതാംയുക്തമാമിടം.

സീതയൊത്തൽപ്പകാലം ഞാ—
നിവിടെത്താൻ കഴിച്ചിടാം.''
രാമൻെറ വചനം കേട്ടു
പുഞ്ചിരിച്ചോതി മാമുനി.

''നീയല്ലോ സർവ്വഭൂതങ്ങൾ—
ക്കിരിക്കാനുത്തമസ്ഥലം.
സർവ്വഭൂതങ്ങളും നിൻെറ
നിവാസസ്ഥാനമല്ലയൊ.

ഏവം സാധാരണം സ്ഥാനം
ചൊല്ലി ഞാൻ രഘുനന്ദന!
സീതയൊത്തുമിരിക്കാനായ്
പ്രത്യേകം വേണമോ സ്ഥലം.

ചൊല്ലാമെന്നാൽ രഘുശ്രേഷ്ഠ!
നിശ്ചിതം നിൻെറ മന്ദിരം.
സമമായ് സർവ്വവും കാൺമോർ
ശാന്തന്മാർ ദ്വേഷവർജ്ജിതർ
നിത്യം നിന്നെ സ്മരിപ്പോർ തൻ
ഹൃദയം നിൻെറ മന്ദിരം.

സർവ്വധർമ്മങ്ങളും വിട്ടു
നിന്നെത്താനാശ്രയിപ്പതാർ
അവർതൻ ഹൃദയം രാമ!
സീതയൊത്തു വസിച്ചിടാൻ.

നിൻ നാമ ജപമോടെന്നും
നിന്നിൽശ്ശരണമാണവർ
നിർദ്വന്ദ്വനിസ്പൃഹന്മാർ തൻ
ഹൃദയം നിൻെറ മന്ദിരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശാന്തന്മാർ നിരഹങ്കാരർ
രാഗദ്വേഷ വിവർജ്ജിതർ
സ്വർണ്ണം മണ്ണുംസമം കാൺമോർ
തൻ ചിത്തം തവ മന്ദിരം.

മനസ്സും ബുദ്ധിയും നിന്നിൽ
നിർത്തി സന്തുഷ്ടനായ് സദാ
സർവ്വം നിന്നിൽ സമർപ്പിപ്പോൻ
ഹൃദയം നിൻെറ മന്ദിരം.

ദ്വേഷമി,ല്ലാപ്രിയം വന്നാൽ
തോഷമില്ലാ, പ്രിയത്തിലും
സർവ്വവും മായയെന്നോർപ്പോൻ
തന്മനം നിൻെറ പത്തനം.

ഷഡ് വികാരങ്ങളാത്മാവി--
ന്നില്ല ദേഹത്തിനുള്ളതാം
ബുദ്ധിക്കുള്ള വികാരങ്ങൾ
മാത്രമാം ക്ഷുത്തൃഡാദികൾ

എന്നറിഞ്ഞ വിരക്തൻ തൻ
മാനസം നിൻെറ മന്ദിരം.

സർവ്വാന്തരംഗസ്ഥിതനാം വരേണ്യൻ
ചിദ്രൂപനാം സത്യമനന്തനേകൻ
നീയെന്നറിഞ്ഞോരുടെ മാനസാബ്ജെ
വസിക്ക സീതാസഹിതം സദാ നീ.

തെററാതെ നിത്യം തവ പാദസേവാ
കൃത്യത്തിനാൽ ചിത്തമുറച്ച ഭക്തർ
നിൻ നാമമന്ത്രേണ വിമുക്തപാപർ
തൻ മാനസേ വാഴ്ക സീതയൊത്തും.

രാമ! നിൻ മഹിമാവാർക്കു
വർണ്ണിക്കാൻ സാദ്ധ്യമായിടും
നിൻ മാഹാത്മ്യവശാൽ ഞാനീ
ബ്രഹ്മർഷിപദമെത്തിനേൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുന്നം കിരാതവർഗ്ഗത്തിൽ
ചേർന്നുപോയ് ഞാൻ വളർന്നവൻ
ദ്വിജനാം ജന്മനാ മാത്രം
ശൂദ്രാചാരപരൻ സദാ.

അജിതാത്മാവെനിക്കുണ്ടായ്
ശൂദ്ര സന്തതിവർഗ്ഗവും
അക്കാലത്തെത്തി ഞാൻ ചോര
സംഘത്തിൽ കൂട്ടുകൂടിനാൻ.

കാലനെപ്പോലെ കണ്ടോരെ
കൊന്നു ജീവിച്ചുപോന്നു ഞാൻ
അന്നൊരുന്നാൾ വനേ കണ്ടാൻ
സാക്ഷാൽ സപ്തർഷിമാർകളെ,

സൂര്യാഗ്നിപ്രഭപോലെങ്ങും
തേജസ്സേറ്റി വിളങ്ങുവോർ
അവരിൽക്കണ്ട വസ്ത്രങ്ങൾ
കവരാൻ മോഹമാർന്നു ഞാൻ

തക്കംപോൽ പിമ്പുറം ചെന്നു
'നിൽക്ക നിൽക്കെ'ന്നുമോതിനാൻ
'ധിക്കാരമെന്തു നിന്നിഷ്ട-
മൊക്കാ'നെന്നു മുനീന്ദ്രരും.

പറഞ്ഞേൻ ''വല്ലതും തട്ടി-
പ്പറിക്കാൻ തന്നെയെൻ ശ്രമം
കുടുംബം വലുതാണെന്റെ
കുടിക്കാൻ കഞ്ഞി വേണ്ടയോ.

അവരെത്തീറ്റി രക്ഷിപ്പാ-
നീവിധം ചുറ്റുവോൻ വനേ.''
നിർഭയം മുനിമാരപ്പോൾ
പറഞ്ഞാർ ''പോക നീ ഗൃഹേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പാപം നീ ചെയ്‌വതോരോന്നിൽ
പങ്കാളിത്തം വഹിക്കുമൊ
കുടുംബക്കാരുമെന്നൊററ-
യ്ക്കെല്ലാരോടും തെരക്കുക.

ഇങ്ങു താൻ കാത്തിടാം ഞങ്ങ-
ളങ്ങു നീ പോയ് മടങ്ങുക.''
സമ്മതിച്ചു ഗൃഹേ ചെന്നു
മുനിമാർ ചൊന്നവണ്ണമെ

ചോദിച്ചു പുത്രദാരാദി
കൂട്ടരോ,ടവരോതിനാർ.
''പങ്കില്ലാ പാപകർമ്മത്തിൽ
പങ്കിടും ഫലമത്ര താൻ.''

വാക്കേവം കേട്ട മാത്രയ്ക്കു
വൈരാഗ്യം വന്നുദിച്ചുമെ.
മടങ്ങി മുനിമാർ നിൽക്കു-
ന്നിടത്തേയ്ക്കെത്തി ഞാൻ ദ്രുതം.

സിദ്ധരാമവരെക്കാൺകെ
ശുദ്ധമായ് തീർന്നിതെൻ മനം
ആയുധം വിട്ടെറി,ഞ്ഞപ്പോ-
ളവർതൻ കാൽക്കൽ വീണു ഞാൻ.

''സ്വേച്ഛയാ പാപമഗ്നൻ ഞാൻ
രക്ഷിച്ചാലും മുനീന്ദ്രരെ!''
അല്ലലാർന്നിത്രയും ചൊൽകെ
ചൊല്ലിനാർ മുനിസത്തമർ.

''എണീക്ക മംഗളം ചേരും
ഫലിച്ചു സൽസമാഗമം.
ഉപദേശിച്ചിടാമല്ല-
മതിനാൽ മോക്ഷമെത്തിടും.''
എന്നുരച്ചവരന്യോന്യ-
മാലോചിച്ചിതുപോലവെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''ദുഷ്ടദ്വിജനിവൻ ത്യാജ്യ-
നെന്നാൽ ശരണമാണ്ടവൻ
രക്ഷിക്കേണം പ്രയത്നിച്ചും
മോക്ഷമാർഗ്ഗ നിദർശനാൽ.''

പിമ്പെന്നോടുപദേശിച്ചാ-
രങ്ങിരുന്നു ജപിക്കുവാൻ
രാമനാമം 'മരാ'മട്ടിൽ
മറിച്ചിട്ടേക ചിത്തനായ്;

അവരങ്ങിനിയും വീണ്ടും
വരും വരെ നിരന്തരം.
പറഞ്ഞേവം മുനീന്ദ്രന്മാർ
മറഞ്ഞാർ ദിവ്യദർശികൾ.

ഉപദേശിച്ചപോൽ തത്ര
ജപവും പൂണ്ടിരുന്നു ഞാൻ
ഏകാഗ്ര ചിത്തനായ്, ബാഹ്യ-
ലോകവും വിസ്മരിച്ചഹൊ.

ഈ വിധം പോയ് കുറെക്കാലം
ഞാനോ നിശ്ചലരൂപിയായ്.
സർവ്വസംഗം ത്യജിച്ചോരെൻ
മേലേ മൺപുററുയർന്നുപോയ്.

യുഗങ്ങൾക്കിപ്പുറം പിന്നെ
വീണ്ടും വന്നാ മുനീശ്വരർ,
പുറത്തു വിന്നിടാൻ ചൊന്നാർ
പുററിൻപുറമുയർന്നു ഞാൻ

മഞ്ഞു നീങ്ങിയ സൂര്യൻപോൽ
മിന്നി ഞാൻ പുറമെത്തിയോൻ
വാഴ്ത്തിനാരവരന്നെന്നെ
''നീ വാല്മീകി മുനീശ്വര!

രണ്ടാം ജന്മം നിനക്കിപ്പോ-
ളുണ്ടായ് വല്മീക സംഭവാൽ.''
ഏവമോതി മുനീന്ദ്രന്മാർ
ദേവലോകം ഗമിച്ചതെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമ! നിൻ നാമ മാഹാത്മ്യാ—
ലീമട്ടായ് ഞാൻ മുനീശ്വരൻ.
ഇന്നോ കൺമുന്നിലായ് കാൺമൂ
നിന്നെ, പ്പത്മ ദളാക്ഷനെ.

മുക്തനായ് തീർച്ച ഞാൻ നിന്നെ
വ്യക്തമായിന്നു കാൺകയാൽ.
കാണിക്കാം യോഗ്യമാം സ്ഥാനം
വാണിടാൻ, വന്നുകൊള്ളുക.

എന്നോതി ലക്ഷ്മണൻ ചേർന്നു
ശിഷ്യരൊത്തു ഗമിച്ചവൻ
നദീപർവ്വത മദ്ധ്യത്തിൽ
നിർദ്ദേശിച്ചാൻ ശുഭംസ്ഥലം.

അവിടെത്തീർത്തു രണ്ടെണ്ണം
വിശാലം പർണ്ണശാലകം.
പൂർവ്വ പശ്ചിമമായൊന്ന്
ദക്ഷിണോത്തരമന്യവും.

ജാനകീ സഹിതം രാമൻ
ഭ്രാതാവോടൊത്തുമങ്ങനെ
ദേവതാജനമെന്നോണ—
മവിടെപ്പാർത്തു സൌഖ്യമായ്.

വാല്മീകിയാലങ്ങഥ പൂജയേററാൻ
രാമൻ സഭാര്യൻ സഹജൻ സമേതൻ
സ്വൈരം രമിച്ചാൻ മുനിവർഗ്ഗമൊത്തും
സ്വർഗ്ഗത്തിലിന്ദ്രൻ ശചിയൊത്തവണ്ണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—7

## ദശരഥചരമം-ഭരതപ്രതികരണം

അയോദ്ധ്യയിൽ തിരിച്ചെത്തി
സുമന്ത്രൻ സന്ധ്യവേളയിൽ
കണ്ണീർ നിറഞ്ഞ നേത്രങ്ങാം
കൈമുണ്ടാലേ മറച്ചവൻ.

രഥം നിർത്തി പുറം ഭാഗ—
ത്തുടൻ പോയ് രാജമന്ദിരെ
രാജാവെക്കണ്ടു വന്ദിച്ചാൻ
'ജയ' ശബ്ദസമന്വിതം.

മന്ത്രിയെക്കണ്ടു ദുഃഖാർത്തൻ
മഹീശൻ ചൊല്ലിയിങ്ങനെ.
''ജാനകീ രാഘവന്മാരെ
വിട്ടതെങ്ങെങ്ങിരിപ്പവർ.

പാപിയാമെന്നൊടെന്തോതാൻ
പറഞ്ഞു രാമനെൻ സുതൻ.
സീതയും ലക്ഷ്മണൻ താനു—
മോതിയോ വല്ല വാക്കുകാം

ഹാ രാമ! ഗുണസമ്പൂർണ്ണ!
ഹാ സീതേ! പ്രിയ ഭാഷിണി!
ദുഃഖസാഗരമഗ്നൻ ഞാൻ
ചാകാറായ് കാൺമതില്ലയൊ.''

അല്ലലാലുള്ളഴന്നേവം
വല്ലാതെ വിലപിക്കുവോൻ
രാജാവെക്കുള്ളപ്പകയ്യോടെ
ബോധിപ്പിച്ചാൻ സുമന്ത്രനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''സീതയും രാഘവന്മാരും
തേരിൽത്താൻ സഞ്ചരിച്ചഹൊ
ശൃംഗിവേര സമീപത്തായ്
ഗംഗാതീരത്തിറങ്ങിനാർ.

ഗുഹനാൽ കാഴ്ചവെച്ചോരാ
ഫലമൂലാദിയൊക്കെയും
തൃപ്തനായ് തൻ കരത്താരാൽ
സ്പർശിച്ചാൻ രാമനത്ര താൻ

വരുത്തി ഗുഹനെക്കൊണ്ടു
വടക്ഷീരം രഘൂത്തമൻ
ജടാമകുടവും തീർത്തു
ചൊല്ലിനാനെന്നൊടീവിധം.

''ഞങ്ങളെപ്പററി മാഴ്കൊല്ലെ—
ന്നങ്ങു താതനൊടോതുക.
നാട്ടിലെക്കാരം സുഖം കൂടും
കാട്ടിലെന്നും പറഞ്ഞിടാം.

അമ്മ തൻ മകനെപ്പററി
ശോചിക്കായ്കെന്നുമോതുക
ആശ്വസിപ്പിക്ക രാജാവെ
വൃദ്ധനാം ദുഃഖിതാർത്തനെ.''

സീതയോ ഗൽഗ്ഗദം പൂണ്ടും
കണ്ണിൽക്കണ്ണീർ നിറച്ചുമെ
ഇടയ്ക്കു രാമനെ നോക്കി
തുടർന്നാളെന്നൊടീ വിധം.

''ആശീർവ്വാദം പൊഴിക്കട്ടെ
ശ്വശ്രൂ ഞാനിതക്കൂപ്പുവേൻ''
എന്നോതി മുഖവും താഴ്ത്തി
നിന്നിടത്തിന്നു നീങ്ങിനാരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഏവമശ്രുപൊഴിച്ചോതി
തോണിയിൽ കേറിനാരവർ.
ഗംഗയെത്തരണംചെയ്യു-
മത്രോളം കാത്തു നിന്നു ഞാൻ.

പിന്നെ ഞാൻ പെരുതാം ദുഃഖം
പൂണ്ടുകൊണ്ടിങ്ങു പോന്നിതാ.''
ഇതെല്ലാം കേട്ട കൌസല്യ
നൃപനോടോതി ദുഃഖിതാ.

''കൈകേയിക്കിഷ്ടമേകാനാ-
യിഷ്ടമേറുന്നതെങ്കിലൊ
രാജ്യം കൊടുത്തു പൂജിക്കാം
ത്യാജ്യനായെന്തിനെൻ മകൻ.

എല്ലാം സ്വയം കൃതം, പിന്നെ
വല്ലാതെന്തിനു രോദനം.''
കൌസല്യാ വചനം കേൾക്കെ
പുണ്ണിൽ തീക്കൊള്ളി വച്ചപോൽ,

മനം നൊന്തു നൃപൻ ചൊല്ലി
നനഞ്ഞ നയനത്തൊടെ.
''ദുഃഖത്താൽ ചത്തിടുന്നെന്നിൽ
ദുഃഖം കൂട്ടുന്നതെന്തിനായ്.

ചാകാൻ താമസമില്ലിപ്പോൾ
പോകും പ്രാണനസംശയം.
ചാപല്യം ഹേതുവാൽ പണ്ടു
ശാപം മേ വന്നുചേർന്നുപോയ്

താരുണ്യത്തള്ളലാൽ മുന്നം
ധനുർബ്ബാണങ്ങളേന്തി ഞാൻ
കാട്ടിലെങ്ങോ നദീതീരെ
വേട്ടയ്ക്കായ് റോന്തുചുററിനേൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അവിടെയ്ക്കാ നിശാമദ്ധ്യേ
വന്നുചേർന്നൊരു മാമുനി
ദാഹാർത്തർ പിതൃ മാതാക്കരം–
ക്കേകാൻ വെള്ളമെടുക്കുവാൻ.
വെള്ളം മുക്കുന്ന ശബ്ദംകേ–
ട്ടുള്ളിലൊന്നു നിനച്ചു ഞാൻ.

ആന വെള്ളം കുടിക്കുന്നെ–
ന്നനുമിച്ചേനബദ്ധമായ്
'ശബ്ദവേധി' ശരം വിട്ടേ–
നപ്പോഴാ ദിക്കിലേക്കു ഞാൻ.

''അയ്യോ ഞാൻ ഹതനാ'' യെന്നാ–
തപ്പിൽശ്ശബ്ദമുയർന്നുതെ.
''ആരെ ഞാൻ ദ്രോഹമേൽപ്പിച്ചു–
താരെന്നെക്കൊൽവതീവിധം.

വെള്ളവും കാത്തിരിപ്പാണെ–
ന്നമ്മയും താതനും തൃഷാ.''
ഈ വിധം മാനുഷംശബ്ദം
ശ്രവിക്കെ ബ്ഭയമാർന്നു ഞാൻ

പത്തുക്കെച്ചെന്നവൻ പക്കൽ
പറഞ്ഞേൻ ''മാപ്പു നൽകുക.
അബദ്ധം പററി തെററായ് ഞാ–
നസ്ത്രം വിട്ടു മുനീശ്വര!

രാജാ ദശരഥൻ ഞാ''നെ–
ന്നോതിക്കാലടി കൂപ്പിനേൻ.
മുനിയോ ചൊല്ലിനാനപ്പോ
''ഭയം വേണ്ട നൃപോത്തമ!

ബ്രഹ്മഹത്യാ ഭയം വേണ്ട
താപസൻ വൈശ്യനാണു ഞാൻ
എന്നച്ഛനമ്മമാർ ദാഹി–
ച്ചെന്നെക്കാത്തുമിരിക്കയാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അവർക്കെത്തിക്കുകീ വെള്ളം
ഭവാൻ വേഗം ഭയം വിനാ.
ഇല്ലായ്കിൽ താതകോപത്താൽ
വല്ലായ്മയ്ക്കിട വന്നിടാം.

ജലം നൽകിക്കഥിച്ചാലും
കഥയെല്ലാം നമിച്ചുമെ.
പീഡിതൻ ഞാൻ മരിച്ചോട്ടേ
പിടിച്ചൂരുക സായകം.''

മുനിവാക്യാനുസരേണ
ശരമൂരിയെടുത്തു ഞാൻ.
ജലവും കൊണ്ടുചെന്നെത്തി
ജവാൽ തൽ പിതൃസന്നിധൌ.

വൃദ്ധരായന്ധരായ് ദാഹ-
തപ്തരായ് വിഷമിപ്പവർ
പുത്രനെന്തേ വരാൻ കാല-
മിത്ര വൈകിച്ചതെന്നുമായ്.

അനന്യശരണന്മാരാ-
യനുശോചിച്ചിരിക്കയാം.
''ഇങ്ങനെസ്സന്ത്യജിച്ചെന്നോ
ഞങ്ങളെബ്ഭക്തനാംസുതൻ.''

ഈ വിധം വ്യസനിപ്പോരെൻ
പാദശബ്ദം ശ്രുവിക്കവെ
പിതാവോതി ''വരാനെന്തേ
സുതാ! താമസമിത്രയും

തന്നാലുമുദകം വേഗം
പിന്നെ നീയും കുടിക്കുക.''
ചൊല്ലേവം കേട്ടു ഞാൻ ഭീത്യാ
മെല്ലെച്ചെന്നു തദന്തികെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കാൽക്കൽ വീണു നമിച്ചേററം
ദുഃഖിച്ചോതി വിനീതനായ്
പുത്രനല്ലയി! ഞാൻ രാജാ–
വത്രേ ദശരഥാഭിധൻ.

പാപി ഞാൻ രാത്രി നായാടാൻ
വിപിനേ സഞ്ചരിക്കവെ
വെള്ളം വലിച്ചെടുക്കുംപോ–
ലുള്ള ശബ്ദം ശ്രവിച്ചഹൊ

മൃഗമാകാമതെന്നോർത്തു
മൃഗയാസക്തനായ് ശരം
അയച്ചാനഞ്ഞുടൻ കേട്ടാ–
'നയ്യോ' എന്നൊരു ശബ്ദവും.

ശബ്ദിച്ചേടത്തുടൻ ചെന്നേൻ
സ്തബ്ധനായ് കണ്ട കാഴ്ചയിൽ.
ബാണം തറച്ചവൻ പാദെ
വീണു മാപ്പിന്നിരന്നു ഞാൻ

മുനിബാലൻ തദാ ചൊന്നാൻ
ജലവും കൊണ്ടുപോന്നുടൻ
പിതൃക്കൾക്കേകി രക്ഷസ്സായ്
പ്രാർത്ഥിപ്പാനും ഭയം വിനാ.

മുനിയെക്കൊന്നവൻ ഞാനാ
മുനി വാക്യേന വന്നവൻ
ദയവായ് കാക്കകെൻ പ്രാണൻ
ശരണം വേറെയില്ലമെ.''

അവരീ വാർത്ത കേട്ടപ്പോ–
ളാവലാതി മുഴുത്തഹൊ
തെരക്കീ സുതനുള്ളേട–
ത്തെത്തുവാൻ കൊണ്ടുപോകുവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വൃദ്ധരിച്ഛിച്ചപോൽ ഞാന–
ങ്ങെത്തിച്ചാനവരെ ദ്രുതം.
അവരോ പുത്രനെക്കണ്ടാൽ
തലോടി വിലപിക്കയായ്.

ഹാ ഹാ! നീയെന്തിദം പുത്ര!
ദാഹിപ്പോരെ വെടിഞ്ഞു പോയ്
കരഞ്ഞും കൊണ്ടു കേണേവം
പറഞ്ഞാനെന്നൊടാ മുനി.

''ചിതയൊന്നു രചിച്ചാലും
ചിതമായ് ത്വരിതം നൃപ!''
ചെയ്തു ഞാനതുപോൽ തന്നെ;
ചിതയിൽ ചേർന്നു മൂവരും

ദഗ്ധനാം മുമ്പു വാക്കേവം
വൃദ്ധനെന്നോടു ചൊല്ലിനാൻ.
''ഭവാനും പുത്രശോകത്താൽ
ഭവിക്കും മരണം ദൃഢം.''

ശാപകാലമിതാവന്നു
താപസോക്തി ഫലിക്കയായ്.''
എന്നും പറഞ്ഞു ഭൂപാലൻ
ഖിന്നനായ് വിലപിക്കയായ്.

''ഹാ രാമ! മകനേ! സീതേ!
ഹാ ലക്ഷ്മണ! ഗുണാകര
മക്കളെക്കണ്ടിടാതിപ്പോൾ
മരിക്കും ഞാനസംശയം.''

വിലാപം പൂണ്ടു കൊണ്ടേവം
മൃതനായ് പോയ് മഹാരഥൻ.
കൌസല്യാ റാണിയും രാജ–
കന്യമാർ മററു പേർകളും

മാററത്തടിച്ചു വാവിട്ടു
വീണ്ടും വീണ്ടും കരച്ചിലായ്.
വസിഷ്ഠൻവിടെയെത്തി
പ്രഭാതേ മന്ത്രിമാരുമായ്...

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നിക്ഷേപിച്ചു ജഡം ദേഹം
തൈലപ്പാത്തിയി, ലപ്പുറം
ദൂതന്മാരെ ക്ഷണം വിട്ടു
കേകയാപുരി ചെല്ലുവാൻ.

അങ്ങല്ലോ ഭരതൻ ശ്രീമാൻ
ശത്രുഘ്നേന സമന്വിതൻ.
"മാതാപിതാക്കളെക്കാൺമാൻ
ത്വരിതം വന്നു ചേരണം

ഭരതൻ, നാട്ടി''ലെന്നോതി
ദൂതരെത്തത്ര വിട്ടതെ.
അവരോ ചൊല്പടിക്കശ്വാ—
രൂഢരായ് പോയി സത്വരം,

യുധാമന്യുപുരം പുക്കു
തഥാ സന്ദേശമേകിനാർ,
ഭരതൻ സാനുജൻ നാട്ടിൽ
തിരികെച്ചെന്നു ചേരുവാൻ.

വിവരം വിസ്തരിക്കാതെ
വരാൻ മാത്രം പറഞ്ഞതായ്
വസിഷ്ഠാദേശ മുഖംകൊണ്ടു
ഭരതൻ ഭയമാർന്നു പോയ്.

എങ്കിലും യാത്രയായ് വേഗം
ഭ്രാതൃ ദൂതരുമൊത്തവൻ.
താതനോ രാമനോ വല്ല
ഖേദവും വന്നു പററിയൊ

എന്നു ചിന്തിച്ചു ചിന്തിച്ചു
ചെന്നെത്തീ സ്വ പുരിക്കകം.
ഐശ്വര്യം വിട്ടപോൽ കണ്ടു
നഗരം ജനവർജ്ജിതം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചന്തമെന്യേ പുരം കണ്ടു
ചിന്തയാ ഭരതൻ തദാ
രാജഗേഹം പ്രവേശിച്ചാൻ
രാജലക്ഷ്മീ വിവർജ്ജിതം.

ഏകയായവിടെ ക്കണ്ടാൻ
കാത്തിരിക്കുന്ന കൈകയി.
മാതാവിൻ പദപത്മങ്ങൾ
പണിഞ്ഞാൻ ഭക്തിപൂർവ്വകം.

മകനെക്കണ്ടവാറമ്മ
മണിപീഠത്തിൽ നിന്നുടൻ
എണീററു മടിയിൽക്കേററി
മുകിർന്നാൾ പ്രേമ സംഭ്രമാൽ.

ചോദിച്ചാൾ കുശലം പിന്നെ
സ്വകീയം കുലബന്ധിതം.
''അമ്മയ്ക്കുമച്ഛനും മററും
മകനേ! സുഖമല്ലയോ.

നിന്നിലും കുശലം കാൺമി–
തിന്നു ഞാൻ ഭാഗ്യമെത്രയും.''
മാതാവിൻ വാക്യമെല്ലാം കേ–
ട്ടേതാനും ചിന്തപൂണ്ടവൻ

ഭരതൻ ദൂനഭാവത്തോ–
ടൊരു ചോദ്യമുയർത്തിനാൻ.
''മാതാവെന്തേകയായിങ്ങു,
പിതാവെക്കാൺമതില്ലിഹ?

ഒററയ്ക്കു നിങ്ങളെക്കാണി–
ല്ലൊരു നാളുമിതേവിധം
ഇന്നെന്തു പററിയോ, താതൻ
മന്നവൻ പോയതെങ്ങുവാൻ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



താതനെ ക്കണ്ടിടാതിപ്പോഠം
ഭീതി ദുഃഖവുമുണ്ടുമെ.''
കൈകേയി ചൊല്ലിനാളപ്പോഠം
''ഖേദിക്കേണ്ട കുമാരക!

അശ്വമേധം നടത്തിച്ചോർ
വിശ്വരക്ഷക തൽപരർ,
ഗതിയെന്താണവർക്കെന്നാ—
ലതുതാൻ പൂകി നിൻപിതാ.''

ആർത്തനായിതു കേട്ടാറെ
ഭരതൻ വീണു ഭൂമിയിൽ.
''അയ്യോ താത! ഭവാനെങ്ങോ
പോയെന്നിൽ ദ്ദുഃഖമേററിയും.

രാമരാജകലെൻ രക്ഷാ
ഭാരം ചേർക്കാതെ പോയിതോ.''
നിലവിട്ടീവിധം താപാൽ
വിലപിക്കും കുമാരനെ.

കൈപിടിച്ചേററി കൈകേയി
കൺ തുടച്ചോതിയിങ്ങനെ.
''മംഗളം തവ വന്നീടാ—
നിങ്ങു ഞാൻ ചെയ്തു സർവ്വവും.''

'മരിക്കും നേരമെന്തോതി
താത'നെന്നായി പുത്രനും
അതുകേട്ടു ഭയം വിട്ടു
മാതാവുത്തരമേകിനാഠം.

ഹാ രാമലക്ഷ്മണാ സീതേ—
യെന്നുമാത്രം പുനഃപുനഃ
ആവർത്തിച്ചുച്ചരിച്ചത്രെ
ദേവലോകം ഗമിച്ചവൻ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



"രാമനപ്പോളുടത്തെങ്ങും
കാൺമാനില്ലാതിരുന്നുവോ
എങ്ങുപോയ് മററു രണ്ടാളു–"
മെന്നായി ഭരതൻ തദാ.

കൈകേയി:

ധൃതികൂട്ടി നൃപൻ, രാജ–
പട്ടം രാമനു നൽകുവാൻ
എന്നാലതു തടഞ്ഞു ഞാൻ
നിന്നിലെ പ്രേമവായ്പിനാൽ.

പണ്ടെനിക്കു വരം നൽകി
രണ്ടെണ്ണം തൃപ്തനായ് നൃപൻ
അതിലൊന്നാലപേക്ഷിച്ചേൻ
നിനക്കീ രാജ്യമേകുവാൻ

മററൊന്നു രാമനേകീടാൻ
തെററെന്യാകാട്ടു വാഴ്ചയും
സത്യസന്ധൻ നൃപൻ ചെയ്താൻ
കൃത്യമായതു രണ്ടുമേ.

രാജ്യം തന്നു നിനക്കായ് സം
പൂജ്യൻ കാടേററി രാമനെ.
സീതയോ രാമനൊപ്പം പോയ്
പാതിവ്രത്യം വരിച്ചവൾ.

സൌമിത്രി കൂടവേ പോയാൻ
സൌഭ്രാത്രം തെളിയിക്കുവോൻ.
മൂന്നുപേരും വനം പൂകെ
മനം നൊന്തു പിതാവഹൊ

രാമരാമേതി ചൊല്ലിത്താൻ
വിലപിച്ചും മരിച്ചുപോയ്.
മാതാവിൻ വചനം കേൾക്കെ
ഭരതൻ ഭ്രാതൃവത്സലൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വജ്രമേററ മരംപോലെ
നിശ്ചേഷ്ടൻ വീണു ഭൂമിയിൽ.
കൈകേയി ചൊല്ലിനാളപ്പോഠം
''മകനേ! ശോകമെന്തിനായ്.

മഹാ രാജ്യം ലഭിച്ചോരീ
മുഹൂർത്തം ഖേദവായ്പിനോ.''
ഇത്രയും കേഠക്കവെക്കോപ-
മൂർത്തിയായോതിനാൻ മകൻ.

''മിണ്ടേണ്ടെന്നോട്ട നീ പാപി!
ഘോരയാം ഭർത്തൃനാശിനി!
പാപിയായ് തീർന്നു ഞാനും ഹാ
പാപി നിൻ ഗർഭജാതനായ്.

ഞാനിപ്പോഠം ചാടിടും തിയ്യി-
ലല്ലായ്കിൽ വിഷമുണ്ടിടും.

അഥവാ വാളെടുത്തെൻെറ
കഥ താനേ കഴിച്ചിടും.
ഭർത്താവെക്കൊന്ന നീ ദുഷ്ടേ
ചത്തുപോയ് നരകത്തിലാം.''

പിന്നീട്ട ഭരതൻ പോയാൻ
കൌസല്യാദർശനത്തിനായ്
അവനെക്കാണവെത്തേങ്ങി-
ക്കരഞ്ഞാഠം വലിയമ്മയും.

തൽ പാദേ ഭരതൻ വീണു
താനും പൊട്ടിക്കരഞ്ഞുപോയ്
കൃശാംഗിയായ് മുഖം വാടി
കണ്ണീരോലുന്ന കണ്ണുമായ്
രാമമാതാവുടൻ കെട്ടി-
പ്പിടിച്ചോതി യശസ്വിനി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''സൂത! നിൻ ദൂരവെപ്പോക്കി-
ലിതെല്ലാം സംഭവിച്ചിഹ.
മാതാവു ചെയ്തതൊക്കെത്താൻ
ചൊല്ലി നീ കേട്ടതില്ലയൊ.

പുത്രൻ മദീയൻ രഘുരാമചന്ദ്രൻ
വനം ഗമിച്ചാൻ സതിസീതയൊത്തും
ചീരം വരിച്ചും ജടയും ധരിച്ചും
ദുഃഖത്തിലെന്നെബ്ഭുത തള്ളി വിട്ടും.

ഹാ രാമ! നീയെൻ ജഠരേ ജനിച്ചോൻ
സാക്ഷാൽ പരാത്മാ പുരുഷോത്തമൻ നീ
എന്നാലുമെൻ ദുഃഖമൊടുങ്ങിടുന്നി-
ല്ലെല്ലാം വിധിച്ചോൻ വിധിതാൻ ബലിഷ്ഠൻ''

തന്നെ നോക്കിപ്പറഞ്ഞേവം
വിലാപം കൂട്ടവോളൊടായ്
ഭരതൻ ചൊല്ലി തൽ പാദം
തൻ കയ്യാൽ തൊട്ടു കുപ്പിയും.

കൈകേയീകൃതമാം കർമ്മം
രാമനശുഭമേകവാൻ
ഏതുമെന്നറിവോടൊത്തോ
ഏതും ഞാൻ സമ്മതിച്ചതോ

ആണെങ്കിൽ ബ്രഹ്മഹത്യാദി
പാപം ഞാനെന്നിലേററിടാം.
ഗുരുഹത്യാമഹാപാപ-
മതും തലയിലേററിടാം.

പങ്കെനിക്കുണ്ടുവെന്നാലൊ
പാപമേൽക്കട്ടെ മേൽക്കുമേൽ.''
ഇങ്ങനെശ്ശപഥം ചെയ്തു
തേങ്ങിത്തേങ്ങിക്കരച്ചിലായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അവനെപ്പുൽകി കൌസല്യ
ചൊന്നാം ‟നിർദ്ദോഷി തന്നെ നീ"
ഭരതൻ വന്നതായപ്പോഠം
കേട്ടറിഞ്ഞു വസിഷ്ഠനും,

മന്ത്രിമാരൊത്തുടൻ രാജ-
മന്ദിരാന്തരമെത്തിനാൻ.
ഭരതൻ ദുഃഖിയായ്കണ്ടു
ഗുരുവര്യനരച്ചിദം.

‟വൃദ്ധൻ രാജാ ദശരഥൻ
ജ്ഞാനീ സത്യപരാക്രമൻ
സുഖം സർവ്വം ഭുജിച്ചശ്വ-
മേധാദി പല യജ്ഞവും

നടത്തി വിഷ്ണുവെത്തന്നെ
പുത്രനായ് നേടി ധാർമ്മികൻ
യഥാകാലേ ജഡം വിട്ടു
ദേവലോകത്തിലെത്തിനാൻ.

മുക്തനാം ശോച്യനല്ലാത്താ
വ്യക്തിയെപ്പററി മാഴ്കൊലാ.
ആത്മാവവ്യയനാം ശുദ്ധൻ
ജന്മനാശ വിവർജ്ജിതൻ.

ശരീരം ജഡമാണേററം
മലിനം ക്ഷണനാശകം
ഇതെല്ലാമോർക്കുകിൽപ്പിന്നെ
ശോചിപ്പാനില്ല സംഗതി.

പിതാവോ പുത്രനോ മൃത്യു
വശനായെന്നു കാണവെ
മാറത്തടിച്ചു വല്ലാതെ
മൂഢന്മാർ വിലപിച്ചിടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിയോഗം ജ്ഞാനികൾക്കേററാൽ
വൈരാഗ്യം വന്നുദിച്ചിടും
സംസാരം സാരമില്ലെന്നായ്
സങ്കല്പിച്ചേററിടും ശമം.

ആരിങ്ങു ജാതനായാലും
ചാരിനിൽക്കുന്നു മൃത്യുവും
അതിനാൽ ജന്മമുണ്ടെങ്കിൽ
മൃതിയും വന്നിടും ദൃഢം.

സ്വകർമ്മഫലമായ് മാത്രം
സർവ്വർക്കും ജന്മമൃത്യുവും
പിന്നെന്തു ബന്ധുനാശത്തിൽ
ഖിന്നഭാവം പുലർത്തുവാൻ.

ബ്രഹ്മാണ്ഡമെത്രയോ നഷ്ടം
സൃഷ്ടിയെത്ര കഴിഞ്ഞു പോയ്
വററുമീ സാഗരം സർവ്വം
ജീവിതം ക്ഷണഭംഗുരം.

ഇളകുന്നിലമേൽ നിൽക്കും
ജലബിന്ദു സമം ക്ഷണം
ആയുസ്സൊടുങ്ങുമെന്നിട്ടു—
മായതിൽ ഭ്രമമെന്തിനായ്.

പൂർവ്വദേഹ കൃതം കർമ്മം
മൂലമീ ദേഹമാർന്നതായ്.
ജീവനീ ദേഹകർമ്മത്താൽ
വീണ്ടും ദേഹം ധരിച്ചിടും.

ജീർണ്ണവസ്ത്രം വെടിഞ്ഞാരും
പുതുവസ്ത്രം ഗ്രഹിച്ചിടും
ജീർണ്ണദേഹം കളഞ്ഞേല്ലും
ജീവൻ നവ്യ ശരീരവും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഈവിധം ചിന്ത ചെയ്തന്നാ–
ലിവിടെശ്ശോകമെന്തിനായ്.
മരിക്കില്ല ജനിക്കില്ലാ
മാററമാത്മാവിനേററിടാ.

ഷഡ് വികാരങ്ങളില്ലാത്തോൻ
സത്യജ്ഞാനാദി ലക്ഷണൻ
ആനന്ദ രൂപനായ് സർവ്വ
സാക്ഷിയായ് നാശമററവൻ,

ഏക, നാത്മാ, പരൻ നിത്യ
നദ്വിതീയൻ സമസ്ഥിതൻ.
എന്നോർത്തു ദുഃഖവും പോക്കി
കാര്യമെല്ലാം നടത്തുക.

തൈലപ്പാത്തിയിലുള്ളോരു
താത ദേഹമെടുത്തുടൻ
അന്ത്യകർമ്മം കഴിച്ചാലു–
മാചാര മുറപോലവെ.''

ഗുരുവര്യോപദേശത്താൽ
പുരുശോകം വെടിഞ്ഞവൻ.
ഭരതൻ പിമ്പെട്ടക്കേണ്ട
പരിപാടി തുടങ്ങിനാൻ.

ആചാര്യൻ പറയും പോലാ–
യാചരിച്ചതി ശാന്തനായ്
താതദേഹം ചിതത്തട്ടിൽ
ദഹിപ്പിച്ചാൻ യഥാവിധി.

പതിനൊന്നാം ദിനേ നല്ല
വിഭവം ചേർന്ന സദ്യയും
ബ്രാഹ്മണർക്കായ് കൊടുത്തു തൻ
കുലധർമ്മ പ്രകാരമെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പിതാവിന്നാത്മ ശാന്തിക്കായ്
ബ്രാഹ്മണർക്കേകി പിമ്പവൻ
വസ്ത്രദാനം പശുദാനം
ഗ്രാമദാനങ്ങളെന്നിവ.

സ്വഗൃഹം പൂകിനാൻ പിന്നെ
പരിവാര സമേതനായ്
രാമനിൽച്ചിത്തമർപ്പിച്ച–
മവിടെക്കൂടിയങ്ങനെ.

''കാട്ടിൽപ്പായിച്ചു സീതാസഹിതമതിബലൻ
ജ്യേഷ്ഠനെ ദുഷ്ടമാതാ
വീട്ടിൽപ്പാർക്കുന്നു, കാൺകെക്കലി കയറു
മൊരെൻ ഹൃത്തടം കത്തിടുന്നു.
പോട്ടേ രാജ്യം, രമിക്കില്ലിവനിതിലിനി മേൽ
രാമനില്ലാത്ത കാലം,
പോട്ടേ ഞാനും വനാന്തേ രഘുവരപദതാർ
ചെന്നു സേവിച്ചിടാനായ്.

സർഗ്ഗം—8

## ഭരതന്റെ വനയാത്ര

ദേവലോക സഭയ്ക്കൊക്കും
രാജഗേഹ സഭാന്തരെ
വസിഷ്ഠൻ മുനിമാരൊത്തും
മന്ത്രിമാരൊടു കൂടിയും

വിളങ്ങീ ബ്രഹ്മനെപ്പോലെ
മണിഭദ്രാസനോപരി
മററൊന്നിൽ ചെന്നിരിപ്പായി
ഭരതൻ ഗുരുശാസനാൽ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദേശ കാലോചിതം വാക്യം
ദേശികൻ ചൊല്ലിനാൻ തദാ.
‚‚വത്സ! നിന്നഭിഷേകാർത്ഥ–
മുത്സാഹിപ്പിഹ സർവ്വരും.

കൈകേയി ചൊന്നപോൽ രാജ്യ–
മേകിയല്ലോ നിനക്കു താൻ
സത്യസന്ധൻ ദശരഥൻ,
പ്രതിജ്ഞ നിറവേററിയോൻ.

അതിനാലഭിഷേചിക്കാ–
മിപ്പോഠം താൻ മന്ത്രപൂർവ്വകം.''
ഭരതൻ ചൊല്ലിനാനപ്പോ–
‚‚ളെനിക്കോ രാജ്യമെന്തിനായ്?

രാജാധി രാജനാം രാമൻ
ദാസന്മാർ ഞങ്ങളൊക്കെയും.
അമ്മമാർ നിങ്ങളും ഞാനും
ദുഷ്ട കൈകേയിയെന്നിയെ,

നാളെത്താൻ പോയിടാം കാട്ടിൽ
രാമനെക്കൊണ്ടു പോരുവാൻ.
മാതാവെന്നോത്തുവോളെക്കൈ–
വാളാലിപ്പോഠം ഹനിക്കുവേൻ.

പക്ഷെ, രാമൻ ക്ഷമിക്കില്ല
സ്ത്രീവധംചെയ്ത തെററിനെ.
ഏതായാലും പ്രഭാതത്തിൽ
കാൽനടയ്ക്കേ ഗമിക്കുവേൻ.

ശത്രുഘ്ന സഹിതം; വേണ്ടോ–
ക്കെത്രയും കൂടെ വന്നിടാം.
രാമൻ പോയ വിധം ഞാനും
ജടാവൽക്കലധാരിയായ്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഫലമൂലാദി ഭക്ഷിച്ചും
ഭൂമിയിൽ താൻ ശയിച്ചുമെ
എന്നു രാമൻ മടങ്ങീടു-
മന്നാളോളം കഴിച്ചിടും.''

ഈ വിധം നിശ്ചയം ചെയ്തു
ഭരതൻ മൌനമാർന്നുപോയ്
നന്നുനന്നെന്നു കേട്ടോരു-
മൊന്നായ് ചൊല്ലിപ്പുകഴ്ത്തിനാർ.

പ്രഭാതത്തിൽ പുറപ്പെട്ട
ഭരതന്നനുയാത്രയായ്
സുമന്ത്രുച്ചൊല്ലിനാൽ ചെന്നു
സൈന്യസേവകവൃന്ദവും.

രാജ്ഞിമാരും വസിഷ്ഠാദി
വന്ദ്യദ്വിജരുമങ്ങനെ
മുന്നിലും പിന്നിലും നാലു
ഭാഗവും ചേർന്നുപോയിനാർ.

ശൃംഗിവേരപുരേ ചെന്നു
ഗംഗാതീരമണഞ്ഞവർ
പാർത്തു; സൈന്യമഹാവ്യൂഹം
കാത്തു ശത്രുഘ്നനും തദാ.

ഭരതൻ വന്നതായ് കേട്ടു
പാരം ശങ്കിച്ചുപോയ് ഗുഹൻ.
''വമ്പിച്ച സേനയും കൂട്ടി
വമ്പൻ വന്നതുമെന്തിനാം.

രാമനാമയമേല്പിക്കാൻ
കാമമാർന്നു വരുന്നിതോ
ഹൃദയം ശുദ്ധമായ് കണ്ടാൽ
സദയം തോണികേററിടാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അല്ലെങ്കിൽ സായുധന്മാരാ–
യെല്ലാ ബന്ധുജനങ്ങളും
നദീമാർഗ്ഗം തടഞ്ഞെങ്ങും
സധൈര്യം കാത്തുനില്ക്കണം.''

നിർദ്ദേശിച്ചീവിധം, ചെന്നാൻ
നിഷാദൻ ഭരതാന്തികെ,
കാഴ്ചദ്രവ്യങ്ങളൊട്ടേറെ
കയ്യിലേന്തിയുമങ്ങനെ;

നാനാവിധായുധം ചേരു–
മനേകം കൂട്ടുകാരൊടും.
കാഴ്ചദ്രവ്യങ്ങളൊന്നിച്ചായ്
കാല്ക്കൽവെച്ചഥനോക്കിനാൻ.

സാനുജൻ ഭരതൻ വാഴ്‌വു
സേവിതൻ മന്ത്രിവര്യരാൽ.
ചീരാംബരൻ ഘനശ്യാമൻ
ജടാമകുടമണ്ഡിതൻ,

രാമനെപ്പററി ദുഃഖിച്ചും
രാമനാമം ജപിച്ചുമെ.
ഈമട്ടു കാണവേ കാല്ക്കൽ
ഭൂമൌവീണീടിനാൻ ഗുഹൻ.

എണീപ്പിച്ചുടനെഗ്ഗാഢം
പുണർന്നു ഭരതൻ തദാ
സുഖക്ഷേമങ്ങളാരാഞ്ഞാ–
നാസഖാവോടു ശാന്തമായ്

''സോദരാ! രാമനൊന്നിച്ചു
സുഖാൽ നീയിങ്ങിരുന്നതാം
നിർമ്മലാത്മാവവൻ നിന്നെ
സമ്മോദാൽ പുല്കിയില്ലയൊ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമൻ രാജീവപത്രാക്ഷൻ
സീതാലക്ഷ്മണ സംയുതൻ
നിന്നോട്ട ഭാഷണം ചെയ്താൻ
ധന്യൻ നീ കൃതകൃത്യനും.

രാമനെക്കണ്ടതാം സ്ഥാന—
മേതാണൊന്നറിയട്ടെ ഞാൻ
രാവുറങ്ങിയതെംങ്ങാണ—
ന്നായതും കണ്ടിടട്ടെ ഞാൻ.

ഭവാൻ രാമപ്രിയൻ തോഴൻ
ഭക്തിമാനതി ഭാഗ്യവാൻ.''
കണ്ണീർ നിറഞ്ഞുകൊണ്ടേവ—
മെണ്ണിയെണ്ണിപ്പറഞ്ഞഹൊ,

ഭരതൻ ഗുഹനൊന്നിച്ച
പോയ്കണ്ടാൻ പുണ്യമാം സ്ഥലം
രാമൻ കിടന്നൊരാസ്ഥാനം,
കുശപ്പുല്ലുവിരിച്ചിടം,

സീതതൻ ഭൂഷണം തട്ടി
സ്വർണ്ണപ്പൊടി പുരണ്ടിടം.
ഭരതൻ ദുഃഖ സന്തപ്തൻ
പറഞ്ഞാനതു കാണവെ.

''പൂമച്ചിൽപ്പൊന്മണിക്കട്ടിൽ,
പൊൽപൂമെത്തവിരിച്ചതിൽ
സസുഖം ശയനം ചെയ്താ
സുകുമാരാംഗി ജാനകി

ക്ലേശിച്ചു രാമനൊത്തേററം
കഷ്ടമീ കുശവിഷ്ടരെ
എങ്ങനെപ്പോക്കിരാവന്നാ—
ളെന്നിലെദ്ദോഷമല്ലയൊ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പാതകക്കൂട്ട കൈകേയീ-
ജാതനാം ഞാൻ നികൃഷ്ടനാം
പരാത്മാവായ രാമന്നീ
ദുരിതം ഞാൻ വരുത്തിയോൻ.

അമ്മഹാൻ ലക്ഷ്മണൻ നേടി
ജന്മസാഫല്യസൽഗ്ഗതി
രാമനെത്തന്നെ സേവിപ്പാ-
നവനൊത്തുവനത്തിലും.

രാമദാസൻെറ ദാസന്മാ-
രവർക്കും ദാസനായി ഞാൻ
ഭവിച്ചാലെൻെറയും ജന്മം
സഫലം താനസംശയം.

എങ്ങു രാമനിരിപ്പിപ്പോ-
ളങ്ങയ്ക്കറിയുമെങ്കിലൊ
ചൊൽക, ഞാനങ്ങുടൻ പോകാ-
മിങ്ങുതാൻ കൊണ്ടു പോന്നിടാൻ.''

ക്രുദ്ധനായവനെ ക്കണ്ടു
സസ്നേഹം ഗുഹനോതിനാൻ.
''രാമനിൽസ്സീതയിൽ ബ്ഭ്രാതാ
ലക്ഷ്മണൻ തന്നിലും തഥാ

ഇത്രയും ഭക്തിയുള്ളോൻ നീ
ധന്യധന്യൻ മഹാമതെ!
ചിത്രകൂടത്തിലാണിപ്പോ-
ജ്യേഷ്ഠൻ പാർക്കുന്നതെൻ സഖെ!

മന്ദാകിനിക്കുടെത്തായും
മുനിമാർ മേവിടുന്നിടം.
അവിടെസ്സുസുഖം വാഴ്വൂ
സീതാലക്ഷ്മണ സംയുതൻ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



"ശരി, ഞങ്ങളിതാ പോകാം"
ഭരതൻ ചൊല്ലി യാത്രയായ്.
ഭരതത്തീപ്പു കേട്ടാറെ
ഗുഹൻ വേഗം വരുത്തിനാൻ

അഞ്ഞൂറു തോണി, സർവ്വർക്കും
ഗംഗയങ്ങു കടക്കുവാൻ.
പള്ളിയോടം ഗുഹൻ തന്നെ
വേറെയൊന്നുമൊരുക്കിനാൻ.

ഭരതൻ രാമമാതാവും
ശത്രുഘ്നൻ താൻ വസിഷ്ഠനും
ആയതിൽക്കേറി, മറ്റൊന്നിൽ
മറ്റു നാരീജനങ്ങളും.

ഗംഗവേഗം കടന്നെത്തീ
ഭരദ്വാജാശ്രമാന്തികെ.
ദൂരെനിർത്തി മഹാസൈന്യം
ഭരതൻ ചെന്നു സാനുജൻ,

ആശ്രമത്തി; ലതിൽക്കണ്ടാൻ
തേജസ്സാളും മുനീന്ദ്രനെ.
നമിച്ചാനുടനെ ബ്ഭക്ത്യാ
സാഷ്ടാംഗം വീണു ഭൂമിയിൽ.

ആരെന്നറിഞ്ഞു സംപ്രീത്യാ
പൂജചെയ്തു മുനീശ്വരൻ,
കുശലപ്രശ്നമോടൊത്തു
ഭരതൻ തന്നൊടോതിനാൻ.

"മരത്തോൽ ചുററിട്ടന്നെന്തേ
രിപ്പോൻ നാടു നീളവെ
മുനിമാർ നിവസിച്ചിടും
വനാന്തേ വന്നതെന്തിനായ്."

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുനിവാക്യം ശ്രുവിച്ചശ്രു–
പൂർണ്ണൻ ഭരതനോതിനാൻ
''സർവ്വജ്ഞൻ തന്നെയാണല്ലൊ
സർവ്വാന്തര്യാമിയാം ഭവാൻ.

എന്നിട്ടുമിതു ചോദിപ്പൂ
നന്നാ, യതുമനുഗ്രഹം.
കൈകേയീ കൃതമാം വിഘ്നം
രാമ രാജ്യാഭിഷേചനെ,

വനവാസാദി കാര്യങ്ങ–
ളൊന്നും ഞാനറിയാത്തതാം
തവപാദം പിടിച്ചോതാ–
മിവൻ നിർദോഷിയേതിലും

പാവനം തന്നെയോ ഹൃത്തിൻ
ഭാവനം ദുഷ്ടമായതൊ
മഹർഷേ! ഭഗവാനെല്ലാ–
മറിയാം ദിവ്യദൃഷ്ടിയാൽ.

രാമചന്ദ്രനിരിക്കേ ഞാൻ
രാജ്യം കൊണ്ടെന്തു ചെയ്തിടാൻ
കോസലേശൻെറ രാമൻെറ
ദാസൻ ഞാനെന്നുമേമുനെ.''

അതിനാൽ പോയ് മുനിശ്രേഷ്ഠ!
രാമപാദേ പണിഞ്ഞു ഞാൻ
രാജ്യസംഭാരമെല്ലാം താ–
നവിടെക്കാഴ്ചവെച്ചഹൊ

ഗുരുവും പൌരരും ചേർന്നു–
മഭിഷേകം നടത്തുവേൻ.
അയോദ്ധ്യയ്ക്കാനയിച്ചങ്ങു
രാമനെസ്സേവ ചെയ്തിടും.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭരതൻ ചൊന്നതെക്കേട്ടു
ഭരദ്വാജൻ സവിസ്മയം
ആശ്ലേഷം ചെയ്തുമൊട്ടേറെ
പ്രസംശിച്ചും പറഞ്ഞിദം.

ജ്ഞാനചക്ഷുസ്സിനാൽ വത്സാ!
ഞാനറിഞ്ഞേനതൊക്കെയും
ലക്ഷ്മണൻ പോലുമേ നിന്നോ-
ടൊക്കില്ലാ രാമഭക്തിയിൽ.

ഇന്നു ഞാൻ സൽക്കരിച്ചീടാം
നിന്നെസ്സൈന്യ സമേതനായ്
ഭുജിച്ചു രാവിലെപ്പോകാം
രാമനെച്ചെന്നു കാണുവാൻ.''

ശരികല്പനപോലെന്നു
ഭരതൻമൂളി സമ്മതം.
ഹോമ ശാലാന്തരേ ചെന്നു
മുനിയോ ധ്യാന നിഷ്ഠനായ്.

ധ്യാനിച്ചു കാമമേകുന്നോരു
ക്ഷേമിയാം കാമധേനുവെ.
ഇഷ്ടംപോൽ ഭോഗ്യവസ്തുക്കളും
സൃഷ്ടിച്ചാളവളും തദാ.

ഭരതൻ സൈന്യവും ചിത്തേ
സ്മരിച്ചുള്ളവ സർവ്വവും
യഥേഷ്ടം സൃഷ്ടമായ്കണ്ടാ-
രതിനാൽ തൃപ്തരായവർ.

മുന്നം വസിഷ്ഠനെത്തന്നെ
നന്നായ് പൂജിച്ചു മാമുനി
പിന്നെസ്സൈന്യസമേതം താൻ
മന്നനെസ്സൽക്കരിക്കയായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സ്വർഗ്ഗഭോഗം ഭുജിച്ചന്നാ—
ളാശ്രമേ വാണിതേവരും.
പ്രഭാതേ ഭരതൻ പിന്നെ
പ്രണമിച്ചു മുനീന്ദ്രനെ,
അമ്മഹാൻ രാമനെക്കാണ്മാൻ
സമ്മതം വാങ്ങി യാത്രയായ്.

ചിത്രകൂടമടുത്തപ്പോഠം
നിർത്തി ദൂരെ സ്വസേനയെ
ഭരതൻ രാമനെക്കാണാൻ
നടയായ് കൂട്ടരൊത്തവൻ.

ശത്രുഘ്നൻ ഗുഹനും മന്ത്രി–
സത്തമൻ മൂന്നുപേരെയും
കൂട്ടിതാൻ മുനിവാടങ്ങ-
ളൊട്ടേറെച്ചുററി നോക്കിനാൻ.

കണ്ടില്ലാ രാമസങ്കേതം
കണ്ടേതോ മുനിശിഷ്യരെ
ചോദിച്ചാൻ രാമനെങ്ങെന്നായ്
സീതയൊത്തു വസിപ്പവൻ.

അവർ ചൊല്ലി ‚‚യിതാകാണും
ഗിരി സാനൂത്തമ സ്ഥലെ
നദിതന്നരികേ രാമ-
സദനം രമ്യമെത്രയും.''

കദളിക്കൂട്ടമെങ്ങെങ്ങും
പ്ലാവും മാവും ഫലാവൃതം
മന്ദാരം ചമ്പകം നാഗ
പുന്നാഗങ്ങളും നിറഞ്ഞതായ്.

മുനി കാണിച്ചൊരാസ്ഥാനം
നയനോത്സവ ദായകം
കണ്ടവൻ ഭരതൻ ഹർഷം
പൂണ്ടതിൻ നേർക്കു പോയിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമാഭിരാമം പരചിൽ പ്രകാശകം
ശ്രീമൽഗൃഹം മാമുനിവൃന്ദ സേവിതം
മരങ്ങളിൽത്തൂങ്ങിയ വല്ക്കലങ്ങളാ-
ലലംകൃതം കണ്ടിതു കൈകയീസുതൻ.

സർഗ്ഗം—9

## ഭ്രാതൃസമാഗമം

രാമാശ്രമ സമീപത്തി-
ലെത്തിനാൻ ഭരതൻ മുദാ.
രാമന്റെ കാലടിപ്പാടാൽ
പവിത്രീകൃതമാ സ്ഥലം.

തിളങ്ങിടും പങ്കജമങ്കുശാദിയാൽ
തെളിഞ്ഞ രാമാംഘ്രി പതിഞ്ഞു ചുററുമെ
കളർക്കവെക്കണ്ടതിപാവനം സ്ഥലം
കിടന്നാരുണ്ടാനതിലാത്ത സംഭ്രമം.

"കൃതാർത്ഥനായ്, ഞാനിഹ കാൺമുരാമ
പാദാരവിന്ദം പതിയും പ്രദേശം.
ആ പാദപത്മപ്പൊടി കണ്ടിടാനാ-
യാരായുവോർ ദേവകൾ വേദമെല്ലാം".

ഏവം പരാപ്രേമരസം നിറഞ്ഞവൻ
വിമോഹനം രാമമുഖം സ്മരിപ്പവൻ
ആനന്ദബാഷ്പം നിതരാം പൊഴിച്ചു കൊ-
ണ്ടണഞ്ഞു രാമൻ നിവസിക്കുമാശ്രമം.

അതാ ജ്വലിപ്പൂ രഘുവംശ ദീപമാം
ദൂർവ്വാദളശ്യാമളകോമളൻ വിഭു
ജടാകിരീടം നവ വല്ക്കലാംബരം
ധരിച്ച ദിവ്യപ്രഭയോ പ്രസന്നനായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശുഭാംഗിയാം സീതയിലാർദ്ര ദൃഷ്ടിയായ്
സൌമിത്രിയാൽ സേവിതനാം രഘൂത്തമൻ
ലക്ഷീഭവിക്കെ ബ് ഭരതൻ സഹർഷനായ്
ത്വരാന്വിതം ചെന്നുപിടിച്ചു തൽപദം.

രാമൻതദാ, തൻബഹു ദീർഘ ബാഹു-
ദ്വയാൽ പിടിച്ചങ്കതലത്തിലേററിയും
തൻനേത്രബാഷ്പം ഭരതങ്കൽ വീഴ്ത്തിയും
പുണർന്നു മേന്മേലവനെപ്പരാപരൻ.

രാജ്ഞിമാരും തദാ ചെന്നു
രാമദർശന ലോലുപർ
ദാഹമോഹാൽ ജലം കണ്ട
പൈക്കളെപ്പോൽ ത്വരാന്വിതം.

മാതാവെക്കണ്ടുടൻ രാമൻ
പാദാന്തേ വീണു ഭൂമിയിൽ
കൌസല്യ പുല്കിനാളപ്പോ-
ഠം കണ്ണീരോടും കുമാരനെ.

അന്യമാതാക്കളെപ്പിന്നെ
വന്ദിച്ചു രഘുനന്ദനൻ.
ദർശിച്ചാൻ വന്നതായ് തത്ര
വസിഷ്ഠൻ ഗുരുവര്യനെ.

സാഷ്ടാംഗം പ്രണമിച്ചോതി
ധന്യൻ താനെന്നു രാഘവൻ
എല്ലാരെയും യഥായോഗ്യ-
മിരുത്തിപ്പിന്നെ ചൊല്ലിനാൻ.

സൌഖ്യമല്ലേ പിതാവി,ന്നെ-
ന്തെന്നോടോതുന്നു ദുഃഖിതൻ.
വസിഷ്ഠനുത്തരം ചൊന്നാൻ
"പിതാവോതവ, രാഘവ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നിന്നെപ്പിരിഞ്ഞു ദുഃഖാർത്തൻ
നിങ്ങളെത്താൻ സ്മരിച്ചഹൊ
രാമലക്ഷ്മണ സീതേതി
നാമത്തോടേ മരിച്ചുപോയ്.''

ഗുരുവിൻ വചനം കണ്ണ-
കഠോരം കേട്ട രാഘവൻ
'ഹാ ചതിച്ചേ'ന്നു മോതിപ്പി-
ന്നവിടെത്തന്നെ വീണുപോയ്.

മാതാക്കളന്യരും തത്ര
ജാതഖേദം കരഞ്ഞു പോയ്.
''എന്നെ വിട്ടെങ്ങുപോയ് താത!
എന്നെലാളിപ്പതാരിനി.

അനാഥനായ് പിതാവേ ഞാ-''
നെന്നും രോദിച്ചു രാഘവൻ.
സീതയും ലക്ഷ്മണൻ താനും
വിലപിച്ചാരതേ വിധം.

വസിഷ്ഠൻ സാന്ത്വനത്താലെ
ശമം സർവ്വർക്കുമേകിനാൻ.
ഗംഗയിൽപ്പിന്നെയെല്ലാരും
മുങ്ങിശ്ശുദ്ധി വരുത്തിനാർ.

ഉദകക്രിയയും ചെയ്തു
പിന്നെ രാമൻ സഹാനുജൻ.
പിതാവിന്നാത്മശാന്തിക്കായ്
പിണ്ഡദാനവുമേകിനാൻ.

നമുക്കുള്ളന്നമാ മന്നം
പിതൃക്കൾക്കു, മതേവിധി
എന്നുംപറഞ്ഞു തേൻ ചേർത്തോ-
രോടപ്പിണ്ണാക്കു പിണ്ഡമായ്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രചിച്ചു നല്കിനാൻ, പിന്നെ
കുളിച്ചു കുടിപ്പൂകിനാൻ.
കൂട്ടുകാരും കുളിച്ചൊപ്പം
വീട്ടിലേയ്ക്കു മടങ്ങിനാർ.

ഉപവാസമനുഷ്ഠിച്ചാ-
രവരേവരുമദ്ദിനെ.
പിറേറന്നു ഭരതൻ പ്രാതഃ
കൃത്യങ്ങൾ നിറവേററിയോൻ,

രാമനെക്കണ്ടു വന്ദിച്ചു
താഴ്മയിൽച്ചൊല്ലിയീവിധം.
''രാമ! രാമ! മഹാഭാഗ!
സ്വയം ചെയ്കഭിഷേചനം.

പാലിക്ക പൈതൃകം രാജ്യം
ജ്യേഷ്ഠൻ നീ പിതൃ തുല്യനാം.
രാജ്യപാലനമെന്നാലും
ക്ഷാത്രധർമ്മവുമല്ലയൊ.

യാഗങ്ങൾ പലതും ചെയ്തും
പുത്രസമ്പത്തു നേടിയും
രാജ്യം പുത്രങ്കലേല്പിച്ചും
യോഗ്യമാം വനവാസവും

കാട്ടു വാഴാൻ ഭവാനിപ്പോൾ
കാലമായില്ലതെൻ മതം.
മാതാവാൽ കൃതമായുള്ളോ-
രപരാധം ക്ഷമിക്കുക.''

ഈവിധം ഭരതൻ ചൊല്ലി
ഭ്രാതാവിൻ കാല്ക്കൽ വീണവൻ
സാക്ഷാൽ ദണ്ഡ നമസ്കാരാൽ
പ്രാർത്ഥിച്ചാൻ രക്ഷ ചെയ്യുവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എണീപ്പിച്ചവനെ ശ്ശീഘ്രം
മടിയിൽച്ചേർത്തു രാഘവൻ
സസ്നേഹം സാവധാനത്തിൽ
സംഭാഷിച്ചാൻ പ്രിയംവദൻ.

''കേൾക്കമേ വചനം വത്സ!
യുക്തം നീ ചൊന്നതൊക്കെയും.
പക്ഷെ, ഞാൻ കാട്ടവാഴേണം
പതിന്നാലാണ്ടുകാലവും

മടങ്ങാം പിന്നെ, തൽക്കാലം
രാജ്യഭാരങ്ങളൊക്കെയും
ഭരതങ്കൽദ്ദത്തമായെന്നാം
സത്യവാക് താത നിശ്ചയം.

വ്യക്തമായീവിധം രാജ്യം
ദത്തമായ് നിന്നി,ലെന്നിലൊ
ദണ്ഡകാവാസവും, സ്നേഹ
പൂർണ്ണനാം താതനാലഹൊ.

താതവാക്യം നമുക്കെല്ലാം
വേദവാക്കതു ചെയ്യണം.
ലംഘിച്ചു പിതൃ വാക്യത്തെ
സ്വാതന്ത്ര്യാലാചരിപ്പൻ,

ജീവിക്കെച്ചത്തവൻ പോലെ,
ജീവിക്കും നരകത്തിലും.
അതിനാൽ നാട്ട നീ വാഴ്ക
കാട്ട ഞങ്ങളുമായിടാം.''

ഭരതൻ ചൊല്ലിനാനപ്പോൾ
''താതനോ മൂഢ ബുദ്ധിയായ്
കാമിയായ് സ്ത്രീജിതൻ ഭ്രാന്ത–
മാനസൻ ചൊന്നതൊക്കെയും
സത്യമെന്നു ധരിക്കാമൊ
ബുദ്ധിമാൻ ഭ്രാന്തഭാഷിതം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമൻ: കാമിയായ് മൂഢനായല്ല
താതനോതിയതങ്ങനെ
മുന്നം താൻ ചെയ്ത സത്യത്തെ
പാലിച്ചാനെന്നു മാത്രമാം.

അസത്യം നരകത്തെക്കാ-
ളസഹ്യം ധാർമ്മികർക്കഹൊ.
താതസത്യം ഫലിപ്പിക്കാൻ
ഞാനും സന്നദ്ധനെപ്പൊഴും.

സത്യത്തിനെതിർ നില്ക്കാമൊ
രഘുവംശേ ജനിച്ച ഞാൻ.
രാമൻെറ വചനം കേട്ടു
ഭരതൻ ചൊല്ലിയിങ്ങനെ.

''എന്നാൽ ഞാൻ വല്ക്കലം പൂണ്ടും
നിന്നെപ്പോൽ പാർത്തിടാം വനെ
പതിന്നാലാണ്ടു, രാജ്യത്തിൻ
പാലനം സ്വയമേല്ക്കുക.''

**രാമൻ:**

രാജ്യമേകി നിനക്കച്ഛൻ
പൂജ്യൻ, വനമെനിക്കുമെ.
മറിച്ചു ചെയ്തുവെന്നാലൊ
സത്യലംഘനമല്ലയൊ

**ഭരതൻ:**

എന്നാൽ ഞാൻ ലക്ഷ്മണൻ പോലെ
നിന്നെസ്സേവിച്ചു കൂടിടും.
സമ്മതിക്കാകിലോ ദേഹ-
മുപവാസാൽ ത്യജിച്ചിടും.

നിർഭയം നിശ്ചയിച്ചേവം
ദർഭയും കൊണ്ടുവന്നഥ
നേരേ കിഴക്കു നോക്കിക്കൊ-
ണ്ടിരിപ്പായതിലഞ്ജസാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നിർബ്ബന്ധമീവിധം കാൺകെ
വിസ്മയിച്ചു രഘൂത്തമൻ
സോദ്ദേശം ഗുരുവിൻ നേർക്കു
കൺകോണാലൊന്നു നോക്കിനാൻ.

ഏകാന്തേ ഗുരുവോ ചൊല്ലി
ഭരതൻ തന്നൊടീവിധം.
"വത്സ! ഞാൻ ചൊല്ലിടും കാര്യം
കേൾക്കഗുഹ്യം സുനിശ്ചിതം.

ബ്രഹ്മാവാലർത്ഥിതൻ പണ്ടു
സാക്ഷാൽ നാരായണൻ പരൻ
രാവണൻെറ വധത്തിന്നായ്
ജാതനായ് രാമനായിഹ

ജനകാത്മജയായ് ജാതാ
സീതയോ യോഗമായയാം
ശേഷൻ താൻ ലക്ഷ്മണൻ പേരാൽ
ജാതനായ് രാമസേവകൻ.

രാവണാന്തം വരുത്താനായ്
പോവതാണവർ നിശ്ചയം
കൈകേയീ ക്രൂരവാക്യത്തിൻ
കഥയും വരദാനവും,

ഒക്കെദ്ദേവകൃതം, കുററം
ചേർക്കേണ്ടാമുററു മന്യരിൽ.
രാമനെപ്പിന്മടക്കാനാ—
യതിനാലാഗ്രഹിക്കൊലാ.

മടങ്ങേണം മഹാസൈന്യം
മാതാക്കളിവരൊത്തു നീ.
രാമൻ തിരിച്ചുവന്നീടും.
രാവണാദി വധാന്തരെ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഗുരുവാക്യമിദം കേട്ട
ഭരതൻ വിസ്മയാന്വിതൻ
ചെന്നു രാമസമീപത്തിൽ
ചൊന്നാനത്ഭുത ഭാവനായ്.

"രാജ്യഭാരം നടത്താൻ നിൻ
പൂജ്യപാദുക മേകുക.
അവ പൂജിച്ചിരിക്കും ഞാൻ
ഭവാൻ വന്നെത്തിടും വരെ.''

രാമപാദേ ഘടിപ്പിച്ചാൻ
ഭരതൻ പിന്നെ പാദുകം
എന്നിട്ടു വീണ്ടുമേ കയ്യിൽ
തന്നെ വാങ്ങിച്ചു ഭക്തിമാൻ.

കയ്യിലേന്തി പരം ദിവ്യം
രത്നഭൂഷിത പാദുകം
രാമപ്രദക്ഷിണം ചെയ്തു
നമിച്ചാൻ പലവട്ടവും

പിന്നെപ്പറഞ്ഞിടും ഭക്ത്യാ
ഭരതൻ ഗൽഗ്ഗദാന്വിതം.
''പതിന്നാലാണ്ടു തീർന്നെന്നാൽ
പിറെറന്നാളെത്തണം ഭവാൻ

അന്നു താനെത്തിയില്ലെങ്കിൽ
വഹ്നിയിൽച്ചാടുവേനഹം.''
'ശരി'യെന്നോതിയും രാമൻ
പോകുവാൻ വിടനൽകിനാൻ.

സാനുജൻ ഭരതൻ പിന്നെ
സ്വദേശത്തേയ്ക്കു യാത്രയായ്
ആചാര്യനമ്മമാർ സൈന്യം
മന്ത്രീന്ദ്രന്മാരുമൊത്തവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കൈകേയി രാമനോടപ്പോഠം
കണ്ണീരോലുന്ന കണ്ണുമായ്
കൈക്കൂപ്പിച്ചൊല്ലി ''ഹേ രാമ!
കാര്യവിഘ്നം വരുത്തി ഞാൻ

കഷ്ടമെൻ ദുഷ്ടഭാവത്താൽ
മായാമോഹിത ചിത്തയായ്.
സർവ്വം ക്ഷമിക്കുകെൻ കുററം
സജ്ജനം ക്ഷമയുള്ളവർ.

അവ്യക്തൻ വിഷ്ണു നീ സാക്ഷാൽ
പരമാത്മാ സനാതനൻ
മോഹിപ്പിപ്പൂ ജഗത്തെല്ലാം
മായാമാനുഷ രൂപനായ്.
നിന്നാൽ പ്രേരിതമായ് ലോകം
ചെയ്യുന്നു നന്മതിന്മകൾ.

സ്വയമായ് വിശ്വമെന്തൊന്നാ-
മസ്വാതന്ത്ര്യാൽ നടത്തിടും
കൃത്രിമപ്പാവതൻ നൃത്തം
സൂത്രധാരൻെറ ചൊല്പടി.

നിൻകീഴിൽ നിൽക്കുവോഠം മായാ
നർത്തകീ ബഹുരൂപിണി.
ദേവകാര്യം നടത്താനായ്
താവക പ്രേരണാവശാൽ,

പാപി ഞാനാചരിച്ചാളീ
പാപകർമ്മ മരിന്ദമ!
ഇന്നു ഞാനറിയുന്നു നീ
ദേവന്മാർക്കുമഗോചരൻ.

ദേഹിമേ രക്ഷ വിശേശ!
പാഹിമാം പുരുഷോത്തമ!
കുടുംബാദി ബന്ധമം സർവ്വം
കെട്ടത്താലും മഹാമതെ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജ്ഞാനാഗ്നിജ്ജ്വാലയാൽ; നിന്നിൽ
ശരണം പൂകിടുന്നിതാ."
കൈകേയീ വചനം കേട്ടു
രാമൻ സസ്മിതമോതിനാൻ.

"സത്യം തന്നെ മഹാഭാഗെ!
പ്രസ്താവിച്ചതു സർവ്വവും.
ദേവി! നീ ചൊന്ന വാക്കെല്ലാം
ദേവകാര്യം വരുത്തുവാൻ,

എന്നാൽ താൻ പ്രേരിതം, തത്ര
നിന്നിലില്ലൊരു ദോഷവും.
പോയാലും ഹൃദിമാം നിത്യം
ഭാവനം ചെയ്തു കൊള്ളുക.

സക്തിസർവ്വത്തിലും വിട്ടു
ഭക്ത്യാമോക്ഷമണഞ്ഞിടാം.
സമമായ് കാൺമൂ ഞാൻ സർവ്വം
പ്രിയമപ്രിയമെന്നിയെ

ജ്വാലവിദ്വാൻ കണ, ക്കെന്നെ
ഭജിപ്പോരെ ബ്ഭജിക്കുവേൻ.
മന്മായാ മോഹിതന്മാരായ്
തത്വമോർക്കാതിരിപ്പവർ

സുഖദുഃഖാത്മകൻ മർത്ത്യൻ
ഞാനെന്നത്രേ നിനപ്പതും.
ഭാഗ്യാലാതത്വ വിജ്ഞാനം
ഭവതിക്കിന്നു ലഭ്യമായ്.

ഗൃഹേവാഴ്ക സ്മരിച്ചെന്നെ
കർമ്മബന്ധം വെടിഞ്ഞിടും.''
ഇതെല്ലാം കേട്ടു കൈകേയി
വലംവെച്ചഥ രാമനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പലവട്ടം നമിച്ചേററം
പ്രസാദം പൂണ്ടുകൊണ്ടുമെ.
ഭരതൻ, മന്ത്രിമാരും തൻ
ഗുരുവും മാതൃവർഗ്ഗവും,

ഒന്നിച്ചു പോയയോദ്ധ്യയ്ക്കാ—
യുന്നിയും ചിന്ത രാമനിൽ,
അയോദ്ധ്യാപുരിയിൽത്തന്നെ
പൌരരെസ്സർവ്വപേരെയും

പാർപ്പിച്ചു ഭരതൻ പിന്നെ
നന്ദി ഗ്രാമത്തിലെത്തിനാൻ.
അവിടെപ്പാദുകം രണ്ടും
സിംഹാസന തലത്തിലായ്.

വെച്ചു പൂജിച്ചു നിത്യേന
രാമസങ്കല്പ ഭാവനായ്,
രാജോപചാരമായുള്ള
ഗന്ധപുഷ്പാക്ഷതാദിയാൽ.

വല്ക്കലം ജടയും പൂണ്ടും
ഫലമൂലാശനത്തൊട്ടം
ശയിച്ചു ഭൂമിയിൽത്തന്നെ
ഭരതൻ ബ്രഹ്മചാരിയായ്.

രാമനോടറിയിക്കും പോൽ
രാജ്യകാര്യങ്ങളൊക്കെയും
പാദുകാഗ്രേ നിവേദിച്ചേ
തീരുമാനിച്ചിതാ മഹാൻ.

രാമൻെറ വരവും കാത്തു
മാസം ദിവസമെണ്ണിയും
ബ്രഹ്മർഷിയെന്നപോൽ വാണു
ഭരതൻ രാമചിത്തനായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമനോ ചിത്രകൂടത്തിൽ
മുനിമാരൊത്തുമങ്ങനെ
ഭ്രാതാവും ഭാര്യയും ചേർന്നു-
മല്പകാലം കഴിച്ചുതെ.

ചിത്രകൂടത്തിലാം രാമ-
നെന്നറിഞ്ഞു പലപ്പൊഴും
പൌരരങ്ങോട്ടു ചെന്നല്ലൊ
രാമദർശന ലോലുപർ.

ജനബാധയൊഴിച്ചീടാൻ
ദണ്ഡകേ ചെന്നുചേർന്നിടാൻ
ചിത്രകൂടം ത്യജിച്ചങ്ങു
യാത്രയായ് രഘുനന്ദനൻ.

ഭ്രാതാവും സീതയും ചേർന്നു-
മേതാനും യാത്രചെയ്തവൻ
എത്തിനാൻ സുഖസമ്പൂർണ്ണ-
'മത്രി' തൻ പർണ്ണശാലയിൽ

തപോവനം സ്വതേജസ്സാൽ
ശോഭിപ്പിക്കും മുനീന്ദ്രനെ
കണ്ടവൻ പ്രണമിച്ചോതി
"രാമനാം ഞാൻ നമിപ്പിതാ

താതവാക്യാനുസാരേണ
ദണ്ഡകേ വന്നിരിപ്പു ഞാൻ
വനവാസം വഴിക്കങ്ങേ-
ക്കാൺമാനൊത്തു കൃതാർത്ഥനായ്."

ഹരിയാം രാമനെന്നപ്പോഴം
ശരിയായ് ബോദ്ധ്യമാകയാൽ
യഥാവിധി പരം ഭക്ത്യാ
പൂജിച്ചു മുനിസത്തമൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഫലമൂലങ്ങളാൽ പിന്നെ,
സൽക്കരിച്ചു യഥോചിതം
ഇരുത്തിക്കുശലം ചോദി–
ച്ചുരച്ചു മുനിയിങ്ങനെ.

''പ്രായമേറെക്കവിഞ്ഞോരെൻ
ഭാര്യയുണ്ടനസൂയയാം
തപശ്ചര്യയിലാണെന്നും
ധർമ്മാത്മാ ധർമ്മ വത്സല.

ഇങ്ങകത്തുണ്ടിരിക്കുന്നു
ചെന്നു കാണട്ടെ ജാനകി.''
അങ്ങനെച്ചെയ്യുവാൻ രാമ–
നംഗനയ്ക്കേകി കല്പന,

ദേവിയെച്ചെന്നു വന്ദിച്ചു
വേഗം തിരികെ വന്നിടാൻ.
സീതയോ പോയകത്തേയ്ക്കു
നാഥൻ ചൊന്നതുപോലവെ

സീത ചെന്നു നമിച്ചപ്പോൾ
ജാതമോദം തപസ്വിനി
കെട്ടിപ്പിടിച്ചു ചുംബിച്ചും
താലോലിച്ചും സകൌതുകം,

വിശ്വകർമ്മാവു നിർമ്മിച്ച
ദിവ്യമാം രണ്ടു കുണ്ഡലം
കൊടുത്താൾ നിർമ്മലം രണ്ടു
പട്ടു വസ്ത്രങ്ങളും തഥാ.

ദിവ്യമായ കുറിക്കൂട്ടും
സീതയ്ക്കേകിയിതോതിനാൾ
''അംഗരാഗമിതിൻ ചേർച്ച
മംഗളം ഭംഗിവർദ്ധകം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പതിയെപ്പിന്തുടർന്നാലും
പാതിവ്രത്യമുറയ്ക്കു താൻ
രാഘവൻ നിന്നെയും കൊണ്ടു
തിരിച്ചെത്തും ഗൃഹേ സുഖം.''

ഭോജനം നല്കി രാമന്നും
സീതയ്ക്കും ലക്ഷ്മണന്നുമെ
പിന്നെത്തൊഴുതു കൊണ്ടോതി
രാമനോടായിതേ വിധം.

''നീയേ രചിച്ചു ഭുവനങ്ങ,ളിതന്റെ രക്ഷ-
യ്ക്കായെത്രയോനിക,ളതിൽ പലതാം ശരീരം
നീയേ രചിപ്പിതു;ശരീരഗുണങ്ങളെന്നാൽ
നീയേല്പതില്ല; ഭയവിഹ്വല നിന്നിൽ മായ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# ആരണ്യകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# സർഗ്ഗവിവരം


1. വിരാധവധം
2. ശരഭംഗാദിസമാഗമം
3. അഗസ്ത്യസമാഗമം
4. പഞ്ചവടിയിൽ—ലക്ഷ്മണോപദേശം
5. ശൂർപ്പണഖ—ഖരാദിവധം
6. മാരീച രാവണ സംവാദം
7. മാരീചവധം—സീതാഹരണം
8. വിയോഗാവസ്ഥ—ജടായുസമാഗമം
9. കബന്ധ മോക്ഷം
10. ശബര്യാശ്രമത്തിൽ


CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—1

# വിരാധവധം

അത്രിയൊത്തദ്ദിനം പോക്കി
പ്രാതഃസ്നാനം കഴിച്ചുടൻ
യാത്രയ്ക്കനുജ്ഞ നൽകീടാൻ
പ്രാർത്ഥിച്ചു രഘുനന്ദനൻ.

''ദണ്ഡകാഖ്യം മഹാരണ്യം
മണ്ഡിതം മുനിവര്യരാൽ
പൂകുവാൻ പോകയാം ഞങ്ങൾ
മഹർഷേ! നൽക സമ്മതം.

വഴികാട്ടിത്തരാൻ ശിഷ്യ-
ർക്കാജ്ഞയും നൽകിടേണമെ.''
രാമൻെറ വചനം കേട്ടു
പുഞ്ചിരിച്ചോതി മാമുനി.
''രാമ! രാമ! ഭവാനെല്ലാ
ദേവന്മാർക്കുമധീശനാം

നീയാർക്കും വഴികാട്ടുന്നോ-
നാരാം നിൻ വഴികാട്ടുവാൻ.
എങ്കിലും ലൌകികാചാരി
നീയിപ്പോ;ളാളയച്ചിടാം.''

എന്നോതി ശിഷ്യരേ വിട്ടു ;
പിന്നിൽത്താനനുയാത്രയായ്
ചെന്നല്പം മുനി, പിൻവാങ്ങി
പിന്നെ രാമപ്രചോദനാൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിളിപ്പാടൊന്നു പോയാറെ
വഴിയിൽക്കണ്ടു രാഘവൻ
പുഴയൊന്നഥ ചോദിച്ചു
വഴികാട്ടികളോടിദം.

''അക്കരെയ്ക്കെത്തുവാനെന്താം
തക്കമോർക്കും കുമാരരെ.''
അവരോതി ''യിതാ കാണു-
ന്നൊരു തോണി കിടപ്പതായ്

ഞങ്ങൾ തന്നെ കടത്തീടാം
നിങ്ങളെത്തോണിയിൽ ക്ഷണം.''
എന്നോതിത്തോണിയിൽക്കേററി
മന്നോർവംശ പ്രദീപരെ.

അക്കരെക്കൊണ്ടുപോയാക്കി
ചിക്കെന്നിങ്ങു മടങ്ങിനാർ
അത്രി പുത്ര,രവർക്കേററം
നന്ദിരാമൻ കഥിക്കവെ.

മണ്ണൂട്ടക്കൂട്ടമാർത്തേററ-
മിരമ്പും ശബ്ദമാർന്നതായ്
സിംഹവ്യാഘ്രാദിവൻക്രൂര-
ഹിംസ്രജന്തുക്കളും ചേർന്നതായ്,

ഭീകരം വേഷമാർന്നുള്ള
ഭീമരാക്ഷസ സേവിതം
രോമാഞ്ചദായകംഘോരം
കാനനം പുക്കു രാഘവർ.

രാമൻ:

ഇനി നാമേറെ സൂക്ഷിച്ചു
വനാന്തേ സഞ്ചരിക്കണം
വില്ലിന്മേൽ ഞാണുറപ്പിച്ചു
വിശിഖം കയ്യിലേന്തിയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുന്നിലായ് ഞാൻ നടന്നീടാം
പിന്നിലായ് നീ ചരിക്കണം
മദ്ധ്യേ ജാനകിയാത്മക്കരം-
ക്കിടയിൽ മായ പോലവെ.

ദൃഷ്ടി വേണം സദാനേരം
സർവ്വത്ര രിപുമർദ്ദന!
രാക്ഷസോപദ്രവംപാരം
ദണ്ഡകേ കേട്ടിരിപ്പുനാം.

ഈ വിധം ചൊല്ലിതെല്ലങ്ങു
സാവധാനം ചരിക്കവെ
കാൺകയായ് കൺകുളർപ്പിക്കും
പൊയ്കയൊന്നതി ശീതളം.

കമലോല്ലലകൽഹാര-
കുമുദോല്ലര ശോഭിതം.
വിമലാംബുവതിൽക്കണ്ട-
തമൃതം പോൽ കുടിച്ചവർ

ഇരുന്നാർ വിശ്രമിപ്പാനാ-
യൊരു വൃക്ഷച്ചുവട്ടിലായ്.
അപ്പോഠം കണ്ടുവരുന്നേതോ
കർബ്ബുരൻ ഭീതിദായകൻ.

ക്രൂര ദംഷ്ട്രോഗ്ര വദനൻ
ഘോര ഗർജ്ജന ഭീഷണൻ
മർത്ത്യദേഹങ്ങളെക്കത്തി-
ക്കോർത്തശ്ശൂലം ധരിക്കുവോൻ,

പോത്താനപുലിയും തിന്നു
ചീർത്തമോദം പുളയ്ക്കുവോൻ.
വില്ലെടുത്തു കുലച്ചപ്പോഠം
ഭ്രാതാവോടോതി രാഘവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''അതികായനതി ക്രൂര—
നിതാകാൺമൊരു രാക്ഷസൻ
നമ്മാം നേർക്കുവരുന്നല്ലൊ
നടുങ്ങും ധൈര്യമററവർ.

വില്ലും കുലച്ചു നീ നില്ക്കു;
വല്ലഭേ! പേടിയായ്ക നീ''
എന്നോതി രാമനും നിന്നു,
കുന്നുപോൽ, വിൽകുലച്ചവൻ

രാക്ഷസൻ രാമനെക്കണ്ടു
ലക്ഷ്മണൻ സീതക്കൂടവെ
അട്ടഹാസത്തൊടേചൊന്നാ—
നൊട്ടേറെ ബ്ഭീഷണോക്തികൾ.

''നിങ്ങളാർ ബാണതൂണീര—
ജടാ വല്ക്കല ധാരികൾ
ബാലന്മാർ, മുനിവേഷക്കാർ
ബാലയൊത്തതിദുർമ്മദർ,

സുന്ദരന്മാ, രെനിക്കൊന്നായ്
തിന്നാൻ മാത്രമിരിപ്പവർ.
എന്തിനായ് വന്നതീക്രൂര—
ജന്തുബാധിതകാനനെ.''

രാക്ഷസോക്തികളെക്കേട്ടു
രാമനുത്തരമോതിനാൻ.
''രാമൻ ഞാനിവനോഭ്രാതാ
ലക്ഷ്മണൻ പ്രിയമേറിയോൻ.

ഇവളെൻ ഭാര്യയാം സീതാ;
വിപിനേ വന്നു ഞങ്ങളും
താതവാക്യാനുസാരേണ
നിൻ തരക്കാരെ വെന്നിടാൻ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമവാക്യം ശ്രവിച്ചാറെ
കേമമായലറീട്ടവൻ
വായും പൊളിച്ചു തോാംപററും
ശൂലമോങ്ങിപ്പറഞ്ഞിദം.

''രാമ, നീയറിയില്ലേ ഞാൻ
വിരാധൻ ലോകവിശ്രുതൻ
മുനിമാരൊക്കെവിട്ടല്ലൊ
വനമെന്നെബ്ഭയന്നു താൻ

ജീവിപ്പാനിച്ഛയുണ്ടെങ്കി–
ലായുധംവെച്ചു സത്വരം
സീതയേവിട്ടുപൊയ്ക്കൊാംവിൻ;
നിങ്ങളെത്തിന്നു മന്യഥാ.''

എന്നോതി രാക്ഷസൻ ചെന്നു
സീതയെപ്പിടികൂടുവാൻ.
രാമനപ്പോാം ചിരിച്ചമ്പാൽ
മുറിച്ചാൻ രാക്ഷസൻ കരം.

വിരാധൻ ക്രോധമാർന്നേററം
വിടർത്തി വികടം മുഖം
രാമന്റെ നേർക്കു പാഞ്ഞെത്തി;
രാമനോ സംഭ്രമം വിനാ

അവന്റെ കാൽകളമ്പാൽ താ–
നരിഞ്ഞാനതി വിസ്മയം.

തൽക്ഷണം വായ്പിളർന്നെത്തീ
രാക്ഷസൻ സർപ്പരീതിയിൽ.
രാമനോ മററൊരമ്പാലെ
മുറിച്ചിട്ടാനവൻ തല.

രക്തധാരയൊടും വീണു
രക്ഷസ്സിൻ തല ഭൂമിയിൽ.
സീതയപ്പോാം പ്രശംസിച്ചു
രാമനെത്തഴുകീടിനാാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അന്നേരം ദുന്ദുഭിക്കൊട്ടാൽ
നന്ദിച്ചാർ ദേവതാഗണം.
ആടിനാരപ്സരസ്ത്രീകൾ
പാടിനാർ കിന്നരാദികൾ.

വിരാധദേഹത്തിലുദിച്ചിതപ്പൊഴെ
വിമോഹനം രൂപമതീവ സുന്ദരം.
സുവർണ്ണ ഭൂഷാ മലവസ്ത്രശോഭിതം
ദിവാകരൻ വാനിലുയർന്നപോലവെ.

പ്രസന്നനായ് പിമ്പവനാത്ത ഭക്തിയാൽ
സ്തുതിച്ചുനിന്നാൻ പ്രണമിച്ചു രാമനെ
ജഗൽബ്ഭയ ബ്ഭ്രാന്തികെടുത്തുമീശനെ
ദയാപരൻ ദീനശരണ്യനേകനെ.

സ്തുതി: ശ്രീരാമ! രാമാ! കമലായതാക്ഷ!
വിദ്യാധരൻ ഞാനതിശോഭിതാംഗൻ
അകാരണം കോപമുയർന്ന യോഗിയാൽ
ശപ്തൻപുരാ, മോചിതനിപ്പൊഴങ്ങയാൽ

സംസാരനാശാർത്ഥമിനിബ്ഭവാന്റെ
പാദാബ്ജമോർമ്മിക്കണമെന്നുമേ ഞാൻ
വാക്കേതുമേനിൻ തിരുനാമമായും,
കേൾക്കുന്നതോനിൻ ചരിതങ്ങളായും,

കൈകൊണ്ടുചെയ്യുന്നതു സർവ്വവും നിൻ
പാദാർച്ചനാരൂപവുമായ് വരേണം.
ശിരസ്സിതെന്നും തവപാദപത്മെ
നമിച്ചിടാൻ മാത്രവുമായിടട്ടെ.

ഭഗവാനേ! നമസ്ക്കാരം
വിശുദ്ധ ബ്രഹ്മരൂപിണെ!
ആത്മാരാമ! രമാനാഥ!
ജഗന്നാഥ! നമോസ്തുതെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നീയേകൻ ശരണം, രക്ഷ
ചെയ്യേണം, ഞാൻ തവാജ്ഞയാ
ദേവലോകം ഗമിക്കുന്നേൻ
മായാമോഹമൊഴിക്കമെ.''

പ്രാർത്ഥിച്ചതീവിധം കേട്ട
പ്രസാദിച്ചതി തൃപ്തനായ്
രാമചന്ദ്രൻ വിരാധന്നു
വരം നല്കി മഹാമതി.

''വിദ്യാധരേന്ദ്ര പോയാലും
മായയെല്ലാം ജയിച്ചനീ.
ജ്ഞാനിയായ്ത്തീർന്നു നീമുക്ത-
നെന്നെദ്ദർശിക്കമൂലമായ്.

ഭക്തിയാൽ മുക്തനാം പക്ഷെ
ഭക്തിയുള്ളവരെത്രപേർ!
നീയേററം ഭക്തിസമ്പന്നൻ
ശ്രേയോമാർഗ്ഗം ഗമിക്കുക.''

രക്ഷസ്സിനെക്കൊന്നു വരം കൊടുത്തു
വിദ്യാധരത്വം പുനരേകി രാമൻ
ശാപാർത്തിയും തീർത്തു; ലഭിക്കുമാക്കും
സർവ്വസ്വമാരാമ ജപത്തിനാലെ.

സർഗ്ഗം—2

## ശരഭംഗാദിസമാഗമം

വിരാധൻ സ്വർഗ്ഗലോകത്തേ-
യ്ക്കാരാൽ പോയോരനന്തരം
ശരഭംഗാശ്രമം പുക്കാർ
രഘുപുംഗവർ സീതയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സാനുജൻ രാമനും സീതാ
ദേവിയും വന്നുകാണവെ
എഴുന്നേററു മഹാത്മാവാം
ശരഭംഗൻ സസംഭ്രമം.

എതിരേററവരെപ്പൂജി–
ച്ചിരുത്തിച്ചിതമാം വിധം
ഫലമൂലങ്ങളും നല്കി
സൽക്കരിച്ചാൻ മഹാമതി.

പ്രീതനായ് രാമനോടോതി
മുനി ''നീ ഭക്തവത്സലൻ.
ഏറെനാളായ് തപംചെയ്വൂ
ഞാനിങ്ങു ദൃഢനിശ്ചയാൽ,

ഭവാനെക്കാണുവാനായ് താൻ
രാമ! നീ പരമേശ്വരൻ;
തപസ്സിൻ നേട്ടമാം പുണ്യം
സർവ്വവും നിന്നിലിന്നിതാ
സമർപ്പിപ്പേനതിൽപ്പിന്നെ
സ്വയം മോക്ഷമണഞ്ഞിടാം.''

വിരക്തനായ് പുണ്യഫലങ്ങളെല്ലാം
രാമങ്കലർപ്പിച്ചഥ യോഗിവര്യൻ
അമേയനാം രാമനെ സീതയേയും
നമിച്ചു ഭക്ത്യാ ചിതയിൽക്കരേറി,

സർവ്വാന്ത രംഗസ്ഥിതനപ്രമേയൻ
ദൂർവ്വാദള ശ്യാമളനംബുജാക്ഷൻ
സീതാസമേതൻ സഹജാനുയുക്തൻ
പീതാംബരൻ രാമനിലാഴ്ത്തി ചിത്തം

''സ്മരിച്ച മാത്രയ്ക്കു വരം തരുന്നോ–
നാരുണ്ടൊരന്യൻ രഘുനാഥനെപ്പോൽ
ഭജിപ്പൊരെൻ ഭക്തി മനസ്സിലാക്കി
പരാപരൻ വന്നു ദയാപയോധി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദേഹം തീയിൽ ത്യജിച്ചിപ്പോഠം
ബ്രഹ്മ ലോകമണഞ്ഞിടും
ഞാനിതാ, കാൺക ദേവേശ!
രാമ! ദാശരഥി പ്രഭോ!

കോസലേശൻ മഹാൻ രാമൻ
ഭാസിക്കേണം ഹൃദന്തരെ
വാമാങ്കേ സീതയൊത്തെന്നും
കാർമേഘം മിന്നലൊത്തപോൽ''

ധ്യാനിച്ച രാമനെത്തൻെറ
കൺമുന്നിൽക്കണ്ടിതേ വിധം
വഹ്നി കത്തിച്ചതിൽ ദേഹം
ദഹിപ്പിച്ചു ജഡം മുനി,

ദിവ്യദേഹത്തൊടും പിന്നെ
ബ്രഹ്മലോകത്തിലെത്തിനാൻ.
അതിൽപ്പിന്നെ മുനീന്ദ്രന്മാർ
ദണ്ഡകാരണ്യവാസികഠം
രാമനെക്കാണുവാൻ ചെന്നു
ശരഭംഗാശ്രമാന്തികം.

ദർശിച്ചു മുനിമാർ കൂട്ടം
ജാനകീരാമലക്ഷ്മണർ,
പ്രണമിച്ചാരുടൻ ഭൂമൗ,
മായാമാനുഷ രൂപികഠം.

സർവ്വഭൂതസ്ഥനാം രാമ—
ന്നാശീർവ്വാദമുരച്ചവർ
സർവ്വരും പിന്നെ കൈ കൂപ്പി
ധനുർദ്ധരനൊടോതിനാർ.

ഭൂഭാരം തീർക്കുവാൻ വേണ്ടി
ജാതൻ നീ ബ്രഹ്മചോദനാൽ
ഹരിനീ, ലക്ഷ്മിയാം സീത,
ശേഷാംശൻ ലക്ഷ്മണൻ തഥാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശത്രുഘ്ന ഭരതന്മാരൊ
ശംഖചക്രങ്ങളങ്ങനെ.
അതിനാലാദ്യമായ് ഞങ്ങൾ
ഋഷികൾക്കാർത്തി പോക്കണം.

വരു വരു രാഘവ! ഞങ്ങളൊന്നി–
ച്ചരണ്യവാസീ മുനിവർഗ്ഗവാടം
ദർശിക്ക സർവ്വം, ദൃഢമപ്പൊളേററം
ദയാർദ്രനായ് നീ സഹതാപിയാകും.''

ഈ വിധം വിവരം കേൾക്കെ
രാഘവൻ തൊഴുകയ്യുമായ്
മുനിമാരൊത്തുപോയ് കാൺമാൻ
വനത്തിൽപ്പർണ്ണശാലകൾ.

അവിടെക്കണ്ടു സർവ്വത്ര
പല കൂട്ടം ശിരസ്സുകൾ
താഴെ വീണസ്ഥിമാത്രങ്ങ,–
ളപ്പോൾ ചോദിച്ചു രാമനും.

''ഏതവർക്കുള്ളൊരെല്ലാണീ
കാൺമ, തെന്തൊരു കാരണാൽ.''
മുനിമാരോതി ''രാജേന്ദ്ര!
മഹർഷിത്തലയൊക്കെയും.

സമാധി സ്ഥിതരായോരെ
തിന്നോരാം രാക്ഷസാധമർ
അവരെങ്ങും ചരിക്കുന്നു
സൈ്വരമായ് വായ് പിളർത്തിയും.''

ഭയവും ദൈന്യവും ചേർന്ന
മുനിവാക്യം ശ്രവിക്കവെ
രാമൻ പ്രതിജ്ഞയെച്ചെയ്താൻ
രക്ഷോവംശം മുടിക്കുവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വനാന്തേ സ്ഥിര വാസക്കാർ
മുനിമാർ സൽക്കരിച്ചവൻ
ഭ്രാതാവാം ലക്ഷ്മണൻ കൂടെ
ഭാര്യയാം സീതയൊത്തുമെ,

പാർത്തു രാമൻ കുറെക്കാല–
മത്തപോവന ഭൂമിയിൽ.
അങ്ങനെക്കാണുവാൻ പററി
ഋഷിവാടങ്ങളൊക്കെയും.

അന്നൊരിക്കൽ സുതീക്ഷ്ണൻെറ
പ്രശസ്താശ്രമമെത്തിനാൻ
അസംഖ്യം മുനിമാർ ചേർന്നും
വാസ യോഗ്യവുമാമിടം.

അഗസ്ത്യ മുനി തൻ ശിഷ്യൻ
സുതീക്ഷ്ണൻ രാമതൽപ്പരൻ
രാമൻ ചെന്നതറിഞ്ഞാറെ
സ്വയം വന്നെതിരേററുടൻ
യുക്തമാം മട്ടു പൂജിച്ചാൻ
ഭക്തി നിർഭര മാനസൻ.

സുതീക്ഷ്ണൻ:

“ത്വന്മന്ത്രജാപ്യഹമനന്തഗുണാ പ്രമേയ
സീതാപതേ ശിവവിരിഞ്ച സമാശ്രിതാംഘ്രേ
സംസാര സിന്ധു തരണാമലപോതപാദ
രാമാഭിരാമ സതതം തവ പാദദാസഃ

മാമദ്യ സർവ്വജഗതാമ വിഗോചരസ്ത്വം
ത്വന്മായയാ സുത കളത്ര ഗൃഹാന്ധകൂപെ
മഗ്നം നിരീക്ഷ്യമല പുദ്ഗലപിണ്ഡമോഹ–
പാശാനുബദ്ധ ഹൃദയം സ്വയമാഗതോസി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തവംസർവ്വ ഭൂതഹൃദയേഷ്വ കൃതാലയോപി
തവന്മന്ത്ര ജാപ്യ വിമുഖേഷ്വത നോഷിമായാം
തവന്മന്ത്ര സാധന പരേഷ്വ പയാതിമായാ
സേവാനുരൂപ ഫലദോസി യഥാ മഹീപഃ

വിശ്വസ്യ സൃഷ്ടിലയ സംസ്ഥിതി ഹേതുരേക—
സ്ത്വം മായയാത്രിഗുണയാ വിധിരീശ വിഷ്ണു
ഭാസീശമോഹിതധിയാം വിവിധാകൃതിസ്ത്വം
യദ്വദ്രവിഃസലിലപാത്ര ഗതോഹ്യനേകഃ

പ്രത്യക്ഷതോദ്യ ഭവതശ്ചരണാരവിന്ദം
പശ്യാമിരാമ തമസഃപരതഃസ്ഥിതസ്യ
ദൃഗ് രൂപതസ്ത്വമസതാമ വിഗോചരോപി
തവന്മന്ത്രപൂത ഹൃദയേഷു സദാ പ്രസന്നഃ

പശ്യാമിരാമ തവ രൂപമരൂപിണോപി
മായാവിഡംബനകൃതം സുമനുഷ്യവേഷം
കന്ദർപ്പകോടി സുഭഗം കമനീയ ചാപ—
ബാണം ദയാർദ്ര ഹൃദയം സ്മിത ചാരുവക്ത്രം.

സീതാസമേതമജിനാംബരമപ്രധൃഷ്യം
സൌമിത്രിണാ നിയത സേവിത പാദപത്മം
നീലോൽപ്പല ദ്യുതിമനന്ത ഗുണം പ്രശാന്തം
മൽ ഭാഗധേയമനിശം പ്രണമാമിരാമം.

ജാനന്തുരാമ തവ രൂപമശേഷദേശ—
കാലാദ്യുപാധി രഹിതം ഘന ചിൽപ്രകാശം
പ്രത്യക്ഷതോദ്യ മമ ഗോചരമേത ദേവ
രൂപം വിഭാതുഹൃദയേ ന പരം വികാംക്ഷ്യേ.''

സ്തുതി കേട്ടൽപ്പമായൊന്നു
പുഞ്ചിരിച്ചോതി രാഘവൻ
''കറയററു ഭവച്ചിത്ത,—
മറിയാം, ഭക്തനാകയാൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എന്നിരിത്താൻ ശരണം കൊദംവോൻ
നിന്നെക്കാൺമതിനെത്തി ഞാൻ.
ലോകത്തിലെവനെൻ നാമ–
മേകഭക്ത്യാ ജപിപ്പിതോ,

അവനെൻ ദർശനം നിത്യം
ലഭിക്കും നിശ്ചയം മുനെ!
ഏതൊരാരം ചൊല്ലുമീ സ്തോത്രം
പ്രീതിദം മേ ഭവൽകൃതം,

അവനും ഭക്തനായ് തീരും
വിമലജ്ഞാനമാർന്നിടും.
ഭക്തിയാലിന്നു സംസാര
മുക്തി നേടി ഭവാനുമെ,

മരിച്ചാലെൻെറ സായൂജ്യം
വരിക്കും സംശയം വിനാ.
ഇനി ഞാൻ ചെന്നു കാൺമേൻ നിൻ
ഗുരുവര്യനഗസ്ത്യനെ
അമ്പൊടങ്ങൊട്ടു നാരം പാർക്കാൻ
വെമ്പിടുന്നെൻെറ മാനസം.''

ഞാനുമെൻ ഗുരുവെക്കണ്ടി–
ട്ടൊട്ടേറെ ദിവസങ്ങളായ്
പോകാം നാളെ നമുക്കൊന്നി–
ച്ചെന്നോതി മുനിയും തദാ.

പിന്നെ പ്രഭാതേ മുനിയൊത്തു രാമൻ
സൌമിത്രി സീതാസഹിതം നടന്നാൻ,
അഗസ്ത്യ സംഭാഷണ ലോല ചിത്തൻ
തൽ ഭ്രാതൃ പുണ്യാശ്രമമാദ്യമെത്താൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—3

## അഗസ്ത്യ സമാഗമം

അഗസ്ത്യാനുജ ഗേഹത്തി–
ലന്നുച്ചയ്ക്കവരെത്തിനാർ,
സുതീക്ഷ്ണൻ ലക്ഷ്മണൻ രാമൻ
വിദേഹാത്മജയെന്നിവർ.

ഫലമൂലാദി ഭക്ഷിച്ച-
മവിടെപ്പൂജയേററവർ
പ്രഭാതത്തിൽ പുറപ്പെട്ടി–
ട്ടഗസ്ത്യാശ്രമമെത്തിനാർ.

പല പക്ഷി മൃഗം ചേർന്നും
ഫല പുഷ്പ സമൃദ്ധമായ്
നന്ദനം പോൽ സുസമ്പന്ന–
മെന്നുമാ താപസ സ്ഥലം,

ദേവ ബ്രഹ്മർഷിമാർ മേവും
പാവനാലയ പംക്തിയാൽ
മറേറതോ ബ്രഹ്മലോകം പോൽ
മുററും ശോഭിച്ച കാൺകയായ്.

ആശ്രമപ്പുറമേ നിന്നു
മുനിയോടോതി രാഘവൻ
''സീതാസമേതനായ് ഞാനും
ഭ്രാതാവും വന്നിരിപ്പതായ്,

അഗസ്ത്യന്നരികെച്ചെന്ന–
ങ്ങറിയിക്കു മഹാമതെ!''
സുതീക്ഷ്ണനുടനെച്ചെന്നാൻ
സന്തോഷിച്ചാശ്രമാന്തരെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമഭക്തരനേകം പേർ
മുനിമാർ ചേർന്നിരിപ്പവൻ,
അവർക്കായ് രാമ നാമത്തിൻ
മാഹാത്മ്യം വിവരിപ്പവൻ,

ഭക്തിനിർഭര ഭാവത്തിൽ
ഭഗവാൻഗുരുവര്യനെ
അവിടെക്കണ്ടു തൻ ശിഷ്യാ–
ഗണമൊത്തുമിരിപ്പതായ്.

സാഷ്ടാംഗം വീണുടൻ ചൊല്ലി
സുതീക്ഷ്ണൻ വിനയാന്വിതൻ.
''രാമൻ ലക്ഷ്മണനും സീതാ–
ദേവിയും കാത്തു നില്പിതാ
പുറത്ത്, ഭഗവാനെ! ത്വ–
ദ്ദർശനാർത്ഥം ദയാനിധെ!''

അഗസ്ത്യൻ:–

നന്നാ, യിങ്ങാനയിച്ചാലു–
മെന്നുള്ളിൽച്ചേർന്ന രാമനെ.
പ്രത്യക്ഷമവനെക്കാൺമാൻ
നിത്യം സേവിച്ചിരിപ്പ ഞാൻ.

എന്നോതി മുനിമാരൊന്നി–
ച്ചെണീററു നട കൊണ്ടവൻ
സ്വയം ചെന്നെതിരേററോതി
ഭയഭക്തി സമന്വിതം.

''സ്വാഗതം രാമ! വന്നാലും
സന്തോഷം നല്ല കാലമായ്.
ആതിഥ്യം തവ നൽകാനാ–
യതി ഭാഗ്യം ലഭിച്ചുമെ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമനും മുനിശ്രേയക്കണ്ടു
ഹർഷ മാനസനായ് തദാ
ഭൂമൌ പതിച്ചു സാഷ്ടാംഗം
ഭാര്യാ സോദരൊത്തവൻ.

മുനീന്ദ്രൻ രാമനെക്കയ്യാ-
ലുയർത്തിബ്ഭക്തി പൂർവ്വകം
ആശ്ലേഷിച്ചു തന്റെ സ്പർശാൽ
സന്തോഷാശ്രു പൊഴിച്ചവൻ,

ഒരു കൈ കൊണ്ടു രാമന്റെ
കരമേന്തി മഹാമുനി
ആശ്രമത്തിനാകത്തേയ്ക്കാ-
യാദരാൽ കൊണ്ടു പോയിനാൻ.

ഇരുത്തിസ്സുഖമായ് നാനാ
വന്യഭോജ്യങ്ങൾ നൽകിയും
സൽക്കരിച്ചു യഥായോഗ്യം
പൂജിച്ചാൻ പല മട്ടിലായ്.

സുന്ദരേന്ദുമുഖൻ രാമൻ
വന്ദ്യനൊററയ്ക്കിരിക്കവെ
അഗസ്ത്യൻ കൂപ്പുകൈയോടെ
ഭഗവാനോടു ചൊല്ലിനാൻ.

''പാലാഴിക്കെത്തി പണ്ടെന്നോ
ബ്രഹ്മാവർത്ഥിച്ചു നിന്നൊടായ്
രാവണാന്തം വരുത്താനും
ഭൂഭാരം തീർത്തിടാനുമായ്,

അന്നുതൊട്ടു തപം ചെയ്തു
തന്നേ, ഞാനിങ്ങു വാഴ്കയാം,
മുനിമാരൊത്തു നിൻ കാഴ്ച-
യ്ക്കുതിയായ് കൊതിയാർന്നുമെ
സർവ്വ നേരം ഭവാനെത്താൻ
സ്മരിച്ചും നേർക്കു കാണുവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സൃഷ്ടിക്കു മുമ്പു നീയേകൻ
നിർവികാരനമദ്വയൻ.
നിൻ കാര്യം നിർവഹിപ്പോളാം
മായ നിൻ ശക്തി തന്നെയാം.

നിർഗ്ഗുണൻ നീ സ്വയം മായാ—
വൃതനാമേതവസ്ഥയിൽ
അതാ'ണവ്യാകൃതാവസ്ഥ'
വേദ പണ്ഡിത ദൃഷ്ടിയിൽ.

ചിലരോ പേരിതിന്നേകം
'മൂലപ്രകൃതി'യെന്നുമായ്;
അവിദ്യാ, സംസൃതീ, ബന്ധ—
മെന്നെല്ലാമന്യരോതിടും.

നിന്നാൽ താൻ ക്ഷുബ്ധമാം മായ
തന്നിൽ നിന്നുളവായിടും
മഹത്തത്വ, മതോ പിന്നീ—
ടഹങ്കാരമുയർത്തിടും.

മഹത്തത്വം കലർന്നുള്ളോ—
രഹങ്കാര പ്രകാശമോ
സാത്വികം രാജസം പിന്നെ
താമസം മൂന്നു മട്ടിലാം.

താമസത്തിങ്കൽ നിന്നുണ്ടായ്
സൂക്ഷ്മ തന്മാത്ര പഞ്ചകം.
ക്രമത്താലവയോ സ്ഥൂല
മഹാഭൂതങ്ങളഞ്ചുമായ്.

ദശേന്ദ്രിയം രജസ്സാലും
സാത്വികത്താൽ മനസ്സുമായ്.
ഇവയെല്ലാം കലർന്നുണ്ടായ്
സൂത്രാത്മാ സൂക്ഷ്മ രൂപനായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിരാട്ടായ് സ്ഥൂലഭൂതങ്ങ-
ളഞ്ചുമൊന്നിച്ചു ചേരവെ.
വിരാട്ടിൽ നിന്നുമാണല്ലൊ
സംസാരം പ്രകടീകൃതം.

കാല കർമ്മ ക്രമത്താലെ
ഭഗവാൻ താൻ പല ജീവിയായ്.
ജഗത്തിൻ കാരകൻ ബ്രഹ്മാ
നീ താൻ രാജസ വർത്തിയായ്.

സത്വത്താൽ വിഷ്ണുവായ് ലോകം
പാലിപ്പോനും ഭവാനഹൊ.
തമസ്സായ് ലയമേൽപ്പിക്കും
രുദ്രനും നീ, സ്വമായയാ.

ത്രിഗുണം ബുദ്ധിയിൽച്ചേർന്നാ-
ണവസ്ഥാ ത്രയ വൃത്തികൾ.
നീയതിൻ സാക്ഷി മാത്രം താ-
നവ്യയൻ ചിന്മയൻ പരൻ.

സൃഷ്ടിലീല ഭവാനെപ്പോ-
ളിഷ്ടമാം രഘുനന്ദന!
മായയെ സ്വീകരിക്കുന്നി-
തപ്പോൾ നീ ഗുണിയെന്ന പോൽ.

'അവിദ്യാ' 'വിദ്യ'യെന്നേവം
ദ്വിവിധം തവ മായയും.
കർമ്മ മാർഗ്ഗേ ചരിപ്പോരാ-
മവിദ്യാ വശ വർത്തികൾ.
ജ്ഞാനമാർഗ്ഗേ ചരിപ്പോരാം
വേദാന്താർത്ഥ വിചാരകർ,

നിന്നിൽത്താൻ ഭക്തി യുക്തന്മാ-
രെല്ലാം വിദ്യാനുവർത്തികൾ.
അവിദ്യാവശഗന്മാരീ
ഭവാം ഭോധിയിൽ മുങ്ങിടും
വിദ്യോപാസകരോ നിത്യ-
മുക്തന്മാരായ് സുഖിച്ചിടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആരെല്ലാം ഭക്തിപൂണ്ടേററം
ഭവാനെസ്സേവ ചെയ്യുമൊ
അവർക്കുള്ളിൽജ്ജ്വലിച്ചിടും
വിദ്യ, ചേരില്ലതന്യരിൽ.

അതിനാൽ ഭക്തിസമ്പന്നർ
മുക്തരാമില്ല സംശയം.
സ്വപ്നത്തിൽപ്പോലുമേ മോക്ഷം
സാധിക്കാ ഭക്തി ശൂന്യരായ്.

എന്തിനേറെ; ച്ചുരുക്കത്തിൽ
ചൊല്ലിടാം സാരമൊക്കെയും.
സൽസംഗം കൊണ്ടു താൻ സാദ്ധ്യം
സാക്ഷാൽ മോക്ഷ, മിതേ മതം.

ശാന്തരായ് നിർമ്മമന്മാരായ്
ദാന്തരായ് സമചിത്തരായ്
സർവ്വ കാര്യം ത്യജിച്ചോരായ്
സർവ്വദാ ഭക്തി യുക്തരായ്,

കിട്ടിടുന്നേതു കൊണ്ടും സ-
ന്തുഷ്ടരായ് സംഗമററവർ
കർമ്മമെല്ലാം ത്യജിച്ചോരാം
ബ്രഹ്മ ലക്ഷ്യൈക തൽപ്പരർ,

യമാദി ഗുണ സമ്പന്ന-
ന്മാരല്ലോ സാധു സജ്ജനം.
തൽക്കഥാ ശ്രവണൌത്സുക്യം
സൽസംഗത്താൽ ജനിച്ചിടും.

അതിൽ നിന്നുളവാം ഭക്തി
രാമ! നിന്നിൽപ്പുരാണനിൽ
അത്തരം ഭക്തിയാലുണ്ടാം
വിജ്ഞാനം സ്പഷ്ടമേററവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുക്തികളുള്ളാദ്യ മാർഗ്ഗങ്ങ-
ളിപ്രകാരത്തിലാകയാൽ
പരാഭക്തി വിളങ്ങട്ടെ
പരമെൻ ഹൃദയേ സദാ.

ഭക്ത സംസർഗ്ഗമെന്നുംമെ
തക്ക പോൽ വന്നു ചേരണം.
ഇന്നല്ലോ സഫലം ജന്മം
നിന്നെക്കണ്ടതു മൂലമായ്.

ഇന്നല്ലോ ചെയ്ത യജ്ഞങ്ങ-
ളെല്ലാം സഫലമായ് പ്രഭോ!
ദീർഘകാലം തപിച്ചു ഞാ-
നോർക്കാതന്യങ്ങളൊന്നുമെ.
അത്തപസ്സിൻ ഫലം തന്നെ
തൽപ്പൂജസ്സ്ഥിപ്പൊഴൊത്തുമെ.

സദാ മേ ഹൃദയേ രാമ!
സീതയൊത്തു വസിക്ക നീ.
ഇരുന്നാലും നടന്നാലും
സ്മരിക്കാവൂ ഭവാനെ ഞാൻ.''

അഗസ്ത്യൻ മാമുനിശ്രേഷ്ഠ-
നിപ്രകാരം സ്തുതിച്ചുടൻ
ഇന്ദ്രൻ പണ്ടങ്ങു വെച്ചോരാ
ചാപം രാമന്നു നൽകിനാൻ

ബാണം തീരാത്ത തുണീരം
രത്ന ഭൂഷിത ഖഡ്ഗവും.
എന്നിട്ടോതി ''രഘു ശ്രേഷ്ഠ!
കൊന്നാലും ദൈത്യ സഞ്ചയം.

ആയതിന്നവതീർണ്ണൻ നീ
മായാ മാനുഷ രൂപനായ്.
രണ്ടുയോജന ദൂരെപ്പോയ്
കണ്ടാലും ഗൌതമീതടെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പഞ്ചവട്യാശ്രമസ്ഥാനം
പുണ്യ കാനന ശോഭിതം.
അങ്ങത്രേ ബാക്കി നിൻകാലം
തങ്ങനൊത്തതു രാഘവ!

അവിടെപ്പാർത്തു ചെയ്തീടാം
ദേവകാര്യങ്ങളൊക്കെയും.''

ശ്രവിച്ചു സാമോദമഗസ്ത്യ ഭാഷിതം
സ്തവങ്ങളും തത്വ രഹസ്യ നിർഭരം
പ്രസന്നനായ്, മാമുനി ചൊന്ന മാർഗ്ഗമെ
നടന്നു സർവ്വജ്ഞനധീശനാം ഹരി.

സർഗ്ഗം—4

## പഞ്ചവടിയിൽ—ലക്ഷ്മണോപദേശം

രാമൻ പോംവഴിയിൽക്കണ്ടു
പക്ഷിവൃദ്ധൻ ജടായുവെ
ആര് തെന്നത്തുതപ്പെട്ടാൻ
ഗിരിപ്രായമിരിപ്പവൻ.

''കൊണ്ടുവാ ലക്ഷ്മണാ വില്ലെൻ
മുന്നിലുണ്ടിത രാക്ഷസൻ
മുനിഭക്ഷക, നിപ്പോഴം താൻ
ഹനിക്കാമെ''ന്നു മോതിനാൻ.

രാമവാക്യം ശ്രവിച്ചാറെ
ഭയന്നാ പക്ഷി ചൊല്ലിനാൻ.
''വദ്ധ്യനല്ല ഭവാനാലീ
വൃദ്ധൻ, നിൻ പിതൃ തോഴനാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എതിർക്കില്ല, ഭവാനെന്നും
ഹിതം ചെയ്‌വോൻ ജടായു ഞാൻ

അങ്ങയ്ക്കു വേണ്ടി ഞാൻ പഞ്ച-
വടിയിൽത്താൻ വസിച്ചിടാം.
കാട്ടിലെപ്പോഠം ചരിക്കും നീ
വേട്ടയ്ക്കായ് ലക്ഷ്മണാനപിതം,

ജാനകീ രക്ഷ കയ്യേല്ക്കാൻ
ഞാനുണ്ടാമപ്പൊഴൊക്കെയും.''
രാമനീ വചനം കേഠക്കെ
പ്രേമവായ്‌പാർന്നു ചൊല്ലിനാൻ.

''നന്നു നീയെന്റെ കാര്യത്തിൽ
ചൊന്ന പോലാചരിക്കുക.
ഇവിടെത്താൻ സമീപത്തിൽ
നിവസിച്ചാലുമീവനെ.''

ഉപദേശിച്ചിതേ മട്ടിൽ
പക്ഷിയെപ്പുല്കി രാഘവൻ
ഭ്രാതാവും സീതയും ചേർന്നു
പോയാൻ പഞ്ചവടിക്കു താൻ.

ചെന്നെത്തീ ഗൌതമീതീരം
പിന്നെപ്പഞ്ചവടിസ്ഥലെ.
ലക്ഷ്മണൻ തത്ര നിർമ്മിച്ചാൻ
ലക്ഷണം ചേർന്നൊരാശ്രമം.

പ്ലാവും മാവും കടമ്പെന്നീ
ഫലവൃക്ഷങ്ങഠം തിങ്ങിയും
ആരോഗ്യദായകം ശ്രേഷ്ഠ-
മാളാരും ചേർന്നിടാത്തിടം.

നദി തന്നുത്തര സ്ഥാന-
ത്തവിടെപ്പാർത്തു മൂവരും.
സീതയെപ്പരിലാളിച്ചും
ഭ്രാതാ ലക്ഷ്മണനൊത്തുമെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദേവലോക സുഖം പൂണ്ടും
മേവിനാൻ രാമനങ്ങനെ.
ഫലമൂലങ്ങളന്നന്നു
പലതും ശേഖരിച്ചവ,

സൌമിത്രി സൽക്കരിച്ചേകും
സ്വയം സേവന തൽപ്പരൻ;
രാത്രി നിത്യമുണർവ്വോടെ
കാത്തിടും ശസ്ത്രധാരിയായ്.

മൂന്നു പേരും നദീസ്നാനം
ചെയ്യാനെത്തും ദിനേദിനെ.
സീത മദ്ധ്യഗയായത്രെ
പോക്കും വരവുമാവഴി.

കുടിക്കാൻ ജലവും നിത്യം
കുടിലിൽക്കൊണ്ടു വന്നിടും
ലക്ഷ്മണൻ തന്നെ; സസ്നേഹം
സുഖിച്ചാരവരങ്ങനെ.

ഒരിക്കൽ ജ്യേഷ്ഠനൊററയ്ക്കാ—
യിരിക്കും നില കണ്ടവൻ
സൌമിത്രി, വിനയത്തോടും
രാമനോടേവമോതിനാൻ.

മോക്ഷാപ്തിക്കുള്ള മാർഗ്ഗങ്ങൾ
സംക്ഷേപിച്ചരുളീടണം.
സാക്ഷാലീശ്വര വാക്യങ്ങൾ
കേൾക്കാനിച്ഛിച്ചിടുന്നു ഞാൻ.

വിജ്ഞാന സഹിതം ജ്ഞാനം
ഭക്തി വൈരാഗ്യ വർദ്ധകം
കേൾപ്പിക്കെന്നെ രഘു ശ്രേഷ്ഠ!
മററാരുണ്ടിതു ചൊല്ലുവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമൻ:

ശുദ്ധമാം പരമം തത്വ-
മോതിടാം വത്സ! കേൾക്കുക.
വിട്ടു, മീ തത്വമോർത്തെന്നാ-
ലുടൻ സംസാര വിഭ്രമം.

ആദ്യം മായാ സ്വരൂപത്തെ
പിന്നെ ജ്ഞാനാപ്തി സാധനം,
വിജ്ഞാന സഹിതം പിന്നെ
ജ്ഞാനവും വിവരിച്ചിടാം.

പരമാത്മ പ്രബോധത്താൽ
ഭ്രമമെല്ലാമൊഴിഞ്ഞിടും.
താനല്ലാത്ത ശരീരാദി
താനാണെന്നൊരു തോന്നലാം.

തോന്നലായതു താൻ മായ;
തദ്വാരാ കല്പിതം ജഗൽ.
രണ്ടു രൂപം പറഞ്ഞീടും
പണ്ടേ മായയ്ക്കരിന്ദമ!

വിക്ഷേപമാദ്യമാം ഭാവം
തൽ ഭാവാൽ കല്പിതം ജഗത്,
ബ്രഹ്മ സ്തംബക പര്യന്തം
സൂക്ഷ്മ സ്ഥൂലങ്ങളൊക്കെയും.

മറേറതാവരണം, സർവ്വ
ജ്ഞാനവും മൂടി നില്പതാം.
വിശുദ്ധ പരമാത്മാവിൽ
വിശ്വ കല്പന മായയാൽ

രജ്ജുവിൽ സർപ്പ ബോധം പോൽ
കേവലം ഭ്രാന്ത ചിന്തയാം.
കാൺമതും കേൾപ്പതും നമ്മ-
ളോർമ്മിക്കുന്നതുമെപ്പൊഴും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സർവ്വമില്ലാത്തതാണല്ലൊ
സ്വപ്നതുല്യം മനോഗതം.
പ്രപഞ്ചപ്പട്ട വൃക്ഷത്തിൻ
വേരീ ദേഹാഭിമാനമാം.

തന്മൂലം ഗൃഹബന്ധങ്ങ,-
ളില്ലാതാത്മാവിനെന്തതിൽ.

സ്ഥൂല ഭൂതങ്ങളഞ്ചെണ്ണം,
പഞ്ച തന്മാത്ര സഞ്ചയം,
അഹങ്കാരം, തഥാബുദ്ധി,
പിന്നെപ്പത്തിന്ദ്രിയങ്ങളും,

മൂലപ്രകൃതിയും, ചിത്തം,
ചിദാഭാസനിതൊക്കെയും
ചേർന്നതാം ക്ഷേത്രമെന്നോതു-
ന്നതു താൻ ദേഹമെന്നതും.

ഇവയിൽപ്പെട്ടിടാത്തൊന്നാം
ജീവ, നാത്മാ നിരാമയൻ.
ജീവതത്വം ഗ്രഹിച്ചീടാ-
നാവും മാർഗ്ഗങ്ങളോതിടാം.

പര്യായം പരമാത്മാവും
ജീവനും, ഭേദമില്ലവ.
ഭേദാഭിമാന ഭാവങ്ങ-
ളതിനാലൊഴിവാക്കണം.

സഹനം സർവ്വ സന്മർദ്ദം,
സർവ്വത്ര സമദർശനം,
സർവ്വാർപ്പണ മനോഭാവാൽ
സദാ സദ്ഗുരു സേവനം,

ദേഹശുദ്ധി, മനഃശ്ശുദ്ധി,
സ്ഥിരതാ സൽക്രിയാദിയിൽ,
നാനാ വിഷയ വൈരാഗ്യം,
മനോവാക്കായ സംയമം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദംഭാഹങ്കാര രാഹിത്യം,
ജീവിതേ ദുഃഖദർശനം,
അസക്തി, സ്നേഹശൂന്യത്വം
പുത്രദാര ധനാദിയിൽ,

ഇഷ്ടാനിഷ്ടമൊരേ മട്ടി—
ലീക്ഷിക്കും സമചിത്തത,
സർവ്വാന്തർവർത്തിയാമെന്നിൽ
നിർവ്യാജ സ്നേഹ ഭാവന,

നിവാസം ജന നിർബ്ബാധ-
നിലയേ നിർമ്മലസ്ഥലെ,
അനിഷ്ടം പ്രാകൃതന്മാരോ—
ടിണങ്ങിസ്സംഗമിപ്പതിൽ,

വേദാന്താർത്ഥ വിചാരത്തോ-
ടാത്മജ്ഞാന പരിശ്രമം.
ഇവയാൽ ജ്ഞാനമുണ്ടാകും
വിപരീതത്തിലജ്ഞതാ.

സൂക്ഷ്മ സ്ഥൂല ശരീരങ്ങാ—
ക്കപ്പുറം നിൽപ്പു, നിത്യമായ്
ശുദ്ധമായ് ബുദ്ധമായാത്മാ,
ചിത്തായെന്നും ധരിക്കണം.

ആത്മാവമ്മട്ടിലാണെന്നായ്
സാക്ഷാൽ കണ്ടനുഭൂതിയാൽ
അറിയുന്നറിവാണത്രെ
വിജ്ഞാനമിതി ചൊൽവതും.

ആത്മാവെങ്ങും സ്വയം പൂർണ്ണ—
നവ്യയൻ ചേതനാമയൻ
സർവ്വോപാധിവിനിർ മുക്തൻ
നിർവ്വികാരൻ നിരാമയൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സ്വ പ്രകാശത്തിനാൽ സർവ്വം
പ്രകാശിപ്പിച്ചിടും വിഭു
ഏകനദ്വയനാദ്യൻ താൻ
സത്യജ്ഞാനാദി ലക്ഷണൻ,

നിസ്സംഗൻ കേവലം സാക്ഷി;
വിജ്ഞാനാലിതു ബോദ്ധ്യമാം
ഗുരു പാദോപദേശത്താൽ
വേദശാസ്ത്രാദി ബോധനാൽ.

ജീവനും പരമാത്മാവു–
മൊന്നെന്നുള്ളറിവേല്ലുവെ
അവിദ്യാ കാര്യമാം ദേഹാ-
ദ്യവസ്ഥയ്ക്കുളവാം ലയം.

അവിദ്യാലയമാം മുക്തി;
മുക്തമാത്മാവതെപ്പൊഴും.
ഈ വിധം പരമാത്മാവിൻ
മോക്ഷ രൂപം കഥിച്ചു ഞാൻ,

ജ്ഞാന വിജ്ഞാന വൈരാഗ്യ
സഹിതം രഘുനന്ദന!
എന്നാലെൻ ഭക്തരല്ലാത്തോ-
ക്കെന്നാളും ലഭ്യമല്ലതു്.

കണ്ണുള്ളോർക്കും നിശാകാലെ
കാഴ്ചയേറെപ്പരുങ്ങലാം.
വെളിച്ചം കയ്യിലുണ്ടെന്നാൽ
വെളിവാം ചുററുപാടുകൾ.

അപ്രകാരം പ്രകാശിക്കു-
മാത്മാവെൻ ഭക്തി ചേരുകിൽ.
ഭക്തിയെങ്കൽ സ്ഫുരിച്ചീടാൻ
യുക്ത മാർഗ്ഗങ്ങളോതിടാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മൽ ഭക്ത സംഗമം നിത്യം
മൽ ഭക്ത സേവനം തഥാ
ഏകാദശീവ്റതം മററു
പർവ്വാനുഷ്ഠാനമെന്നിവ,

താൽപ്പര്യം കേശക്കുവാൻ ചൊല്ലാൻ
വ്യാഖ്യാനിക്കാനുമെൻ കഥ,
എന്നെപ്പൂജിപ്പതിൽ ശ്രദ്ധ -
യെൻ നാമോച്ചാരണത്തിലും.

ഈ വിധം ചേർച്ചയെൻ പേരിൽ
ഭാവിച്ചാൽ ഫലമായ് തദാ
ജനിക്കും നിശ്ചലം ഭക്തി;
ജയിക്കാനതു താൻ മതി.

വൈരാഗ്യം ഭക്തിയാലുണ്ടാം
വിജ്ഞാനം ശീഘ്രമപ്പുറം,
ജ്ഞാനവും ധ്രുവമവ്വണ്ണ-
മതിനാൽ മോക്ഷലബ്ധിയും.

ഇതെല്ലാം ചൊല്ലി ഞാൻ നിൻെറ
ചോദ്യത്തിന്നനുസാരമായ്.
ചിത്തമാരിവയിൽച്ചേർക്കും
തെററിടാ, തവർ മുക്തരാം.

അഭക്തന്മാരൊടീ തത്ത്വ
രഹസ്യം ചൊല്ലിടായ്ക നീ.
എന്നാലെൻ ഭക്തരോടെല്ലാം
നന്നെ ക്ലേശിച്ചുമോതണം.

ശുദ്ധരാരിതു വായിപ്പോർ
ശ്രദ്ധാഭക്തി സമേതരായ്
അവരും മുക്തരായ് തീരു-
മജ്ഞാനാന്ധത നീങ്ങിയോർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചിത്തം നിർമ്മലമായ്, യമാദിനിയമാചാരാൽ
പരം ശാന്തരായ്,
നിത്യം മൽപ്പദ സേവനാ നിരതരായ് മേ
വുന്ന യോഗീശ്വരർ
ഭക്തന്മാരവരൊത്തിണങ്ങി പതിവായ്
സേവിച്ചു പോരുന്നവ-
ർക്കെത്തീടും മമ ദർശനം പരമമാ മക്ഷയ്യ
മോക്ഷം പദം.

സർഗ്ഗം—5

## ശൂർപ്പണഖ-ഖരാദിവധം

കാമ്യരൂപം ധരിപ്പോളാം
കേമിയായൊരു രാക്ഷസി
സഞ്ചാരം ചെയ്തിരുന്നന്നാ–
ളഞ്ചാതാ കാനനാന്തരെ.

ഒരിക്കൽഗ്ഗോമതീ തീരെ
പഞ്ചവട്യാശ്രമാന്തികെ,
പത്മ വജ്രാദി രൂപങ്ങൾ
പതിഞ്ഞ പദ മുദ്രകൾ

കണ്ടാ, ളവളതിൻ ഭംഗി
കൊണ്ടേററം കാമതപ്തയായ്.
പിന്നെക്കാല്പാട് നോക്കിത്താൻ
ചെന്നെത്തീ രാമനുള്ളിടം.

അവിടെച്ചേർന്നിരിക്കുന്നു
സീതയോടൊത്തു രാഘവൻ.
സുന്ദരൻ രാമനെക്കണ്ടു
കന്ദർപ്പാർത്തി മുഴുത്തവൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചോദിച്ചാരം രാമനോടേവം
''നീയാരാരുടെ പുത്രനാം
ഇവിടെപ്പാർപ്പതെന്തിന്നാം
ജടാവല്ക്കല ധാരിയായ്.

ഞാനോ ശൂർപ്പണഖാ നാമ
രാക്ഷസീ കാമരൂപിണി
മഹാത്മാ രാക്ഷസാധീശൻ
രാവണൻ തൻ സഹോദരി.

ഭ്രാതാവാം ഖരനൊന്നിച്ചീ
കാനനേ വാണിടുന്നു ഞാൻ.
രാജാവാൽ ദത്തമിങ്ങെല്ലാം;
ഭോജനം മേ മഹർഷിമാർ

ഭവാനെപ്പററി സർവ്വം ഞാ-
നറിവാനാഗ്രഹിക്കയാം.''
രാമൻ പറഞ്ഞു ''ഞാൻ, കേൾക്ക,
രാമൻ ദാശരഥി പ്രഭു.

ഇവളെൻ ഭാര്യയാം സീത
സുന്ദരീ ജനകാത്മജാ.
അവനെന്നനുജൻ, കാമ-
കോമളൻ ലക്ഷ്മണാഭിധൻ.

എന്തു കാര്യം നിനക്കെന്നാൽ
കൃതമാകേണ്ടു സുന്ദരി?''
രാമവാക്യം ശ്രവിച്ചാറെ
കാമാർത്താ ചൊല്ലി രാക്ഷസി.

''രാമ! ഞാനൊത്തു നീയെന്നും
രമിക്കീ കാനനങ്ങളിൽ.
കാമ സന്തപ്ത ഞാൻ നിന്നെ
കൈവിടാ കമലേക്ഷണ!''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കടാക്ഷം സീതയിൽ ത്തുകി
പുഞ്ചിരിച്ചോതി രാഘവൻ.
"ഇവളെൻ ഭാര്യ കല്യാണി
ജീവിപ്പൂ, ത്യാജ്യയല്ലിവരം.

നീയോ സുന്ദരി, സാപത്ന്യ–
ത്തീയേറെറങ്ങനെ വാണിടും?
എന്നാലെന്നനുജൻ കാൺക
സുന്ദരൻ നില്പിതപ്പുറം.

അനുരൂപൻ നിനക്കേററ–
മവനൊത്തു രമിക്കുക''.
ചൊന്ന പോൽ ലക്ഷ്മണോപാന്തെ
ചെന്നേവം ചൊല്ലി രാക്ഷസി.

''ഭ്രാതാവിൻ ചൊല്പടിക്കെന്നെ
ഭാര്യയായ് സ്വീകരിക്ക നീ.
കാമ സന്തപ്ത ഞാൻ, നീയോ
കോമളൻ, സംഗമിക്ക നാം.''

ലക്ഷ്മണൻ ചൊല്ലി ''ബാലേ! ഞാ–
നക്ഷിതീശന്റെ ദാസനാം.
ദാസിയായ് തീർന്നിടും നീയും
ദുഃസ്സഹം തന്നെയാം നില.

നന്മയാമങ്ങു താൻ പോയ്ക്കൊളാം–
കമ്മഹാൻ ലോക നായകൻ.''
കേട്ടേവം ചെന്നു രാമങ്കൽ
'ചേട്ട' വീണ്ടും പുലമ്പിനാൾ.

''എന്നെ നീ ഭ്രാന്തയാക്കുന്നോ
നന്നു നിൻ സ്ഥിര ചിത്തത!
തിന്നും സീതയെ ഞാനിപ്പോൾ–
ത്തന്നെ, നീ കണ്ടു കൊള്ളുക.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എന്നോതി സീത തൻ നേർക്കായ്
ചെന്നാാം വികട രൂപിണി.
തൽക്ഷണേ രാമ നിർദ്ദേശാൽ
ലക്ഷ്മണൻ വാളെടുത്തഹൊ

അവളെപ്പിടി കൂടിത്തൽ
കാതും മൂക്കമരിഞ്ഞിതെ.
അവളോ, ചോര മേലാണ്ടും
ഘോര ശബ്ദം മുഴക്കിയും

കരഞ്ഞും കൊണ്ടു പാഞ്ഞെത്തി
ഖരൻ മുമ്പിൽക്കരാളിനി.
ഖരനപ്പോാം പരം ക്രോധി-
ച്ചുരച്ചാ ''നെന്തിതേ വിധം?

ചാക്കടുത്തോരെവൻ ചെയ്താ—
നക്രമം നിന്നിലിപ്പടി?
കാലൻ പോൽ കല്യനെന്നാലും
കൊല്ലാം ഞാനവനെക്ഷണാൽ.''

ഓതി രാക്ഷസി ''കോം, രാമൻ
സീതാ ലക്ഷ്മണ സംയുതൻ
വസിപ്പൂ ദണ്ഡകക്കാട്ടിൽ
നിർബ്ഭയം ഗോമതീതടെ.

അവന്നു വേണ്ടി തൽ ഭ്രാതാ-
വീ വിധം ചെയ്തതൊക്കെയും.
കൊല ചെയ്കവരെത്താൻ, നീ
കുലീനൻ വീരനെങ്കിലൊ.

മദമേറുമവർക്കള്ള
മാംസം രക്തവുമൊന്നു പോൽ
ഭുജിക്കാൻ വേണ, മല്ലായ്കിൽ
ത്യജിക്കും മമ ജീവനെ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇത്രയും കേട്ടവാറേ ററം
ക്രുദ്ധിച്ച ഖരനങ്ങുടൻ
കല്പിച്ചയച്ചു രാമങ്കൽ
ചെന്നേറാൻ, കൊന്നു വീഴ്ത്തിടാൻ,

പതിന്നാലായിരം പേരെ
ഘോര രാക്ഷസ വീരരെ.
ഖരനും ദൂഷണൻ പിന്നെ
ത്രിശിരസ്സെന്ന രാക്ഷസൻ

പോയിനാരൊപ്പ, മെല്ലാരു-
മായുധം പലതേന്തിയോർ.
സൈന്യത്തിൻ ബഹളം കേട്ട
രാമൻ ഭ്രാതാവൊടോതിനാൻ.

''കേംപ്പിതാ വിപുലം ശബ്ദം
കർബ്ബുരന്മാർ വരുന്നതാം.
ഞാനൊത്തു വലുതാം യുദ്ധം
നൂനമിപ്പോാം ഭവിച്ചിടും.

സീതയെക്കൊണ്ടു പോയ് നീയാ
ഗുഹയിൽക്കാത്തു നില്ലുക.
ഘോരന്മാരിവരെക്കൊല്ലാൻ
പോരും ഞാനെന്നതെൻ മതം.

മററൊന്നും പറയേണ്ടാ നീ
തെററാതേ ചെയ്ക ചൊന്ന പോൽ.''
സൌമിത്രി സമ്മതം മൂളി
സീതയൊത്തങ്ങു പോയിനാൻ.

തെയ്യാറായ് രാഘവൻ യുദ്ധം
ചെയ്യാനായ് കച്ച കെട്ടിയും
ബാണം തീരാത്ത തൂണീരം
ധരിച്ചും ചാപമേന്തിയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തൽക്ഷണം വന്നു, രാമങ്കൽ,
രാക്ഷസന്മാർ രണോദ്യതർ
വൃക്ഷം കല്ലായുധം മററും
വിക്ഷേപിച്ചാർ പലേ തരം.

അവയെല്ലാം മുറിച്ചിട്ടു
കേവലം കളിയായുടൻ
രാഘവൻ ശര വർഷത്താൽ
രാക്ഷസൌഘം മുടിച്ചുതേ.

ഖര ദൂഷണരെപ്പിന്നെ
ത്രിശിരസ്സെന്ന രക്കനെ
യമാലയത്തിലെത്തിച്ചാൻ
യാമാർദ്ധേന രഘൂത്തമൻ.

സൌമിത്രി സീതയോടൊപ്പം
രാമ സന്നിധി വന്നുടൻ
കണ്ടു രക്ഷോ വിനാശത്തെ
പൂണ്ടു വിസ്മയമേററവും.

സീതയോ, രാമനെപ്പുൽകി
ജാതമോദം പതുക്കവെ
മുറിവേററിടമെല്ലാം തൻ
മൃദു കയ്യാൽ തലോടിനാൾ.

രക്ഷോ നാശം ഗ്രഹിച്ചപ്പോൾ
രാക്ഷസിക്കുളവായ് ഭയം.
ഓടിനാളുടനേ ലങ്ക–
യ്ക്കാടലോടും കരഞ്ഞവൾ.

ചെന്നു വീണു ദശാസ്യന്റെ
മുന്നിലായ് തൽ സഭാന്തരെ.
ഭഗിനീ ഭയ വിഭ്രാന്ത–
ഭാവം കണ്ടോതി രാവണൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''എണീക്കെണീക്ക നീ വത്സെ!
പണിയാരിതു ചെയ്തവൻ?
ഇന്ദ്രനോ യമനോ ഭദ്രേ!
വരുണൻ താൻ കുബേരനൊ?

വൈരൂപ്യമാരണച്ചാലു–
മവനെ ബ്ഭസ്മമാക്കിടും.''
ഓതിനാളവളന്നേരം
''ഭ്രാതാവേ! മൂഢ ബുദ്ധി, നീ.

കുടിച്ചു മത്തടിക്കുന്നോൻ
സ്ത്രീജിതൻ മടിയൻ സദാ
ചാരദൃഷ്ടിയുമില്ലാത്തോൻ
രാജാവായ് വാഴ്വതെങ്ങനെ?

ഖരദൂഷണരും ചത്താർ
ത്രിശിരസ്സും രണാങ്കണെ
പതിന്നാലായിരം ദൈത്യ–
ഭടരും ക്ഷണമാത്രയിത,

കൊല്ലപ്പെട്ടാർ മഹാത്മാക്ക–
ളെല്ലാം ദൈത്യാരി രാമനാൽ.
ജനസ്ഥാനം മുനീന്ദ്രർക്കു
നിർഭയ സ്ഥാനമായിതെ.
അതൊന്നുമറിയാത്തോൻ നീ–
യതിനാലതി മൂഢനാം.''

രാവണൻ:

ഏതു രാമ, നവൻ കൊന്ന–
തെന്തി, നെമ്മുട്ടരക്കരെ
അവനെ ബ്ഭസ്മമാക്കും ഞാൻ
വിവരം വിസ്തരിക്കു നീ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശൂർപ്പണഖ:

ജന സ്ഥാനത്തു നിന്നന്നാം
ചെന്നു ഞാൻ ഗൌതമീതടെ
പഞ്ചവട്യാശ്രമം തന്നിൽ
പണ്ടേ താപസ സേവിതം.

കണ്ടു ഞാനങ്ങിരിക്കുന്നു
രാമൻ രാജീവ ലോചനൻ
ധനുർബ്ബാണധരൻ ശ്രീമാൻ
ജടാവല്ക്കല മണ്ഡിതൻ,

അതേ മട്ടിലടുത്തായ് തൽ
ഭ്രാതാ ലക്ഷ്മണനേയുമെ.
രാമഭാര്യയുമുണ്ടങ്ങു
രമണീമണി സുന്ദരി.

ദേവ ഗന്ധർവ്വനാഗസ്ത്രീ
മാനുഷസ്ത്രീഗണങ്ങളിൽ
അവരാംകൾ സമമില്ലാരും
കാൺമാൻ കേരംപ്പാനുമെങ്കിലും.

ഭവാന്റെ ഭാര്യയാക്കാൻ ഞാ–
നവളെ പ്പിടികൂടവെ
ലക്ഷ്മണൻ വന്നരിഞ്ഞിട്ടാൻ
തൽക്ഷണം കാതു മൂക്കിവ.

രാമ ചോദിതനായത്രെ
ലക്ഷ്മണൻ ചെയ്തതീ വിധം.
കരഞ്ഞും കൊണ്ടു ഞാൻ ചെന്നു
ഖരനോടോതി വാർത്തകരം.

അവനോ പടയും കൂട്ടി–
ട്ടെതിർത്താൻ രാമനെത്തദാ.
വീര വിക്രമ ധീരന്മാർ
ഘോര രാക്ഷസരൊക്കെയും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കെല്പെഴും രാമനാൽ കൊല്ല–
പ്പെട്ടു പോയല്ല വേളയിൽ.
ഒന്നു രാമൻ നിനച്ചെന്നാൽ
മൂന്നു ലോകം മുടിച്ചിടും,

ഒരു മാത്രയിലെന്നാണെൻ
സ്ഥിരബോദ്ധ്യം മഹാപ്രഭോ!
സാരസേക്ഷണയാം സീതാ
സർവ്വ ലോകൈക സുന്ദരി;

അവരം നിൻ ഭാര്യയായെന്നാൽ
സഫലം നിന്റെ ജീവിതം.
അതിനാലതിനായ് യത്നം
ധൃതിയായ് ചെയ്ക വേണ്ട പോൽ.

നേരേ രാമന്റെ മുമ്പാകെ
നില്ക്കാനാളല്ല നീ പ്രഭോ!
മായാ പ്രയോഗമേതാനു–
മായാലേ കാര്യമൊത്തിടൂ.''

ഭഗിനീഭാഷണം കേരംക്കെ
ഭഗവദ്വേഷി രാവണൻ
സാന്ത്വനം ചെയ്തു സമ്മാനാൽ
ചിന്തയാ പൂകി തൻ ഗൃഹം.
അന്നവന്നൊട്ടുമേ നിദ്ര
വന്നില്ലാ ചിന്തയാനിശി.

''വെറും മനുഷ്യപ്പുഴു രാമനേകൻ
ഖരൻ മഹാശക്തനെ വീര്യവാനെ
ചെറുത്ത സൈന്യത്തെയുമത്രവേഗം
ഹനിച്ചുവെന്നോ ബഹുവിസ്മയം താൻ!

രാമൻ വെറും മാനുഷനല്ല സാക്ഷാൽ
രമാധവൻ തന്നെയുമായിരിക്കാം
ബ്രഹ്മാവിനാൽ പ്രാർത്ഥിതനെന്റെ വംശ–
നിർമ്മൂലനാർത്ഥം രഘുവംശജാതൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വധിക്കിലെന്നെപ്പരമേശ്വരൻ താൻ
വൈകുണ്ഠരാജ്യം മമ ലഭ്യമാകും
അല്ലെങ്കിലീ രാക്ഷസ രാജ്യമെന്നും
ഭുജിച്ചിടാം; രാമനൊടേല്ക്കു തന്നെ.''

ബോധിച്ച രാമൻ പരമേശനാണെ–
ന്നെന്നാലുമോർത്തീ വിധമാശരേശൻ.
''ഹരി പ്രസാദത്തിനടുത്തുചെല്ലാം
വിരോധ ഭാവത്തിലതാണെളുപ്പം.''

സർഗ്ഗം—6

## മാരീച രാവണ സംവാദം

രാവേവം ചിന്തയാൽ പോക്കി
രാവണൻ ബുദ്ധിമാൻ മഹാൻ
രാവിലെ, ക്കാര്യമൊന്നുള്ളാ–
ലുറച്ചു രഥമേറിനാൻ.

നേരേ ചെന്നെത്തി മാരീച–
ന്നരികെക്കടലപ്പുറം.
മാരീചൻ മുനിവേഷത്തിൽ
ജടാവല്ക്കല ധാരിയായ്,

നിർഗ്ഗുണൻ പരമാത്മാവെ
ദ്ധ്യാനിച്ചും കൊണ്ടിരിക്കയാം.
സമാധിസ്ഥിതി വിട്ടാറെ
രാവണൻ വന്നു കാൺകയാൽ,

പിടഞ്ഞെണീററു മാരീചൻ
പുല്കിപ്പൂജിച്ചു സാദരം
സൽക്കരിച്ചുപചാരത്തോ–
ടിരുത്തിച്ചൊല്ലിയിങ്ങനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''രഥത്തിലേകനായെന്തേ
രാവണാ! വന്നതീ വിധം?
കാര്യമെന്തോ വിചാരിച്ച
പാരം ദുഃഖിതനെന്ന പോൽ.

ചൊന്നാലും ഗോപ്യമല്ലെങ്കിൽ
നിന്നിഷ്ടം ഞാൻ നടത്തിടാം
നിഷ്പ്രപം ന്യായമാം കാര്യ—
മൊപ്പിക്കാമേതുമെൻ പ്രഭൊ!''

രാവണൻ:

രാജാദശരഥൻ പേരാൽ
രാജിപ്പു കോസലാധിപൻ
പുത്രനായവനുണ്ടത്രെ
മൂത്തവൻ രാമനെന്നവൻ.

മാമുനി പ്രിയനാണത്രെ
രാമൻ സത്യപരാക്രമൻ.
താതൻ സഭാര്യനായ് വിട്ടാൻ
ഭ്രാതാവൊത്തവനേ,വനെ.

പഞ്ചവട്യാശ്രമേ കാട്ടിൽ
പാർക്കുന്നുണ്ടിപ്പൊഴായവർ.
രാമഭാര്യ, മനോജ്ഞാംഗി
'ക്ഷേമി'യെന്നൊരു ക്ഷേമവിമെ

ആ രാമൻ കാരണം കൂടാ—
താരാൽ കൊന്നാൻ ഖരാദിയെ
വീര രാക്ഷസരെ;പ്പിന്നെ
സൈ്വരമായ് വാഴ്വു നിർഭയം.

സാധു മൽസോദരിക്കുള്ള
കാതും മൂക്കുമരിഞ്ഞവൻ
ദുഷ്ടാത്മാ കാട്ടിലിപ്പോഴം
ഹൃഷ്ടനായ് വാഴ്വു നിർഭയൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അതിനാലാശ്രമേ ചെന്നു
രാമനില്ലാത്ത വേളയിൽ
സീതയെക്കൊണ്ടു പോരും ഞാൻ
നീ താനൊട്ടു തുണയ്ക്കുകിൽ.

മായാരൂപേണ നീ ചെന്നു
ദൂരത്തേയ്ക്കാനയിക്കുക
രാഘവന്മാരെ; ഞാനപ്പോൾ
സീതയെക്കൊണ്ടു പോന്നിടാം.

അത്രമാത്രം സഹായിച്ചി-
ട്ടത്ര മുൻമട്ടിരുന്നിടാം.
രാവണോക്തികൾ കേട്ടപ്പോൾ
മാരീചൻ ചൊല്ലി വിസ്മിതൻ.

''വംശനാശകരം കാര്യം
സംശയം വേണ്ടിതെൻ പ്രഭോ
ശത്രുവാണുപദേശിച്ചോൻ
വദ്ധ്യൻ, നിൻ നാശ തൽപ്പരൻ

രാമന്റെ പൌരുഷം ഞാനെ-
ന്നോർമ്മയിൽക്കാൺമിതിപ്പൊഴും.
വിശ്വാമിത്രന്റെ സത്രത്തിൽ
രക്ഷയ്ക്കുന്നു രഘൂത്തമൻ

കേവലം ബാലനൊററമ്പാൽ
പായിച്ചാനെന്നെ ദൂരവെ
സമുദ്രം വരെ; ഞാനന്നേ
മുതലേറെ ഭയന്നവൻ.

അക്കാര്യമോർത്തിടും നേരം
ദിക്കെങ്ങും കാൺമു രാമനെ.

മുമ്പുയർന്നൊരു വിരോധമോർത്തു ഞാൻ
പിമ്പണഞ്ഞിതു വനത്തിലേകദാ
കൊമ്പുയർന്ന മൃഗരൂപമാ,യതേ
വമ്പെഴും മൃഗഗണത്തൊടൊത്തു താൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമനെജ്ജനക ജാസമന്വിതം
സാനുജം സരഭസംഹനിക്കവാൻ
ഉദ്യമിച്ച മമ മെയ്യിലെയ്തു ഹാ
വിദ്യുതോപമ ശരം രഘൂത്തമൻ.

ബാണമേററ രുജയാൽ പറന്നു ഞാൻ
ക്കേണു വീണിതു ഭയത്തൊടാഴിയിൽ
അന്നു തൊട്ടതിവിശുദ്ധമാശ്രമം
തന്നിലിങ്ങു നിവസിപ്പു നിർഭയം.

രാജ രത്ന രമണീ രഥാദിയാം
'രേഫ' പൂർവ്വപദമൊന്നു കേൾക്കുകിൽ
ഭീതനേററ, മിഹ രാമ ഭക്തനായ്
ഭൗതികം സുഖമൊഴിച്ചു വാഴ്‌വു ഞാൻ.

രാമനിങ്ങു വരുമെന്ന ശങ്കയാൽ
ബാഹ്യകാര്യമഖിലം ത്യജിച്ചു ഞാൻ.
നിദ്ര കൊള്ളുമളവിങ്കലും മനം
മുദ്രിതം രഘുവരാനു ചിന്തയാൽ.

സ്വപ്നശേഷവുമവൻെറ രൂപമെൻ
ഹൃത്തിൽ നിന്നു മറയുന്നിതില്ലെടൊ.
സന്ത്യജിക്കുകതിനാൽ തവാഗ്രഹം
പിന്തിരിക്ക ഭവനത്തിലേയ്ക്കു താൻ.

രക്ഷരാക്ഷസ കുലം, ഭവാനെതിർ
പക്ഷമാർന്നു രഘുനാഥനെങ്കിലൊ
ഇക്ഷണം സകലനാശമാം ഫലം
സൂക്ഷ്മമോർത്തനുസരിക്കുകെൻ മതം.

രാമനോർക്ക പരമാത്മ പൂരുഷൻ
വൈരമെന്തിനു ഭജിക്ക തൽപദം
ഭക്തവത്സലനവൻ, ഗ്രഹിച്ചു ഞാൻ
തൽക്കഥാഗതി മുനീന്ദ്രർ തൻ മുഖാൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ബ്രഹ്മനന്നൊരു ദിനം പറഞ്ഞുപോൽ
ചിന്തയൻ ഹരിപദം ഭജിച്ചവൻ
''അംബുജേക്ഷണ ഭവാൻ മനുഷ്യനാ-
യമ്മഹീതലമണഞ്ഞിടേണമെ
കോസലേശ സുതനായ് ദശാസ്യനെ
കൊന്നിടാൻ കുടില രാക്ഷസേശനെ.''

രാമൻ മനുഷ്യനല്ലോർക്ക
സാക്ഷാൽ നാരായണൻ ഹരി
മായാ മാനുഷ രൂപത്തിൽ
വനേ വന്നെത്തി നിർഭയൻ,

ഭൂഭാരം തീർക്കുവാൻ വേണ്ടി;
പോക നീ സ്വഗൃഹേ സുഖം.''
ഇത്തരം വാക്കു കേട്ടപ്പോ-
ളുത്തരം ചൊല്ലി രാവണൻ.

''രാമനായ് പരമാത്മാവാ
ബ്രഹ്മാവർത്തിക്ക കാരണം.
എന്നെത്താൻ കൊല്ലുവാൻ വേണ്ടി
വന്നതാണെന്നിരിക്കിലൊ,

അക്കാര്യം ചെയ്തിടും വേഗം
സത്യസങ്കൽപ്പനീശ്വരൻ
അതിനാലവിടന്നിപ്പോഴും
സീതയെക്കൊണ്ടുപോരുവേൻ.

ഹതനായ് പോരിൽ ഞാനെങ്കി-
ലെതിരേ സ്വർഗ്ഗമേറിടാം
ഹതനായ് രാമനെന്നാലൊ
സീതയെൻ കയ്യിലെന്നുമെ.

എഴുന്നേൽക്കതിനാൽ ധീമൻ!
വിചിത്ര മൃഗ രൂപനായ്
രാഘവന്മാരെ ദൂരത്തേ-
യ്ക്കാശ്രമം വിട്ടകററുക,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അങ്ങനെച്ചെയ്തു വേഗത്തി-
ലിങ്ങു മുൻ മട്ടിരുന്നിടാം.
എന്നാലതിൽ ബ്ഭയന്നെന്നോ-
ടൊന്നോതാനിടയാകുകിൽ,

ഉടനെക്കൊന്നിടും ഞാനെ-
ന്നുടവാളാം കൊണ്ട സംശയം.''
മാരീചനീവിധം കേട്ടക്കെ
മനസ്സിൽച്ചിലതോർക്കയായ്.

ശ്രീരാമൻ കൊന്നുവെന്നാകി-
ലാരാൽ മോക്ഷമണഞ്ഞിടാം
പാരം ദുഷ്ടനിവൻ കൊന്നാൽ
നേരേ നരകമാണ്ടിടും.

രാമനാൽ മരണം ശ്രേഷ്ഠ-
മീമട്ടുള്ളിലുറച്ചവൻ
സമ്മതം മൂളി മാരീചൻ
സ്വസ്ഥാനം വിട്ടെണീററുടൻ

രാമാശ്രമ മണഞ്ഞീടാൻ
രഥത്തിൽക്കേറി യാത്രയായ്
ത്തുവെള്ളപ്പുള്ളി ചേർന്നോരു
സുവർണ്ണ മൃഗരൂപിയായ്.

നീല രത്നം നിറം കണ്ണും
രത്നക്കൊമ്പു കുളമ്പുമായ്
മിന്നൽ പ്രഭൻ മനോജ്ഞാംഗൻ
മന്ദ മന്ദം ചരിക്കയായ്,

സീത കാണാൻ തരം ചേരും
മാതിരിക്കാശ്രമാന്തികെ;

ഇടയ്ക്കു പാഞ്ഞും ഭയഭീതനെന്നപോ-
ലടുത്തു നിന്നും ക്ഷണനേരമങ്ങനെ
സീതയ്ക്കു തന്നിൽക്കൊതി ചേർത്തിടും പടി-
ക്കങ്ങിങ്ങലഞ്ഞൂ മൃഗരൂപിയാം ഖലൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—7

# മാരീചവധം—സീതാഹരണം

രാവണോദ്ദിഷ്ട തന്ത്രങ്ങളാം
രാമനുള്ളാലറിഞ്ഞവൻ
സർവ്വജ്ഞൻ സീതയോടപ്പോളം
സ്വകാര്യം ചൊല്ലിയിങ്ങനെ.

"വന്നിടും ഭിക്ഷുരൂപത്തിൽ
നിന്നടുത്തിനു രാവണൻ.
സ്വകീയം ഛായ നീ പർണ്ണ—
ശാലയിൽത്തന്നെ നിർത്തുക.

അഗ്നിയിൽപ്പോയൊളിച്ചാലും
പിന്നെ നീയൊരു വത്സരം.
വന്നിടാം നിന്നുപാന്തേ ഞാൻ
കൊന്നു രാക്ഷസ രാജനെ.''

രാമ വാക്യാനുസാരം ത—
ന്നോമലാളഗ്നി പൂകിനാൾ.
മായാ സീത ബഹിർബ്ഭാഗ—
ത്തായും മേവി യഥോചിതം.

മായാ സീത തദാ കണ്ടു
മായാ മാനലയുന്നതായ്
രാമോപാന്തമണഞ്ഞേവം
മോഹാലോതി വിനീതയായ്.

''പൊന്മയൻ പുള്ളിമാനൊന്നു
കാൺമിതാ രത്ന ഭൂഷിതൻ
അത്ഭുതാകാരനായെങ്ങും
നിർബ്ഭയം സഞ്ചരിപ്പവൻ.
കേളിയാടാനെനിക്കൊക്കും
കേ, ളുടൻ കെട്ടി വന്നിടു.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സമ്മതിച്ചു ധനുസ്സേന്തി
പുറപ്പെട്ടോതി രാഘവൻ.
''ലക്ഷ്മണാ! ഞാനിതാ പോവേൻ
രക്ഷിച്ചീടുക സീതയെ.

ഘോര രാക്ഷസരുണ്ടല്ലൊ
കാമ രൂപികളീ വനെ.
അതിനാൽ ശ്രദ്ധയാ നീയീ
സതിയെക്കാത്തു നിൽക്കണം.''

മാരീചൻ മായ കൊണ്ടേവം
മാനായ് തീർന്നത സംശയം
ഈ മൃഗം മൃഗമല്ലെന്നായ്
രാമനോടോതി ലക്ഷ്മണൻ.

രാമൻ:—

മാരീചൻ തന്നെ മാനെങ്കിൽ
മടിയില്ലാതെ കൊന്നിടും
മൃഗം താനെങ്കിലോ ബന്ധി—
ച്ചിങ്ങെത്തും സീത ചൊന്ന പോൽ

പോകയാം ഞാ,നുടൻ മാനെ
പാകം പോൽ കയ്യിലാക്കിയും
എത്തിടാം, നീയതി ശ്രദ്ധം
കാത്തു കൊള്ളുക സീതയെ.''

മായാ മാനിൻെറ പിന്നാലെ
പോയാൻ രാമനിതോതിയും.
വിശ്വമോഹിനിയാം മായാ
വിശ്വ രൂപിണി തൻ പ്രഭു,

നിർവ്വികാരൻ, സദാ പൂർണ്ണൻ,
ചിദാത്മാ, മൃഗ കാമനോ!
അതിൻ സാരമിതാം ''സാക്ഷാൽ
ഭഗവാൻ ഭക്ത വത്സലൻ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മൃഗത്തിൻ പിമ്പു പോയ് രാമൻ
ജ്ഞാനിയായ്, സീത ചൊല്ലയാൽ.
വാസ്തവത്തിൽപ്പരാത്മാവാം
പൂർണ്ണ കാമൻ രഘൂത്തമൻ.

നാരിയാലോ മൃഗത്താലോ
കാര്യമെന്തവനൊക്കുവാൻ.
ചിലപ്പോളാ മൃഗം ചാരെ
ചിലപ്പോഠം ദൂരെയിങ്ങനെ

ക്രമത്തിൽ ദൂരെ ദൂരെസ്സായ്
രാമനെക്കൊണ്ടു പോയിനാൻ.
രാക്ഷസൻ തന്നെ മാനെന്നായ്
സൂക്ഷ്മം രാമന്നു ബോദ്ധ്യമായ്

ഉടനാ മാനിനേ നോക്കി
ശരമൊന്നെയ്തു രാഘവൻ.
മാരീചൻ ചോരയിൽ മുങ്ങി
പതിച്ചു പൂർവ്വ രൂപമായ്.

''കൊന്നിടുന്നെന്നെ, നീ വേഗം
വന്നു രക്ഷിക്ക ലക്ഷ്മണ''
എന്നു രാമൻ കഥിക്കും മ—
ട്ടൊന്നുരച്ചാണു വീണതും.

രാമ സ്മരണമന്ത്യത്തി—
ലജ്ഞനും മോക്ഷ ദായകം.
അവനെക്കണ്ടവൻ കയ്യാൽ
മരിച്ചോൻ കഥ ചൊല്ലണൊ.

തേജസ്സൊന്നാ ജഡം ദേഹം
വിട്ടുയർന്നു പരസ്യമായ്
രാമനിൽത്താൻ പ്രവേശിച്ചു;
വിസ്മയം പൂണ്ടു ദേവകഠം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''എത്ര പാപമിവൻ ചെയ്താ-
നെന്നിട്ടും നേടി സൽഗ്ഗതി.
അഥവാ സർവ്വവും രാമ-
മഹിമാവെന്നു ചൊല്ലണം.

രാമബാണം തറച്ചേററം
കേണവൻ മുമ്പിനാലിവൻ
ഭാര്യാ പുത്ര ധനം സർവ്വം
ഭയത്താൽ സന്ത്യജിച്ചവൻ.

സ്മരിച്ചും രാമനെത്തന്നെ
സദാ, പാപ വിമുക്തനായ്
രാമനാൽ ഹതനായ് പിന്നെ
രാമനിൽത്താൻ ലയിച്ചു പോയ്.

ബ്രാഹ്മണൻ, രാക്ഷസൻ, പാപി,
ധർമ്മാത്മാവേതൊരാളുമെ
സ്മരിച്ചു രാമനെത്തന്നെ
മരിച്ചാൽ മോക്ഷമാർന്നിടും.''

അന്യോന്യമീ വിധം ചൊല്ലി
ധന്യന്മാർ പോയി ദേവകരം.
രാമനോ ചിന്തയാ ''യെന്തേ
രാക്ഷസൻ മൃത്യു വേളയിൽ,

ലക്ഷ്മണാ രക്ഷ ''യെന്നെൻെറ
സൂക്ഷ്മ ശബ്ദത്തിലോതുവാൻ.
ശ്രുവിക്കെശ്ശബ്ദമാ മട്ടിൽ
സീതയ്ക്കെന്നു പിണഞ്ഞിടും.''

ചിന്തിച്ചേവമുടൻ രാമൻ
പിന്തിരിച്ചാൻ സ സംഭ്രമം.
ദുഷ്ട മാരീച ശബ്ദത്തെ
കേട്ടപ്പോരം സീത ചൊല്ലിനാരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സൌമിത്രി തന്നോടായിത്ഥം
സന്താപോൽ ബ്ഭ്രാന്തി പൂണ്ടവൾ.
''പോക വേഗം ഭവാൻ, രാമൻ
മാഴ്കുന്നു ദൈത്യ പീഡയാൽ.

കേട്ടില്ലേ നിന്റെ പേർ ചൊല്ലി
ജ്യേഷ്ഠൻ ചെല്ലാൻ വിളിച്ചതും.''
സൌമിത്രി സീതയോടോതി
''രാമൻ ചൊല്ലില്ലതേ വിധം.

ഏതോ ദൈത്യൻ മരിക്കുമ്പോ -
ളേതാണ്ടങ്ങനെ ചൊന്നതാം.
ക്രോധിച്ചാൽ രാമനൊററയ്ക്കീ
ത്രൈലോക്യം ഭസ്മമാക്കിടും

ദേവ പൂജ്യനവൻ പിന്നെ
ദീന വാക്കേവമോതുമോ.''
ആർത്തയായ് സീത കണ്ണീരും
വാർത്തു കോപാൽ പറഞ്ഞിദം.

''രാമനാശം കൊതിച്ചീടും
ഭരത പ്രേരണാവശാൽ
ജ്യേഷ്ഠനാപത്തണഞ്ഞീടാൻ
ദുഷ്ട! നീ കാത്തിരിക്കയോ.

എന്നെ നീ പിടികൂടാനായ്
വന്നതാം രാമ ഹാനിയിൽ
ആ മോഹം വേണ്ട ഞാനിപ്പോൾ
പ്രാണൻ താൻ കൈവെടിഞ്ഞിടും.

നോക്കുമെന്നെ ഹരിപ്പാൻ നീ-
യെന്നു രാമൻ ധരിച്ചിടാ.
ദുരാത്മാവേ! തൊടില്ലാ ഞാൻ
രാമനല്ലാതൊരുത്തനെ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഏറ്റെപ്പറഞ്ഞിദം കേണാരം
മാറിൽ കൈയിട്ടടിച്ചവരം.
ഇതെല്ലാം ലക്ഷ്മണൻ കേട്ടു
കാതും പൊത്തി വിഷാദിയായ്.

''ധിക്കാരം ചണ്ഡി! നീ ചൊൽവു
കേരംക്കാൻ വയ്യിതു നാശമാം''
എന്നോതിസ്സീത തൻ രക്ഷ
വന്യദേവതമാർകളിൽ,

ഏൽപ്പിച്ചു രാമനെത്തേടി
നീങ്ങിനാൻ ദുഃഖിതാർത്തനായ്.
അത്തക്കം രാവണൻ കണ്ട-
ഞ്ഞെത്തിനാൻ സീതയുള്ളിടം,

ജലപാത്രം യോഗദണ്ഡും
വിലസും ഭിക്ഷു വേഷമായ്.
ഭിക്ഷുവെസ്സീത കണ്ടപ്പോരം
ഭക്തിപൂർവ്വം നമിച്ചവരം

കനി കായ്കളുമർപ്പിച്ചു
മുനിയോടോതിയിങ്ങനെ.
''മഹർഷേ! ഫലമൂലങ്ങരം
സഹർഷം സ്വീകരിക്കുക.

ഇപ്പോരം താൻ വന്നു ചേർന്നീടും
മൽ പ്രിയൻ, വിശ്രമിക്കുക.
അൽപ്പം തങ്ങാൻ മനസ്സെങ്കിൽ
തൽ പ്രിയം ചെയ്യുമെൻ പതി.''

ഭിക്ഷു:

അംബുജാക്ഷി ശുഭേ! നീയാ-
രഘഹാൻ പതിയാരുവാൻ
എന്തിനീ രാക്ഷസാ വാസ
കാന്താരത്തിലിരിപ്പതും.
എല്ലാം വിശദമായ് കേട്ടാൽ
ചൊല്ലാം പിന്നെൻ ചരിത്രവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സീത:

അയോദ്ധ്യാധിപതി ശ്രീമാൻ
രാജാ ദശരഥൻ മഹാൻ
അദ്ദേഹത്തിൻ സുതന്മാരിൽ
മൂത്തവൻ രാമനാം ശുഭൻ.

രാമൻെറ ധർമ്മദാരങ്ങാം
സീത ഞാൻ ജനകാത്മജാ.
ഭ്രാതാവായ് രാമനുണ്ടല്ലൊ
ലക്ഷ്മണൻ ശുഭ ലക്ഷണൻ.

താത വാക്യാനുസാരേണ
പതിന്നാലാണ്ടു വാഴുവാൻ
ഈ വനേ വന്നതാം ഞങ്ങാം;
ഭവാനാർ പറയേണമെ.

ഭിക്ഷു:

ഞാനോ, പൌലസ്ത്യതനയൻ
രാവണൻ രാക്ഷസാധിപൻ.
നിന്നെ ബ്ഭ്രമിച്ചു വന്നോൻ, ഞാ–
നൊന്നിച്ചേ കൊണ്ടു പോകുവാൻ

എന്തു കാര്യം മുനി പ്രഖ്യൻ
രാമനാൽ; ചേരുകെന്നൊടായ്
വന ദുഃഖം കളഞ്ഞൊപ്പ–
മനുഭോഗിക്ക നാം സുഖം.

സീതയീ വചനം കോക്കെ
ഭീതയായേവമോതിനാാം
''ഇപ്രകാരം പ്രഭാഷിച്ചാൽ
മൽ പ്രിയൻ കൊല്ലുമങ്ങയെ.

അൽപ്പം നിൽക്ക മഹാൻ രാമ–
നിപ്പൊഴെത്തും സഹാനുജൻ
ശക്തനാരെന്നു കണ്ടേറാൻ
ശശംപോൽ സിംഹ ഭാര്യയെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമ ബാണാൽ മുറിപ്പെട്ടു
ഭൂമൌ നീ ചത്തു വീണിടും.''
സീത ചൊന്നതു കേട്ടപ്പോൾ
ജാതരോഷം ദശാനനൻ,

സ്വന്തമാം രാക്ഷസം രൂപം
സ്വീകരിച്ചാൻ മഹോന്നതം
പത്തു വക്ത്രമിരട്ടിക്കൈ-
യൊത്തു കാർകൊണ്ടലിൻ പടി.

വന ഭൂതങ്ങളൊക്കെത്താൻ
വിറച്ചു കണ്ട മാത്രയിൽ.
പിന്നെപ്പിളർത്തു കൈയാലെ
രാവണൻ, സീത നിൽപ്പിടം,

മണ്ണോടൊന്നിച്ചെട്ടത്തേററി
തേരിൽ, പോയാൻ പറന്നവൻ.
സീതയോ ദീനയായേററം
ഭീതയായ് ഭുവി നോക്കിയും,

രാമ ലക്ഷ്മണ നാമങ്ങ-
ളാക്രോശിച്ചും കടന്നു പോയ്.
സീത തൻ രോദനം കേട്ടു
ക്രുദ്ധനായ് പക്ഷി സത്തമൻ,

ജടായു പർവ്വതാഗ്രത്തിൽ
നിന്നെണീറേറവമോതിനാൻ.
''ആരെടാ! പോവതെൻ മുന്നിൽ
ക്കൂടവേ, നില്ലടാ ശഠാ!

കട്ടു കൊണ്ടോടിടുന്നോ നീ
പട്ടി ഹവ്യം കണക്കിനെ
ഏകയായാശ്രമേ വാഴും
ലോക നാഥൻെറ ഭാര്യയെ,''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇത്രയും ചൊല്ലി കൊക്കാലെ
കൊത്തിത്തേരിട്ടടച്ചുടൻ
വില്ലും പൊടിച്ചു കാൽ കൊണ്ടു
തല്ലിക്കൊന്നാൻ ഹയങ്ങളെ.

ക്രൂരൻ ദശാസ്യനന്നേരം
ക്രോധം പൂണ്ടുടവാളിനാൽ
പക്ഷി രാജൻെറ പക്ഷങ്ങൾ
വെട്ടി വീഴ്ത്തി മഹാഭുജൻ.

ഭൂതലേ വീണിതാ പക്ഷി
പാതി പ്രാണ സമേതനായ്.
സീതയെക്കൊണ്ടു പോയ് പിന്നെ
വേറെത്തേരേററി രാവണൻ.

രാമ രാമേതി ചൊല്ലിത്താൻ
കരഞ്ഞാൾ സീത ദുഃഖിതാ.
"അയ്യോ രാമ! ജഗന്നാഥ!
നീയെന്നെക്കാൺമതില്ലയൊ

രാക്ഷസൻ കൊണ്ടു പോമെന്നെ
രക്ഷിച്ചുള്ള തവ ഭാര്യയെ.
രക്ഷമാം ലക്ഷ്മണാ! നിന്നോ-
ടാക്ഷേപം ചൊല്ലിയോളിവൾ.

വാക് ശരം കൊണ്ടു ഞാൻ നിന്നെ
നോവിച്ചു; മാപ്പു നൽകുക.''
"വിലാപമീ വിധം കേട്ടു
വീരൻ രാമനടുക്കുമോ,''

എന്നു ശങ്കിച്ചു ലങ്കേശ-
നൊന്നു വേഗം പറന്നു പോയ്.
നീതയാം വായു മാർഗ്ഗേണ
സീത കീഴ്പ്പോട്ടു നോക്കവെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശൈലാഗ്രേ കണ്ട കീശന്മാ-
രഞ്ചു പേർ ചേർന്നിരിപ്പതായ്.
ഉത്തരീയാർദ്ധ ഖണ്ഡത്തി-
ലുടൻ തൻ ഭൂഷണങ്ങളെ

കെട്ടീട്ടെറിഞ്ഞു, തൻ മോഹാൽ
രാമൻ കണ്ടെത്തുമെന്നുമായ്.
പറന്നു കടലിൻ മീതെ
പിന്നെ ചെന്നെത്തി ലങ്കയിൽ,

രാവണൻ, സീതയെപ്പുഷ്പ
വാടിയിൽക്കൊണ്ടിരുത്തിനാൻ,
മാതാവെപ്പോലെ മാനിപ്പാൻ
മററു നാരികരം ചുററുമായ്

ദുഃഖാൽ മെലിഞ്ഞും ദിനകൃത്യമൊന്നും
നോക്കാതുലഞ്ഞും വദനം കരിഞ്ഞും
ഹാ രാമ രാമേതി വിലാപമാർന്നു-
മാ. രാമ രക്ഷോ വലയത്തിൽ വാണാം.

സർഗ്ഗം—8

## വിയോഗാവസ്ഥ- ജടായുസ്സമാഗമം

മായാ മാനിനെ മർദ്ദിച്ച
മായാ മാനുഷ രാഘവൻ
ഉടനെപ്പോകയായ് തൻെറ
കുടിലിൽച്ചെന്നു ചേരുവാൻ.

കണ്ടിതപ്പോരം വരുന്നോററ-
മിണ്ടലും പൂണ്ട ലക്ഷ്മണൻ
അന്തരംഗേ മഹാൻ രാമൻ
ചിന്ത ചെയ്തിതു പോലവെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''മായയാം ഏതയെന്നേതു -
മറിയാ സാധു ലക്ഷ്മണൻ.
പറയേണ്ടതു; ഞാൻ ദുഃഖം
നടിക്കാം നാടനെന്ന പോൽ.

വൈരാഗ്യം പൂണ്ടു ഞാൻ സ്വസ്ഥൻ
നിർവ്വികാര മിരിക്കിലൊ
ദുഷ്ടരാക്ഷസ വർഗ്ഗത്തിൻ
നഷ്ടമെമ്മട്ടണഞ്ഞിടും.

കാമുകൻ പോലെ ദുഃഖിച്ചാൽ
ക്രമത്തിൽസ്സീത തൻഗതി
തേടുവാൻ തരമാം ചെന്നു
കൂടിടാം രാക്ഷസാലയെ.
രാവണാദി വധത്തിന്നും
കൈവരും വഴിയപ്പുറം

മറഞ്ഞ സീതയെക്കൊണ്ടു
മടങ്ങാം പിമ്പയോദ്ധ്യയിൽ.
ബ്രഹ്മാവിൻ പ്രാർത്ഥനാ മൂല–
മിമ്മന്നിൽ ജാതനായി ഞാൻ.

കാലമല്പ്പം കഴിച്ചീടാം
ലീലയാ മർത്ത്യഭാവമായ്.
മായാമാനുഷ വൃത്താന്തം
വായിപ്പോർ കേട്ടുകേട്ടവർ,

മുക്തരായ് തീർന്നിടും വേഗം
ഭക്തിമാർഗ്ഗാനുസാരികരം.''
എന്നു ചിന്തിക്കെ തൻ മുന്നിൽ
വന്നാ ഭ്രാതാവൊടോതിനാൻ.

''സീതയെ സന്ത്യജിച്ചെന്തേ
നീ തനിച്ചിങ്ങു പോരുവാൻ.
തന്നെയാമവളെദ്ദൈത്യർ
തിന്നിടാം കൊണ്ടുപോയിടാം.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തൊഴകയ്യായ് കരഞ്ഞോതി
ലക്ഷ്മണൻ സീത തൻ മൊഴി
''അ,ങ്ങോതും വിധമായ് ദൈത്യ-
നിങ്ങെങ്ങോ ചൊന്ന വാക്കുകൾ

കേട്ട സീത ശഠിച്ചെന്നോ-
ടേട്ടനെച്ചെന്നു കാണുവാൻ.
രാമനല്ലതു ചൊല്ലുന്നോൻ
കാമരൂപനരക്കനാം

സ്വസ്ഥയാകെന്നു ഞാനൊട്ടു
സാന്ത്വനം ചെയ്തു നോക്കിനേൻ.
അവളപ്പോളധിക്ഷേപ
മിവനിൽച്ചാർത്തി മേൽക്കുമേൽ.
അതു സർവ്വം ഭവാൻ മുമ്പിൽ
ചിതമല്ലുര ചെയ്യുവാൻ.

കാതും പൊത്തിക്കടന്നിങ്ങു
പോന്നേൻ കാൺമതിനങ്ങയെ.''

ചൊല്ലി രാമ ''നതും കേട്ടു
പോന്നതോ ശരിയല്ലതെ.
സ്ത്രീവാക്യം സത്യമെന്നോർത്തു
ത്യജിച്ചു നീ ശുഭാംഗിയെ.
തിന്നുപോ,യഥവാ ദൈത്യർ
കൊണ്ടുപോയ്, സീതയെ ധ്രുവം.''

ഇത്രയും ചൊല്ലി വേഗേന
യാത്രയായ് കുടി പൂകുവാൻ.
അങ്ങെത്തി സീതയെക്കണ്ടി-
ല്ലെങ്ങും; പിന്നെ വിലാപമായ്.

''ഹാ പ്രിയേ! പോയതെങ്ങാം നീ
കാൺമീലീ പർണ്ണശാലയിൽ
കളിയായെന്നെ വഞ്ചിപ്പാ-
നൊളിവിൽച്ചെന്നിരിക്കയോ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിളിച്ചേവം വനം തന്നിൽ
തിരഞ്ഞും നോക്കി സീതയെ.
വനദേവീ ഗണത്തോടും
വൃക്ഷ പക്ഷി മൃഗത്തൊടും

കണ്ടുവോ സീതയേയെന്നാ–
യിണ്ടലോടും തെരക്കിനാൻ.
രാമൻ സർവ്വജ്ഞനെന്നാലും
കാൺമതില്ലാ സ്വഭാര്യയെ;

ആനന്ദ സാന്ദ്രനെന്നാലു–
മാടലാർന്നു നടക്കയാം.
അചലൻ തന്നെയെന്നാലു–
മലയുന്നൂ തിരച്ചിലിൽ

നിർമ്മമൻ നിരഹങ്കാരൻ
നിത്യനാനന്ദ രൂപവാൻ
എന്നാലു'മെൻ പ്രിയേ സീതേ'–
യെന്നെല്ലാം വിലപിക്കയാം.

മായാചാരമിതേ മട്ടിൽ
മൂഢന്മാർ കാൺകിലോർത്തിടും.
ആസക്തൻ രാമനെ,ന്നെന്നാൽ,
തത്വജ്ഞർക്കേററിടാ ഭ്രമം.

രാമൻ ലക്ഷ്മണനൊന്നിച്ചാ
വനത്തിൽച്ചുററിയങ്ങനെ.
അപ്പോഴം കണ്ടു തകർന്നുള്ള
കുട തേർ ചാപമെന്നിവ.

രാമനോതി''യിതാ കാൺക
സീതയെക്കട്ടെടുത്തവൻ
ഹതനായന്യനാൽ പിമ്പാ
ഘാതകൻ കട്ടു സീതയെ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പിന്നെപ്പോയ് തെല്ല ദൂരത്തിൽ
കണ്ടു പർവ്വത തുല്യമായ്
രക്തസിക്തം മഹാ രൂപ-
മപ്പോാം ചൊല്ലി രഘൂത്തമൻ.

''ഇവനാ സീതയെക്കൊന്നോ -
നാവും രാത്രിഞ്ചരാധമൻ.
ശയിപ്പൂ തൃപ്തനായൊററ,-
യ്ക്കുടനെക്കൊന്നിടട്ടെ ഞാൻ.

കൊണ്ടുവാ ലക്ഷ്മണാ! ശീഘ്ര-
മെൻെറ വില്ലും ശരങ്ങളും.''
രാമൻെറ വചനം കേട്ടു
ജടായുസ്സോതി ഭീതനായ്.

എന്നെക്കൊല്ലേണ്ട ഞാനെൻെറ
കർമ്മത്താൽ താൻ മരിക്കുവോൻ
ജടായുസ്സാണു ഞാൻ, സീതാ-
ഹാരിയെപ്പിന്തുടർന്നവൻ.

ഹരിച്ചോൻ രാവണൻ, ഞാനാ
ദുരാത്മാവോടെതിർത്തഹൊ
അവൻെറ രഥമശ്വങ്ങളും
ചാപവും തവിടാക്കിനേൻ.

അവൻെറ വെട്ടിനാൽ വീണു
ചാവാറായ് ഞാൻ ജഗൽ പ്രഭൊ.''

പ്രാണൻ പോകാനടുത്തോൻ ത-
ന്നരികത്തെത്തി രാഘവൻ
കൈയാൽ തലോടി ദുഃഖാശ്രു
പെയ്യും നോട്ടമൊടോതിനാൻ.

''ആരാണെൻ ഭാര്യയെക്കട്ടോ-
നറിയാമെങ്കിലോതുക.
ഹതൻ നീയെൻെറ കാര്യാർത്ഥ-
മതിനാൽ പ്രിയ ബന്ധുവാം''.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജടായുസ്സോതീനാൻ ചോര
ഛർദ്ദിച്ചേവം സഗൽഗ്ഗദം
''രാവണൻ രാക്ഷസാധീശൻ
ഭീമ വിക്രമി, സീതയെ,

കൊണ്ടു പോകുന്നതായ് രാമ!
കണ്ടേൻ തെക്കോട്ടു തന്നെയായ്.
വചിക്കാൻ വയ്യിനി, പ്രാണൻ
ത്യജിക്കാം തവ സന്നിധൌ.

രാമ നിൻ ദർശനം കിട്ടി
ഭാഗ്യമെൻ മൃത്യു വേളയിൽ.
മാനുഷം വേഷമാർന്നോൻ നീ–
യമേയൻ വിഷ്ണു തന്നെയാം.

ഇത്തവ്വിൽക്കാൺകയാൽ നിന്നെ
മുക്തൻ ഞാൻ രഘുസത്തമ!
മെയ് തൊട്ടനുഗ്രഹിച്ചാല്പ–
മതോടേ മോക്ഷമാർന്നിടാം.''

ശരിയെന്നോതി രാമൻ തൻ
കരതാരാൽ തലോടിനാൻ.
അപ്പൊഴേ ജീവനും വിട്ടാ
പക്ഷി വീണിതു ഭൂമിയിൽ.

ശ്രീരാമൻ ബന്ധുവെപ്പോലെ
കരഞ്ഞാനശ്രു പൂർണ്ണനായ്.
ലക്ഷ്മണൻ വിറകും കൂട്ടി
ദാഹ കർമ്മം നടത്തിനാൻ.

സശോകം പിന്നെ രണ്ടാളും
സ്നാനം ചെയ്തു യഥാവിധി
കാട്ടു ജന്തുക്കളെക്കൊന്നു
വെട്ടിക്കഷ്ണങ്ങളാക്കിയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നിക്ഷേപിച്ചവ വെവ്വേറെ
പുൽപരപ്പിലതാതിടം.
''പക്ഷിക്കൂട്ടം ഭുജിക്കട്ടെ
പക്ഷിരാട്ടേല്ലു തുഷ്ടിയും.''

എന്നോതി, രാഘവൻ ചൊല്ലി
''ജടായുസ്സെത്തുകെൻ പദം
സാധിച്ചാലും ഭവാനിപ്പോൾ
സാരൂപ്യം ലോക ദൃഷ്ടിയിൽ.''

തദാ ജടായു തൻ ജീവൻ
ദിവി ശോഭിച്ചു കാൺകയായ്
ഭാനു തുല്യം വിമാനത്തിൽ
ഭാസിക്കും ദിവ്യ രൂപനായ്;

ശംഖ ചക്ര ഗദാ പത്മ—
കിരീടാദി വിഭൂഷണം
പീതാംബരവരം ചേർന്നും
പ്രകാശം വീശിയെങ്ങുമെ

വേഷമമ്മട്ടു താൻ വിഷ്ണു—
പാർഷദന്മാർ ധരിച്ചവർ
മുനിമാരും സ്തുതിച്ചേററ-
മാനന്ദം പൂണ്ടിരിപ്പതായ്.
രഘുശ്രേഷ്ഠനെ കൈ കൂപ്പി
സ്തുതിച്ചാനങ്ങിരുന്നവൻ.

''അഗണിത ഗുണമപ്രമേയമാദ്യം
സകല ജഗൽ സ്ഥിതി സംയമാദി ഹേതും
ഉപ രമ പരമം പരാത്മഭൂതം
സതത മഹം പ്രണതോസ്മി രാമചന്ദ്രം.

നിരവധി സുഖമിന്ദിരാ കടാക്ഷം
ക്ഷപിത സുരേന്ദ്ര ചതുർമ്മുഖാദി ദുഃഖം
നരവരമനിശം നമോസ്മി രാമം
വരദമഹം വര ചാപ ബാണ ഹസ്തം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ത്രിഭുവന കമനീയ രൂപമീഡ്യം
രവി ശത ഭാസുരമീഹിത പ്രദാനം
ശരണദമനിശം സുരാഗമൂലെ
കൃത നിലയം രഘുനന്ദനം പ്രപദ്യേ.

ഭവ വിപിന ഭവാഗ്നി നാമധേയം
ഭവ മുഖ ദൈവത ദൈവതം ദയാലും
ദനുജപതി സഹസ്ര കോടി നാശം
രവിതനയാ സദൃശം ഹരിം പ്രപദ്യേ.

അവിരത ഭവ ഭാവനാതി ദൂരം
ഭവ വിമുഖൈർമ്മു നിഭിഃസ്സദൈവദൃശ്യം
ഭവ ജലധി സുതാരണാംഘ്രി പോതം
ശരണമഹം രഘു നന്ദനം പ്രപദ്യേ.

ഗിരിശ ഗിരിസുതാ മനോ നിവാസം
ഗിരിവരധാരിണ മീഹിതാഭിരാമം
സുരവര ദനുജേന്ദ്ര സേവിതാംഘ്രിം
സുരവരദം രഘുനായകം പ്രപദ്യേ.

പരധന പരദാര വർജ്ജിതാനാം
പരഗുണ ഭൂതിഷു തുഷ്ട മാനസാനാം
പരഹിത നിരതാത്മനാം സുസേവ്യാ
രഘുവരമംബുജ ലോചനം പ്രപദ്യേ.

സ്മിത രുചിര വികാസിതാനനാബ്ജ-
മതി സുലഭം സുരരാജ നീലനീലം
സിത ജലരുഹ ചാരു നേത്ര ശോഭാ
രഘുപതിമീശ ഗുരോർഗ്ഗുരും പ്രപദ്യേ.

ഹരി കമലജ ശംഭു രൂപഭേദാ—
ത്ത്വമിഹ വിഭാസി ഗുണത്രയാനുയുക്തഃ
രവിരിവ ജലപൂരിതോദ പാത്രേ—
ഷ്വമര പതി സ്തുതി പാത്രമീശമീഡെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രതിപതി ശതകോടി സുന്ദരാംഗം
ശതപഥഗോചര ഭാവനാ വിദൂരം
യതിപതി ഹൃദയേ സദാ വിഭാതം
രഘുപതിമാർത്തിഹരാപ്രഭും പ്രപദ്യെ.''

ജടായു സ്തുതി കേട്ടേററം
പ്രസാദം പൂണ്ടു രാഘവൻ
ചൊല്ലി ''നീ ചെന്നു ചേർന്നാലും
വിഷ്ണുവിൻ പരമം പദം.

കേഠംപ്പോൻ പഠിപ്പവൻ നിത്യ-
മെഴുതുന്നോനുമീ സ്തവം
അന്ത്യകാലേ സ്മരിച്ചെന്നെ
സാരൂപ്യം കൈവരിച്ചിടും.''

രഘുസത്തമ ഭാഷിതം ശ്രവി-
ച്ചഘമറേറാനവനാത്ത കൌതുകം
അതിമോഹന വിഷ്ണു രൂപനായ്
ഗതി നേടീ പരമം പദസ്ഥിതം.

സർഗ്ഗം—9

## കബന്ധ മോക്ഷം

പിന്നെ രാമൻ പ്രവേശിച്ചാ-
നന്യമാം വനഭൂമിയിൽ
ഭ്രാതാവൊത്തതി ശോകേന
സീതാന്വേഷണ തൽപ്പരൻ.

അവിടെ ദൃശ്യമായ് രക്ഷ-
സ്സുത് ഭുതാകാരനേകനെ,
വക്ഷസ്സിൽ വലുതാം വക്ത്രം
ചക്ഷുരാദി വിഹീനമായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ബാഹുക്കരം യോജനപ്പാട്
വ്യാപിച്ചോൻ ബഹു ഭീഷണൻ
കബന്ധനെന്ന ദൈത്യേന്ദ്രൻ
ജന്തു സംഹാരകാരകൻ.

അരക്കൈകൈകരം തൻ മദ്ധ്യേ
ചരിക്കും രാമലക്ഷ്മണർ
കണ്ടാ,രവരവൻ കൈയ്യിൻ
കുടുക്കിൽപ്പെട്ടു പോയതായ്.

രാമനപ്പോരം ചിരിച്ചോതി
''ലക്ഷ്മണാ! കാൺക ദൈത്യനെ
തലയും കാലുമില്ലാത്തോൻ
വായ വക്ഷസ്സിലായവൻ.

ജീവിപ്പോൻ കൈകളിൽപ്പെട്ട
ജീവി വർഗ്ഗം ഭുജിപ്പവൻ
നമ്മളും പെട്ടുപോയിപ്പോ-
ളിമ്മഹാ പാപി കൈവശം.

പുറത്തു പോകുവാൻ മാർഗ്ഗം
മറിച്ചെന്താം നമുക്കിനി
ദുഷ്ടൻ നമ്മെപ്പിടിച്ചിപ്പോരം
തുഷ്ടനായ് തിന്നിടാൻ മതി.''

ലക്ഷ്മണൻ ചൊല്ലിനാനപ്പോരം
''വിഷാദം വേണ്ട രാഘവ!
ഒപ്പം നമുക്കു രണ്ടാരംക്കു--
മിപ്പോരം കൈകരം മുറിച്ചിടാം.''

ശരിയെന്നോതി ഖഡ്ഗത്താൽ
മുറിച്ചാൻ രാമനൊന്നിനെ.
അപ്രകാരം മുറിച്ചിട്ടാൻ
ക്ഷിപ്രം മറേറതു ലക്ഷ്മണൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദൈത്യനോ വിസ്മയിച്ചോതി
,,ദേവന്മാർ നിങ്ങളാരെടൊ.
ഭൂവിലോ ദ്യോവിലോ കാണി-
ല്ലേവം ചെയ്‌വാൻ സുശക്തരെ.

പറഞ്ഞു പുഞ്ചിരിച്ചപ്പോൾ
രാമൻ രാജീവലോചനൻ.
,,അയോദ്ധ്യാധിപതി ശ്രീമാൻ
രാജാ ദശരഥൻ മഹാൻ;

തൽ പുത്രൻ രാമനാം ഞാ,നെൻ
ഭ്രാതാവാണിതു ലക്ഷ്മണൻ.
ജനകാത്മജയാം സീത
മമ ഭാര്യാ മനോഹരി.

വേട്ടയ്ക്കു പോകവേ ഞങ്ങൾ
കാട്ടാളനൊരു രാക്ഷസൻ
സീതയെക്കട്ടു കൊണ്ടോടി;
തിരഞ്ഞിങ്ങെത്തി ഞങ്ങളും.

പ്രാണരക്ഷാർത്ഥമാം നിന്റെ
പാണി രണ്ടും മുറിച്ചതും.
വിവരം ചൊൽക നീയാരീ
വികടം രൂപമാണ്ടവൻ.

കബന്ധൻ:

ധന്യൻ ഞാൻ, രാമചന്ദ്രൻ നീ-
യെന്നാകിൽ; കണ്ടതസ്സുലായ്.
മുന്നം ഗന്ധർവ്വരാജൻ ഞാൻ
മിന്നും യൌവ്വന ഗർവ്വിതൻ,

'കൊല്ലപ്പെടാ' വരം വാങ്ങി
കല്യൻ ബ്രഹ്മാവിൽ നിന്നു ഞാൻ
മൂ ലോകം ചുററിനേനെങ്ങും
സ്ത്രീ ലോകത്തെ മയക്കിയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അഷ്ടാവക്രനെ ഞാനന്നൊരു
ഹസിച്ചു കണ്ട മാത്രയിൽ.
ക്രോധിച്ചു മുനിയന്നേകി
ശാപം ''രാക്ഷസനാക നീ.''

വിനയാന്വിതനായ് ചെന്നു
മുനിയെക്കൈവണങ്ങി ഞാൻ
ദയാർദ്രൻ മുനിയോ പിന്നെ
സ്വയം മോക്ഷവുമേകിനാൻ.

''ത്രേതാ യുഗേ മഹാവിഷ്ണു
ജാതനാം രാഘവാന്വയെ
അദ്ദേഹം നിന്നടുത്തെത്തി
നിൻ കൈ രണ്ടും മുറിച്ചിടും.

അപ്പോരു നീ മുക്തനാം ശാപാ–
ലൊപ്പം താൻ മുൻ നിലയ്ക്കുമാം.''
ശാപത്താലപ്പൊഴേ ഞാനീ
രാക്ഷസം രൂപമാണ്ടുപോയ്.

ഒരിക്കൽ കോപിയായ് ദേവ–
രാജനെപ്പിന്തുടർന്നു ഞാൻ
അദ്ദേഹം വജ്രമാഞ്ഞെന്റെ
ശിരസ്സിൽച്ചാട്ടി രാഘവ!

അപ്പോളെൻ തലയും കാലും
വയററിൽച്ചേർന്നൊളിച്ചു പോയ്.
ബ്രഹ്മദത്ത വരം മൂലം
മൃത്യു വന്നില്ല താഡനാൽ

ഇന്ദ്രനോടോതി ഞാ''നെമ്മ–
ട്ടിന്നിലയ്ക്കു കഴിഞ്ഞിടും.''
മുഖമില്ലാതെ, കണ്ടെന്നെ,
മഘവാവോ പറഞ്ഞിദം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''കുക്ഷിയിൽത്താൻ മുഖം ചേരും
ഭക്ഷണാർത്ഥം നിനക്കെടൊ.
കൈകളോ യോജനാപ്പാടാം
പോക നീയിന്നിലപ്പ്ഗ്ഗ താൻ.''

അന്നുതൊട്ടിവിടെക്കയ്യിൽ
വന്ന വന്യ മൃഗങ്ങളെ
തിന്നു ജീവിച്ചു പോരുന്നേൻ;
ഇന്നു കൈകൾ മുറിച്ചു നീ.

ഇനി നീ കുഴിയൊന്നിങ്ങു
വലുതായ് തീർത്തതിൽ പ്രഭൊ!
തള്ളിയെന്നെത്തരം പോലെ
കൊള്ളിവെയ്ക്കുക രാഘവ!

പൂർവ്വ രൂപം ഗ്രഹിക്കേ ഞാൻ
ചൊല്ലാം തവ ബ്ഭാര്യ തൻ ഗതി.''
ആ വിധം കുഴി നിർമ്മിച്ചാ—
നാവും വേഗേന ലക്ഷ്മണൻ.

ദേഹം തള്ളിയതിൽത്തട്ടി
ദഹിപ്പിച്ചാനരക്കനെ.
അഗ്നി വിട്ടു തദാ പൊങ്ങി
വ്യക്തമായ് ദിവ്യനായൊരാൾ;

രാമപ്രദക്ഷിണം ചെയ്തി-
ട്ടവൻ വീണു നമിച്ചുടൻ
കൂപ്പുകൈയായ് പരം ഭക്ത്യാ
ഗൽഗ്ഗദം പൂണ്ടു ചൊല്ലിനാൻ.

സ്തുതി:

ആദിമദ്ധ്യാന്തമില്ലാത്തോ—
നചിന്ത്യൻ തന്നെയെങ്കിലും
രാമ! നിന്നെ സ്തുതിച്ചീടാൻ
കാമമാളുന്നിതെൻ മനം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സൂക്ഷ്മ ദേഹത്തിനെക്കാളും
സൂക്ഷ്മമവ്യക്ത ഭാവനായ്
ദൃക്കാം ജ്ഞാനസ്വരൂപൻ നീ
ദൃശ്യങ്ങളഖിലം ജഡം.

ചിദാഭാസൈക്യമാർന്നോരു
ബുദ്ധിയാം ജീവനായതും.
ബുദ്ധിക്കും സാക്ഷിയാം ബ്രഹ്മം,
സാദ്ധ്യമല്ലതറിഞ്ഞിടാൻ.

സർവ്വാത്മാവാം പരബ്രഹ്മം
നിർവ്വികാരി, യതിൽ ബ്ഭ്രമാൽ
ആരോപിക്കുന്നിതജ്ഞന്മാർ
സൂത്രാത്മാവും വിരാട്ടിവ.

ഭൂത ഭവ്യ ഭവത്താകും
ഭാവം വിശ്വത്തിനൊക്കെയും
രാമ! നിൻ സൂക്ഷ്മ രൂപത്തിൽ
ധ്യാനിപ്പൂ ഭാവുകോത്സുകർ.

മഹത്തത്വാവൃതം സർവ്വ
ലോകവും ചേർന്നൊരണ്ഡമായ്
ബ്രഹ്മ സ്ഥൂ ല ശരീരം താൻ
വിരാട്ടായുള്ള ഭാവന.

അവ്യയൻ നീ തവാംഗങ്ങൾ
സർവ്വ ലോകങ്ങളും വിഭോ!
പാതാളം നിൻ പാദ മൂലം,
പിൻകാൽ തവ, മഹാതലം.

നെരിയാണികൾ രണ്ടും തെ
തലാതല രസാതലം.
സുതലം രാമ! ജാനുക്ക—
ളൂരുക്കൾ വിതലാതലം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭൂമിയാം ജഘനം രാമ!
നഭസ്സാം നാഭി ഭാഗവും
വക്ഷസ്സോ സ്വർഗ്ഗ ലോകം താൻ
മഹർ ലോകം കഴുത്തുമെ.

ജനലോകം മുഖം പിന്നെ
തപോ ലോകം ലലാടവും
ഉത്തമാംഗം രഘു ശ്രേഷ്ഠ!
സത്യ ലോകവുമായിടും.

കൈകളോ ലോക പാലന്മാർ
കാതല്ലോ ദിക് വിഭാഗവും
അശ്വിനീ ദേവ രാം രാമ!
നാസയും, വഹ്നി വായയും.

ദിനേശൻ നേത്രമാം നിൻെറ
മനസ്സോ ചന്ദ്രനായതും;
ചില്ലി തൻ ചലനം കാലം
ബുദ്ധി തന്നെ ബൃഹസ്പതി.

അഹങ്കാരമതേ രുദ്ര—
നഹോ വാക്കുകൾ വേദവും
ദംഷ്ട്രയോ യമനാകുന്നു
ദന്ത പംക്തികൾ താരകൾ.

ഹാസം മോഹകരീമായാ
കടാക്ഷം സൃഷ്ടി കർമ്മവും.
മുൻ ഭാഗം ധർമ്മമാം, നിൻെറ
പിൻ ഭാഗം താനധർമ്മവും.

രാവും പകലുമാം നിൻെറ
കണ്ണുചിമ്മി മിഴിക്കലും;
നാഡിവ്യൂഹം നദീവ്യൂഹം
നാഥ! നിന്നുദരം കടൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ലതാ വൃക്ഷഗണം രോമം
രേതസ്സാം വൃഷ്ടി പാതവും
ജ്ഞാനം നിൻ മഹിമാവത്രെ;
സ്ഥൂല ദേഹ മിദം തവ.

വിരാട്ടായ് സ്ഥൂല രൂപേണ
സ്മരിച്ചാൽ നിന്നെയീ വിധം
മുക്തി നേടാമെളുപ്പത്തിൽ
യുക്തമല്ലന്യ ചിന്തകൾ.

അതിനാൽ രാമ; നിൻ സ്ഥൂല-
രൂപം താൻ ഞാൻ സ്മരിക്കുവേൻ.
രോമാഞ്ചം കൊണ്ടു ഞാനേവം
സ്മരിക്കെ, പ്രേമ വായ്പിനാൽ.

വിരാട് രൂപം ഗ്രഹിച്ചെന്നാ—
ലുടൻ മുക്തി ലഭിക്കിലും
വേണ്ട; ഞാനാഗ്രഹിപ്പോ, നീ
കണ്ട രൂപവിചിന്തനം.

ശ്യാമൻ, ധനുർദ്ധരൻ, രാമൻ,
ജടാവല്ക്കല ഭൂഷിതൻ,
സാനുജൻ തരുണാകാരൻ
സീതാന്വേഷണ തൽപ്പരൻ.

ഇക്കാണും നിൻ സ്വരൂപം താ—
നുൾക്കാമ്പിൽക്കാണണേ സദാ.

സർവ്വജ്ഞൻ ശങ്കരൻ പോലും
സാക്ഷാൽ പാർവ്വതിയൊത്തവൻ
രാഘവാ! നിൻെറയീ രൂപം
ധ്യാനിച്ചാം കാശി വാഴ്‌വതും,

രാമ മന്ത്രം മുമുക്ഷുക്കൾ—
ക്കുപദേശിച്ചുമേ സദാ.
അതിനാൽ ജാനകീനാഥ!
നീതാനാം പരമേശ്വരൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മായാ മോഹിതരാം മൂഢർ
നിൻ തത്ത്വമറിയാത്തവർ.
കർത്താവാം പരമാത്മാ നിൻ
കാൽത്താർ കൂപ്പുന്നു ഞാനിതാ.

സൌമിത്രി സേവിതൻ രാമ!
കോസലേശ! നമോസ്തുതെ.
രക്ഷരക്ഷ മഹാമായാ—
ദ്രുക്ഷ ബാധയിൽ നിന്നുമാം.

രാമൻ:—

തുഷ്ടൻ ഞാൻ ദേവ ഗന്ധർവ്വ!
തൽ ഭക്ത്യാ സ്തുതിയാലുമെ
യോഗി യോഗ്യം സ്ഥിരം ശ്രേഷ്ഠ-
മാകുമെൻ പദമെത്തുക.

ജപിക്കുവോർ നിത്യമതീവ ഭക്ത്യാ
സ്തവം തവോക്തം പരമം പ്രമാണം
അജ്ഞാന ജാതം ഭവബാധ വിട്ട
നിത്യം സുഖം നേടിടുമെൻ പദത്തിൽ.

സർഗ്ഗം—10

## ശബര്യാശ്രമത്തിൽ

വരം വാങ്ങിഗ്ഗമിക്കുന്നോൻ
ഗന്ധർവ്വൻ പിന്നെയോതിനാൻ
''മുമ്പോട്ടു പോകുകിൽക്കാണാം
ശബരിക്കുള്ളൊരാശ്രമം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭക്തയാം ശബരിക്കേററം
സക്തി നിന്നോട്ട രാഘവ!
അവിടെച്ചെൽക നീ, വേണ്ട
വിവരം നൽകുമായവ൦."

എന്നും പറഞ്ഞവൻ കേറി
വിമാനം ഭാനു മൽ പ്രഭം,
ചെന്നെത്തി വിഷ്ണു പാദത്തിൽ;
നന്നല്ലോ രാമ സേവനം.

ക്രൂര ജന്തുക്കളുള്ളോരാ
ഘോരമാം കാട്ട വിട്ടവർ
രാമ ലക്ഷ്മണർ ചെന്നെത്തി
ക്രമത്തിൽശ്ശബരീ വനെ.

രാഘവന്മാർ സമീപത്തി–
ലെത്തി നിൽപ്പതു കാണവെ
പെട്ടെന്നെണീററു താനേററം
ഹൃഷ്ടയായ് ശബരീ ശുഭാ.

കാൽക്കൽ വീണു പരം ഭക്ത്യാ
കണ്ണിൽക്കണ്ണീർ നിറഞ്ഞവ൦
സ്വാഗതം ചെയ്തു സാമോദം
സ്വീകരിച്ചങ്ങിരുത്തിനാ൦.

രാമലക്ഷ്മണ പാദങ്ങ൦
സാദരം കഴുകി ക്രമാൽ
പാദ തീർത്ഥം സ്വയം തന്നി–
ലഭിഷേചിച്ചു താപസി.

അർഘ്യ പാദ്യോപചാരങ്ങ–
ളൊക്കെച്ചെയ്തു യഥാവിധി,
അമൃതോപമ പക്വങ്ങ൦
രാമനായ് ശേഖരിച്ചവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പ്രേമ ഭക്ത്യാ സമർപ്പിച്ചു
രോമാഞ്ചം പൂണ്ടു നിന്നവൾ.
പിന്നെപ്പൂജിച്ചു പുഷ്പങ്ങൾ
ചന്ദനച്ചാറണിഞ്ഞവ.

ആതിത്ഥ്യമീ വിധം ചെയ്തു
സൽക്കരിച്ചോരനന്തരം
ശബരീ ഭക്തി സമ്പന്നാ
സാദരം ചൊല്ലിയിങ്ങനെ.

''ചിരകാലം രഘുശ്രേഷ്ഠ!
ഗുരുവര്യർ മഹർഷികൾ
ഇവിടെപ്പാർത്തു പോന്നു മൽ
പരിചര്യയുമേററവർ.

പിന്നെപ്പോയ് ബ്രഹ്മലോകത്തേ-
യ്ക്കന്നെന്നോടോതിനാരവർ.
''ഏകാന്ത ചിത്തയായിങ്ങേ
വാഴ്ക നീയിനി മേലിലും.

രഘുവംശജനാം രാമൻ
പരമാത്മാ സനാതനൻ
രക്ഷോ വംശം മുടിച്ചീടാൻ,
രക്ഷിപ്പാൻ മുനിമാർ കുലം,

എത്തും; നീയതിനാൽ വാഴ്കി-
ങ്ങേകാന്തദ്ധ്യാന നിഷ്ഠയായ്.
ചിത്രകൂടാദ്രി ഭാഗത്തിൽ
പാർക്കുന്നുണ്ടിപ്പൊഴാ പ്രഭു.

അദ്ദേഹം വന്നു കാൺമോള-
മിദ്ദേഹം കാത്തു കൊള്ളുക.
കണ്ടു ശേഷം ജഡം ദേഹം
ത്യജിച്ചെത്തുക തൽപ്പദം.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അന്നിലയ്ക്കിങ്ങു വാഴുന്നു
നിന്നെദ്ധ്യാനിച്ചു കൊണ്ടു ഞാൻ
വരവും കാത്തു കാ, ത്തിപ്പോഴം
ഗുരുവാക്യം ഫലിച്ചതായ്.

ഗുരുവര്യർക്കുമേ നിന്നെ
തരമായില്ല കാണുവാൻ.
ഞാനോ മൂഢ, മഹാഭാഗ!
ഹീന വംശേ ജനിച്ചവഠം.

തവ ദാസൻെറ ദാസന്മാ-
രവർക്കും ദാസരായവർ
അവർക്കും ദാസിയാവാൻ, വ-
യ്യിവഠം നിൻ ദാസിയാവതോ!

മനസ്സാലുമഗമ്യൻ നീ-
യെനിക്കെങ്ങനെ ദൃശ്യനായ്.
സ്തുതിപ്പാൻ പ്രാപ്തയല്ലാ ഞാൻ;
പ്രസാദിക്ക രഘൂത്തമ.''

രാമൻ:

ആശ്രമം ജാതി ഭേദങ്ങ-
ളാണും പെണ്ണെന്ന ഭേദവും
എന്നെസ്സേവിപ്പവർക്കില്ലാ
ഭക്തി താനതിനാസ്പദം.

യജ്ഞ ദാന തപഃക്കർമ്മം
വേദാദ്ധ്യയനമെന്നിവ
ചെയ്വോർക്കും ഭക്തിയില്ലെങ്കിൽ
ചേതം താനെൻെറ ദർശനം.

എന്നാൽ ചുരുക്കമായ് ചൊല്ലാം
ഭക്തി സാധനമത്രയും.
സൽ സംഗം തന്നെയാമാദ്യ-
സാധനം ഭക്തി നേടുവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എൻ കഥാ കഥനം പിന്നെ;
പിന്നെയെൻ ഗുണ വർണ്ണനം;
നാലാമത്തു മദ് വാക്യ
സാരാംശം ചർച്ച ചെയ്യലും.

ആചാര്യൻ ദേവനായ് ബോധി-
ച്ചാചരിക്കുക പഞ്ചമം;
സ്വഭാവ ശുദ്ധിയോടെന്നും
യമം നിയമമെന്നിവ

പാലിച്ചെൻ പൂജയിൽ നിഷ്ഠ
ഷഷ്ഠമാം സാധനം ശുഭെ!
ഏഴാം സാധനമെൻ നാമ-
മന്ത്രോപാസനമെന്നതാം.

ഭക്തരെപ്പൂജ ചെ, യ്യെന്നിൽ
സക്തമായ് കാൺക സർവ്വവും,
ശമത്തോടൊത്ത വൈരാഗ്യ-
മെട്ടാം സാധനമൊക്കെയും

നവമം തത്ത്വ വിസ്താര,-
മീവിധം നവ സാധനം
ഭക്തിയേററം ഭവിച്ചീടാ-
നുത്തമം, കേൾക്ക ഭാമിനി!

സ്ത്രീകളോ പുരുഷന്മാരോ
തിര്യക് വർഗ്ഗത്തിലേതുമൊ
പ്രേമ ഭക്തി ലഭിപ്പോരാ-
മീ മാർഗ്ഗം സ്വീകരിപ്പവർ.

ഭക്തി വന്നാലുടൻ താനെൻ
തത്ത്വത്തിൻ സ്വാനുഭൂതിയാം.
തത്ത്വാനുഭൂതിയോടൊപ്പം
മുക്തിയും വന്നു ചേർന്നിടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അതിനാൽ ഭക്തിയാമേക
മുക്തി മാർഗ്ഗം സുനിശ്ചിതം.
ഒന്നാം സാധന സമ്പാദി–
ച്ചെന്നാൽ മററുള്ളതൊക്കെയും

ക്രമേണ വന്നു ചേർന്നീടും
ഭക്തി മുക്തികളും ക്രമാൽ.
ഭക്ത നീ, യതിനാലിപ്പോ-
ളെത്തിനേൻ ഞാൻ തവാന്തികം

എന്നെ നീ കണ്ടതിൻ മൂലം
വന്നിടും മുക്തി നിശ്ചയം.
എന്നാൽ നീയറിയുന്നെങ്കിൽ
ചൊന്നാലും സീത തൻ ഗതി.

എവനെൻ പ്രിയയെക്കൊണ്ടു
പോയവൻ; പാർപ്പതെങ്ങവൻ.

ശബരി:

സർവ്വജ്ഞൻ തന്നെ നീ ദേവ!
സർവ്വ രൂപവുമാർന്നവൻ.
എന്നിട്ടും ലൌകികാചാര–
ത്തിന്നായ് ചോതിച്ചതെങ്കിലൊ

ചൊല്ലിടാം സീതയെങ്ങെന്നു–
മെല്ലാമെന്നറിവിൻ പടി.
രാവണൻ സീതയെക്കൊണ്ടു
പോയവൻ, പാർപ്പു ലങ്കയിൽ.

പമ്പാ തടാകമെത്തീടും
മുമ്പോട്ടൽപ്പം ഗമിക്കുകിൽ;
അതിന്നടുത്തു കാണാം തെ
ഋഷ്യ മൂക മഹാഗിരി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിക്രമൻ വാനരാധീശൻ
സുഗ്രീവൻ തത്ര വാഴ്കയാം
നാലുപേർ മന്ത്രിമാരൊത്തു
ബാലിപീഡ ഭയന്നവൻ.

സഹജൻ ബാലിയങ്ങെത്താ
മുനിശാപ ഭയത്തിനാൽ.
അവിടെച്ചെന്നു സുഗ്രീവ
സഖ്യം സാധിക്കുകെൻ പ്രഭൊ!

സുഗ്രീവൻെറ സഹായത്താൽ
സാധിക്കാം സർവ്വ കാര്യവും.
ഇനി ഞാനഗ്നിയിൽപ്പൂകാൻ
തുനിയട്ടേ രഘൂത്തമ!

തനു തീയിൽ ദ്ദഹിച്ചെൻെറ
തനി ജീവൻ ബ്ഭവൽപ്പദം
ചേർന്നിടും വരെ നീയിങ്ങു
നിന്നാലും രാമ! തെല്ലിട.''

ഈ വിധം രാമനോടോതീ–
ട്ടവളോ ചാടി വഹ്നിയിൽ
അവിദ്യാകൃതമാം ബന്ധ–
മവൾക്കെല്ലാം നശിച്ചുപോയ്
രാമ പ്രസാദമേററിത്ഥം
മുക്തയായ് ശബരീ ശുഭാ.

ഭക്ത ദാസൻ ജഗന്നാഥൻ
രാമൻ സന്തുഷ്ടനാവുകിൽ
ഏതു താൻ ദുർല്ലഭം! നീച–
ജാതയും മോക്ഷമാർന്നിതാ.

ശ്രീരാമ ചിന്തകന്മാരാം
ബ്രാഹ്മണാദിക്കെഴും ഗതി
പിന്നെന്തു ചൊല്ലണം! ക്ഷോംപ്പി–
നൊന്നു താൻ ഭക്തിമുക്തികൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശ്രീരാമങ്കലുയർന്ന ഭക്തി, പരമാമക്ഷയ്യ
മോക്ഷപ്രദം;
നേരായ് തൽ പദസേവനാ നിരതരായ്
തീരേണമാരാകിലും.
ധീമാന്മാർ, പര കാര്യ ചർച്ചകൾ വെടി—
ഞ്ഞൗത്സുക്യപൂർവ്വം ഘന—
ശ്യാമൻ രാമനിലാഴ്ത്തുവിൻ മന, മുമാ—
പ്രാണേശ സംസേവ്യനിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# കിഷ്കിന്ധാ കാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# സർഗ്ഗ വിവരം


1. സുഗ്രീവ സമാഗമം
2. ബാലി വധം
3. താരാ സാന്ത്വനം
4. ക്രിയായോഗ വിവരണം
5. രാമ ലക്ഷ്മണ ക്രോധം
6. സീതാന്വേഷണം
7. വാനര ചിന്ത—സമ്പാതി സമാഗമം
8. സമ്പാതിയുടെ ആത്മകഥ
9. സമുദ്ര ലംഘന മന്ത്രണം


CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—1

# സുഗ്രീവ സമാഗമം

പമ്പാ തടാക തീരത്തിൽ
പിമ്പെത്തീ രാമലക്ഷ്മണർ
മന്ദം നട, ന്നതിൻ കാഴ്ച
കണ്ടേററം വിസ്മയിച്ചു പോയ്.

വിളിപ്പാടൊന്നു വിസ്താരം,
തെളിനീർ ചേർന്നഗാധമായ്,
വെൺ നീലച്ചെന്നിറം കോലു—
മംബുജങ്ങരം ലസിപ്പതായ്,

ചക്രവാകാന്ന വർഗ്ഗങ്ങ—
ളൊക്കെയൊത്തു തിമർപ്പതായ്,
നീർക്കോഴിക്കൂട്ടവും ക്രൌഞ്ചം
മുതിർക്കും ശബ്ദമാർന്നതായ്,

നാനാ പുഷ്പ ലതാ ശോഭം
നാനാഫല സമാകുലം,
ശുദ്ധാന്തഃ സ്വച്ഛമായ് പത്മ—
ഗന്ധ സമ്മിളിതാംബുവായ്,

പമ്പ കണ്ടാർ; ശ്രമം തീർക്കു—
മംഭസ്സെല്ലാം കുടിച്ചവർ
സരസ്സിൻ കുളിർ തീരത്തിൽ
ക്കൂടെത്താൻ യാത്രയായിതെ.

ഋശ്യ മൂകാദ്രി പാർശ്വത്തിൽ
ചെന്നിതാ വിജിതേന്ദ്രിയർ
വില്ലുമമ്പും ധരിച്ചുള്ളോർ
ജടാ വൽക്കല ശോഭിതർ,
കണ്ടുകൊണ്ടു പലേ മട്ടാം
വൃക്ഷങ്ങരം ഗിരി ശോഭയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സുഗ്രീവൻ നാലുപേർ കീശ–
രൊത്തിരിപ്പവനദ്രി മേൽ
കണ്ടു രണ്ടാം വരും കാഴ്ച
മണ്ടിനാൻ ശിഖരോപരി

ഭീതനായ് ഹനുമാനോടാ–
യോതിനാൻ ''വീരരാരിവർ.
വടു രൂപം ധരിച്ചങ്ങു
ചെന്നറിഞ്ഞാലുമെൻ സഖെ!

അഗ്രജൻ ചൊല്ലി വിട്ടെന്നെ
നിഗ്രഹസ്സാൻ വരുന്നതോ
ഉള്ളുകള്ളികരം സംവാദാ–
ലുള്ളവണ്ണം ധരിക്കുക.

കാപട്യമുണ്ടവർക്കെന്നാൽ
കൈയാംഗ്യം കാട്ടുകിങ്ങുടൻ.
വിനയാന്വിതനായ് ചെന്നാൽ
വിവരം നേടിടാം ദൃഢം.''

അവ്വണ്ണം വടു രൂപത്തിൽ
ഹനുമാൻ രാമ സന്നിധൌ
ചെന്നെത്തി വിനയത്തോടും
കൈക്കൂപ്പിച്ചൊല്ലിയിങ്ങനെ.

''ആരാം യുവാക്കളാം നിങ്ങരം
വീരന്മാർ നരപുംഗവർ
സൂര്യനെപ്പോലെ തേജസ്സാൽ
ദിക്കെങ്ങും പ്രഭ വീശുവോർ.

ത്രൈ ലോക്യ സൃഷ്ടി ഹേതുക്കരം
പ്രധാന പുരുഷദ്വയം
നിങ്ങളെന്നു നിനപ്പു ഞാൻ
നിങ്ങളെങ്ങും വിളങ്ങുവോർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭൂഭാരം തീർക്കുവാനായും
ഭക്തരെപ്പോററുവാനുമായ്
കേവലം കളിയായ് മായാ-
മാനുഷാകൃതി പൂണ്ടവർ,

സച്ചിന്മയ പരബ്രഹ്മം
സാക്ഷാൽ ക്ഷത്രിയ വേഷമായ്
സൃഷ്ടി സ്ഥിതിലയാ കർമ്മം
ചേഷ്ടിച്ചിങ്ങു നടക്കയാം.

സർവ്വഭൂത ഹൃദിസ്ഥന്മാർ,
സ്വതന്ത്രർ, സർവ്വ ചോദനർ,
നര നരായണന്മാർ താൻ
ചരിപ്പൂ നിങ്ങളുഴിയിൽ.''

രാമൻ സോദരനോടോതി
''ധീമാ നീ വടു കാൺകെടൊ
ഇവൻെറ ഭാഷണം സർവ്വ-
മപ ശബ്ദ വിഹീനമാം.

ശബ്ദ ശാസ്ത്രം പഠിച്ചുള്ളോൻ
നിശ്ചയം വടു പണ്ഡിതൻ.''
പിന്നെ രാമൻ മഹാജ്ഞാനി
ചൊന്നാൻ മാരുതിയോടിദം.

''ഞാനോ രാമൻ ദാശരഥി
ഭ്രാതാ ലക്ഷ്മണനാണിവൻ.
സീതയാം ഭാര്യയൊത്തും ഞാൻ
താത വാക്യാനുവർത്തിയായ്

ദണ്ഡകക്കാട്ടിൽ വന്നെത്തി
ഖണ്ഡമെന്യേ വസിക്കവെ
അവിടെസ്സീതയെക്കട്ടോ--
നെവനോ രാക്ഷസാധമൻ.
അവളെത്തേടി ഞാൻ വന്നോൻ;
നീയാരാരുടെ പുത്രനാം.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഹനുമാൻ:

വാനരന്മാർക്കു രാജാവാം
സുഗ്രീവപ്പേരെഴും മഹാൻ
നാലു പേർ മന്ത്രിമാരൊത്തു
മലമേൽ വിലസുന്നവൻ,

ജ്യേഷ്ഠനാം ബാലി ദുഷ്ടാത്മാ-
വാട്ടിപ്പായിക്ക കാരണം.
കെട്ടിയോളവനും നഷ്ട-
പ്പെട്ടു ബാലി ഹരിക്കയാൽ.

ബാലിയിൽപ്പേടി പൂണ്ടേവം
ഋശ്യ മൂകാദ്രി വാസിയായ്.
സുഗ്രീവ സചിവൻ ഞാനോ
വായുപുത്രൻ മഹാമതെ!

അഞ്ജനാ ഗർഭ സംഭൂതൻ
ഹനുമാൻ പേർ പുകഴ്ന്നവൻ.
അതിനാൽ ചെയ്ക സഖ്യം നീ,
ചിതം, സുഗ്രീവനൊത്തുടൻ.

സഹായം ലഭ്യമാം നിൻെറ
ഭാര്യാഹാരിയെ വെന്നിടാൻ.
ഈ മതം ബോദ്ധ്യമാണെങ്കി-
ലിപ്പൊഴേ പോക നാം വിഭൊ''

രാമൻ:

വാനര പ്രഭുവിൻ സഖ്യം
ഞാനിപ്പോഴും കൈവരിച്ചിടാം.
അവൻെറ കാര്യമേതിന്നു-
മിവനും തുണ നിന്നിടാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഹനുമാൻ സ്വന്ത രൂപം പൂ-
ണ്ടപ്പൊഴീ വിധമോതിനാൻ
''എന്തോളിൽക്കേറുവിൻ നിങ്ങൾ
സന്തോഷാൽ മല കേററിടാം.

അവിടെ സ്ഥിതി ചെയ്യുന്നു
സുഗ്രീവൻ ബാലി ഭീതനായ്.''
അങ്ങനെത്തന്നെയെന്നോതി
തോളേറീ രാമ ലക്ഷ്മണർ.

ചാടിനാൻ കപി മേൽപ്പോട്ട-
ങ്ങുടൻ ശൈലാഗ്രമെത്തിനാൻ
രാമ ലക്ഷ്മണരെപ്പിന്നെ
തണലിൽക്കൊണ്ടിരുത്തിനാൻ.

സ്വാമിയെച്ചെന്നു കൈകൂപ്പി
സാമോദം ചൊല്ലി മാരുതി
''മന്നവാ! ശങ്ക വിട്ടേയ്ക്കൂ,
വന്നിതാ രാമ ലക്ഷ്മണർ.

എണീക്ക, രാമനും നീയു-
മിണങ്ങാൻ വഴിയാക്കി ഞാൻ.
അഗ്നിസാക്ഷിയൊടിപ്പോൾ താൻ
സഖ്യം ചെയ്യുക തങ്ങളിൽ.''

നന്നെത്തോഷിച്ചു സുഗ്രീവൻ
വന്നെത്തീ രാഘവാന്തികെ.
മരത്തിൻ ചില്ല പൊട്ടിച്ച-
ങ്ങിരിക്കാൻ രാമനേകിനാൻ.

അമ്മട്ടു ലക്ഷ്മണന്നേകി
ഹനുമാ, നഥ ലക്ഷ്മണൻ
സുഗ്രീവനും; യഥാസ്ഥാന-
ത്തിരുന്നു തുഷ്ടരായവർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സൌമിത്രി ചൊല്ലിനാൻ പിന്നെ
രാമ വൃത്താന്തമൊക്കെയും
വന്നതും വനവാസാർത്ഥം,
വന്ന ഭാര്യാ വിയോഗവും.

വൃത്താന്തമഖിലം കേട്ടു
രാമനോടോതി വാനരൻ
"സീതയെക്കണ്ടു കിട്ടാനായ്
ഭൂപതേ! ഞാൻ ശ്രമിച്ചിടാം.

ശത്രുവെസ്സംഹരിപ്പാനു–
മൊത്തവണ്ണം തുണച്ചിടാം.
അറിവുണ്ടൊരു കാര്യം, ഞാൻ
പറയാം കേൾക്ക രാഘവ!

മന്ത്രിമാരൊത്തു ഞാനന്നാൾ
മല മോളിലിരിക്കവെ
കണ്ടിതാകാശ മാർഗ്ഗത്തിൽ
കൊണ്ടു പോമൊരു നാരിയെ.

'രാമ' 'രാമേ'തി ശബ്ദിപ്പോൾ
രാമ, ദർശിച്ചു ഞങ്ങളെ
ശീലയിൽക്കെട്ടി തൻ ഭൂഷാ–
ജാലമിങ്ങോട്ടെറിഞ്ഞവൾ

ആർത്തു കേണാ വിധം പോയാൾ
ധൂർത്ത രക്ഷോ വശത്തിലായ്.
സത്വരം ഭൂഷണൌഘത്തെ
ഗഹ്വരേ കൊണ്ടു വെച്ചു ഞാൻ.

ഇപ്പോൾ താനവ കണ്ടാലും
തവ പത്നീ ഭൂഷയാകുമൊ.''
ഏവം പറഞ്ഞു പണ്ടങ്ങൾ
രാമനെക്കാട്ടി വാനരൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കണ്ടറിഞ്ഞോർത്തു, രാമൻ മാ—
ലാണ്ടു, തൻ ഹൃദി ചേർത്തവ
'സീതേ' 'സീതേ'തി ചൊല്ലിത്താൻ
കരഞ്ഞാൻ പ്രാകൃതൻ പടി.

രാമനെസ്സാന്ത്വനം ചെയ്തു
സാമ വാക്കോതി ലക്ഷ്മണൻ,
വാനരേന്ദ്ര സഹായത്താൽ
രാവണാന്തമണച്ചുടൻ
ദേവിയെക്കൊണ്ടു പോന്നീടാം
ഭാവി ശോഭനമെന്നുമായ്.

''കൊന്നു രാവണനെപ്പോരിൽ
തന്നിടാം തവ സീതയെ
ഇന്നിതാ സത്യമോതുന്നോ—''
നെന്നു ചൊല്ലീ കപീശനും.

അതിൻ പിമ്പഗ്നി കത്തിച്ചു
മതിമാൻ മാരുതാത്മജൻ;
രാമ സുഗ്രീവരന്യോന്യം
സഖ്യമായഗ്നി സാക്ഷിയായ്.

ശുദ്ധ രാമവരാശ്ശ്ലേഷ-
ബദ്ധരായൊത്തു കൂടിനാർ.
പിന്നെ രാമൻെറ പാർശ്വത്തിൽ
ചേർന്നിരുന്നു കപീശ്വരൻ,

സ്വകീയം കഥ കേൾപ്പിക്കാൻ
സ്നേഹ ഭാവാൽ തുടങ്ങിനാൻ
''സഖാവേ! കേൾക്കുകെൻ കാര്യം
സാഹസം ബാലിയാൽ കൃതം.

'മായാവി'പ്പേരെഴും സാക്ഷാൽ
മയ പുത്രൻ മദാന്ധിതൻ
കിഷ്ക്കിന്ധാ പുരി വന്നെത്തി
നേർക്കാൻ പോർവിളി കൂട്ടിനാൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അലറിക്കൊ,ണ്ടതും കേട്ടു
ബാലി കോപിച്ചട്ടുത്തുടൻ
മുഷ്ടി കൊണ്ടടി കൂട്ടിത്താ—
നൊട്ടു പാകത്തിലാക്കിനാൻ.

ഇടികൊണ്ടാർത്തനായ് ദൈത്യ-
നോടി, തൻ ഗുഹ പൂകിടാൻ.
അവനെപ്പിന്തുടർന്നോടി
ബാലിയും ഞാനുമപ്പൊഴെ.

വൈരിയുണ്ടു ഗുഹയ്ക്കുള്ളി—
ലെന്നറിഞ്ഞോതി ബാലിയും
''ഗുഹയിൽച്ചെന്നു നോക്കാം ഞാ-
നിഹ നീ നിൽക്ക നിർഭയം.''
അങ്ങനെപ്പൂക്കകം, ബാലി
തങ്ങിനാനങ്ങു താൻ ചിരം.

മാസമൊന്നു കഴിഞ്ഞാറെ
കണ്ടു ചോര വരുന്നതായ്
അഗ്രജൻ മരണപ്പെട്ടെ-
ന്നോർത്തു ഞാൻ ദുഃഖിതാർത്തനായ്.

കല്ലാൽ മൂടി ഗുഹാദ്വാര,—
മല്ലലാർന്നെത്തി ഞാൻ ഗൃഹെ
മല്ലൻ ബാലി മരിച്ചെന്നാ—
യെല്ലാർക്കുമറിവേകിനേൻ.

ദുഃഖിച്ചാർ സർവ്വരും, പിന്നെ
മുഖ്യന്മാർ മന്ത്രി പുംഗവർ
ഇച്ഛിക്കാത്തൊരെനിക്കേകി
സ്വേച്ഛയാ രാജ പട്ടവും.

അപ്രകാരം ഭരിച്ചു ഞാ—
നൽപ്പ കാലം കപീശനായ്
അപ്പൊഴെത്തി മഹാൻ ബാലി
ദുർ ഭാഷണമുയർത്തവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പലമട്ടെന്നെ ഭർത്സിച്ചാൻ
വലയിച്ചെന്നെ താഡനാൽ;
നിലയില്ലാതെ ഞാൻ രാജ-
നിലയം വിട്ടു പാച്ചിലായ്.

സഭയം ചുററി നാടെല്ലാ-
മഭയം നൽകിയീ ഗിരി
മുനി ശാപഭയാലിങ്ങാ
'ശനി' വന്നെത്തിടാ പ്രഭോ!

എന്നല്ലെൻ പ്രിയയെദ്ദുഷ്ടൻ
തോന്നും പടി ഭുജിപ്പവൻ;
വിഷണ്ഡൻ പെണ്ണു പോയ് ഞാനോ
വിഷമിപ്പൂ നിരാശ്രയൻ.

എന്നാലിന്നു ഭവൽ പാദ-
സന്നിധാനേ സുഖിപ്പു ഞാൻ.''
മിത്ര ദുഃഖേ പരം തപ്തൻ
രാമൻ രാജീവലോചനൻ,

''ഇന്നിതാ സത്യമോതുന്നു
കൊന്നിടാം തവ വൈരിയെ''
എന്നിവണ്ണം സഖാവിൻെറ
മുന്നിൽവെച്ചേററു ചൊല്ലിനാൻ.

കപീശനോതിനാനപ്പോഠം
''ബലവാൻ ബാലി ഭൂപതെ!
ദേവതാ ഗണവും തോൽക്ക-
മവനോടെന്തു പിന്നെ നീ.

ബലി നീ കേറംക്കവെന്നെത്ര
ബലമുണ്ടെന്നു ചൊല്ലിടാം.
അന്നൊന്നോ ബലവാൻ, ഭീമൻ,
ദുന്ദുഭീപ്പേരെഴുന്നവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കിഷ്ക്കിന്ധാ പുരിയിൽച്ചെന്നാൻ
മുഷ്ക്കൻ മാഹിഷ രൂപനായ്
മുറ്റഷ്ഠാ ബാലിയോടേററ-
മുറക്കെപ്പേർ വിളിക്കയായ്.

സഹിക്കാത്തതു കേട്ടെൻെറ
സഹജൻ ക്രോധമാർന്നവൻ
കൊമ്പു രണ്ടും പിടിച്ചാ, വൻ
പോത്തിനെത്തട്ടി വീഴ്ത്തിനാൻ.

ഒരു കാൽ കൊണ്ടു ദേഹത്തിൽ
ചവിട്ടിത്തല കൈകളാൽ
ഞെരിച്ചൊടിച്ചു പൊട്ടിച്ച-
ങ്ങെറിഞ്ഞു തെല്ലു ദൂരവെ.

അതു ചെന്നഥ വീണല്ലൊ
മതംഗാശ്രമ സീമനി.
അതിനാലവിടെച്ചുററു-
മതിയായ് രക്തമാർന്നതായ്.

മഹർഷികളവായ് ക്രോധം
മഹിഷച്ചോര കാൺകയാൽ
ശാപവാക്കോതിയന്നേരം
''പാപി നീയിങ്ങടുക്കൊലാ.

മേലിലീ മലമേൽ വന്നാൽ
ബാലി! നിൻ തല പോയിടും.''
ഈ വിധം ശപ്തനായ് ബാലി
യീ വഴിക്കെത്തിടാതെയായ്.

ഇക്കാര്യമറിവായ് ഞാനും
പാർക്കുന്നേനിങ്ങു നിർഭയം.
രാമ! കാൺക മലപ്പോലക്കും
ഭീമമാം ദുന്ദുഭിത്തല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശക്തനീ തല തട്ടീടാൻ
ശക്തൻ ബാലിവധത്തിനും.''
ഏവമോതി തലക്കുന്നു
രാമനെക്കാട്ടി വാനരൻ.

ചിരിച്ചു കാൽവിരൽത്തട്ടാ-
ലെറിഞ്ഞാൻ രാമനപ്പൊഴെ,
പത്തുയോജന ദൂരത്തി-
ലെത്തിയത്തല വിസ്മയം.

നന്നു നന്നെന്നു സുഗ്രീവൻ
തന്നാൾക്കാർ മന്ത്രിമാരുമായ്.
പിന്നെയും കഥ മറെറാന്നു
ചൊന്നാൻ രാമനൊടിങ്ങനെ.

''ഇതാ കണ്ടാലുമേഴെണ്ണം
സാലങ്ങൾ സുദൃഢങ്ങളായ്
ഓരോന്നും പത്രമില്ലാതാം
നേരേ ബാലികലുക്കവെ.

ഒററമ്പാലേഴിനും ഹാനി
പററിക്കാൻ പ്രാപ്തനെങ്കിലൊ
മററും നീ ബാലിയെക്കൊല്ലാൻ
പററുന്നോനെന്നു ബോദ്ധ്യമാം.''
'ശരി'യെന്നോതി വില്ലിന്മേൽ
ശരമൊന്നേററി രാഘവൻ

ബലമായെയ്തു; സാലങ്ങ-
ളേഴും ഭേദിച്ചു സായകം
മലയും ഭൂമിയും കൂടെ
തുളച്ചുക്കോടിരമ്പിയും,

തൂണിയിൽത്തന്നെ വന്നെത്തി
ക്കാണായ് നിമിഷ വേളയിൽ.
വിസ്മയം കാച്ചു സുഗ്രീവൻ
വീക്ഷിച്ചിങ്ങനെ ചൊല്ലിനാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



"ദേവ! നീതാൻ ത്രിലോകേശൻ
പരമാത്മാവ സംശയം.
പണ്ടു ഞാൻ ചെയ്ത പുണ്യത്താൽ
കണ്ടു ഞാനിന്നു നിൻ പദം.

സംസാരമോചനത്തിന്നായ്
സേവിപ്പൂ ഭക്തരങ്ങയെ.
മോക്ഷദാതാവിനെസ്സാക്ഷാൽ
കണ്ടോൻ പ്രാർത്ഥിപ്പതെന്തു ഞാൻ

ഭാര്യാ പുത്ര ധനം രാജ്യം
സർവ്വം നിന്മായയാൽ കൃതം
മോഹമില്ലവ യിൽദ്ദേവ!
മോഹിപ്പൂനിൻ പ്രസാദമെ.

മണ്ണിൽക്കിളയ്ക്കുവോനേല്ക്കും.
സ്വർണ്ണത്തിൻ നിധിപോലവെ
ആനന്ദമൂർത്തിയാം നിന്നെ
പ്രാപിച്ചോൻ ഭാഗ്യവാനഹം.

അനാദിമായയാൽ സൃഷ്ടം
ബന്ധനം വിട്ട ഞങ്ങളിൽ.
യജ്ഞദാന തപഃകർമ്മ—
മൊന്നും ബന്ധമൊഴിച്ചിടാ.

കർമ്മമേതും പുനഃകർമ്മ —
ബന്ധങ്ങളുളവാക്കിടും.
നിമ്പാദ ദർശനാ, ലെന്നാ
ലമ്പേ ബന്ധം നശിച്ചിടും.

ക്ഷണം പോലുമെവൻ ചിത്തം
നിശ്ചലം നിങ്കൽ നില്പിതോ
അനർത്ഥാത്മകമജ്ഞാന—
മവന്നപ്പോഠം നശിച്ചിടും

അന്നിലയ്ക്കെൻ മനം നിന്നിൽ
തങ്ങണെയാം നില്പിതെപ്പൊഴും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രമ്യമാം രാമനാമത്തെ
സ്മരിച്ചാലെപ്പൊഴെങ്കിലും
ബ്രഹ്മഹത്യാദിപാപങ്ങൾ
സർവ്വം സ്വയമൊഴിഞ്ഞിടും

ജയമോ രാമ! ജായാദി
സുഖമോ കാംക്ഷയില്ലമെ.
ബന്ധമോക്ഷകരം ഭക്തി
സന്തതം നിന്നിലേറണം.

പ്രപഞ്ചം നിന്മഹാമായാ—
പ്രഭവം ഞാൻ തവാംശവും;
നിങ്കലെബ്ഭക്തിചേർത്തെന്റെ
സങ്കടം തീർക്കണം ഭവാൻ.

പണ്ടെല്ലാം ശത്രുമിത്രങ്ങൾ,
രണ്ടിലും പെട്ടിടാത്തവർ,
ഉണ്ടായിരുന്നു നിന്മായാ--
ബന്ധനാലന്ധനാകയാൽ.

ഇ,ന്നെന്നാൽ, ബ്രഹ്മമായ് സർവ്വം
തോന്നുന്നു തവദർശനാൽ.
സത്വാദി പ്രഭവം മൂലം
ബന്ധത്തിന്നിട വന്നതാം.

ശത്രുമിത്രത്വഭാവങ്ങൾ
വർത്തിപ്പു മായ മൂലമായ്
മൃത്യുവിൻ ഭയ,മജ്ഞാന-
വൃത്തിനില്ക്കും വരെയ്ക്കുതാൻ.

പുത്രദാരാദി ബന്ധങ്ങൾ
മായ മൂല മുയർന്നതാം
തമസ്സിൽത്തന്നെ മുങ്ങീട—
മവയെസ്സേവ ചെയ്യുവോൻ.
അതിനാൽ ദൂരെ മാറേണം
രാമ! നിൻ ദാസി മായയെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഓർക്കേണമെന്നും തവ പാദപത്മം;
നാക്കോതണം നിൻ തിരുനാമമെന്നും;
ഇക്കൈകരം നിൻ ഭക്ത സപര്യയിങ്കൽ
ചേർക്കേണമെൻ മെയ് തവ മെയ്യിലായും.

നേത്രം ഭവദ്രൂപ സമീക്ഷണത്തിൽ,
ശ്രോത്രം ഭവല്ലീല കഥാരസത്തിൽ,
നിത്യം രമിക്കട്ടെ, പദങ്ങൾ രണ്ടും
ക്ഷേത്രങ്ങളിൽക്കേറിയിറങ്ങുവാനും.

ദേഹം മുഴുക്കെത്തവ പാദപത്മ-
പാംസുക്കളാം തീർത്ഥവുമാടിടട്ടെ.
ബ്രഹ്മാദിയാൽ പൂജിതമാം ത്വദീയ
പാദങ്ങളെന്നും പ്രണമിച്ചിടട്ടെ.''

സർഗ്ഗം—2

## ബാലിവധം

സുഗ്രീവനീവിധം തന്റെ
സംസർഗ്ഗാൽ മുക്തപാപനായ്
കണ്ടവാറവനോടേവം
പുഞ്ചിരിച്ചോതി രാഘവൻ;

തൻകാര്യം നേടിടാൻ മായാ
മോഹം വീണ്ടും വളർത്തിയും.
''സഖാവേ! ചൊന്നതെല്ലാമെ
സത്യമാണില്ല സംശയം.

എന്നാൽ ജനങ്ങൾ ചൊല്ലീട്ടു-
മെന്നെപ്പറ്റിയിതേ വിധം.
'കപീന്ദ്രനൊത്തു സത്യം ചെ-
യ്തെന്തു താൻ നേടി രാഘവൻ'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ലോകാപവാദ മീമട്ടി-
ലെന്നിൽച്ചേരുമസംശയം.
അതിനാൽ ബലിയെച്ചെന്നു
പോരിനായ് ധൃതി കൂട്ടുക.

ഒററമ്പാൽ ബാലിയെക്കൊന്നു
വാഴിക്കാം നിന്നെ രാജനായ്.''
അങ്ങനെ ത്തന്നെയെന്നോതി
കിഷ്ക്കിന്ധയ്ക്കോടി വാനരൻ.

ബാലിയെ പ്പോരടിക്കാനായ്
വിളിച്ചു ഗർജ്ജനത്തോടും.
ഭ്രാതാവിൻ വിളി കേട്ടേററം
ക്രോധിച്ചോൻ കൺ ചുവന്നവൻ,

സ്വഗൃഹം വിട്ടു സുഗ്രീവ-
നുള്ളിടം ചെന്നു ബാലിയും,
വന്നപാടവനെ ക്കയ്യാ-
ലൊന്നടിച്ചു സഹോദരൻ.

മുഷ്ടിയാൽ ബാലിയോ ക്രോധാ-
വിഷ്ടനായിടി കൂട്ടിനാൻ
ഇത്തരം കൈ പ്രയോഗത്താൽ
യുദ്ധം ചെയ്തു സഹോദരർ.

രൂപസാമ്യമവർക്കേററം
കണ്ടു രാമൻ സവിസ്മയം
അമ്പയയ്ക്കാതെ താൻ നിന്നാൻ
സുഗ്രീവ വധ ഭീതിയാൽ.

സുഗ്രീവനൊടുവിൽ ച്ചോര
ഛർദ്ദിച്ചോടി ഭയാമ്പിതം;
രാമങ്കൽത്തന്നെ ചെന്നെത്തി;
ബാലി തൻ ഭവനത്തിലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സുഗ്രീവൻ:

ഭ്രാതാവാം ശത്രുവാലെന്നെ
കൊല്ലിക്കന്നൊന്നു രാഘവ!
കൊന്നിടാൻ മോഹമുണ്ടെങ്കിൽ
നിന്നമ്പാൽ തന്നെ ചെയ്യുക.

വിശ്വാസ മെന്നിലുണ്ടാക്കി
സത്യവാദി രഘൂത്തമ
ഉപേക്ഷിക്കുന്ന തെന്തിപ്പോ–
ളെന്നെ നീ ഭക്തവത്സല.''

സുഗ്രീവ വചനം കേട്ടു
രാമൻ കണ്ണീർ നിറഞ്ഞവൻ
ആശ്ലേഷം ചെയ്തു കൊണ്ടോതി
''സഖേ! വേണ്ട ഭയം തവ.

എന്റില്ലാ രൂപ സാമ്യത്താൽ
മിത്രഹാനി ഭയന്നു ഞാൻ
ഇന്നിനിത്തെറ്റു പററായ്‌വാൻ
തന്നിടാ മടയാളവും.

പോയി വീണ്ടും വിളിക്കേണം
പൊരുതാൻ വൈരി ബാലിയെ
രാമൻ ഞാൻ ശപഥം ചെയ്‌വൂ
കൊന്നിടും നിൻെറ വൈരിയെ.''

ആശ്വാസമീവിധം നൽകി
രാമൻ ഭ്രാതാവൊടോതിനാൻ.
സുഗ്രീവൻെറ ഗളേ പുഷ്പ–
മാല്യമൊന്നണിയിക്കുവാൻ.

ബാലിയോടെതിരിട്ടീടാൻ
പ്രേരിപ്പിക്കാനു മോതിനാൻ.
ലക്ഷ്മണൻ ചൊന്നപോൽ മാല്യം
സഖാവിൽച്ചാർത്തി സാദരം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പ്രേഷിച്ചു ബാലിയോടേല്ലാൻ;
സുഗ്രീവൻ ചെയ്തിതാവിധം.
ബാലിയെച്ചെന്നു പോരിന്നായ്
വിളിച്ചാൻ ഗർജ്ജനത്തൊടും.

കേട്ട പോർവിളി വല്ലാതെ
ക്രോധിച്ചാ ബാലി വിസ്മിതൻ
നിശ്ചയിച്ചു ദ്വന്ദ്വം പോകാൻ
കച്ച കെട്ടിയിറങ്ങിനാൻ.

പുറപ്പെട്ടവനെത്താര
തടുത്തിത്തര മോതിനാൾ.
''പോകൊ,ല്ലീ പോക്കിലുണ്ടേതോ
ശങ്ക തോന്നുന്നു മാനസെ.

ഇപ്പോഴേ തോററു പോയോനാ-
മീപോർക്കായ് വീണ്ടുമാഗതൻ.
ബലവാൻ പിന്നിലുണ്ടാരൊ
ദ്വന്ദ്വ, മല്ലെങ്കിൽ വന്നിടാ.''

ബാലി ചൊല്ലി ''മനോജ്ഞാംഗി!
ബാലിശം നിന്റെ ശങ്കകൾ
കൈവിട്ടു വിടു,കിപ്പോൾ താൻ
ചെന്നുവെൽകട്ടെ വൈരിയെ.

ശത്രുവെക്കൊന്നുടൻ ഞാനി-
ങ്ങെത്തിടാ, മവനാർ തുണ.
തുണക്കാർ വന്നുവെന്നാലൊ
കണക്കാ,യവരും ഹതർ.

വൈരിവന്നു വിളിക്കുമ്പോൾ
ശൂരൻ വീട്ടിലിരിക്കുമൊ
അതിനാലവനെക്കൊന്നു
ദ്രുതമിങ്ങെത്തിടാം ശുഭെ!''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



താര:

എന്നാൽ ചൊല്ലട്ടെ മററൊന്ന്
പിന്നെച്ചെയ്ക യഥോചിതം.
പുത്രനാ മംഗദൻ കേട്ട
വാർത്തയാം വേട്ടയാടവെ.

അയോദ്ധ്യാധിപതി ശ്രീമാൻ
രാമൻ ദാശരഥി പ്രഭു
സീതയാം ഭാര്യയോടൊത്തും
ഭ്രാതാ ലക്ഷ്മണനൊത്തുമെ,

വന്നെത്തീ ദണ്ഡകക്കാട്ടി–
ലെന്നാൽ സീതയെ രാവണൻ
കട്ടുപോലവിടെ, പ്പിന്നെ
ജ്യേഷ്ഠാനുജർ തെരച്ചിലായ്,

ഋശ്യമൂകാദ്രിവന്നേററു
സുഗ്രീവൻെറ സമാഗമം.
രാമസുഗ്രീവരന്യോന്യം
സഖ്യമായഗ്നി സാക്ഷിയായ്.

സത്യം താൻ ചെയ്തുപോൽ രാമൻ
ലക്ഷ്മണൻ കൂടെ നിൽക്കവെ
ബാലിയെക്കൊന്നു സുഗ്രീവ-
ന്നഭിഷേകം കഴിക്കുവാൻ.

ഈവിധം നിശ്ചയിച്ചാണാ
വീരൻ വന്നു വിളിപ്പതും.
ഇപ്പോഴം താൻ തോററവൻ വീണ്ടു-
മീപോർക്കല്ലായ്കിലൊത്തുമൊ.

അതിനാൽ വിട്ട വൈരം നീ
ഭ്രാതാവെക്കൊണ്ടുപോന്നുടൻ
വാഴിക്ക യുവരാജാവായ്;
വന്ദിക്ക രഘുനാഥനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രക്ഷമാ മംഗദൻ തന്നെ
കുലം രാജ്യവുമങ്ങനെ.''
കണ്ണീർ പൊഴിച്ചു കൊണ്ടേവം
താരചൊല്ലി നമിച്ചുതെ.

ഭർത്തൃപാദം പിടിച്ചേവം
ഭീതയാം ഭാര്യ ചൊല്ലവെ
അവളെ സ്സാന്ത്വനം ചെയ്താ-
നാശ്ലേഷിച്ചഥ ബാലിയും.

ബാലി:

നിർഭയം സ്ത്രീ സ്വഭാവത്താ-
ലെന്നിലില്ലാവിധം ഭയം.
രാമൻ ലക്ഷ്മണനോടൊത്തു
ധീമാനിങ്ങെത്തുമെങ്കിലൊ,

അവനോടുളവാം സ്നേഹ-
മെനിക്കില്ലൊരു സംശയം
നരനാം രാമനോ സാക്ഷാൽ
ഹരിതന്നവതാരമാം,

ഭൂഭാരം തീർക്കുവാൻ ജാതൻ
ശോഭനേ! കേട്ടിരിപ്പു ഞാൻ.
പരാത്മാവവിടെയുണ്ടോ
'തന്റേതന്യന്റെ' ഭാവന.

തൃപ്പാദേ വീണു ഞാനിന്നു
രാമനെക്കൊണ്ടു വന്നിടാം
ഭക്തിവശ്യൻ മഹാൻ രാമൻ
ഭക്തരിൽ പ്രിയമേറിയോൻ

സുഗ്രീവൻ തനിയേ വന്നാൽ
നിഗ്രഹിച്ചീടുമക്ഷണം;
യൌവ്വ രാജ്യാഭിഷേകം നീ
ചൊന്നതോ ചെയ്‌വതെങ്ങനെ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പോരിനെന്നെ വിളിച്ചോനാം
വൈരി സുഗ്രീവനിൽ, പ്രിയെ!
സമ്മതൻ സർവ്വരാലും ഞാൻ
ശൂരനെന്നും പുകഴ്ന്നവൻ.

ആ ഞാൻ പോരിന്നു പോകുമ്പോൾ
ഭീതയായ് നീ തടുക്കയൊ.
അതിനാൽ വാഴ്ക നീ സുഭ്രൂ
ഗൃഹാന്തേ ശോകമുക്തയായ്.''

ആർത്തു കേണു പരം കണ്ണീർ
വാർത്ത താരയെ യീവിധം
ആശ്വസിപ്പിച്ചു പോയ് ബാലി
സുഗ്രീവനെ വധിക്കുവാൻ.

ബാലി വന്നതു കണ്ടപ്പോൾ
സുഗ്രീവൻ ഭീമവിക്രമൻ
പുഷ്പമാല ധരിച്ചുള്ളോ-
നൽപ്പതിച്ചാൻ ഗജോപമം.

മുഷ്ടികൊണ്ടഥ താഡിച്ചാൻ
ബാലിയെ, ബ്ബാലിയും തഥാ
സുഗ്രീവന്നു കൊടുത്താനൊ-
ട്ടടിയോടിടിയെന്നിവ.

സമരം ചെയ്തു സുഗ്രീവൻ
രാമങ്കൽ ദൃഷ്ടിവെച്ചു താൻ.
ദ്വന്ദ്വയുദ്ധമതും നോക്കി
നിന്നു രാമൻ പ്രതാപവാൻ.

മരത്തിൻ മറവിൽ നിന്നു
ശരമൊന്നൂരി രാഘവൻ
ചാപത്തിൽച്ചേർത്തു കാതോളം
ഞാൺവലച്ചു വലിച്ചവൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ബാലിതൻ ഹൃദയസ്ഥാനം
ബലവാൻ ലക്ഷ്യമാക്കിയും
വജ്രതുല്യം മഹാക്രൂരം
വേഗമുള്ളതു വിട്ടതെ.

ബാണം നെഞ്ചിൽത്തറച്ചാറെ
ഘോരം ഗർജ്ജിച്ച ബാലിയും
നിന്നപാട്ട നിലത്താഞ്ഞു
വീണ്ടു ഭൂമികുലുക്കിയും.

മോഹാലസ്യമിയന്നല്പം
കഴിയെബ്ബോധമാണ്ടവൻ
നോക്കവെകണ്ടു, രാജീവ-
ലോചനൻ രാമചന്ദ്രനെ.
ധനുസ്സും ബാണവും കൈയിൽ
പിടിച്ചങ്ങനെ നില്പതായ്,

തടിച്ചനീണ്ടകയ്യോടും
തനിപ്പച്ച നിറത്തൊടും
മരത്തോൽ വസനം ചുററി
ജടാമകുട ധാരിയായ്,

വിരിമാറിൽ പ്രശോഭിക്കും
വനമാലാ വിഭൂഷിതൻ,
സുഗ്രീവൻ ലക്ഷ്മണൻ രണ്ടാ-
ളിരു ഭാഗത്തുനിൽപുമായ്.

അക്കാഴ്ച കണ്ടുമെല്ലൊന്നു
ധിക്കരിച്ചോതി ബാലിയും.
''രാമ! ഞാൻ തെററുചെയ്തെന്താ-
മീതട്ടെന്നെ വധിക്കുവാൻ?

വൃക്ഷം മറഞ്ഞുനിന്നെന്നിൽ
വിക്ഷേപിച്ച ശരം ഭവാൻ
രാജനീതി ഗണിച്ചെന്നാൽ
വ്യാജമീപണിചെയ്യുമൊ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മന്നവംശേജനിച്ചോനോ
മാന്യക്ഷത്രിയനെങ്കിലൊ
ഇത്തരം ചതിചേർന്നുള്ള
യുദ്ധത്താൽ കീർത്തിനേടുമൊ?

നേരിട്ടെന്നോടെതിർത്തെന്നാൽ
നേടിയേനേ ശുഭം ഫലം.
ലഭ്യംസുഗ്രീവനാലെന്താ -
മെന്നെക്കൊണ്ടെന്തലഭ്യമാം.

ഭവാൻെറ ഭാര്യയെക്കട്ടെ
രാവണൻ; വീണ്ടെടുക്കുവാൻ
സുഗ്രീവൻെറ സഹായം നീ
സമ്പാദിച്ചെന്നുകേൾവിമെ.

ലോകപ്രസിദ്ധമെൻ വീര്യം
കഷ്ടം നീയറിയാത്തതൊ.
ദശാസ്യബന്ധനം ചെയ്തു
ലങ്ക കയ്യിലെടുത്തു ഞാൻ,

സീതയെയൊത്തിങ്ങുവന്നേനെ
വേണെങ്കിലരമാത്രയിൽ.
ധർമ്മാത്മാവെന്നു ലോകത്താൽ
സമ്മാന്യൻ നീ രഘൂത്തമ!

വേടൻ പോൽകപിയെക്കൊന്നു
നേടും പുണ്യമതെന്തുവാൻ
തിന്നിടാകപിമാംസം പി—
ന്നെന്നെയെന്തിനുകൊലചെയ്തു.''

ഇത്രയേറെപ്പറഞ്ഞോനോ—
ടുത്തരം ചൊല്ലി രാഘവൻ.
''ധർമ്മ രക്ഷയ്ക്കു ഞാൻലോകെ
ചരിപ്പൂവില്ലുമമ്പുമായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അധർമ്മകാരിയെക്കൊന്നു
ധർമ്മം രക്ഷിച്ചിടുന്നു ഞാൻ.
ഭഗിനീ, ഭ്രാതൃഭാര്യാ, ച
പുത്രഭാര്യാ, സുതാ സമം.

ഇവരോടാരൊടെന്നാലും
രമിപ്പോൻ മൂഢ ബുദ്ധിയാൽ
പാപികൊല്ലപ്പെടേണ്ടോനാം
രാജാവാലതു ധർമ്മമാം.

നീയോ നിന്നനുജൻവേട്ട
സ്ത്രീയോടൊത്തു രമിപ്പവൻ
അതിനാൽ ധർമ്മബോധത്താൽ
വധിച്ചാൻ നിന്നെ ഞാൻ കപെ!

മാന്യന്മാർ തനതാചാരാൽ
ധന്യമാകുന്നു ലോകവും
കപിതാൽ നീയറിഞ്ഞീടാ
പറഞ്ഞിട്ടെന്തുകാര്യമാം.''

ഇതെല്ലാം കേൾക്കവെത്തോന്നി
വിഷ്ണുവാം രാമനെന്നു താൻ.
ഭീതനായ് ബാലികൈക്കൂപ്പി-
ട്ടോതിനാൻ രാമനോടിദം.

''രാമ! രാമ! മഹാഭാഗ!
ഭവാൻ ശ്രാൻ പരമേശ്വരൻ
അറിവില്ലാതെ ഞാൻ ചൊന്ന-
തഖിലം നീ ക്ഷമിക്കുക.

യോഗികൾക്കുമലഭ്യം നിൻ
ദർശനം, ഞാൻ കൃതാർത്ഥനായ്
നിൻ കയ്യാൽ മർദ്ദിതൻനിന്നെ
കണ്ടും കൊണ്ടു മരിക്കയാം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അന്ത്യകാലത്തെ വൻ നാമം
ചിന്തിച്ചാൽ മോക്ഷമേല്ലുമൊ
അമ്മഹാത്മാവിതാ മുന്നിൽ
നില്ക്കുന്നു ഞാൻ മരിക്കവെ.

ദേവ! നീ പുരുഷൻ സീതാ
ദേവിയോലക്ഷ്മിതന്നെയാം.
രാവണാന്തം വരുത്താൻ നീ
ജാതനായ് ബ്രഹ്മചോദനാൽ.

എന്നറിഞ്ഞു; പരാത്മാവിൽ
ചേർന്നിടാൻ നല്ലസമ്മതം.
ദയവേണം ഭവാനെൻെറ
തനയങ്കൽ കൃപാനിധെ!

നീക്കകീശര, മെൻഹൃത്തിൽ
ത്തൈവെച്ചു പത്തുക്കവെ.''
രാമൻ പറഞ്ഞപോൽ കയ്യാൽ
ബാണം നീക്കിത്തലോടിനാൻ.
ബാലിയോകപിരൂപം വി—
ട്ടിന്ദ്രഭാവം വരിച്ചുതെ.

രാമാസ്ത്രമേററു ഹതനാം ബലിബാലി സർവ്വ
കാമം ത്യജിച്ചു സുഖമേററു തലോടലാലെ.
ക്ഷിപ്രംവെടിഞ്ഞുകപിരൂപ, മണഞ്ഞു ദിവ്യം
സച്ചിൽപ്പദം, മുനിവരാല്യമഗമ്യ, മാദ്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

## സർഗ്ഗം—3

# താരാസാന്ത്വനം

രാമബാണം ശരിക്കേററു
ബാലിവീണുമരിക്കവെ
കിഷ്ക്കിന്ധയ്ക്കോടികീശന്മാർ
സർവ്വരും സംഭ്രമത്തൊടെ.

ഓതിനാർ താരയോടിത്ഥം
"ഹതൻ ബാലിരണാങ്കണെ
മന്ത്രിമാരൊത്തുടൻ നിൻെറ
പുത്രനെക്കാത്തു കൊള്ളുക.

കോട്ടവാതിലടച്ചെല്ലാം
കാത്തിടാം ഞങ്ങളീപ്പുരി
വാനരന്മാർക്കു രാജാവായ്
വാഴട്ടേ ബാലനംഗദൻ."

ശ്രവിച്ചു ബാലിയെക്കൊന്നെ—
ന്നവരം മൂർച്ഛിച്ചുവീണുപോയ്.
കൈയിട്ടടിച്ചു മൂർദ്ധാവിൽ
നെഞ്ചിലും പലവട്ടമായ്.

"അംഗദൻ നഗരം രാജ്യം
ധനമെന്നിവയെന്തിനാം.
പ്രാണനെപ്പോക്കിടും ഞാനും
പ്രാണനാഥനൊടൊത്തിഹ."

വാവിട്ടുകേണിതേമട്ടിൽ
വാർമുടിക്കെട്ടഴിച്ചിന്നിയും
യാത്രയായ് താര ഭർത്താവിൻ
ഗാത്രം കാൺമതിനക്ഷണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കണ്ടുബാലിയെ രക്തത്തി–
ലാണ്ടും പൊടിപുരണ്ടുമെ.
പതിപാദാന്തികേ വീണാം
'നാഥനാഥേ' തിചൊല്ലിയും.

ദീനയായ് വിലപിക്കുന്നോരാം
ദർശിച്ചാം രഘുനാഥനെ
താര: ബാലിയെക്കൊന്നബാണത്താൽ
രാമ! കൊന്നാലുമെന്നെയും.

ചെല്ലട്ടേ പതിയെക്കാണ്മാൻ
സ്വർല്ലോകേ കാത്തിരിപ്പവൻ
ഞാനില്ലാതവിടെപ്പോലു–
മാനന്ദം നേടിടില്ലവൻ.

ഭാര്യാവിയോഗ ദുഃഖത്തിൻ
ഭാരം നീയറിയുന്നതാം;
ബാലിപക്കലെയയ്ക്കെന്നെ
പത്നീദാനഫലം വരും.

സുഗ്രീവ നിന്റേറയായ് രാജ്യ-
മഗ്രജൻ ഹതനാകയാൽ
നിസ്സപത്നം ഭുജിച്ചാലും
നീസ്വയം രുമയൊത്തുതാൻ.''

ഈ വിധം വിലപിച്ചീടും
താരയെസ്സാദരം മഹാൻ
തത്ത്വജ്ഞാനോപദേശത്താൽ
സാന്ത്വനം ചെയ്തു രാഘവൻ.

''അശോച്യൻ പതിയെപ്പററി
ശോചിപ്പാനെന്തു നീശുഭേ!
ജീവനോ നിൻെറ ഭർത്താവീ
ദേഹമോ ചൊല്ലുവാസ്തവം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പഞ്ചഭൂതാത്മകം ദേഹം
രക്തമാംസാസ്ഥിസഞ്ചിതം
കാലകർമ്മ ഗുണോൽപ്പന്നം
കോലം, മായത്തു കാൺകിതാ.

ജീവനാം പതിയാണെങ്കി–
ലവനില്ലൊരുകോട്ടവും;
ജന്മമൃത്യുവിഹീനൻ താൻ
നിർവ്വികാരിയുമാണവൻ

എങ്ങുമുള്ളവ്യയൻ ജീവൻ
ലിംഗഭേദമെഴാത്തവൻ
നിത്യൻ ജ്ഞാനമയൻ ശുദ്ധ–
നാകാശം പോലലേപകൻ,
അദ്വിതീയനതോർത്തെന്നാ–
ലിദ്ദുഃഖം വ്യർത്ഥമെത്രയും.''

താര:

കാഷ്ഠതുല്യം ജഡം ദേഹം
ജീവൻ നിത്യൻ ചിദാത്മകൻ
എന്നാകിൽസ്സുഖ ദുഃഖാദി
തോന്നലേതിന്നു രാഘവ!

രാമൻ:

അഹങ്കാരാഭിസംബന്ധം
ദേഹത്തിന്നിന്ദ്രിയത്തിനും
വന്നെന്നാലവിവേകത്താൽ
തോന്നും സംസാരമുള്ളതായ്

സങ്കല്പസൃഷ്ടമാം കാര്യം
സ്വപ്നത്തിൽത്തോന്നിടും വിധം
തന്നിൽതോന്നുന്ന സംസാരം
തന്നെത്താൻ വിട്ടുമാറിടാ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാഗദ്വേഷമയം കാൺമീ
സംസാരം മിഥ്യയെങ്കിലും
മായാകാര്യ മഹങ്കാരം
മൂല, മുള്ളത്തുപോലെയായ്.

ചിത്തം താനിഹസംസാരം
ചിത്തം താനിഹബന്ധനം
ചിത്തത്തോടൈക്യമാർന്നാത്മാ-
വേല്ക്കുന്നു സുഖ ദുഃഖവും.

സ്ഫടികം ശുദ്ധമെന്നാലും
ലാക്ഷാസാമീപ്യമേല്ക്കുകിൽ
രക്തവർണ്ണമതിന്നുണ്ടായ്
തോന്നിടാം; തോന്നലല്ലയോ.

ബുദ്ധീന്ദ്രിയാദി സാന്നിദ്ധ്യാൽ
പ്രപഞ്ചം പ്രതിഭാസിതം.
മനോരൂപം ഗ്രഹിച്ചാത്മാ,-
വതിൽ നിന്നുള്ളവാം ഫലം,

കാമം ഭുജിച്ചു സംസാരെ
വർത്തിപ്പൂ ഗുണബദ്ധനായ്.
മുന്നം ചിത്ത ഗുണോത്ഭാവം
പിന്നെക്കർമ്മം പലേവിധം.

കർമ്മങ്ങളോ സാത്വികം പിന്നെ
രാജസം താമസം തഥാ
ഈ വിധം കർമ്മ ചക്രത്തിൽ
തിരിയും ജീവനെന്നുമെ.

പ്രളയത്തിങ്കലും ജീവൻ
കർമ്മവാസനതൻ ബലാൽ
അഹങ്കാരം ത്യജിക്കാതെ
വർത്തിപ്പൂ മായയാജീതൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സൃഷ്ടികാലത്തു മുജ്ജന്മ
വാസനയ്ക്കൊത്തു താൻ ജനി
മുൻമട്ടു മരണം വീണ്ടു–
മിമ്മട്ടാം യാന്ത്രികം ഗതി.

വല്ല സൽക്കർമ്മവും കൊണ്ടു
തെല്ലു പുണ്യം ലഭിക്കുകിൽ
സൽസംഗം സാദ്ധ്യമാം, ചിത്തം
സക്തമാമെന്നിലപ്പൊഴെ;

എൻകഥാ ശ്രവണത്തിങ്കൽ
തങ്കിടും ശ്രദ്ധയും തദാ.
ആ വഴിക്കുളവാമെൻെറ
സ്വരൂപ ജ്ഞാനവും ക്രമാൽ.

മഹാവാക്യാർത്ഥ മാചാര്യ–
പ്രസാദാൽ വെളിവാകവെ
ദേഹേന്ദ്രിയങ്ങളാത്മാവിൽ
പെട്ടതല്ലെന്നു ബോദ്ധ്യമാം.

ആനന്ദമദ്വയം സത്യ–
മാത്മാവെന്നനുഭൂതിയാം.
തൽക്ഷണം മുക്തി സാധിക്കും;
സത്യമി ച്ചൊന്നതൊക്കെയും.

ഞാനീ പറഞ്ഞ കാര്യങ്ങ–
ളനിശം ചിന്ത ചെയ്യുവോൻ
സംസാര ദുഃഖമൊന്നും താൻ
സ്പർശിക്കാതെ സുഖിച്ചിടും.

വിശുദ്ധ ചിത്തയായ് നീയും
ചിന്തിക്കീ തത്വമൊക്കെയും
സ്പർശിക്കാദുഃഖ ജാലങ്ങൾ
നശിക്കും കർമ്മബന്ധവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പൂർവ്വ ജന്മത്തിൽ നീയെന്നി—
ലുത്തമം ഭക്തി പൂണ്ടവരം
അതിനാലെൻ സ്വരൂപത്തെ
കാണിച്ചു മോക്ഷദായകം.

സ്മരിക്കണമെന്നുസദാ നേരം
ശരിക്കോർക്കെന്റെ വാക്കുകരം
ഒപ്പം പ്രാരബ്ധ കർമ്മങ്ങ—
ളൊപ്പിക്കാം ബന്ധമേററിടാ.''

ശ്രീരാമ വചനം കേട്ടു
താരസ്സത്തുത മായിതെ
ത്യജിച്ചു ദേഹജം ദുഃഖം
നമിച്ചാറം രാമനെത്തദാ.

ആത്മാനുഭൂതിയാൽ തൃപ്താ
ജീവന്മുക്തയുമായവരം,
രാമനാം പരമാത്മാവൊ—
ത്തൊരു മാത്ര കഴിക്കവെ.

മുക്തയായവരം നിഷ്പാപ
ഭക്തിയാൽ ബന്ധമററവരം.
രാമവാക്യം ശ്രവിച്ചാറെ
ഭ്രമം സുഗ്രീവനും തഥാ

വിട്ടുമാറി മനസ്സേററം
സ്വസ്ഥമായ് ഹൃഷ്ടചിത്തനായ്.
അന്നേരമവനോടോതി
രാമൻ ''വാനര പുംഗവ!

മേലിൽച്ചെയ്യേണ്ട കർമ്മങ്ങരം
ബാലിപുത്രൻ നടത്തണം.
സംസ്കാരം മുതലായെല്ലാം
ചെയ്യിക്ക വിധി പോലവെ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചൊന്നപോൽ ബാലിയെപ്പുഷ്പ-
മഞ്ചത്തിൽക്കേററി വാനരർ.
വിപ്രന്മാർ, മന്ത്രിമാർ, പൌര
മുഖ്യന്മാർ, സൈന്യ നായകർ,

അംഗദൻ താരയെന്നുള്ളോ-
രൊന്നിച്ചാചാര പൂർവ്വകം
വാദ്യമേളങ്ങളും താക്കി
രാജാവിന്നൊത്ത രീതിയിൽ.

വിലാപ യാത്രയായ് പോയി
സംസ്ക്കാരാദി നടത്തിനാർ.
പിന്നെക്കുളിച്ചു സുഗ്രീവൻ
ചെന്നുതൻ മന്ത്രിമാരുമായ്

രാമചന്ദ്രന്റെ പാദങ്ങൾ
നമിച്ചോതി പ്രസന്നനായ്
"സമൃദ്ധം കപി രാജ്യത്തെ
സമസ്തേശാ! ഭരിക്ക നീ.

ദാസൻ ഞാൻ ലക്ഷ്മണൻ പോലെ
സേവിക്കാം നിൻ പദാംബുജം."
പ്ലവംഗ ഭാഷണം കേട്ടു
പുഞ്ചിരിച്ചോതി രാഘവൻ.

"നീതാൻ ഞാൻ ഇല്ല സന്ദേഹം
ശീഘ്രം പോയ് കല്പനപ്പടി
നിന്നെത്താനഭിഷേചിക്കൂ
രാജ്യത്തിന്നീശനായ് സ്വയം.

ഈരേഴ വർഷകാലം ഞാൻ
കേറില്ലാ പട്ടണങ്ങളിൽ
സഖാവേ! ലക്ഷ്മണൻ പക്ഷെ
സഹായാർത്ഥം വരുന്നതാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പിന്നെ യംഗദനെത്തന്നെ
വാഴിക്ക യുവരാജനായ്
വർഷർത്തു കഴിവോളം ഞാൻ
വസിക്കാം സോദരാന്വിതം,

സമീപ ഗിരിമേൽ നീയോ
സ്വപുരേ വാഴ്ക തെല്ലനാരം
സീതയെ ത്തേടുവാൻ വേണ്ടി
പിന്നെ യത്നം തുടങ്ങുക.''

സുഗ്രീവൻ രാമപാദത്തിൽ
സാഷ്ടാംഗം വീണു ചൊല്ലിനാൻ,
''കല്പിച്ചപടി ഞാൻ ദേവ!
തൃപ്പാദത്താണു ചെയ്യിടാം.''

രാമന്റെ കല്പനയ്ക്കൊത്തു
സുഗ്രീവൻ ലക്ഷ്മണാന്വിതൻ
രാജഗേഹാന്തരേ ചെന്നു
കാര്യമെല്ലാം നടത്തിനാൻ.

സുഗ്രീവൻ ചെയ്ത സൽക്കാരം
സ്വീകരിച്ചഥ ലക്ഷ്മണൻ
ശീഘ്രം പോയ് രാമപാദാന്തേ
ചെന്നു വന്ദിച്ചിരിപ്പുമായ്.

പിന്നെ രാമൻ പുറപ്പെട്ടാൻ
പർവ്വതത്തിൽ ക്കരേറുവാൻ.
പ്രവർഷണ ഗിരിക്കുള്ള
ശൃംഗം വിസ്തൃതമെത്രയും.

സ്വച്ഛമായവിടെ ക്കണ്ടു
ശോഭിക്കും ഗുഹയൊന്നവൻ
തണുപ്പും ചൂടുമേല്ക്കാത
കായ്കനിക്കൂട്ട മുള്ളിടം.
അവിടെ ത്താമസിച്ചീടാൻ
സന്തോഷം തോന്നി രാമനും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഒത്തമൂല ഫലപുഷ്പമാർന്നതും
മുത്തൊളിജ്ജല സരസ്സു ചേർന്നതും
ചിത്രവർണ്ണ മൃഗ പക്ഷി ശോഭിതം
തത്രവാണു മലമേൽ രഘൂത്തമൻ.

സർഗ്ഗം—4

## ക്രിയായോഗവിവരണം

വർഷ വേള ഗിരിഗഹ്വരങ്ങളിൽ
ഹർഷമാർന്നു വിഹരിച്ചു രാഘവൻ
പക്വമൂലഫല ഭോജനത്തൊടും
സൌഖ്യമായ് സഹജ സേവനത്തൊടും.

മിന്നലാർന്ന കരിമേഘ പാളികൾ
തെന്നലേററിടിയൊടൊത്തു കാണവെ
സ്വർണ്ണശൃംഖലയെഴും ഗജങ്ങളാ—
മെന്ന തോന്നലുളവായി രാമനിൽ

ഇളം പുല്ലാസ്വാദിച്ചേററം
തുഷ്ടരായ് മൃഗ പക്ഷികൾ
ചുററവേ രാമനെക്കണ്ടു
നിന്നുപോയ് നിർന്നിമേഷരായ്;

ഇളകാതായ്, മുനീന്ദ്രന്മാർ
സമാധി സ്ഥിതരെന്ന പോൽ.
പരമാത്മാ വരണ്യത്തിൽ
ചരിക്കും രാമനെന്നു താൻ,

അറിഞ്ഞു സിദ്ധവർഗ്ഗങ്ങൾ
പിറന്നാർ ഭുവി, രാമനെ
സേവിപ്പാൻ, മൃഗമായ് പക്ഷി
രൂപമായും പലേ വിധം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സമാധി സ്ഥിതി വിട്ടന്നാം
രാമനൊററയ്ക്കിരിക്കവേ
സൌമിത്രി സാദരം ചൊന്നാൻ
സ്നേഹഭക്തി സമന്വിതം.

"മുമ്പെന്നോടുപദേശിച്ച—
തെമ്പാടും ബോദ്ധ്യമാകയാൽ
അവിദ്യാകൃത സന്ദേഹ—
മഖിലം നീങ്ങി മാനസെ.

എന്നാൽ യോഗികളെമ്മട്ടാം
നിന്നെപ്പൂജിപ്പതെന്നതും
ക്രിയാ മാർഗ്ഗങ്ങളെന്തെന്നും
കേരംപ്പാനിച്ഛിച്ചിടുന്നു ഞാൻ.

ബ്രഹ്മാവും നാരദൻ വ്യാസ—
നിർമ്മാഗ്ഗത്തെ പ്പുകഴ്ത്തുവോർ;
മുക്തിക്കാർക്കുമിതേ പോരും
വ്യക്തമായ് ചൊൽവിതായവർ.

ആശ്രമം ജാതിഭേദങ്ങ—
ളാണും പെണ്ണെന്ന ഭേദവും
ഏതു മില്ലാത്തതാം ഭക്തി—
സാധനം സുലഭം പ്രഭൊ!
കനിവോടോതിയാലും നി-
ന്നനുജൻ ഭക്തനെന്നൊടായ്."

രാമൻ:

എന്റെ പൂജാവിധിക്കേതു—
മന്തമില്ല രഘൂത്തമ!
എങ്കിലും ചിലതെല്ലാം ഞാൻ
ചുരുക്കിച്ചൊല്ലിടാം ക്രമാൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കുടുംബാചാര സംസ്കാര
സ്വീകാരാൽ ദ്വിജനാകവെ
ഗുരുവെച്ചെന്നു സേവിച്ചു
മന്ത്രമെല്ലാം ഗ്രഹിക്കണം.

ഗുരു ചൊല്ലും പ്രകാരത്തിൽ
പൂജിക്കെന്നെ യഥാവിധി;
അഗ്നിയിൽ, സൂര്യനിൽ, ഹൃത്തിൽ,
വിഗ്രഹത്തിങ്കലേതിലൊ.

ആദ്യമേ ദേഹ ശുദ്ധിക്കായ്
പ്രാതഃസ്നാനം കഴിക്കണം.
വേദതന്ത്ര വിധിക്കൊത്ത
മന്ത്രം പിന്നെ ജപിക്കണം.

സന്ധ്യാകർമ്മങ്ങൾ നിർല്ലോപം
സാധിക്കേണം സുധാർമ്മികൻ.
പിന്നെപ്പൂജിക്ക സോത്സാഹ-
മെന്നെ നിത്യം നിരാമയം.

സങ്കല്പമാദിയിൽ ച്ചെയ്ക
കർമ്മശുദ്ധി വരുത്തുവാൻ
ഗുരുവെദ്ദേവനെന്നായ് താൻ
കരുതിപ്പൂജ ചെയ്യണം.

ശിലയാം മൂർത്തിയെന്നാകിൽ
ജലം കൊണ്ടഭിഷേചനം
മററു മട്ടാകിലോ നന്നായ്
തുടച്ചും ശുദ്ധി ചെയ്യണം.

വിഗ്രഹത്തിലലങ്കാര—
മർച്ചനം കസുമങ്ങളാൽ
പ്രിയമേററ മിതെല്ലാംമെ
പൂജകൻ ശ്രദ്ധ വെയ്ക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഹവിസ്സാലഗ്നിയിൽ പൂജ
രവികോ പത്മമ ട്ടതിൽ;
സേവനം സലിലം കൊണ്ടു
മാവാം ഞാൻ തൃപ്തനായിടും.

ഭക്ഷ്യപേയങ്ങൾ പുഷ്പങ്ങ-
ളക്ഷതാദികളെങ്കിലൊ
പറയാനില്ല; സശ്രദ്ധ-
മവയൊക്കെ യൊരുക്കുക.

കുശതോൽ വസ്ത്രവും കൊണ്ടു
ശുദ്ധമായ് തീർത്തൊരാസനം
ദേവാഭിമുഖനായ് തത്ര
സേവകൻ സ്ഥിതിചെയ്യണം.

അങ്ങിരുന്നു നടത്തേണം
മാതൃകാന്യാ സമാദ്യമായ്
ബഹിരന്തരമായ്, നാമ
തത്ത്വന്യാസങ്ങളപ്പുറം.

മൂർത്തിപഞ്ജരമാം ന്യാസം
മന്ത്രന്യാസ മതിൽപ്പരം.
പ്രതിമാദികളിൽ ക്കൂടി
ന്യാസമേവം നടത്തണം.

ഇടത്തു കലശം മുന്നിൽ
വലത്തോ കുസുമാദിയും
വെച്ചിരിക്കാർഘ്യ പാദ്യങ്ങൾ
മധുപർക്കവുമേകുവാൻ.

അമ്മട്ടാ ചമനത്തിന്നായ്
നാലു പാത്രങ്ങൾ വേറെയും.
കമലാകാരമാം ഹൃത്തിൽ
ശോഭികും ജീവനെൻ കല

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ധ്യാനിച്ചാലും സ്വദേഹത്തി–
ലതെങ്ങും വ്യാപ്തമായതായ്;
ആവാഹിക്കാതിനെപ്പിന്നെ
പ്രതിമാദിയിൽ നിത്യവും.

അർഘ്യപാദ്യോപചാരങ്ങൾ
സ്നാനം വസ്ത്രവിഭൂഷണം
ശക്യമാം വിധമേകിത്താ
നർച്ചിക്കെന്നെ നിരാമയം

കർപ്പൂരം കുസുമം നല്ല
ചന്ദനം ഗന്ധപുഷ്പവും
സമ്പന്നനാകിലോ പൂജ
യെന്നപാടും സ്വീകരിക്കണം.

ധൂപം. നീരാജനം, ദീപം,
നിവേദ്യങ്ങളിതൊക്കെയും
'ദശാവരണ' പൂജയ്ക്കായ്
വിധിപോലെ നടത്തണം.

ശ്രദ്ധയാ ചെയ്ക സർവ്വം, ഞാൻ
ശ്രദ്ധയോട്ട ഭുജിപ്പവൻ
ചൊന്നപോൽ പൂജയും ചെയ്തു
പിന്നെ ഹോമം നടത്തുക.

അഗസ്ത്യ നിശ്ചയം പോലു–
ള്ളഗ്നികുണ്ഡം ചമച്ചതിൽ
പുംസൂക്തമഥവാ മൂല –
മന്ത്രം ചേർത്തുയജിക്കണം

ഹവിസ്സർപ്പിച്ചിടാമമ്മ–
ട്ടഗ്നിഹോത്രാഗ്നിതന്നിലും
സ്വർണ്ണവർണ്ണാഞ്ചിതൻ സർവ്വ
ദിവ്യഭൂഷണ ഭൂഷിതൻ;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



യജ്ഞദേവനെ, ഹോമിക്കെ
ധ്യാനിക്കഗ്നിയിലുള്ളതായ്
ബലിയും പാർഷദർക്കേകി
സമാപിപ്പിക്ക ഹോമവും

ജപവും ചെയ്ക നിത്യം മ–
ദ്രൂപം ധ്യാനിച്ചുമൌനമായ്
അന്ത്യമായ്, സൽക്കരിക്കേണം
താംബൂലം പ്രീതി പൂർവ്വകം.

നൃത്യഗീതങ്ങളോരോരോ
സ്തോത്ര പാഠവുമുത്തമം.
എന്നെ സ്മരിച്ചു സാഷ്ടാംഗം
പിന്നെ വീണു നമിക്കുക,

ദേവദത്തം പ്രസാദം തൽ
ഭാവനയ്ക്കൊത്തു ചൂടിയും
കൈകളാലെൻെറ പാദത്തിൽ
തലമുട്ടിച്ചു ഭക്തിയാൽ,

''രക്ഷമാം ഘോരസംസാരാ''–
ലെന്നുചൊല്ലി നമിക്കുക.
ഒടുക്കമുദ്വസിച്ചാലും
ജീവനെത്തന്നിലേക്കു താൻ.

ഇപ്രകാരം വിധിക്കൊത്തു
പൂജിച്ചാലെന്നനുഗ്രഹാൽ
ഇങ്ങെങ്ങും പരലോകത്തും
മങ്ങാതെസ്സിദ്ധികൈവരും.

ഭക്തനെന്നാൽ ദിനംതോറു–
മീവിധം പൂജ ചെയ്യുകിൽ
പ്രാപിക്കാമെൻെറ സാരൂപ്യം
സംശയം ലേശമില്ലതിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പരം രഹസ്യം പരിപാവനം ഭവാൻ
ശ്രവിച്ചൊരീമാർഗ്ഗമഹോ സനാതനം
പറഞ്ഞതോ ഞാനിതൊരാരം പഠിക്കുകിൽ
ശ്രവിക്കിലും പൂജകഴിച്ചപോൽ ഫലം.''

ഇപ്രകാരം പരാത്മാവാം
രാമൻ പൂജാക്രമങ്ങളെ
വ്യക്തമായുപദേശിച്ചാൻ
ഭക്തൻ ലക്ഷ്മണനോർക്കുവാൻ.

പിന്നെ പ്രാകൃതനെന്നോണം
ഖിന്നനായ് തീർന്നുമായയാ
'സീതേ സീതേ' തിചൊല്ലിത്താൻ
നിർനിദ്രൻ നിശപോക്കിനാൻ.

ഇതിന്നിടയ്ക്കു കിഷ്ക്കിന്ധാ-
പുരിയിൽക്കപിസത്തമൻ
ഹനുമാൻ ചെന്നു സുഗ്രീവ-
ന്നരികേ ചൊല്ലിസാദരം.

''അങ്ങയ്ക്കു ഹിതമാം കാര്യം
രാജാവേ! കേൾക്ക ചൊല്ലിടാം
സഹായമുത്തമം രാമൻ
ചെയ്താനങ്ങയ്ക്കു മുമ്പിനാൽ.

കൃതഘ്നനെന്നവണ്ണം നീ-
യതെല്ലാം വിസ്മരിച്ചുവൊ.
ത്രൈലോക്യവീരനാം ബാലി
ഹതനായ് നിൻ ഗുണത്തിനായ്

രാജാവായ് നിന്നെ വാഴിച്ചാൻ
താരയും നിൻ വശത്തിലായ്
ആരാമൻ പർവ്വതാഗ്രത്തിൽ
ഭ്രാതാവൊത്തുവസിക്കയായാം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തൻ കാര്യഗൌരവാതപ്പൻ
നിന്നെത്താൻ കാത്തിരിക്കയാം;
നീയോ വാനരഭാവത്താൽ
സ്ത്രീയോടൊത്തു രമിക്കയാം.

സീതയെത്തേടുവാൻ സത്യം
ചെയ്തിട്ടെന്തേ മടിക്കുവാൻ.
കൃതഘ്നൻ തന്നെ നീ വേഗം
ഹതനാം ബാലിപോലവെ.''

വായുപുത്രോക്തി കേട്ടപ്പോൾ
സുഗ്രീവൻ ഭയവിഹ്വലൻ
പ്രതിവാക്കോതി ''നിൻ ചൊല്ല
ചിതം സത്യവുമാണെടൊ.

ശീഘ്രം നടത്തുകെന്നാജ്ഞ-
പോകട്ടേ പത്തു ദിക്കിലും
അനേകായിരമായ് കീശർ
തീവ്റവേഗതയുള്ളവർ.

സപ്തദ്വീപനിവാസന്മാർ
സർവ്വവാനര വീരരും
അരമാസത്തിനുള്ളിൽത്താൻ
വരണം നല്ല കല്പന.

അരമാസം കഴിഞ്ഞായാൽ
മരണം ശിക്ഷ നല്കിടും.''
ഉഗ്രമീ ശാസനം നല്കി
സുഗ്രീവൻ പോയ് ഗൃഹാന്തരെ.

സുഗ്രീവാജ്ഞപ്രകാരം താൻ
ഹനുമാൻ മന്ത്രിസത്തമൻ
ദിക്കെല്ലാമറിയിക്കാനായ്
തൽക്ഷണം വിട്ടു കീശരെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വരഗുണ ബലവാന്മാർ വായുവേഗോത്സു-
കന്മാർ
വനചരവിരുതന്മാർ കുന്നുപോലുന്ന
തന്മാർ
പല വിധപരിതോഷാൽ തൃപ്തരാം ദൂതരെ ശ്രീ
പവനസുതനയച്ചാൻ സത്വരം സപ്രമോദം.

സർഗ്ഗം—5

## രാമലക്ഷ്മണക്രോധം

ഒരു നാളം സന്ധ്യനേരത്താ
ഗിരിമേൽ വാണ രാഘവൻ
ജാനകീ വിരഹം താങ്ങാ-
നാവാതീവിധ മോതിനാൻ.

''സീതയെക്കൊണ്ടു പോയല്ലൊ
ലക്ഷ്മണാ! രാക്ഷസൻ ബലാൽ
ജീവിച്ചിരിപ്പിതോ പാവ-
മാവോ ജീവൻ കളഞ്ഞിതൊ!

ജീവിക്കുന്നെന്നൊരാളം ചൊന്നാ-
ലവനെൻ പ്രിയകാരിയാം;
എങ്ങോട്ടേ ജീവനോടുണ്ടെ-
ന്നിങ്ങേതാനറിവെത്തിയാൽ.

ഇതാ പ്രതിജ്ഞ ചെയ്വൂ ഞാൻ
ഭ്രാതാവേ! കേട്ടുകൊള്ളുക
''സകുലം, കൊണ്ടു പോയോനെ
സബലം ഞാൻ മുടിച്ചിടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സാഗരാൽ സുധയെന്നോണം
സാധ്വിയെ ക്കയ്യിലാക്കുവേൻ.
ചാരുചന്ദ്രമുഖീസീതെ!
ഭീരു നീ രാക്ഷസാലയെ.

എന്നെക്കാണാതുഴന്നേററം
ഖിന്നയായ് കഴിയുന്നിതൊ.
ചന്ദ്രനും സൂര്യനെപ്പോലാ–
യിന്നുനിൻ വിരഹാൽ മമ.

തിങ്കളേ! സീതയെത്തൊട്ട
നിങ്കയ്യാൽ കുളിർ നൽകമെ
സുഗ്രീവൻ പോലുമെൻ ദുഃഖം
പോക്കാനോപ്പീല നിർദ്ദയൻ.

രാജ്യം സ്വാധീനമായ് കിട്ടി
പിന്നയോ സ്ത്രീകം ചുഴവെ
പാനഭോഗങ്ങളാൽ കാമം
ഭുജിപ്പോൻ നന്ദി കെട്ടവൻ.

ശരൽക്കാലം പിറന്നിട്ടും
സീതയെ ത്തേടുവാനവൻ
വരുന്നില്ല; കൃതഘ്നൻ താൻ
ദുഷ്ടനെന്നെ മറന്നവൻ.

കൊല്ലും സുഗ്രീവനേയും ഞാൻ
കുടുംബത്തൊടു കൂടവെ;
ചേട്ടനെന്തെന്നിൽ നിന്നുണ്ടാ–
യനുജന്നുമതേ ഗതി.''

ക്ഷുബ്ധനായ് രാമനെക്കണ്ടു
ലക്ഷ്മണൻ ചൊല്ലിയിങ്ങനെ
കല്പിച്ചാലുമിതാ രാമ!
പോകാം ഞാൻ രാജധാനിയിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദുഷ്ടൻ സുഗ്രീവനെക്കൊന്നു
ജ്യേഷ്ഠങ്കൽ ക്ഷണമെത്തിടാം
ഇത്രയും ചൊല്ലിത്തൻ ചാപ
ശസ്ത്രൗഘങ്ങളെടുത്തവൻ

തിരക്കിപ്പോകുവാൻ നില്ക്കേ
ചിരിച്ചോതി രഘൂത്തമൻ.
''നിങ്കയ്യാൽ വദ്ധ്യനല്ലേതും
സുഗ്രീവൻ മമ തോഴനാം.

'ബാലിപോയ വഴിക്കാണൊ
പോകൂ'ന്നേ ചൊല്ലിടേണ്ടു നീ
ഉത്തരം കേട്ടതും കൊണ്ടു
സത്വരം പോരികിങ്ങു താൻ.

മടങ്ങി വന്നശേഷം ഞാൻ
തുടങ്ങാം വേണ്ടതൊക്കെയും.''
സമ്മതം മൂളി സൌമിത്രി
ചെമ്മേ കീശ പുരികടൻ.

യാത്രയായ് സർവ്വ സംഹാര
മൂർത്തിപോൽ ശത്രു താപനൻ.
രാമൻ രമാവരൻ നിത്യൻ
ധീമാൻ സർവ്വജ്ഞനെങ്കിലും.

പ്രാകൃതർക്കൊത്തപോൽ കേണാൻ
പ്രിയാവിരഹ കാരണാൽ.
ബുദ്ധിക്കും സാക്ഷിയായ് മായാ-
വൃത്തിക്കും മീതെയായവൻ.

ദ്വന്ദ്വാതീത, നവൻ പിന്നെ
ദുഃഖിപ്പാനെന്തു സംഗതി!
ഭൂപൻ ദശരഥൻ ചെയ്താ
തപസ്സിൻ ഫലമേകുവാൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ബ്രഹ്മവാക്യ പ്രതിഷ്ഠയ്ക്കാ—
യിമ്മട്ടവതരിച്ചവൻ.
മായാമോഹിതരെല്ലാരു-
മജ്ഞാനത്തിലിരിപ്പവർ;

അവർക്കു മോക്ഷമേകീടാൻ
വഴിയൊന്നോർത്തു വിശ്വവും
സർവ്വപാപഹരം ശ്രേഷ്ഠം
രാമായണമുദിക്കുവാൻ

മനുഷ്യൻ പോലെ ചേഷ്ടിക്കും
രാമനായിങ്ങു ജാതനായ്,
കാര്യം നേടാൻ യഥാകാലം
കാമക്രോധാദി ചേഷ്ടകൾ.

കാണിച്ചു മൂഢ ലോകത്തെ
മോഹിപ്പിക്കുന്നു ലീലയാ.
ഗുണസമ്മിളിതൻ പോലെ
ഗുണവർജ്ജിതനെങ്കിലും,

വിജ്ഞാനമൂർത്തിയായ് സർവ്വ
ശക്തനായ് സാക്ഷിമാത്രനായ്
നിർഗ്ഗുണാകാരനായ് നില്പോൻ
ഗഗനം പോലലിപ്തനാം.

സ്വരൂപം സൂക്ഷ്മമായ് കണ്ടോർ
സമാധിസ്ഥിത യോഗികൾ,
ജനകാദികളും പക്ഷെ
ചില ഭക്തജനങ്ങളും.
ഭക്ത ചിത്താനുസാരേണ
ഭഗവാൻ ജാതനാ,യജൻ.

കല്പനപ്പടി കിഷ്കിന്ധാ
നഗരം പുക്കു ലക്ഷ്മണൻ
വില്ലിൻ ഞാണൊലിഘോഷത്താ—
ലമ്പരപ്പിച്ചു കീശരെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭീതരായ് പ്രാകൃതന്മാരാം
വാനരന്മാർ, മതിൽപ്പുറം
കേറിനിന്നു, മരം കല്ലും
പേറിക്കയ്യിൽച്ചിലച്ചുമെ.

അതുകണ്ടതികോപത്താൽ
കൺചുവന്നഥ ലക്ഷ്മണൻ
വാനരന്മാരെ മുച്ചൂടും
മുടിക്കാൻ വിൽകുലയ്ക്കയായ്.

അന്നേരമംഗദൻമന്ത്രി
വന്നാൻ കാര്യമറിഞ്ഞവൻ

ഉടൻ താൻ വാനരന്മാരെ
തടഞ്ഞാനെതിർനില്പതിൽ.
പിന്നെ ലക്ഷ്മണ സാമീപ്യം
ചെന്നു വീണുവണങ്ങിനാൻ.

ആശ്ലേഷിച്ചവനോടോതി
ലക്ഷ്മണൻ പ്രീതനായ് പരം
''ഞാനിങ്ങു വന്നിരിക്കുന്നു
രൌദ്രൻ രാമന്റെ ശാസനാൽ.

വത്സ! നീയിളയച്ഛന്റെ
മുന്നിൽച്ചെന്നറിയിക്കുക.''
അപ്രകാരമവൻ പോയി
സുഗ്രീവന്നറിവേകിനാൻ,

ലക്ഷ്മണൻ കോപഭാവത്തിൽ
പുരദ്വാരത്തിൽ നില്പതായ്.
അതുകേട്ടു ഭയന്നപ്പോൾ
സുഗ്രീവൻ വാനരേശ്വരൻ,

മുഖ്യമന്ത്രി ഹനുമാനെ
നോക്കിക്കല്പിച്ചിതേ വിധം.
''അംഗദാനുഗതനായ് വേഗ-
മങ്ങു ലക്ഷ്മണനുള്ളിടം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചെല്ലെടോ, സാന്ത്വനം ചെയ്തി–
ട്ടവനെക്കൊണ്ടുപോരിക.''
ഹനുമാൻ പോയവാറോതി
താരയോടുകപീശ്വരൻ.

''മധുരോക്തികളാൽ നീയും
മതിമാനേക സാന്ത്വനം.
എന്നിട്ടിങ്ങാനയിച്ചാലും
നന്നപ്പോളെൻെറ കാഴ്ചയും.''

താരയോ സമ്മതം മൂളി
തളത്തിൽച്ചെന്നിരിപ്പുമായ്.
അംഗദാനുവിതനായ്ത്തന്നെ
ഹനുമാൻ യാത്രയായുടൻ

ലക്ഷ്മണൻെറ സമീപത്തിൽ
ചെന്നെത്തിത്തൊഴുകയ്യുമായ്
''സ്വാഗതം സ്വാഗതം വീര!
സ്വഗൃഹം തന്നെയീഗൃഹം

കാണാമന്തഃപുരേവന്നു
റാണിമാരൊത്തു രാജനെ
അപ്പുറം ഞങ്ങൾ ചെയ്തീടാം
കല്പനപ്പടിയൊക്കെയും.''

ഹനുമാനീവിധം ചൊല്ലി
സൌമിത്രിയെ യഥോചിതം
സൽക്കരിച്ചുകപീശൻെറ
പക്കലേ ക്കാനയിച്ചതെ.

കപിപുംഗവസൌധങ്ങൾ
പലതും കണ്ടു ലക്ഷ്മണൻ
എത്തിനാൻ രാജഹർമ്മ്യത്തിൽ
വൃത്രാരിപുരമൊത്തതിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അങ്ങിരിപ്പൂതളം തന്നിൽ
താര, താരേശനേർമുഖി,
മദിരാക്ഷി മദോന്മത്താ,
സർവ്വാഭരണ ഭൂഷിതാ.

സൌമിത്രിയെ നമിച്ചോതി
ചിരിച്ചാ മധുഭാഷിണി.
''സ്വാഗതം ദേവരാ വീര!
സാധുനീ ഭക്തവത്സലൻ.

കപീശൻ ഭൃത്യനാണല്ലൊ
കോപിക്കുന്നെന്തു പിന്നെ നീ.
ഏറ്റെനാളവനാശ്വാസം
ചേരാതേ ദുഃഖമാർന്നവൻ

ദുഃഖങ്ങളൊഴിവായ്കിട്ടി
മുഖ്യമായ് നിങ്ങൾ കാരണം
തൽ പ്രസാദത്തിനാൽമാത്ര–
മല്പമിപ്പോൾ സുഖിക്കയാം.

കാമാസക്തനവന്നല്പ–
മമാന്തം രാമസേവയിൽ
വന്നുപോയ്; പക്ഷെ കീശന്മാർ
വന്നെത്തും പലരിങ്ങുടൻ.

നാനാദിക്കിലുമുള്ളോരാം
വാനരേന്ദ്രർ മഹാബലർ
ഉടനേ വന്നിടും, ഭൂപൻ,
ചുടുകല്പന നല്കയാൽ

സുഗ്രീവൻ സേനയോടൊത്തു
സ്വയമേ ചെന്നു ലങ്കയിൽ
രാവണാന്തം വരുത്തീടും
രക്ഷോവംശവിനാശവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭവാനൊന്നിച്ചുടൻ പോരും
പ്ലവഗൻ രാമസേവകൻ.
അകത്തിരിപ്പിതദ്ദേഹം
സ്വകുടുംബസമേതനായ്.

കണ്ടുനീയഭയം നല്കി
കൊണ്ടുപോകതിനപ്പുറം.''
താരതൻ വചനം കേട്ടു
കോപം തെല്ലു ശമിച്ചവൻ,

അന്തഃപുരാന്തരേചെന്നാൻ
ചന്തം ചേർന്നമുറിക്കകം.
അങ്ങുമേവുന്ന സുഗ്രീവൻ
രുമയൊത്തു രമിപ്പവൻ.

സൌമിത്രിദർശനാൽ കീശൻ
ഭീതനായ് ചാടിനിന്നുപോയ്.
ഭോഗാസക്തനിലത്യന്തം
കോപത്തോടോതിലക്ഷ്മണൻ.

ദുരാചാരിഭവാനെന്തേ
മറന്നോ രാമചന്ദ്രനെ
വമ്പനാം ബാലിയെക്കൊന്നോ-
രമ്പിപ്പോഴും നിന്നെ നോക്കയാം.

ഹതനായ് നീയുമേട്ടന്റെ
ഗതിനേടാൻ ശ്രമിക്കയോ.''
വാക്കേവം പരുഷം കേട്ടു
നോക്കിനില്ക്കുന്നമാരുതി

ശാന്തനായ് ചൊല്ലി ''നീയേവം
ഹന്ത ഭാഷിപ്പതെന്തിനാം
നിന്നെക്കാളും മുന്തിനില്പോ നീ
മന്നവൻ രാമഭക്തിയിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമകാര്യ മഹോരാത്രം
ധീമാൻ ചിന്തിച്ചിരിക്കയാം
വന്നിരിക്കുന്നിതാ കാൺക
കീശന്മാർ പല കോടിയും.

ഇവരോ സീതയെത്തേടാൻ
ഭുവി സർവ്വത്ര പോയിടും
സുഗ്രീവൻ നേടിടും വേഗം
രാമകാര്യമശേഷവും.''

മാരുതിച്ചൊല്ലുകേട്ടേവം
പാരം ലജ്ജിച്ചു ലക്ഷ്മണൻ.
സുഗ്രീവ, നർഘ്യ പാദ്യാദി
സൽക്കാരാൽ രഘുവീരനെ,

പൂജിച്ചാലിംഗനം ചെയ്തു
ചൊല്ലി ''ഞാൻ രാമദാസനാം.
സ്വകീയതേജസാ രാമൻ
ലോകമെല്ലാം ജയിച്ചവൻ.

അവനോ തുണയായ് മാത്ര—
മിവനും മററു കീശരും.''
സൌമിത്രി ചൊല്ലിനാനപ്പോൾ
''സുഗ്രീവാ! പരുഷോക്തികൾ.

പലതും ഞാൻ പുലമ്പിപ്പോയ്
പ്രണയാൽ നീ പൊറുക്കുക.
രാമൻ കാട്ടിലിരിക്കുന്നു
നാമങ്ങെത്തണമിപ്പൊഴെ.

ജാനകീവിരഹം മൂലം
ദൂനാവസ്ഥയിലാണവൻ.''
സമ്മതിച്ചു രഥം കേറി
സുഗ്രീവൻ ലക്ഷ്മണാന്വിതൻ,

വാനരന്മാരുമൊത്തെത്തി
കാനനേ, രാമനുള്ളിടം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പൊൻപള്ളി വെള്ളക്കുട, ചാമരങ്ങളും,
വമ്പുററ വാദ്യൌഘ, മകമ്പടിക്കാർ,
നീലാംഗദാദിപ്ലവഗേന്ദ്രരാലും,
ചേലൊത്തു ശോഭിച്ചിതു രാജയാത്ര.

സർഗ്ഗം—6

## സീതാന്വേഷണം

വിരിച്ച പാറമേലൊന്നി–
ലിരിക്കുന്നിത രാഘവൻ,
ചർമ്മാംബരധരൻ, ശ്യാമൻ,
ജടാമകുട ശോഭിതൻ,

സീതാവിരഹ സന്തപ്തൻ,
സ്മിത ചാരു മുഖാംബുജൻ
വിശാലനയനൻ, ശാന്തൻ,
മൃഗപക്ഷി നിരീക്ഷകൻ.

ദൂരവേ രാമനെക്കണ്ടു
തേരിറങ്ങി കപീശ്വരൻ
സൌമിത്രി സഹിതം ചെന്നു
സ്വാമിപാദം വണങ്ങിനാൻ.

കീശേശൻ കാൽപിടിച്ചാറെ
കുശലം ചൊല്ലി രാഘവൻ
ആശ്ലേഷിച്ചരികെ സ്വൈരം
സൽക്കാരം ചെയ്തിരുത്തിനാൻ.

പിന്നെപ്പറഞ്ഞു സുഗ്രീവൻ
ധന്യനായ് ഭക്തി പൂർവ്വകം
''ഇതാ വരുന്നു, രാജേന്ദ്ര!
വമ്പോലും വാനരപ്പട.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കുലപർവ്വത ജാതന്മാർ
മേരുതുല്യ ശരീരികൾ
നാനാശൈല നദീ ദ്വീപ-
വാസരാം പർവ്വതോപമർ,

അസംഖ്യം പേരിതാ കാൺമൂ
കാമരൂപികൾ വാനരർ;
എല്ലാരും ദേവവംശക്കാർ
മല്ലന്മാർ യുദ്ധവീരരും.

ചിലരാനകളൊത്തന്മാർ
പത്താനയ്ക്കൊപ്പമാം ചിലർ,
അതിലും ബലമുള്ളോർക-
ളതുലം ബലശാലികൾ.

ചിലരഞ്ജന തുല്യന്മാർ,
ചിലർ പൊന്നിറമാണ്ടവർ;
നീണ്ടരോമം ചിലർക്കെല്ലാം
പലർക്കും ചെന്നിറം മുഖം.

ചിലരോ സ്ഫടികം പോലെ
പലരും രാക്ഷസോപമർ;
യുദ്ധക്കൊതിയരെല്ലാരു-
മാർത്തുചീററി നടപ്പവർ.

അവർ കായ്കനി തിന്നുന്നോർ
തവകല്പന കേൾക്കുവോർ.
ജാംബവാൻ ബുദ്ധിമാൻ വീര-
നിമ്മഹാ സൈന്യനായകൻ.

കോടികീശർക്കിവൻ നാഥൻ
കൂടാതെൻ മന്ത്രിവര്യനും.
ഹനുമാനിവനോ ധീമാൻ
മഹാസത്ത്വൻ പരാക്രമി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വായുപുത്രൻ, സുതേജസ്വി,
ശ്രേഷ്ഠ,നെൻ മന്ത്രിമുഖ്യനാം.
നളനും, നീലനും, പിന്നെ
ഗവാക്ഷൻ, ഗന്ധമാദനൻ,

ഗവയൻ, ശരഭൻ, മൈന്ദൻ,
ഗജൻ, പനസനെന്നിവർ,
ബലീമുഖൻ, ദധിമുഖൻ,
സുഷേണനൻ താരനും തഥാ,

ഹനുമത്താതനാം ശക്തൻ
കേസരിപ്പേരെഴുന്നവൻ.
പ്രധാന നായകന്മാരീ
പറഞ്ഞോർ രഘുനന്ദന!

ഇവരെല്ലാം മഹാത്മാക്കൾ
ശക്രതുല്യ പരാക്രമർ.
അതിനാലിവരെല്ലാരു–
മോരോ കോടികൾ നാഥരായ്

നിന്നാജ്ഞാകരരെല്ലൊരു-
മെല്ലാരും ദേവവംശജർ.
ഇവൻ ബാലിസുതൻ ശ്രീമാ–
നംഗദൻ പേർ പുകഴ്ന്നവൻ,

ബാലി തുല്യബലൻ വീരൻ
രക്ഷോവംശ വിനാശകൻ.
അങ്ങയ്ക്കായ് ജീവനർപ്പിപ്പോ–
രന്യന്മാരുണ്ടു വേറെയും,

ശൈലശൃംഗായുധം കൊണ്ടു
ശത്രുനാശം വരുത്തുവോർ.
കല്പിച്ചാലും രഘുശ്രേഷ്ഠ
കല്പനയ്ക്കവർ കീഴ്പ്പെട്ടും.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമൻ സുഗ്രീവനെപ്പുൽകി
സന്തോഷാശ്രുപൊഴിച്ചവൻ
ചൊല്ലി ''നീയറിയുന്നോനാം
നല്ലപോലെന്റെ കാര്യവും.

ചിതമെങ്കിലുടൻ പോട്ടെ
സീതയെത്തേടുവാനിവർ.''
രാമന്റെ വചനം കേട്ട
സുഗ്രീവൻ ഹൃഷ്ടമാനസൻ,

മല്ലരാം വാനരന്മാരെ,
ചൊല്ലിവിട്ടാൻ കപീശ്വരൻ,
നാനാതരത്തിലുള്ളോരെ
നാനാദിക്കും തിരഞ്ഞിടാൻ

തെക്കുഭാഗം തെരഞ്ഞീടാൻ
പ്രത്യേകിച്ചു നിയുക്തരായ്
അംഗദൻ, ജാംബവാൻ, ശക്തൻ
ഹനുമാൻ, ശരഭൻ തഥാ

സുഷേണൻ, ദ്വിവിദൻ, മൈന്ദൻ,
നളൻമുമ്പായവമ്പരും.
അവരെ പ്രേഷണംചെയ്കെ
സുഗ്രീവൻ ചൊല്ലിയിങ്ങനെ.

''നിങ്ങളെല്ലാമതിശ്രദ്ധ-
മങ്ങുതേടുക സീതയെ
തിങ്ങളൊന്നഥതീരും മു-
മ്പിങ്ങുവീണ്ടും മടങ്ങണം.

സീതയെക്കണ്ടുകിട്ടാതെ
മാസമൊന്നു കഴിഞ്ഞിഹ
തിരികേവന്നിടിൽക്കിട്ടും
വധ ശിക്ഷ,യിതെൻ വിധി.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഉഗ്രമീശാസനം നല്കി
സുഗ്രീവൻ വിട്ടകീശരെ
വന്ദിച്ചു രാമനെബ്ഭക്ത്യാ
ചെന്നിരുന്നു തദന്തികെ.

ഹനുമാൻ യാത്രയായ് നിന്ന
മാത്രയിൽച്ചൊല്ലി രാഘവൻ.
''വിശ്വാസം നിന്നിലുണ്ടാകാൻ
വൈദേഹിക്കിതു നൽകുക

എൻ പേർമുദ്രയടിച്ചോരീ
വമ്പേറുന്നംഗുലീയകം.
നീയേ പ്രമാണമെൻകാര്യം
ചെയ്യാനായ് കപിസത്തമ!
അറിയാം നീ സമർത്ഥൻ താൻ
പോയാലും മംഗളം തവ.''

സീതാന്വേഷണകാര്യാർത്ഥം
സുഗ്രീവാജ്ഞ ലഭിച്ചവർ
അംഗദപ്രമുഖന്മാർ പോ–
യെങ്ങുമെങ്ങും തെരച്ചിലായ്

വിന്ധ്യൻ കാട്ടകളിൽക്കണ്ടോർ
വാനരന്മാർ സവിസ്മയം
കാട്ട ജന്തുക്കളെത്തിന്നും
ക്രൂരൻ രാക്ഷസനേകനെ.

അവൻ രാവണനെന്നോർത്തു
വീരന്മാർ ചില വാനരർ
തിക്കും തിരക്കുമായ്ചെന്നു
തല്ലിക്കൊന്നാരരക്കനെ.

അല്ല, രാവണനല്ലെന്നും
ചൊല്ലിപ്പിമ്പന്യകാട്ടകം
പ്രാപിച്ചെങ്ങും തെരഞ്ഞേററം
ദാഹിച്ചാർത്തരുമായവർ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വരണ്ടവായയോടേററം
വലഞ്ഞാടി നടക്കവെ
വല്ലീതൃണങ്ങളാൽ ചുററും
നല്ലോരു ഗുഹദൃശ്യമായ്.

ഈറൻ ചിറകുമായ് തത്ര
കാൺമൂ ചക്രാന്നവർഗ്ഗവും
''കൊള്ളാം നമുക്കിതിൽക്കേറാം
വെള്ളമു''ണ്ടെന്നുമാരുതി

ചൊല്ലിമുമ്പേ പ്രവേശിച്ച
വല്ലീവൃതഗുഹസ്ഥകം.
അന്യോന്യം കൈപിടിച്ചൊപ്പം
പിന്നിലായ് മററുകൂട്ടരും.

ഇരുട്ടിൽക്കൂടെ ദൂരത്തിൽ
ചരിക്കെക്കണ്ടു വാനരർ
സ്ഫടികത്തെളിനീർതിങ്ങും
തടാകങ്ങളും പലേവിധം,

ഫലഭാരാൽ കുനിഞ്ഞുള്ള
പലവൃക്ഷഗണങ്ങളും
ദിവ്യരത്നൌഘവസ്ത്രങ്ങളും
ദീപ്തിചേരും ഗൃഹങ്ങളും,

ഭക്ഷ്യങ്ങളും പലതും ചേർന്നും
പക്ഷേ മാനുഷ ശൂന്യമായ്.
ദിവ്യമാമൊരു ഗേഹത്തിൽ
ദർശിച്ചാരൊരു കന്യയെ,

സ്വയം ശോഭപരത്തിത്തൻ
സ്വർണ്ണ പീഠത്തിലാസ്ഥിതാ.
ഏകയായ് വല്ക്കലം ചാർത്തി
ധ്യാനയോഗനിമഗ്നയായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വന്ദിച്ചാരവളെക്കീശർ
വാഴ്ത്തും ഭക്തി ഭയാന്വിതം.
അവരെക്കണ്ടു ചോദിച്ചു
ദേവിയാരം ''നിങ്ങളാരഹൊ!

എവിടന്നാരയച്ചെത്തീ
ഇവിടം തീണ്ടിയെന്തിനായ്.''
ഉത്തരം ഹനുമാനോതി
''കേട്ടാലും ദേവി! ചൊല്ലിടാം.

അയോദ്ധ്യാധിപതി ശ്രീമാൻ
രാജാദശരഥൻ പ്രഭു
തൽപ്പുത്രൻ മൂത്തവൻ രാമൻ
മഹാഭാഗൻ പുകഴ്ന്നവൻ

താതവാക്യം പ്രമാണിച്ചു
ഭാര്യാ ഭ്രാതൃ സമേതനായ്
കാടേറി; രാവണൻ രാമ–
ഭാര്യയെക്കട്ടുകൊണ്ടു പോയ്.

സാനുജൻ രാമനോ പിന്നെ
സുഗ്രീവങ്കലണഞ്ഞുതെ.
സുഗ്രീവൻ മിത്ര ഭാവത്താൽ
സീതയെത്തേടുമെന്നുമായ്

ഏററുചൊല്ലിയുടൻ ഞങ്ങരം–
ക്കാജ്ഞനല്കി തെരഞ്ഞിടാൻ
അപ്രകാരം തെരഞ്ഞും കൊ–
ണ്ടിപ്രദേശത്തിലെത്തിനാർ.

ദാഹം മുഴക്കവെ ഭാഗ്യാൽ
ഗുഹ കണ്ടിതിലേറിനാർ.
ആരാം ദേവിയറിഞ്ഞീല
ചൊല്ലു നിൻ ചരിതം ശുഭെ!''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കാര്യം ഗ്രഹിച്ച സന്തോഷാ–
ലാര്യയോഗിനി ചൊല്ലിനാൾ.
''ഭുജിക്ക കായ്കളിഷ്ടം പോൽ
കുടിക്ക തെളിനീർ സുഖം.

എന്നിട്ടു വരുവിൻ ചൊല്ലാ–
മാദ്യം തൊട്ടെൻെറ വാർത്തകൾ.''
ആവിധം കുടിയും തീനും
കഴിച്ചു കപിസത്തമർ.

ഹൃഷ്ടരായ് വന്നു കൈക്കൂപ്പി
ദേവീ പാർശ്വമിരിപ്പുമായ്.
പിന്നെ മാരുതിയോടോതി
ദിവ്യദർശിനി യോഗിനി.

''വിശ്വകർമ്മാവുതൻ പുത്രി
ഹേമയെന്നു പുകഴ്ന്നവൾ
നാട്യനൃത്തങ്ങളാൽ പണ്ടു
നടേശ പ്രീതി നേടിനാൾ.

മഹേശൻ തുഷ്ടനായ് നല്കി
മഹത്താം ദിവ്യമീപുരം.
അനേകായിരമാണ്ടോള–
മിവിടെപ്പാർത്തു ഹേമയും.

ഗന്ധർവ്വ ജാത ഞാൻ വിഷ്ണു
ഭക്തയാം പേർ സ്വയംപ്രഭ,
മോക്ഷം കാംക്ഷിച്ചു വാണിങ്ങു
ഹേമയ്ക്കേക സഹായിയായ്.

ബ്രഹ്മലോകം ഗമിക്കുമ്പോൾ
ഹേമ ചെയ്തുപദേശവും
''ഏകാന്തമിവിടെപ്പാർത്തു
പാകം പോൽ തപമാളുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ത്രേതായുഗേ മഹാവിഷ്ണു
ജാതനാം രാമചന്ദ്രനായ്.
ഭൂഭാരം തീർക്കുവാൻ രാമൻ
ചരിക്കും കാനനങ്ങളിൽ.

അവൻെറ ഭാര്യയെത്തേടി
തവപാർശ്വമണഞ്ഞിടും
വാനരന്മാരെ, നീ പൂജി–
ച്ചാരാധിക്കുക രാമനെ.

അതിൻെറ ഫലമായ് നീയും
വിഷ്ണുപാദം ഗമിച്ചിടും.''
അതിനാൽ, രാമനെക്കാൺമാ–
നിപ്പൊഴേ പോയിടുന്നു ഞാൻ.

നിങ്ങളും കണ്ണടച്ചിപ്പോാം
കടന്നാലും ഗുഹപ്പുറം.''
അവരോ ചൊന്നപോൽ ചെയ്തു
വീണ്ടും പൂകി വനാന്തരം.

ഗുഹവിട്ടവളും പോയി
ശീഘ്രം രാമങ്കലെത്തിനാാം.
അവിടെക്കണ്ടു സുഗ്രീവ–
ലക്ഷ്മണാന്വിത രാമനെ.

ചുററും പ്രദക്ഷിണം ചെയ്തു
രാമനെ പ്രണമിച്ചവാം
രോമാഞ്ചാഞ്ചിതയായ് ഭക്ത്യാ
ഗൽഗ്ഗദം പൂണ്ടു ചൊല്ലിനാാം

''ദാസി ഞാൻ തവ രാജേന്ദ്ര!
നേരേ കാൺമതിനെത്തിയോാം.
എത്രയോ കാലമായ് ഘോരം
തപം ചെയ്തു വരുന്നു ഞാൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നിന്നെ ദർശിപ്പതി, നൊന്നാ-
ലിന്നേ സഫലമായ് തപം.
നമസ്ക്കാരം മഹാഭാഗ!
മായാതീത! നമിപ്പു ഞാൻ.

പുറത്തു മുള്ളിലും നിന്നാൽ
നിറഞ്ഞാണേതു വസ്തുവും
മറഞ്ഞോൻ മായയാ പക്ഷെ
മാനുഷാകാരമാർന്നു നീ.

ശുദ്ധ സ്വരൂപമജ്ഞർക്കു
സാദ്ധ്യമോ തവ കാണുവാൻ.
ഭക്തർക്കുപാസനസ്ഥായ് നീ
വ്യക്തിയായവതീർണ്ണനായ്.

അമേയൻ നിന്നെ ബോധിപ്പാ-
നാവില്ലീ താമസികളിഹ.
ലോകത്തിലറിവോരങ്ങെ
ച്ചിലരുണ്ടെന്നു വന്നീടാം.

എന്നാലീ കണ്ട രൂപം താൻ
മിന്നുന്നെൻ ഹൃദയേ സദാ.
രാമ! നിൻ പാദപത്മങ്ങൾ
കാൺമൂ ഞാൻ മോക്ഷ ദർശനം.

സംസാരക്കര പററീടാ-
നവ നേർവഴി കാട്ടിടും.
ധനപുത്ര കളത്രാദി
സമ്പത്താൽ ദർപ്പമാർന്നവർ
നിന്നെ ബ്ഭജിച്ചിടാ; നീയാ
നിസ്വൻെറ നിധിയല്ലയൊ.

നിർഗ്ഗുണൻ നീ ഗുണോപേതൻ
നിർദ്ധനന്മാർക്കു നീ ധനം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കാലസ്വരൂപ, നീശാന,–
നാത്മാരാമ, നരൂപവാൻ,
ആദിമാദ്ധ്യാന്തമില്ലാത്തോ,-
നാദിദേവ! നമോസ്തുതെ.

സർവ്വത്ര സമഭാവാൽ നീ
ചരിപ്പോൻ പുരുഷൻ പരൻ.
മനസ്സിലാവാതല്ലാ നിൻ
മാനുഷാകാര ലീലകൾ.

ശത്രുമിത്രത്വ മില്ലാത്തോ-
നത്രേ നീ സമ ചേഷ്ടിതൻ.
സ്വകീയം ഭാവനയ്ക്കൊത്തു
സർവ്വരും നിന്നെ നോക്കയാം.

അജ, നീശ, നകർത്താ നീ
ദേവതിര്യങ്ങ് നരാദിയിൽ,
ജന്മകർമ്മാദി ചേഷ്ടിപ്പൂ
കേവലം ലീലമാത്രമായ്.

കീർത്തന ശ്രവണത്തിന്നായ്
മർത്ത്യനായ് ശാശ്വതം ഭവാൻ;
കോസലേശൻ തപം ചെയ്ത
ഫലമെന്നോതുവോർ ചിലർ.

കൌസല്യാ പ്രാർത്ഥനയ്ക്കുള്ള
ഫലമാണെന്നു മററുപേർ.
ഭൂഭാരം തീർക്കുവാൻവേണ്ടി
ബ്രഹ്മാവർത്ഥിക്കകാരണം,

നരനായ് ജാതനായെന്നു–
മുരചെയ്യുന്നിതന്യരും.
നിൻകഥാ കഥനം ചെയ്‌വോർ
കേൾപ്പോരൊക്കെ രഘൂത്തമ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നിൻ പാദപങ്കജം കാൺമൂ
സംസാരോത്താരണക്ഷമം.
ഗുണാതീതൻ ഭവാ,നെന്നാൽ
ത്വന്മായാഗുണബദ്ധ ഞാൻ.

വാക്കിനും മീതെയാം നിന്നെ
വാഴ്ത്താനും ശക്തയല്ലിവൾ.
സുഗ്രീവ ലക്ഷ്മണന്മാരൊ–
ത്തിങ്ങിരിക്കും രഘൂത്തമ!
ചാപബാണധരൻ നിന്നെ
നമിക്കാമത്രമാത്ര താൻ.''

ഇതുകേട്ടു രഘുശ്രേഷ്ഠൻ
പ്രസന്നൻ പാപനാശകൻ
ചോദിച്ചു ''ഭക്ത നീയെന്തു
കാംക്ഷിപ്പൂ ചൊല്ലുയോഗിനി.''

അവളോ ഭക്തിയോടോതി
''ഭവാനിൽ ബ്ഭക്തിയേറണം
എങ്ങെല്ലാം ജാതയായാലു–
മങ്ങയിൽ ബ്ഭക്തയാകണം;

ലൌകികന്മാരെ വിട്ടെന്നും
ഭക്തസമ്പർക്കമേല്ക്കണം;
രാമനാമം സദാനേരം
നാവിന്മേൽ നടമാടണം.

കിരീടകുണ്ഡലോത്ഭാസം
ഹാരകേയൂരമണ്ഡിതം
നൂപുരം കൌസ്തുഭം ചേർന്നും
ചാപബാണം ധരിച്ചുമെ,

പീതാംബരാഞ്ചിതം രൂപം
ശ്യാമളം മമ മാനസെ
സീതാ ലക്ഷ്മണരൊത്തെന്നും
കാണുവാൻ മാത്രമാഗ്രഹം.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമൻ:

''അപ്രകാരം ഭവിക്കട്ടെ
പോകനീബദരീവനെ
അങ്ങെന്നെത്താൻ സ്മരിച്ചും കൊ–
ണ്ടായുഷ്കാലം കഴിക്കുക.
എന്നാലെന്നിൽപ്പരാത്മാവിൽ
ചേർന്നിടും താമസം വിനാ.''

ശ്രവിച്ചു രാമവചനം മധുരം മനോജ്ഞം
ഗമിച്ചു പുണ്യബദരീവനഭൂവിലേക്കായ്
സ്മരിച്ചു രാഘവപദം സമയം കഴിച്ചു
ത്യജിച്ചു ദേഹമവളെത്തിപരംപദത്തിൽ.

സർഗ്ഗം—7

## വാനരചിന്ത-സമ്പാതിസമാഗമം

സീതയെക്കണ്ടു കിട്ടാതെ
ഖേദിച്ചാവനചാരികൾ
ഇരിപ്പായ് വനമദ്ധ്യത്തിൽ
പരിബ്ഭ്രാന്ത മനസ്സോടെ.

അങ്ങിരിക്കെ ഹരിശ്രേഷ്ഠ–
നംഗദൻ ചൊല്ലിയിങ്ങനെ.
''കഷ്ടമീഗ്ഗുഹയിൽച്ചുററി
നഷ്ടമായൊരു മാസവും,

ഒത്തില്ലാ സീതയെക്കാൺമാ–
നൊത്തില്ലാ രാജശാസനം
ഇന്നിലയ്ക്കു മടങ്ങീടിൽ
കൊല്ലും നമ്മെ കപീശ്വരൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിശേഷാൽ ശത്രുപുത്രൻ ഞാൻ
ഹതനാമിതു കാരണം.
സുഗ്രീവന്നെന്നിലെന്തിഷ്ടം
രാമനാം മമ രക്ഷകൻ.

രാമകാര്യം നടത്താത്തോ–
നെന്ന പേരും പറഞ്ഞവൻ
സുഗ്രീവൻ ദുഷ്ടനെന്നെത്താൻ
നിഗ്രഹിച്ചിടു മാദ്യമായ്.

മാതാവിന്നൊപ്പമാം ഭ്രാതൃ–
ഭാര്യയെത്തീണ്ടിയോനവൻ.
അതിനാലിനിഞാനാദ്ര–
മ്മതിപാർശ്വമണഞ്ഞിടാ

ഇവിടെത്താൻ ത്യജിച്ചീടും
ജീവൻ ഞാൻ വല്ലപാടുമെ.''
യുവരാജാവിതിൻമട്ടു
വൈവശ്യം പൂണ്ടുരസ്സുവെ

സഹതാപത്തൊടേചൊന്നാർ
സഹചാരികൾ മററുപേർ.

''അംഗദാ! വേണ്ട ദുഃഖംതെ
ഞങ്ങൾ നിൻ പ്രാണരക്ഷകർ
ഭവാനീ ഗുഹയിൽത്തന്നെ
നിവാസം ചെയ്ക നിർഭയം.

സുരേന്ദ്രപുരിപോൽ രമ്യം
സൌഭാഗ്യോജ്ജ്വല മീപുരം''
അന്യോന്യം ചിലരീമട്ടു
ചൊന്നതെക്കേട്ടുമാരുതി,

തന്ത്രജ്ഞൻ, യുവരാജാവെ
പുല്ലികൊണ്ടേവമോതിനാൻ.
''ചിന്തിപ്പതെന്തിനീ മട്ടിൽ,
ചീത്തകാര്യം നിനക്കൊലാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



താരാലാളിത പുത്രൻ നീ
രാജാവിൻ പ്രീതിപാത്രമാം
രാമനോ നിന്നിലേറുന്ന
പ്രേമം ഭ്രാതാവിലും പരം.

രാമനാൽ പിന്നെയെന്തിന്നായ്
രാജാവാലും ഭയം തവ.
ഞാനും നിന്നിഷ്ടമേ ചെയ്വോൻ
ചിതമല്ലന്യ ചിന്തകൾ.

സദ്രസംഗ്രഹയിൽ പാർക്കാം
ഭദ്രമെന്നോതിയില്ലയൊ
രാമബാണം കടക്കാത്ത
ധാമമെങ്ങാം ജഗത്രയെ

ദുർമന്ത്രമീവിധം ചെയ്ക
ദുർബ്ബലന്മാർ കപീശ്വര!
പുത്രദാരാദികൈവിട്ട—
മത്രനിന്നെബ്ഭജിക്കുമൊ.

മറെറാന്നു പറയാം കാര്യ—
മേററം ഗുഹ്യമതോർക്കുക.
മനുഷ്യനല്ലെടോ രാമൻ
സാക്ഷാൽ നാരായണൻ പരൻ.

സീതയോ മായയാം ദേവി
ജനസമ്മോഹകാരിണി
ലക്ഷ്മണൻ ഭുവനാധാരൻ
സാക്ഷാൽ ശേഷൻ ഫണീശ്വരൻ.

രക്ഷോവംശം മുടിച്ചീടാൻ
രക്ഷിപ്പാൻ സജ്ജനങ്ങളെ
മായാമാനുഷ ഭാവത്തിൽ
ജനിച്ചാർ ബ്രഹ്മചോദനാൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വൈകുണ്ഠവാസരാം നമ്മറം
വിഷ്ണുപാർഷദർ സർവ്വരും.
സ്വേച്ഛയാ പരമാത്മാവി
മാനുഷാകാരമേല്ക്കവെ.

തന്മായാ ശക്തിയാൽ നാമും
ജനിച്ചാർ കപിരൂപമായ്
തപസ്സാൽ പണ്ടുനാം ലോക-
പതിയെപ്പൂജ ചെയ്തവർ.

അന്നു നാം പാർഷദന്മാരായ്
തീർന്നുതൽ പ്രീതി നേടിയോർ
ഇപ്പൊഴും മായയാ നമ്മറം
തൽപ്രിയം ചെയ്തുകൊള്ളണം.

എന്നാൽ വൈകുണ്ഠ ലോകത്തിൽ
ചെന്നു വീണ്ടും സുഖിച്ചിടാം.''
ആശ്വാസം പൂണ്ടിതെക്കേട്ടു
വിന്ധ്യാദ്രിക്കവർ നീങ്ങിനാർ.

സീതയെത്തേടി ദിക്കെങ്ങും
സഞ്ചരിച്ചവർ മെല്ലവെ
തെക്കെസ്സമുദ്ര തീരത്തിൽ
മഹേന്ദ്രതട മെത്തിനാർ.

സമുദ്രം ദുസ്തരം, പാരം
ഭീകരം കണ്ടു വാനരർ
എന്തിനിച്ചെയ്വതെന്നേതും
ഹന്ത തോന്നാതുഴന്നുപോയ്.

അംഗദൻ തൊട്ടു കീശേന്ദ്ര-
രങ്ങിരുന്നു കടൽക്കരെ
അന്യോന്യം മന്ത്രണം ചെയ്താർ
ഖിന്നരായ് ബലശാലികറം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''ഒററമാസം കഴിഞ്ഞല്ലൊ
ച്ചററി നാമീ വനസ്ഥലി
രാവണൻ സീത രണ്ടാളെ–
ങ്ങവരെക്കണ്ടെതില്ല നാം.

സുഗ്രീവൻ നമ്മളെക്കൊല്ലു-
മുഗ്രശാസനനാണവൻ.
മൃതരാകേണ്ടവൻ കയ്യാൽ
ചിതം പ്രായോപവേശനം.''

കാര്യമായ് തീർപ്പു ചെയ്തേവം
ചാരേദർഭ വിരിച്ചതിൽ
ഇരിപ്പായ് ദുഃഖവും പൂണ്ടാ
ഹരിപ്രമുഖരൊക്കെയും.

അന്നേരം പക്ഷിയൊന്നങ്ങു
വന്നെത്തീ പർവ്വതോപമൻ,
മഹേന്ദ്രഗിരിയിൽച്ചേരും
ഗുഹയ്ക്കുള്ളിലിരുന്നവൻ.

മരിക്കാൻ കാപ്പുകെട്ടിച്ചേർ-
ന്നരികും കപിവര്യരെ
കണ്ടവൻ മെല്ലവെച്ചൊല്ലി
''നല്ല ഭക്ഷ്യം ലഭിച്ചുമെ.

ഒരു നാളൊന്നുവീതം ഞാൻ
ശരിയായ് തിന്നുമൊക്കെയും.''
പക്ഷി ചൊന്നതു കേട്ടപ്പോൾ
ഋക്ഷരെല്ലാം വിറച്ചുപോയ്.

''ഭക്ഷിക്കും നമ്മളെസ്സർവ്വം
പക്ഷിവീരന സംശയം
രാമകാര്യത്തിനൊന്നും താൻ
കാര്യമായ് ചെയ്യതില്ല നാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സുഗ്രീവാജ്ഞ നടത്താനും
സാധിച്ചില്ല കപീന്ദ്രരേ
വ്യർത്ഥമായ് പക്ഷിതീററയ്ക്കായ്
വദ്ധ്യരായ് തീർന്നു കഷ്ടമെ.

ധന്യൻ ജടായു രാമന്നായ്
പ്രാണനെക്കൈ വെടിഞ്ഞവൻ
മോക്ഷം പ്രാപിച്ചു. ദുഷ്പ്രാപം
സാക്ഷാൽ യോഗീശ്വരാലുമെ.''

വാനരന്മാർ പറഞ്ഞോരീ
വാർത്തസമ്പാതി കേൾക്കവെ
ചോദിച്ചാൻ ''നിങ്ങളാരാണീ
കർണ്ണപീയൂഷ വാർത്തകൾ.

ഭ്രാതാ ജടായുവെപ്പററീ–
ട്ടേതാനും വ്യാഹരിച്ചവർ
ഭീതിവേണ്ടെന്നിൽ നിന്നൊട്ടു–
മോതുവിൻ സർവ്വ വാർത്തയും.''

എഴന്നേററംഗദൻ, പക്ഷി -
ക്കിഴവൻ തന്നൊടോതിനാൻ
''രാമൻ ദാശരഥി ശ്രീമാൻ
ഭ്രാതാ ലക്ഷ്മണനൊത്തുമെ.

ഭാര്യ സീതയൊടും കൂടെ
സഞ്ചരിച്ചു മഹാവനെ
അവിടെസ്സീതയെ കട്ടു
രാവണൻ ദുഷ്ടമാനസൻ.

രാമലക്ഷ്മണർ വേട്ടയ്ക്കായ്
പോകവെ ഹൃതയായവൾ,
രാമരാമേതി ചൊല്ലിത്താൻ
വിലപിപ്പതു കേട്ടവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജടായുവെന്നൊരാ പക്ഷി
തട്ടത്തേററടരാടിയോൻ
ചത്തുപോയ് രാവണൻ കയ്യാൽ
രാമകാര്യം നടത്തവെ.

രാമനാൽ താൻ ജഡം ദഗ്ദ്ധം
ജീവൻ മോക്ഷവുമാർന്നതെ.
സുഗ്രീവനുള്ളിടത്തെത്തി
പിന്നെ രാമൻ മഹാബലൻ.

അവനോടൊത്തു സഖ്യം ചെ-
യ്തവൻ പ്രാർത്ഥിക്കയാലുടൻ
ദുർജ്ജയൻ ബാലിയെക്കൊന്നു
രാജ്യം സുഗ്രീവനേകിനാൻ.

സുഗ്രീവൻ കപി രാജാവാ–
യുഗ്രം ശാസിച്ചു ഞങ്ങളെ
സീതയെത്തേടുവാൻ, മാസ–
മൊന്നിനുള്ളിൽ മടങ്ങണം.

അല്ലായ്കിൽ ഞങ്ങളെസ്സർവ്വം
കൊല്ലുമെന്നാണു കല്പന.
അങ്ങനെത്തെരയും നേരം
തങ്ങീ ഞങ്ങൾ ഗുഹസ്ഥകം.

മാസം കഴിഞ്ഞു, കണ്ടീലാ
സീതാരാവണർതൻ ഗതി
അതിനാലീ കടൽത്തീരെ
മൃതരാകാൻ കിടക്കയാം.

സീതയെപ്പററി നീയേതാ-
നറിയുന്നെങ്കിലോതുക.''
അംഗദോക്തികളെക്കേട്ടു
ചൊന്നാൻ സമ്പാതിഹൃഷ്ടനായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജടായു മൽപ്രിയൻ ഭ്രാതാ—
വെട്ടോ വാനര പുംഗവ!
സഹസ്രാബ്ദം കഴിഞ്ഞിന്നാം
സഹജോ ദന്തമേൽപ്പു ഞാൻ.

വാനരേന്ദ്രർ ഭവാന്മാർക്കായ്
വാക്സഹായം തരാമുടൻ
ഭ്രാതാവിന്നുദകം നല്ലാ—
നെത്തിക്കെന്നെ ജലാന്തികം.

നിങ്ങൾക്കു കാര്യസിദ്ധിക്കായ്
വേണ്ടതപ്പുറമോതിടാം.''
അവ്വണ്ണം പക്ഷിയെക്കീശ—
രാനയിച്ചാർ ജലാന്തികം.

സ്നാനം കഴിച്ചു സമ്പാതി
സലിലാഞ്ജലി നൽകിനാൻ
പൂർവ്വസ്ഥാനത്തിലെത്തിച്ചാ—
രവനെപ്പിന്നെ വാനരർ.
അങ്ങിരുന്നോതി പക്ഷീന്ദ്രൻ
മംഗളാകര വാർത്തകൾ.

''ലങ്കയാം പുരിയുണ്ടല്ലൊ
ത്രിക്കൂടഗിരി മോളിലായ്
സീതയുണ്ടങ്ങശോകാഖ്യ—
വനിയിൽ ദൈത്യ രക്ഷയിൽ

സമുദ്രമദ്ധ്യയാം ലങ്ക
ശതയോജന ദൂരെയായ്
ഞാനിതാ കാൺമു നിശ്ശങ്കം
ഞാനിതാ കാൺമു സീതയെ.

പക്ഷി സ്വഭാവമാം ദൂര—
ദൃഷ്ടിയാൽ കണ്ടിടുന്നു ഞാൻ.
ശതയോജന വിസ്തീർണ്ണം
സമുദ്രം താണ്ടുവോനെവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അവന്നു മാത്രമേ സാദ്ധ്യം
സീതയെക്കണ്ടു പോരുവാൻ
ഞാൻ തന്നെക്കൊല്ലുവേൻ ഭ്രാതൃ-
ഹന്താവാം രാക്ഷസേശനെ,
ഏകനായ്; പക്ഷെ ഞാനിപ്പോൾ
പക്ഷമില്ലാത്ത പക്ഷിയാം.

സമുദ്രം തരണം ചെയ്‌വാൻ
സാദ്ധ്വസപ്പെട്ട നോക്കുവിൻ
അപ്പുറം രാഘവൻ തന്നെ
രാവണാന്തം വരുത്തിടും.

ലംഘിച്ചു വിസ്താരമിയന്നൊരണ്ണവം
ലങ്കയ്ക്കകംചെന്നു വിദേഹപുത്രിയെ
ദർശിച്ചു സംഭാഷണശേഷമിങ്ങുടൻ
തിരിക്കുവാൻ തക്കവനാർ നിനക്കുവിൻ.''

സർഗ്ഗം—8

## സമ്പാതിയുടെ ആത്മകഥ

സമ്പാതിചരിതം കേൾപ്പാൻ
വെമ്പലാർന്നു കപീശ്വരർ
ഗൃദ്ധ്രനോടതുചൊല്ലാനാ-
യർത്ഥിച്ചാർ കൌതുകത്തോടെ.

സമ്പാതിതൻപുരാവൃത്ത-
മമ്പോടോതാൻ തുടങ്ങിനാൻ
''ജടായു, സോദരൻ ഞാനും
താരുണ്യത്തികവേല്ക്കവെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മത്തരായ് ബലവീര്യത്താ–
ലെത്രയാം ബലമെന്നുമായ്
നോക്കുവാൻ ഭാനുബിംബത്തിൻ
നേർക്കുതാനൊത്തു ചാടിനാർ.

ബഹുദൂരം പറന്നപ്പോഠം
സഹജൻ തപ്തനായ് പരം
അവനെച്ചിറകാൽമൂടീ–
ട്ടവനം ചെയ്തു ഞാൻ തദാ.

പക്ഷേ ഞാൻ സൂര്യതാപത്താൽ
പക്ഷം വെന്തിങ്ങുവീണുപോയ്.
ഗിരിമേൽ; ബോധവും വിട്ടു
ദൂരെനിന്നു പതിക്കയാൽ.

മൂന്നുനാഠം പിമ്പഹോ ബോധം
വന്നു വീണ്ടും കപീന്ദ്രരേ!
ചിറകററും ബ്ഭ്രമം മൂലം
മറവായ് ദിക്കതിർത്തികഠം.

നല്പതാമാശ്രമം കണ്ടാൻ
മെല്ലെക്കണ്ണു മിഴിക്കവെ.
പിന്നെ ഞാനാശ്രമത്തോളം
ഖിന്നനായ് നീങ്ങിമന്ദമായ്.

മുനീന്ദ്രൻ 'ചന്ദ്രമാ'നാമൻ
കണ്ടുചോദിച്ചു വിസ്മയാൽ
''എന്തു പററീതനി, ക്കിത്ഥം
സന്താപം ചേർത്തതാരുവാൻ.

നിന്നെ ഞാനറിയും പണ്ടു
ധന്യനായ് ബലശാലിയായ്
ഛിന്നമായ്വെന്തുപോയ് പക്ഷ–
മി, ന്നതിന്നെന്തു ഹേതുവാം.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദീനനനായ് മുനിയോടോതി
ഞാനപ്പോരം ചെയ്തതൊക്കെയും.
"സൂര്യതേജസ്സിനാൽവെന്തേ–
നാര്യ! മൽപ്പക്ഷമീവിധം.

ഈ വിധം ചിറകില്ലാഞ്ഞാൽ
ജീവിക്കുന്നെങ്ങനെ പ്രഭോ!"
ദൂനവാക്കുകരം കേട്ടേവം
മുനിചൊല്ലി ദയാനിധി.

"കേരംക്ക ഞാൻ ചൊല്ലിടും കാര്യം
തക്കപോൽ ചെയ്യുകപ്പുറം.
ദുഃഖത്തിൻ കാരണം ദേഹം
ദേഹമോ കർമ്മജാതമാം.

ജീവൻ ദേഹത്തെ ഞാനെന്നായ്
ഭാവിക്കെക്കർമ്മമേർപ്പെടും
ജഡമാമീയഹങ്കാരം
മായാഭൂതമനാദിയാം.

തപ്തലോഹാഗ്നിപോലാത്മ–
വ്യാപ്തമാമീയഹംകൃതി
ദേഹൈക്യമതിനുണ്ടാകെ
ദേഹം ചൈതന്യമേല്പതാം.

അഹങ്കാരബലാലാത്മാ–
വഹംദേഹാഭിമാനിയാം
തന്മൂലം സംഭവിക്കുന്നു
സംസാരസുഖ ദുഃഖവും.

ആത്മവും ദേഹവും തമ്മിൽ
താദാത്മ്യം മിത്ഥ്യയെങ്കിലും
ദേഹം ഞാൻ, കർമ്മകർത്താ ഞാ,–
നെന്നുകല്പിച്ചുസർവ്വദാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജീവൻ ചെയ്യുന്ന കർമ്മങ്ങൾ
ബന്ധനായത്തു മൂലമായ്
പുണ്യപാപങ്ങളാൽക്കൊണ്ടു
ചുററുന്നു ജഗതീതലെ.

യജ്ഞദാനാദിപുണ്യങ്ങൾ
പലതും ചെയ്തു ഞാനിഹ
സ്വർഗ്ഗസൌഖ്യം ധ്രുവംനേടും
സങ്കല്പിക്കുമിതേവിധം.

സങ്കല്പസ്വർഗ്ഗസൌഖ്യങ്ങൾ
സംഭോഗിച്ചവശം ചിരാൽ
പുണ്യക്ഷയേ പതിച്ചീടും
പ്രാരബ്ധ പ്രേരണാവശാൽ.

ആദ്യമായ് ചന്ദ്രനിൽപ്പിന്നെ
മഞ്ഞിൻതുള്ളികൾ മാർഗ്ഗമായ്
ഭൂമൌപതിച്ചു ധാന്യങ്ങൾ-
ക്കുള്ളിലായ് കഴിയും കുറെ

ഭക്ഷ്യമായ് പിന്നെ ജീവൻെറ
വീര്യമായ് തീർന്നിടും ക്രമാൽ
വീര്യമോ ഋതുവാം സ്ത്രീതൻ
യോനിയിൽക്ഷിപ്തമായിടും.

യോനിരക്തത്തിലുംച്ചേർന്നാ
ശുക്ലം മുട്ടും ജരായുവാൽ
ഒരുനാൾ കൊണ്ടുകട്ടിത്തം
ചേരും കലലമായിടും

പിന്നീടഞ്ചുദിനം കൊണ്ടു
സന്നമാം നരപോലെയാം
പിന്നെരാവേഴചെല്ലുമ്പോൾ
മാംസപിണ്ഡസ്വരൂപമാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രക്തസംസിക്തമാംപിണ്ഡ-
മർദ്ധമാസത്തിനുള്ളിലായ്
അങ്കുരോൽപ്പത്തിയാം പിന്നെ
പഞ്ചവിംശതിനാളുകളിൽ

കഴുത്തും തലയും തോളും
പൃഷ്ഠം പിമ്പുദരംക്രമാൽ
ഓരോന്നായുദയം കൊള്ള-
മൊരുമാസാവധിക്കകം.

പാണിപാദമരക്കെട്ടും
കാൽമുട്ടും പാർശ്വഭാഗവും
ഉണ്ടാകും ക്രമമായ് പിന്നെ
രണ്ടുമാസത്തിനുള്ളിലായ്

മൂന്നുമാസാവസാനത്തിൽ
ചേർന്നിടും സന്ധിബന്ധവും
നാലുമാസത്തിനുള്ളിൽത്താൻ
വിരലെല്ലാം മുളച്ചിടും

കണ്ണുംമൂക്കും നഖം ഗുഹ്യം
കർണ്ണം പല്ലുകളെന്നിവ
അഞ്ചുമാസത്തിനാൽ ദേഹേ
സഞ്ചിതം സാവധാനമായ്

കർണ്ണങ്ങളാക്കാറുമാസത്താൽ
കാണാം ദ്വാരങ്ങളുള്ളതായ്
പായുവും നാഭിയും ലിംഗ-
ഭേദവുംസ്പഷ്ടമപ്പൊഴേ.

ഏഴാം മാസത്തിലാണത്രെ
രോമജാലം ജനിപ്പതും
സ്പഷ്ടമാമെട്ടുമാസത്താൽ
സർവ്വാംഗാവയവങ്ങളും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഈ വിധം വളരും ഗർഭം
സ്ത്രീയിൽ പക്ഷികുലോത്തമ!
അഞ്ചാം മാസത്തിലെത്തുമ്പോൾ
ജീവൻ ചൈതന്യമാർന്നിടും.

മാതൃഭുക്താന്നസാരത്തെ
നാഭിദ്വാരാഗ്രസിച്ചഹൊ
ഗർഭപിണ്ഡം വളർന്നീടും,
സ്വയമേവനശിച്ചിടാ.

ജീവനപ്പോൾ സ്മരിക്കും തൻ
പൂർവ്വജന്മകൃതങ്ങളെ.
സന്തപ്തൻ ജാരച്ചൂടാൽ
ചിന്തിക്കും പിന്നെയീവിധം.

എത്രവട്ടം ജനിച്ചുഞാ-
നെത്രയോഭിന്നയോനിയിൽ
പുത്രദാരാദിബന്ധങ്ങ-
ളെത്രയെത്ര ലഭിച്ചുമെ.

കുടുംബരക്ഷണത്തിന്നായ്
ന്യായം വിട്ടും ധനാർജ്ജനം
ചെയ്തുപോയ്; ചെയ്യതില്ലെന്നാൽ
ദൈവസ്മരണമൊട്ടുമെ.

ഗർഭദുഃഖം ഭുജിക്കുന്നു
ദുർബ്ബുദ്ധഗൻ ഞാനതിൻഫലം
ശാശ്വതം ദേഹമെന്നുള്ള
വിശ്വാസത്താൽ വിമോഹിതൻ.

അകാര്യം മാത്രമേചെയ്തു
സ്വകാര്യം ചെയ്യതില്ല ഞാൻ.
സ്വകർമ്മഫലമാം ദുഃഖം
പലതിപ്പോൾ ഭുജിക്കയാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എന്നാണീനരകം ഗർഭം
തന്നിൽനിന്നകലുന്നു ഞാൻ
ഇനിമേൽ നിത്യമെന്നോണം
വിഷ്ണുവെത്താൻ ഭജിച്ചിടും.

ഈ വിധം ചിന്തയാൽ ജീവൻ
യോനിയന്ത്രോഗ്രപീടിതൻ
ജാതനാമതി ദുഃഖേന
നരകം വിട്ട പാപിപോൽ.

വ്രണത്തിൻ പുറമേ ചാടും
പുഴപോലാണവൻ നില;
പിന്നെ ബാല്യാദികാലത്തിൽ
ചേർന്നിടും പല ദുഃഖവും

യൌവ്വനാവസ്ഥതൊട്ടെത്ര
ദുർവ്വാര ദുരിതങ്ങളാം
സ്വയം നീയനുഭോഗിച്ചോൻ
സർവ്വം വർണ്ണിപ്പതെന്തിനായ്.

ജീവൻ ദേഹോഹമാം ഭാവ-
മേവം ശീലിച്ച യാത്രയിൽ
ഗർഭകാലം മുതല്ക്കോരോ
ദുഃഖങ്ങൾക്കടിപെട്ടുപോം.

പ്രകൃതിക്കപ്പുറം നില്പോ-
ന്നാത്മാവീദേഹമല്ലതാൻ
അതിനാൽ ദേഹമോഹത്തെ
ത്യജിച്ചാത്മജ്ഞനാക നീ.

അവസ്ഥാത്രയനിർമ്മുക്തൻ
സത്യജ്ഞാനാദിലക്ഷണൻ
ശുദ്ധൻ ബുദ്ധൻ സദാശാന്ത-
നാത്മാവെന്നറിയേണ്ടതാം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വ്യാമോഹം സർവ്വവും നീങ്ങി–
ട്ടാത്മജ്ഞാനം ലഭിക്കിലും
പ്രാരബ്ധശക്തിയാൽ ദേഹം
പിന്നെയും നിലനിന്നിടാം.

സുഖദുഃഖങ്ങളജ്ഞാനാൽ
യോഗിക്കില്ലവയൊന്നുമെ
അതിനാലെത്ര കാലം നിൻ
പ്രാരബ്ധം നിലനില്ക്കുമൊ

വളയെസ്സർപ്പമെന്നോണം
വഹിക്കുദേഹമത്രതാൻ.
മറെറാന്നു പറയാമേററം
പററും നിൻെറ ഹിതത്തിനായ്.

ത്രേതായുഗേമഹാവിഷ്ണു
ജാതനാം രാഘവാന്വയെ
രാമനായ്; പിന്നെ കാട്ടിൽപ്പോം
രാവണാന്തം വരുത്തുവാൻ,

ഭാര്യസീതയൊടും ഭ്രാതാ
ലക്ഷ്മണൻ ചേർന്നുമായവൻ.
അങ്ങാവനത്തിലൊററസ്ഥാ–
യൊരുനാരം സീതവാഴ്കവെ

രാവണൻ കള്ളനെപ്പോൽവ–
ന്നവളെക്കൊണ്ടുപോയഹൊ
ലതയിൽക്കാത്തു സൂക്ഷിക്ക–
മെങ്കിലോ ചില വാനരർ,

അവളെത്തേടിവന്നൊരുത്ത–
ടാഴിതി അതിലപ്പൊഴ
ഭവാനും നീയുമായ് ചേരാ–
നിടയുണ്ടാമസംശയം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അവർക്കേകുക നീസീതാ
വിവരങ്ങൾ യഥാർത്ഥമായ്
അന്നേരം തന്നെ നിൻപക്ഷ–
ദ്വന്ദ്വം വീണ്ടും മുളച്ചിടും.

ഇപ്രകാരം മുനിശ്രേഷ്ഠ
വാക്യം താനോർത്തുകാത്തു ഞാൻ.
ഇന്നിതാ കാൺകപക്ഷങ്ങൾ
നന്നായ് വീണ്ടുമുയർന്നതായ്.

നിങ്ങൾക്കുമംഗളം ഞാനോ
പോകുന്നേൻ; സീതയെ ദ്ധ്രുവം
കണ്ടിടും നിങ്ങ,ളും ഭോധി
താണ്ടിടാൻ യത്നമാളുവിൻ

സംസാരാബ്ധിയിതെത്ര വിസ്തൃത, മത്തും
ദുഷ്ടർക്കുചാടികട–
ന്നെത്താം വിഷ്ണുപദത്തി, ലേതുതിരു
നാമത്തെ സ്മരിച്ചാലുടൻ,
ആനാമാത്മകനായ രാമനതുലം പ്രേമിച്ച
ഭക്തോത്തമ–
ന്മാരാം നിങ്ങളശക്തരോ ചെറിയൊരീ
നീരാഴിലംഘിക്കുവാൻ.

സർഗ്ഗം—9

## സമുദ്രലംഘന മന്ത്രണം

പക്ഷിരാജൻ പറന്നപ്പോൾ
ഋക്ഷ പുംഗവരൊക്കെയും
സന്തോഷം കൊണ്ടു തുള്ളിപ്പോയ്
സീതാദർശന കാംക്ഷയാൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആകാശം പോലലംഘ്യോഗ്രം
നക്രചക്രാദി ഭീതിദം
തരംഗത്തള്ളലാൽ ക്ഷുബ്ധം
സമുദ്രം നേർക്കു കാണവെ

എങ്ങനെത്തരണം ചെയ്യാ–
മെന്നു മന്ത്രിക്കയായവർ.
അംഗദൻ ചൊല്ലിനാനപ്പോൾ
''നിങ്ങളോ ബലമുള്ളവർ

പേരെഴും വാനരേന്ദ്രന്മാർ
വീര്യ പൗരുഷ ശാലികൾ
യോഗ്യന്മാർ കടൽ ചാടീടാൻ
രാജകാര്യം നടത്തിടാൻ.

അവനീ വാനരർക്കെല്ലാം
പ്രാണദാതാവ സംശയം
അമ്മട്ട ബലമുള്ളോനെൻ
മുന്നിലായ് വന്നുനില്ക്കണം.

അവനീ വാനരന്മാരെ
വാനരാധീശനെത്തഥാ
രാമനെക്കൂടി രക്ഷിപ്പോ--
നിപ്പതിൽത്തെല്ലു സംശയം.''

യുവരാജോക്തി കേട്ടപ്പോൾ
വീരവാനര സൈനികർ
അന്യോന്യം നോക്കി നോക്കിത്താ
നൊന്നും മിണ്ടാതിരിക്കയായ്.

അംഗദൻ:

എത്ര ദൂരമൊരാൾ ചാടാൻ
ശക്തനെന്നര ചെയ്യുവിൻ
ഓരോരുത്ത, രതിൽപ്പിന്നെ
ചേരും മാർഗ്ഗം നിനച്ചിടാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അതു കേട്ടോതിനാർ താൻ താൻ
ചാടും ദൂരം പ്ലവംഗമർ.
പത്തുതൊട്ടു പരം പത്തു
പത്തുയോജന മട്ടിലായ്.

നൂറിന്നടുത്തു ചാടാമെ-
ന്നൊട്ടക്കം ചൊല്ലി ജാംബവാൻ
''പണ്ടു ഞാൻ, പാദമൊന്നാലെ
വാമനൻ ഭൂമി മൂടവെ,

തിരുപാദം വലം വച്ചേ-
നിരുപത്തൊന്നു വട്ടമായ്
എന്നാലീ കടൽ ചാടാനാ-
യിന്നാകാ വൃദ്ധനാകയാൽ.''

എന്നോതെച്ചൊല്ലിനാൻ ബാലി-
നന്ദനൻ ''ഞാൻ കടന്നിടാം
എന്നാലിക്കര പററാനാ-
യെന്നാലാവതു സംശയം.''

ജാംബവാൻ ചൊല്ലിനാനപ്പോൾ
''സമർത്ഥൻ തന്നെയെങ്കിലും
രാജാവാം നീ നിയന്താവാം
യോജിക്കാനിന്നിലിപ്പണി.''

അംഗദൻ:

ഇമ്മട്ടിൽക്കാര്യമായാലൊ
മുൻമട്ടിൽത്താൻ കിടക്കനാം.
കാര്യമാരും നടത്താഞ്ഞാൽ
മരിക്കാൻ കാത്തിരുന്നിടാം.

അവനോടോതിനാൻ വീരൻ
ജാംബവാൻ ''വേണ്ടതേ ഭയം
ശക്തനാരിതു സാധിപ്പാൻ
വ്യക്തമായ് ബോദ്ധ്യമാക്കിടാം.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഏവം ചൊല്ലി ഹനുമാനോ–
ടാവും മട്ടോതി ജാംബവാൻ.
''മൂക്കിൽ മിണ്ടാതിരിപ്പെന്തേ
നോക്കാതെ കാര്യ ഗൗരവം.

സാക്ഷാൽ വായുസുതൻ നീയോ
വായുതുല്യ പരാക്രമി
ഇത്തവ്വിൽക്കാണണം നിന്റെ
ശക്തി സാമർത്ഥ്യമൊക്കെയും.

രാമകാര്യാർത്ഥമായ് തന്നെ
ജനിച്ചോൻ നീ മരുത്സുതൻ
ജനിച്ച മാത്രയിൽത്താൻ നീ
ദിനേശോദയ ദർശനെ

പഴുത്ത പഴമെന്നോർത്തു
പിടിക്കാനൽപ്പതിച്ചവൻ
അഞ്ഞൂറു യോജനപ്പാട–
ങ്ങെത്തവേ വീണു ഭൂമിയിൽ.

വല്ലാത്ത ബലമുള്ളോൻ നീ
വർണ്ണിപ്പാനാർക്കു സാദ്ധ്യമാം
എണീററു രാമകാര്യത്തെ
ചെയ്തു രക്ഷിക്ക ഞങ്ങളെ.''

ശ്രവിച്ചു ജാംബവദ്വാക്യം
ഹനുമാൻ ഹൃഷ്ടനായ് പരം
സിംഹം പോൽ ഗർജ്ജനം ചെയ്യാൻ
ബ്രഹ്മാണ്ഡമിളകും പടി.

വാമനൻ വീണ്ടുമെത്തും പോൽ
വളർന്നാൻ പർവ്വതോപമം.
''ലംഘിച്ചബ്ധിയെ ഞാനിപ്പോഴ്
ലങ്കയെ ഭസ്മമാക്കിയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദശഗ്രീവവധം ചെയ്തും
സീതയെക്കൊണ്ടുവന്നിടും:
അഥവാ ദശവക്ത്രന്റെ
കഴുത്തിൽക്കയറിട്ടു ഞാൻ

ലങ്കയാകെയിടം കയ്യിൽ
ഭേസിരാമങ്കൽ വെച്ചിടും.
ഞാനിതാ പോയിടുന്നിപ്പോരം
ജാനകീ ദർശനത്തിനായ്.''

ശ്രവിച്ച ഹനുമദ്വാക്യം
ജാംബവാനോതിയിങ്ങനെ
''ജീവിക്കും സീതയെക്കണ്ടു
ഭവ്യനായ് നീ മടങ്ങുക.

പിന്നീടും പൌരുഷം കാട്ടാം
രാമനൊന്നിച്ചുപോകവെ
എങ്ങും നിൻവായുമാർഗ്ഗത്തിൽ
മംഗളം വന്നുചേർന്നിടും.

രാമകാര്യാർത്ഥമാം പോക്കിൽ
വായുവും പിന്തുണച്ചിടും.''
ആശീർവ്വാദമതും കേട്ടു
ഹനുമാൻ യാത്രചൊല്ലിയും,

മഹേന്ദ്രഗിരിമേൽ കേറി
മഹാനത്ഭുതരൂപനായ്

സുവർണ്ണവർണ്ണോജ്ജ്വലഭാനുശോഭം
മുഖം, മഹാമേരുസമം ശരീരം,
ഫണീന്ദ്രസങ്കാശ ഭുജങ്ങളോടും
ഭാസിച്ചുകാണായ് ഹനുമാൻ മഹാത്മാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# സുന്ദരകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# സർഗ്ഗവിവരം

1. ഹനുമാൻ സമുദ്രംകടന്നു് ലങ്കയിൽ.

2. സീതാദർശനം.

3. സീതാമാരുതി സംവാദം—വനധ്വംസനം

4. രാവണോപദേശം–ലങ്കാദഹനം.

5. ഹനുമാന്റെ മടക്കയാത്ര.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—1

# ഹനുമാൻ സമുദ്രം കടന്ന് ലങ്കയിൽ

രാമനാം പരമാത്മാവെ
സ്മരിച്ചാനന്ദപൂർണ്ണനായ്
നൂറുയോജനവിസ്തീർണ്ണം
സമുദ്രം മകരാലയം,

ചാടുവാൻ മതിരുമിം ധാൻ
ഹനുമാനോതിയിങ്ങനെ.
''കണ്ടാലും വാനരന്മാരെ!
വിണ്ടലേപോകമെൻഗതി.

രാമൻ വിട്ടമഹാബാണ
സമം ഞാൻ പോയിടുന്നിതാ;
ഇന്നുതാൻ സീതയെ, കാണും
ചെന്നു ഞാൻ, രാമപത്നിയെ.

പിന്നെ ഞാനെത്തിടും രാമ
സന്നിധൌ കൃതകൃത്യനായ്.
മരിക്കും നേരമാനാമ–
മൊരിക്കൽപോലുമോർക്കുവോൻ,

ഇപ്രപഞ്ചമഹാംഭോധി–
യ്ക്കപ്പുറം ചെന്നുചേർന്നിടും;
എന്തെനിക്കിന്നസാദ്ധ്യം ഞാൻ
ഹന്തതൻ മുദ്രയേന്തുവോൻ

അവനെഞ്ഞാൻ സ്മരിച്ചേററം
തുച്ഛമീകടൽ ചാടുവേൻ.''
ഈവിധം ഹനുമാൻചൊല്ലി,
കൈപ്പരത്തി, നിവർത്തിവാൽ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കഴുത്തും കാല്ക്കളും തന്റെ
കഴിവൊത്തു ചുരുക്കിയും
മേല്പ്പോട്ടുദൃഷ്ടിയായ് ചാടീ
തെക്കോട്ടനിലവേഗവാൻ.

വായുമാർഗ്ഗേണവേഗത്തിൽ
പായുമാവായുപുത്രനെ
വാനോർകണ്ടു: പരീക്ഷിക്കാൻ
വാനരൻ തന്റെ പാടവം,

തമ്മിലന്യോന്യമീ മട്ടി—
ലമ്മഹാത്മാക്കളോതിനാർ.
''വായുവേഗേനപോകുന്നു
വാനരൻ ബലവാനിവൻ.

ലങ്കയിൽ കേറുവാൻതക്ക
ചങ്കുററമിവനൊക്കമൊ
നോക്കനോക്കണെ''മെന്നേററം
കൌതുകം പൂണ്ടുദേവകരം,

സുരസാനാമമാർന്നുള്ള
നാഗമാതാവൊടോതിനാർ
''പോയിനീ വാനരേന്ദ്രന്റെ
പോക്കിൽ വിഘ്നം വരുത്തുക.

അവന്റെ ബലവീര്യങ്ങരം
കണ്ടറിഞ്ഞെത്തുകിങ്ങുടൻ.''
അവളോചൊന്നപോൽ ശീഘ്രം
പോയാരം വിഘ്നമണസ്സുവാൻ.

മാർഗ്ഗം തടഞ്ഞുമുന്നിൽത്താൻ
നിന്നോതികപിയോടവരം.
''വന്നാലുമുടനെൻ വായിൽ
ചേർന്നാലും നീ മഹാമതെ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിശന്നുവലയുന്നെൻെറ
തീററനീ ദൈവകല്പിതം.''
ഹനുമാൻ ചൊല്ലി ''മാതാവെ!
രാമൻ കല്പിച്ചയച്ച ഞാൻ

പോകുന്നേൻ സീതയെക്കാൺമാൻ
വേഗം തിരികെവന്നിടാം.
ജാനകീകുശലം രാമ-
ന്നേകി, നിൻവായിലേറിടാം

വഴിമാറിത്തരുവേഗം
വഴിപോൽ ക്ഷുപ്പിട്ടന്നിതാ.''
അവളോ മറുവാക്കോതി
''വിശന്നുവലയുന്നു ഞാൻ

ഒന്നുവായിൽക്കടന്നിങ്ങു
പോന്നാലും; തിന്നുമന്യഥാ.''
''എന്നാൽ തുറക്കവായ് വേഗ-''
മെന്നായ് കപിയുമപ്പൊഴെ.

വായിൽക്കടന്നുടൻ പോകാം
ലങ്കയ്ക്കെന്നോതിവാനരൻ
തന്നു, യോജനവിസ്താരം
വന്നുമാറാക്കിനിന്നതെ.

അതുകണ്ടഞ്ചിരട്ടിച്ചു
തരസാ സുരസാമുഖം.
ഹനുമാൻ സ്വവപുസ്സപ്പോൾ
വളർത്തീ പത്തുയോജന.

പിന്നെയോ സുരസാവക്ത്രം
രണ്ടുപത്തായിയോജന;
തന്നുമുപ്പതിരട്ടിച്ചു
ഹനുമാൻ തൂകിപുഞ്ചിരി;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അപ്പോളമ്പതിരട്ടിച്ചു
കാട്ടീ സുരസതൻമുഖം.
അംഗുഷ്ഠപ്രായനായ്, കീശ
പുംഗവൻ തൽക്ഷണം മഹാൻ.

എന്നിട്ടാവായ്ത്തുറസ്സേറി
പിന്നെച്ചാടി പുറത്തവൻ.
''നമസ്തേദേവി! ഞാൻചെയ്യേൻ
സമസ്തം നിൻേറ ചൊല്പടി.''

ഈ വിധംചൊല്ലിനാ, നപ്പോ-
ളോതിനാരം സുരസാമുദാ.
"പോയാലും രാമകാര്യത്തെ
സാധിച്ചാലും മഹാമതെ!

ദേവന്മാർ നിൻബലം നോക്കാൻ
പ്രേരിപ്പിച്ചിഹവന്നു ഞാൻ
പൊയ്ക്കൊാംക, സീതയെക്കണ്ടു
വീണ്ടും രാമങ്കലെത്തിടാം.''

ഏവം പറഞ്ഞുടൻപോയാരം
ദേവലോകത്തിലേയ്ക്കവരം.
ഹനുമാൻ പോകയായ് പിന്നെ
വാനത്തിൽഗ്ഗരുഡോപമം.

മണികാഞ്ചനപൂർണ്ണാഭം
മൈനാകംതന്നൊടംബുധി
അപ്പൊളോതി"മഹാശക്തൻ
ഹനുമാൻ പോയിടുന്നിതാ.

രാമകാര്യം നടത്താൻപോ-
മവന്നേകുകസേവനം.
പണ്ടേന്നോ സഗരന്മാരാ-
ലുണ്ടായ് ഞാൻ സാഗരാധിപൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തദ്വംശത്തിൽജ്ജനിച്ചോനാം
രാമൻ ദാശരഥിപ്രഭു
അവൻെറ കാര്യസിദ്ധിക്കായ്
പോകുന്നോനീ മഹാകപി.

അവനോ വിശ്രമിച്ചോട്ടെ
ഭവാനിൽ, പ്പൊങ്ങിനിൽക്കുക.''
''അങ്ങനെത്തന്നെ''യെന്നുച്ച-
ശൃംഗൻ മേല്പോട്ടു പൊങ്ങിനാൻ.

മണിഭൂഷണ ശൃംഗാഗ്രേ
മാനുഷാകൃതി പൂണ്ടവൻ
പോകും മാരുതിയോടോതി
''മൈനാകം ഞാൻ മഹാകപെ.

സമുദ്രം ചൊൽകയാൽ വന്നേൻ
തവ വിശ്രമമേകുവാൻ.
അമൃതോപമമീ പക്വ
ഫലമല്പം ഭുജിച്ചിടാം.

വിശ്രമം തെല്ലു കൈക്കൊണ്ടു
വീണ്ടുമേ പോക സൗഖ്യമായ്.''
ഇപ്രകാരം ക്ഷണിച്ചോനോ-
ടപ്പൊഴോതി മരുൽസുതൻ.

''ഭക്ഷണം സാദ്ധ്യമല്ലേതു-
മിക്ഷണം പോയിടേണ്ടതാം.
രാമകാര്യാർത്ഥമാം പോക്കിൽ
താമസം വയ്യ വിശ്രമാൽ.''

എന്നോതി കൈകളാലഗ്രം
തലോടി കപിയാത്രയായ്.
ഇടയ്ക്കാ വാനരച്ഛായ
ഛായാഗ്രാഹിണി കയ്യിലായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സിംഹികപ്പേരൊടാളേലാരാ
സദാസാഗര സംസ്ഥിതാ
വ്യോമചാരികളെത്തിന്മോറം
ഛരായാകർഷണ വിദ്യയാൽ.

അവരം തൻ പിടിയിൽപ്പെട്ട
ഹനുമാൻ ചിന്ത ചെയ്കയായ്
''എവനെന്നെത്തടുത്തിത്ഥം
ഗതിവിഘ്നം വരുത്തിയോരം.

ആരെയും കാൺമതില്ലെങ്ങു-
മാശ്ചര്യമുയരുന്നുമെ.''
എന്നു ചിന്തിച്ചു കീഴ്പ്പോട്ടാ-
യൊന്നു നോക്കി മഹാകപി.

അങ്ങു കണ്ടു കരാളോഗ്ര-
സിംഹികാ രൂപ, മക്ഷണം
ചൊടിച്ചു; കടലിൽച്ചാടീ-
ട്ടിടിച്ചു; ചത്തിതായവരം.

പിന്നെപ്പൊങ്ങിപ്പുറം ചാടി
തെക്കോട്ടേ യാത്രയായ് കപി.
ചെന്നെത്തി പുനരാതെക്കെ
തീരത്തിൽ, ദ്രുമ ശോഭിതം,

പല പക്ഷി മൃഗം നാനാ
ഫലപുഷ്പം നിറഞ്ഞിടം;
അങ്ങു കണ്ടു ത്രികൂടാദ്രി
തന്മേലായ് ലങ്കയാം പുരി.

മതിലും കോട്ടയും പുററു-
മതിരററായുധങ്ങളും
ഇതിലുണ്ടെങ്ങനെ ചെല്ലാ-
മിതി ചിന്തിച്ചു വാനരൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാവണൻ കാക്കുമീ ലങ്ക
രാത്രിയിൽച്ചെന്നു കേറിടാം
സൂക്ഷ്മദേഹം ധരിച്ചെന്നും
നിശ്ചയിച്ചങ്ങിരുന്നതെ.

ഇരവിൽ സൂക്ഷ്മ രൂപേണ
നഗര ദ്വാരമെത്തിനാൻ
അവിടെക്കണ്ടു ലങ്കാശ്രീ
രാക്ഷസീ വേഷമാർന്നതായ്.

അവളാ കപിയെക്കണ്ടി-
ട്ടവഹേളിച്ചിതങ്ങനെ.
"നീയാർ മർക്കട! പോകുന്നു
മാനിയാതെന്നെയേതുമേ.

കള്ളനെപ്പോലെ നീരാവി-
ലുള്ളിലെന്തിനു പോവതും."
കോപത്താൽ കൺചുവന്നേവം
ചോദിച്ചൊന്നു ചവിട്ടിനാൾ.

ഇടത്തേ മുഷ്ടി കൊണ്ടപ്പോൾ
കൊടുത്താനിടി വാനരൻ.
അവളോ ചോര തുപ്പിക്കൊ-
ണ്ടവശം വീണിതൂഴിയിൽ.

എഴുന്നേറ്റോതിനാൾ പിന്നെ
ബലവാൻ ഹനുമാനൊടായ്
"മംഗളം തവനിഷ്പാപ!
പോക, ലങ്ക ജയിച്ചു നീ.

പണ്ടെന്നോടോതിനാൻ ബ്രഹ്മാ-
"വഷ്ടാവിംശതി പര്യയെ
ത്രേതായുഗേ മഹാവിഷ്ണു
ജാതനാം ഭാസ്കരാന്വയേ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമനായ്, രമയോ സീതാ
ദേവിയായ് ജനകാനപയേ,
ഭൂഭാരം തീർക്കുവാനെന്നാൽ
പ്രാർത്ഥറിക്കപ്പെട്ട മൂലമായ്.

രാമൻ സഭാര്യനായ് പോകും
ഭ്രാതാവൊത്തു മഹാവനേ.
അവിടെ സ്സീതയെക്കക്കും
രാവണൻ രാമപത്നിയെ.

പിന്നെ രാമൻെറ സാഹായ്യം
സുഗ്രീവന്നു ലഭിച്ചിടും
അവനോ സീതയെത്തേടാൻ
പ്ലവംഗർക്കാജ്ഞ നൽകിടും.

ഒരുത്തൻ രാത്രിയിൽ കീശൻ
കരുത്തൻ നിങ്കലെത്തിടും
എതിർത്തു ചൊൽകയാൽ നിന്നെ
തകർക്കും മുഷ്ടിയാലവൻ.

അവൻെറ മുഷ്ടിയേററപ്പോഠം
ഭുവി നീ വീണു പോവതോ
രാവണനന്തമപ്പോഴെ
കൈവന്നെന്നോർത്തു കൊള്ളുക.''

ആകയാൽ ലങ്ക നീവെന്നു,
ജയിച്ചു സർവ്വവും സ്വയം.
പോയിനി ക്കാൺകൊരുദ്യാനം
രാവണാന്തഃപ്പുരാന്തികെ.

തന്മദ്ധ്യേ ദിവ്യ വൃക്ഷങ്ങഠം
തിങ്ങിടുന്നൊരു വാടിക;
''അശോക''പ്പേരതിൻ മദ്ധ്യേ
നിൽപ്പൂ ശിംശപ വൃക്ഷവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാക്ഷസീ രക്ഷയിൻ കീഴിൽ
സീതയുണ്ടങ്ങിരിപ്പതെ
അവളെക്കണ്ടു വേഗത്തിൽ
വിവരം രാമനേകുക.

സംസാരമുക്തികരുതകുന്ന രാഘവ
സ്മൃതിക്കെനിക്കിന്നു തരം ലഭിച്ചതെ.
തൽഭക്ത സംഗത്തിനു, മത്ര ദുർല്ലഭം;
പ്രസന്നനാകട്ടെ ഹൃദിസ്ഥനാമവൻ.''

കാററിൻ മകൻ വാരിധി ചാടിയപ്പോ-
ളിടത്തുകൺ കൈകരം വിറച്ചു പോയി
സീതയ്ക്കു് ലങ്കാപതി രാവണന്നും;
ജിതേന്ദ്രിയൻ രാമനു ദക്ഷിണാംഗം.

സർഗ്ഗം—2

## സീതാ ദർശനം

പിന്നെലങ്കാപുരം പുക്കാൻ
ഹനുമാൻ സൂക്ഷ്മരൂപനായ്;
രമ്യമാം നഗരം സർവ്വം
ചുററിനാൻ രാത്രിവേളയിൽ.

രാജമന്ദിരവും ചെന്നു
കേറിനാൻ കപിപുംഗവൻ.
അങ്ങെല്ലാം സീതയെത്തേടി
കാൺമാനൊത്തില്ലൊരേടവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അപ്പോളോർമ്മിച്ചു ലങ്കാശ്രീ
കോറപ്പിച്ചവിവരങ്ങളെ
ക്ഷിപ്രം നടന്നശോകാഖ്യ
പുഷ്പവാടിയിലെത്തിനാൻ.

രത്നപ്പടവെഴുംവാപി,
കല്പവൃക്ഷസമൂഹവും,
നാനാപക്ഷിമൃഗവ്രാതം,
നാനാപൊന്മയമേടകറം,

ഫലഭാരാൽ കുനിഞ്ഞുള്ള
പലവൃക്ഷഗണങ്ങളും
തിങ്ങുമാവാടിയിൽത്തേടി
യെങ്ങുമേ മംഗലാംഗിയെ.

നൂറുനൂറുമണിസ്തംഭം
ചേരുമുത്തമരീതിയിൽ
ചാരുചൈത്യമുയർന്നൊന്നു
മാരുതികക്ഷിലക്ഷ്യമായ്.

വിസ്മയം പൂണ്ടതിൻനേരെ
സ്വല്പദൂരം ഗമിക്കവെ
തണലേകിത്തിളങ്ങീടും
'ശിംശപം' കണ്ടുമാരുതി,

പക്ഷിവൃന്ദം നിറഞ്ഞും വൻ
പച്ചിലച്ചാർത്തണിഞ്ഞുമെ;
വൃക്ഷമൂലേസ്ഥിതാസീതാ
രക്ഷോനാരികറം ചുററുമായ്,

വീരനാം ഹനുമാൻകണ്ടി-
തേതോദേവതപോലവെ,
ദീനയായ്കൃശയായേക-
വേണിയായ് ജീർണ്ണവസ്ത്രയായ്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭൂമിയിൽ ശയനംചെയ്തും
രാമനാമംജപിച്ചുമെ,
ഭക്ഷണംവിട്ടുനോൽമ്പേററും
രക്ഷകാണാതുഴന്നുമെ.

മരത്തിൻ പച്ചിലക്കൂട്ടം
മറവായ് നിന്നുമാരുതി
ജാനകീദേവിയെക്കണ്ടു
ജാതമോദാൽ കൃതാർത്ഥനായ്;

താനേസാധിച്ചു രാമൻെറ
കാര്യമെന്നും നിനച്ചുപോയ്.
കൊട്ടാരപ്പുറമേയ്ക്കപ്പോൾ
കേട്ടാൻ കിലകിലാരവം.

എന്തിതെന്നാത്ഭുതത്തോടെ
മറവിൽത്തങ്ങിനോക്കവെ
രാവണൻ നാരിമാരൊത്തു
വരവാണെന്നു കാൺകയായ്.

പത്തുകൈയിരുഭാഗത്തും,
പത്തുവക്ത്രം, ബൃഹത്തനു,
അഞ്ജനക്കുന്നുപോൽകണ്ടാ-
നഞ്ജനാസൂനു വിസ്മയാൽ.

നിത്യവും രാവണൻ രാമ-
ചിത്തനായ്ത്താനിരുന്നുപോൽ.
''എങ്ങനേ രാമബാണത്താ-
ലിങ്ങെനിക്കുവരും മൃതി

സീതയെത്തേടുവാൻ പോലും
രാഘവൻ വന്നിടായ്കിലോ.''
ഇത്രകാണവനന്നാർദ്ധ-
രാത്രിയിൽ സ്വപ്നമീവിധം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വരും രാമന്റെ സന്ദേശം
വഹിപ്പോനൊരുവാനരൻ
വൃക്ഷം മറഞ്ഞുനോക്കീടും
സൂക്ഷ്മരൂപം ധരിച്ചവൻ.''

സ്വപ്നാന്തേ രാവണൻ ചിന്താ-
മഗ്നനായ് നിശ്ചയിച്ചിദം.
''ചിലപ്പോഠം ശരിയായ് സ്വപ്നം
ഫലിക്കാ; മൊന്നുനോക്കിടാം.

വൈദേഹിയെ വലയ്ക്കും ഞാൻ
വല്ലാതേ വാക്ശരങ്ങളാൽ
കണ്ടോട്ടേ, ചെന്നുചൊല്ലട്ടേ
രാമനോടത്തു വാനരൻ.''

ഏവമോർത്തുടനേ സീതാ
സവിധം ചെല്ലയായവൻ.
കിങ്ങിണീതളതൻ ക്വാണ-
മംഗനാമണി കേട്ടതെ.

ഭീതയായ് സീതസുശ്രോണി
തന്നിൽത്താനേ ചുളിഞ്ഞുപോയ്;
കണ്ണീർവാർത്തു മുഖംതാഴ്ത്തി
ക്ലാന്തയായ് കാന്തചിന്തയാൽ

ജാനകീ നിലകണ്ടോതി
രാവണൻ ''രമണീമണെ!
എന്തേ നീചുളിയാനിത്ഥം
ഹന്തമദ്ഭൃ പദർശനെ.

രാമൻ സാനുജനായ് വാഴ്വൂ
വനചാരികഠം കൂടവെ.
കണ്ടേയ്ക്കാം പക്ഷെവല്ലപ്പോഠം
കണ്ടിടാ പലകാലവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഞാനാട്ടേ, പലരെക്കൊണ്ടു—
മവനെത്തേടിനോക്കിനേൻ
കണ്ടെത്താനാർക്കുമൊത്തില്ലാ
വേണ്ടപോലെ ശ്രമിക്കിലും

നിയതം ചേർന്നിരുന്നാലും
നിന്നാലാശ്ലേഷമേല്ക്കിലും
നിഷ്കാമൻ രാമ; നെഞ്ഞൊന്നു
നീനേടുമവനോടഹോ.

രാമൻെറ ഹൃദയേ നിന്നിൽ
പ്രേമം കാൺമീലതെല്ലുമെ;
ഭോക്താവിൻ ഭാവമില്ലാത്തോൻ
കൃതഘ്നൻ നിർഗ്ഗുണോധമൻ,

നിസ്സ്നേഹൻ ചെയ്‌വതില്ലൊന്നു—
മനേഷിക്കുന്നുമില്ലവൻ.
നിന്നെ ഞാൻകൊണ്ടുപോന്നല്ലൊ
ഖിന്നായായ് കഴിയുന്നു നീ.

എന്നിട്ടും വന്നുകാണാത്തോ—
നിന്നോളം, ഭക്തിശൂന്യനാം,
നിസ്സത്വൻ നിർമ്മമൻ മാനി
മൂഢൻ പണ്ഡിതമാനവൻ.

നരാധമന്നു വൈരാഗ്യം
നിന്നിൽ, നീയെന്തുചെയ്യിടും!
ശക്തൻ ഞാൻ രാക്ഷസശ്രേഷ്ഠൻ
സക്തൻ നിന്നിൽ, ഭജിക്കമൊം.

യക്ഷകിന്നരഗന്ധർവ്വ
ദേവനാഗകുമാരികൾ
നിന്നാജ്ഞാകരരാമെന്നെ
തമ്പി! നീ സ്വീകരിക്കുകിൽ''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാവണോക്തികൾ കേട്ടപ്പോൾ
ഭാവംമാറി കൃശാംഗന
തലയും താഴ്ത്തി തൻമുന്നിൽ
പുല്ലൊന്നിട്ടേവമോതിനാൾ.

''രാമനിൽ ബ്ഭയമാർന്നല്ലെ
മുനിവേഷം ധരിച്ചു നീ
പട്ടിഹവ്യം കണക്കെന്നെ
കട്ടു രാഘവർ പോകവെ.

കട്ടുപോയെന്നെനീ നീച!
കിട്ടിടും ഫലമിങ്ങുടൻ.
നീറിടും രാമബാണങ്ങൾ
കീറിനീ മൃതനായിടും

ശരമെയ്തബ്ധിവററിച്ചോ
ശൂരൻ വൻചിറ കെട്ടിയോ
വന്നുനിന്നെ ഹനിക്കുമ്പോൾ
തോന്നും ''രാമനമാനുഷൻ.''

കൊന്നിടാൻ നിന്നെ യുദ്ധത്തിൽ
വന്നിടും രാമലക്ഷ്മണർ;
വേണ്ടാ നീ സംശയിക്കേണ്ടാ
കണ്ടാലും രാഘവസാധമ!

നിന്നെപ്പുത്രബലത്തോടും
കൊന്നെന്നെക്കൊണ്ടുപോയിടും.''
ജാനകീ വചനം പാരം
പരുഷം കേട്ട രാവണൻ,

ക്രോധത്താൽ കൺചുവന്നേററം
കലിതുള്ളിപ്രതാപവാൻ
സത്വരം വാളെടുത്തോങ്ങി
സീതയെസ്സംഹരിക്കുവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മണ്ഡോദരിതട്ടത്തോതി
പതിയോടുപതിവ്രത.
''ത്യജിക്കീമാനുഷ സ്ത്രീയെ
ക്ഷീണാദുഃഖിതദീനയെ.

ദേവഗന്ധർവ്വനാഗസ്ത്രീ
രത്നങ്ങളും മദമത്തകരും
എത്രപേരുററുനോക്കുന്നു-
ണ്ടത്രനിന്നെ വരിക്കുവാൻ.

അപ്പൊഴോതി ദശഗ്രീവൻ
കർബ്ബുരസ്ത്രീജനത്തൊടായ്
''എപ്പടിക്കെൻ വശത്താകും
സപ്രേമം സീതയാവിധം

ദാനദണ്ഡാദ്യുപായത്താ-
ലേനം പോൽ പണി ചെയ്യുവിൻ.

രണ്ടു മാസത്തിനുള്ളിൽ ത്താ-
നിണ്ടലററവളെൻ വശം
വന്നു ചേർന്നാൽ ഭുജിച്ചീടാം
രാജ്യ ഭോഗങ്ങളൊക്കെയും

മാസദ്വയം കഴിഞ്ഞിട്ടു-
മെൻശയ്യ നിരസിക്കിലൊ
ഇവളെക്കൊന്നു ഞാനെൻെറ
പ്രാതലുണിന്നൊരുക്കിടും.''

ഇത്രയും രാവണൻ ചൊല്ലി
യാത്രയായ് സ്ത്രീസമേതനായ്
രാക്ഷസീ വർഗ്ഗമോ, സീതാ-
തർജ്ജനാർത്ഥം മുതിർന്നുതെ.

ചൊന്നാളൊരുത്തി ''സീതേ നീ
യൗവ്വനം പാഴിലാക്കയൊ
രാവണച്ചേർച്ചയാൽ തന്നെ
പാവനം ഫലമേൽക്കൈടൊ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഓതിനാളന്യ കോപേന
,,വൈകിടാനെന്തു ജാനകി
വേർപെടുത്തും തവാംഗങ്ങരം
വാളാൽ വെട്ടിമുറിച്ചു ഞാൻ.''

മറെറാരുത്തി ഭയം നൽകാൻ
പററും മട്ടോങ്ങി വാളുടൻ.
വായ് പൊളിച്ചന്യ ഞെട്ടിച്ചു
വികൃതം മുഖമാണ്ടവരം.

ക്രൂരമീ ധർഷണം ചെയ്യും
കരാളമുഖിമാർകളെ
തടുത്തു ചൊല്ലിനാളേവം
ത്രിജടാ വൃദ്ധരാക്ഷസി.

കേട്ടാലും മമ വാക്യങ്ങരം
ദുഷ്ടരേ! നമ്മ കൈവരും.

കേണിടും സീതയേ നിങ്ങരം
ദ്വേഷിക്കായ്ക, വണങ്ങുക.
സ്വപ്നത്തിൽ കണ്ടു ഞാനിപ്പോരം,
രാമൻ രാജീവ ലോചനൻ,

ശുഭ്രമൈരാവതം കേറി
തൻ ഭ്രാതാവൊത്തു വന്നതായ്,
ലങ്കചുട്ടു കടും പോരിൽ
ലങ്കേശത്തല കൊയ്യതായ്,

സീതയേ മടിയിൽ വച്ചു
മല മോളിലിരിപ്പതായ്,
രാവണൻ സകലം തൈല-
ലേപനൻ മുണ്ഡമാലിയായ്,

നഗ്നനായ് ചാണകക്കുണ്ടിൽ
മഗ്നനായ് വലയുന്നതായ്,
വിഭീഷണൻ സസന്തോഷം
രാമന്നരികിൽ നിൽപുമായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമപാദം ഭജിച്ചും തൽ
സേവനാ പരനായ് സദാ.
രാമൻ രാവണനെക്കൂടെ
കുലമൊക്കെ മുടിച്ചുടൻ

വിഭീഷണന്നു രാജത്വം
നൽകിസ്സുമുഖി സീതയെ
അങ്കത്തിൽ ചേർത്തു തൻ രാജ്യം
ശങ്കാപേതം ഗമിച്ചിടും.''

ത്രിജടാ വചനം കേട്ടു
രാക്ഷസസ്ത്രീകൾ ഭീതരായ്
അങ്ങിങ്ങിരുന്നു മൗനത്തോ–
ടങ്ങനെത്താനുറക്കമായ്.

രാക്ഷസീതർജ്ജനം മൂലം
സീതയോ ഭീതയായ് പരം
രക്ഷിപ്പോൻ വന്നു കാണാതെ
ദുഃഖിച്ചു, വീണു മൂർച്ഛയിൽ.

കണ്ണിൽ കണ്ണീർ നിറഞ്ഞേവം
ചിന്തിച്ചാളവളപ്പുറം.
''പ്രഭാതേ രാക്ഷസീ വർഗ്ഗ
മെന്നെത്തിന്നുമ സംശയം.
ഇപ്പൊഴേ ചത്തിടാൻ വേറെ
വഴിയെന്തു സഹായമായ്.''

മരിക്കുവാൻ മററു വിധേനമാർഗ്ഗം
കാണാഞ്ഞു കല്യാണി കരഞ്ഞു പാരം
അത്യാർത്തയായത്തരു ശാഖയിന്മേൽ
കൈവച്ചുകൊണ്ടങ്ങനെ നിന്നുപോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—3

# സീതാ മാരുതി സംവാദം-
# വനദ്ധ്വംസനം

''രാമനെൻ കൂടെയില്ലാതീ
രാക്ഷസീ മദ്ധ്യ ജീവിതം
വ്യർത്ഥമാം വ്യഥയാം, തൂങ്ങി-
ച്ചത്തിടാമതു താൻ ചിതം.

നീണ്ടൊരീ വേണി തൂങ്ങീടാൻ
വേണ്ടോളം മതിയാകുമെ.''
ഏവം ചാവാനുറച്ചോരാ
ദേവിയെക്കണ്ടു മാരുതി

പാകം പോലോതിനാൻ സൂക്ഷ്മ-
രൂപനായ് ചില വാർത്തകൾ,
ജാനകിക്കവ കേൾക്കുമ്പോ-
ളാനന്ദമുളവാം പടി.

''ഇക്ഷ്വാകുവംശ സംഭൃതൻ
രാജാദശരഥൻ മഹാൻ
അയോദ്ധ്യാപതി, തൽപ്പുത്രർ
നാലുപേർ ലോകവിശ്രുതർ,

സർവ്വലക്ഷണ സമ്പന്നർ
സുരോപമ സുശോഭിതർ,
രാമലക്ഷ്മണ ശത്രുഘ്ന-
ഭരതപ്പേരെഴുന്നവർ.

ജ്യേഷ്ഠൻ രാമൻ വനം പൂകി
താത വാക്യാനുവർത്തിയായ്
ഭാര്യസീതയൊടും ഭ്രാതാ
ലക്ഷ്മണൻ താനുമൊത്തവൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പഞ്ചവട്യാശ്രമേ വാണാൻ
ഗൗതമിക്കരയിൽ പ്രഭു
അവിടെ സ്സീതയെക്കട്ടു,
രാവണൻ ദുഷ്ട മാനസൻ,

സൗഭാഗ്യവതിയെ, ധീമാൻ
രാമനില്ലാത്തവസ്ഥയിൽ.
ജാനകീ ദേവിയെത്തേടി
രാമൻ ദുഃഖിച്ചു നീങ്ങവെ,

കണ്ടാൻ വീണു കിടക്കുന്ന
പക്ഷിരാജൻ ജടായുവെ.
ക്ഷിപ്രം മോക്ഷമവന്നേകി
ഋശ്യ മൂകത്തിലെത്തിനാൻ.

രാമനാം പരമാത്മാവിൽ
സഖ്യം സുഗ്രീവനേററതെ.
തൽബ്ഭാര്യാഹാരിയാം ബാലി
തന്നെ കൊന്നഥ രാഘവൻ,

സുഗ്രീവന്നേകി രാജത്വം
മിത്രകാര്യം നടത്തിനാൻ.
വാനരപ്രഭു സുഗ്രീവൻ
വരുത്തീ വാനരപ്പട.

സർവ്വത്ര സീതയെത്തേടാ-
നവരെച്ചൊല്ലി വിട്ടതെ;
അതിൽപ്പെട്ടൊരുവൻ ഞാനോ
സുഗ്രീവ സചിവൻ ഹരി,

സമ്പാതി ചൊൽകയാൽ ശീഘ്രം
സമുദ്രം ശതയോജന
ചാടിക്കടന്നു വന്നിങ്ങു-
മന്വേഷിക്കുന്നു സീതയെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അശോക വനിയിൽത്തേടി
കണ്ടേൻ ശിംശപ വൃക്ഷവും.
ഇവിടെക്കാൺമീതാ ദേവി
മേവുന്നൂ, രാഘവപ്രിയ,

അതിദുഃഖാർത്തയായ്; ഞാനോ
കൃത കൃത്യനു മായഹൊ."
ഏവം ചൊല്ലി മരുത്സൂനു
മൗനം പൂണ്ടു മഹാമതി.

നല്ലൊരീ വാർത്ത കേട്ടപ്പോൾ
നല്ലൊരത്ഭുതമാർന്നുപോയ്
"വാനത്തിലെന്തിതാ കേട്ടു
വായു ശബ്ദിച്ച മാതിരി

സ്വപ്നമോ, ഭ്രമമോ, ശുദ്ധ
സത്യമോ കേട്ട വാർത്തകൾ.
നിർനിദ്രയ്ക്കെങ്ങനെ സ്വപ്നം?
കേട്ടതാം, ഭ്രമമായിടാ.

കാതിമ്പം ചേർത്തിടും വാക്യ—
മോതിയോൻ മമ മുന്നിലായ്
പ്രത്യക്ഷനാകണേ, ഭീമ—
കൃത്യങ്ങൾ നിറവേററിയോൻ.''

ജാനകീ വചനം കേട്ടു
ഹനുമാൻമെല്ലെമെല്ലവെ
മറവിട്ടുപുറംവന്നു
ഹാജരായ് സീതമുന്നിലായ്.

ചടകപ്പക്ഷിപോൽ ദേഹം
ചെമ്പൻ മുഖവുമാർന്നവൻ
മഞ്ഞവർണ്ണൻ മരഞ്ചാടി
നിന്നു കൈക്കൂപ്പി സീതയെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അവനെക്കണ്ടുഭേടിച്ചു
ദേവിയോർത്തിതു രാവണൻ
മായയാകപിരൂപത്തിൽ
വന്നതെന്നായ് മയക്കുവാൻ.

ഏവമോർത്തുമുഖംതാഴ്ത്തി
പാവം മിണ്ടാതിരിക്കയായ്.
അവളോടോതിനാൻ കീശൻ
''ദേവി! ശങ്കിപ്പതെന്തുനീ.

ഏതാനും മററുമല്ലെന്നെ
മാതാവേ! സംശയിക്കൊലാ.
കോസലേശൻെറ, രാമൻെറ
ദാസനെന്നു ധരിക്കമോ.

സുഗ്രീവൻ കപിരാജാവിൻ
സചിവൻ ഞാൻ സുശോഭനെ!
ജഗൽ പ്രാണൻ മഹാവായു-
ഭഗവാൻ മമ താതനാം.''

ഇതുകേട്ടമ്മ കൈക്കൂപ്പി
കപിയോടോതി ജാനകി
''മനുഷ്യർ വാനരന്മാരും
മൈത്രിയിൽച്ചേർന്നതെങ്ങനെ

രാമചന്ദ്രൻെറ ദാസൻ ഞാ-
നീമട്ടോതിയതെന്തുനീ.''
ഹനുമാൻ പ്രീതനായ് ചൊല്ലി
ജാനകീ മുന്നിൽനിന്നവൻ.

''ശബരിച്ചൊല്ലിനാൽ രാമൻ
ഋശ്യമൂകത്തിലെത്തിനാൻ.
രഘുനന്ദനരെക്കണ്ടു
സുഗ്രീവൻ തത്രവാഴവോൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭീതനായെന്നെ വിട്ടാൻ ശ്രീ
രാമചിത്തമറിഞ്ഞിടാൻ.
വടുരൂപത്തിലെത്തീ ഞാ—
നുടൻ രാഘവസന്നിധൌ.

രാമനെ ശുശ്രുദ്ധനായ് കണ്ടി—
ട്ടവരെത്തോളിലേററി ഞാൻ
സുഗ്രീവസവിധംചെന്നു
സഖ്യം ചെയ്യിച്ചുതങ്ങളിൽ.

സുഗ്രീവദയിതാഹാരി
ബാലിയെക്കൊന്നു രാഘവൻ
ഒററമ്പാൽ, പിന്നെ വാഴിച്ചാ—
നിഷ്ടനാം കപിവര്യനെ

രാജാവാ; യവനോവിട്ടാ—
നോജസ്സേറുന്ന വീരരെ
വാനരന്മാരെ, ദിക്കെങ്ങു-
മന്വേഷിക്കാൻ ഭവദ്ഗതി.

പോകുന്നോരെന്നെനോക്കീട്ട
രാഘവൻ ചൊല്ലിസാദരം

"ഇന്നെൻ കാര്യമശേഷം താൻ
നിന്നിലാം മാരുതാത്മജ!
ഞങ്ങൾക്കുകുശലം സർവ്വ—
മെന്നായ് സീതയോടോതുക.

സന്ദേശം സത്യമെന്നോർക്കാൻ
സീതയ്ക്കേകുക സാദരം
എൻപേർമുദ്രയടിച്ചുള്ളീ
വമ്പേറും മുദ്രമോതിരം.''

ഏവംചൊല്ലിയെനിക്കേകി
കയ്യിൽനിന്നൂരിമോതിരം
കാൺകദേവി! പണിപ്പെട്ടു
നിങ്കലെത്തിയതേററി ഞാൻ,''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഈ വിധം ചൊല്ലിദേവിക്കായ്
നല്കിമാരുതി മോതിരം.
കൈകൂപ്പിനിന്നു ദൂരത്തി-
ലല്പം മാറി, നമിച്ചുമെ.

രാമനാമാങ്കിതം മുദ്ര-
മോതിരം കണ്ടു ജാനകി
മാനിച്ചതു ശിരസ്സിൽച്ചേ-
ർത്താനന്ദാശ്രുക്കറം തൂകിനാരം.

''കപി! നീകാത്തിതെൻജീവൻ
നൃപനിൽ ബ്ഭക്തനാണുനീ,
രാമോചിതഹിതം ചെയ്‌വോൻ
ധീമാൻ വിശ്വസ്തനും തഥാ.

അല്പായ്കിലെന്നടുത്തേയ്ക്കു
ചെല്ലാനന്യനൊടോതുമൊ.
വല്ലായ്മകളെനിക്കുള്ള-
തെല്ലാം നീകണ്ടതില്ലയോ.

ചൊന്നാലും രാമനോടെല്ലാ-
മെന്നിൽദ്ദയവ്യദിക്കുവാൻ.
ഇന്നുതൊട്ടിരുമാസം താൻ
നിന്നിടാമെൻെറ ജീവിതം.

വന്നില്ലാ രാമനന്നോള-
മെന്നാൽ ഞാൻ തിന്നുപോയിടും.
അതിനാൽ കപിസാമ്രാജ്യ-
പതിസുഗ്രീവനൊത്തുടൻ

കീശസൈന്യ സമേതം വ-
ന്നാശരേശനെയാഹവെ
സപുത്രം സകലം കൊന്നെൻ
മോചനം രാമനേല്ക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാക്ഷസേശവധാലെൻെറ
രക്ഷനേടും പടിക്കടൻ
രാമൻെറ ബലവീര്യങ്ങൾ
ശ്രീമൻ! വർണ്ണിച്ചുകൊള്ളുക.

പ്രയത്നമാവിധം ചെയ്താ-
ലയത്നം പുണ്യമാർന്നിടും''
ഹനുമാനിതുകേട്ടപ്പോൾ
വിനയം പൂണ്ടുചൊല്ലിനാൻ.

ദേവി! ഞാൻ കണ്ടതെല്ലാമേ
രാഘവന്മാരൊടോതിടാം.
അവരിങ്ങെത്തി സുഗ്രീവ
ബലമൊത്തു ദശാസ്യനെ

കൊന്നു, നിന്നെയയോദ്ധ്യസ്ഥാ-
യന്നുതാൻ കൊണ്ടുപോയിടും.''
സമസ്തം സീതകേട്ടോതി
''അമേയൻ രാമനെങ്കിലും

സമുദ്രം തരണം ചെയ്‌വാൻ
സസൈന്യം സാദ്ധ്യമാവതോ''
ചൊല്ലിനാൻ ഹനുമാ''നെൻെറ
ചുമലിൽക്കേറി രാഘവർ

വന്നിടും; വാനമാർഗ്ഗേണ
വാനരേന്ദ്രൻ സ്വസേനയും
വാരിധിക്കിപ്പുറത്തെത്തി-
ച്ചേരും നിമിഷവേളയിൽ,

രക്ഷോവർഗ്ഗം മുടിക്കാൻ നിൻ
രക്ഷസ്ഥായില്ല സംശയം;
വിടകൊള്ളട്ടെഞാൻ ദേവി!
പിടയുന്നെൻെറ മാനസം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആനരവ്യഘ്രരെക്കണ്ടി–
ങ്ങാനയിപ്പാൻ തവാന്തികെ.
തത്രരാമന്നുവിശ്വാസം
വരാൻ തക്കടയാളവും.

കതുകംപൂണ്ടുഞാൻ ശീഘ്ര–
മതുംകൈക്കൊണ്ടുപോയിടാം.''
എന്നചൊൽകേട്ടവാറല്പ–
മൊന്നുചിന്തിച്ചു ജാനകി

മൌലിയിൽച്ചൂടിടും ചൂഡാ–
മണിമോദേന നല്കിനാൾ.
''ലക്ഷ്മണൻ ചേർന്നരാമന്നി
ലക്ഷണംകൊണ്ടു ബോദ്ധ്യമാം.

മററൊന്നുപറയാം പാരം
പററുന്നോരടയാളമായ്.
പണ്ടേന്നോ ചിത്രകൂടത്തിൽ
രണ്ടാളും ഞങ്ങളിരിക്കവെ
രാമനെൻ മടിയിൽത്തൻെറ
തലയുംവെച്ചുറങ്ങവെ,

വന്നങ്ങുകാകരൂപത്തി–
ലിന്ദ്രപുത്രൻ, നഖങ്ങളാൽ
കൊക്കാലും കൊത്തിവല്ലാതെൻ
കാലിന്മേൽ മാംസമോഹിതൻ.

ഉണർന്നരാമനെൻ കാലിൽ
വ്രണം കണ്ടുപറഞ്ഞിദം.
ഏതുദുഷ്ടൻ പ്രിയേചെയ്താ–
നിതുമട്ടപ്രിയം മമ.

എന്നോതിനോക്കവെക്കണ്ടാൻ
മുന്നിൽകാകംവരുന്നതായ്
എൻനേർക്കുവീണ്ടുമേവീണ്ടും
ചെന്നിണംചേർന്നചുണ്ടുമായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കോപിച്ചെടുത്തുപുല്ലൊന്നു
ജപിച്ചുശരമാക്കിയും
കളിയായ് രാമനൊന്നെയ്താൻ
കാക്കയെ, ക്കൃതവീര്യവാൻ

കാകനോഭ്രാന്തിയാൽ ചുററി
ലോകമെല്ലാം ഭയത്തൊടെ
ഇന്ദ്രനോ ബ്രഹ്മനോത്രാണി,
വന്നില്ലാരക്ഷ നൽകുവാൻ.

ക്ഷമയാചിച്ചവൻപിന്നെ
രാമനെത്താൻ ഭജിക്കയായ്.
ഭയാർത്തനവനോടോതി
ദയാവാരിധി രാഘവൻ.

“അസ്ത്രംമേവെറുതേപോകാ,
നേത്രമൊന്നിരയാക്കുക.''
അത്രയും ചെയ്തുപോയ്കാകൻ;
ക്ഷാത്രവാൻപട്ട രാഘവൻ,

എന്തുമിണ്ടാതിരിപ്പൂഞാൻ
വെന്തുപോം ദുഃഖവേളയിൽ.''
സീതചൊന്നതുകേട്ടേവ–
മോതിനാൻ ഹനുമാൻ തദാ.

''ദേവിനീയിവിടെത്തന്നെ
ജീവിക്കുന്നെന്നറിഞ്ഞിടിൽ
രാക്ഷസാകീർണ്ണമാം ലങ്ക
കാൽക്ഷണാൽഭസ്മമാക്കിടും.''

ചൊല്ലിനാൾ സീത “രക്ഷസ്സായ്
മല്ലിടാനൊക്കുമെങ്ങനെ.
നിന്നെപ്പോൽ കീശരെല്ലാരും
സന്നഗാത്രരുമല്ലയോ.”

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇത്രയും കേൾക്കവേ പൂർവ്വ
ഗാത്രം കാണിച്ചു മാരുതി.
അത്യുച്ചമേരു സങ്കാശം
രക്ഷോഗണ ഭയപ്രദം.

മാമലയ്ക്കൊത്തുയർന്നോനാം
മാരുതാത്മജ ദർശനാൽ
അത്യന്തഹൃഷ്ടയായ് വീണ്ടു-
മിത്ഥമോതി വിദേഹജ.

സമർത്ഥൻ നീ മഹാഭാഗ!
രാമങ്കൽ ശ്ശീഘ്രമെത്തുക.
രക്ഷോ നാരികൾ കണ്ടേയ്ക്കാ-
മല്ലെങ്കിൽ, പ്പോക, മംഗളം.

കീശനപ്പോൾ വിശന്നോതി
''ദേവി! നിൻ ദർശനാൽ പരം
ഇവിടെക്കണ്ട പകങ്ങ-
ളിവനൊട്ടു ഭുജിച്ചിടാം.''

സീതതൻ സമ്മതം നേടി-
ട്ടേതാനും തിന്നു മാരുതി
ജാതാനന്ദം പുറപ്പെട്ടു,
ജാനകീ കഴൽ കൂപ്പിയും
തെല്ലു ദൂരം നടന്നാറെ
നല്ലതൊന്നോർത്തു വാനരൻ.

''സ്വാമികാര്യം തടഞ്ഞീടാ-
തന്യകാര്യം നടത്തിയും
പോകണം കാര്യമായ് വന്നോ-
നധമൻ ദൂതനന്യഥാ.

അതിനാൽ ചിലതൊന്നും
ചെയ്‌തു ഞാൻ. രാക്ഷസേശനെ
നേരേകണ്ടഥ സംസാരി-
ച്ചാരാൽ രാമങ്കലെത്തിടാം.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഏവം ചിന്തിച്ചുതൻ മുന്നി–
ലാവോളം കണ്ടതൊക്കെയും
തല്ലിത്തകർത്തു വൃക്ഷങ്ങ–
ളില്ലാതാക്കിയവൻ വനെ.
സീതാശ്രയ മഹാവൃക്ഷ–
മൊഴിയെസ്സർവ്വ ശൂന്യമായ്.

വൃക്ഷശൂന്യം വനം കാൺകെ
രാക്ഷസസ്ത്രീകൾ ചോദ്യമായ്.

തിരക്കി സീതയോ "ടാരി
തരത്തിൽ ചെയ്തു വാനരൻ."

മറുവാക്കോതിനാൾ സീത
"മറിമായങ്ങൾ രാക്ഷസം
അറിയും നിങ്ങ, ളല്ലാതെ–
ന്തറിയും ദുഃഖിതാർത്ത ഞാൻ."

ഇതു കേട്ടവരോടിപ്പോ–
യതുലംഭീതി പൂണ്ടവർ
വിവരം രാവണന്നേകി
വാനരൻ ചെയ്തതൊക്കെയും.

"ഏതോ ദേവ! മഹാസത്ത്വം
സീതാ സംഭാഷണാൽ പരം
അശോക വനമൊട്ടാകെ
തകർത്താനതി വിക്രമൻ.
ചൈത്യപ്രാസാദവും മററും
ചതച്ചാൻ കപിരൂപനായ്

രക്ഷകന്മാരെയും കൊന്നു
നിന്നിടുന്നുണ്ടതാനവൻ."
തനികതി പ്രിയാശോക–
വനിനാശം ഗ്രഹിച്ചുടൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എണീററു രാവണൻ വിട്ടാൻ
ഭടരെപ്പത്തു ലക്ഷമെ.
ഹനുമാൻ മലപോലുള്ളോൻ
ചെമ്മുഖം ചേർന്നഭീഷണൻ,

പ്രസാദ പ്പൂമുഖത്തേത്തും
ക്ലേസാതെ സ്ഥിതി ചെയ്കയാം,
ലോഹത്തുണായുധം കയ്യിൽ
വഹിച്ചും വാലിളക്കിയും.

കണ്ടുടൻ രാക്ഷസക്കൂട്ടം
മണ്ടിവന്നതു മാരുതി
സിംഹം പോലൊന്നു ഗർജ്ജിച്ചാൻ,
സ്തംഭിച്ചാരതു കേട്ടവർ.

സർവ്വരക്ഷോവധോദ്യക്തൻ
ഗർവ്വെഴുന്ന ഭയാനകൻ
കീശനെ, ക്കണ്ടു നാനാസ്ത്ര-
ശസ്ത്രമെയ്യിതു രാക്ഷസർ.

കുതിച്ചെണീററുടൻ കീശൻ
കൂടം കയ്യിലെടുത്തവൻ
ഗജേന്ദ്രൻ കൊതുവെപ്പോലെ
ചതച്ചാൻ സർവ്വരേയുമെ.

യോധന്മാർ ഹതരായ് കേട്ടു
ക്രോധാവേശാൽ ദശാനനൻ
പഞ്ചസൈന്യാധിപന്മാരെ
തഞ്ചംപോൽ ചൊല്ലിവിട്ടുതെ.

കൂടം കൊണ്ടവരെക്കൂടി
താടിച്ചും കൊന്നു മാരുതി.
പിമ്പയച്ചാൻ ദശഗ്രീവൻ
വമ്പന്മാർ മന്ത്രിപുത്രരെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എഴുപേരവരെപ്പോലും
ചുഴെച്ചുററി മരുത്സുതൻ
കൂടം കൊണ്ടടിക്കൂട്ടിത്താൻ
കൂട്ടം വേഗാൽ ഹനിച്ചഹൊ

പൂർവ്വ സ്ഥാനത്തിരിപ്പായി
പ്രതിപക്ഷ പ്രതീക്ഷയാ.
അതാ വന്നു തദാ രാജ–
സുതനാക്ഷൻ പ്രതാപവാൻ.

അവനെക്കണ്ടു മേല്പോട്ടൊ–
ന്നാടിച്ചാടി മഹാകപി
കൂടം കൊണ്ടു ശിരോമദ്ധ്യേ
കൊട്ടത്താനടിയോടടി.

അക്ഷനും ചത്തുപോയ് കൂടെ
തൽക്ഷണം തന്റെ സൈന്യവും.

നന്ദനൻ ഹതനായെന്നായ്,
മന്നവൻ കേട്ട മാത്രയിൽ
വന്ന കോപാൽ പരിബ്ഭ്രാന്ത,–
നിന്ദ്രജിത്തോടു ചൊല്ലിനാൻ.

പുത്ര! ഞാൻ, പുത്രനെക്കൊന്ന
ശത്രുവെച്ചെന്നു വെന്നിടാൻ
യാത്രയാം; കൊല്ലുമല്ലെങ്കി
ലത്രബന്ധിച്ചു വന്നിടും.

പിതാവോടിന്ദ്രജിത്തോതി
"താത! ദുഃഖം ത്യജിക്കുക.
ഞാനിരിക്കെ ബ്ഭവാനെന്തേ
ദ്ദനവാക്കുര ചെയ്യുവാൻ.

ബിശനെബ്രഹ്മപാശത്താ–
ലാശ്ശുഞാൻ കെട്ടിവന്നിടാം."
ഏവമോതിരഥംകേറി
രാക്ഷസന്മാരുമൊത്തവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വീരവിക്രമിപാഞ്ഞെത്തി
വായുപുത്രസമീപമെ.
അവൻെറ ഗർജ്ജനംഘോരം
ശ്രുവിച്ചുഹനുമാൻതദാ

ഉയർത്തെളുണ്ടമായ്ചാടി
വിയത്തിൽഗ്ഗരുഡൻപടി.
പറന്നെത്തുമവൻനേർക്കു
ചെറുത്തമ്പെയ്തുരാവണി.

എട്ടമ്പുതലയിൽത്തന്നെ
വിട്ടാ,നാറുശരങ്ങളെ
കാലിന്മേൽ ഹൃത്തിനും നേരെ,
വാലിന്മേലൊന്നുവേറെയും.

മേഘനാദൻ മഹാൻപിന്നെ
സിംഹനാദം മുഴക്കിനാൻ.
ഹനുമാൻ വീര്യവാനപ്പോൾ
ഹർഷാലോങ്ങിയതുണ്ണിനാൽ

തച്ചുകൊന്നുചതച്ചിട്ടാൻ
തേർതേരാളിഹയങ്ങളെ.
അന്നേരം വാഹനം മാറി
ചെന്നേററുമേഘനാദനും.

ബ്രഹ്മാസ്ത്രം താൻപ്രയോഗിച്ചു
ശീഘ്രംബന്ധിച്ചുകീശനെ
വമ്പാളും രാക്ഷസേശൻെറ
മുമ്പാകെക്കൊണ്ടുചെന്നതെ.

ഏതുനാമമനിശം ജപിച്ചിടിൽ
ചെയ്യുകർമ്മഫലബന്ധനം ക്ഷണാൽ
വീതശങ്കമൊഴിവായ് ശിവം പദം
ദ്യോതമാന, മണയാൻ തരപ്പെടം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അദ്വിതീയനാമാത്മകനായ രാമനെ
ഹൃദ്യാന്തരെദ്ധ്യാനമുറച്ചമാരുതി
ആദ്യന്തമെല്ലാവിധബന്ധമുക്തനാം,
വിദ്വാനവന്നെന്തിഹപാശബന്ധനം!

സർഗ്ഗം—4

## രാവണോപദേശം-ലങ്കാദഹനം

പാശകങ്കടക്കിൽക്കപിഭീതനെന്നപോൽ
പകച്ചുനോക്കിപ്പുരിതാണ്ടിടും വിധൌ
അതൊന്നുകാൺമാനവിടത്തിലെത്തിയോർ
കൈകൊണ്ടുവീക്കീകടുകോപമാണ്ടവർ.

ബ്രഹ്മപ്രസാദാൽ ഹനുമാൻെറ മേൽ ക്ഷണാൽ
ബ്രഹ്മാസ്ത്രപാശത്തിനു ശക്തിയററുപോയ്;
അമ്മട്ടറിഞ്ഞും കപികാര്യഗൌരവം
സമ്മട്ടുചിന്തിച്ചിളകാതെ മേവിനാൻ.

അതേനിലയ്ക്കങ്ങവനെസ്സഭാന്തരെ
വരുത്തിരാജാവൊടുരച്ചു രാവണി
"മഹാസുരന്മാരെ വധിച്ചകീശനെ
മഹീശ! ബന്ധിച്ചിഹകൊണ്ടുവന്നു ഞാൻ.

വെറും കുരങ്ങല്ലിവനെന്തുശിക്ഷയോ
വിധിക്കവേണ്ടും പടിമന്ത്രണാൽ പരം."
പ്രശസ്തനാമഞ്ജനപർവ്വതോപമൻ
പ്രഹസ്തനോടപ്പൊഴുരച്ചു രാവണൻ.

"ചോദിക്കിവൻ വന്നതിനെന്തുകാരണം
കാര്യങ്ങളെന്താണിവിടന്നുവന്നതും
വനംനശിപ്പിച്ചു സമസ്തമെന്തിനായ്
ഹനിച്ചതും രാക്ഷസസൈന്യവീരരെ."

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അപ്പോൾ പ്രഹസ്തൻ ഹനുമാനൊടോതിനാൻ
''പറഞ്ഞവൻ നിന്നെയയച്ചുവാനര!
ഭയപ്പെടേണ്ടാ തവമോചനം തരാം
ദയാലുരാജാവൊട്ടസത്യമോതുക.''

ശ്രവിച്ചിദം മാരുതിഹൃഷ്ടചിത്തനായ്
ലോകത്രയദ്വേഷിയെ, നോക്കി, വൈരിയെ
സ്മരിച്ചുതൻ സ്വാമിയെ സാവധാനമായ്
തുടങ്ങിചൊല്ലാൻ രഘുനാഥസൽക്കഥ.

''സർവ്വാന്തരംഗസ്ഥിതലോകനാഥനാം
രാമന്റെ ദൂതൻ, സുരവൈരി! കേൾക്ക ഞാൻ.
അവന്റെ ഭാര്യാഹരണം നടത്തിനീ
ഹവിസ്സിനെപ്പട്ടിസമം, സ്വനാശകം.

ആ രാഘവൻ വന്നമതംഗപർവ്വതം
കരേറി സുഗ്രീവനൊടൊത്തുസഖ്യമായ്
ഒരേയൊരമ്പെയ്തു ഹനിച്ചുബാലിയെ
സുഗ്രീവനേകി കപിരാജപട്ടവും.

മഹാബലൻ വാനരരാജവീരനൊ
കോടാനുകോടികപിസേനയൊത്തവൻ,
രാമന്റെ കൂടെ പ്രിയലക്ഷ്മണാന്വിതൻ
പ്രവർഷണത്തിൽസ്ഥിതിചെയ്‌വുകോപിയായ്.

കപീശ്വരൻവിട്ടിതു വാനരേന്ദ്രരെ
തെരഞ്ഞിടാൻ സീതയെ പത്തുദിക്കിലും
അതിൽപ്പെട്ടനേകനിവൻ മരുത്സുതൻ
വന്നെത്തിയിങ്ങും തെരയുന്നതിന്നു താൻ.

കണ്ടേനഹം കഞ്ജദളാക്ഷിസീതയെ;
കപിസ്വഭാവാൽ വിപിനം തകർത്തു ഞാൻ;
വില്ലമ്പുമേന്തിച്ചിലർ വന്നിതപ്പൊഴേ
കൊല്ലാനൊരുമ്പെട്ടിവനെത്വരാന്വിതം;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സ്വദേഹ രക്ഷസ്സുവരേ ഹനിച്ചു ഞാൻ,
സ്വദേഹമാർക്കും പ്രിയമല്ലയോ പ്രഭോ!
ബ്രഹ്മാസ്ത്രപാശാൽ പുനരിന്ദ്രജിത്തഹൊ
ബന്ധിച്ചുകൊണ്ടെന്നെ വരുത്തിയിട്ടിതി.

വിമുക്തനായ് ബ്രഹ്മവരത്തിനാലിവൻ
ബന്ധത്തിൽ നിന്നെങ്കിലുമോർക്ക രാവണ!
നിനക്കു വേണ്ടുന്നുപദേശമേകുവാൻ
ദയാർദ്രനായ്നില്പിഹ ബന്ധനെന്നപോൽ.

ത്യജിക്ക നിന്നാസുരബുദ്ധിരാവണ!
ചിന്തിക്ക നന്നായ് ബ്രഹ്മലോകസൽഗതി;
ഭജിക്ക ദൈവീവരചര്യ സാത്വികം
സംസാരദുഃഖാർണ്ണവതാരണക്ഷമം.

വേധസ്സുതൻ ശ്രേഷ്ഠകുലേ ജനിച്ചവൻ,
പൌലസ്ത്യപുത്രൻ, ധനനാഥ ബന്ധുനീ;
ദേഹാത്മബുദ്ധ്യാദി, നിനക്കു രാക്ഷസീ–
സ്വഭാവമാകാൻ തരമില്ല തെല്ലുമെ.

നീയല്ലദേഹേന്ദ്രിയ ബുദ്ധിയൊന്നുമെ
നിൻേറതുമല്ലായവ, നിർവ്വികാരി നീ.
അജ്ഞാനജാതങ്ങളതൊക്കെയും വെറും
ഭ്രമങ്ങളാം സ്വപ്നപദാർത്ഥമെന്നപോൽ.

സത്യത്തിലാത്മാവവികാരിയോർക്ക നീ;
അതദ്വയം പിന്നെ വികാരമെങ്ങനെ;
ദേഹസ്ഥനെന്നാലുമസക്തനാം, നഭ–
സ്സലിപ്തമാംമട്ടതി സൂക്ഷ്മതാവശാൽ.
ആത്മാവുദേഹേന്ദ്രിയ ബുദ്ധിചേർന്നതാ–
ണെന്നുള്ള ബോധം ബഹുബന്ധകാരണം

സത്താംചിദാനന്ദമയ സ്വരൂപനാം
താനെന്നു ബോധിക്കുകിൽ മുക്തനായിടും.
ദേഹംതഥാപ്രാണനുമാത്മഭാവമി–
ല്ലെല്ലാം വികാരോജ്ജ്വലപഞ്ചഭൂതകം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മനസ്സഹങ്കാര വികാരമാവിധം
പ്രാണൻതഥാബുദ്ധിയുമാത്മഭിന്നമാം;
ആത്മാവതിന്നീതെ വികാരഹീനനാ–
യാനന്ദരൂപേണ വിളങ്ങുമീശ്വരൻ.

ഉപാധിഹീനം പരമാത്മതത്ത്വമെ–
ന്നറിഞ്ഞിരുന്നാൽ ഭവമുക്തനായിടും.
എന്നാലിതാചൊൽവിതുമോക്ഷമാർഗ്ഗവും
നന്നായ് ശ്രവിച്ചീടുക ബുദ്ധിസത്തമ!

വിശുദ്ധിചിത്തത്തിന്നു വിഷ്ണുഭക്തിയാ–
ലതിൻവഴി ജ്ഞാനവുമുത്ഭവിച്ചിടും;
ജ്ഞാനത്തൊടാത്മാനുഭവം ലഭിച്ചുടൻ
ചെന്നെത്തിടാം നിർമ്മലതദ്പ്പദം പരം

രമാവരൻ രാമനെ വിശ്വമൂർത്തിയെ
പരാപരൻ ശ്രീഹരിയെബ്ഭജിക്കനീ.
ത്യജിക്കെടോ മൂർഖവിരോധഭാവവും,
സ്മരിക്കഭക്തപ്രിയ നാമമെപ്പൊഴും.
മുമ്പേനടത്തിസ്സതിസീതയെ സ്വയം
ബന്ധുക്കളൊന്നിച്ചു നമിക്ക രാമനെ.

സുഖസ്വരൂപത്തൊടുമാത്മഭാവമായ്
സ്വകീയഹൃത്തിൽക്കുടികൊണ്ട രാമനെ
സ്മരിച്ചിടാതാർക്കിഹ സാദ്ധ്യമായിടും
സംസാരതാപാബ്ധി കടന്നു പോകുവാൻ.

അല്ലായ്കിലജ്ഞാനസമുദ്ധവഹ്നിയിൽ
താൻ തന്നെവേവിക്കമരാതിപോലവെ.
പാപങ്ങളം മേന്മേൽകൃതമായടിക്കടി
കീഴ്പ്പോട്ടു താൻപോകെയൊരു രക്ഷകിട്ടാ.''

മാധുര്യമേറും വചനങ്ങളിത്തരം
മരുത്സുതൻ ചൊന്നതുകേട്ട മാത്രയിൽ
ദശാനനൻ ക്രോധവശാൽ ജ്വലിച്ചിടും
രക്താക്ഷനായ് വാനരനോടു ചൊല്ലിനാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



"എടാ കുരങ്ങേ! മതിനിൻ പ്രസംഗമെൻ
നേരിട്ടുനിന്നിങ്ങനെ വാനരാധമ!
ആ, രെന്തു രാമൻ കപിരാജനൊക്കെ ഞാൻ
പോരിൽത്തകർക്കും തടിമാടരെ ദ്ദൃഢം

ഇന്നാദ്യമായ് നിന്നെ വധിക്കുമപ്പുറം
സീതാവധം രാമവധം സസോദരം.
മുന്നേഹനിക്കും കപിരാജവീരനാം
സുഗ്രീവനെക്കീശഗണത്തൊടൊപ്പമെ."
കേട്ടീവിധംമാരുതി കോപവഹ്നിയാൽ
രക്ഷസ്സിനെച്ചുട്ടിടുമാറു ചൊല്ലിനാൻ.

''ഒന്നോർക്ക, രാമപ്രിയദാസനാണു ഞാ-
നെന്നോടടുക്കില്ലൊരു കോടി രാവണർ.''
കടുത്ത കോപാലിതുകേട്ടു ചൊല്ലിനാ-
നടുത്തുനില്ലും ഭടനോടു രാവണൻ.

''അടിക്കെടാ വെട്ടിമുറിച്ചു കൊല്ലെടാ
കുരങ്ങനെക്കർബ്ബുരർ കണ്ടിടും വിധം.''
വധിക്കുവാൻ രാക്ഷസനുദ്യമിക്കവെ
വിഭീഷണൻ ചെന്നു തടഞ്ഞിതാശ്രമം.
''വധിക്കയോ മററൊരു രാജദൂതനെ
പ്രതാപവാന്മാർക്കതു യോഗ്യമായിടാ.

കല്പിച്ചവിധ, മീദൂതൻ
കപിയെക്കൊന്നുവെങ്കിലൊ
രാമന്നുവിവരം നല്ലാ-
നാരുണ്ടാം പിന്നെ ഭൂപതെ!

കൊലയ്ക്കു സമമാം മററു
വല്ല ശിക്ഷയുമേകുക;
അടയാളമതും പേറീ-
ട്ടുടൻപോകട്ടെ വാനരൻ.

രാമനും കൂട്ടരും കണ്ടാ-
ലുടൻ യുദ്ധത്തിനെത്തിടും.''
വിഭീഷണൻെറ ചൊല്ലേവം
കേട്ടു രാവണനോതിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വാനരന്മാർക്കു വാലിന്മേൽ
മാനമേറുന്നതാണു പോൽ
അതിനാലിന്നിവൻ വാലിൽ
തുണിചുറ്റുക മേൽക്കുമേൽ.

എന്നിട്ടു തീകൊടുത്തെല്ലാ
തെരുതോറും നടത്തുക;
വിട്ടേയ്ക്കാം പിന്നെ, കണ്ടോട്ടേ
കീശപ്രമുഖരൊക്കെയും.''

അവ്വണ്ണം വാനരൻ തന്റെ
വാലിന്മേൽക്കെട്ടി രാക്ഷസർ
എണ്ണമില്ലാതെ വസ്ത്രങ്ങ-
ളെണ്ണകൊണ്ടു നനച്ചവ.

വാലിൻതുമ്പത്തു തീവച്ചു
വലിയെക്കെട്ടി കീശനെ
കയറാൽ, പിന്നെ തോളേറ്റി
ചുമന്നാർ രാക്ഷസാദികൾ.

കൊട്ടിഘോഷിച്ചുനാടെല്ലാം
കാട്ടുകള്ളനിതെന്നുമായ്
ഇട്ടടിച്ചുമിടയ്ക്കെല്ലാ
റോട്ടിലും ചുററിനാരവർ.

സഹിച്ചുഹനുമാൻ സർവ്വം
സ്വല്പം കൌതുകമാളുവാൻ.
എന്നാലവൻ പടിഞ്ഞാറെ
കോട്ടവാതിൽക്കലെത്തവെ

സൂക്ഷ്മരൂപം സ്വയംപൂണ്ടു
സാധിച്ചാൻ ബന്ധമോചനം;
വീണ്ടുമേ പർവ്വതാകാര-
മാണ്ടുഗോപുരമേറിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അവിടെക്കണ്ടതുണ്ടൊന്നാൽ
കാവൽക്കാരെ ഹനിച്ചുടൻ
ബാക്കികാര്യം വിചാരിച്ചു
നോക്കിചാടിത്തുടങ്ങിനാൻ,

മാളികപ്പുറമോരോന്നിൽ
കോട്ടകൊത്തളമെന്നതിൽ.
ആതീക്ഷ്ണവാലെരിത്തീയാൽ
കത്തിപ്പോയ് ലങ്കയാകവെ.

''താത! നാഥ! സുതാ!'' ശബ്ദം
മുഴക്കിദ്ദൈത്യകന്യകൾ
ആളിക്കത്തുന്നതീകണ്ടു
മാളികപ്പുറമേറിനാർ.

അവരും തീയിലായ് വീണു
ദേവതാജനമെന്നപോൽ.
വിഭീഷണഗൃഹംവിട്ടു
മറ്റെല്ലാം ചുടുചാമ്പലായ്.

ആഴിയിൽച്ചാടിനാൻ പിന്നെ
കഴിയുംവേഗമാകപി
വാലിലെത്തീകെടുത്തങ്ങു
നിലയായ് സ്വസ്ഥചിത്തനായ്.

വായുവിൻ മിത്രമാം വഹ്നി
വായുപുത്രന്റെ വാലിനെ
വേവിച്ചില്ല, തണുപ്പേകീ
ദേവിസീത ഭജിക്കയാൽ.

പാപം സമസ്തമൊഴിവായ് കഴിയുന്നവേഗം
താപത്രയാഗ്നിയുടെ ചൂടുമകററിമാററാം
ആരെസ്മരിക്കി, ലവനുള്ള വിശിഷ്ട ദൂതൻ–
നേരെച്ചരിപ്പതെരിതീയിനു സാദ്ധ്യമാമൊ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—5

# ഹനുമാൻെറ മടക്കയാത്ര

പിന്നെയും സീതയെക്കണ്ടു
വന്ദിച്ചോതിമഹാകപി
''ഇന്നിപ്പോഠം പോയിടട്ടേ ഞാൻ
ചൊന്നപോൽ തടന്നചെയ്യിടാം

ദേവി! നിൻ സവിധംവേഗം
വന്നിടും രാമലക്ഷ്മണർ.''
എന്നുരച്ചപരംഭക്ത്യാ
മൂന്നുവട്ടം പ്രദക്ഷിണം

ചെയ്തുപോകാൻ പുറപ്പെട്ടു
സീതയോടോതിപിന്നെയും
''ദേവി! ഞാൻ പോയ്‌വരട്ടേ നിൻ
ഭാവുകം നേ;ർന്നിനിദ്ദ്രതം.

രാമലക്ഷ്മണ സുഗ്രീവ—
വാനരപ്പട കണ്ടിടാം,''
ശോകാൻ ചടച്ച വൈദേഹി
ദൂതനോടപ്പൊഠഴാതിനാൻ.

നിന്നെക്കണ്ടു മറന്നേൻ മാ,
പിന്നിനിപ്പോകയാണു നീ.
രാമവാർത്തകഠം കേഠക്കാതെ
മേലിൽജ്ജീവിപ്പതെങ്ങനെ''

ഹനുമാൻ:

എന്തോളിൽക്കേററി ഞാൻ നിന്നെ
സന്തോഷാൽ കൊണ്ടുപോയിടാം
ഈ മതം മാന്യമാണെങ്കിൽ
രാമനിൽച്ചേർത്തിടാം ക്ഷണാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സീത;

ശരമെയ്തബ്ധി വററിച്ചോ
പരിചിൽകെട്ട കെട്ടിയോ
രാമൻ വാനരരോടൊത്തു
വന്നപോരിൽ ദ്ദശാസ്യനെ

കൊന്നെന്നെക്കൊണ്ടു പോയെന്നാ-
ലെന്നും രാമൻയശസ്വിയാം
അതിനാൽ വല്ലപാടും ഞാൻ
ജീവിച്ചേയ്ക്കാം; ഗമിക്ക നീ.

ഈവിധം സമ്മതം നേടി
ദേവിയെക്കുപ്പി വീണ്ടുമെ
വീരൻ വാരിധി ചാടാനായ്
പർവ്വതാഗ്രം കരേറിനാൻ.

അങ്ങുചെന്ന മഹാശക്തൻ
ശൃംഗാഗ്രേ കാലമർത്തിയും
ചാടിനാൻ വായുവേഗത്തിൽ;
പാടേഗിരി പൊടിഞ്ഞുപോയ്.

ഉയർന്ന മലപോയ് പാരം
താഴ്ന്ന മൈതാനഭൂമിയായ്
ഹനുമാൻ വായുമാർഗ്ഗത്തി-
ലാറ്റാദാലൊലി കൂട്ടിനാൻ.

വാനരർക്കതു കേട്ടപ്പോഴം
വായുപുത്രൻ വരുന്നതായ്
ബോദ്ധ്യമായ്, പരമാറ്റാദാൽ
ശബ്ദഘോഷം മുഴക്കിനാർ.

''കൃതമായ് കാര്യമെന്നായ് താൻ
ശ്രുതശബ്ദം കുറിക്കയാം.
ഹനുമാൻ താനിതാവന്നു
വീരൻ കാണുക കീശരെ!''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എന്നന്യോന്യം പറഞ്ഞാറെ
വന്നിറങ്ങി മഹാകപി,
കൂട്ടകാരോട്ട കാര്യങ്ങ-
ളൊട്ടുമക്കാലമോതിനാൻ.

''കണ്ടുഞാൻ സീതയെ; കാടൊ
തകർത്താൻ; ചുട്ടലങ്കയെ;
രാവണൻ തന്നൊടല്പം സം-
സാരിച്ചിങ്ങു പോന്നുഞാൻ.

ഇപ്പോഠംതാൻ പോകനാമെല്ലാം
രാമസുഗ്രീവ പാർശ്വമെ.''
ഇത്രയുംകേട്ട കീശന്മാർ
മിത്രത്തെപ്പുല്കിനാർമുദാ.

ചിലരോ വാലുചുംബിച്ചു,
പലരും നൃത്തമാടിനാർ;
പിന്നെ പ്രസ്രവണത്തേക്ക
ഹനുമാനൊത്തു പോയിനാർ.

യാത്രയിൽക്കണ്ടു സുഗ്രീവൻ
കാത്തിടും 'മധു'വാംവനം.
അപ്പൊഴോതി മഹാവീര-
നംഗദൻ തന്നോടായവർ.

''വിശന്നോർ ഞങ്ങളീകായ്കൾ
തിന്നോട്ടേ, ദാഹമാററുവാൻ
മധുവല്പം കുടിച്ചോട്ടേ
സമ്മതംനൽക ധീമതെ!

സാനുജൻ രാമനെക്കാൺമാൻ
സന്തുഷ്ട്യാ പോയിടാമുടൻ.''

അംഗദൻ:

ഹനുമാൻ നേടി കാര്യങ്ങ-
ളനുമോദിക്ക നാമതിൽ''
ഭക്ഷിപ്പിൻ ഫലമൂലങ്ങൾ
തൽക്ഷണം തൽകൃപാവശാൽ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വാനരന്മാർ വനം കേറി
മധുപാനം തുടങ്ങിനാർ,
'ദധിവക്ത്ര' നിയുക്തന്മാർ
കാവൽക്കാർ നോക്കിനിൽക്കവെ.

രക്ഷിവർഗ്ഗമുടൻ ചെന്നു
ധിക്കരിച്ചു കപീന്ദ്രരെ.
അവരെത്തല്ലിയോടിച്ചാ
വാനരർ മധുമോന്തിനാർ.

അപ്പോൾ ദധിമുഖൻ, ക്രോധാൽ
ചെന്നു, സുഗ്രീവ മാതുലൻ
രക്ഷിവർഗ്ഗത്തൊടും കൂടെ
രക്ഷസ്സായ് രാജസന്നിധൌ.

എത്രയോ കാലമായ് കാത്തു
വന്നൊരാ മധുവാം വനം
ഹനുമാനൊത്തു കീശന്മാർ
നശിപ്പിച്ചെന്നുമോതിനാൻ.

സുഗ്രീവൻ വാർത്ത കേട്ടപ്പോൾ
സന്തോഷാലോതിയീവിധം.
''ഹനുമാൻ സീതയെക്കണ്ടു
വരവാണില്ല സംശയം.

അല്ലായ്കിലാർക്കുമാവാൻ സാദ്ധ്യം
ചെല്ലാനെൻ മധുകാനനെ.
വായുപുത്രൻ ദൃഢം തേടി
പോയകാര്യം ജയാന്വിതൻ.''

സുഗ്രീവവചനം കേട്ട
സന്തോഷാൽ രാമനോതിനാൻ
''എന്തുചൊല്ലുന്നു രാജാവെ!
ഹന്ത ജാനകിതൻ കഥ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അപ്പോഠം പറഞ്ഞു സുഗ്രീവൻ
''കണ്ടെത്തീ സീതയെദ്ധ്രുവം.
മാരുതി പ്രമുഖന്മാരാ
മധുകാനനമാഗതർ,

ഭക്ഷിപ്പൂ ഫലമൂലങ്ങഠം
രക്ഷിപ്പോരൊടെതിർത്തുമെ.
എൻകാട്ടിൽ കേറിടുന്നാരാം
നിൻകാര്യം നേടിടാത്തവർ.

അതിനാൽ തീർച്ചയാക്കീടാം
സീതയെക്കണ്ടുവെന്നതായ്,
കാവൽക്കാരേ! ഭയം വേണ്ടാ
പോവിൻ ഞാൻ ചൊല്ലിടും പടി

ഇങ്ങയയ്ക്കുക കീശന്മാ–
രംഗദൻ മുതൽപേർകളെ.''
കേട്ട സുഗ്രീവവാക്കേവെ–
മോട്ടമായ് കാവലാളുകഠം.

മാരുതിപ്രമുഖന്മാരോ–
ടോതിനാർ രാജശാസനം.
''രാമലക്ഷ്മണരൊന്നിച്ച്
സുഗ്രീവൻ കാത്തിരിക്കയാം,

നിങ്ങളിൽ ഏവുനായ്, കാൺമാ–
നങ്ങുടൻ ചെന്നുചേരുക.''
''അങ്ങനെത്തന്നെ''യെന്നോതി–
ട്ടങ്ങനാസുന്ദയാത്രയായ്.

ഹനുമാനംഗദൻ രണ്ടാഠം
മുന്നിലായ് പിന്നിലന്യരും,
വയുമാർഗ്ഗേചരിച്ചെത്തീ
രാമസന്നിധി സത്വരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമനെ,പ്പിന്നെ സുഗ്രീവ-
രാജനെക്കൂപ്പി'മാരുതി
സാഷ്ടാംഗംപ്രണമിച്ചോതി
"കണ്ടുസീതയെ ഞാൻ പ്രഭോ!

നിന്നോടുകുശലം ചൊല്ലാ-
നെന്നോടരുളിനാളവൾ.
അവളോ, ശിംശപാവൃക്ഷ-
ച്ചുവട്ടിൽ സ്ഥിതിചെയ്കയാം,

അശോകവനമദ്ധ്യത്തി-
ലാശരസ്ത്രീകൾ ചൂഴവെ,
ദുഃഖിച്ചുപവസിച്ചേററം
കൃശയായേകവേണിയായ്,

മുഷിഞ്ഞവേഷമായ്. രാമ-
രാമനാമൈകചിത്തയായ്;
കണ്ടു ഞാൻ തവവൃത്താന്തം
കൊണ്ടൊട്ടാശ്വാസമേകിനേൻ.

മറവിൽ സൂക്ഷ്മരൂപത്തി-
ലിരുന്നാദ്യചരിത്രവും
ദണ്ഡകാവാസവും പിന്നെ
സീതാമോഷണകാര്യവും,

സുഗ്രീവസഖ്യവും പോരി-
ലഗ്രജൻ ചത്തുവീണതും,
ദേവിയെത്തേടുവാൻപിന്നെ
കീശരെച്ചൊല്ലിവിട്ടതും,

ബലവീര്യമെഴും കീശർ
പലദിക്കിൽത്തെരഞ്ഞതും,
അവരിൽപ്പെട്ടൊരുത്തൻ ഞാ-
നവിടെയ്ക്കെത്തിയെന്നതും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



...സുഗ്രീവസചിവൻ രാമ -
ദാസൻ ഞാനെന്നതൊക്കെയും
കേൾപ്പിച്ച കൃതകൃത്യൻ ഞാൻ
കാൺകയാലെന്നമോതിനാൻ.

ഇതെല്ലാം കേട്ടവൈദേഹി
വിസ്മയോദ്ദീപ്തനേത്രയായ്
ഓതിനാ''ളാരുവാൻ ചൊല്ലി-
ക്കാതിമ്പം ചേർത്തവാർത്തകൾ.

പ്രത്യക്ഷനാകണം ചൊന്നോൻ
സത്യമിക്കേട്ടതെങ്കിലൊ''
അന്നേരം വാനരാകാരം
സൂക്ഷ്മരൂപം ധരിച്ച ഞാൻ

സാദരം ചെന്നുകൈകൂപ്പി
ദൂരവേമാറിനിന്നതെ.
ആരിവൻ കാര്യമെന്തെന്നും
നേരേ ചോദിച്ചുജാനകി.

വൃത്താന്തമഖിലം ചൊല്ലി
ശത്രുതാപന! ഞാൻ ക്രമാൽ.
അംഗുലീയം ഭവാൻതന്ന-
തംഗനയ്ക്കേകിപിന്നെ ഞാൻ

വിശ്വാസമതിനാലെന്നിൽ
സാശ്വാസം പൂണ്ടുദേവിയാൾ
ചൊല്ലിനാൾ ''ഹനുമൻ! കാൺക
വല്ലായ്മകളിതൊക്കെയും.

രാക്ഷസീതർജ്ജനം സർവ്വം
രാഘവൻ തന്നൊടോതുക.''
ഞാനും പറഞ്ഞു''ഹേദേവി
ദൂനനാം രാമനും പരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നിന്നവസ്ഥ ധരിക്കാതെ
ഖിന്നനാണവനെപ്പോഴും
ഇന്നുതാൻ നിന്റെ വൃത്താന്തം
ചെന്നു ഞാൻ രാമനേകിടാം.

വൃത്തമെല്ലാം ധരിച്ചീടും
മാത്രയിൽ സ്സോദരാന്വിതം
മിത്രമൊത്തുവരും രാമ–
നത്രവാനരസേനയും.

നീതയാം നീ സ്വദേശത്തേ–
ക്കാശരേശവധാൽപരം
ലക്ഷ്യമൊന്നേകെനിക്കിപ്പോൾ
സൂക്ഷ്മം രാമനറിഞ്ഞിടാൻ.''

ഇത്രയും കേൾക്കവേ ചൂഡാ–
രത്നമിങ്ങേകി ജാനകി
പണ്ടെന്നോ ചിത്രകൂടത്തി–
ലുണ്ടായ കഥ ചൊല്ലിനാൾ.

കാകസംബന്ധമക്കാര്യം
കണ്ണീർവാർത്തു പറഞ്ഞവൾ
കുശലം രാമനോടോതാൻ
ചൊന്നാൾ, ലക്ഷ്മണനോടുമേ.

ലക്ഷ്മണൻ മാപ്പുനല്കേണം
ചീത്തവാക്കുകൾ ചൊന്നതിൽ
രാമനൊത്തഥ ചെല്ലേണം
തൻ രക്ഷയ്ക്കെന്നുമോതിനാൾ.

ഈവിധം ചൊല്ലി ദുഃഖത്താൽ
വേവും ദേവി കരഞ്ഞുപോയ്
ആശ്വസിപ്പിച്ചു ഞാനപ്പോൾ
തവ വാർത്താനിവേദനാൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അതിൻ പിമ്പവിടം വിട്ടി-
ങ്ങിതാഞാനെത്തിനേൻ പ്രഭൊ!
വരുന്നേരമശോകാഖ്യ
വനമെല്ലാം തകർത്തു ഞാൻ.

ഹനിച്ചാനവിടെക്കണ്ട
ബഹു രാക്ഷസരെക്ഷണാൽ
പുത്രനെക്കൊന്നുപിമ്പേകി
രാവണന്നുപദേശവും.

ലങ്കയും ചുട്ടെരിച്ചല്പം
ഹുങ്കുകാട്ടിമടങ്ങി ഞാൻ.''
ഹനുമദ്വചനം കേട്ട
രാമനത്യന്ത ഹൃഷ്ടനായ്.

''ഹനുമാനേ! ഭവാൻചെയ്ത
കാര്യം ദുഷ്കരമെത്രയും.
എന്തുപ്രത്യുപകാരം ഞാൻ
ഹന്ത! ചെയ്‌വേനറിഞ്ഞിടാ.

ഇതാ ഞാൻ തന്നിടുന്നെന്റെ
സർവ്വസ്വം മാരുതാത്മജ!''
എന്നുരച്ചുമഹാൻ രാമ-
നൊന്നുഗാഢം പുണർന്നുതെ,

ആർദ്രനേത്രൻ രഘുശ്രേഷ്ഠ-
നത്യന്തം പ്രീതിപൂണ്ടവൻ,
കപിവര്യൻ ഹനുമാനോ-
ടോതിനാൻ, ഭക്തവത്സലൻ.

''പരമാത്മാവുഞാ,നെന്റെ
പരിരംഭം സുദുർല്ലഭം;
അതു നീനേടിനീയെന്റെ
ഭക്തൻ പ്രിയനുമാകയാൽ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമന്റെ പാദയുഗളം വിധിയാം വിധത്തിൽ
പൂജിക്കുവോർ വിമലവിഷ്ണുപദത്തിലെത്തും;
പിന്നെന്തുചൊല്ലണമഹോഹനുമാന്റെ കാര്യ-
മാശ്ലേഷിതൻ പരമവൻ രഘുനാഥനാൽ താൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# യുദ്ധകാണ്ഡം

ഭാഗം—1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# സർഗ്ഗവിവരം

1. പടപുറപ്പാട്

2. രാവണമന്ത്രണം-വിഭീഷണ നിഷ്കാസനം

3. വിഭീഷണശരണാഗതി—സമുദ്രത്തോടുള്ള കോപം

4. സമുദ്രതരണം-ശുകരാവണ സംവാദം

5. യുദ്ധാരംഭം

6. ലക്ഷ്മണമൂർച്ഛ-രാമരാവണയുദ്ധം

7. കാലനേമിയുടെ കൂടതന്ത്രം-കുംഭകർണ്ണോപദേശം

8. കുംഭകർണ്ണവധം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—1

## പടപ്പുറപ്പാട്

ഹനുമാൻ ചെയ്തകാര്യങ്ങൾ
ചൊല്ലിക്കേട്ട രഘൂത്തമൻ
അത്യന്തം ഹൃഷ്ടനായ് തീർന്നാൻ;
പിന്നെത്താനോതിയിങ്ങനെ.

"വായുപുത്ര കൃതംകാര്യം
വാനോർക്കും ബഹുദുഷ്കരം
മാലോകർക്കാർക്കുമുള്ളാലെ
സ്മരിപ്പാൻപോലുമായിടാ.

ലംഘിപ്പതാർ സമുദ്രത്തെ
നൂറുയോജന വിസ്തൃതം
ദൈത്യന്മാർ കാത്തിടും ലങ്ക
തകർക്കാനാർക്കു സാദ്ധ്യമാം.

സ്വാമികാര്യമശേഷം താൻ
നിർവ്വഹിച്ചോൻ മരുത്സുതൻ.
ജനിച്ചില്ലിതുപോലന്യൻ
ജനിക്കില്ലിനിമേലിലും.

കപീശൻ ലക്ഷ്മണൻ ഞാനും
രാഘവവംശമൊക്കെയും
രക്ഷിതന്മാർ ഹനുമാന്റെ
സീതാദർശനമൊന്നിനാൽ.

സീതാന്വേഷണമാം കാര്യം
സാധിച്ചു; വേണ്ടപോലെയായ്.
എന്നാൽ സാഗരമോർക്കുമ്പോ–
ളെൻ മനസ്സുലയുന്നതെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സമുദ്രം വിസ്തൃതം പാരം
ത്ധഷനക്രസമാകുലം
ലംഘിച്ചു വൈരിയെക്കൊന്നെൻ
മങ്കയെക്കൊണ്ടുവരുന്നതെങ്ങനെ."

രാമന്റെ വചനം കേട്ടു
സുഗ്രീവൻ ചൊല്ലിയിങ്ങനെ
"ജലദർജ്ജന്തുസങ്കീർണ്ണം
ജലധിക്കപ്പുറം ക്രമാൽ

കടക്കാം ലങ്കയും വെൽകാ—
മൊടുക്കാം രാക്ഷസൌഘവും.
ചിന്തയാൽ ക്ലാന്തനാകേണ്ട,
ചിന്തകാര്യം കെടുപ്പതാം.

കാൺകിതാവാനരേന്ദ്രന്മാർ
വീരന്മാർ ബലശാലികൾ
ചെയ്യാൻ തവ പ്രിയം കാര്യം
തീയിലും ചെന്നുചാടുവോർ,

കടക്കാൻ വഴിയെന്താണീ
കടലെന്നാദ്യമോർത്തിടാം.
ഇവരൊത്തങ്ങു നാം ചെന്നാൽ
രാവണൻ ഹതനപ്പൊഴേ.

പോരിലാപടുവില്ലേന്തി
വീരൻ നീ നില്ക്കെ, രാഘവ!
ധൈര്യമാർക്കീ ത്രിലോകത്തിൽ
നേരേ നില്ക്കാ, നെതിർക്കുവാൻ.

ജയം തന്നെവരും നമ്മൾ—
ക്കവിടെസ്സർവ്വമട്ടിലും
ശുഭസൂചകമാം നാനാ
ശകുനങ്ങളുമുണ്ടിതാ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭക്തിയും വീര്യവും ചേർന്ന
വാക്കേവം കേട്ടരാഘവൻ
സമ്മതിച്ചരികേ നില്ക്കും
ഹനുമാനോടുചൊല്ലിനാൻ.

"സമുദ്രം വലുതെന്നാലും
വല്ലപാടും കടന്നിടാം
എന്നാലധൃഷ്യയാണത്രെ
ലങ്കദേവാസുരർക്കുമെ.

ലങ്കാസ്വരൂപമെ,ന്തൊന്നു
വർണ്ണിച്ചാലുമറിഞ്ഞിടിൽ."
രാമന്റെ വചനംകേട്ട
ഹനുമാൻ വിനയത്തോടും

കൈക്കൂപ്പീട്ടോതിനാനേവം.
"ചൊല്ലാം കണ്ടപടിക്കു ഞാൻ.
ത്രികൂടശിഖരത്തിന്മേൽ
സ്ഥിതമാ ദിവ്യമാം പുരി

പൊന്മയം വന്മതിൽക്കെട്ടും
പൊന്മയം കോട്ടകൊത്തളം
പൊന്മണിത്തൂണെഴും നാനാ
വന്മേടകൾ മനോഹരം.

പുഷ്പവാടിപലേമട്ടിൽ
ദിവ്യവാപികളും തഥാ
നിർമ്മലം ജലസമ്പൂർണ്ണം
നാലുഭാഗം കിടങ്ങുകൾ.

പശ്ചിമദ്വാരപാലന്മാർ
ഗജവാഹരനേകമായ്
കുതിരപ്പടകാലാള—
മുത്തരദ്വാരപാലരായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പൂർവ്വഭാഗത്തുമുണ്ടല്ലൊ
ദക്ഷിണത്തിലുമാവിധം
ലക്ഷക്കണക്കിലായ് വീര—
രക്ഷിവർഗ്ഗങ്ങളങ്ങനെ.

നാലുഭാഗത്തകത്തും വൻ
നാലംഗപ്പടനില്പ്പതെ.
നാനാ ശസ്ത്രങ്ങളേന്തുന്നോർ
നഗരം കാത്തുകൊള്ളുവാൻ.

ദുഷ്പ്രാപം തന്നെയാം ലങ്കാ—
ദുർഗ്ഗ,മത്ര ബലിഷ്ഠമാം.
എന്നാലും കേറക്കണ്ടൊനങ്ങു
ചെന്നുചെയ്തപണിത്തരം.

രാവണൻെറ പെരുംസൈന്യം
കാലംശംകൊന്നൊടുക്കി ഞാൻ.
ലങ്കചുട്ടു; തകർത്തു ഞാൻ
തങ്കപ്രാസാദവും പരം.

ശതഘ്നിമുതലാം ശസ്ത്രം
തച്ചുടച്ചു രഘൂത്തമ!
ഭവാൻെറ ദൃഷ്ടിയിൽപ്പെട്ടാൽ
ഭസ്മമാം ലങ്കയാകെയും.

പുറപ്പാടാക നാം ദേവ!
ചെല്ലാമംബുധിതൻതടെ
മഹാവീരബലിഷ്ഠന്മാർ
വാനരന്മാരൊടൊത്തുമെ.''

ഹനൂമദ്വചനം കേട്ടു
ചൊല്ലിനാൻ രഘുനന്ദനൻ.
''സുഗ്രീവ! സൈനികന്മാരെ
ചട്ടംകെട്ടുക പോകുവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുഹൂർത്തം നല്ലതാണിപ്പോൾ
വിജയം വാച്ചിടുന്നതാം.
ഇന്നേരം പോയിടുന്നാകിൽ
ലങ്കദ്ധ്വപ്രാപയെങ്കിലും,

വെന്നിടാം; രാവണൻ തന്നെ
കൊന്നിടാം കൂട്ടരേയുമെ;
വൈദേഹീയും വരും കൈയിൽ
വലം കണ്ണിളകുന്നുമെ.

നീങ്ങട്ടെ വമ്പിയന്നീടും
വിപുലം വാനരപ്പട.
നിന്നു കാക്കട്ടെ നാഥന്മാർ
മുന്നിൽപ്പിന്നിൽ ദ്വിപാർശ്വവും.

മാരുതിച്ചുമലിൽക്കേറി,
മുന്നിൽ ഞാൻ, പിന്നെ ലക്ഷ്മണൻ
അംഗദച്ചുമലിൽക്കേറി,
ഭവാനെന്നരികത്തുമായ്

ഗജൻ ഗവാക്ഷൻ ഗവയൻ
മൈന്ദൻ ദ്വിവിദനെന്നിവർ
നളൻ നീലൻ സുഷേണൻ താൻ
ജാംബവാൻ മററു പേരുമെ

ഒന്നിച്ച സൈന്യവും ചുററും
ചുഴന്നങ്ങനെ പോയിടാം!!
ആജ്ഞാപിച്ചീവിധം രാമൻ
യാത്രയായ് ലക്ഷ്മണാന്വിതൻ.

സുഗ്രീവസഹിതം രാമൻ
സേനാമദ്ധ്യേ വിളങ്ങിനാൻ.
വാരണക്കൂട്ടമെന്നോണം
വാനരപ്പടയങ്ങനെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മധു മോന്തി മദം പൂണ്ടും
കനികായ്കളശിച്ചുമെ
ഗർജ്ജിച്ചു കൂത്തടിച്ചങ്ങു
നീങ്ങിനാർ തെക്ക നോക്കിയോർ.

ഞങ്ങളിന്നു ഹാനിച്ചീടും
രാക്ഷസേശനെയെന്നുമായ്
വീരവാദം മുഴക്കിത്താൻ
വാനരന്മാർ നടക്കയായ്.

കീശപ്രവരർ തൻ തോളിൽ
ശോഭിച്ചു രാമലക്ഷ്മണർ,
താരാഗണം ചുഴന്നോരാ
തപനേന്ദുക്കൾ പോലവെ.

പാരെല്ലാം മൂടിട്ടും മാറായ്
പരന്നാ വാനരപ്പട
മുക്കറ്റം തിന്നു തൃപ്തന്മാ--
രുക്കൊണ്ടോർ യാത്ര ചെയ്തുതെ,

വാലിട്ടടിച്ചു വൃക്ഷങ്ങൾ
പാടേ തട്ടിപ്പുഴക്കിയും
കുന്നായ കുന്നിലൊക്കെത്താൻ
ചെന്നു കേറിയിറങ്ങിയും;

രാമനാൽ രക്ഷിതന്മാരാ-
യാമഹാ സേന നീങ്ങയായ്
അല്പമെങ്ങുമിരിക്കാതെ
രാപ്പകൽബ്ഭേദമെന്നിയെ.

മലയാചലവും സഹ്യ--
മലയും വനശോഭിതം
സരസം കണ്ടുകൊണ്ടേററം
ത്വരയോടും കടന്നവ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആർത്തിരമ്പും കടൽത്തീര—
ത്തെത്തിനാരൊട്ടവായവർ.
മാരുതിച്ചുമൽ വിട്ടപ്പോം
രാമൻ താഴത്തിറങ്ങിയും,

സുഗ്രീവനൊത്തു വെള്ളത്തി—
ന്നരികെച്ചെന്നു ചൊല്ലിനാൻ.
''നാമെല്ലാം വാനരന്മാരെ!
സമുദ്രക്കരയെത്തിനാർ.

എന്നാലിന്നിനി മുമ്പോട്ടു
നീങ്ങുവാനെന്തുപായമാം
നിൽക്കട്ടെ സേനയിങ്ങെങ്ങാൻ
നോക്കാം നമ്മരംകു പോംവഴി.''

രാമന്റെ വചനം കേട്ടു
സുഗ്രീവൻ സൈന്യമൊക്കെയും
പാർപ്പിച്ചു സാഗരോപാന്തെ
നായകന്മാർക്കു കീഴിലായ്.

ക്രൂരജന്തുക്കളൊംച്ചേർന്നും
ഘോരം തിരയടിച്ചുമെ
സമുദ്രം കാണവെപ്പാരം
വിഷാദം പൂണ്ടിതായവർ.

അഗാധം ഗഗനാകാരം
സാഗരം കണ്ടു ദുഃഖിതർ
''കടക്കാനെങ്ങനെസ്സാദ്ധ്യം
കടലത്രു ഭയങ്കരം

ദശാസ്യവധവും പിന്നെ
സാധിക്കാനാവതെങ്ങനെ.''
ഈ വിധം ചിന്തയാൽ തപ്തർ
രാമോപാന്തമിരിപ്പുമായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജാനകീ സ്മരണ മൂലം
ദൂനനാം രാമനേററവും
വിലപിച്ചാൻ പലേ മട്ടിൽ;
മാനുഷം വേഷമല്ലയൊ.

ചിദാത്മാവാം യഥാർത്ഥത്തിൽ
ശ്രീരാമൻ ശാശ്വതൻ പരൻ;
രാമസ്വരൂപമീമട്ടിൽ
ശരിയായോർത്തിടും ജനം

സ്പർശിക്കാ ദുഃഖമേതൊന്നും,
പിന്നെയല്ലേ പരാപരൻ.
മോദ ഖേദ ഭയ ക്രോധ -
മോഹ ലോഭാദിയൊക്കെയും

അജ്ഞാന ലക്ഷണം, സാക്ഷാൽ
വിജ്ഞാനിക്കില്ലതൊന്നുമെ.
ദേഹാഭിമാനിയാം ദുഃഖി;
ചിദാത്മാ ദുഃഖമോചിതൻ.

സമാധിസ്ഥൻ സുഖം മാത്രം
കാണുമദ്വയ ഭാവിതൻ.
ബുദ്ധ്യാദിഭാവമില്ലാത്താ
ശുദ്ധസ്ഥിതി സുഖപ്രദം.
ബുദ്ധ്യാദികൾക്കെഴും ധർമ്മം
ദുഃഖാദികളസംശയം.

രാമൻ, പരാത്മാ, പുരുഷൻ, പുരാണൻ,
നിരീഹ, നാനന്ദമയസ്വരൂപൻ;
എന്നാലുമജ്ഞാനി നിനച്ചിടുന്നു
ഖിന്നൻ സുഖീരാമനുമെന്നു, മോഹാൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—2

# രാവണമന്ത്രണം-വിഭീഷണ നിഷ്ക്കാസനം

വാനോർക്കും ദുഷ്ക്കരംകർമ്മം
വായുപുത്രൻവലീമുഖൻ
ചെയ്യതോർത്തു ദശഗ്രീവൻ
നാണത്താൽ തലതാഴ്ന്നവൻ

മന്ത്രിമാരെവിളിച്ചാരാൽ
മന്ത്രമേവം തുടങ്ങിനാൻ.
"ഹനുമാൻ ചെയ്യകർമ്മങ്ങൾ
ഭവാന്മാർ കണ്ടതല്ലയൊ.

ദുഷ്പ്രാപ്യം ലങ്കയിൽക്കേറി
ദർശിച്ചാൻ പിന്നെ സീതയെ
രാക്ഷസന്മാരെ,യെൻ പുത്ര-
നക്ഷനേയും വധിച്ചവൻ,

എണ്ണാതെനിങ്ങളെസ്സർവ്വം
വെണ്ണീറായ് തീർത്തുലങ്കയെ
വാരിധിക്കപ്പുറം ചാടി
തിരികെപ്പോയതില്ലയൊ.

അതിനാലിനിയെന്താവാം
കൃതമാകേണ്ടുനമ്മളാൽ
മന്ത്രണംചെയ്യുവിൻ നിങ്ങ-
ളെന്തെനിക്കുഗുണപ്രദം.

രാവണച്ചൊല്ലുകേട്ടപ്പോൾ
രാക്ഷസന്മാർ പറഞ്ഞിടം.
''ലോകമെല്ലാം ജയിച്ചോൻ നീ
രാമനിൽബ്ഭയമെന്തിനായ്;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇന്ദ്രനെക്കെട്ടീയിട്ടോൻ നിൻ
നന്ദനൻ നിജപത്തനെ;
കുബേരൻ തന്നെ നീവെന്നു
പുഷ്പകം കൊണ്ടുപോന്നവൻ.

കാലനെക്കൂടി നീവെന്നോൻ
മേലിലെന്തുഭയം തവ.
വരുണൻ ദൈത്യരന്യന്മാർ
വീരന്മാർ ജിതരൊക്കെയും.

മയൻമഹാസുരൻ ഭീത്യാ
സ്വയം തന്റെ കുമാരിയെ
നിനക്കായർപ്പണംചെയ്തു
നിന്നധീനമിരിപ്പവൻ

ഹനുമാൻചെയ്തധിക്കാരം
ഞങ്ങൾ ഗൌനിച്ചിടാതെ താൻ
കപിയിൽ പൌരുഷം കാട്ട—
ന്നെന്തിനെന്നൊരുചിന്തയാൽ.

ഉപേക്ഷാഭാവമാർന്നില്ലാ
ഞങ്ങളന്നാളിലെങ്കിലൊ
അവനന്നാവിധം കാട്ടാ—
നാവതോവിക്രിയാദികൾ.

കാര്യമായ് ഞങ്ങളോർക്കാഞ്ഞാ
കപിചാവാതെപോയിനാൻ.
കല്പിച്ചാൽ കപിവർഗ്ഗത്തെ
കെല്പെഴും നരവർഗ്ഗവും

ഒപ്പംമുടിച്ചുവന്നീടാ—
മൊററയ്ക്കായാലുമങ്ങനെ.''
കുംഭകർണ്ണൻ തദാചൊന്നാൻ
രാക്ഷസേശനൊടീവിധം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സ്വയം നാശകരം കാര്യം
ചെയ്തുപോയാദ്യമേ ഭവാൻ.
സീതയെക്കൊണ്ടുപോരുമ്പോ‍ാം
രാമൻകണ്ടില്ല, ഭാഗ്യമായ്.

കണ്ടിരുന്നെങ്കിലോ ജീവൻ
കൊണ്ടുനീയിങ്ങുപോന്നിടാ.
രാമൻ മനുഷ്യനല്ലല്ലൊ
സാക്ഷാൽ നാരായണൻ പരൻ.

സീതയോ ലക്ഷ്മിയാം സാക്ഷാൽ
രാമഭാര്യയശസ്വിനി.
അവളെക്കൊണ്ടുപോന്നു നീ
തവവംശംമുടിക്കുവാൻ.

വിഷപിണ്ഡമകത്തേല്ലും
വന്തരം മത്സ്യമെന്നപോൽ
വൈദേഹിയെ വഹിച്ചു നീ
വിപത്തെന്തൊക്കെമേലിനി.

തെററിപ്പോയറിവില്ലാതെ
പററിപ്പോയെന്നിരിക്കിലൊ
സ്വസ്ഥനായ് സ്വൈരമായ്വാഴാം
സ്വസ്തിഞാൻ കൈവരുത്തിടാം.''

കുംഭകർണ്ണോക്തികേട്ടപ്പോ–
ളിന്ദ്രജിത്തോതിനാനിദം.
''രാമലക്ഷ്മണസുഗ്രീവ–
ന്മാരെയും കൂട്ടരേയുമെ
സംഹരിച്ചിഹ ഞാനെത്താം
സമ്മതം നല്കുഭൂപതെ!''

അന്നേരമങ്ങെത്തിവിഭീഷണാഖ്യൻ
വന്ദ്യൻ മഹാൻ ബുധരിലഗ്രഗണ്യൻ
ശ്രീരാമനെത്താൻസതതംസ്മരിപ്പോൻ
ദേവാരിയെക്കൂപ്പിയടുത്തിരുന്നാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മത്താണ്ടമന്ത്രീന്ദ്രരെ, മററുദൈത്യ-
പ്രമത്തരെ, കണ്ടതിവിസ്മയത്താൽ
കാമാതുരൻ രാവണനപ്രമത്തൻ
ധീമാനൊടീവണ്ണമുരച്ചു പിന്നെ.

''കുംഭൻ നികുംഭൻ തവമേഘനാദൻ
കുംഭശ്രവസ്സുല്ലതികായനാരും,
രാജൻ! ധരിച്ചീടുക, പോർക്കളത്തിൽ
രാമന്റെ മുമ്പാകെയുറച്ചു നിൽക്കാ.

പിടിച്ചു രാജൻ ഗ്രഹണം ഭവാനെ
'സീതേ' തി പേരാലിനി മോക്ഷമില്ല.
മടക്കി രാമന്നവളെക്കൊടുക്ക
കാഴ്ചപ്പണം വെ;ച്ചുയിർ കിട്ടിടും തെ.

തീക്ഷ്ണങ്ങളാം രാമശരങ്ങളേതുനാ-
ളിങ്ങെത്തി ദൈത്യത്തലകൊയ്തിടുന്നതും
അന്നാംമക്കമുമ്പാരഘുനാഥ പത്നിയെ
തിരിച്ചു നൽകുന്നതു യുക്തമായിടും.

എന്നാലും, മഹാകായർ മൃഗേന്ദ്ര തുല്യരാം
കപീന്ദ്രർ ദംഷ്ട്രാനഖശസ്ത്രധാരികൾ
ഇങ്ങെത്തി ദൈത്യത്തല കൊയ്തിടുന്നതാ-
മന്നാളക്കമുമ്പങ്ങു കൊടുക്ക സീതയെ.

ദേവേന്ദ്രനെന്നല്ല മഹേശനാകിലും
ഭവാനെ രക്ഷിപ്പതു സാദ്ധ്യമായിടാ.
രാമൻ വിടാ നിന്നെ, യമകലോകിലും
പതാളലോകത്തിലൊളിച്ചുപാർക്കിലും.''

വിഭീഷണൻ ശുഭം ചേരും
വിശുദ്ധം ചൊന്ന വാക്കുകൾ
ഔഷധം ചാക്കടുത്തോനി-
ലെന്നപോൽ തന്നെയായിതെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഖലനാം രാവണൻ കാല-
ചോദിതൻ ചൊല്ലിയിങ്ങനെ.
''തിന്നെൻ ചോറു തടിച്ചോൻ നീ-
യെന്നു മൊന്നിച്ചിരിപ്പവൻ,

വിരുദ്ധ രൂപമാചാരം
വരിച്ചോനെതിർകക്ഷിയായ്
മിത്രഭാവേന വർത്തിക്കും
ശത്രുതാനില്ല സംശയം.

കൃതഘ്നനിവനോടൊപ്പ-
മിവിടെപ്പാർപ്പയുക്തമാം.
അന്യോന്യം നാശമിച്ഛിപ്പോർ
സാമാന്യേന സ്വജാതികൾ.

മററൊരാളീ വിധം ചൊന്നാ-
ലൊററ വാക്കവനെദ്ദൃഢം
തെററന്നു കൊന്നു വീഴ്ത്തും ഞാൻ,
ചെററ നീ പോകുലാധമ.''

കർക്കശം രാവണൻ ചൊന്ന
വാക്കുകൾ കേൾക്കെ വിഭീഷണൻ
സഭയും വിട്ടു മേല്പോട്ടു
പൊങ്ങി നിന്നാൽ ഗദാധരൻ.

നാലുപേർ മന്ത്രിമാരൊന്നി-
ച്ചങ്ങു നിന്നവനോതിനാൻ,
ക്രോധത്താൽ കൺചുവന്നോനാം
കാമാന്ധൻ ജ്യേഷ്ഠനോടിദം.
''വന്നോട്ടേ നന്മയെന്നോർപ്പോ-
നെന്നെ നീ ധിക്കരിക്കയാം.

എന്നാലും താതനെപ്പോലാം
ഭ്രാതാവെന്നോർത്തു ചൊൽകയാം.
ജാതനായ് രാമരൂപത്തിൽ
കാലൻ ദശരഥാലയെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജാതയായ് ജനകാഗാരെ
സീതാ രൂപേണ കാളിയും.
ഭൂഭാരം തീർക്കുവാനത്രെ
ഭൂമൌ വന്നു പിറന്നവർ.

അവരാൽ പ്രേരിതൻ നീയോ
ശ്രുവിപ്പീലെൻഹിതോക്തികൾ.
പ്രകൃതിക്കപ്പുറം നില്പോൻ
പരമാത്മാ രഘൂത്തമൻ,

ഭൂതങ്ങൾക്കുള്ളിലൊപ്പം താൻ
പുറത്തെങ്ങുമൊരേ വിധം
നാമരൂപാദി ഭേദേന
ഭാസിപ്പോൻ നിർമ്മലൻ സദാ.

ഒന്നേ വഹ്നിപലേ വൃക്ഷ-
വൃന്ദത്തിന്നുള്ളിലെങ്കിലും
ഒന്നിലൊന്നിലുമോരോന്നായ്
തോന്നിടുന്നിതബുദ്ധരിൽ.

നിറഭേദം സ്ഫുരിക്കുന്നു
നിർമ്മല സ്ഫടികോപരി
നിർമ്മലാത്മാവിലാമട്ടിൽ
പഞ്ചകോശാദിഭേദവും

അവ്യക്തം പുരുഷൻ കാലം
പ്രധാനം നാലുമട്ടിലായ്
ഗണിപ്പൂ മുക്തനാത്മാവെ
തന്മായാഗുണബിംബിതൻ.

പ്രധാന പുരുഷാകാരാൽ
ജഗൽ സൃഷ്ടി കഴിപ്പവൻ
കാലരൂപത്തൊടെല്ലാം സം-
ഹരിപ്പോനജനവ്യയൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കാലരൂപീപരാത്മാവാം,
മായയാ, രാമരൂപവാൻ.
ബ്രഹ്മാവാൽ പ്രാർത്ഥിതൻ ദേവൻ
നിൻ വധത്തിന്നു വന്നതാം.
ആ കർമ്മം നീക്കുവാൻ വയ്യ;
സത്യസങ്കല്പനീശ്വരൻ.

സപുത്രം സബലം നിന്നെ
രാമൻ കൊല്ലുമസംശയം.
നിങ്ങളെക്കൊല്ലുവോരാ കാഴ്ച-
യെങ്ങനെക്കണ്ടിരുന്നിടും.

അതിനാൽ പോയിടുന്നേൻ ഞാൻ
രാഘവൻെറ സമീപമെ.
സ്വഗൃഹേ വളരെക്കാലം
സുഖമായ് വാഴ്ക രാവണ!''

വിഭീഷണൻ രാവണ വാക്കിനാൽ ക്ഷണം
വെടിഞ്ഞു തൻേറതഖിലം ഗൃഹാദികം
ഗമിച്ചു രാമങ്കലതീവ ഭക്തിയാൽ
തൽസ്സേവകാംക്ഷിച്ചതിതുഷ്ടമാനസൻ.

സർഗ്ഗം—3

## വിഭീഷണശരണാഗതി-
## സമുദ്രത്തോടുള്ള കോപം

വിഭീഷണൻ മഹാഭാഗൻ
നാലുപേർ മന്ത്രിമാരൊടും
ആകാശേവന്നുനിന്നേവ
മോതി രാമൻെറ മുന്നിലായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



"വിഭീഷണനഹംസ്വാമിൻ!
രാമ! രാജീവലോചന!
തവ ഭാരങ്ങളെക്കേട്ടോൻ
രാവണൻ തന്റെ സോദരൻ.

ഭ്രാതാവെന്നെപ്പുറത്താക്കി
നീതാൻ ശരണമേകണം.
അജ്ഞാനിയവനോടെത്ര
നല്ല വാക്കു പറഞ്ഞു ഞാൻ.

സീതയെത്തൻ പതിക്കേകാ-
നോതി ഞാൻ പല വട്ടവും
കാലപാശക്കുടുക്കാർന്നോൻ-
കാതിലേറീലതൊന്നുമേ.

വാളെടുത്തെന്നെ വെട്ടാനാ-
ണവനപ്പോൾ തുനിഞ്ഞതും
മന്ത്രിമാരൊത്തുടൻ ഞാനൊ
സന്ത്രസ്തൻ പോന്നിതേവഴി,

സംസാര മുക്തനായ് തീരാൻ
സ്വാമി! നിന്നെബ്ഭജിക്കുവാൻ."
വിഭീഷണ വചസ്സേവം
കേട്ടു സുഗ്രീവനോതിനാൻ.

"വിശ്വാസ്യനല്ലിവൻ രാമ!
മായാവീരാക്ഷസാധമൻ.
വിശേഷാൽ സീതയെക്കട്ട
ദുഷ്ടൻ തൻ സോദരൻ ബലി.

ഏകാന്തേ കൊന്നിടാം നമ്മെ
മന്ത്രിമാരൊത്തു ചേർന്നിവൻ
കല്പിച്ചാലിവനെക്കീശ-
രിപ്പോൾ താൻ കൊന്നു വിട്ടിടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇതാണെനിക്കു തോന്നുന്ന —
തേതാം താവക നിശ്ചയം.''
സുഗ്രീവ വചനംകേട്ടു
രാമൻ സസ്മിതമോതിനാൻ

''വേണമെങ്കിൽ കപിശ്രേഷ്ഠ!
വിശ്വമെല്ലാമരക്ഷണാൽ
സംഹരിക്കാനുടൻ വീണ്ടും
സൃഷ്ടിക്കാൻ ശക്തനാണുഞാൻ

അഭയം നല്കിഞാനിപ്പോ-
ളുവനെക്കൊണ്ടുവന്നിടു.

'ഞാൻ നിൻെറ'യെന്നഭാവത്തോ-
ടെന്നിൽ ശരണമാളുകിൽ
അഭയം നൽകുമാർക്കും ഞാ-
നതാണെൻ ദൃഢമാംവ്രതം.''

രാമൻെറ വചനംകേട്ടു
സുഗ്രീവൻ ഹൃഷ്ടമാനസൻ
ആശരപ്രവരൻതന്നെ-
യാനയിച്ചാൻ യഥോചിതം.

വിഭീഷണൻ തദാവീണു
സാഷ്ടാംഗം പ്രണമിക്കവെ
കണ്ടുതൻ മുന്നിലായ്, ശാന്തൻ
ശ്യാമൻ രാമൻ സഹാനുജൻ

സ്മേരവക്ത്രൻ വിശാലാക്ഷൻ
ധനുർബ്ബാണധരൻ ശുഭൻ
വിരാജിപ്പു; പരാഭക്തി-
മഗ്നനായ് രാക്ഷസൻ തദാ,

കൈകൂപ്പി ഗദ്ഗദത്തോടെ
തുടങ്ങീസ്തോത്രകീർത്തനം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സ്തോത്രംമൂലം:

നമസ്തേ രാമ! രാജേന്ദ്ര!
നമഃസീതാമനോരമ!
നമസ്തേ ചണ്ഡകോദണ്ഡ!
നമസ്തേ ഭക്തവത്സല!

നമോനന്തായ ശാന്തായ
രാമായാമിതതേജസെ
സുഗ്രീവമിത്രായചതേ
രഘൂണാം പതയെ നമഃ

ജഗദുല്പത്തിനാശാനാം
കാരണായ മഹാത്മനെ!
ത്രൈലോക്യഗുരവേ ऽനാദി
ഗൃഹസ്ഥായ നമോ നമഃ

ത്വമാദിർജ്ജഗതാം രാമ!
ത്വമേവസ്ഥിതികാരണം
ത്വമന്തേ നിധനസ്ഥാനം
സ്വേച്ഛാചാരസ്ത്വമേവഹി.

ചരാചരാണാം ഭൂതാനാം
ബഹിരന്തശ്ച രാഘവ!
വ്യാപ്യവ്യാപകരൂപേണ
ഭവാൻ ഭാതിജഗന്മയഃ

ത്വന്മായയാഹൃതജ്ഞാനാ
നഷ്ടാത്മാനോവിചേതസഃ
ഗതാഗതം പ്രപദ്യന്തെ
പാപപുണ്യവശാൽ സദാ.

താവൽസത്യം ജഗദ്ഭാതി
ശുക്തികാരജതംയഥാ
യാവന്നജ്ഞായതെജ്ഞാനം
ചേതസാനന്യഗാമിനാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ത്വദജ്ഞാനാൽ സദായുക്താഃ
പുത്രദാരഗൃഹാദിഷു
രമന്തേവിഷയാൻ സർവ്വാ–
നന്തേ ദുഃഖപ്രദാൻ വിഭൊ!

ത്വമിന്ദ്രോ ऽഗ്നിര്യമോരക്ഷോ
വരുണശ്ച തഥാനിലഃ
കുബേരശ്ച തഥാരുദ്ര–
സ്ത്വമേവ പുരുഷോത്തമ!

ത്വമണോരപ്യണീയാംശ്ച
സ്ഥൂലാൽ സ്ഥൂലതരഃപ്രഭൊ!
ത്വംപിതാസർവ്വലോകാനാം
മാതാധാതാത്വമേവഹി.

ആദിമദ്ധ്യാന്തരഹിതഃ
പരിപൂർണ്ണോऽച്യുതോऽവ്യയഃ
ത്വംപാണിപാദരഹിത–
ശ്ചക്ഷുഃശ്രോത്രവിവർജ്ജിതഃ

ശ്രോതാദ്രഷ്ടാഗ്രഹീതാച
ജവനസ്ത്വം ഖരാന്തക!
കോശേഭ്യോ വ്യതിരിക്തസ്ത്വം
നിർഗ്ഗുണോനിരുപാശ്രയഃ

നിർവ്വികല്പോനിർവ്വികാരൊ
നിരാകാരോനിരീശ്വരഃ
ഷഡ്ഭാവരഹിതോऽനാദിഃ
പുരുഷഃപ്രകൃതേഃപരഃ

മായയാഗൃഹ്യമാണസ്ത്വം
മനുഷ്യ ഇവഭാവ്യസെ.
ജ്ഞാത്വാ ത്വാം നിർഗ്ഗുണമജം
വൈഷ്ണവാമോക്ഷഗാമിനഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അഹംതൽപ്പാദസൽബദ്ധഭക്തി
നിശ്രേണിം പ്രാപ്യരാഘവ!
ഇച്ഛാമിജ്ഞാനയോഗാഖ്യം
സൌധമാരോഢുമീശ്വര!

നമഃസീതാപതേ രാമ!
നമഃ കാരുണികോത്തമ!
രാവണാരേ! നമസ്തുഭ്യം
ത്രാഹിമാം ഭവസാഗരാൽ.

പ്രസന്നൻസ്തുതികേട്ടേററം
ശ്രീരാമൻ ഭക്തവത്സലൻ
വരമെന്തിഷ്ടമെന്നാകിൽ
വരിക്കാമെന്നുമോതിനാൻ.

വിഭീഷണൻ;

ധന്യൻ ഞാൻകൃതകൃത്യൻ ഞാ-
നിന്നെനിക്കിഷ്ടലാഭമായ്
നിൻപാദദർശനത്താലെ
വിമുക്തൻ സംശയം വിനാ

അന്യനാർ ശുദ്ധനെന്നൊപ്പോൽ
ധന്യനാരെന്നൊടൊപ്പമായ്
മന്നിലാരെൻ കിടയ്ക്കുള്ളോൻ
നിന്നെ നേരിട്ടുകാൺകയാൽ.

നിൻതത്ത്വമറിവായെന്നാൽ
കർമ്മബന്ധം നശിച്ചിട്ടും
ജ്ഞാനംമേനല്ല ദേവേശ!
നിന്നെസ്സാക്ഷാൽക്കരിക്കവാൻ.

യാചിപ്പതില്ല ഞാൻ രാമ!
വിഷയാദിസുഖങ്ങളെ
തൽപ്പാദപത്മമൊന്നിൽത്താ-
നെപ്പൊഴും ഭക്തിചേർക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശരിയെന്നോതി സംപ്രീത്യാ
രാമൻ വീണ്ടും പറഞ്ഞിദം.
"ശുഭം കേൾക്കുക ഞാൻ ചൊല്ലാം
രഹസ്യം മമ നിശ്ചയം.

രാഗദ്വേഷം വെടിഞ്ഞുള്ളാ
യോഗിമാർ ഹൃദയങ്ങളിൽ
സീതയോടൊത്തു ഞാൻ നിത്യം
വസിക്കുന്നുണ്ടുഭക്തരിൽ.

അതിനാൽ സർവ്വദാ ശാന്തൻ
നീയോ പാപ വിമോചിതൻ
എന്നെദ്ധ്യാനിക്കുവോൻ നിത്യം
മുക്തനാമില്ല സംശയം.

വായിപ്പോനെഴുതുന്നോനും
ശ്രവിപ്പോനുമിതേ സ്തുതി
പ്രാപിക്കുമചിരാൽ ശ്രേഷ്ഠം
മൽസാരൂപ്യപദം പ്രിയം."

പിന്നെ ലക്ഷ്മണനോടേവം
ചൊന്നാനാ ഭക്തവത്സലൻ
"നന്നായ് കാണുക നീയിപ്പോ-
ളെന്നെദ്ദർശിച്ചതിൻ ഫലം.

രാജപട്ടമിവന്നേകും
കൊണ്ടുവാ സാഗരോദകം.
എന്നോളം ഭൂമി നിന്നീടു-
മെന്നോളം സൂര്യചന്ദ്രരും

എന്നോളമെൻ കഥാലാപ-
മന്നോളം നൃപനാമിവൻ"
ലക്ഷ്മണൻ കൊണ്ടു വന്നേകി
സമുദ്രജലവും തദാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിഭീഷണന്നു ചെയ്യിച്ചാൻ
ലങ്കാരാജ്യാഭിഷേചനം
മന്ത്രിമാരാൽ രമാനാഥൻ
ലക്ഷ്മണൻ ചേർന്നുകൊണ്ടുമെ.

വാനരന്മാർ പ്രശംസിച്ചാർ
''ധന്യ ധന്യ'' നിതേവിധം.
സുഗ്രീവൻ പുത്തു രാജാവെ
പുൽകിയും ചൊല്ലിയിങ്ങനെ.

നമ്മളെല്ലാം പരാത്മാവിൻ
കിങ്കരന്മാർ വിഭീഷണ!
എന്നാലതിൽബ്ഭവാൻ മുഖ്യൻ
ഭക്ത്യാശരണമാണ്ടവൻ.
രാവണൻെറ വധത്തിന്നായ്
ഭവാൻ സാഹായ്യമേകണം.

വിഭീഷണൻ;

''പരമാത്മാവായ രാമന്നാ-
യൊരു സാഹായ്യമെന്തിനാം
എന്നാലും ദാസ്യഭാവത്താ-
ലെന്നാലായതു ചെയ്തിടാം.''

ദശാസ്യ ദൂതനായപ്പോളം
ശുകൻ നാമമഹാസുരൻ
വാനിൽത്താൻ നിന്നു സുഗ്രീവ
വാനരൻ തന്നൊടോതിനാൻ.

''ഭ്രാതാവിൻ പടി ചൊല്ലുന്നു
രാവണൻ രാക്ഷസാധിപൻ.
ഉൽകൃഷ്ടകുലജാതൻ നീ
മർക്കടന്മാർക്കധീശനും.

ഭവാനെൻ ഭ്രാതൃസമനാം
ഭവിച്ചോ വല്ല നഷ്ടവും.
ഏതോ സ്ത്രീഹേതയായെന്നാൽ,
തനിക്കെന്തതിലിത്രയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മടങ്ങു നാട്ടിലേ;ക്ലാകാ
പിടിക്കാൻ ലങ്കയാർക്കുമേ.
വാനോർക്കും പററിടാ, പിന്നെ
വാനരൻ, നരനൊക്കുമൊ.''

വാക്കേവം കേട്ടുക്രൈവെപ്പാര
മൂക്കോടെച്ചാടി വാനരർ
പിടിച്ചാരവനെക്കൊല്ലാ–
നിടിച്ചും കൊണ്ടു മുഷ്ടിയാൽ.

ഇടിയേററശ്ശുകൻ പേടി–
ച്ചടൻ രാമനൊടോതിനാൻ
''ദൂതനെക്കൊൽകയോ രാജൻ!
പിന്തിരിപ്പിക്ക കീശരെ.''

ദയനീയം ശുകൻ ചൊന്ന
വചനം കേട്ടു രാഘവൻ
കൊല്ലൊല്ലെന്നോതി വേഗത്തിൽ
തടഞ്ഞാൻ വാനരേന്ദ്രരെ.

ശുകൻ വീണ്ടും വിഹായസ്സിൽ
കേറി നിന്നുരിയാടിനാൻ.
''എന്തുത്തരം ദശാസ്യന്നായ്
സുഗ്രീവാ! പോകയാണു ഞാൻ.''

സുഗ്രീവൻ:

ബാലിതൻ ഗതിതാനല്ലൊ
നിനക്കും രാക്ഷസാധമ.
നീയും മരിക്കുമെൻ കൈയാൽ
പുത്രസൈന്യസമന്വിതം.

രാമൻെറ ഭാര്യയെക്കട്ടോ–
നെങ്ങു നീ രക്ഷ നേടിടും.''
ഇത്രയും ചൊല്ലി ബന്ധിച്ചാൻ
ശുകനെ സ്വാമിശാസനാൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുമ്പേ താൻ കപിസൈന്യത്തിൻ
വലുപ്പം കണ്ട രാക്ഷസൻ
ശാർദ്ദൂലൻ വിവരം നൽകി
രാവണന്നു യഥാതഥം.

വിചാരമഗ്നനായ് വാണാൻ
രാവണൻ വാർത്ത കേൾക്കവെ.
പിന്നെ രാമൻ സമുദ്രത്തിൻ
നേർക്കു നോക്കിപ്പറഞ്ഞിദം.

"ഇങ്ങു ഞാൻ വന്നണഞ്ഞിട്ടും
വാരിധിക്കെന്തഹന്തയോ!
സ്വാഗതം ചെയ്യുവാൻ ദൃഷ്ട–
നാഗമിക്കാത്തതെന്തുവാൻ.

നരൻ ഞാൻ വാനരന്മാരു–
മെന്തു സാരമതാം മതം.
വററിക്കും ഞാൻ സമുദ്രത്തെ
ലക്ഷ്മണാ! കണ്ടുകൊള്ളുക

കാൽനടയ്ക്കു നടക്കട്ടെ
കടലിൽക്കീശരൊക്കെയും."
ഇത്രയും ചൊല്ലി കോപാന്ധൻ
വില്ലും കൈയിൽ പിടിച്ചവൻ

തൂണിയിൽ നിന്നെടുത്തേക
ബാണം കാലാഗ്നിസന്നിഭം
വില്ലിലേററിത്തൊട്ടുത്തേവം
ചൊല്ലി രാമൻ ത്വരാന്വിതം.

"കാണട്ടേ സർവ്വഭൂതങ്ങൾ
രാമൻെറ ശരവിക്രമം.
ഇതാ ഞാൻ ഭസ്മമാക്കുന്നു
നദീശൻ സാഗരത്തിനെ."

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമനേവംപറഞ്ഞാറെ
ഭൂമിയേററം വിറച്ചുപോയ്
ദിക്കെല്ലാമന്ധകാരത്തിൽ
ചിക്കെന്നാണ്ടിതുവാനവും.

ഇളകീസാഗരം, തീരം
കടന്നുനാലുനാഴിക;
ഭ്രമിച്ചുരണ്ടുപോയ് മത്സ്യം
തിമിനക്രങ്ങളെന്നിവ.

അന്നേരം സാഗരം സാക്ഷാൽ
ദിവ്യരൂപം ധരിച്ചവൻ
ദിവ്യഭൂഷണസമ്പന്നൻ
ദിവ്യശോഭ പരത്തുവോൻ

തന്നുള്ളിലുള്ളരത്നങ്ങൾ
കൈയിലേന്തിവരുന്നവൻ
രാമൻെറ കാല്ക്കലായ്വെച്ചാൻ
കാഴ്ചയായവയൊക്കെയും.

പിന്നെവീണുനമിച്ചേവം
ചൊന്നാൻ രാമനെ നോക്കിയും
''രക്ഷ രക്ഷ ജഗന്നാഥ!
രാമ!ത്രൈലോക്യ രക്ഷക!

ജഗത്തിൻ സൃഷ്ടിചെയ്യപ്പോൾ
ജഡമായ് തീർത്തിതെന്നെ നീ.
സ്വഭാവം ദേവനാൽസൃഷ്ടം
മാററുവാനാർക്കുശക്യമാം?

സ്ഥൂലമാം പഞ്ചഭൂതങ്ങൾ
സ്വഭാവേന ജഡങ്ങളാം;
അങ്ങയാലാവിധം സൃഷ്ട—
മെങ്ങനെപ്പിന്നെമാറിടും?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



താമസം ചേർന്നഹങ്കാരാൽ
ജാതമാം ഭൂതമൊക്കെയും
തമോരൂപജഡത്വം താ–
നതിനാൽ സിദ്ധമായ് സ്വയം.

നിർഗ്ഗുണൻ നീ നിരാകാരൻ
നിന്മായാഗുണമെപ്പൊഴോ
ലീലയാ സ്വീകരിക്കുന്നി,–
തപ്പോഴം''വൈരാജ''നാമവാൻ

ഗുണാത്മകൻ വിരാട്ടിൻെറ
സത്ത്വാംശാൽദേവവർഗ്ഗവും
പ്രജേശന്മാർ രജസ്സാലും
ജാതരായ്, രുദ്രർ താമസാൽ.

മായയാൽ കളിയായ് നീയീ
മാനുഷംവേഷമാർന്നവൻ.

നിർഗ്ഗുണൻ നിന്നെഞാനെമ്മ–
ട്ടറിയും ജഡമൂർത്തിമാൻ.
വേണ്ടമാർഗ്ഗേ മൃഗം നീങ്ങാൻ
വേണ്ടയോ വടിയാലടി;

സന്മാർഗ്ഗേമൂർഖനും പോകാൻ
ദണ്ഡനം തന്നെവേണ്ടതാം.
ശരണം പൂകുവേൻ നിന്നിൽ
ശരണ്യാ!ഭക്തവത്സല!
അഭയം നല്കുമേ രാമ!
പോകാൻ മാർഗ്ഗംതെളിച്ചിടാം.''

രാമൻ:

എങ്ങോട്ടയസ്ക്കമെൻ ബാണം
വെറുതെപ്പിൻവലിച്ചിടാ
ലക്ഷ്യംകാണിക്കുകിങ്ങെങ്ങാൻ
തൽക്ഷണം വിട്ടിടേണ്ടതാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മഹാബാണം തൊടുത്തേവം
മഹാൻ രാമനരഞ്ഞുവെ
സ്വഹിതം ചൊല്ലിനാൻദിവ്യ–
മഹിമാവാർന്നസാഗരം.

"ദ്രുമകല്യാ" പ്രദേശംനേർ
വടക്കുണ്ടവിടെ പ്രഭോ!
പാർക്കുന്നൂപാപിവർഗ്ഗങ്ങൾ
പലരും ദുഷ്ടമാനസർ.

ദ്രോഹിപ്പോരെന്നൊനിത്യം, നിൻ
ബാണമങ്ങോട്ടയയ്ക്കുക."
രാമൻതത്രശരം വിട്ട–
'ങ്ങാഭീര'ക്കൊലചെ,യ്തതും

മടങ്ങിവന്നുതൂണീര–
സ്ഥിതമായ് മുൻപടിക്കതാൻ.
വിനയാനതനായ്പിന്നെ
രാമനോടോതിസാഗരം.

ജലപ്പരപ്പിലിങ്ങിപ്പോൾ
ചിറകെട്ടട്ടെയാനളൻ,
വിശ്വകർമ്മാത്മജൻ, വേണ്ടും
വരസിദ്ധിവരിച്ചവൻ.

ലോകപാവനമാം കീർത്തി–
യതിനാൽ വന്നുചേർന്നിടും"
പറഞ്ഞേവം മഹാനബ്ധി
മറഞ്ഞാൻകൂപ്പി രാമനെ.

പിന്നെസ്സുഗ്രീവനോടൊത്തു
രാമൻ കല്പനനല്കിനാൻ,
നളൻവാനരരെക്കൂട്ടി
സേതുബന്ധം നടത്തുവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അതീവഹൃഷ്ടൻനളനോത്വരാമ്പിതം
ഗിരീന്ദ്രതുല്യദ്രുവഗേന്ദ്രരൊത്തഹൊ
മരങ്ങളും കന്നിവകൊണ്ടുറപ്പിലായ്
തുടങ്ങിസേതുപ്പണിനൂറുയോജന.

സർഗ്ഗം—4

## സമുദ്രതരണം-ശുകരാവണസംവാദം

സേതുബന്ധംതുടങ്ങുമ്പോഠം
രാമൻ രാമേശ്വരത്തിലായ്
ശിവപ്രതിഷ്ഠയും ചെയ്തു
പൂജിച്ചേവമുരച്ചതെ.

''രാമേശ്വരശിവൻതന്നെ
സേവിച്ചാർസേതുബന്ധനം
പ്രണമിപ്പോനവൻ പാപ–
മുക്തനാമെന്നനുഗ്രഹാൽ.

സേതുസ്നാനം കഴിച്ചാരീ
ശിവനെക്കുപ്പിവീണ്ടുമെ
കാശിയിൽച്ചെന്നു ഗംഗാംബു
കൈയിലേന്തിതിരിച്ചിഹ

വന്നുഗംഗാജലംകൊണ്ടീ
ശിവലിംഗാഭിഷേചനം
ചെയ്തുപാത്രം സമുദ്രത്തിൽ
തള്ളുവോൻബ്രഹ്മമാമവൻ.''

സേതുബന്ധംതുടങ്ങും നാഠം
പതിന്നാലായിയോജന
രണ്ടുപത്തോളവും തീർത്തു
രണ്ടാം നാളിലുമങ്ങനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മൂന്നാം നാളിരുപത്തൊന്നു
യോജനപ്പാടുകെട്ടിനാർ.
നാലാം നാളിരുപത്തൊന്നും
പിന്നെയൊന്നും കഴിച്ചവർ

അഞ്ചാം നാളിരുപത്തൊന്നും
പിന്നെ രണ്ടും ക്രമേണയായ്
നൂറുയോജനയും തീർത്താർ
നളൻ വാനര വീരരും.

സേതു ബന്ധിച്ചതിൻ മീതെ
കപിസൈന്യം നടന്നുടൻ
സുബേലാ പർവ്വതം തന്നിൽ
സാമോദം ചെന്നു ചേർന്നുതെ.

ഹനുമാനംഗദൻ രണ്ടു
കീശർ തൻ ചുമലേറിയോർ
ചെന്നെത്തീ രാഘവന്മാരാ
കുന്നിന്മേൽ ലങ്ക കാണുവാൻ.

കണ്ടുരാമൻ സുവിസ്തീർണ്ണം
പതാകാവൃതലങ്കയെ
വന്മതിൽക്കെട്ടുവട്ടുള്ളിൽ
പൊന്മണിക്കെട്ടിടങ്ങളും

കോട്ടകൊത്തളവും ശസ്ത്ര--
ക്കൂട്ടവും ചേർന്നു രമ്യമായ്.
ദശഗ്രീവൻ വിരാജിപ്പൂ
വിശാലോത്തുംഗമേടയിൽ,

വീരന്മാർ മന്ത്രിമാരൊത്തും
കിരീടം പത്തുമാർന്നവൻ.
കുന്നുപോലുന്നതൻ കണ്ടാൽ
കാർമുകിൽ പ്രഭപൂണ്ടവൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രത്നദണ്ഡാർന്ന വെൺകൊററ-
ക്കുടയാൽ ശോഭിതൻ പരം.
ഇതിന്നിടയ്ക്കു ബന്ധസ്ഥൻ
മുക്തനായ് തീർന്നിതാശ്ശുകൻ;

വാനരത്തല്ലുകൊണ്ടുള്ളോൻ
രാവണോപാന്തമെത്തിനാൻ.
ഹസിച്ചു രാവണൻ ചൊന്നാ
''നഹോ തല്ലുകിടച്ചുവൊ.''

രാജാവിൻ വചനം കേട്ടുകെ
ശ്ശുകൻ ചൊല്ലിയിതേ വിധം.
''കടലിന്നക്കരെച്ചെന്നു
തവ സന്ദേശമേകി ഞാൻ

അപ്പോൾ ചാടിപ്പിടിച്ചെന്നെ
കീശർദന്തനഖങ്ങളാൽ

കടിച്ചും കീറിയും കൊല്ലാൻ
പലവട്ടം ശ്രമിക്കവെ
രാമാ രക്ഷിക്കമൊമെന്ന-
ങ്ങുറക്കെക്കേണുരച്ചു ഞാൻ.

വിട്ടേക്കാൻ രാമനോ ചൊല്ലി;
വിട്ടു കീശരുടൻ തദാ.
പിന്നെ ഞാനിങ്ങു പോന്നേററം
ഭീത്യാ, നോക്കിപ്പ്ലവംഗരെ.

വാനരപ്പടയും നിൻെറ
ദാനവപ്പടയും സമം
ദേവദൈത്യപ്പടയ്ക്കൊക്കും
കൈവരാസന്ധിതങ്ങളിൽ

കോട്ടയിൽത്തങ്ങിയാൽപോര
കേട്ടാലും നിൻെറ പോംവഴി
സീതയെക്കൊണ്ടുപോയ് നൽക
പോർവിളിക്കല്ലയാശ്ശിലൊ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നിന്നോടു ചൊല്ലുവാൻ രാമ-
നെന്നോടേല്പിച്ചിതിങ്ങനെ.
ബലമെന്താശ്രയിച്ചാണോ
ഖല! നീ കട്ടു സീതയെ

ആ ബലം കാട്ടിയാലും നീ
സൈന്യസേവകരൊത്തഹൊ
നാളെക്കോട്ടമതിൽക്കെട്ടും
നീളെ രാക്ഷസസേനയും

ഇരയായ് തീരുമെൻ തീവ്ര
ശരങ്ങൾക്കെന്നുമോർക്ക നീ
പട്ടകോപം വമിക്കും ഞാൻ,
പട പായാതെ നിർത്തുക.

നിർത്തി സന്ദേശ വാക്യങ്ങ-
ളിത്ര്യയും ചൊല്ലി രാഘവൻ.
സർവ്വവാനരരും വേറെ
നിന്നാലും നാലുപേരവർ,

ശ്രീരാമൻ ലക്ഷ്മണൻ പിന്നെ
സുഗ്രീവൻ താൻ വിഭീഷണൻ
ഒന്നിച്ചു കൂടിയാൽ ലങ്ക-
യൊന്നാകെച്ചുട്ടെരിച്ചഹൊ

നഷ്ടമാക്കാൻ സമർത്ഥന്മാ-
രിഷ്ടവാക്കാണിതെൻ പ്രഭൊ!
അവർ തൻ ബലവും രൂപം
കണ്ടഞ്ഞാനിത്തുമോർക്കയാം.

രാമനൊററയ്ക്കു പോരുന്നോൻ
ചാരമാക്കാൻ പുരം പ്രഭൊ!
കാൺകിതാ കപി സൈന്യങ്ങൾ
കണക്കെന്ന്യേകടൽപ്പടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പരന്നു്; ഗർജ്ജനം ചെയ്തു
പർവ്വതാകാരവാനരർ.
പ്രയാസമെണ്ണിടാൻ പക്ഷേ
പറയാം,മാർ പ്രധാനികൾ

ലങ്കയ്ക്കഭിമുഖം നില്പോൻ
ഹുങ്കാൽ ഗർജ്ജിച്ചിടുന്നവൻ
സുഗ്രീവ സൈന്യനാഥൻ താ–
നിവൻ വഹ്നി തനൂജനാം

ഒരു ലക്ഷം കപീന്ദ്രർക്കു
നാഥനാം 'നീല'നാണവൻ.
ഇവനോ, മലപോലുള്ളോൻ
പത്മ കേസരസന്നിഭൻ

ക്രോധേന വീണ്ടുമേ വീണ്ടും
ഭൂമൌ വാലിട്ടടിപ്പവൻ
ബലവാൻ യുവരാജാവാം
ബാലിനന്ദനനംഗദൻ.

ഇവനോ, ഹനുമാൻ, സീതാ
ദേവിയെക്കണ്ടു പോയവൻ,
തവപുത്രവധം ചെയ്തോൻ,
പ്ലവഗേന്ദ്രൻ പുകഴ്ന്നവൻ.

വെളുത്തുവെള്ളിപോലുള്ളോൻ
മഹാബുദ്ധി പരാക്രമി,
സുഗ്രീവന്നരികെച്ചെന്നു–
മങ്ങുമിങ്ങും നടക്കുവോൻ,

സിംഹം പോൽ വിക്രമം പൂണ്ടോൻ
മഹാകായൻ പ്രതാപവാൻ
ഇക്കാണും'രംഭ' നെന്നുള്ളോൻ
ശക്തൻ ലങ്കമുടിക്കുവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുക്കിടാം ലങ്കയെന്നുള്ള
ധിക്കാരം പൂണ്ടുനോക്കുവോൻ
കോടികീശർക്കധീശൻ താൻ
കാണുമീ 'ശരഭൻ' മഹാൻ.

'പനസൻ' വീര്യവാൻ പിന്നെ
'മൈന്ദൻ' 'ദ്വിവിദ'നെന്നവർ
വിശ്വകർമ്മസുതൻ സേതു-
കർത്താവാം 'നള'നും ബലർ.

വാനരന്മാരെവർക്കെണ്ണിക്കാ-
നെണ്ണാനൊന്നും കഴിഞ്ഞിടാ.
എല്ലാരും മലപോലുള്ളോർ
ശൂരന്മാർ രണതൽപ്പരർ,

ശക്തന്മാരും തകർത്തീടാൻ
ലങ്കയെസ്സഹരാക്ഷസം.
മൊത്തംമാത്രമിവർക്കെണ്ണും
പ്രത്യേകം പറയാം പ്രഭൊ!

കോടിക്കണക്കിലാ- കൂട്ടം
കൂടുന്നോർ പല ഭാഗവും.
പലതും 'ശംഖ' മായ്ത്തീരും
ചിലത'ർബ്ബുദ'വും വരും.

സുഗ്രീവസചിവന്മാർക്കു
മാത്രമുള്ളവയാണിവ.
മററുള്ളവ കണക്കാക്കാൻ
മുററുമെന്നാലസാദ്ധ്യമാം.

രാമൻ മാനുഷനല്ലേതും
സാക്ഷാൽ നാരായണൻ പരൻ.
ചിച്ഛക്തിതന്നെയാം സീത
ജഗത്തിൻഭാവഹേതുവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചരാചരാത്മകം ലോക-
മുൽപ്പന്നമവരാലഹൊ
അതിനാലീജഗത്തിൻെറ
താതമാതാക്കളാണവർ.

പിതാക്കന്മാരൊടാരാനു-
മെതിർക്കാനോർത്തിടാവതോ.
മൂഢനായ് നീ ഹരിച്ചോരാ
സീതമാതാവുതന്നെയാം.

സംസാരം നശ്വരം; ദേഹം
നിസ്സാരം ക്ഷണനാശകം.
ചതുർവിംശതിതത്ത്വങ്ങൾ
പഞ്ചഭൂതങ്ങൾ ചേർന്നതാം;

മലമാംസാസ്ഥിദുർഗ്ഗന്ധ-
പൂരിതം ജഡമായതും.
അതിലെന്തിത്രമോഹംതേ
പതിയാൻ; വേറെയാണു നീ.

ഏതുദേഹത്തിനായ് നാനാ
പാതകംകൃതമായതും
ഏതു, ഭോഗങ്ങൾ തേടിപ്പോ,-
യാദേഹം വീഴുമിങ്ങുതാൻ.

ജീവനൊപ്പം ജനിക്കും മുൻ
ജന്മത്തെപ്പുണ്യപാപവും.
അവദേഹത്തിലുംചേർന്നു
സുഖദുഃഖങ്ങളേകിടും.

കർത്താവും ദേഹവും താനെ-
ന്നദ്ധ്യാസാൽജീവനോർത്തിടും
എത്രയോനാ, ളത്രയും കാലം
മൃത്യുജന്മങ്ങളേർപ്പെട്ടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അതിനാൽ ദേഹസംബന്ധ-
മഭിമാനം ത്യജിക്കുക.
ആത്മാവോനിത്യവും ശുദ്ധം
വിജ്ഞാനമയമവ്യയം.

അജ്ഞാനാൽ, ബദ്ധനെന്നുള്ള
ഭാവമാർന്നേലപ്പമോഹവും.
അതിനാൽ, ശുദ്ധമാത്മാവെ-
ന്നറി, ഞ്ഞോർക്കുസർവ്വദാ.

വൈരാഗ്യം നീവരിച്ചാലും
ദാരപുത്രധനാദിയിൽ;
നരകം സൂകരംനായ
തന്നിലും ഭോഗമില്ലയൊ.

വിവേകം ചേർന്നവൻമർത്ത്യൻ
വിശേഷാൽ ദ്വിജനായവൻ
കർമ്മഭൂഭാരതംതന്നിൽ
ജാതനെന്നിട്ടുമീവിധം,

ആത്മാവാം ദേഹമെന്നോർത്തു
ഭോഗം തേടുന്നതാരുവാൻ.
അങ്ങയോ ബ്രാഹ്മണൻതന്നെ
പൌലസ്ത്യതനയൻ മഹാൻ

അജ്ഞാനിയെന്നപോലെന്നും
ഭോഗംതേടുന്നതെന്തുവാൻ.
സർവ്വസംഗംത്യജിച്ചാലു-
മിനിമേലെങ്കിലും ഭവാൻ.

സീതയെക്കൊണ്ടുപോയ് രാമ-
ന്നർപ്പിച്ചും ഭക്തി പൂർവ്വകം
രാമനാം പരമാത്മാവിൻ
പാദപത്മം ഭജിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എന്നാൽ വിഷ്ണുലോകത്തിൽ
പ്രാപിക്കും പാപമുക്തനായ്
ഇല്ലെങ്കിൽ ചുററിട്ടം നീയാ
നീചലോകത്തിലെന്നുമെ
സ്വീകരിച്ചാലുമെൻ വാക്യം
സത്താം ചൊല്ലിയതത്രയും.

നാരായണൻ മരതകോപമകാന്തിയേന്തും
ശ്രീരാമരൂപനമലൻ ധൃതചാപബാണൻ
സുഗ്രീവലക്ഷ്മണ വിഭീഷണസേവ്യനാം ശ്രീ
സീതാസമേതനെ സദാഹൃദി കണ്ടുകൊൾക.

സർഗ്ഗം—5

## യുദ്ധാരംഭം

അജ്ഞാന നാശകം വാക്യം
ശുകൻ ചൊന്നതു കേൾക്കവെ
ക്രോധത്താൽ കൺചുവന്നോതി
രാവണൻ രാക്ഷസാധിപൻ.

''നീയെൻെറ ചോറു തിന്നുന്നോൻ
ഗുരുവെപ്പോൽ വചിക്കയൊ;
ശാസിപ്പോൻ ഞാൻ ത്രിലോകത്തെ
ഭോഷാ! നീ ചൊൽവതെന്തെടൊ.

കൊന്നിടാൻ വദ്ധ്യനാം നിന്നെ
തോന്നിടുന്നുണ്ടുവെങ്കിലും
മുന്നം നീ ചെയ്തകാര്യങ്ങ-
ളിന്നോർമ്മിച്ചൊട്ടടങ്ങിടാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇവിടം വിട്ടുപോ മൂഢാ
നിൻവാക്കേവം പൊറുത്തിടാ.''
''രാജാവിൻകൃപ''യെന്നോതി
ശുകൻ പോയാൻ വിറച്ചുമെ.

ശുകൻ തൻ പൂർവ്വജന്മത്തിൽ
ബ്രാഹ്മണൻ ബ്രഹ്മവിത്തമൻ
വാനപ്രസ്ഥാശ്രമം പൂകി
കാനനാന്തേ വസിച്ചപോൽ.

ഒന്നുപോൽ പലയജ്ഞങ്ങ-
ളന്നവൻ ചെയ്തുപോന്നതെ
ദാനവക്ഷയമേകാനായ്
വാനവക്ഷേമ വായ്പിനായ്.

രാക്ഷസദ്വേഷിയായ് തീർന്നാ-
നേവം ദേവഹിതത്തിനായ്.
അതിനാലവനെ ദ്വേഷി -
പ്പതിനായ് പക പോക്കുവാൻ.

''വജ്രദംഷ്ട്രൻ'' മഹാദൈത്യൻ
തക്കം നോക്കിയിരിപ്പുമാ൩്.
അന്നൊരിക്കൽ ശുകാഗാരെ
വന്നേറീ കുംഭസംഭവൻ.

പൂജിച്ചു ഭക്ഷണത്തിന്നായ്
ക്ഷണിച്ചാനവനെ ശ്ശുകൻ.
സ്നാനാർത്ഥം മുനിപോയപ്പോ-
ളേനംപോൽ വന്നിതാഖലൻ;

അഗസ്ത്യരൂപമാണ്ടോതി
ശുകൻ തന്നോടു രാക്ഷസൻ.
''ഭിക്ഷനൽകാൻ നിനച്ചെങ്കിൽ
മാംസഭക്ഷണമേകുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കിട്ടാറില്ലിയ്യിടയ്ക്കൊന്നു–
മാട്ടമാംസ, മതിൽകൊതി.''
ആവിധം സമ്മതിച്ചെല്ലാ–
മൊരുക്കിബ്ഭോജനം ശുകൻ

ശുകഭാര്യാസ്വരൂപം പൂ-
ണ്ടരക്കൻ, തൽഗൃഹാന്തരെ
അവളെസ്സംബദ്ധയാക്കി, ത്താൻ
പചിച്ചാൻ നരമാംസമെ,

വിസ്തരിച്ച പചിച്ചെല്ലാം
വിളമ്പീമുനി മുമ്പിലായ്
വിരുതൻ രാക്ഷസൻ വേഗം
വിട്ടിതാശ്രമമപ്പൊഴെ.

അശുദ്ധം ഭോജനം കണ്ടി–
ട്ടഗസ്ത്യൻചൊല്ലി കോപിയായ്
''അഭക്ഷ്യം നരമാംസത്തെ
ഭുജിപ്പാൻ തന്ന കാരണം

ദൈത്യനായ് തീർന്നുപോകട്ടെ
നിത്യം നീ നരഭോജിയായ്.''
ശപ്തനാം ശുകനോ ചൊല്ലി
തപ്തനായ് മുനിയോടിദം.

''പചിക്ക മാംസമെന്നിപ്പോൾ
വചിച്ചോനങ്ങു തന്നെ യാം
തവാജ്ഞ നിർവ്വഹിച്ചെന്നെ
ഭവാനേവം ശപിക്കയോ.''

ശുകന്റെ വചനം കേട്ടി–
ട്ടല്പം ചിന്തിച്ച മാമുനി
അറിഞ്ഞു ദൈത്യകൃത്യങ്ങൾ
പറഞ്ഞാനുടനീ വിധം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''നിന്നെദ്വേഷിക്കുവാൻ ദൈത്യൻ
തന്നെയാം ചെയ്തിതൊക്കെയും
അതേതുമോർത്തിടാതേവം
ശപിച്ചു നിന്നെ ഞാൻമുനെ!

എന്നാലും പതിരായ് പാഴായ്
തീർന്നിടാ മദ്വചസ്സുകൾ.
രാക്ഷസാകാരമായ് വാഴ്ക
രാവണന്നു സഹായമായ്.

ദശഗ്രീവ വധത്തിന്നായ്
കീശന്മാരൊത്തു രാഘവൻ
വന്നെത്തും ലങ്കതൻ ചാര –
ത്തന്നേരം കാൺക രാമനെ.

രാവണൻ വിട്ട ചാരൻ നീ
രാമനെക്കണ്ട മാത്രയിൽ
ശാപമോക്ഷം വരുംപിന്നെ
ച്ചെന്നു രാവണനേകുക.

തത്ത്വജ്ഞാന; മതോടൊപ്പം
മുക്തനായ് ബ്രഹ്മമെത്തിടാം.''
അഗസ്ത്യൻ ചൊന്നപോൽതന്നെ
ശുകൻ ബ്രാഹ്മണസത്തമൻ.

രക്ഷസ്സായുടനെത്തന്നെ
രാവണോപാന്ത വാസിയായ്.
ചാരരൂപേണ ചെന്നിപ്പോൾ
രാമനെക്കണ്ടു വന്നവൻ.

രാവണന്നുപദേശിച്ചാൻ
വിജ്ഞാന;മതിനപ്പുറം
ബ്രാഹ്മണൻ തന്നെയായ് തീർന്നാൻ
വാനപ്രസ്ഥനുമായിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശുകനങ്ങുപിരിഞ്ഞാറെ
തത്രവന്നെത്തി "മാല്യവാൻ"
രാജമാതാപിതാവായോൻ
ബുദ്ധിമാൻ വൃദ്ധരാക്ഷസൻ.

പ്രശാന്തൻ വന്ദ്യനാവൃദ്ധൻ
ദശാസ്യനൊടു ചൊല്ലിനാൻ
"രാജാവേ! കേൾക്കമേ വാക്യം
യഥേഷ്ടം ചെയ്കപിന്നെ നീ.

സീതയെക്കൂടിവെച്ചെന്നോ
നീതിവിട്ടിപ്പുരാന്തരെ
ദുർനിമിത്തമനേകങ്ങ—
ളുന്നുതൊട്ടിഹകാൺമതാം.

ഭീതിദം നാശഹേതുക്ക-
ളോതിടാം കേൾക്കതൊക്കെയും.
കാർമ്മേഘഗർജ്ജനം ഘോരം
കാതുപൊട്ടുന്നു കേൾക്കവെ.

വർഷിക്കുന്നു പലപ്പോഴും
വിഷമം ചുടുരക്തവും
വിഗ്രഹങ്ങൾ വിയർക്കുന്നു
കണ്ണീരൊലുന്നിളക്കവും;

പല്ലിളിച്ചു ഭയം ചേർക്കു—
ന്നല്ലോ കാളികവിഗ്രഹം;
പൈപെററാൽ കഴുതക്കുട്ടി;
പാമ്പേലപ്പൂ ഗരുഡൻെറ മേൽ;

എലിയും കീരിയും പൂച്ച—
യ്ക്കെതിരായ് പടവെട്ടലാം;
കറുത്തമഞ്ഞളിച്ചുള്ള
കാലരൂപം ഭയങ്കരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുണ്ഡിതം വികൃതം കാൺമൂ
മുഖ്യദൈത്യഗൃഹങ്ങളിൽ.
ഈവിധം ദുർന്നിമിത്തങ്ങൾ
വേറെയും കാൺമിതെങ്ങുമെ.

അതിനാൽ കുലരക്ഷയ്ക്കാ–
യിതെല്ലാം ശാന്തമാക്കുവാൻ
സീതയെത്തൽക്ഷണം നൽകു
രാമന്നായ് സന്മനസ്സോടും:

ഓർക്ക, നാരായണൻ രാമൻ;
പോക്കവിദ്വേഷമാ വഴി.
ഭക്തിയാൽ ശുദ്ധരായ് തീർന്ന
തത്ത്വവിത്തുക്കളാരെയോ

സ്മരിച്ചെത്തുന്നമോക്ഷത്തി –
ലാരാമൻ നരനായിടാ.
അതിനാൽ രാമനെത്തന്നെ
ഭജിച്ചാലും ഹൃദിസ്ഥനെ.

എത്രതാൻ പാപിയെന്നാലും
ഭക്തിയാൽ ശുദ്ധനാം ഭവാൻ.
കുലനന്മയ്ക്കു ഞാൻ ചൊന്ന
കാര്യം ചെയ്യുക രാവണ!''

മാല്യവാൻ ഹിതമാം കാര്യം
ചൊല്ലിയെന്നാലതൊന്നുമെ
കേട്ടില രാവണൻ, കാല–
ക്കെട്ടിലാപ്പെട്ട ദുർമ്മതി.

രാവണൻ:

മനുഷ്യപ്പുഴുവാ രാമൻ
മർക്കടാശ്രയമാർന്നവൻ
മുനിസേവ്യൻ വെറും ഭ്രഷ്ടൻ
മാനിക്കാനെന്തുശക്തിയാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമനാൽ പ്രേരിതം നൃന-
മീമട്ടോരോന്നുരയ്ക്കയാം.
പോകനീ, വൃദ്ധനാം ബന്ധു-
വാകയാൽ ഞാൻ ക്ഷമിക്കവേൻ.

കാതുപൊള്ളിച്ചിടും വാക്കാ-
മോതുന്നതു ഭവാനഹൊ.''
എന്നോതിയവിടം വിട്ടു
രാവണനൻ മന്ത്രിമാരൊടും.

പിമ്പവൻ മാളികാഗ്രത്തിൽ
കേറിക്കണ്ടരിവമ്പട
തൽക്ഷണം കോപ്പുകൂട്ടാനായ്
രാക്ഷസർക്കേകി കല്പന.

കിരീടം ചാർത്തിതൻ മന്ത്രി-
മാരൊടൊത്തുമിരിപ്പവൻ
ദശാസ്യ; നവനെക്കണ്ടു
രാമൻകോപവിജൃംഭിതൻ

ഭ്രാതാവെത്തിച്ചവൻവില്ലാ
കാതോളം താൻവലിച്ചുടൻ
അർദ്ധചന്ദ്രസമം ബാണ-
മൊന്നെടുത്തെയ്തുവിട്ടതെ.

കിരീടം പത്തുമാവെള്ള-
ക്കുടക്കൂട്ടവുമൊപ്പമായ്
മുറിഞ്ഞുവീണുപോയന്ത്യം
തറച്ചത്തുതമെത്രയും

ലജ്ജിതൻ രാവണൻവേഗം
ഗൃഹാന്തർഗ്ഗതനായഹൊ
പ്രഹസ്തൻ മുതലായുള്ള
പ്രമുഖർക്കാജ്ഞനല്കിനാൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വാനരന്മാരൊടേല്ക്കാനായ്
വട്ടംകൂട്ടി പുറപ്പെടാൻ.
ഉടൻമുഴങ്ങി വാദ്യങ്ങൾ
ഭേരിമദ്ദളഗോമുഖം.

പോത്തും കഴുതയും സിംഹം
പുലിയൊട്ടകമെന്നിവ
വാഹനങ്ങളവയ്ക്കും മേ—
ലേറി രാക്ഷസ സൈനികർ,

പുരദ്വാരങ്ങളിൽക്കാവൽ
പാർക്കയായ് ശസ്ത്രധാരികൾ.
രാമനാൽ പ്രേരിതന്മാരാം
വാനരന്മാരതിന്നിടെ

അടർത്തിഗ്ഗിരിശൃംഗങ്ങൾ
പടുവൃക്ഷങ്ങളും തഥാ
കൈയിലായുധമായ്‌വെച്ചും
പോയാർകോട്ടയ്ക്കുനേരെയായ്.

ലങ്കാദ്വാരങ്ങൾ കാക്കുന്ന
വൻകിടസ്സേനകാണവെ
ചെന്നുകയ്യേറികീശന്മാർ
നന്ദിരാമങ്കലേറിയോർ.

പലരുംകോടിയൂഥത്തിൽ
തലവന്മാ,രതിൽപ്പരം
ചിലരോ നൂറുകോടിക്കും
മേലാംപ്പണിനടത്തുവോർ.

മലയും മരവുംകൊണ്ടും
മുഷ്ടികൊണ്ടുമെതിർക്കുവോർ,
കൂട്ടംക്രോധേന ഗർജ്ജിപ്പോർ,
ചാടിക്കേറിത്തകർക്കുവോർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജയിക്കട്ടെ മഹാശക്തർ
രാമലക്ഷ്മണ സോദരർ
ജയസുഗ്രീവരാജേന്ദ്രൻ ജയിപ്പൂതാകസുഗ്രീവ
രാജേന്ദ്രൻ രാമപാലിതൻ.

ഈവിധം ശംഖഘോഷത്തോ-
ടവർയുദ്ധം തുടങ്ങിനാർ.
ഹനുമാനംഗദൻ വീരൻ
നീലൻ കുമുദനെന്നിവർ

നളനും മൈന്ദനും പിന്നെ
ശരഭൻ ദ്വിവിദൻ തഥാ
ജാംബവാൻ ദധിവക്ത്രൻ താൻ
താരൻ കേസരിയെന്നിവർ

അന്യരാം യൂഥപന്മാരു-
മൊന്നാകെക്കീശവർഗ്ഗവും
ലങ്കാദ്വാരങ്ങളെല്ലാം താൻ
ലംഘിക്കാൻ ചെന്നു കേറിനാർ.
കല്ലും മരങ്ങളും കുന്നും
പല്ലും നഖവുമായുധം

തൊട്ടുത്തു ദൈത്യരെക്കൊല്ലാൻ
തുടങ്ങീ കപിസൈനികർ.
രാക്ഷസന്മാരുമന്നേരം
രൂക്ഷഭാവത്തൊടേററുതെ.

ഖഡ്ഗ ശൂലാദിശസ്ത്രങ്ങ-
ളുക്കോടെച്ചാട്ടി മേൽക്കുമേൽ
പട്ടുറററരക്കന്മാർ
പ്രഹരിച്ചാർ പ്ലവംഗരെ.

ഘോരമായ് പോരടിച്ചാരാ
വീരവാനര രാക്ഷസർ;
മാംസരക്തച്ചളിക്കുട്ടാൽ
മൂടിപ്പോയ്രണ രംഗവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആനമേൽ ചില,രന്യന്മാ-
രശ്വാരൂഢരുമങ്ങനെ
പൊന്മയത്തേരിലും കേറി
പലരും ഭീമരാക്ഷസർ,

പത്തുദിക്കും മുഴങ്ങും മാ-
റത്യുഗ്രം ഗർജ്ജനത്തൊടും
പോരടിച്ചാർ ജയം കൈയിൽ
ചേരുമെന്നൊരുറപ്പൊടെ.

ഇരുസൈന്യവുമന്യോന്യ-
മീവിധം കൊന്നൊടുക്കിനാർ.
ഈശ്വരൻ രാമനാൽ ദൃഷ്ടർ
കീശന്മാർ ദേവവംശജർ

അമൃതാശനരെന്നോണം
ഹൃഷ്ടരായ് ശക്തരായ് തദാ;
സീതാപഹാരി പാപിഷ്ഠൻ
ദശാസ്യന്നുള്ള സൈനികർ

തേജസ്സും ബലവും പോയോർ
ദൈത്യന്മാ, രവരെബ്ഭലാൽ
കൊന്നൊടുക്കിച്ചതുർത്ഥാംശം
തന്നെയായ് ബാക്കിയാക്കിനാർ.

മേഘനാദൻ സ്വസൈന്യത്തിൻ
നാശം കണ്ടൊരു ദുർമ്മതി
ബ്രഹ്മാവാൽ വരസമ്പന്നൻ
മറഞ്ഞാൽ നിജമായയാൽ.

വില്ലാളിവീരനാ ദൈത്യൻ
വിയൽബ്ഭാഗത്തു നിന്നവൻ
ബ്രഹ്മസ്ത്രം താൻപ്രയോഗിച്ച
വർഷിച്ചാൻ പലശസ്ത്രവും;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചൊരിഞ്ഞാനസ്ത്രജാലങ്ങ-
ളരിഞ്ഞാൻ വാനരപ്പട.
രാമനും വിസ്മയി,ച്ചെന്നാൽ
മാനിപ്പാൻ ബ്രാഹ്മശക്തിയെ

മൌനമായ് നോക്കിനില്പായി
വാനരപ്പടവീഴ്വതും.
പിന്നെകോപംജ്വലിച്ചിത്ഥം
ചൊന്നാൻ ലക്ഷ്മണനോടവൻ

''കൊണ്ടുവന്നാലുമെൻവില്ല്
കണ്ടാലും മമ ശക്തിയും.
ബ്രഹ്മാസ്ത്രംകൊണ്ടിവൻമെയ്യും
ഭസ്മമാക്കുന്നതുണ്ടു ഞാൻ.''

രാമൻചൊന്നതുസശ്രദ്ധം
കേട്ടവൻമായികാസുരൻ
നഗരത്തിന്നകത്തേക്കായ്
നയജ്ഞൻ മാറിമായയാൽ.

വീണവാനരസൈന്യത്തെ
കാണവെക്കേണു രാമനും
ചൊല്ലിമാരുതിയോടിത്ഥം
''ചെല്ലുനീ പാൽക്കടൽക്കകം.

ദിവ്യൌഷധങ്ങളാംകൊള്ളും
ദ്രോണപർവ്വതമങ്ങുതാൻ.
ഉടൻപോയ് ഗിരിയിങ്ങെത്തി-
ച്ചേക്കു ജീവൻ മഹാമതെ!

വീണൊരീവാനരർക്കെല്ലാം;
വിശപ്പംനിന്നെപ്പുകഴ്ത്തിടും.
'കല്പനപ്പടി'യെന്നോതീ-
ട്ടപ്പോഴംപോയ് മാരുതാത്മജൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഗിരിയും കൊണ്ടുവന്നെല്ലാ
വാനരന്മാർക്കുമൌഷധം
കൊടുത്തുജീവനുണ്ടാക്കി
മടക്കിക്കൊണ്ടുപോയിനാൻ.

മർക്കടപ്പടമുന്നെപ്പോ–
ലാർക്കയായ് വീണ്ടുമത്ഭുതം.
രാവണൻ ശബ്ദഘോഷങ്ങൾ
കേൾക്കവെച്ചൊല്ലിയിങ്ങനെ.

"വാനവപ്രേഷിതൻവന്നോൻ
രാമനെൻ ബദ്ധവൈരിയാം.
അവനെക്കൊല്ലുവാൻ വേഗം
സേനാനാഥരിറങ്ങണം.

മന്ത്രിമാർ, ബന്ധുവർഗ്ഗങ്ങൾ,
മററുവീരഹിതൈഷികൾ
സർവ്വരും പോകണം യുദ്ധം
ചെയ്യാനെൻ കല്പനപ്പടി,

പ്രാണൻപേടിച്ചുയുദ്ധത്തി-
ന്നാണൊരുത്തൻ വരായ്കിലൊ
അവനെന്നാൽ ഹതൻ, ലംഘി–
ച്ചതിനാലെൻെറ ശാസനം.''

രാജാവിൻശാസനം കേൾക്കെ
ഹാജരായ്രണകോവിദർ,
അതികായൻ, പ്രഹസ്തൻതാൻ,
മഹാനാദമഹോദരർ,

ദേവശത്രുനികുംഭന്മാർ,
ദേവാന്തകനരാന്തകർ,
മററനേകം ബലിഷ്ഠന്മാർ;
മാററാരോടേററു സർവ്വരും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കോടികണക്കു വീരന്മാർ
കൂടിച്ചെന്നു രണാങ്കണെ
മർദ്ദിച്ചാർ മർക്കടന്മാരെ
മത്തേറിത്തലകാഞ്ഞവർ.

ഭുശുണ്ഡിബാണഘരംഗങ്ങൾ
ഭിന്ദിപാലകുഠാരവും
പലമട്ടീവിധം ശസ്ത്രം
പ്രയോഗിച്ചാർ പ്ലവംഗരിൽ

ഗിരിശൃംഗം തരുക്കൂട്ടം
ദന്തം മുഷ്ടിനഖങ്ങളാൽ
ശക്തരാകപിവീരന്മാർ
ദൈത്യരെക്കൊന്നൊടുക്കിനാർ.

രാമനും കൊന്നു സുഗ്രീവ-
രാജനും പല ദൈത്യരെ
അംഗദൻ ലക്ഷ്മണൻ താനും
ഹനുമാനമതേവിധം.
വമ്പെഴം ദൈത്യരെക്കീശ-
രെമ്പാടും കൊന്നൊടുക്കിനാർ.

രാമതേജസ്സിയന്നല്ലൊ
വാനരർക്കമിതം ബലം.
അല്ലായ്കിലെങ്ങനെസ്സാദ്ധ്യം
വെല്ലാനാദൈത്യവമ്പട.

സർവ്വേശ്വരൻ,സർവ്വമയൻ, ചിദാത്മാ-
വാനന്ദപൂർണ്ണൻരഘുരാമ, നെന്നാൽ
മായാ സ്വരൂപേണ മനുഷ്യരീതി-
യ്ക്കായോധനം ലീലയൊടാടിടുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—6

## ലക്ഷ്മണമൂർച്ഛ-രാമരാവണയുദ്ധം

അതികായാദിനാഥന്മാ—
ക്കിരററുള്ള വമ്പട
നഷ്ടമായ് കേട്ട സന്താപം
ധാർഷ്ട്യവും പൂണ്ട രാവണൻ

തൻപുത്രനിന്ദ്രജിത്തിങ്ക—
ലേല്പിച്ചാ രാജ്യരക്ഷണം
സ്വയം പോയ് രാമനോടേൽക്കാൻ
സമരാങ്കണമെത്തിനാൻ.

ദിവ്യമാം തൻ രഥം കേറി
സർവ്വശസ്ത്രാസ്ത്രധാരിയായ്
രാമനുള്ളവിടെയ്ക്കായ് താൻ
രാക്ഷസേന്ദ്രൻ കുതിച്ചതെ.

ഒട്ടേറെക്കീശരെക്കൊന്നു
വിട്ടശേഷം ശരങ്ങളാൽ
സുഗ്രീവ പ്രമുഖന്മാരാം
യൂഥനാഥരെ വീഴ്ത്തിനാൻ.

തദാ കണ്ടങ്ങതാനിൽപ്പൂ
ഗദാപാണി വിഭീഷണൻ.
ഉടൻ ചാട്ടിയവൻനേർക്കായ്
മയദത്ത മഹായുധം.

ശക്തനാം ലക്ഷ്മണൻ കാൺകെ
ശക്തിശസ്ത്രം വരുന്നതായ്
''രാമനാൽ രക്ഷിതൻ താനീ
ശ്രീമാൻ കൊല്ലപ്പെടാവതോ''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri


എന്നോതിപ്പട്ടവില്ലേന്തി
ചെന്നു നിന്നാൻ മഹാഭുജൻ
നേരേ വിഭീഷണൻ മുന്നിൽ
ഗിരിപോലിളകാതവൻ.

പാഴായ് പോകാത്തതാംശൂലം
പതിച്ചു ലക്ഷ്മണന്റെ മേൽ.
ജഗദ്വ്യാപ്ത മഹാമായാ–
ശക്തിക്കാർഹേതു ഭൂതമൊ

ആ മഹാവിഷ്ണുവിന്നംശ–
ഭേദമാംശേഷ, നാകയാൽ
ലക്ഷ്മണൻ മായതൻ മീതെ
സാക്ഷാൽ ശേഷാംശ സംഭവൻ

എങ്കിലും നരഭാവത്താൽ
നാനാചാരം നടത്തുവോൻ
മൂർച്ഛിച്ചു വീണുപോയ് മന്നിൽ;
രാക്ഷസൻ ചെന്നെടുത്തുടൻ

കൊണ്ടുപോകാൻ ശ്രമിച്ചു ഹാ!
കണ്ടില്ലാ പൊക്കുവാൻ ബലം.
വിശ്വത്തിൻ സാരമാം സാക്ഷാൽ
വിരാട്ടാം പരമേശ്വരൻ.

അത്തിവ്യശക്തനെപ്പൊക്കാൻ
ക്ഷുദ്രൻ രാക്ഷസനൊക്കുമൊ.
സൌമിത്രിയെ ഹരിക്കാനായ്
രാക്ഷസേശൻ ശ്രമിക്കവെ

ഹനുമാൻ മുഷ്ടികൊണ്ടൊന്നി–
ട്ടിടിച്ചാൻ നേരെ നെഞ്ചിലായ്
വജ്രതുല്യമതേററപ്പോരം
വീണുപോയ് വീരരാവണൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വായ, കൺ, കാതിവയ്ക്കുളളിൽ
ക്കൂടെ രക്തം വമിക്കയൊയ്;
തല ചുററീട്ടവൻ ചെന്ന
തേർത്തട്ടിൽത്താനിരിപ്പുമായ്.

വീണസൌമിത്രിയെപ്പിന്നെ
താണെടുത്തു മരുത്സുതൻ
കൈകളിൽത്താൻ വഹിച്ചോടി
രാമന്നരികിലേയ്ക്കുടൻ.

മാരുതിക്കാഘലനം കൂടും
പാരമേശ്വര വിഗ്രഹം
പ്രേമഭക്തി വികാരത്താൽ
ഭാരമില്ലാത്ത വസ്തുവായ്.

ശേഷാംശജാതനെന്നോർത്താ
ശ്ശൂലവും പിന്തിരിഞ്ഞു പോയ്,
രാവണൻെറ രഥം പൂകി
കേവലം ചേഷ്ടയററതായ്.

സാവകാശം സ്വയം ബോധ-
ഭാവനായ് രാവണൻ, രുഷാ
വില്ലുമേന്തി പുറപ്പെടാൻ
വെല്ലാനൊററയ്ക്കു രാമനെ.

കരുത്തൻ ഹനുമാൻ തൻെറ
കഴുത്തിൽക്കേറി രാഘവൻ
രഥത്തിൽക്കേറി വന്നീടും
രക്ഷസ്സിൻ നേക്കു ചെന്നതെ.

വജ്രപാതസമം വമ്പി-
ച്ചൊച്ചഞാണൊലി കൂട്ടിയും
ഉഗ്രസ്വരത്തൊടും രാമ-
നുച്ചരിച്ചാനിതേ വിധം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''ധിക്കാരി വിട്ടിടാനിന്നെ
നില്ലെടാ ദുഷ്ട രാക്ഷസ!
സർവ്വത്ര സമമായ് കാൺമോൻ
സർവ്വേശനെന്നൊടോ കളി.

അമ്പേതൊന്നാൽ, ജനസ്ഥാനെ
നിന്പക്ഷാശരവീരരെ,
കൊന്നുഞാ, നതുകൊണ്ടിപ്പോം
നിന്നെയും കൊന്നു വിട്ടിടും.''

രാമൻെറ വചനം കേട്ടക്കെ
രാവണൻ ബാണമുൽബ്ബണം
വാഹകൻ വായുപുത്രങ്കൽ
വർഷിച്ചാൻ വാശിയോടവൻ.

തീക്ഷ്ണമാം ശരപാതത്താൽ
തളരാതാ മഹാകപി
തേജസ്സേറെക്കലെർന്നോനായ്
തട്ടിമ്മളിച്ചു ഗർജ്ജനം.

ബാണമേററുമരുൽപ്പുത്രൻ
വ്രണമാർന്നതു കാണവെ
കാളും കോപാഗ്നിയാൽ രാമൻ
കാലരുദ്രന്നു തുല്യനായ്.

പൊടിയായ് തീർത്തുടൻ രാമൻ
കടുതീക്ഷ്ണശരങ്ങളാൽ
കൊടിയും കുടയും തേരും
കുടെസ്സും തഹയങ്ങളും

പിന്നെച്ചാട്ടി മഹാബാണം
രാവണൻ നേർക്കു രാഘവൻ
പാകാരി പർവ്വതത്തിന്മേൽ
പടുവജ്രം കണക്കിനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമബാണം തറച്ചപ്പോഴം
കേമൻ നിന്നു വിറച്ചുപോയ്.
തലയും ചുററി; തൻകൈയി-
ലുലയും വില്ലു വീണുപോയ്

അതു കണ്ടിതരാസ്ത്രത്താൽ
രാമൻ വീഴ്ത്തി കിരീടവും.
പിന്നെയൊന്നോതിനാനേവം
,,പോകു നീയിന്നു രാവണ.

വീട്ടിൽപ്പോയാശ്വസിച്ചാലും
കാട്ടാം ഞാൻ നാളെ വിക്രമം.''
രാമബാണക്ഷതൻ, ദർപ്പം
താണവൻ രാവണൻ തദാ

പോയിനാൻ സ്വഗൃഹം പൂകാൻ
പാരം ലജ്ജിച്ചു ദുഃഖിതൻ.
രാമനോ കണ്ടു തൻ ഭ്രാതാ—
വോർമ്മവിട്ടു കിടപ്പതായ്,

മാനുഷാചാരിയെപ്പോലാ-
യനുശോചിച്ചു ലീലയാ.
പിന്നൊച്ചൊല്ലി ഹനൂമാനോ-
ടന്നും പോയ്കൊണ്ടു വന്നിടാൻ

മുന്നെപ്പോലൌഷധം, ജീവൻ
വന്നിടാൻ ലക്ഷ്മണാദിയിൽ,
രാമവാക്കാദരിച്ചപ്പോഴം
സമുദ്രം ചാടി മുൻപടി

വായുമാർഗ്ഗേണ വേഗത്തിൽ
വായുപുത്രൻ ഗമിക്കയായ്.

ലക്ഷ്മണ പ്രമുഖന്മാരെ
രക്ഷിക്കാൻ ദിവ്യമൌഷധം
എത്തിക്കാൻ ഹനുമാൻപോയ
വാർത്തയെല്ലാമറിഞ്ഞവർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചാരന്മാരുടനെച്ചെന്നു
രാവണന്നറിവേകിനാർ.

ചാരവാക്യാൽ ദശഗ്രീവൻ
പാരം ചിന്തയിലാണ്ടവൻ
രാവി,ലൊററയ്ക്കു ചെന്നെത്തി
കാലനേമിഗൃഹാന്തരെ.

മഹാരാജാവിനെക്കണ്ടു
ഗൃഹസ്ഥൻ വിസ്മയിച്ചുപോയ്,
അർഘ്യപാദ്യാദിയും നൽകി
സൽക്കരിച്ചു യഥോചിതം
ഭയന്നും തൊഴുതും കൊണ്ടു
മുന്നിൽ നിന്നോതിനാനവൻ.

''എന്തിപ്പോഴം വന്നതിൻ മൂല--
മെന്തു ഞാൻ ചെയ്യിടേണ്ടതും.''
അവനോടീവിധം ചൊല്ലി
രാവണൻ ദുഃഖിതൻ പരം.

''കാലക്കേടാൽ കുറച്ചല്ലാ
കുഴപ്പം വന്നുചേർന്നുമെ.
ലക്ഷ്മണൻ വീണു മൂർച്ഛിച്ചെൻ
ശക്തിശസ്ത്രം തറയ്ക്കയാൽ

ഹനുമാനൌഷധം തേടാൻ
പോയിനാൻ ജീവനേകുവാൻ
അവനെത്തടയാൻ പററും
വഴിനോക്കു മഹാമതെ!

മായാ മഹർഷിയായ് തീർന്നു
മോഹിപ്പിക്കു കപീശനെ.
സമയം തെല്ലു വൈകിച്ചാൽ
മതി, നിഷ്ഫലമൌഷധം.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാവണോക്തികളെക്കേട്ടു
കാലനേമിയുമോതിനാൻ
''രാജാവേ! കേൾക്കുകെൻ വാക്യം
രാവണാ! തത്ത്വമോർക്കുക.

ത്യജിക്കാം പ്രാണനും കൂടി
തവാജ്ഞ നിറവേററുവാൻ.
മൃഗരൂപം ധരിച്ചോനാ
മാരീചനെന്തു പററിയോ,

അരണ്യത്തി, ലതേ ഞാനും
വരിക്കാൻ പോയിടും ഗതി.
കൊല്ലപ്പെട്ടാർ ഭവൽപ്പുത്രർ
പൌത്രരും ബന്ധുവർഗ്ഗവും.

രക്ഷോവംശം നശിച്ചെന്തി-
ന്നിക്ഷിതിത്തട്ടിൽ വാഴ്‌വതും.
രാജ്യത്താൽ, സീതയാൽ സ്വന്തം
ദേഹത്താലെന്തുതാൻ ഫലം.

രാജ്യം വിഭീഷണന്നേക;
നല്കു രാമനു സീതയെ;
മഹാരണ്യം ഗമിച്ചാലും
മഹർഷിഗണ സേവിതം.

ശുദ്ധതോയേ കുളിച്ചെന്നും
നിത്യകർമ്മങ്ങളൊക്കെയും
കൃത്യമായ് ചെയ്തരണ്യത്തിൽ
സ്വസ്ഥനായ് വാഴ്കേകനായ്.''

സർവ്വസംഗം ത്യജിച്ചുള്ളാൽ
ബാഹ്യവൃത്തി വെടിഞ്ഞുമെ,
അന്തർമ്മുഖങ്ങളാക്കേണ-
മിന്ദ്രിയങ്ങളെ മെല്ലവെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പ്രകൃതേർഭിന്നമാ മാത്മാ–
വെന്നോർക്കുക സദായ്പൊഴും.
ചരാചരം ജഗത്തെല്ലാം,
ദേഹബുദ്ധീന്ദ്രിയാദികാം,

ബ്രഹ്മൻ തൊട്ടിങ്ങു സർവ്വത്ര
കാൺമതും കേൾപ്പതൊക്കെയും
പ്രകൃതിപ്പേരെഴന്നൊന്നാം
മായയെന്നും പറഞ്ഞിടും.

സംസാര കാരണക്കാരാം
സത്വാദിത്രി ഗുണങ്ങളും
സർവ്വവ്യാപ്ത മഹാമായാ–
സന്താനങ്ങളതോർക്ക്ണം.

കാമക്രോധാദി പുത്രന്മാർ
ഹിംസാതൃഷ്ണാദി പുത്രികാം
ഇവളാൽ സൃഷ്ട, മാത്മാവിൽ.
മോഹം ചേർത്തു ഗുണങ്ങളാൽ.

കർത്തൃത്വാദി, സ്വ, ഭാവങ്ങാം
ചിത്താമാത്മാവിനുള്ളതായ്
ആരോപി, ച്ചിവളാമട്ടിൽ
കാര്യമായ് കളിയാടലാം.

മായാ ഗുണങ്ങളാൽ വ്യാപ്തൻ
സ്വയം വിസ്മൃതിയാർന്നവൻ
ശുദ്ധനാത്മാവവൻ ബാഹ്യ–
ബദ്ധനെപ്പോൽ ലസിക്കയാം.

സദ്ഗുരുച്ചേർച്ചയാലെന്നോ
സത്യസംസ്മൃതി വന്നിടും
അനന്യ വിഷയം വിട്ടു
തന്നെത്താൻ കണ്ടിടും സ്ഫുടം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അപ്പൊഴീദേഹവാൻ ജീവൻ
മുക്തനാം ഗ്ഗുണവർജ്ജിതൻ.
വിചാരിക്കിതുമട്ടാത്മ-
സ്വരൂപം യത ചിത്തനായ്

പ്രകൃതേർഭിന്നമാത്മാവെ--
ന്നറിഞ്ഞാൽ മുക്തനാം ഭവാൻ.
നിർഗ്ഗുണം സാദ്ധ്യമല്ലെങ്കിൽ
സഗ്ഗുണം താൻ സ്മരിക്കുക.

ഹൃൽപത്മ കർണ്ണികാരത്തിൽ
സ്വർണ്ണ പീഠത്തിലാസ്ഥിതൻ
ശ്രീരാമ പരമാനന്ദ-
രൂപം ധ്യാനിക്കിതേ വിധം.

വീരാസനൻ വിശാലാക്ഷൻ
വിദ്യുദ്യോതാംബരാവൃതൻ
കിരീട ഹാരകേയൂര-
കൌസ്തുഭാദി വിഭൂഷണൻ

വലയും തളയും പൂണ്ടോൻ
വനമാലയണിഞ്ഞവൻ
ചാപബാണധരൻ ധീരൻ
ഭ്രാതാവാൽ പരിസേവിതൻ

ആത്മാവാം രാമരൂപത്തെ
സർവ്വാന്തർവൃത്തിയെസ്സദാ
ഈ വിധം ധ്യാനമാർന്നെന്നാൽ
കൈവരും മോക്ഷവും ദൃഢം

തൽക്കഥാശ്രവണം ചെയ്ക
ഭക്തരാൽ കീർത്തിതം, സദാ
ഇതുപോൽ ചെയ്തുവെന്നാകിൽ
കൃതമാമേതു പാപവും
അഗ്നിയിൽപ്പഞ്ഞിയെന്നോണം
ഭസ്മമായ് തീർന്നിടുംക്ഷണാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭജിക്ക രാമൻ പരിപൂർണ്ണനെത്താൻ,
ത്യജിച്ച വൈരം, പുരു ഭക്തിയോടെ,
ഹൃദിസ്ഥനാത്മാവവനോ സ്വരൂപ-
നാമാദിഹീനൻ പുരുഷൻ പുരാണൻ

സർഗ്ഗം—7

## കാലനേമിയുടെ കൂടതന്ത്രം-
## കുംഭകർണ്ണോപദേശം

അമൃതോപമമാം കാല-
നേമി വാക്യം ശ്രവിക്കവെ
തപിച്ച വെണ്ണപോൽ പൊട്ടി-
ത്തെറിച്ചു രാവണൻ രുഷാ.

രാവണൻ:

കൊല്ലും നിന്നെ ദുരാത്മാവെ
പുല്ലാക്കി നീ മമാജ്ഞയെ.
രാമകിങ്കരനായ് നിന്നെ
കാൺമൂ; നീശത്രുമാനിതൻ.

കാലനേമി:

ക്രോധിക്കന്നെന്തിനാം ദേവ!
ബോധിപ്പിച്ചുള്ളതൊന്നുമെ
ഹിതമല്ലെങ്കിലോ പോകാം
ചെയ്തിടാം കല്പനപ്പടി.

ഏവം ചൊല്ലീട്ടടൻ പോയാൻ
കാലനേമി മഹാസുരൻ,
ഹനൂമൽക്കാര്യവിഘ്നാർത്ഥം
രാവണപ്രേരണാബലാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഹിമവൽപ്പാർശ്വമെത്തിപ്പി-
സ്സവിടെത്തീർത്തൊരാശ്രമം
മുനിവേഷം ധരിച്ചങ്ങു
കൂടിനാൻ ശിഷ്യസേവിതൻ

കപിമാർഗ്ഗത്തിലീമട്ടിൽ
കൃതമായ് കൃത്രിമപ്പണി.
അങ്ങെത്തി ഹനുമാൻ കണ്ടു
ഭംഗ്യാ ശോഭിക്കുമാശ്രമം.

ചിന്തയായ് ഹനുമാനപ്പോ-
''ളെന്തിതിന്മട്ടു കാണുവാൻ
ഇതിൻമുമ്പിങ്ങു വന്നപ്പോ-
ളിതുപോൽ കണ്ടതില്ല ഞാൻ.

വഴി മാറിഗ്ഗമിച്ചോ ഞാൻ
പഴതെബ്ഭ്രമമേൽക്കയോ.
ഏതായാലും പ്രവേശിക്കാം
വന്ദിക്കാം മുനിമാർകളെ

ദാഹമൽപ്പം ശമിപ്പിക്കാം
യാത്ര പിന്നെത്തുടർന്നിടാം.''
ഏവമോർത്താശ്രമോപാന്തം
പ്രാപിച്ചു പവനാത്മജൻ.

ഫലങ്ങളാം നിറയെത്തിങ്ങി
തല ചാഞ്ഞ മരങ്ങളും
നാനാപുഷ്പലതാ സസ്യ-
ജാലവും ചേർന്നു രമ്യമായ്

വൈരഭാവമൊഴിഞ്ഞുള്ള
വിസ്തൃതം ശുദ്ധമാശ്രമം.
ഉള്ളിലങ്ങുണ്ടിരിക്കുന്നു
കള്ളസ്സന്യാസി രാക്ഷസൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇന്ദ്രജാല പ്രയോഗത്താൽ
തോന്നിപ്പൂ ശിവഭക്തനായ്.
ഹനുമാൻ മുനിയെക്കണ്ടു
പ്രണമിച്ചേവമോതിനാൻ.

"ഭഗവൻ! രാമദൂതൻ ഞാൻ
ഹനുമാനെന്നെനിക്കു പേർ
രാമകാര്യാർത്ഥമായ് ക്ഷീര-
വാരിധിക്കാണു പോവതും.

പൊള്ളുന്നു വായ ദാഹത്താൽ
വെള്ളമെങ്ങു ലഭിച്ചിടും.
യഥേഷ്ടം ജലപാനംചെ--
യ്തഥ പോകാനൊരാഗ്രഹം."

കാററിൻ മകൻെറ ചൊൽ കേട്ടു
കള്ളസ്സന്യാസിയോതിനാൻ
"കുടിക്കാൻ പററിടും വെള്ളം
കുടത്തിൽക്കാണു, മേകിടാം.

ഭക്ഷിക്കാം പിന്നെയീ പക്വ-
ഫലങ്ങ,ളതിനപ്പുറം
ഉറങ്ങാ,മാശ്വസിച്ചൽപ്പം
കഴിഞ്ഞാൽ പോയിടാം സുഖം.

ലക്ഷ്മണൻ കൂട്ടരും രാമ-
വീക്ഷണാൽ ബുദ്ധരായിതെ.
ത്രികാലജ്ഞാനമുള്ളോൻ ഞാ-
നറിവൂ, വേണ്ടതേ ധൃതി."

ഹനുമാനിതു കേട്ടോതി
"ദാഹമേറെക്കവിഞ്ഞതാം
ഈ വെള്ളം മതിയാകാമെ
കാണിച്ചാലും ജലാശയം."

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുനിയോ മായയാൽ സൃഷ്ടൻ
വടുവോടോതിയിങ്ങനെ.
''വായുപുത്രന്നു കാണിക്കു
വാപിയൊന്നതി വിസ്തൃതം

കണ്ണടച്ചു ജലം മോന്തി
വന്നാലും കപിസത്തമ!
മന്ത്രം ഞാനുപദേശിക്കാ-
മൌഷധം കണ്ടെടുക്കുവാൻ.''

വടു വാനരനെക്കൂട്ടി
വെള്ളമുള്ളിടമെത്തിനാൻ.
ഹനുമാൻ കണ്ണടച്ചൽപ്പം
പാനംചെയ്തിതു പാനീയം.

അപ്പോഴം വന്നു മഹാമായാ
മകരീ ഘോര രൂപിണി
കപീശൻ ഹനുമാൻ തൻെറ
കാലിന്മേൽ പിടികൂടിനാൾ.

ഹനുമാനതു കണ്ടേററം
ക്രുദ്ധനായ് തൻ കരങ്ങളാൽ
ഞെരിച്ചൊടിച്ചു പൊട്ടിച്ചാൻ
ദുഷ്ടയാ ജന്തുവിൻ തല.

അത്തൂവിൽക്കണ്ടിതാകാശെ
ദിവ്യയായൊരു കന്യയെ.
'ധന്യമാലീ'തി നാമത്താൽ
പുകഴ്ന്നോളവളോതിനാൾ

''നിൻ പ്രസാദത്തിനാലിപ്പോൾ
ശാപമോക്ഷം ലഭിച്ചുമെ.
മുന്നം ഞാനപ്സരസ്സായോൾ
മുനിയാൽ ശാപമേററവൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആശ്രമത്തിൽ ബ്ഭവാൻ കണ്ട
മുനിയോ, കാലനേമിയാം
മാർഗ്ഗവിഘ്നം വരുത്താനായ്
രാവണപ്രേരിതൻ ഖലൻ.

മുനിവേഷം ധരിച്ചോൻ, സ–
ജ്ജനഹിംസകനാണവൻ.
ദുഷ്ടനാമവനെക്കൊന്നു
ശീഘ്രം പോകുക നേർവഴി.

കന്മഷംതീർന്നു നിൻസ്പർശാൽ
ബ്രഹ്മലോകം ഗമിപ്പു ഞാൻ.''
എന്നോതിപ്പോയിനാൾ സ്വർഗ്ഗേ,
ഹനുമാനാശ്രമത്തിലും.

കപീന്ദ്രൻ വന്നു കണ്ടപ്പോൾ
കാലനേമി പറഞ്ഞിദം
"വളരെത്താമസിച്ചെന്തേ
വരാൻ വാനരസത്തമ!

മന്ത്രംതരാം ഗ്രഹിച്ചാലും
നല്ലമേ ഗുരുദക്ഷിണ.''
ഇതുകേട്ടുടൻ മരുൽപ്പുത്രൻ
കൊടുത്തു മുഷ്ടിയാലിടി.

''ഇതാദക്ഷിണ''യെന്നോതി–
ട്ടിടിച്ചാനിടി മേലിടി.
ത്യജിച്ചു മുനിവേഷത്തെ
കാലനേമി മഹാസുരൻ,

പല മായാപ്രയോഗങ്ങൾ
പരീക്ഷിച്ചടരാടിനാൻ.
മഹാമായാവിയാം രാമ–
ദാസനാം ഹനുമാൻ തദാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുഷ്ടിയാൽ തലപൊട്ടിച്ചു
ദുഷ്ടനെക്കൊന്നു വിട്ടതെ.
പിന്നെക്ഷീര സമുദ്രത്തിൽ
ചെന്നെത്തീ വായുനന്ദനൻ.

കണ്ടെത്തീമല, യെന്നാലൊ
കണ്ടില്ലങ്ങെങ്ങുമൌഷധം,
ഉടനെഗ്ഗിരിയെത്തന്നെ
കൈയാൽ പൊക്കിയെടുത്തവൻ

കൊണ്ടുവന്നെത്തി രാമങ്കൽ
കണ്ടാരുമറിയാതെ താൻ
വേണ്ടതെന്താമിനിച്ചെയ്വാ-
മിണ്ടൽ വേണ്ടെന്നുമോതിനാൻ.

ഹനുമാൻ ചെയ്ത കൃത്യത്താൽ
രാമൻ സന്തുഷ്ടനായ് പരം.
സുഷേണൻ ഗിരിയിൽത്തേടി
കണ്ടെടുത്തൌഷധത്തിനാൽ.

ലക്ഷ്മണന്നുടനെത്തന്നെ
ചികിത്സാവിധി നോക്കിനാൻ.
സ്വപ്നാന്തേ ബോധമാർന്നോണ-
മുണർന്നേറേറാതി ലക്ഷ്മണൻ.

''നില്ക്കു നില്ക്കു ദശഗ്രീവ
നിന്നെക്കൊല്ലുന്നതുണ്ടു ഞാൻ.''
രാമൻ ഘ്രാണിച്ചു മൂർദ്ധാവിൽ
ഭ്രാതാവേവമുരസ്സവെ.

എന്നിട്ടോതി ഹനുമാനോ-
''ടിന്നെൻ ഭ്രാതാവു ലക്ഷ്മണൻ
സുഖിയായ് കാൺമു ഞാൻ നിൻെറ
സഹായം കൊണ്ടു മാത്രമാം,''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എന്നോതി വാനരന്മാരും
സുഗ്രീവൻ സൈന്യനാഥരും
വിഭീഷണാനുവാദത്തോ-
ടെല്ലാരും യുദ്ധബദ്ധരായ്.

കണ്ടകല്ലു മരം കുന്നും
കയ്യിലേന്തിയ വാനരർ
ധാത്രിയിട്ടു കുലുക്കിത്താൻ
യാത്രയായ് യുദ്ധകാംക്ഷികൾ

രാവണൻ വ്യാകുലപ്പെട്ടാൻ
രാമബാണ വിമർദ്ദനാൽ,
സിംഹത്താലാനപോൽ, പക്ഷി-
രാജനാൽ പാമ്പുപോലെയും.

തോററവൻ രാവണൻ പിന്നെ
തെററന്നങ്ങു തിരിച്ചുപോയ്
ചെന്നു സിംഹാസനം കേറി
ചേർന്നിരുന്നോതിയിങ്ങനെ.

'നരനാൽ മാത്രമാം വദ്ധ്യൻ'
വരമേവം വരിച്ചുഞാൻ
എന്നാൽ മനുഷ്യനാരുണ്ടു,
കൊന്നിടാനെന്നെ, ശക്തനായ്.

അതിനാൽ നരനായ് സാക്ഷാൽ
ഹരിതാൻ രാമരൂപനായ്
രഘുവംശേ ജനിച്ചെന്നെ
ഹനിക്കാൻ വന്നിരിക്കയാം.

'അനരണ്യൻ' മഹാൻമുന്ന-
മീവിധം ശാപമേകിനാൻ
''ജനിക്കുമെൻ കുലത്തിങ്കൽ
പരമാത്മാ സനാതനൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നീയും നിൻപുത്രപൌത്രന്മാർ
പ്രിയരാം ബന്ധുവർഗ്ഗവും
നിയതം നിഹതന്മാരാ–
മവനാൽ'' ശാപമിങ്ങനെ

ഈവന്ന രാഘവൻ താനാ–
മവ,നെൻെറ വധത്തിനായ്,
ഇതൊന്നുമറിയാ മൂഢൻ
കുംഭകർണ്ണനുറങ്ങയാം.

ഉണർത്തിക്കൊണ്ടു വന്നാലു–
മുടനാ ഭീമകായനെ.''
ചൊന്നപോൽ രാക്ഷസന്മാരും
ചെന്നുണർത്തി യഥോചിതം.

കുംഭകർണ്ണനെയെത്തിച്ചാർ
തമ്പുരാൻെറ സമീപമെ.
ഇരുന്നു സോദരൻ തൻെറ
രാജനെക്കൈവണങ്ങിയും.

ഭ്രാതാവോടോതിയന്നേരം
ദീനഭാവേന രാവണൻ.
''കുംഭകർണ്ണ! ധരിച്ചാലും
സംഭവിച്ച വിപത്തുകാം.

രാമനാൽ ഹതരായല്ലൊ
പുത്രരും ബന്ധുവർഗ്ഗവും
മൃത്യുകാലമടുത്തെത്തീ
കൃത്യം ഞാനെന്തുചെയ്യണം.

സമുദ്രം തരണം ചെയ്തും
രാമൻ സബലമെത്തിയോൻ
ആക്രമിക്കുന്നിതാ മൂല–
ക്ഷേത്രവും ക്ഷാത്രവീര്യവാൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഹതരായ് വാനരന്മാരാൽ
മുഖ്യരാക്ഷസരൊക്കെയും;
കീശരിൽക്കാൺമതില്ലെന്നാൽ
ലേശവും നാശ, മത്ഭുതം.

അവരെക്കൊന്നിടാൻ പോരിൽ
ശക്തൻ നിന്നെ വിളിച്ചു ഞാൻ.
ചെയ്താലും ദുഷ്കരം കർമ്മം
ഭ്രാതാവിൻ രക്ഷയോർത്തു നീ.''

രാവണൻ പരിതാപത്തോ-
ടേവം ചൊന്നതു കേൾക്കവെ
കുംഭകർണ്ണൻ ചിരിച്ചൽപ്പം
സംഭാഷിച്ചിതു മട്ടിലായ്.

''മുന്നം മന്ത്രവിചാരത്തിൽ
നിന്നോടെന്തു പറഞ്ഞു ഞാൻ
ഇന്നതൊത്തു, ഭവാൻ ചെയ്ത
പാപത്തിന്നൊത്തതാം ഫലം.

അന്നു ഞാൻ ചൊല്ലിനേൻ, രാമൻ
സാക്ഷാൽ നാരായണൻ പരൻ
സീതയോ യോഗ മാതാവാ-
മെന്നും; ബോധിച്ചതില്ല നീ.

ഒരു നാളേകനായ് കാട്ടിൽ
മരുവുന്നേരമങ്ങനെ
ദേവർഷി നാരദൻ തന്നെ
ദർശിക്കാനിട വന്നമെ.

എവിടെപ്പോകയാണെന്നായ്,
ചോദിച്ചേൻ മുനിയോടു ഞാൻ
അദ്ദേഹം വിസ്തരിച്ചോതി
താനറിഞ്ഞൊരു വാർത്തകൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''ഞാനിപ്പോഠം ദേവലോകം പോയ്
മടങ്ങും വഴിയാണഹൊ.
നിങ്ങളാൽ പീഡിതന്മാരായ്
ദേവന്മാർ വിഷ്ണു സന്നിധൌ

ചെന്നു സേവിച്ചു യാചിച്ചാ-
രൊന്നാകെ ബ്ഭക്തിയോടിദം.
ത്രൈലോക്യ ദ്വേഷിയെദ്ദേവ
ദശാസ്യനെ വധിക്കുക.

അവനോ മർത്ത്യനാൽ മാത്രം
മരണം വരമങ്ങനെ.
അതിനാൽ നരനായ് തീർന്നു
ഭവാൻ തന്നെ ഹനിക്കുക.

സത്യസങ്കൽപ്പനാം വിഷ്ണു
സമ്മതിച്ചതു ചെയ്യുവാൻ.
രഘുവംശേ ജനിച്ചപ്പോഠം
രാജിപ്പൂ രാമനായവൻ.

ആ രാമൻ നിങ്ങളെക്കൊല്ലു-
മെന്നോതിപ്പോയി മാമുനി.
അതിനാലോർക്ക നീ, രാമൻ
പരബ്രഹ്മം സനാതനം.

വൈരം ത്യജിച്ചു സൽബ്ഭക്ത്യാ
രാമനെസ്സേവചെയ്യുക.
ഭക്തിയോടെ ബ്ഭജിപ്പോരിൽ
പ്രസാദിക്കും രഘൂത്തമൻ.

ഭക്തിയാൽ ജ്ഞാനമുണ്ടാകും
ഭക്തിയാൽ മോക്ഷമാർന്നിടും
ഭക്തിഹീനൻെറ സൽക്കർമ്മം
മുക്തിയെക്കൈവെരുത്തിടാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിഷ്ണുവിന്നവതാരങ്ങ-
ളെണ്ണാൻ വയ്യത്രയുണ്ടവ;
സർവ്വവും ചേർന്നപോലൊന്നാം
രാമൻ, ജ്ഞാനമയൻ ശിവൻ.

ഭഗവാൻ രാമനെത്തന്നെ
മനസ്സാൽ വാക്കിനാൽ സദാ
ഭജിപ്പോൻ നിഷ്പ്രയാസേന
പരമം പദമെത്തിടും

ശ്രീരാമദേവനെ സദാ ഭുവി ശുദ്ധബുദ്ധ്യാ
ധ്യാനിച്ച തച്ചരിതമാർ സതതം പഠിപ്പൂ
സംസാര പാശ ദൃഢബന്ധനമുക്തനായാം
പ്രാപിപ്പ വിഷ്ണുപദമക്ഷയസൌഖ്യധാമം.

## സർഗ്ഗം—8

# കുംഭകർണ്ണവധം

കുംഭകർണ്ണോദിതം വാക്യം
വമ്പൻ കേട്ട ദശാനനൻ
എണീക്കും ഭാവമാർന്നേവം
ചൊല്ലീ ചില്ലി വളച്ചവൻ,

"തത്വജ്ഞൻ തന്നെ നീയെന്നാ-
ലിത്തവ്വിൽ ജ്ഞാനമേകൊലാ.
ഇഷ്ടമെങ്കിൽത്തുടർന്നാലും
മാനിച്ചെൻ യുദ്ധപദ്ധതി

ഇല്ലെങ്കിൽപ്പോയിടാം, നിദ്ര-
യ്ക്കല്ലേ നീ കാത്തിരിപ്പവൻ."
രാവണച്ചൊല്ല് കേട്ടാറെ
കുംഭകർണ്ണൻ മഹാബലൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കോപിച്ചു ജ്യേഷ്ഠനെന്നോർത്തു
പോയാൻ യുദ്ധം നടത്തുവാൻ
മതിൽക്കെട്ടിൻ പുറം ചാടീ–
ട്ടതികായൻ കടന്നുപോയ്.

നഗരം വിട്ടടൻ പാഞ്ഞു
പ്ലവഗർക്കേകി ഭീതിയും.
അലറീ; ശബ്ദഘോഷത്താൽ
ജലധിക്കേറ്റു മാറ്റൊലി.

പിടിച്ചും കീശരെ ക്രോധാൽ
കടിച്ചും കൊന്നിതായവൻ.
പറക്കും പർവ്വതാകാരം
ഭയന്നും കണ്ടു വാനരർ

നാലുപാടോടിനാർ സാക്ഷാൽ
കാലനാമെന്ന തോന്നലാൽ.
ഓടിപ്പോം കപിസൈന്യത്തെ
ക്കൂടത്താലിട്ടിടിച്ചുമെ,

കയ്യിൽപ്പെട്ടോരെയെല്ലാം തൻ
വായിലാക്കിയുമങ്ങനെ,
പാണി പാദങ്ങളാൽ ഞെക്കി
പ്രാണൻ ചോർത്തുകളഞ്ഞുമെ

കുംഭകർണ്ണൻ വരുത്തും ''ഭൂ–
കമ്പം'' കണ്ടു വിഭീഷണൻ
കമ്പിട്ടു ചരണം കൂപ്പി
സംഭാഷിച്ചിതു മട്ടിലായ്.

''വിഭീഷണനിവൻ ഭ്രാതാ-
വഭയം നൽകിടേണമെ.
സീതയെത്തിരികേ നൽകാൻ
ഹരിയാം രാമനെന്നുമായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാവണനന്നുപദേശിച്ചേൻ
പലവട്ടവുമങ്ങനെ.
ശ്രവിച്ചില്ലവനെൻ വാക്യം
വധിക്കാൻ വാളുമോങ്ങിനാൻ

ഒടുക്കം നാടുവിട്ടോടാൻ
കുടുംകല്പന നല്കിനാൻ
നാലുപേർ മന്ത്രിമാരൊത്തു
രാമങ്കൽ ചെന്നുചേർന്നു ഞാൻ.''

ഭ്രാതാവെക്കണ്ടറിഞ്ഞോതി
കുംഭകർണ്ണൻ ദയാന്വിതം
''ജീവിച്ചാലും ചിരംവത്സാ!
സേവിച്ചാ രാമനെസ്സദാ,

കുലസംരക്ഷണം ചെയ്വാൻ
രാക്ഷസർക്കു ഗുണംവരാൻ.
നാരദൻ ചൊല്ലിഞാൻ കേട്ടേൻ
നേരെഴാഭക്തനാണു നീ.

പോയാലും വത്സ! ഞാനിപ്പോം
പോർമത്താൽ കൺമറഞ്ഞവൻ.
സ്വന്തക്കാരന്യരും തമ്മി–
ലന്തരം കണ്ടിടാൻ പണി.''

വാക്യമേവം ശ്രവിച്ചശ്രു
വാർത്തുംകൊണ്ടു വിഭീഷണൻ
വന്ദിച്ചു ജ്യേഷ്ഠനെ, പ്പോയാൻ
ഖിന്നനായ് രാമപാർശ്വമെ.

കുംഭകർണ്ണൻ കരംകൊണ്ടും
കാൽകൊണ്ടും കപിസേനയെ
ചതച്ചരച്ചുപോർ മന്നിൽ
ചുററീമത്തഗജോപമം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാഘവൻ ക്രുദ്ധനായപ്പോഠം
വായവ്യാസ്ത്രമയച്ചതെ.
അതേററാ രാക്ഷസേന്ദ്രൻെറ
വലംകൈയററു വീണുപോയ്.

കൈമുറിഞ്ഞസുരൻ ക്രോധാ-
ലലറീ; കണ്ടുനില്ക്കുവോർ
പലരും പേടിയാൽ പാരിൽ
പതിച്ചാർ നിന്നിടത്തു താൻ.

ഭയംകൊണ്ടു വിറച്ചോരോ
വാനരന്മാരതാതിടം
രാമരാക്ഷസരൊത്തുള്ള
പോരതേ നോക്കിനിൽപ്പമായ്.

ഇടംകയ്യിലുടൻ രക്ഷ-
സ്സെടുത്താൻ സാലമൊന്നിനെ
അടുത്തു രാമഭാഗത്തേ-
യ്ക്കോടുക്കാൻ തൻെറ വൈരിയെ.

ഐന്ദ്രബാണത്തിനാലപ്പോ-
ളരിഞ്ഞൂ രാമനാകരം.
അരക്കൻ കയ്യുപോയോനാ-
യലറിച്ചെന്നു പിന്നെയും.

അർദ്ധചന്ദ്ര മുഖാകാര-
മസ്ത്രം രണ്ടെയ്ത്തു രാഘവൻ.
കാലുരണ്ടും മുറിഞ്ഞാർത്തു
നിലംപററി, നിശാചരൻ.

കയ്യും കാലും മുറിഞ്ഞിട്ടും
കുംഭകർണ്ണൻ ഭയങ്കരൻ,
ഗ്രസിക്കാൻ ചന്ദ്രനെച്ചെല്ലും
രാഹുപോ്ൽ രാമചന്ദ്രനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ബദ്ധവാഗ്നിസമം വക്ത്രം
വിടർത്തീട്ടാർത്തട്ടഹാസയായ്
പിളർത്തവായിലേക്കസ്ത്രം
ചെലുത്തീ രാഘവൻ തദാ.

വായ് നിറച്ചസ്ത്രമേററാറെ
വാവിട്ടലറി രാക്ഷസൻ.
മിന്നും, വജ്രസമം കൂർത്തോ–
രൈന്ദ്രബാണം രഘൂത്തമൻ

പിന്നെ വിട്ടാനരക്കൻ നേ–
ക്കന്നം വെച്ചടി വീഴ്ത്തുവാൻ.
കുണ്ഡലം ചേർന്നതാം കുംഭ–
കർണ്ണൻെറ വലുതാംതല

ഐന്ദ്രബാണം തറച്ചപ്പോ–
ളൊന്നുലഞ്ഞു മുറിഞ്ഞു പോയ്.
ശീർഷം വീണപുരദ്വാരെ
ശേഷം തടി കടൽക്കകം.

തലയോ വഴിമുട്ടിച്ചു,
മുതലത്തീററയായ് തനു.
അന്നേരം ദേവഗന്ധർവ്വ–
യക്ഷകിന്നര പന്നഗർ,

സിദ്ധസാദ്ധ്യർ മുനീന്ദ്രന്മാ–
രപ്സരസ്സുകളെന്നിവർ
പൂജിച്ചു രാമനെപ്പുഷ്പ–
വർഷത്താൽ, കീർത്തനങ്ങളാൽ.

രമനെക്കാണുവാനെത്തീ
തദാദേവർഷി നാരദൻ,
ആകാശമാർഗ്ഗമായെങ്ങും
പ്രകാശം വീശിയങ്ങനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമനിന്ദീവരശ്യാമൻ
സുന്ദരാംഗൻ ധനർധരൻ
അല്പതാമ്ര വിശാലാക്ഷ
നൈന്ദ്രബാണാൽ പ്രശോഭിതൻ

ദയാർദ്രദൃഷ്ടിയാൽ, കേഴം
കീശരെശ്ശാന്തരാക്കവോൻ;
ഈ വിധം രാമനെക്കാൺകെ
സ്തുതിച്ചു ദിവ്യനാം മുനി.

സ്തുതി:

ദേവദേവജഗന്നാഥ!
പരമാത്മൻ സനാതന!
നാരായണ! നമസ്കാരം
നമസ്തേ വിശ്വസാക്ഷിണെ!

വിജ്ഞാനരൂപനെന്നാലും
വിശ്വമോഹനവാഞ്ഛയാ
മായാമാനുഷനായ് നീയും
സുഖദുഃഖാദിയേല്ക്കയാം.

മായയാൽ മൂടി നീ വാഴ്വൂ
മറഞ്ഞെല്ലാററിനുള്ളിലും
സ്വപ്രകാശാൽപ്രശോഭിപ്പോൻ
സ്വച്ഛചിത്തർക്ക ഗോചരൻ.

സ്പഷ്ടമായ് മൂന്നു ലോകങ്ങളാം
സൃഷ്ടം നീ കൺതുറക്കവെ
സർവ്വവും ലയമാർന്നീടും
സർവ്വ! നീ കണ്ണടക്കവെ.

ഇതെല്ലാമേതിൽ നിന്നുണ്ടാ–
യേതിൽ പ്രകടമാവതും
ഏതില്ലാതില്ല മറെറാന്നു–
മതാം ബ്രഹ്മമഹൊ, ഭവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കാൺമു നിന്നെ മുനീന്ദ്രന്മാർ
കാലം, പ്രകൃതിയെന്നുമായ്
പുരുഷൻ, വ്യക്തമവ്യക്ത-
സ്വരൂപത്തിലുമായവർ.

വികാരരഹിതൻ ശുദ്ധൻ
ജ്ഞാനരൂപൻ ഭവാൻ സദാ
സമ്പൂർണ്ണജഗദാകാര-
നെന്നും വേദങ്ങളോതിടും

വേദത്തിലിപ്രകാരത്തിൽ
വിരോധം സ്പഷ്ടമായതാം.
വിജ്ഞർക്കും തൽപ്രസാദത്താൽ
മാത്രമേ നിശ്ചയം വരൂ.

മായയാൽ കളിയാടുന്നോൻ
വിരോധം പിന്നെയെന്തതിൽ?
ജലബ്ഭ്രാന്തി ജനിച്ചീടും
സൂര്യരശ്മിയിലെന്നപോൽ,

അജ്ഞാനത്താൽ ജഗത്തെല്ലാം
നിന്നിൽക്കല്പിച്ചുപോവതാം
മനസ്സിന്നറിയാൻ വയ്യാ
രൂപം നിൻ നിർഗ്ഗുണം പരം.

കാൺമതെങ്ങനെ നിൻ രൂപം,
കാണാതെസ്സേവയെങ്ങനെ.
അതിനാലവതാരത്തി-
ലോരോന്നിൽക്കണ്ട രൂപമെ

സ്മരിച്ചു ബുദ്ധിസമ്പന്നർ
തരികടന്നു ഭവാർണ്ണവം.
ഭക്തിമാർഗ്ഗത്തിലും കാമ-
ക്രോധാദി പല വൈരികാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എലിയെപ്പൂച്ചയെന്നോണ–
മെതിർക്കുന്നു മനസ്സിനെ.
സ്മരിപ്പോർ നിൻെറ രൂപത്തെ
സ്മരിപ്പോർ നിൻെറ നാമവും

നിത്യം നിൻ പൂജ ചെയ്യുന്നോർ
കീർത്തിപ്പോർ നിൻെറ ലീലകൾ,
ഭക്തഭക്ത,രവർക്കെല്ലാം
പൈക്കുളമ്പീഭവാർണ്ണവം.

സഗുണം രൂപമേ നിത്യ–
മതിനാൽ ഞാൻ സ്മരിപ്പതും.
വ്യക്തിഭാവം സ്മരിച്ചിപ്പോൾ
മുക്തനായ് ദേവപൂജ്യനായ്.

രാമ! നീ ദേവ തൃപ്തിക്കായ്
ഭീമകാര്യം നടത്തിനാൻ;
കുംഭകർണ്ണവധം മൂലം
ഭൂഭാരം കുറവാക്കി നീ.

ലക്ഷ്മണൻ കൊന്നിടും നാളെ
മേഘനാദനെ നിശ്ചയം;
മററന്നാൾ ദശകണ്ഠൻെറ
മൃത്യു നീയും വരുത്തിടും.

സാദ്ധ്യം മേ സർവ്വവും കാൺമാൻ
സിദ്ധരൊത്തു വസിക്കയാൽ.
ദേവലോകം ഗമിപ്പൂ ഞാൻ
ദേവേശാ! നൽകനുഗ്രഹം.

എന്നും പറഞ്ഞുടൻ രാമ–
സമ്മതം വാങ്ങി നാരദൻ
പോയിനാൻ ബ്രഹ്മലോകത്തേ–
ക്കായവൻ ദേവപൂജിതൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എളുപ്പം രാഘവൻ കൊന്നാൻ
ബലിഷ്ഠൻ കുംഭകർണ്ണനെ.
എന്നറിഞ്ഞു ദശഗ്രീവൻ
നന്നെ ദുഃഖിച്ചുമാഴ്കിനാൻ.

വീണുപോയ് മൂർച്ഛയാൽ പിന്നീ-
ടെണീററു വിലപിക്കയായ്.
അച്ഛനേററെത്തപിക്കുന്നു-
ണ്ടപ്ഫന്റെ വധവാർത്തയിൽ

എന്നു കണ്ടിന്ദ്രജിത്തപ്പോ-
ളൊന്നുരച്ചു മഹാബലൻ.
''മേഘനാദൻ മഹാശക്ത-
നിഹജീവിച്ചിരിക്കവെ

ദേവാന്തക! ഭവാനെന്തി-
ന്നേവം വേവുന്നു ദീനനായ്
ദുഃഖമെല്ലാം ത്യജിച്ചേററം
സ്വസ്ഥനായ് വാഴ്ക ഭൂപതെ!

സർവ്വം ഞാൻ വേണ്ടപോലാക്കാം
സംഹരിക്കാം രിപുക്കളെ.
ചെന്നാനികുംഭിലസ്ഥലത്തിൽ
നന്നായ് ഹോമം നടത്തുവേൻ.

അഗ്നിയാൽ നേടിടും സർവ്വം
ഭഗ്നമാക്കും രിപുക്കളെ.''
എന്നുരച്ചുടനെപ്പോയാൻ
വഹ്നിദേവാർച്ചനയ്ക്കവൻ.

ചുവന്ന ചന്ദനം പൂശി
ചെമ്പട്ടും ചോന്ന മാലയും
ധരിച്ചു മൗനിയായ് ഹോമം
ധരിക്കപ്പോരം തുടങ്ങിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മേഘനാദന്റെ സംരംഭം
വേഗം കേട്ട വിഭീഷണൻ
ഹോമത്താലുള്ള വൈഷമ്യം
രാമനെബ്ബോദ്ധ്യമാക്കിനാന്.

മേഘനാദൻ നടത്തീടും
ഹോമം മുഴുവനാകുകിൽ
ദേവാസുരർക്കുമൊക്കാതാ–
മവനെപ്പിന്നെ വെന്നിടാൻ.

അതിനാലവനെക്കൊല്ലാ–
നാജ്ഞാപിക്ക മഹാമതെ!
ലക്ഷ്മണൻ ശക്തനാം കൊല്ലാ–
നിക്ഷണം തന്നെ പോകണം.
ഞാനുമൊന്നിച്ചു പോയീടാ–
മനുജന്നു സഹായമായ്.''

രാമൻ:

വേണ്ട, ഞാൻ തന്നെ പോയസ്ത്രം
കൊണ്ടവൻതല കൊയ്തിടാം.
ആഗ്നേയാസ്ത്രമതൊന്നാൽ താൻ
ദൈത്യരെക്കൊന്നൊടുക്കിടാം.

വിഭീഷണൻ:

ഊണുറക്കങ്ങളില്ലാതെ
വാണോൻ പന്തണ്ടു വത്സരം
നേരോടീ കർമ്മമൊപ്പിക്കാൻ
പോരുന്നോൻ ബ്രഹ്മ നിശ്ചിതം.

മേഘനാദവധത്തിന്നാ–
യിവനാം കെല്പെഴുന്നവൻ,
അയോദ്ധ്യ വിട്ട ശേഷം നീ–
യൊന്നിച്ചെന്നുമിരുന്നവൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നിദ്രാഹാരങ്ങളില്ലാതെ
നിന്നെത്താൻ സേവചെയ്യുവോൻ.
സൌമിത്രി ശക്തിസമ്പന്നൻ
സർവ്വം ഞാനറിയുന്നതാം

അതിനാലവനോടെല്ലാ–
മാജ്ഞാപിക്ക രഘൂത്തമ!
ലക്ഷ്മണൻ ശക്തനാം, തീർച്ച,
സാക്ഷാൽ ശേഷാംശസംഭവൻ

നീ തന്നെ സാക്ഷാൽ ജഗദീശനാദ്യൻ
ഭ്രാതാവിവൻ ലക്ഷ്മണനാദിശേഷൻ
ജനിച്ചു ഭൂഭാരനിവാരണാർത്ഥം
രണ്ടാം ജഗന്നാടകസൂത്രധാരർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# യുദ്ധകാണ്ഡം

ഭാഗം—2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# സർഗ്ഗവിവരം


9. മേഘനാദവധം

10. ഹോമകർമ്മം

11. രാമരാവണയുദ്ധം

12. വിഭീഷണാഭിഷേകം - അഗ്നിപ്രവേശം

13. ദേവകളുടെ സ്തുതി—സീതാപ്രാപ്തി.

14. രാമപ്രത്യാഗമനം

15. പട്ടാഭിഷേകം

16. സമ്മാനദാനം


CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം — 9

# മേഘനാദവധം

വിഭീഷണവചസ്സേവം
കേംക്കവെച്ചൊല്ലി രാഘവൻ
''മേഘനാദൻ മഹാരൌദ്രൻ
മായാവി, യറിയുന്നു ഞാൻ.

ബ്രഹ്മാസ്ത്രവിദ്യയിൽക്ഷേമൻ
മഹാശ്ശൂരപരാക്രമി.
അറിയാമെന്നെ സേവിപ്പോൻ
ലക്ഷ്മണന്നുള്ള ശക്തിയും.

ഇക്കാര്യഗൌരവം നോക്കി
തൽക്കാലം മൌനമാർന്നു ഞാൻ.''
എന്നോതിജ്ഞാനിയാം രാമൻ
ചൊന്നാൻ ലക്ഷ്മണനോട്ടടൻ,

''ഹനുമാൻ പ്രമുഖന്മാരാ-
മന്യസൈനികനാഥരും
ചേർന്നുലക്ഷ്മണ! പോയാല്യ-
മിന്ദ്രജിത്തിൻ വധത്തിനായ്.

കപീന്ദ്രൻ ജാംബവാനും തൻ
വിപുലം സേനയൊത്തുമെ
വിഭീഷണൻ മഹാത്മാവും
വന്നിടും നിൻ സഹായമായ്.

വൈരിതൻ ഗൂഢതന്ത്രങ്ങ-
ളറിവോനാം വിഭീഷണൻ.''
രാമന്റെ വചനംകേട്ട
ലക്ഷ്മണൻ ഹൃഷ്ടനായ് തദാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശ്രേഷ്ഠമാം വില്ലെടുത്തേററി
ജ്യേഷ്ഠനെച്ചെന്നുകുപ്പിനാൻ
രാമപാദാംബുജം തൊട്ടി–
ട്ടാമോദാൽ ചൊല്ലിയിങ്ങനെ.

ഇന്നു ഞാനെയ്തിടുന്നസ്ത്ര–
മിന്ദ്രജിത്തെപ്പിളർന്നഹൊ
പാതാളഗംഗയിൽ സ്നാനം
ചെയ്തിങ്ങെത്തും തിരിച്ചുടൻ.''

ഈവിധം ചൊല്ലിസൌമിത്രി
രാമനെ പ്രണമിച്ചുടൻ
ഇന്ദ്രജിത്തിൻ വധത്തിന്നായ്
നന്നായാശിച്ച യാത്രയായ്.

അനേകം കീശരെക്കൂട്ടി
ഹനുമാൻ പിമ്പുപോയിനാൻ.
സചിവന്മാരുമായ് പോയാൻ
സഹായിപ്പാൻ വിഭീഷണൻ.

ജാംബവൽ പ്രമുഖന്മാരും
ജാഗ്രതപ്പെട്ടുപോയിനാർ.
നികുംഭിലയ്ക്കടുത്തെത്തി
കീശരോടൊത്തു ലക്ഷ്മണൻ.

ദൂരെനിന്നവിടെക്കണ്ടു
ഭൂരിരാക്ഷസവീരരെ.
ശ്രദ്ധയാർന്നു ധനുസ്സേന്തി
യുദ്ധസന്നദ്ധനായവൻ;

ജാംബവാനംഗദൻമററു
യൂഥപന്മാരുമാവിധം.
ഒപ്പമെത്തിയ ദൈത്യേശ--
നപ്പോൾ ചൊല്ലിവിഭീഷണൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''കാൺക ലക്ഷ്മണ! മേഘാഭം
നില്ക്കുമീ രാക്ഷസപ്പട.
അതിയത്തേനവേഗത്തി-
ലിതിനെപ്പൊടിയാക്കുക.

കാവൽ സൈന്യം നശിക്കുമ്പോ-
ളാവമ്പൻ ദൃശ്യനായിടും.
ഹോമ കർമ്മം സമാപിക്കാൻ
നാമേത്തും പഴതേകൊലാ.

ദുഷ്ടാത്മാവവനെ ശ്ശീഘ്രം
നഷ്ടാത്മാവാക്ക ലക്ഷ്മണ.''
വിഭീഷണോക്തികേട്ടപ്പോൾ
ലക്ഷ്മണൻ ശുഭലക്ഷണൻ,

രാക്ഷസന്മാർക്കുനേർക്കായി
ശരവർഷം പൊഴിക്കയായ്.
കല്ലുകൊണ്ടും മരംകൊണ്ടും
കുന്നുകൊണ്ടും കപീശ്വരർ,

വടിവാൾ തോമരം ബാണം
മഴവുംകൊണ്ടുരാക്ഷസർ
പൊരുതാർ തമ്മിലന്യോന്യം
പെരുതായ് തീർന്നു യുദ്ധവും.

ഏററുമുട്ടലരക്കർക്കും
മററുപേർക്കും ഭയപ്രദം
ബഹളംതന്നെയെങ്ങെങ്ങും
ബഹ്ളംതന്നെനാശവും.

മേഘനാദൻസ്വസൈന്യത്തി-
ന്നാഹവത്തിൽപ്പരാജയം
കണ്ടുതൻഹോമവും നിർത്തി-
ക്കൊണ്ടുചാടിപ്പുറത്തവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ധനുസ്സേന്തിരഥം കേറി
ക്രോധത്താൽ കലിപൂണ്ടവൻ
വന്നേറിപ്പടമദ്ധ്യത്തിൽ
പിന്നെപ്പോർ വിളികൂട്ടിനാൻ.

''സൌമിത്രേ! മേഘനാദൻ ഞാൻ
നോക്കിക്കോ, നിന്നെവിട്ടിടാ.''
ഇതോതെക്കണ്ട തൻ താത-
ബ്ഭ്രാതാവെപ്പഴിചൊല്ലിനാൻ.

''പിറന്നിങ്ങുവളർന്നിങ്ങു
പിതാവോടൊത്തിരുന്നനീ
സ്വജനം വിട്ടുപോയെന്തേ,
പൂജിപ്പൂവംശവൈരിയെ.

പുത്രനെപ്പോലെയാമെന്നെ
ദ്രോഹിപ്പോൻ പാപിതന്നെ നീ.''
സൌമിത്രിമാരുതിത്തോളിൽ
സ്ഥിതനായ്ക്കണ്ടു രാവണി,

നാനാശസ്ത്രം നിറച്ചേററം
മഹത്താം തേരിലേറിയോൻ,
വൻതരം വില്ലെടുത്തുക്കാൽ
വളച്ചീ വിധമോതിനാൻ.

''കീശരേ! നിങ്ങളെക്കൊല്ലാ-
നീശരം ശക്തമായിടും.''
അപ്പോഠം സൌമിത്രിയും ക്രുദ്ധ-
സർപ്പംപോൽ ചീററിയും, ശരം

ഒന്നെടുത്തെയ്തുവീട്ടു ക്കോ-
ടിന്ദ്രജിത്തിൻെറ നേർക്കുതാൻ.
കൺചുവന്നിന്ദ്രജിത്തപ്പോഠം
ലക്ഷ്മണൻ നേർക്കുനോക്കിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വജ്രംപോൽക്കൂർത്തൊരാബാണം
വന്നതന്മെയ്യിലേല്ക്കവെ
മുഹൂർത്തം ബോധമററോനായ്;
മോഹം തീർന്നതിനപ്പുറം

നോക്കവെ കണ്ടുസൌമിത്രി
നില്ക്കുന്നുതൻെറ മുന്നിലായ്
ഉടൻചാടിയവൻനേരെ
കടുകോപോജ്ജ്വലാക്ഷനായ്,

ശരംചാപത്തിലേററിക്കൊ–
ണ്ടുരച്ചാൻ വീരവാദവും
''കാൺമാൻപററീലമുൻപോരിൽ
കാര്യമായെൻെറ കൈബലം;

ഇന്നുകാണിച്ചിടാം കണ്ടോ
നിന്നാലും നേർക്കുറച്ചു നീ.''
എന്നുരച്ചേഴ്ബാണങ്ങ–
ളെയ്താൻ ലക്ഷ്മണലക്ഷ്യമായ്;

പത്തുബാണങ്ങളാകീശ–
സത്തമൻ ഹനുമാങ്കലും.
പിന്നെക്രോധം മുഴുത്തേറെ
മിന്നും നൂറുശരങ്ങളെ

വിഭീഷണൻെറ മെയ്മേലും
വർഷിച്ചാൻ വീര്യവാനവൻ
സൌമിത്രിശത്രുവിൻമെയ്യിൽ
ശരംവീണ്ടും പൊഴിക്കയായ്.

അവനെയ്തശരൌഘത്താൽ
തവിടായ് വീണുഭൂമിയിൽ
ദേവാരിരാക്ഷസേന്ദ്രൻെറ
കവചം കാഞ്ചനപ്രഭം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അതങ്ങുകാണവെക്രോധ–
മതിയായ് മുത്തുരാവണി
ശതക്കണക്കിലസ്ത്രങ്ങ–
ളുതിർത്താൻ ലക്ഷ്മണനെൻറമേൽ,

പോർച്ചട്ടലക്ഷ്മണനേൻറയും
പൊടിഞ്ഞുബാണമേല്ക്കയാൽ,
പോരടിച്ചേവമന്യോന്യം
പകരം വീട്ടിനാരവർ,

നെടുവീർപ്പിട്ടമത്യുഗ്രം
ചുടുബാണങ്ങളെയ്തുമെ
ഇരുപേർക്കും ശരീരങ്ങൾ
മുറിവാൽമുങ്ങിച്ചോരയിൽ,

വീര്യവുംബലവും കൂടു–
ന്നിരുപേരവരങ്ങനെ
ജയമോതോല്മയോനേടാ–
തേറെനേരം പയററിനാർ.

പോരേവം പൊടിപാറുമ്പോൾ
ശരമഞ്ചെയ്തു ലക്ഷ്മണൻ
തകർത്തിട്ടാനരക്കൻെറ
തേർതേ'ാളിഹയങ്ങളെ.

അവൻെറ ചാപവും വീഴ്ത്തി
കൈവേഗംകാട്ടി ലക്ഷ്മണൻ.
മേഘനാദനുടൻ വേറെ
ധനുസ്സൊന്നേന്തിനില്ക്കയായ്

മൂന്നമ്പെയ്തുമുറിച്ചിട്ടാൻ
മുന്നെപ്പോലതു ലക്ഷ്മണൻ.
പിന്നെയും വില്ലൊടിഞ്ഞോനി–
ലന്യബാണങ്ങൾ ചാട്ടിനാൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അന്നേരം കാർമ്മുകം വേറൊ–
ന്നിന്ദ്രജിത്തേന്തിവീര്യവാൻ
ദിക്കെങ്ങും മൂടിടുംവണ്ണം
ദീപ്തിയേറും ശരങ്ങളാൽ,

താഡിച്ചാൻ ലക്ഷ്മണൻ തന്നെ
കൂടെക്കീശരെയൊക്കെയും.
ഐന്ദ്രബാണമുടൻ വില്ലി–
ലന്നേരം കേററി ലക്ഷ്മണൻ

കാതോളം കാർമ്മുകത്തിൻ ഞാൺ
കയ്യാൽ നീട്ടിവലിച്ചവൻ
രാമപാദാംബുജം നന്നായ്
സ്മരിച്ചുംകൊണ്ടു ചൊല്ലിനാൻ.

''ധർമ്മാത്മാവദ്വയൻ രാമൻ
സത്യവാനെന്നിരിക്കിലൊ
ഈ ബാണം മേഘനാദൻെറ
ജീവപ്രാണൻ ഹരിച്ചിടും.''

ഇപ്രകാരമുരച്ചോതീ–
ട്ടിന്ദ്രജിത്തേകലക്ഷ്യമായ്
തൊടുത്താനൈന്ദ്രബാണത്തെ;
തടുക്കാനാർക്കുമൊത്തിടാ.

ഇന്ദ്രജിത്തിൻ ശിരോമദ്ധ്യേ
ചെന്നുവീണിതു സായകം.
കുണ്ഡലാലങ്കൃതം ശീർഷം
മണ്ണിലും വീണുപോയ് തദാ.

മേഘനാദവധം കേട്ടക്കെ
ദേവന്മാർ ഹൃഷ്ടചിത്തരായ്
കീർത്തിച്ചാർ ലക്ഷ്മണൻ തന്നെ
വാഴ്ത്തിനാർ പുഷ്പവൃഷ്ടിയാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആർപ്പുവിളിയാൽ പൂണ്ടു ദേവേന്ദ്രൻ
മഹർഷീന്ദ്രരുമങ്ങനെ.
വാദ്യഘോഷങ്ങളും കേൾക്കായ്
വാനിലാനന്ദസൂചകം.

ഇളക്കം തീർന്നു ഭൂമികളും
തെളിച്ചം വന്നു വാനിലും
അരക്കൻചാകവെപ്പൊങ്ങി
പരക്കെജ്ജയശബ്ദവും.

സംഘട്ടനശ്രമം തീർന്നു
ശംഖനാദം മുഴക്കിനാൻ
സൌമിത്രി, ഞാണൊലിശ്ശബ്ദം
സിംഹനാദവുമാവിധം.

വിജയധ്വനി കേട്ടേവം
വാനരന്മാർ പ്രഹൃഷ്ടരായ്.
സ്തുതിപ്പോരവരോടൊന്നി-
ച്ചതിസന്തുഷ്ടമാനസൻ

ലക്ഷ്മണൻ രാമനെക്കാൺമാൻ
തൽക്ഷണം വിട്ടുപോർക്കളം.
ആനന്ദത്തള്ളലാർന്നാലും
വിനയത്താൽ തലതാഴ്ന്നവൻ

വന്ദിച്ചു രാമനെ, ജ്യേഷ്ഠൻ
വിഷ്ണുവാം വിശ്വമൂർത്തിയെ
ചൊന്നാൻ ''ഭവത്പ്രസാദത്താൽ
കൊന്നു ഞാനിന്ദ്രജിത്തിനെ.

കേട്ടേവം ലക്ഷ്മണൻ ചൊന്ന-
തൊട്ടേറെത്തുഷ്ടിദായകം
കെട്ടിപ്പിടിച്ചു സസ്നേഹം
ജ്യേഷ്ഠൻ ചൊല്ലിയിതേവിധം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ധന്യൻ നീ ചെയ്തോരാകർമ്മ-
മന്യർക്കാകാ നടത്തിടാൻ.
മേഘനാദവധാൽ നമ്മാം—
ക്കാകവെജ്ജയമെങ്ങുമെ.

ഉന്നതൻ പടയോദ്ധാവെ
കൊന്നു നീയെന്ന കാരണാൽ
ഇന്നു ഞാനെതിരില്ലാതായ്
തീർന്നവൻ തീർത്തു ചൊല്ലിടാം

രാവണൻ വരുമിത്തവ്വി-
ലവനെക്കൊല്ലുവേണ്ടടൻ.''

ഹതനായ് ലക്ഷ്മണൻ മൂലം
സുതനെന്നതു കേൾക്കവെ
രാവണൻ ബോധമില്ലാതെ
ഭുവി മൂർച്ഛിച്ചു വീണുപോയ്.
വീണ്ടുമേബോധമാർന്നപ്പോൾ
വിലാപങ്ങളുയർത്തിനാൻ.

പുത്രന്റെ ഗുണകർമ്മങ്ങ-
ളോർത്തവൻ കേണു ദുഃഖിതൻ
''ദേവന്മാർ സർവ്വരും ലോക-
പാലന്മാർ മുനി വർഗ്ഗവും

അറിഞ്ഞീ വധവൃത്താന്ത-
മുറങ്ങും നിർഭയം സുഖം.''
ഈ വിധം പലതും ചൊല്ലി
വിലാപം കൂട്ടിനാനവൻ.

പിന്നെ ക്രോധം മുഴുത്തേററം
രവണൻ രാക്ഷസാധിപൻ
മാററാരെദ്ധ്വംസനം ചെയ്വാൻ
പററുംപണികളോർക്കയായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പുത്രനാശാൽ പരം തപ്തൻ
ക്രോധത്താൽ കലികൊണ്ടവൻ
ജാതവേഗം പുറപ്പെട്ടാൻ
സീതയെത്തന്നെ കൊല്ലുവാൻ

വാളോങ്ങി രാവൻ ക്രുദ്ധൻ
വരും വരവു കാണവെ
രാക്ഷസീ മദ്ധ്യയാം സീത
രക്ഷ കാണാതുഴന്നു പോയ്

അന്നേരം ബുദ്ധിമാൻ മന്ത്രി
സുപാർശ്വപ്പേരെഴുന്നവൻ
ശുദ്ധാത്മാവോതിനാനേവം
ക്രുദ്ധനെപ്പിന്തിരിക്കുവാൻ

''ദശഗ്രീവ! ഭവാൻ സാക്ഷാൽ
വിശ്രവസ്സിൻ സുതൻ മഹാൻ
വേദവിജ്ഞൻ സ്വധർമ്മത്തിൽ
വേരുറച്ചാചരിപ്പവൻ

സ്ത്രീവധം ചെയ്‌വതിന്നെന്താ-
ണീവിധം മുതിരുന്നതും.
വന്നാലും ഞങ്ങളൊന്നിച്ചു
കൊന്നിടാം രഘുവീരരെ.
എന്നിട്ടു സീതയെ പ്രാപി-
ക്കുന്നതാം മാന്യമാം വഴി.''

സുഹൃത്തവൻ ചൊന്നൊരു ധർമ്മവാക്കിദം
ശ്രവിച്ചു പിൻവാങ്ങിതദാ ദശാനനൻ
ഗൃഹത്തിലേയ്ക്കാശു തിരിച്ചു വീണ്ടുമെ
സഭാതലം പൂകി സഖാക്കളൊത്തവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—10

## ഹോമകർമ്മം

രാവണൻ മന്ത്രിമാരൊത്തും
മററു രാക്ഷസരൊത്തുമെ
മന്ത്രണം ചെയ്തു വീണ്ടും പോയ്
മാററാരോടേററു മുട്ടവാൻ.

എത്തിനാർ ബാക്കി നില്പോരാം
ദൈത്യരാകെ രണാങ്കണെ.
ദഗ്ദ്ധരായവരെല്ലാരു-
മഗ്നിയിൽപ്പാററപോലവെ.

രാവണന്നും പരുക്കേററു
രാമബാണം തറയ്ക്കയാൽ.
വിഷാദം പൂണ്ടവൻ വേഗം
വീട്ടിലേയ്ക്കു മടങ്ങിനാൻ.

രാമൻെറ പൌരുഷം ദിവ്യം,
മാരുതിക്കുള്ള വിക്രമം,
കണ്ടടൻ ശുക്രനെക്കാൺമാൻ
മണ്ടിനാൻ രാവണൻ തദാ.

ഗുരുവെ പ്രണമിച്ചേവം
തൊഴുതോതി ദശാനനൻ.
''ഭഗവൻ! നഷ്ടമായല്ലൊ
നഗരം ലങ്കയാകവെ

രാമനാൽ ഹതരായല്ലൊ
ദൈത്യരും ബന്ധുവർഗ്ഗവും
അങ്ങയിങ്ങരുളും കാലം
ഞങ്ങളേവം കുഴങ്ങയോ!''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദശാസ്യ വചനം കേൾക്കെ
ദൈത്യാചാര്യനിതോതിനാൻ
''ഗൂഢമായ് ഹോമകർമ്മം നീ–
യുടൻ ചെയ്യുക രാവണ!

ഹോമകർമ്മം യഥായോഗ്യം
നിർവ്വിഘ്നം നിർവ്വഹിക്കുകിൽ,

അഗ്നി സംഭൃതമായുണ്ടാം
യുദ്ധസാമഗ്രിസർവ്വവും
അവ കൈവന്നിടിൽപ്പിന്നെ
ഭവാൻ തോൽക്കില്ലൊരാളൊടും.

ഏകുവേൻ ഗൂഢമാം മന്ത്രം
വേഗം ഹോമം നടത്തുക.''
ഗീരേവം കേട്ടുടൻ പോയി
രാവണൻ രാക്ഷസാധിപൻ.

സ്വഗൃഹേ ഗുഹ നിർമ്മിച്ചാൻ
പാതാളം പോൽ സുവിസ്തൃതം
കട്ടിയായ് കാവലും നിർത്തി
കോട്ട വാതിൽക്കലൊക്കെയും.

ആഭിചാര ക്രിയയ്ക്കൊക്കു–
ന്നോരോന്നും സംഭരിച്ചവൻ
ഏകാന്തേ ഗുഹയിൽ പുക്കു
ഹോമം ചെയ്യാൻ തുടങ്ങിനാൻ.

ഉയരും ഹോമധൂപത്തെ
സ്വയം കണ്ടു വിഭീഷണൻ
ഭയവിഹ്വലനായ്, രാമ–
ന്നറിവേകി യഥോചിതം.

''കാൺക രാമ! ദശഗ്രീവൻ
ഹോമം ചെയ്യുന്നതുണ്ടിതാ.
ഹവനം വേണ്ട പോൽ തീർന്നാ–
ലവനോ ദുർജ്ജയൻ ദൃഢം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അതിനാൽ വിഘ്നമുണ്ടാക്കാൻ
ദ്രുതം പോകട്ടെ വാനരർ.''
ബോധിച്ച രാമനാകാര്യം
സാധിപ്പാൻ വിട്ടയച്ചതെ

മാരുതി പ്രമുഖന്മാരെ
സുഗ്രീവാനുജ്ഞവാങ്ങിയും
അനേകമായിരം കീശ—
രാക്രമിച്ചാർ പുരം തദാ.

കോട്ട പ്രാകാരവും ചാടി
പെട്ടെന്നെത്തി ഗൃഹാന്തരെ
തല്ലിത്തകർത്തു കാവൽക്കാർ,
തേർ, തേരാളി, ഹയങ്ങളെ.

വിഭീഷണപ്രിയാ തത്ര,
സരമാ നാമ രാക്ഷസി
കൈയാംഗ്യം കൊണ്ടു കാണിച്ചാരം
തീയാളും ഹവനസ്ഥലം.

ഗൃഹദ്വാരമടച്ചിട്ട
ക്രൂരൻ പാറകളംഗദൻ
ചവിട്ടിപ്പൊടിയാക്കിത്താൻ
പ്രവേശിച്ചൂ ഗൃഹസ്ഥകം.

കണ്ണടച്ചങ്ങിരിക്കുന്നു
വിണ്ണോർ വൈരിദശാനനൻ.
അംഗദൻ ചൊൽകയാലപ്പോ—
ളങ്ങെത്തീ മററു കീശരും.

അവരോ ബഹളം കൂട്ടീ—
ട്ടവിടെത്തല്ലിയാർത്തുമെ
ഹവന ദ്രവ്യവും മററും
ചവിട്ടിത്തീയിലേററിനാർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാവണൻ കൈപിടിച്ചോരാ
സ്രുവം തട്ടിയെടുത്തഹൊ
അതുകൊണ്ടവനെത്തന്നെ
പൊതുക്കീ പവനാത്മജൻ.

വാനരന്മാർ പലേ മട്ടിൽ
രാവണൻ മെയ്കശക്കിനാർ
എന്നിട്ടും ധ്യാനനിഷ്ഠൻ താൻ
ദുർന്നയൻ ജയകാംക്ഷയാൽ.

മണ്ഡോദരി മഹാറാണി
തന്നെയും പിടികൂടിനാൻ
അംഗദൻ; ചെന്നു കയ്യേറി
കേശപാശം ഗ്രഹിച്ചവൻ

രാവണൻ മുന്നിലെത്തിച്ചാ,
നവരം ഹാ വിലപിക്കവെ
പിച്ചിച്ചീന്തിക്കളഞ്ഞാൻ തൽ
പച്ചപ്പട്ടുറവുകയെയും.

രത്നഹാരങ്ങളും പൊട്ടി--
ച്ചെറിഞ്ഞാൻ പല പാടുമായ്.
പൊന്നരഞ്ഞാണമമ്മട്ടിൽ
ചിന്നിച്ചിതറിയെങ്ങുമെ.

നീവീബന്ധത്തിലും പിന്നെ
കൈവെച്ചാൻ കീശപുംഗവൻ.
രാവണൻ കണ്ടിരിക്കെത്താ
നീവിധം ചെയ്തതൊക്കെയും.

മററു നാരീജനത്തേയു-
മെത്തിച്ചാർ മററു വാനരർ.
മണ്ഡോദരി മനം നൊന്തും
കണ്ണീർ വാർത്തും കരച്ചിലായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാവണൻ മുന്നിൽ നിന്നേ വ-
മാവലാതി പൊഴിക്കയായ്.
''ലജ്ജയില്ലേ നിനക്കിത്ഥം
തർജ്ജനം കണ്ടിരിക്കുവാൻ.

'ഹേമി'ക്കുന്നെന്നെയന്യന്മാർ
ഹോമിക്കുന്നെന്തിനാണിനി
ഭാര്യയെശ്ശത്രുകയ്യേറ്റ
ന്നേരമാ കാഴ്ച കാണുവോൻ

ഭർത്താവെന്തിനു ജീവിപ്പൂ
ചത്തോട്ടേ ചെന്നെതിർക്കണം
ഹാ കഷ്ടം മേഘനാദാ! നിൻ
മാതാവേൽക്കുന്ന മർദ്ദനം.

ജീവിച്ചിരിപ്പു നീയെങ്കി-
ലീവിധം കഷ്ടമേൽക്കുമോ.
ഭർത്താ തൻ ജീവ രക്ഷയ്ക്കായ്
ഭാര്യയെസ്സന്ത്യജിക്കയാം.''

വിലാപമീവിധം കേട്ടു
രാവണൻ ഖഡ്ഗപാണിയായ്
''വിട്ടോദേവിയെ''യെന്നോതി
പെട്ടെന്നങ്ങേററു നിന്നവൻ

വെട്ടിനാനംഗദൻ മെയ്യി;
ലോട്ടമായ് കീശരൊക്കെയും
നാശമേററം വരുത്തിത്താൻ
കീശന്മാർ പാഞ്ഞു പോയതും.

സാമോദം സർവ്വരും പാഞ്ഞു
രാമ പാർശ്വത്തിലെത്തിനാർ.
രാവണൻ സാന്ത്വനം ചെയ്തു
ഭാര്യയോടോതിയീവിധം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''ദൈവാധീനമിദം സർവ്വം;
ജീവിക്കെപ്പലതും വരും.
ഉറച്ചീജ്ഞാനമാലംബി-
ച്ചൊതുക്കുശോകമെൻ പ്രിയെ,

ശോകമജ്ഞാന സംഭൃതം,
ശോകം ജ്ഞാനവിനാശകം;
ദേഹാദിയിലഹം ബുദ്ധി
മോഹമജ്ഞാനജന്യമാം.

തന്മൂലം പുത്രദാരാദി
സംബന്ധം ജന്മമൃത്യുവും.
അതോടൊത്തുളവാകാം കാമ-
ക്രോധാദി സുഖദുഃഖവും

അമ്മട്ടജ്ഞാനസംഭൃതം
ജന്മമൃത്യുജരാദിയും.
ആത്മാവോ കേവലം ശുദ്ധ-
നേകനെന്നു മലേപകൻ,

നിർവ്വികാരൻ നിരാകാരൻ
ജ്ഞാനരൂപൻ ചിദാത്മകൻ,
സത്താമാത്രൻ സ്വയം നില്പോൻ
പോക്കും വരവുമററവൻ.

ശോകം ത്യജിക്കുകാത്മാവീ
പാകമാണെന്നുറപ്പൊടെ.
ഞാനിപ്പോഴം പോയിടാം; ചെന്നു
രാമനെക്കൊന്നു വന്നിടാം.

മറിച്ചു രാമബാണത്താൽ
മൃതിപ്പെട്ടെന്നുമായിടാം.
അപ്രകാരം മരിച്ചെന്നാൽ
തൽപ്പദപ്രാപ്തി നേടിടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അപ്പോരം നീയൊന്നു ചെയ്യേണം
മൽപ്രിയേ! ശാസനം മമ.
സീതയെക്കൊൽകെടോ പിമ്പെൻ
ചിതയിൽച്ചാടി വീഴുക.''

രാവണൻെറ ഹിതം കേട്ടി–
ട്ടവളോ ചൊല്ലി ദുഃഖിത
''ഒന്നു ഞാൻ പറയാം നാഥ!
നന്നു നീയതു ചെയ്കിലൊ.

രാമനെക്കൊല്ലുവാൻ നിന്നാ–
ലന്യനാലും തരപ്പെടാ.
ദേവാധിദേവനാം രാമൻ
പ്രധാന പുരുഷേശ്വരൻ

സത്യസങ്കല്പനാം രാമൻ
സത്വവാൻ ഭക്ത വത്സലൻ
മനുവെപ്പണ്ടു രക്ഷിച്ചോൻ
മത്സ്യരൂപം ധരിച്ചവൻ,

സമുദ്രം മഥനം ചെയ്യും
സമയം സ്വർണ്ണ പർവ്വതം
കൂർമ്മമായ് തൻ പുറത്തേററി
വന്നവൻ രഘുനന്ദനൻ.

പന്നിയായ് ഭൂമിയെപ്പൊക്കി
തേററമേലേററി വന്നവൻ.
ദുഷ്ടാത്മാവാം ഹിരണ്യാക്ഷ
ദൈത്യനെക്കൊന്നു വിട്ടവൻ

ഹിരണ്യകശിപുപ്പേരാം
ത്രൈലോക്യദ്വേഷിദാനവൻ
ഹതനായവനാൽ തന്നെ
നാരസിംഹ സ്വരൂപനാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മൂന്നടിക്രമണം കൊണ്ടീ
മൂന്നുലോകം പിടിച്ചഹൊ
ദേവരാജന്നു നല്കിത്ത-
ന്നാവലാതി കെടുത്തവൻ

ദുഷ്ടരാം ക്ഷത്രിയന്മാരാൽ
വിഷ്ടപം വീർപ്പു മുട്ടവെ
ഭാർഗ്ഗവപ്പേരൊടും വന്നാ
ദുഷ്പ്രഭുത്വംമുടിച്ചവൻ.

അവനാം രാമനായ് വന്നീ
രഘുവംശേ ജനിച്ചവൻ
തവ നാശത്തിനായ് തന്നെ
മാനുഷം രൂപമാണ്ടവൻ.

അവൻറ ഭാര്യയാം സീതാ–
ദേവിയെക്കൊണ്ടു പോന്നു നീ
എന്തിനായ്? പുത്രനാശാർത്ഥം
സ്വന്തം നാശത്തിനായുമെ.

സീതയെക്കൊണ്ടു പോയ് നല്ക
രാമന്നായിനിയെങ്കിലും;
രാജ്യം വിഭീഷണന്നേക;
പോക നാം വല്ല കാട്ടിലും.''

മണ്ഡോദരീ വചസ്സേവം
കേട്ടു രാവണനോതിനാൻ.
''രാമനാൽ ഹതരായ് പോരിൽ
പുത്രന്മാർ ബന്ധു വർഗ്ഗവും

അതെല്ലാം കണ്ടു, ഞാൻ കാട്ടിൽ
ചിതമോ, ചെന്നു പാർപ്പതും
നേരിടാം രാമനോടിപ്പോ-
ാം
പോരിൽച്ചത്താലുമെന്തഹൊ

രാമബാണാൽ മരിച്ചെന്നാൽ
ചേരാം വിഷ്ണു പദം പരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അറിയാം വിഷ്ണുവാം രാമൻ
ലക്ഷ്മിയാം സീതയെന്നുമായ്.
അറിഞ്ഞും കൊണ്ടുതാൻ സീതാ
ഹരണത്തിന്നൊരുങ്ങി ഞാൻ

രാമനാൽ മരണം പ്രാപി-
ച്ചുണയാം പരമം പദം.
അതിനാൽ നിന്നെ വിട്ടും ഞാൻ
സംസാരാൽ മുക്തി നേടുവേൻ.

പരാനന്ദ മയൻ ശുദ്ധ-
നാരെസ്സേവിപ്പു സജ്ജനം
അവനിൽ ചേർന്നിടും ഞാനും
രാമനാൽ ഹതനാകവെ.

കൽമഷങ്ങളിതേ മട്ടിൽ
കഴകിശ്ശുഭമാർന്നിടാം.

ക്ലേശാദിവൻ തിര തകർത്തു മിളക്കമാർന്നും
ഭാര്യാകുടുംബധന മീമകരങ്ങളാർന്നും
ക്രോധാദിയാം ബഡവ വഹ്നിയുമുജ്ജ്വലിക്കും
സംസാര സിന്ധു തരണം 'ശരിയാക്കിടും' ഞാൻ.

സർഗ്ഗം—11

## രാമരാവണയുദ്ധം

ഭാര്യയോടീവിധം പ്രേമ-
പൂർവ്വമായ് തത്ത്വമോതിയോൻ
രാവണൻ, രാമനോടേററു
പോരിടാൻ തന്നെ യാത്രയായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കെട്ടുറപ്പുള്ളതേരൊന്നിൽ
കേറിനാൻ ദൈത്യർ ചുഴവെ.
പുത്തുമൂകണ്ണെ മേൽത്തട്ടം
ചക്രം പത്തുമൊരാറുമായ്,

ഭയദം കഴുതക്കൂട്ടം
പൈശാചമുഖമാണവ
വലിക്കും രഥമാണല്ലൊ
ശസ്ത്രാസ്ത്രങ്ങടം നിറഞ്ഞതും.

രാവണൻ ഭീഷണാകാര–
നീവിധം തേർതെളിച്ചുപോയ്
വില്ലാളി രാവണൻ വീരൻ
വരും വരവു കാണവെ

രാമനാൽ പാലിതാന്മരാം
വാനരന്മാർ വിറച്ചുപോയ്

എന്നാൽ മാരുതി പോരിന്നായ്
മുന്നെച്ചാടി മുറയ്ക്കവൻ
ചെന്നാപാടാശരേശന്റെ
ചെന്നിയ്ക്കേമുഷ്ടിവീക്കിനാൻ.

വക്ഷസ്ഥലത്തുമമ്മട്ടിൽ
മുഷ്ടിപ്രഹരമേകിനാൻ.
ദേഹമെല്ലാം ചത,ഞ്ഞപ്പോ–
ളാഹാ! വീണിതു രാവണൻ.

ബോധമററല്പനേരം പി–
മ്പേററിരുന്നു ദശാനനൻ
നേരേ ചൊല്ലി ''മരുത്സൂനോ!
വീരൻ നീ മമ സമ്മതൻ.''

ചൊല്ലിനാൻ ഹനുമാനപ്പോ–
''ള്ളാ ചത്തില്ലയോ ഭവാൻ.
നന്നായ്; നീയിനിയെൻ നെഞ്ചു–
ത്തൊന്നിടിക്കുക മുഷ്ടിയാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പിന്നെ ഞാൻ പകരം വീട്ടാ-
മെന്നാൽ നീ നഷ്ട ജീവനാം.''
'ശരി'യെന്നോതി താഡിച്ചാൻ
നേരേ മാറത്തു രാവണൻ.

അടികൊണ്ടാടിനാനല്പം
തടിയൻ മാരുതാത്മജൻ.
ദൈത്യനെത്തച്ചുവീഴിക്കാ-
നത്തപ്പിൽച്ചാടിനാനവൻ.

നമ്പൊബ്ഭയന്നു മാറിപ്പോ-
യന്നാട്യം കണ്ടു രാവണൻ.
ഹനുമാനംഗദൻ നീലൻ
നളൻ നാലാം കപീശ്വരർ

മുന്നിൽത്താൻ നില്പതായ് കണ്ടാർ
നാലുപേർ ദൈത്യവീരരെ,
'അഗ്നിവർണ്ണൻ' തഥാ 'സർപ്പ-
രോമനം' 'ഖഡ്ഗ രോമനം'

തഥാ 'വൃശ്ചികരോമൻ' താ-
നവരോടേററു വാനരർ.
നാലുപേർ ദൈത്യരെക്കീശർ
നാലുപേർ തച്ചുകൊന്നതെ.
പിന്നെപ്പോയ് രാമ പാർശ്വത്തിൽ
സിംഹനാദം മുഴക്കിയും.

രാവണൻ ചെന്നിതന്നേരം
രാമനോടേററുമുട്ടുവാൻ

പല്ലും കടിച്ചവൻ ക്രോധാൽ
കണ്ണുരുട്ടി മിഴിച്ചുമെ,
വജ്രോപമശരൌഘങ്ങളും
വാരി വാരിദമെന്നപോൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വർഷിച്ചാൻ രാഘവൻ മെയ്യിൽ
വാശിയേറും ദശാനനൻ.
വല്ലായ്മ വാനരന്മാർക്കും
വല്ലാതേകി ശരങ്ങളാൽ

പിന്നെപ്പൊന്നണി ബാണങ്ങളും
മിന്നും തേജസ്സിയന്നവ
രക്ഷസ്സിൻ മെയ്യിലൊട്ടേറെ
വിക്ഷേപിച്ചിതു രാമനും,

രഥസ്ഥൻ രാവണൻ, രാമൻ
നിലത്തും നിൽപ്പതങ്ങനെ
ദേവേന്ദ്രൻ കണ്ടു ചൊന്നാൻ തൻ
സൂതൻ മാതലിയോടിദം,

''കൊണ്ടു പോകെൻ രഥം, വേഗം
രാമന്നരികിലെത്തുക.
നമുക്കായടരാടുന്നോൻ
നിലത്തേ നിൽപ്പു കാൺക നീ.''

ശക്രവാക്യാനുസാരേണ
ശക്തൻ സാരഥി മാതലി
പച്ചക്കുതിരയെപ്പൂട്ടി
പെട്ടെന്നാത്തേരിലേറിയും

സ്വർഗ്ഗം വിട്ടൂഴിമേൽ വന്നു
ചെന്നെത്തീ രാമസന്നിധൌ
നമിച്ചു രാമനെപ്പിന്നെ
ചൊല്ലി ''ഞാനിന്ദ്രദൂതനാം

ഭവാൻെറ വിജയത്തിന്നായ്
ദേവരാജനയച്ചതാം,
ഐന്ദ്രചാപമിതും തേരും
സുന്ദരം വിജയപ്രദം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദിവ്യമീകവചം ഖഡ്ഗം
ദിവ്യതൂണീരവും തഥാ
വന്നാലും തേരിതിൽക്കേറി
കൊന്നാലും രാക്ഷസേശനെ,

ഇത്തേരിൽക്കേറി ദേവേന്ദ്രൻ
വൃത്രനെക്കൊന്നമാതിരി.''
കേട്ട മാതലി വാക്യങ്ങൾ
രാമൻ വന്ദിച്ചു തേരിനെ.

പിന്നെക്കേറി രഥം രാമൻ
മന്നിൽ ശ്രേയസ്സുയർത്തുവാൻ.
തുടർന്നുള്ള യുദ്ധവും ഘോരം
തുടങ്ങീ രോമഹർഷണം

മഹാത്മാ രാമനോടേററാൻ
രാവണൻ രാക്ഷസാധിപൻ,
ആഗ്നേയാസ്ത്രമവൻ വിട്ട–
താഗ്നേയം കൊണ്ടു രാഘവൻ,

ദൈവാസ്ത്രം കൊണ്ടതേ മട്ടിൽ
ദൈവാസ്ത്രം താൻ മുറിച്ചുതെ.
അപ്പോൾ ക്രോധം മുഴത്തോനാ–
യസ്ത്രവിത്തായ രാവണൻ
രാക്ഷസാസ്ത്രം പ്രയോഗിച്ചാൻ
രാമന്മേലതിഭീകരം.

രാവണൻ വിട്ട ബാണങ്ങൾ
പൊന്മയച്ചിറകുള്ളവ
ക്രൂരസർപ്പങ്ങളായ് തീർന്നു
വീണു രാമന്നു ചുററുമെ.

ആളിടും തീ വമിച്ചാണാ
വ്യാളാസ്ത്രങ്ങളണഞ്ഞതും;
ദിക്കെല്ലാം ദീപ്തമായ് തീർന്നു
തത്തേജോവ്യാപ്തിയാൽ തദാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നാഗങ്ങളാം നാലുഭാഗത്തും
നിറഞ്ഞങ്ങനെ കാണവെ
ഗരുഡാസ്ത്രം പ്രയോഗിച്ചാൻ
രാമൻ ഘോരതരം പരം.

അതിൽ നിന്നുള്ള വായ്നാനാ
ഗരുഡാത്മക രൂപികൾ.
അവയാൽ വൈരിവൃന്ദങ്ങൾ
നഷ്ടമായ് നാഗരൂപികൾ.

ദിവ്യാസ്ത്രമീവിധം പാഴായ്
പോവതായ് കണ്ടു രാവണൻ
ശരജാലങ്ങളൊട്ടേറെ
വർഷിച്ചാൻ മഴപോലവെ.

രാമനിൽശ്ശരവർഷത്താൽ
സാമാന്യം പീഡയേററിയും
കോരിച്ചൊരിഞ്ഞിതസ്ത്രങ്ങൾ
സാരഥിക്കെതിരായുമെ.

തുളച്ചു തേർതടം, സ്വർണ്ണ-
ക്കൊടിക്കാൽ ചൂർണ്ണമാക്കിയും
രഥാശ്വദ്ധ്വംസനം ചെയ്തും
ക്രോധം കാണിച്ചു രാവണൻ,

ആപത്തു രാമപക്ഷത്തി
ലാപതിച്ചതു കാണവെ
വിഷാദം പൂണ്ടുവാനോരും
വിശേഷാൽ മുനിമാർകളും

വിഭീഷണനുമസ്വാസ്ഥ്യം
വാനരന്മാർക്കുമേറെയായ്.
ഒരു പത്തുമുഖത്തോടു-
മിരുപത്തു കരത്തോടും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാവണൻ നില്പു, കോദണ്ഡൻ
മൈനാകക്കുന്നൊടൊത്തവൻ.
രാമനോ, പുരികം രണ്ടും
വളച്ചും കൺചുവന്നുമെ,

വൈരിയെച്ചുട്ടിടാൻ തക്ക
ഗൌരവക്രോധമാളുവോൻ,
ഐന്ദ്രചാപം കണക്കുള്ള
ധനുസ്സും തോളിലേന്തിയോൻ,

കാലാനല സമം ബാണം
കൈയിലും ചേർന്നു ഭീതിദൻ,
ക്രോധാഗ്നിജ്ജ്വാല പൊങ്ങീടും
കൺകളാൽ നോക്കിനില്പവൻ,

തേജസ്സാൽ പ്രോജ്ജ്വലിപ്പോനായ്
കാലരൂപൻ മഹാബലൻ
തുടങ്ങീ തെളിയിക്കാനായ്
തന്നിലെ ബ്ഭീമപൌരുഷം.

ആ നിലയ്ക്കുണ്ടു നിന്നെന്താ—
നാശരേശൻെറ മേൽഗ്ഗുരം.
ആഹ്ലാദം വാനരർക്കേകി
കാലൻപോൽ നിന്നിതായവൻ

രാമൻെറ വദനം ക്രുദ്ധം,
വൈരിയോടേററ വേളയിൽ,
കണ്ട ലോകം നടുങ്ങിപ്പോയ്
കുലുങ്ങീ ഭൂമിയും തദാ.

രൌദ്രഭാവത്തിലീമട്ടിൽ
തീക്ഷ്ണബാണം പൊഴിക്കവെ
ഭയന്നു സർവ്വഭൂതങ്ങൾ;
ഭയന്നു രാവണൻ രിപു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിമാനം കേറി ദേവന്മാർ
സിദ്ധഗന്ധർവ്വകിന്നരർ
കാൺകയായീ മഹായുദ്ധം
ലോകാന്തപ്രളയോപമം.
ഐന്ദ്രബാണത്തിനാൽ രാമ–
നരിഞ്ഞു രാവണൻ തല.

രാവണൻെറ ശിരസ്സെല്ലാം
രക്തപങ്കിലമായ് തദാ
പനന്തേങ്ങ പതിക്കും പോൽ
പാർന്നട്ടിൽപ്പൊട്ടി വീണുപോയ്

പിന്നെയും തലയുണ്ടാവൽ
പിന്നെയും വീഴ്ത്തലായവ,
മുളയ്ക്കും തല മുൻമട്ടിൽ
മുറിക്കുന്നൊരു കാഴ്ച താൻ.

ഈമട്ടു തുടരെക്കണ്ടു
രാമനും വിസ്മയിച്ചു പോയ്
''ഒരു നൂറെറാന്നു വട്ടം ഞാ–
നൊരുത്തൻ വീഴ്ത്തിവൻതല.

എന്നിട്ടും രാവണന്നേതും
വന്നില്ലാ നാശമത്ഭുതം.''
രാമൻ ചിന്തിക്കയായ്, ധീരൻ
കൌസല്യാനന്ദവർദ്ധനൻ.

നാനാ ശസ്ത്രാസ്ത്രസമ്പന്ന–
നസ്ത്രവിദ്യാവിശാരദൻ.
''ശക്തിവീര്യമെഴുന്നേറെ
ദൈത്യരെക്കൊന്നൊരമ്പുകാം

എല്ലാം താൻ ഫലമില്ലാതാ–
യല്ലോ രാവണനിഗ്രഹെ.''
ഈവിധം ചിന്തിയിൽപ്പെട്ട
രാമന്നരികെ നില്പവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിഭീഷണൻ തദാ ചൊല്ലി
''പ്രഭോ! ബ്രഹ്മ വരത്തിനാൽ
ഇവന്റെ തലയോ കൈയോ
മുറിയാനിടയാവുകിൽ

അവ വീണ്ടും മുളച്ചീട-
മവിടെത്താനുടൻ ദൃഢം.
ഇവന്റെ നാഭിദേശത്തി-
ലമൃതം വെച്ചിരിക്കയാം.

ആഗ്നേയാസ്ത്രപ്രയോഗത്താ-
ലതുവററും മൃതിപ്പെടും.''
വിഭീഷണോക്തികേട്ടാറെ
രാമൻ ശീഘ്രപരാക്രമൻ

ആഗ്നേയാസ്ത്രമെടുത്തെയ്താൻ
രാക്ഷസേശന്റെ നാഭിമേൽ
പിന്നീടോരോ ശിരസ്സിന്മേ-
ലന്യബാണങ്ങളേററിനാൻ.

രാവണന്റെ കരൗഘങ്ങ-
ളാവിധംതന്നെ വീഴ്ത്തിനാൻ.
ക്രോധാവിഷ്ടൻ ദശഗ്രീവൻ
ഘോരം ശൂലമെടുത്തവൻ

വിഭീഷണന്റെ നേർക്കോങ്ങി
വിക്ഷേപിച്ചാനിതിന്നിടെ.
പൊന്മയം ബാണമെ,യ്തപ്പോഠ
മുറിച്ചാനതു രാഘവൻ.

ശിരച്ഛേദാൽ ദശഗ്രീവൻ
തേജസ്സററൊരു ജന്തുവായ്.
മുഖ്യമാം മുഖമൊന്നും കൈ
മുഖ്യമാം രണ്ടുമാത്രവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ബാക്കിയായവനത്യുഗ്ര-
മൂർഖഭീഷണരൂപനായ്.
പിന്നീടവൻ പ്രയോഗിച്ചാൻ
ശസ്ത്രാസ്ത്രങ്ങളനേകമായ്

രാമങ്കൽ, രാമനും ബാണം
പലതെയ്യാനവൻെറ മേൽ.
പോരപ്പോൾ പെരുതായ്‌വന്നു
ഘോരം രോമാഞ്ചദായകം.

അന്നേരം രാമനോടേവം
മന്ത്രണം ചെയ്തു മാതലി.
''ഇവനെക്കൊല്ലുവാൻ വേഗം
ബ്രഹ്മാസ്ത്രം താനയയ്ക്കുക,

നാശകാലമിവന്നിപ്പോൾ
വന്നണഞ്ഞു രഘൂത്തമ!
ഉത്തമാംഗം മുറിച്ചീടാ-
നിത്തവ്വിൽപ്പണിയായിടും.

ഹൃദയം മർമ്മമാണങ്ങോ-
ട്ടെയ്യെന്നാൽ ചത്തുവീണിടും''
ഈവിധം വചനം കേട്ടക്കെ
ദിവ്യാസ്ത്രസ്മൃതിവന്നവൻ

രാമൻ, പന്നഗമെന്നോണം
നിശ്വസിച്ചുരിസായകം.
വായു, വഹ്നി, ദിനേശൻതാൻ,
മന്ദരം, മേരുപർവ്വതം,

ദിക്പാലദേവതാവർഗ്ഗ,-
മാകാശാദികളൊക്കെയും
ഉൾക്കൊള്ളും ശക്തിസമ്യക്കായ്
സമർപ്പിച്ചുള്ളതാണതിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭാസ്കരെ പ്രഭപോൽമിന്നും
തേജസ്സാലുജ്ജ്വലിപ്പതായ്
കാൺമൊരാ ദിവ്യമാമസ്ത്ര–
മത്യുഗ്രംവിസ്മയപ്രദം.

വേദോക്തം വിധിപോലുള്ള
മന്ത്രംധ്യാനിച്ചു രാഘവൻ
തൊടുത്തിതാ മഹാബാണം
ധനുസ്സിന്മേൽ മഹാഭുജൻ.

ബ്രഹ്മാസ്ത്രം രാഘവൻ വില്ലിൽ
കുലയേററുന്നമാത്രയിൽ
ഭയന്നാർ ഭൂതജാലങ്ങളം
ഭൂമിയും വിറയാർന്നുതെ.

ക്രോധവും ധൈര്യവും പൂണ്ടും
ബോധവാനായുറപ്പോടും
മർമ്മംനോക്കി പ്രയോഗിച്ചാൻ
ബ്രഹ്മാസ്ത്രം രാമനപ്പൊഴെ.

വജ്രതുല്യം കരാളോഗ്രം
കാലാസ്യ സമമാ ശരം
പാഞ്ഞുകേറീദശഗ്രീവ–
വക്ഷസ്സിന്ത്താൻ, ഭയങ്കരം

അക്ഷയം ശക്തികോലുന്നാ
ത്രുക്ഷമാം ദിവ്യമായുധം
രാക്ഷസാധീശ്വരൻ തൻെറ
വക്ഷസ്സൊന്നായ് പിളർത്തുതെ.

രാവണപ്രാണനെച്ചോർത്തി
ബ്ബാണം ഭൂമിതുളച്ചുമെ
പിന്തിരിഞ്ഞെത്തി രാമൻെറ
തൂണീരത്തിലിരിപ്പുമായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാവണന്റെ മഹാവില്ലും
ശരവും വീണുഭൂമിയിൽ
ഒപ്പം തൻ ദേഹവും വീണി-
തപ്പോരം, പ്രാണൻ വെടിഞ്ഞതായ്

ചാവാതെബ്ബാക്കിനില്പോരാ-
മേതാനും രാക്ഷസാദികരം
നേതാവിൻ വീഴ്ചകണ്ടേററം
ഭീതരായ് പാഞ്ഞുപോയ് തദാ.

ദശാസ്യവധവും തത്ര
രാമന്റെ ജയവും തഥാ
കണ്ടുകൊണ്ടാടികീശന്മാർ
വേണ്ടപോൽ ജയശോഭിതർ.

ചത്തുപോയ് രാവണൻ, രാമൻ
ജയിച്ചാനെന്നുമാർക്കയായ്;
ദേവദുന്ദുഭിവാദ്യങ്ങരം
ദ്യോവിലെങ്ങും മുഴങ്ങയായ്.

പുഷ്പംവർഷിച്ചുവാനോരും
തുഷ്ട്യാനന്ദിച്ചു രാമനെ.
സ്തുതിച്ചു രാമനെസ്സിദ്ധർ
സർവ്വമാമുനിമാർകളും.

അപ്സരസ്സുകളാറ്റാദാ--
ലാടിപ്പാടിത്തുടങ്ങിനാർ.
ജ്യോതിസ്സൊന്നു ദശഗ്രീവ-
ദേഹം വിട്ടഥപൊങ്ങിയും

രാമദേഹേലയിക്കും പോ-
ലങ്ങുകണ്ടിതു ദേവകരം.
ആ വിധംകണ്ടവാറോതി
“രാവണൻ ഭാഗ്യവാൻ ദൃഢം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നമ്മളോ, സത്ത്വസമ്പന്ന-
രമ്മഹാവിഷ്ണുസേവകർ
എന്നിട്ടും നാം പ്രപഞ്ചത്തിൽ
തന്നെ വട്ടം കറങ്ങുവോർ.

ഇവനോ, രാക്ഷസൻ ക്രൂരൻ
സജ്ജനദ്രോഹിതാമസൻ
കലസ്ത്രീദൂഷകൻ, വിഷ്ണു-
ദ്വേഷി, താപസഹിംസകൻ.

എന്നിട്ടും സർവ്വരും കാൺകെ
രാമനിൽത്താൻ ലയിച്ചുപോയ്."
ദേവന്മാർചൊല്വതേകേട്ടി-
ട്ടോതീദേവർഷിനാരദൻ.

ധർമ്മതത്ത്വം ഗ്രഹിച്ചോരാം
നിങ്ങളെൻവാക്കുകേൾക്കുവിൻ.
രാവണൻ രാഘവദ്വേഷാൽ
രാപ്പകൽ ബ്ഭേദമെന്നിയെ

രാമൻെറ ചരിതംതന്നെ
നിത്യവും കേട്ടിരുന്നതെ.
രാമനാൽ മരണംചേരു-
മെന്നറിഞ്ഞവനെപ്പൊഴും,

സ്വപ്നത്തിൽപ്പോലുമേ രാമ-
സ്വരൂപം താൻ സ്മരിക്കയായ്.
ക്രോധം വർദ്ധിച്ചതും 'രാമൻ
രാമ'നെന്നുള്ള ചിന്തയാൽ.

രാമനാൽ ഹതനായപ്പോാം
പാപമെല്ലാം നശിച്ചുപോയ്
രാമസായൂജ്യവുംനേടി
രാവണൻ ബന്ധമുക്തനായ്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പാപത്തിൽ മൂർത്തിമത്തായ് പലവിധ ദുരിതം
ചെയ്യവൻപോലുമെന്നും
പ്രേമത്താൽ, ഭീതിയാലോ, രഘുകുലതിലകൻ
തന്നെ ചിത്തേനിനച്ചാൽ
ദേഹാന്തംവന്നിടുന്നാം, മനമതിവിമലം
തന്നെയായ് ധന്യനായും
ദേവാധീശസ്വരൂപൻ ഹരിയുടെ നിലയം
പുണ്യവൈകുണ്ഠമെത്തും.

**മൂലം:**

ഹത്വായുദ്ധേദശാസ്യം ത്രിഭുവനവിഷമം,
വാമഹസ്തേനചാപം
ഭൂമൌവിഷ്ടഭ്യതിഷ്ഠ,ന്നിതരകരധൃതം
ഭ്രാമയൻ ബാണമേകം,
ആരക്തോപാന്തനേത്ര:, ശരദളിതവപു;,
സൂര്യകോടി പ്രകാശോ,
വീരശ്രീബന്ധുരാംഗ;സ്ത്രിദശപതിനുത:,
പാതുമാം, വീര രാമ:

സർഗ്ഗം—12

# വിഭീഷണാഭിഷേകം-അഗ്നിപ്രവേശം

രാമൻ വിഭീഷണൻ തന്നെ,
ഹനുമാനും ഗദൻതഥാ,
സുഗ്രീവൻ, ലക്ഷ്മണൻ പിന്നെ,
ജാംബവാൻ മററുപേരെയും

നോക്കിസ്സന്തുഷ്ടചിത്തത്തോ–
ടോതിനാനീവിധം തദാ.
"നിങ്ങളെല്ലാം സഹായിച്ചാ–
ണിങ്ങെന്നാൽ രാവണൻ ഹതൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



എന്നോളം സൂര്യചന്ദ്രന്മാ–
രന്നോളം നിങ്ങരം കീർത്തിതൻ.
നമ്മളാൽ കൃതമാം കാര്യം
നിർമ്മലം ലോകപാവനം,

ആർത്തിനാശകരം, പാരിൽ
കീർത്തിപ്പോർ ഭവമുക്തരാം.''
എന്നെല്ലാം പറയുന്നേരം
വന്നാർ രാവണ ഭാര്യമാർ;

ഭർത്താവിൻ നിധനം കേട്ടി
ട്ടാംത്താപം താങ്ങിടാത്തവർ
ചെന്നുവീണുപതിപ്രേത–
സന്നിധൌ വിലപിക്കയായ്.

ശോകത്താൽ വെന്തുതൻ ഭ്രാതൃ–
ദേഹത്തിൻ മുന്നിൽനില്പവൻ
വിഭീഷണൻ പലേമട്ടിൽ
വിലാപം കൂട്ടിനാൻ തദാ.

രാമനപ്പോരം വിളിച്ചോതി
ലക്ഷ്മണൻ തന്നൊടീവിധം.
''വിഭീഷണനുയർന്നുള്ളീ
വിഷാദം പോക്കസാന്ത്വനാൽ

ഭ്രാതൃസംസ്കാരകർമ്മങ്ങരം
ജാതവേഗം നടത്തുവാൻ,
സ്ത്രീകളെബ്ബഹളം നിർത്തി
നീക്കാനും ചൊല്ലുസാദരം.''

രാമാദേശമതും കേട്ടു
ലക്ഷ്മണൻ ചെന്നുസാദരം,
മൃതദേഹസമീപത്തിൽ
മൃതനെപ്പോൽ കിടപ്പവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തപ്തൻ വിഭീഷണൻ തന്നോ–
ടാപ്തവാക്യങ്ങളോതിനാൻ.
''ആരെക്കുറിച്ചനീതപ്ത–
നാരിവൻ തവബന്ധുവൊ

നീയാരിവന്നു മുൻജന്മം
നീയാരാം ഭാവിജന്മനി?
മണൽത്തിട്ടിൻ തരിക്കൂട്ടം
മലവെള്ളത്തിലെന്നപോൽ

കാലശക്ത്യാ ജന്തുജാല!–
മൊത്തുചേരും പിരിഞ്ഞിടും
വിത്തിൽനിന്നുളവാം വിത്തും
വിത്തുണ്ടാകും നശിച്ചിടും.

അതുപോൽ ജീവജാലങ്ങൾ
ജനിപ്പതു മരിപ്പതും.
നീയും ഞങ്ങളുമന്യന്മാ–
രെല്ലാം കാലവശോത്ഭവർ.

ജനനം മരണംരണ്ടും
വരുംപോൽ തന്നെവന്നിടും,
ഈശ്വരൻ ലീലയാ സൃഷ്ടി–
ച്ചവയാം ഭൂതജാതിയാൽ

ജന്മമൃത്യുക്കളേല്പിക്കും
മററുഭൂതഗണങ്ങളിൽ.
ദേഹത്താൽ ദേഹിയാം ജീവൻ,
ദേഹമോ, ദേഹജാതമാം

ബീജത്താൽ ബീജമെന്നോണം;
ജീവനാത്മാസനാതനൻ.
അവിവേകകൃതം താനീ
ദേഹിദേഹവിഭാഗവും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നാനാത്വം ജന്മനാശങ്ങൾ
ക്ഷയം വൃദ്ധികളെന്നിവ
ആത്മാവിൽ കാൺമതോ, തീയിൽ
വിറകിൻ വിക്രിയോപമം.

ദേഹധർമ്മങ്ങളാത്മാവി–
ലാരോപിപ്പിതു ജീവികൾ
ഭ്രാന്തിയാ; ലതിനാലാത്മ
സത്യസ്ഥിതിയറിച്ചിടാ.

പ്രപഞ്ചസ്ഫുരണം നാസ്തി
ഗാഢനിദ്രയിലേവനും.
ജാഗ്രത്തിലും തഥാമുക്ത–
നഹങ്കാരം ത്യജിക്കുകിൽ

ത്യജിക്കമായതൻ ധർമ്മ–
മഹന്താ മമതാ ഭ്രമം.
വിഷയപ്പിമ്പപോയീടും
മനസ്സെപ്പിന്തിരിക്കുക.

പിന്നെദ്ധ്യാനിക്കതന്നുള്ളിൽ
മായാമാനുഷ രാമനെ,
സർവ്വഭൂതാത്മനാം സാക്ഷാൽ
സച്ചിദാനന്ദമൂർത്തിയെ.

ബാഹ്യവസ്തു ഭ്രമം വിട്ടു
രാമനെത്താൻ സ്മരിക്കുക.
ഭ്രാതൃമാതൃപിതൃഭ്രാന്തി
ദേഹംതാനെന്ന തോന്നലാൽ.

ആത്മാവും ദേഹവും ഭിന്ന–
മെന്ന ബോധം ജനിക്കുകിൽ
പിന്നെബ്ബന്ധുക്കളാരാർക്കാം
ഭ്രാതൃ മാതൃ പിതൃക്കളും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭാര്യാപുത്രധനം സൈന്യം
ഭൃത്യന്മാർ രാജ്യവും തഥാ
ശബ്ദഭേദാൽ ധരിച്ചീടും
വിവിധം വിഷയങ്ങളും

അജ്ഞാനം മൂലമുണ്ടാകും
തെററിദ്ധാരണതൻ ഫലം
മാത്രമാ;ണവയെല്ലാം താ–
നതിനാൽ ക്ഷണികങ്ങളാം.

എണ്ണീക്കുകതിനാൽ ഹൃത്തിൽ
സ്മരിച്ചും രാമനെസ്സദാ,
പ്രാരബ്ധ ബുദ്ധിയോടെന്നും
പാരിപാലിക്ക രാജ്യവും.

ഭൂതം ഭാവി ഗണിക്കാതെ
വർത്തമാനൈക ദൃഷ്ടിയായ്
യഥാന്യായം പ്രവൃത്തിച്ചാൽ
ഭവദോഷങ്ങളേർപ്പെടാ

ഭ്രാതാവിൻ പ്രേതകാര്യാദി
സംസ്ക്കാരങ്ങൾ നടത്തുക.
ശാസ്ത്രോക്ത വിധിപോ, ലാദ്യ–
മീ സ്ത്രീകളെയകററുക.

ഗമിക്ക നഗരം വേഗം
രാമൻ കല്പിച്ചതാണിവ.''
അർത്ഥവത്താമിദം വാക്യം
കേട്ടതോർത്തു വിഭീഷണൻ

വെടിഞ്ഞു ശോകമോഹങ്ങൾ
രാമന്നരികിലെത്തിനാൻ.
പിന്നീടല്പം വിചാരിച്ചു
ചൊന്നാൻ ധർമ്മജ്ഞനീവിധം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''ഭ്രാതാവിവൻ മഹാദുഷ്ടൻ
ക്രൂരൻ മര്യാദയററവൻ,
ധർമ്മമെല്ലാം ത്യജിച്ചുള്ളോൻ
പരസ്ത്രീ ലോലുപൻ ശഠൻ.

ഇവനെസ്സംഹരിക്കാനാ–
യനർഹൻ തന്നെ ഞാൻ പ്രഭോ''
രാമനീ വചനം കേൾക്കെ
പ്രീതനായേവമോതിനാൻ.

''മരണത്തോളമേ വൈരം;
നമുക്കെന്തിനി ചെയ്യുവാൻ
ഇവനിപ്പോൾ നമുക്കെല്ലാ–
മൊരുപോലുള്ളതാം നില.''

മാനിച്ചു രാമനിർദ്ദേശം
ശീഘ്രം ചെന്നു വിഭീഷണൻ.
മണ്ഡോദരി മഹാരാജ്ഞി
മുമ്പാം മഹിഷിമാർകളെ

സാന്ത്വനോക്തികളാൽ വേഗം
ശാന്തരാക്കി യഥോചിതം
സ്വജനത്തിൻ സഹായത്താൽ
സംസ്ക്കാരത്തിന്നൊരുക്കിനാൻ.

പ്രേതത്തെച്ചിതമേൽ വെച്ചു
മുഖ്യവാദ്ധ്യാൻെറ ചൊൽപ്പടി
തീയും വെച്ചു മഹാകായം
ദഹിപ്പിച്ചാൻ വിഭീഷണൻ.

ബന്ധുക്കൾ മന്ത്രിമാരും ചേർ–
ന്നന്ത്യകർമ്മങ്ങളൊക്കെയും
വിധിപോൽ ചെയ്തൊട്ടുക്കത്തി–
ലഗ്നിദാനവുമേകിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പിന്നെക്കുളിച്ചുമീറൻമു–
ണ്ടുടുത്തും നിറവേററിനാൻ
എള്ളും പൂവും കലർന്നുള്ള
വെള്ളത്താലുദകക്രിയ.

അതിൻ ശേഷം നമസ്ക്കാരം
വിധിപോലാചരിച്ചുതെ.
സ്ത്രീകളെപ്പിന്നെയും നല്ല
സാന്ത്വനോക്തികളാലവൻ

സ്വഗൃഹം പൂകുവാൻ കല്പി
ച്ചാവിധം ചെയ്തിതേവരും.
രാക്ഷസസ്ത്രീകളെല്ലാം താൻ
പോയ ശേഷം വിഭീഷണൻ

രാമ പാർശ്വമണഞ്ഞങ്ങു
നിന്നാനേററം വിനീതനായ്.
രാമൻ, സൌമിത്രി സുഗ്രീവ–
സൈന്യ സംവൃതനായവൻ

വൃത്രനാശത്തിലിന്ദ്രൻ പോൽ
ശത്രുനാശേ രസിക്കയാം.
അന്നേരം രാമനെച്ചുററി
വലംവെച്ചഥ മാതലി

വന്ദിച്ചു സമ്മതം വാങ്ങി
സ്വർല്ലോകത്തേയ്ക്കു പോയിനാൻ
പിന്നെ രാമൻ പ്രസന്നാത്മാ
ചൊന്നാൻ സൌമിത്രിയോടിദം.

''വിഭീഷണനന്നു മുന്നേ ഞാൻ
ലങ്കാരാജ്യം കൊടുത്തതാം.
ഇപ്പോഴോ നീ പുരിയിൽപ്പോയി
വിപ്രന്മാർ മന്ത്രിമാരൊടും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പൌരമുഖ്യരൊട്ടം കൂടീ–
ട്ടഭിഷേകം നടത്തുക.''
ലക്ഷ്മണൻ ലങ്കയിൽ പോയാൻ
തൽക്ഷണം വാനരാനപിതൻ.

സ്വർണ്ണകുംഭങ്ങളുകൊള്ളം
സമുദ്രജലമഞ്ജസാ
കൊണ്ടു വന്നഭിഷേചിച്ചാൻ
രാജാവായ് രാക്ഷസേന്ദ്രനെ.

വിഭീഷണനതിൽപ്പിന്നെ
കാഴ്ച ദ്രവ്യങ്ങളേന്തിയും
പൌരമുഖ്യരൊട്ടും കൂടെ
രാമസന്നിധിയെത്തിയോൻ

രാമനായ് കാഴ്ചയും വെച്ചു
സാഷ്ടാംഗം പ്രണമിച്ചതെ.
രാജാവിഭീഷണൻ വന്നു
കാൺകെ രാമൻ പ്രഹൃഷ്ടനായ്,

കൃതകൃത്യനമായ് താനെ-
ന്നഭിമാനിച്ചസാനുജൻ.
രാമൻ സുഗ്രീവനെപ്പുൽകീ–
ട്ടേവമൊന്നോതിനാൻ തദാ.

''രാവണൻ ഹതനായെന്നാൽ
കേവലം നീതുണയ്ക്കയാൽ.
വിഭീഷണന്നു രാജത്വം
നല്ലാനും കഴിവെത്തിമെ.''

പിന്നെച്ചാരത്തുനില്ക്കുന്നോൻ
ഹനുമാനോടു ചൊല്ലിനാൻ
''രാജാവിൻ സമ്മതത്തോടെ
പോകനീ രാവണാലയെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാവണാദിവധം തൊട്ടു
സർവ്വം കേരംപ്പിക്ക സീതയെ
അവളെന്തുത്തരം ചൊല്ലു–
മതുമിങ്ങറിയിക്കനീ.''

ഈവിധം രാമനിർദ്ദേശം
ചെവിക്കൊണ്ടുമരുത്സുതൻ
നഗരത്തിൽ പ്രവേശിച്ചാൻ
ദൈത്യരാൽ പൂജിതൻ തദാ.

നില്ക്കാതെ ശിംശപാവൃക്ഷം
നില്ക്കുമുദ്യാനമെത്തിനാൻ.
അവിടെക്കണ്ടിരിക്കുന്നു
ജാനകീ ദീന ദുഃഖിതാ,

രാക്ഷസീമദ്ധ്യയാം ഭീതാ
രാമചിന്തൈക ചിത്തയായ്.
ഹനുമാൻ വിനയംപൂണ്ടും
പ്രണാമം ചെയ്തുമങ്ങനെ,

സീതാഭിമുഖമായ് നിന്നാൻ
ഭക്തിയാൽ കൂപ്പുകൈയൊടെ
സീതയ്ക്കല്പം കഴിഞ്ഞാറെ
പൂർവ്വസ്മരണവന്നുപോയ്

ബോദ്ധ്യമായ് രാമദൂതൻതാ–
നവനെന്നായ്; പ്രസന്നയായ്.
പ്രസന്നം മുഖഭാവത്തെ
കണ്ടുമോദാൽമരുത്സുതൻ
രാമനിർദ്ദേശകാര്യങ്ങരം
പറയാനായ് തുടങ്ങിനാൻ.

''സുഗ്രീവലക്ഷ്മണന്മാരും
കീശസൈന്യവുമൊത്തവൻ
രാമൻ വിഭീഷണൻകൂടെ
സുഖമായ് താമസിക്കയാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സപുത്രം സബലംകൊന്നാൻ
രാഘവൻ രാക്ഷസേശനെ;
വിഭീഷണന്നുരാജത്വം
നല്കീ; മംഗളമോ, തവ.''

ഭർത്താവയച്ച സന്ദേശ–
വാർത്തകേട്ടതിതുഷ്ടയായ്
ചൊല്ലി സീത ''നിനക്കെന്തു
ചെയ്യും പ്രത്യുപകാരമായ്

ഒന്നും കാൺമീലഞ്ഞാൻ ലോകെ
നിൻചൊല്ലിൻ പടിതുഷ്ടിദം.''
ജാനകീ വചനംകേട്ട
ഹനുമാനോതിയിങ്ങനെ.

''ശത്രുവെക്കൊന്ന തൻചിത്തം
സ്വസ്ഥമായ് കാൺമൂ രാമനെ.
ദേവരാജ്യം ലഭിച്ചേക്കാ–
ളാകാഴ്ചക്കേറുമേസുഖം.''

വായുപുത്രൻെറ വാക്കേവം
ശ്രുവിച്ചെച്ചൊല്ലിമൈഥിലി.
''നിന്നിലുള്ള ഗുണംകൊണ്ടാം
വന്നതീശുഭമൊക്കെയും

കാൺമേൻ ഞാൻ രാമനെശ്ശീഘ്രം
സമ്മതം വാങ്ങിവന്നിട്ട.''
ശരിയെന്നോതി കൈകൂപ്പി
തിരികെപ്പോയി മാരുതി.

ജാനകീവചനം സർവ്വം
രാമനോടറിയിച്ചതെ.
''ഏതൊരാളെ പ്രമാണിച്ചാം
ചെയ്തതീയുദ്ധമൊക്കെയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശോകസന്തപ്തയാ സീതാ–
ദേവിയെക്കാണുകിപ്പൊഴെ.''
ഹനുമദ്വചനം കേട്ടക്കെ
രാമൻജ്ഞാനമയൻ പരൻ,

മായാ സീതയെവിട്ടഗ്നി–
സ്ഥിതയാം സത്യസീതയെ
ഉള്ളാൽ ധ്യാനിച്ചുലങ്കേശൻ
വിഭീഷണനൊടോതിനാൻ.

''രാക്ഷസേശ! ഭവാൻപോയി–
ട്ടാനയിക്കുക സീതയെ,
കുളിച്ചു ശുഭ്രവസ്ത്രങ്ങളും
ഭൂഷണം ചാർത്തിയങ്ങനെ.''

വിഭീഷണൻ തദാപോയാൻ
ഹനുമാനൊത്തു, ചൊന്നപോൽ.
വൃദ്ധ നാരികളാൽ സ്നാനം
ചെയ്യിച്ചാരാജപുത്രിയെ

നാനാഭൂഷകളും ചാർത്തി
മേനാവിൽക്കേററി സാദരം
കൊണ്ടുപോന്നാൻ സഹായാർത്ഥം
വേണ്ട രക്ഷകരൊത്തുമെ.

സീതയെക്കാണുവാൻ വെമ്പി
വാനരന്മാർ തിരക്കിനാർ.
അവരെത്തള്ളിട്ടൂരെയ്ക്കായ്
കാവൽക്കാർ വേത്രധാരികൾ.

ബഹളംകൂട്ടി, രാമങ്കൽ
കൊണ്ടുപോയ് പലരേയുമെ.
മേനാവേറിവരുന്നോളെ
ദൂരവെക്കണ്ടു രാഘവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''എന്തിനീ വാനരന്മാരെ.
തടയുന്നു വിഭീഷണ?
സീതയെക്കണ്ടുകൊള്ളട്ടെ
മാതാവെപ്പോലെ സർവ്വരും

വരാംഗികാൽനടയ്ക്കായ് താൻ
വന്നിടട്ടെൻെറ സന്നിധൌ.''
ഏവം രാമൻപറഞ്ഞപ്പോൾ
ദേവി താഴെയ്ക്കിറങ്ങിയും,

മെല്ലെമെല്ലെ നടന്നെത്തി
വല്ലഭൻെറ സമീപമെ.
കാര്യാർത്ഥം സൃഷ്ടയാം മായാ--
സീതയാണവളെത്തദാ

കണ്ടുരാമൻ, പ്രയോഗിച്ചാൻ
ചൊല്ലാവല്ലാത്തവാക്കുകൾ.
അവഹേളോദിതം വാക്യ--
മവളോ കേട്ടുചൊല്ലിനാൾ.

''വിശ്വാസം രാമനുണ്ടാവാൻ
ലോകർക്കും ശങ്കതീരുവാൻ
അഗ്നിയിൽച്ചാടുവോൻ, വേഗം
ലക്ഷ്മണാ! തീകൊളുത്തുക.''

രാമൻെറ സമ്മതം വാങ്ങി
ലക്ഷ്മണൻ ചെയ്തിതാവിധം.
വിറകിൻ മുട്ടികൂട്ടിത്തീ
നിറയും മാറൊരുക്കിയും

രാമപാർശ്വത്തിലെത്തിത്താൻ
മൌനിയായങ്ങിരുന്നതെ.
പിന്നെസ്സീതവലംവെച്ചു
രാമനെബ്ഭക്തിപൂർവ്വകം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദേവന്മാർ രാക്ഷസന്മാരും
മററുലോകരുമാകവെ
കാണവെ ബ്രാഹ്മണന്മാർക്കും
ദേവന്മാർക്കും നമിച്ചവാം,

കത്തുമഗ്നിക്കട്ടെത്തെത്തി
കൈക്കൂപ്പിച്ചൊല്ലിയിങ്ങനെ.
“രാമനല്ലാതൊരാളേ ഞാൻ
സ്മരിച്ചിട്ടില്ലയെങ്കിലോ

ലോകസാക്ഷി മഹാവഹ്നി–
ഭഗവാൻ കാത്തിടട്ടെമാം.”
ഏവം പറഞ്ഞുവൈദേഹി
പ്രണമിച്ചഗ്നിദേവനെ,

ആളിക്കത്തുന്നതീയിൽ താൻ
ചാടിനാൾ സതിനിർഭയം.

അഗ്നിപ്രവേശം ബതകണ്ടുപാരം
ഭഗ്നാശരായ് സിദ്ധഗണങ്ങളൊക്കെ
പരസ്പരം ചൊല്ലി“യിതെന്തുരാമൻ
സ്വലക്ഷ്മിയെത്താൻവെടിയുന്ന വിജ്ഞൻ”

സർഗ്ഗം — 13

## ദേവകളുടെസ്തുതി–സീതാപ്രാപ്തി

അന്നേരമിന്ദ്രനും സാക്ഷാൽ
യമൻ വരുണനെന്നിവർ,
തേജസ്വിയാം കുബേരൻ താൻ,
പിനാകിവൃഷവാഹനൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ബ്രഹ്മാവും, മുനിമാർ സിദ്ധ–
സാദ്ധ്യരും, ചാരണാദിയും,
ദേവർഷി മുഖ്യരും, പിന്നെ
ഗന്ധർവ്വാപ്സര വർഗ്ഗവും,

മറ്റെല്ലാ ദിവ്യരും വന്നാർ
വിമാനം ചേർന്നിരുന്നവർ.
ഏവരും പരമാത്മാവാം
രാമനെത്തൊഴുതോതിനാർ

''സർവ്വലോകൈക കർത്താ നീ,
സാക്ഷി, വിജ്ഞാനവിഗ്രഹകൻ.
വസുവർഗ്ഗത്തിലെട്ടാമൻ,
രുദ്രന്മാരിൽശ്ശിവൻ ഭവാൻ.

ലോകത്തിനാദിമൂലം നീ,
ബ്രഹ്മൻ നീ ചതുരാനനൻ.
അശ്വിനീ ദേവർ നിൻ നാസ,
തപനേന്ദുക്കളക്ഷിയും.

ലോകത്തിന്നാദ്യമന്തം നീ–
യേകൻ നിത്യപ്രകാശകൻ,
സദാ ശുദ്ധൻ സദാ ബുദ്ധൻ,
സദാ നിർഗ്ഗുണനദ്വയൻ.

നിന്മായാമോഹിതർക്കുള്ളിൽ
തോന്നും നീയൊരു മാനുഷൻ.
നിൻ നാമ സ്മരണം ചെയ്‌വോ–
ക്കെന്നും നീ ചേതനാത്മകൻ.

രാവണൻ കാരണം ഞങ്ങൾ–
ക്കില്ലാതായ് സ്ഥാനമൊക്കെയും
ഇന്നു നീയവനെക്കൊന്നു;
വന്നു ഞങ്ങൾക്കു മുൻസ്ഥിതി.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദേവന്മാരീവിധം വാഴ്ത്തെ
ബ്രഹ്മൻ സാക്ഷാൽ പിതാമഹൻ
സത്യസ്വരൂപനാം രാമ—
ചന്ദ്രനോടേവമോതിനാൻ.

മൂലം:

വന്ദേദേവം വിഷ്ണുമശേഷ സ്ഥിതിഹേതും
ത്വാമദ്ധ്യാത്മജ്ഞാനിഭിരന്തർ ഹൃദിഭാവ്യം
ഹേയാഹേയ ദ്വന്ദ്വവിഹീനം പരമേകം
സത്താമാത്രം സർവ്വഹൃദിസ്ഥം ദൃശിരൂപം

പ്രാണാപാനൌ നിശ്ചയബുദ്ധ്യാഹൃദിരുദ്ധ്വാ
ഛിത്വാസർവേ സംശയബന്ധം വിഷയൌഘാൻ
പശ്യന്തീശംയം ഗതമോഹായതയസ്കം
വന്ദേരാമം രത്നകിരീടം രവിഭാസം

മായാതീതം മാധവമാദ്യം ജഗദാദിം
മാനാതീതം മോഹവിനാശം മുനിവന്ദ്യം
യോഗിദ്ധ്യേയം യോഗവിധാനം പരിപൂർണ്ണം
വന്ദേരാമാരഞ്ജിത ലോകം രമണീയം

ഭാവാഭാവ പ്രത്യയഹീനം ഭവമുഖ്യൈർ—
യ്യോഗാസക്തൈരർച്ചിതപാദാംബുജയുഗ്മം
നിത്യം ശുദ്ധം ബുദ്ധമനന്തം പ്രണവാഖ്യം
വന്ദേരാമം വീരമശേഷാസുരദാവം

ത്വം മേനാഥോനാഥിത കാര്യാഖിലകാരി
മാനാതീതോ മാധവ രൂപോഖിലധാരി
ഭക്ത്യാഗമ്യോ ഭാവിതരൂപോ ഭവഹാരി
യോഗാഭ്യാസൈർ ഭാവിതചേത:സഹചാരി:

ത്വാമാദ്യന്തം ലോകതതീനാം പരമീശം
ലോകാനാംനോലൌകികമാനൈരധിഗമ്യം
ഭക്തിശ്രദ്ധാഭാവസമേതൈർഭജനീയം.
വന്ദേരാമം സുന്ദരമിന്ദീവര നീലം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കോപാജ്ഞാതും ത്വമതിമാനം ഗതമാനം
മായാസക്തോമാധവ ശക്തോമുനിമാന്യം
വൃന്ദാരണ്യേ വന്ദിത വൃന്ദാരകവൃന്ദം
വന്ദേരാമം ഭവമുഖ്യവന്ദ്യം സുഖകന്ദം.

നാനാശാസ്ത്രൈർവേദകദംബൈ: പ്രതിപാദ്യം
നിത്യാനന്ദം നിർവ്വിഷയ ജ്ഞാനമനാദിം
മൽസേവാർത്ഥം മാനുഷഭാവം പ്രതിപന്നം
വന്ദേരാമം മരതകവർണ്ണം മധുരേശം

ശ്രദ്ധായുക്തോയ:പഠതീയം സ്കവമാദ്യം
ബ്രാഹ്മം ബ്രഹ്മജ്ഞാന വിധാനം ഭുവിമർത്ത്യ:
രാമം ശ്യാമം കാമിത കാമപ്രദമീശം
ധ്യാത്വാ ധ്യാതാപാതകജാലൈർവ്വിഗത:സ്യാൽ.

കേട്ടീവിധം സ്തോത്ര, മുടൻമഹാനലൻ
കാട്ടീതദങ്കസ്ഥവിദേഹപുത്രിയെ
ബാലാർക്കരശ്മി പ്രഭ വീശിവാഴവോരം
ചെമ്പട്ടുടുത്തോരം സുവിഭൂഷിതാംഗിയെ.

എന്നിട്ടുരച്ചാൻ ജഗദൈക സാക്ഷിയാം
ഹുതാശനൻ രാമനൊടീ വചസ്സുകരം
''മുന്നേ ഭവാനെങ്കലണച്ച സീതയെ
തന്നീടുവേൻ രാമ! തിരിച്ചെടുത്തിടാം.

സൃഷ്ടിച്ച മായാസതി സീതയെബ്ഭവാൻ
ദൃഷ്ടൻ ദശഗ്രീവ വധത്തിനായ് തദാ
ദശാസ്യനിപ്പോരം ഹതനായ് ധരിത്രിതൻ
ഭാരത്തിനും ശാന്തിയണഞ്ഞിതെൻ പ്രഭൊ

തൻ കാര്യമെല്ലാം നിറവേററിയോളിതാ
മറഞ്ഞുപോയ് മായികരൂപധാരിണി.''
രാമൻ തദാ സീതയെ കൈവരിച്ചുടൻ
പ്രഹൃഷ്ടനായഗ്നിയെ താണുകൂപ്പിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ത്രൈലോക്യ മാതാവവളെശ്ശുഭാംഗിയെ
പ്രിയൻ മടിത്തട്ടിലണച്ചമാനവാൻ.
അമ്മട്ട രാമൻ ജനകാത്മജായുതം
രാജിച്ചുകാൺകെസ്സുരലോകനായകൻ
ഭക്ത്യാദരം ഗൽഗ്ഗദപൂർവ്വമേവം
സ്തുതിക്കയായഞ്ജലിബദ്ധനായ് തദാ.

മൂലം:

ഭജേഹംസദാ രാമ മിന്ദീവരാഭം
ഭവാരണ്യ ദാവാനലാഭാഭിധാനം
ഭവാനീഹൃദാ ഭാവിതാനന്ദരൂപം
ഭവാഭാവഹേതും ഭവാദിപ്രപന്നം

സുരാനീക ദുഃഖൌഘനാശൈകഹേതും
നരാകാരദേഹം നിരാകാരമീഡ്യം
പരേശം പരാനന്ദരൂപം വരേണ്യം
ഹരിം രാമമീശം ഭജേഭാരനാശം

പ്രപന്നാഖിലാനന്ദ ദോഹം പ്രപന്നം
പ്രപന്നാർത്തി നിശ്ശേഷനാശാഭിധാനം
തപോയോഗ യോഗീശ ഭാവാഭിഭാവ്യം
കപീശാദിമിത്രം ഭജേ രാമമിത്രം

സദാ ഭോഗഭാജാം സുദൂരേവിഭാന്തം
സദാ യോഗഭാജാമദൂരേവിഭാന്തം
ചിദാനന്ദകന്ദം സദാ രാഘവേശം
വിദേഹാത്മജാനന്ദരൂപം പ്രപദ്യേ.

മഹായോഗമായാ വിശേഷാനുയുക്തോ
വിഭാസീശലീലാ നരാകാരവൃത്തി:
ത്വദാനന്ദ ലീലാകഥാപൂർണ്ണകർണ്ണാ:
സദാനന്ദരൂപാ ഭവന്തീഹലോകെ.

അഹംമാനപാനാഭിമത്ത പ്രമത്തോ
നവേദാഖിലേശാഭിമാനാഭിമാന:
ഇദാനീംഭവൽപാദപത്മ പ്രസാദാൽ
ത്രിലോകാധിപത്യാഭിമാനോവിനഷ്ട:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സ്ഫുരദ്രത്നകേയൂരഹാരാഭിരാമം
ധരാഭാരഭൂതാസുരാനീകദാവം
ശരച്ചന്ദ്രവക്ത്രം ലസൽ പത്മനേത്രം
ദുരാവാരപാരം ഭജേ രാഘവേശം.

സുരാധീശനീലാഭ്രനീലാഭകാന്തിം
വിരാധാദിരക്ഷോ വധാല്ലോക ശാന്തിം
കിരീടാദിശോഭംപുരാരാതിലാഭം
ഭജേ രാമചന്ദ്രം രഘൂണാമധീശം.

ലസച്ചന്ദ്രകോടി പ്രകാശാദിപീഠെ
സമാസീനമങ്കേ സമാധായ സീതാം
സ്ഫുരദ്ഹേമ വർണ്ണാം തടിൽപുഞ്ജഭാസാം
ഭജേ രാമചന്ദ്രം നിവൃർത്താർത്തിതന്ദ്രം.

പാർവ്വതീസഹിതൻ സാക്ഷാൽ
പിനാകിപരമേശ്വരൻ
വിമാനത്തിലിരുന്നും കൊ—
ണ്ടോതിനാൻ പിന്നെയീവിധം.

വരുന്നു ഞാനയോദ്ധ്യയ്ക്ക്
കാൺമാൻ നിന്നഭിഷേചനം
എന്നാൽ കാൺക ഭവാനിപ്പോഴം
തദ്ദേഹത്തിൻ പിതാവിനെ.

രാമനപ്പോഴം വിമാനസ്ഥൻ
പിതാവെക്കണ്ടു മുന്നിലായ്.
തൽക്ഷണം പാദയുഗ്മത്തിൽ
പ്രണമിച്ചാൻ സഹാനുജൻ.

രാജാദശരഥൻ വേഗം
രാമനെപ്പുൽകിയോതിനാൻ
''സംസാര സാഗരം തന്നിൽ
നിന്നെന്നെക്കര കേററി നീ,''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇത്രയും ചൊല്ലിരാമാംഗം
വീണ്ടും പുൽകിഗ്ഗമിച്ചതെ.
തൊഴുതും കൊണ്ടു നിൽക്കുന്നോ-
രിന്ദ്രനോടോതി രാഘവൻ.

''എനിക്കായ് പ്രാണനെപ്പോരിൽ
ത്യജിച്ചീകീശരൊക്കെയും
ജീവിക്കട്ടെ, സുധാവൃഷ്ടി
പെയ്യിപ്പിയ്ക്കുക സുരേശ്വര!''

അപ്രകാരം സുധാവൃഷ്ടി
പെയ്തു; ജീവിച്ച വാനരർ
ഉറക്കുണർന്നപോലെല്ലാ
മൃതന്മാരുമെണീററുതെ.
മുന്നെപ്പോൽ ബലവാന്മാരായ്
ഹൃഷ്ടരായവരൊക്കെയും.

ജീവൻ വന്നില്ല ദൈത്യന്മാ-
രാർക്കും പിയൂഷമേൽക്കിലും.
സാഷ്ടാംഗം പ്രണമിച്ചേവം
പിന്നെച്ചൊല്ലി വിഭീഷണൻ.

''ഭഗവൻ! ഭക്തനാമെന്നിൽ
പ്രസാദം പൂണ്ടിടേണമെ.
മംഗളസ്നാനമിപ്പോഠം താൻ
സീതയൊത്താചരിക്കുക.

നാളെപ്പോകാം നമുക്കെല്ലാം
നല്ല വസ്ത്രം ധരിച്ചുമെ.''
ഇത്തരം വാക്കു കേട്ടപ്പോ-
ളുത്തരം ചൊല്ലി രാഘവൻ.

''സുന്ദരൻ ഭരതൻ ഭക്ത-
നെന്നെത്താൻ കാത്തിരിക്കയാം
ജടാവൽക്കലവും പൂണ്ടും
ഭഗവൻ നാമചിത്തനായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കുളിയും കുറിയും മററു–
മവനെക്കൊണ്ടു ശേഷമാം
സുഗ്രീവപ്രമുഖന്മാരെ
സൽക്കരിച്ചാലുമിന്നിനി

പൂജിച്ചാൽ പ്ലവഗന്മാരെ
പൂജിച്ചോനെന്നെയും തദാ.''
രാഘവൻ ചൊന്നതെക്കേട്ട
രാക്ഷസേശൻ, കപീന്ദ്രരിൽ

വർഷിച്ചാൻ സ്വർണ്ണരത്നങ്ങൾ
വസ്ത്രൗഘങ്ങളുമിച്ഛപോൽ.
ആവിധം സൽകൃതന്മാരാ–
യവരെക്കണ്ടു രാഘവൻ

അനുമോദിച്ചു പൊയ്ക്കൊൾവാ–
നനുവാദവുമേകിനാൻ.
പിന്നെയാ പുഷ്പകം ദിവ്യം
കൊണ്ടുവന്നു വിഭീഷണൻ.

സൂര്യനെപ്പോൽ പ്രകാശിക്കു–
ന്നതിലേറി രഘൂത്തമൻ
ജാനകീദേവി ലജ്ജിച്ചും
താനൊപ്പം ചേർന്നിരുന്നതെ.

വീരൻ ധനുർദ്ധരൻ ഭ്രാതാ
ലക്ഷ്മണൻ താനുമേറിനാൻ
വിമാനത്തിലിരുന്നാറെ
ശ്രീമാൻ രാമൻ കൃതാർത്ഥനായ്,

രാക്ഷസേശൻ, കപീന്ദ്രന്മാ–
രെല്ലാർക്കുംനന്ദി ചൊല്ലിനാൻ
''മിത്രകാര്യം ഭവാന്മാരാ–
ലത്രയും കൃതമാ; യിനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സർവ്വർക്കും സ്വഗൃഹേ പോകാം
സമ്മതം തന്നു ഞാനിതാ
സുഗ്രീവ! സൈന്യമോടൊത്തു
കിഷ്കിന്ധയ്ക്കു മടങ്ങുക.

വിഭീഷണ! ഭവാനെന്റെ
ഭക്തനാം, വാഴ്ക ലങ്കയിൽ.
ധർഷിക്കാനിന്ദ്രനും നിന്നെ
ധർമ്മാത്മൻ! ശക്തിവന്നിടാ

അയോദ്ധ്യാ രാജധാനിക്കായ്
ഞാനിപ്പോൾ പോയിടുന്നതാം.''
രാമനേവം പറഞ്ഞപ്പോൾ
വാനരന്മാർ മഹാബലർ

രാക്ഷസേശ്വരനും ചൊന്നാർ
തൊഴുതും കൊണ്ടിതേ വിധം.
''ഒന്നിച്ചു ഞങ്ങളും പോരാ—
മയോദ്ധ്യാപുരി കാണുവാൻ

വന്ദിച്ചു തവമാതാവെ
പിന്നെപ്പട്ടാഭിഷേകവും
കണ്ടശേഷം സ്വരാജ്യത്തിൽ
പോയിടാം; സമ്മതിക്കണം.''

ഈ മട്ടുള്ളാഗ്രഹം കേൾക്കെ
രാമൻ സമ്മതമേകിയും
വിമാനം കേറുവാൻ ചൊല്ലി
സാമോദം സർവ്വരോടുമെ.

ഉടൻ കേറി വിമാനത്തിൽ
സുഗ്രീവൻ സൈന്യസംയുതൻ.
മന്ത്രിമാർ സഹിതം കേറി
രാക്ഷസേശൻ വിഭീഷണൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആമട്ടു സർവ്വരും കേറി
രാമനാജ്ഞ കൊടുക്കവെ
വിമാനം പുഷ്പകം വേഗം
വിഹായസ്സിൽപ്പറക്കയായ്.

തേജസ്സേറും വിമാനത്തിൽ
രാജിച്ചാൻ രാമനങ്ങനെ
നാന്മുഖൻ ദിവ്യമാം ഹംസ–
സ്യന്ദനസ്ഥിതനെന്ന പോൽ.

ആദിത്യബിംബപ്പടി ശോഭയാർന്നു
കുബേരയാനം ബഹുതഃപ്പലബ്ധം.
സീതാസമേതൻ സഹ ലക്ഷ്മണൻ ശ്രീ–
രാമന്റെ തേജസ്സതിരട്ടിയാക്കി.

സർഗ്ഗം 14

## രാമപ്രത്യാഗമനം

നയനം നാലുഭാഗത്തും
നടത്തി രഘുനന്ദനൻ
ഇന്ദുനേർമുഖിയാം സീത
തന്നൊടോതിയിതേ വിധം

''ത്രികൂടത്തിൽ സ്ഥിതം കാൺക
സുശോഭം ലങ്കയാംപുരി
രക്തമാംസച്ചളിക്കണ്ടാം
രണഭൂവിഹകാൺമതാം.

അന്യോന്യം സംഹരിച്ചാരി–
ങ്ങെത്രപേർ ദൈത്യവാനരർ
ഇങ്ങല്ലോ കൊന്നുവിട്ടു ഞാൻ
രാവണൻ രാക്ഷസേശനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കുംഭകർണ്ണേന്ദ്രജിത്താദി
സർവ്വരും ചത്തതിങ്ങുതാൻ.
ഇതാ കാൺമു മഹാസേതു–
ബന്ധനം നിർമ്മിതംമയാ

സേതുക്കരയി, തെന്നെന്നും
പ്രസിദ്ധപ്പേരുയർന്നിടും
ലോകരെല്ലാമിതോ, പുണ്യ
തീർത്ഥമായ് പൂജചെയ്തിടും.

ഇതേററം പാവനം ശുദ്ധം
ദർശനാൽ പാപനാശകം.
രാമേശ്വര മഹാദേവ–
നിങ്ങത്രേ സ്ഥാപിതൻമയാ

ഇങ്ങത്രേ ശരണം തേടീ–
ട്ടെങ്കൽ വന്ന വിഭീഷണൻ
സുഗ്രീവ നഗരം കാൺക
കിഷ്ക്കിന്ധവനശോഭിത''

അവിടെയ്യെത്തവെ, ത്താരാ–
പ്രമുഖ സ്ത്രീ ജനങ്ങളെ
എത്തിച്ചാൻ സീതതൻ ചൊല്ലാൽ,
സുഗ്രീവൻ രാമചോദിതൻ.

വിമാനമവരെക്കേററി
നീങ്ങവെച്ചൊല്ലി രാഘവൻ
''കാൺമിതാ ഋശ്യമൂകാദ്രി:
കൊന്നു ഞാനിങ്ങു ബാലിയെ

പഞ്ചവട്യാശ്രമം കാൺക
കൊന്നേൻ ഞാനിങ്ങു ദൈത്യരെ
അഗസ്ത്യൻെറ സുതീക്ഷ്ണൻെറ
പുണ്യഹർമ്മ്യങ്ങൾ ശുഭെ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കാൺമിതാ, താപസന്മാരാ–
ലാവൃതം വനമൊക്കെയും.
ഇതാ കാണുന്നു ശൈലേന്ദ്രൻ
ചിത്രകൂടം സുശോഭനം.

ഇങ്ങല്ലോ ഭരതൻ വന്ന–
തെന്നെ പ്രീതിപ്പെടുത്തുവാൻ
ഇതാ കാൺക ഭരദ്വാജ–
പർണ്ണശാല, നദീതടെ.

അങ്ങതാ കാൺക വൈദേഹി!
ഗംഗയാറതി പാവനം.
സരയൂനദിയും കാൺക,
കര, യൂപം നിറഞ്ഞതായ്

അയോദ്ധ്യാപുരി കാണുന്നു
പയോജാക്ഷി! നമിക്കുക.''
രാമനേവം പറഞ്ഞെത്തീ
ഭരദ്വാജാശ്രമാന്തികെ.

പതിന്നാലാണ്ടു തീർന്നാറെ
പഞ്ചമീതിഥിയാകവെ
വീണ്ടും രാമൻ ഭരദ്വാജ –
മുനിയെക്കണ്ടു കൂപ്പിനാൻ

ചോദിച്ചു മുനിയോടേവം
മാനിച്ചും കൊണ്ടു രാഘവൻ
''ഭരതന്നു സുഖം താനോ
ഭഗവൻ! കേൾവിയെന്തുതെ.

ജീവിപ്പോരല്ലി മാതാക്കൾ
പുരിയിൽ ക്ഷേമമല്ലയൊ.''
രാമൻെറ വചനം കേട്ടു
മുനിയും ചൊല്ലിഹൃഷ്ടനായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''എല്ലാവർക്കും കുശലം നിന്നെ
ഭരതൻ കാത്തിരിക്കയാം,
ഫലമൂലാശനം ചെയ്തും
ജടാവൽക്കലധാരിയായ്,

സർവ്വകാര്യങ്ങളും നിന്റെ
പാദുകേ ഭരമേററിയും.
ദണ്ഡകത്തിൽബ്ഭവാൻ ചെയ്ത
കാര്യമെല്ലാം രഘൂത്തമ!

സീതാഹരണ ശേഷം നീ
ദൈത്യന്മാരെ ഹനിച്ചതും
സർവ്വം ഞാനറിയുന്നു നിൻ
കൃപയാൽ ജ്ഞാനദൃഷ്ടിയാൽ.

നീയാസാക്ഷാൽപരബ്രഹ്മ-
മാദിമദ്ധ്യാന്തവർജ്ജിതൻ
നീയാദ്യം സലിലം സൃഷ്ടി-
ച്ചതിൽശ്ശയനമാണ്ടവൻ.

നീ താൻ നാരായണൻ സർവ്വ
ഭൂതങ്ങൾക്കുള്ളിലുള്ളവൻ
നിൻനാഭിപത്മസംഭൂതൻ
ബ്രഹ്മാ ലോകപിതാമഹൻ

ലോകേശനതിനാൽ സർവ്വ
ലോകരാലും സുപൂജിതൻ,
വിഷ്ണുനീ, ജാനകീലക്ഷ്മി
ലക്ഷ്മണൻ ശേഷനാദിമൻ.

നിന്നാൽത്താൻ സർവ്വവും സൃഷ്ടം
നിന്നുള്ളിൽക്കൊണ്ടമായയാൽ.
എന്നാലും ലേപമില്ലാതെ
നില്പോൻ നീ സർവ്വസാക്ഷിയായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭൂതങ്ങൾക്കുള്ളിലും ബാഹ്യ-
ഭാഗത്തും വ്യാപ്തനാണു നീ.
പൂർണ്ണൻ നീയെങ്കിലും ഭിന്നൻ
മൂഢന്മാരുടെ ദൃഷ്ടിയിൽ.

ജഗത്തും ജഗദാധാരം
ജഗദ് പാലകനും ഭവാൻ
ലോകത്തിൽ ഭോജനം നീതാൻ
ലോകഭോക്താവുമാണുനീ.

കാൺമതും കേൾപ്പതും ഹൃത്തിൽ
സ്മരിക്കുന്നതുമേതുമെ
സർവ്വം നീ, നീയൊഴിഞ്ഞന്യ-
മൊന്നുമില്ല രഘൂത്തമ!

സ്വഗുണം കൊണ്ടു സൃഷ്ടിപ്പൂ
മായ നിൻ പ്രേരണാവശാൽ
അതിനാൽ സൃഷ്ടികർത്തൃത്വം
നിന്നിലായ് കാൺമൂലോകരും.

ജഡമാം ലോഹമെമ്മട്ടു
ചലിക്കും കാന്തസന്നിധൌ
അമ്മട്ടുമായ തൻ കാര്യം
ചിന്മയൻ നിൻെറ ദൃഷ്ടിയിൽ

നിർദ്ദേഹൻ, ലോകരക്ഷാർത്ഥം
രണ്ടുദേഹം ധരിപ്പു നീ
സ്ഥൂലദേഹം 'വിരാൾ' പേരാം
സൂക്ഷ്മം 'സൂത്ര'വുമായിടും.

അവതാരമനേകങ്ങൾ
വിരാട്ടാൽ സംഭവിപ്പതാം
കൃതമായ് കാര്യമെന്നാലൊ
വിരാട്ടിൽത്തന്നെ ലീനമാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അവതാര കഥാലാപം
ശ്രവണം പോലുമെങ്കിലും
അനന്യചിത്തരായ് ചെയ്‌വോർ
മുക്തരാം രഘുസത്തമ!

ഭൂഭാരം തീർക്കുവാൻ മുന്നം
ബ്രഹ്മാവർത്ഥിക്ക കാരണം
നീയിപ്പോഠം രഘുവംശത്തിൽ
ജാതനായിതു രാഘവ!

ദുഷ്‌ക്കരം ദേവകാര്യങ്ങ-
ളൊക്കെയും ചെയ്തു തീർത്തു നീ
ഇനിയും പല വർഷങ്ങഠം
മാനുഷം രൂപമാർന്നഹൊ

ലോകദ്വയഹിതത്തിന്നായ്
ചെയ്ക കർമ്മങ്ങഠം ദുഷ്‌ക്കരം.
പാപനാശകരം കർമ്മം
പരത്തും പുകളെങ്ങുമെ

പ്രാർത്ഥിപ്പൂ ഞാൻ ജഗന്നാഥ!
ശുദ്ധമായ് തീർക്കുകെൻ ഗൃഹം
നാളെപ്പോകാം സ്വരാജ്യത്തേ-
ക്കിന്നുപാർത്താലുമിങ്ങുതാൻ.''

ആ വിധം സമ്മതം മൂളി
രാഘവൻ കൂട്ടകാരൊടും
അവിടെപ്പാർത്തു സാമോദം
മുനിയാൽ സൽകൃതൻപരം.

അല്പം ചിന്തിച്ചു പിന്നോതി
ഹനുമാനൊടു രാഘവൻ
''അയോദ്ധ്യക്കൊന്നുപോയാലും
ത്വരിതം കപിസത്തമ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സർവ്വർക്കും സുഖമോ രാജ–
മന്ദിരേ ചെന്നു നോക്കുക.
ശൃംഗിവേരപുരേ ചെന്നെൻ
ചങ്ങാതിഗുഹനോടഹൊ

മടങ്ങിവന്നു ഞാനെന്നാ -
യുടൻ വിവരമോതുക.
പിന്നെപ്പോയ് ഭരതൻവാഴും
നന്ദിഗ്രാമത്തിലെത്തുക.

ഭ്രാതാവാം ഭരതൻ തന്നോ–
ടോതുകെൻ സുഖവാർത്തകൾ.
സീതാപഹരണം തൊട്ടു
രാവണൻെറ വധം വരെ

നടന്ന കാര്യമെല്ലാം താൻ
സ്ഫുടം വർണ്ണിച്ചുകൊള്ളുക.
ശത്രുസംഹാരവും തീർന്നു
സഭാര്യൻ സഹലക്ഷ്മണൻ

ഞാനിതാ വരവായ് കീശ–
നാഥരൊത്തു മിതോതുക.
വാർത്ത കേൾക്കെ സ്ഫുരിച്ചീടും
ഭാവം ഭരതനെന്തു താൻ

എല്ലാമറിഞ്ഞു വീണ്ടും നീ
ശീഘ്രം തിരികെയെത്തണം.''
സമ്മതിച്ചാവിധം ചെയ്‌വാൻ
ഹനുമാൻ നരരൂപനായ്,

നന്ദിഗ്രാമത്തിലെത്തീടാൻ
പറന്നാൻ വായുവേഗവാൻ
പാമ്പിനെപ്പിടികൂടാനായ്
പക്ഷിരാജൻ കണക്കിനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശൃംഗിവേരപുരേ ചെന്നു
ഗുഹനെക്കണ്ടു മാരുതി
പ്രഹൃഷ്ട ചിത്തനായേവം
മധുരം വാക്യമോതിനാൻ.

"രാമൻ ദാശരഥി ശ്രീമാൻ
സീതാലക്ഷ്മണ സംയുതൻ
അന്വേഷിപ്പൂ ഭവാനെല്ലാം
കുശലം തന്നെയല്ലയൊ.

ഭരദ്വാജാശ്രമം വിട്ടു
വരും രാഘവനഞ്ജസാ–
ഭഗവദ്ദർശനം നേടാം
ഭവാനും താമസംവിനാ."

രാമോദന്തം ശ്രവിച്ചാറെ
രോമാഞ്ചാഞ്ചിതനായ് ഗുഹൻ.
ഹനുമാൻ തൽക്ഷണം വിട്ടാ-
നവിടം വായുവേഗവാൻ.

സരയൂ നദിയും കണ്ടു
രാമതീർത്ഥവുമങ്ങനെ
നന്ദിഗ്രാമത്തിലാറ്റാദാൽ
ചെന്നെത്തീ വായുനന്ദനൻ

അയോദ്ധ്യയ്ക്കൊട്ടടുത്താ, യ–
ങ്ങിരിപ്പൂ ഭരതൻ തദാ,
ചീരവസ്ത്രം മൃഗത്തോലും
ധരിച്ചോൻ ദീനനായ് കൃശൻ,

ഭസ്മം പൂശി ജടാജൂട–
നാശ്രമസ്ഥിതനായവൻ,
ആഹാരം ഫലമൂലങ്ങൾ
വിചാരം രാമകാര്യവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പാദുകം മുന്നിൽ വെച്ചെല്ലാ
രാജ്യകാര്യം നടത്തുവോൻ;
മഞ്ഞവസ്ത്രം ധരിച്ചോരാം
മന്ത്രിമാർ പൗരമുഖ്യരും

ചുററിലും നിൽക്കവെസ്സാക്ഷാൽ
ധർമ്മരാജൻ കണക്കവെൻ
സ്ഥിതനായ് കണ്ടു കൈക്കൂപ്പീ–
ട്ടോതിനാൻ മാരുതാത്മജൻ.

''ആരെ സ്മരിപ്പൂനീ, കാട്ടിൽ
ചരിക്കും മുനിവേഷനായ്,
ആ രാമൻ നിൻസുഖക്ഷേമ–
മാരായുന്നിത രാഘവ!

അല്ലെലെല്ലാം ത്യജിച്ചാലും
ചൊല്ലാം ഞാൻ പ്രിയ വാർത്തകൾ.
ഭ്രാതാവോടൊത്തു ചേർന്നീടാം
ഭവാനീശ്ശുഭ വേളയിൽ.

ദശഗ്രീവ വധംചെയ്തു
സീതയെ കൈവെരിച്ചവൻ
സന്തുഷ്ടൻ വന്നിടുന്നുണ്ടു
സീതാസൌമിത്രി സംയുതൻ''

ഈവിധം വാർത്ത കേട്ടാറെ
കൈകയീ പ്രിയനന്ദനൻ
ഹർഷത്തിൻ തള്ളലാൽ ഭ്രമൌ
മൂർച്ഛിച്ചും വീണു പോയിനാൻ.

പ്രിയ വാക്കോതിടുന്നോനെ
പുൽകിയും ഭരതൻ തദാ
ആനന്ദബാഷ്പ പൂർണ്ണാഭം
കൺകളാൽ നോക്കി കൌതുകാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''ദേവനോ നരനോ നീയി–
ങ്ങേവം വന്ന ദയാപരൻ
ഇത്രയും നല്ല വൃത്താന്ത–
മത്രകേൾപ്പിച്ച കാരണം

തരുവേനായിരം ഗോക്കൾ
ഗ്രാമങ്ങളൊരു നൂറുമെ.
ഷോഡശം കന്യമാരേയും
കൂടിഞ്ഞാൻ ദാനമേകിടാം.''

എന്നോതി ഭരതൻ വീണ്ടും
ചൊന്നാൻ മാരുതിയോടിദം.
''എത്രകാലം കൊടുംകാട്ടിൽ
പാർത്തിതെൻ നാഥ, നിന്നഹൊ

തൽക്കഥാകഥനം കേൾക്കാൻ
വന്നഭാഗ്യം പ്രിയങ്കരം.
ആനന്ദം ലഭ്യമാമേറെ
കാലം ചെല്ലുമ്പൊഴെങ്കിലും

ലൌകികർക്കെന്ന ചൊല്ലോർപ്പൂ
നല്ലൊരീവാർത്ത കേൾക്കവെ
രാമനും വാനരന്മാരു–
മൊന്നുപോൽ ചേർന്നതെങ്ങനെ

സത്യമോതുക ഭദ്രം തെ
വിശ്വസിക്കട്ടെ നിന്നെ ഞാൻ ''
ഈവിധം ഭരതൻ ചൊൽകെ
സാമോദം വിസ്തരിച്ചതെ

രാമൻെറ ചരിതം സർവ്വം
ക്രമം തെററാതെ മാരുതി.
ഭരതൻ കഥ കേട്ടപ്പോൾ
പരമാനന്ദമഗ്നനായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അപ്പോഠം ശത്രുഘ്നനോടേവം
കല്പിച്ചാൻ ഭരതൻമുദാ.
''വിധിപോൽ വിസ്തരിക്കട്ടെ
വിശേഷാൽ ബലിപൂജകഠം

ദേവാലയങ്ങളിൽ സ്സർവ്വം,
വിബുധർക്കേകെ ദാനവും.
സൂത വൈതാളികന്മാരും
സ്തുതി പാഠകവർഗ്ഗവും

നഗരത്തിൻ പുറത്തെത്തി
നിൽക്കണം, വേശ്യമാർകളും.
നാലംഗപ്പടയും രാജ–
നിലയസ്ത്രീ ജനങ്ങളും

മന്ത്രിമാർ പൌരമുഖ്യന്മാർ
സാമന്തരിവരേവരും,
രാമചന്ദ്രോദയം കാൺമാൻ
നഗരപ്പുറമെത്തണം.''

ഭരതാദേശമവ്വണ്ണം
ശത്രുഘ്നൻ നിറവേററിനാൻ.
പാതയെല്ലാം പ്രശോഭിച്ചു
പതാകാതോരണങ്ങളാൽ

വീടുതോറും വിതാനിച്ചാർ
വിചിത്രപ്പണി കൌശലാൽ.
മുത്തുരത്ന പ്രഭാപൂരെ
തത്തീ പട്ടണമാകവെ.

ലക്ഷക്കണക്കിലശ്വങ്ങഠം
പതിനായിരമാനകഠം
അത്രയും രഥവും നന്നായ്
കാഷ്ഠദ്രവ്യം നിറച്ചവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇവയോടൊക്കെയും കൂടെ
നാനാ പൌരജനങ്ങളും.
നഗരപ്പുറമേ വന്നാർ
രാമദർശനലോലുപർ.

മേനാവിൽക്കേറി വന്നെത്തി
രാജന്യസ്ത്രീ ജനങ്ങളും
ശിരസ്സിൽ പാദുകം വെച്ചും
ഭരതൻ തൊഴുകൈയുമായ്

രാമനെ സ്വീകരിപ്പാനായ്
നടന്നു നഗ്നപാദനായ്.
അപ്പോൾ കാണുന്നിതാ ദൂരെ
പുഷ്പകം ചന്ദ്രസന്നിഭം,

വിമലം വിസ്മയാകാരം
വിമാനം ബ്രഹ്മനിർമ്മിതം
''അതാ നോക്കി, നതിൽക്കാണാം
സീതാസഹിത രാമനെ

സുഗ്രീവൻ ലക്ഷ്മണൻ പിന്നെ
രാക്ഷസേശൻ വിഭീഷണൻ
എല്ലാരും ചേർന്നതിൽക്കാണാ''
മെന്നോതി പവനാത്മജൻ.

ആബാല വൃദ്ധരാം പൌര-
രാഹ്ലാദാൽ ചൊല്ലിനാർ തദാ,
'ഇതാ രാമനിതാ രാമ'-
നെന്നായ്; ശബ്ദം മുഴങ്ങയായ്.

വാഹനം വിട്ടു പൗരന്മാർ
പലരും വന്നുനോക്കിനാർ.
സോമനെപ്പോലെ വാനത്തിൽ
രാമനെക്കണ്ടിനായവർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിമാനസ്ഥിതനാം രാമ–
ചന്ദ്രനെത്തന്നെ നോക്കിയും
ഭരതൻ കൂപ്പുകൈയോടെ
നമിച്ചാനങ്ങു നിന്നുതാൻ.

മേരുവിൽ സൂര്യനെന്നോണം
വിമാനെകണ്ടു രാമനെ.
പിന്നെ രാമാജ്ഞയാ താഴേ–
യ്ക്കിറങ്ങീ പുഷ്പകം തദാ.

ഭരതൻ സാനുജൻ വേഗം
കരയേറിയതിന്നകം,
രാമന്റെ മുമ്പിലായ് വീണു
നമിച്ചാൻ ഹൃഷ്ടമാനസൻ

കാലമേറക്കഴിഞ്ഞിപ്പോ്ം
കാണുന്നനുജനെത്തദാ
പിടിച്ചുയർത്തി സാമോദം
പുൽകിനാൻ രാമചന്ദ്രനും.

പിന്നെസ്സൗമിത്രിയെക്കണ്ടോൻ;
സീതയെക്കണ്ടു പിമ്പവൻ
തന്റെ പേർചൊല്ലി വന്ദിച്ചാൻ
ഭരതൻ പ്രേമവിഹ്വലൻ.

സുഗ്രീവനംഗദൻ പിന്നെ
ജാംബവാൻ കപിപുംഗവൻ
മൈന്ദദ്വിവിദ നീലന്മാർ
ശരഭൻ പനസൻ തഥാ

സുഷേണനൻ നളനും പിന്നെ
ഗവാക്ഷൻ ഗന്ധമാദനൻ
പേരെഴുന്നിവരെക്കൂടി
പുണർന്നാൻ ഭരതൻ മുദാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പ്ലവംഗരിവരെല്ലാരും
മാനുഷം രൂപമാണ്ടവർ
ഭരതാദരമേററുള്ളോർ
തിരികെ ക്ഷേമമോതിനാർ.

പിന്നെസ്സുഗ്രീവനെ പ്പുൽകി
ഭരതൻ ചൊല്ലിയിങ്ങനെ.
"രാവണൻ ഹതനായ്, രാമൻ
ജയിച്ചു നീ സഹായമായ്.

നാലുപേർ ഞങ്ങളിൽ ഭ്രാതാ-
വഞ്ചാമൻ നീയുമാവിധം."
രാമലക്ഷ്മണരെപ്പിന്നെ
ശത്രുഘ്നൻ കൈവണങ്ങിനാൻ.

സീതാചരണവും കുപ്പി
വന്ദിച്ചാൻ വിനയാന്വിതം.
രാമൻ മാതാവിനെക്കണ്ടു
ശോകാൽ വാടി വിളർത്തവരം.

ഉടൻ മാതൃപാദാന്തെ
വീണാൻ; സന്തുഷ്ടയായവരം.
മററു മാതാക്കളെപ്പിന്നെ
വന്ദിച്ചാശ്വാസമേകിനാൻ.

ഭരതൻ ഭക്തിയോടെന്നും
പൂജിച്ചാജ്യേഷ്ഠ പാദുകം
രാമൻെറ പാദ പത്മത്തിൽ
സാമോദം ചേർത്തു ചൊല്ലിനാൻ.

''എന്നിലേല്പിച്ചോരീ രാജ്യ-
മിന്നിതാ വീണ്ടെടുക്കുക.
സാദ്ധ്യമായ് വന്നിതെന്നിഷ്ടം
സഫലം മമജന്മവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശ്രീമൻ! ഭവൽ പ്രസാദത്താൽ
ക്ഷേമം നാട്ടിൽപ്പുലർത്തി ഞാൻ.
പത്തിരട്ടിച്ചു കാണാറായ്
ഭണ്ഡാരം സൈന്യമെന്നിവ.

ഇന്നിനിക്കൈവെരിച്ചാലു–
മിന്നാട്ടിൻ ഭരണം ഭവാൻ.''
മഹാത്മാ ഭരതൻ തൻെറ
മഹനിയോക്തി കേൾക്കവെ

ഹർഷാശ്രുവും പൊഴിച്ചേററം
പ്രശംസിച്ചാർ കപീന്ദ്രരും.
രാമൻ ഭരതനെത്തൻെറ
മടിയിൽച്ചേർത്തു ഹൃഷ്ടനായ്.

വിമാനസ്ഥിതനായ് തന്നെ
ഭരതാശ്രമമെത്തിനാൻ
അവിടെയ്യെത്തവെ ബഭ്രുമൌ
വിമാനം വിട്ടിറങ്ങിനാൻ.

അന്നേരം ചൊല്ലിനാൻ രാമൻ
മിന്നിടും പുഷ്പകത്തോടായ്
''ഇനി പോകാം, കുബേരൻ തൻ
സേവനം ചെയ്ക ഭാവിയിൽ.''

രാമൻ വസിഷ്ഠൻെറ പദാംബുജദ്വയം
നമിച്ചു ഭക്ത്യാദര പൂർവ്വകം തദാ
മഹാർഹമാമുത്തമ പീഠമൊന്നതിൽ
ഗുരുർ നിശോലുപവിഷ്ടനായ് തദാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—15

# പട്ടാഭിഷേകം

പിന്നീടു കൈകയീ പുത്രൻ
ഭരതൻ ഭക്തി സംയുതൻ
തൊഴുതും കൊണ്ടുതൻ ജ്യേഷ്ഠ—
ഭ്രാതാവോടോതിയിങ്ങനെ.

"രാജ്യമെന്നിൽ സമർപ്പിച്ചെൻ
മാതാവെസ്സൽക്കരിച്ചു നീ
മുന്ന;മെന്നാലതേ മട്ടി–
ലിന്നതങ്ങേററു വാങ്ങുക."

എന്നും പറഞ്ഞു പാദാന്തേ
സാഷ്ടാംഗം പ്രണമിച്ചവൻ
പ്രാർത്ഥിച്ചു ഗുരുവോടൊത്തും
മാതാ കൈകയിയൊത്തുമെ.

സമ്മതിച്ചപ്രകാരം താൻ
കയ്യേററു രാജ്യ, മീശ്വരൻ
മായയാ മാനുഷാചാര–
മാചരിപ്പാൻ മുതിർന്നവൻ.

സ്വർഗ്ഗാനുഭൂതി സമ്പന്നൻ
സുഖജ്ഞാനൈക രൂപവാൻ
സർവ്വോപാധിവിനിർ മുക്തൻ
സാക്ഷാൽ ശ്രീ പരമേശ്വരൻ;

എന്തുകാര്യമവനുണ്ടാം
തുച്ഛമീ രാജ്യലബ്ധിയാൽ;
ചില്ലിയൊന്നു വളച്ചെന്നാൽ
ത്രിലോകം നഷ്ടമാക്കുവോൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കടാക്ഷം തൂകിയാലിന്ദ്ര-
പട്ടവും കൈവരുത്തുവോൻ,
സൃഷ്ടികർത്താവ വന്നെന്തു
തുഷ്ടിയീ രാജ്യലബ്ധിയിൽ!

എന്നാലും ലൌകികാചര-
ക്ലിഷ്ട സമ്പൂർത്തി നൽകുവാൻ
മായാമാനുഷ വേഷത്തിൽ
നാനാ നാട്യം നടിക്കയാം.

പിന്നെ ശ്ശത്രുഘ്ന നിർദ്ദേശാൽ
പല സംഭാരവും തദാ
രാമാഭിഷേക കാര്യാർത്ഥം
സജ്ജമായ് വിധിപോലവെ.

ആദ്യമായ് ഭരതൻ പിന്നെ
ലക്ഷ്മണൻ തദനന്തരം
സുഗ്രീവ രാക്ഷസേശന്മാർ
സ്നാനംചെയ്തു യഥാക്രമം.

ക്ഷൌരത്താൽ ജടയും നീക്കി
സ്നാനം ചെയ്തു രഘൂത്തമൻ
കുറിയും വസ്ത്രവും മററും
കോപ്പണിഞ്ഞു വിളങ്ങിനാൻ

ഭരതൻ ലക്ഷ്മണൻ ചേർന്നു
രാമന്നണിയലൊക്കെയും
നടത്തീ, രാജമാതാക്കൾ
ജാനകിക്കുമതേ വിധം.

മേത്തരം വസ്ത്രഭൂഷൌഘ-
മണിയിച്ചാർ ശുഭാംഗിയെ.
പ്ലവംഗ സ്ത്രീകളെപ്പിന്നെ
ചമയിച്ചാൾ പ്രഹൃഷ്ടയായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കൌസല്യാ ദേവിതാൻ തന്നെ
ശോഭനാ പുത്രവത്സല.
പിന്നെശ്ശത്രുഘ്ന നിർദ്ദേശാൽ
സുമന്ത്രൻ മന്ത്രിസത്തമൻ

സൂര്യനെപ്പോൽ പ്രശോഭിക്കും
രഥവും സജ്ജമാക്കിനാൻ.
അത്തേരിൽക്കേറിനാൻ രാമൻ
സത്യധർമ്മ പരായണൻ.

സുഗ്രീവനംഗദൻ പിന്നെ
ഹനുമാനും വിഭീഷണൻ
എല്ലാരും ദിവ്യവസ്ത്രാദി
ഭൂഷണൌഘ മണിഞ്ഞവർ

ആന തേരശ്വവും കേറി
മുമ്പും പിമ്പും ഗമിച്ചുതെ.
മേനാവിൽക്കേറി സുഗ്രീവ-
സ്ത്രീകളും സീതയും തഥാ.

ദേവേന്ദ്രൻ ദിവ്യമാം തേരിൽ
ഗമിക്കും പോലെ രാഘവൻ
രഥാന്തസ്ഥിതനായ് പോയാൻ
രമ്യതാം തൻ പുരിക്കവൻ.

ശത്രുഘ്നൻ രത്ന ദണ്ഡുള്ളാ
കുട കൈയിൽ പിടിക്കുവാൻ,
ലക്ഷ്മണൻ വ്യജനം വീശാൻ,
ഭരതൻ തേർ തെളിക്കുവാൻ.

സുഗ്രീവനൊരു ഭാഗത്തും
മറുഭാഗേ വിഭീഷണൻ
നിന്നു ചന്ദ്രപ്രഭാപൂർണ്ണം
ചാമരം വീശിനാരവർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അന്നേരം ദേവവൃന്ദങ്ങരാം
മുനിമാർ ദിവ്യദർശികരാം
രാമസ്തോത്രങ്ങളാൽ ശബ്ദം
മുഴക്കീ നാട്ടിലെങ്ങുമെ.

ആനപ്പുറത്തിരുന്നേ പോയ്
വാനരന്മാർ നരോപമർ.
ഈവിധം രാഘവൻ ചെന്നാൻ
പുരിയിൽപ്പൂർണ്ണ ശോഭിതം,

ഭേരീമൃദംഗ വാദ്യങ്ങരാം
മുഴങ്ങും ഘോഷമോടവൻ:
പൌരന്മാരേവരും കണ്ടാർ
രാമന്റെ വരവങ്ങനെ.

ദൂർവ്വാദള ശ്യാമനിറം കലർന്നോൻ,
കിരീട രത്നാഭരണാഭയാർന്നോൻ,
ആ രക്ത നീലാംബുജ ദീർഘനേത്ര-
ശ്രീയാർന്നവൻ സുസ്മിത ചാരുവക്ത്രൻ,

വിചിത്രരത്നാഞ്ചിത കാഞ്ചിബദ്ധ-
പീതാംബരാവീതമഹോദ്യതാഭൻ,
അമൂല്യ മുക്താമണി ദിവ്യഹാരാ-
ലലംകൃതൻ, പീന ഭുജാന്തരാളൻ,

കപീശ സുഗ്രീവ മുഖാദിസേവ്യൻ,
ദിനേശതുല്യപ്രഭയാൽ പ്രഭാസൻ,
സൌഗന്ധികാലേപന ലിപ്തഗാത്രൻ,
രഘൂത്തമൻ വന്നിത കാൺമൂ പൌരർ,

രാമൻ വരുന്നെന്നൊരു വാർത്ത കേരംക്കയാൽ
ഭ്രമിച്ച പൌരാംഗനമാർ ത്വരാന്വിതം
ഗൃഹാദികാര്യങ്ങരാം വെടിഞ്ഞു ഹൃഷ്ടരായ്
സ്വകീയഹർമ്മ്യോപരി നോക്കി നില്ക്കയായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സർവ്വർക്കുമാനന്ദമണച്ചിടുന്നൊരാ
ദിവ്യപ്രഭാമൂർത്തിയെക്കണ്ട കന്യമാർ
വർഷിച്ചു പുഷ്പങ്ങ; ളുയച്ചു കൺകളാൽ
നുകർന്നുനിന്നാർ സുകുമാരവിഗ്രഹം.

രാമൻ ദയാപൂരിതനാർദ്ര നേത്രനായ്
കടാക്ഷവിക്ഷേപമയച്ചു പൌരരിൽ
ഗമിച്ചുമന്ദം നിജ രാജധാനിയിൽ
ക്രമത്തിലെത്തീ പുരുശോഭയാർന്നതിൽ.

രാജാലയത്തിന്നകമെത്തി രാമൻ
നമിച്ചു മാതാവിനെ ഭക്തിപൂർവ്വം
നമിച്ചുപിന്നെപ്പിതൃ ഭാര്യമാരാം
മററുള്ള രാജന്യ ജനങ്ങളേയും.

പിന്നെ രാമൻ വിളിച്ചോതി
ഭരതൻ തന്നൊടീവിധം
''സർവ്വ സൌകര്യവും ചേർന്ന
മമ മന്ദിരമുത്തമം

സുഗ്രീവൻ സ്നേഹിതന്നായി
തല്കാലം നല്ക സാദരം;
എല്ലാർക്കും സുഖവാസാർത്ഥം
നല്ക മേടകൾ വേറെയും.''

രാമവാക്യപ്രകാരം താൻ
ചെയ്യാൻ ഭരതനൊക്കെയും
പിന്നെ സ്സുഗ്രീവനോടോതി
ഭരതൻ രാഘവാനുജൻ

''രാമ രാജ്യാഭിഷേകാർത്ഥം
നാലു സിന്ധുജലം ശുഭം
എത്തിക്കാൻ പ്രേരണം ചെയ്ക
സത്വരം യോഗ്യദൂതരെ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജാംബവാനംഗദൻ പിന്നെ
സുഷേണനൻ വായുപുത്രനും
പ്രേഷിതന്മാരുമായപ്പോരം
സുഗ്രീവ കപിരാജനാൽ

അവരോ വായുവേഗത്തിൽ
കൊണ്ടുവന്നാർ ജലം ക്രമാൽ
കൊണ്ടുവന്ന ജലം തീർത്ഥ–
മഭിഷേകം നടത്തുവാൻ

വസിഷ്ഠങ്കൽ സമർപ്പിച്ചാൻ
ഭരതൻ മന്ത്രിമാരൊടും
വൃദ്ധൻ വസിഷ്ഠനോ പിന്നെ
വാദ്ധ്യാന്മാർ മററു പേരുമായ്

ഇരുത്തീ രത്നപീഠത്തിൽ
രാമനെസ്സീതയൊത്തുമെ
ജാബാലി വാമദേവന്മാർ
വസിഷ്ഠൻ ഗൗതമൻ തഥാ

വാല്മീകി മുതലായുള്ളോർ
നടത്തീ മററു കർമ്മവും
എള്ളും പുല്ലും കലർന്നേററം
സുഗന്ധം ചേർന്നുമുള്ളതാം

പുണ്യമാം ജലതീർത്ഥത്താ–
ലഭിഷേചിച്ചു രാമനെ
വാദ്ധ്യാന്മാർ വിപ്രരും മന്ത്രി
മുഖ്യരും മുനിമാർകളും

ചേർന്നോരോ സ്തോത്രഗീതങ്ങരം
കീർത്തിച്ചും കൊണ്ടിരിക്കവെ
സർവ്വൌഷധിരസം കൊണ്ടു–
മഭിഷേകം നടത്തിനാർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശുഭസൂചകമാം ശ്വേത-
പത്രം ശത്രുഘ്നനേന്തിനാൻ.
സുഗ്രീവ രാക്ഷസേശന്മാർ
പിടിച്ചാർശ്വേത ചാമരം.

സ്വർണ്ണമാല തദാ നൽകീ
വായുദേവേന്ദ്ര ചോദനാൽ;
നരേന്ദ്രൻ രാമനായേകി
സുരേന്ദ്രൻ വേറെ മാലയും

സർവ്വരത്നം പതിച്ചുള്ളൊന്നാം
തനിത്തങ്കവി നിർമ്മിതം.
പാടിനാർ ദേവഗന്ധർവ്വ-
രാടിനാരപ്സരോഗണം,

പുഷ്പവർഷവുമുണ്ടായി,
മുഴങ്ങീദേവ വാദ്യവും.
നവദൂർവ്വാദള ശ്യാമൻ
പത്മപത്രായതേക്ഷണൻ

സൂര്യകോടി പ്രഭൻ ചാരു-
കിരീടോജ്ജ്വല ശോഭിതൻ
പീതാംബരധരൻ കോടി
കന്ദർപ്പ സമ സുന്ദരൻ

ദിവ്യാഭരണ സമ്പന്നൻ
ദിവ്യഗന്ധാനു ലേപനൻ
അയുതം സൂര്യതേജസ്സു-
ഞ്ഞുയരും രഘു നന്ദനൻ

സുവർണ്ണ നിറമാർന്നുള്ളോർ
സർവ്വാഭരണ ഭൂഷിതാ
രക്തപത്മംകരേ ചേർന്നോരാ
വാമാങ്ക സ്ഥിതയായവരാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വൈദേഹി, യവളെത്തൻെറ
വാമഹസ്താൽ പുണർന്നുമെ
വിരാജിപ്പവനെക്കണ്ടു
ഭക്ത്യാദര സമന്വിതം

ഗൌരീസമേതനായ് സാക്ഷാൽ
ശങ്കരൻ രഘുനാഥനെ
സ്തുതിച്ചാൻ മററു ദേവന്മാർ
സർവ്വരും ചേർന്നുമങ്ങനെ.

മൂലം:

നമോസ്തു രാമായസശക്തികായ
നീലോല്പല ശ്യാമളകോമളായ
കിരീടഹാരാംഗദ ഭൂഷണായ
സിംഹാസനസ്ഥായ മഹാപ്രഭായ

ത്വമാദിമദ്ധ്യാന്ത വിഹീന ഏക:
സൃജസ്യവസ്യത്സിച ലോകജാതം
സ്വ മായയാതേന നലിപ്യസേത്വം
യൽസ്വേസുഖേ/ജസ്രരതോനവദ്യ:

ലീലാംവിധത്സേ ഗുണസംവൃതസ്ത്വം
പ്രപന്നഭക്താന വിധാനഹേതോ:
നാനാവതാരൈ: സുരമാനുഷാദ്യൈ:
പ്രതീയസേജ്ഞാനിഭിരേവനിത്യം

സ്വാംശേനലോകം സകലം വിധായതം
വിഭർഷിചത്വം തദധ:ഫണീശ്വര:
ഉപര്യധോഭാന്വനിലോഡു പൌഷധി-
പ്രവർഷരൂപോവസി നൈകധാ ജഗത്.

ത്വമിഹദേഹ ഭൃതാംശിഖി രൂപ:
പചസിഭുക്തമ ശേഷമജസ്രം.
പവനപഞ്ചക രൂപസഹായൊ
ജഗദഖണ്ഡമനേനവിഭർഷി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചന്ദ്രസൂര്യശിഖിമദ്ധ്യഗതം യത്
തേജ ഈശ ചിദശേഷതനൂജാം
പ്രാഭവത്തന ഭൃതാമിവധൈര്യ–
ശൌര്യമായുരഖിലം തവ സത്വം

തവംവിരിഞ്ചി ശിവവിഷ്ണു വിഭേദാൽ
കാലകർമ്മ ശശിസൂര്യ വിഭാഗാൽ
വാദിനാം പൃഥഗിവേശ വിഭാസി
ബ്രഹ്മനിശ്ചിതമനന്യദിഹൈകം,

മത്സ്യാദിരൂപേണ യഥാത്വമേക:
ശ്രുതൌപുരാണേഷു ചലോകസിദ്ധ
തഥൈവസർവ്വംസദ സദ്വിഭാഗ–
സ്ത്വമേവനാന്യദ് ഭവതോവിഭാതി.

യദ്യൽ സമുൽപ്പന്ന മനന്തസൃഷ്ടാ–
വുൽപ്പത്സ്യതേയച്ച ഭവച്ചയച്ച
നദൃശ്യതേ സ്ഥാവരജംഗമാദൌ
ത്വയാവിനാത:പരത: പരസ്ത്വം.

തത്വംനജാനന്തി പരാത്മനസ്തേ
ജനാ: സമസ്താസ്തവമായയാത:
ത്വൽഭക്ത സേവാമല മാനസാനാം
വിഭാതിതത്വം പരമേകമൈശം.

ബ്രഹ്മാദയസ്തേനവിദു: സ്വരൂപം
ചിദാത്മതത്വം ബഹിരർത്ഥഭാവാ:
തതോബുധസ്ത്വാമിദമേവരൂപം
ഭക്ത്യാഭജന്മുക്തിമുപൈത്യദു:ഖ:

അഹംഭവന്നാമഗൃണൻ കൃതാർത്ഥോ
വസാമികാശ്യാമ നിശംഭവാന്യാ
മുമൂർഷമാണസ്യ വിമുക്തയേഹം
ദിശാമിമന്ത്രം തവ രാമനാമ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇമംസ്തവം നിത്യമനന്യ ഭക്ത്യാ
ശൃണ്വന്തി ഗായന്തിലിഖന്തിയേവൈ
തേസർവ്വ സൌഖ്യം പരമം ചലബ്ധ്വാ
ഭവൽപ്പദംയാന്തു ഭവൽ പ്രസാദാൽ

ഇന്ദ്രൻ:

ബ്രഹ്മ പ്രഭാവാൽ മമ ദേവസൌഖ്യം
സർവ്വം ഹരിച്ചാൻ ദശകണ്ഠ;നെന്നാൽ
ഇന്നൊക്കെയും വീണ്ടുമെനിക്കു ലഭ്യം
നിന്നാൽ ഖലൻ ദേവ! പതിക്കമൂലം

ദേവന്മാർ:

മഹീദേവരേകുന്ന യജ്ഞാംശമെല്ലാം
ഗ്രഹിക്കാതെ പൊയ്പ്പോയ്ദശാസ്യാപഹാരാൽ
മുരാരേ! ഭവാനാൽഹതൻ രാക്ഷസേശൻ;
തരംവന്നു ഞങ്ങൾക്കു വീണ്ടും ഭുജിപ്പാൻ.

ഗയാശ്രാദ്ധപിണ്ഡങ്ങൾ ഞങ്ങൾക്കു കിട്ടാ–
തെടുത്തോടുവോൻ രാവണൻ മുന്നമെന്നും
അതിപ്പോൾ യഥാർഹം ലഭിപ്പൂ, ഭവാനാ
ഖലൻതൻ വധത്താൽ പ്രസാദിക്കമൂലം.

സദാദാസ്യവൃത്തിക്കു നിർബ്ബന്ധപൂർവ്വം
ദശാസ്യൻ നിയോഗിച്ചു കഷ്ടത്തിലായി
അഹോ ഞങ്ങളിന്നേറെ സന്തുഷ്ടർ മുക്തർ,
ഭവാനാഖലൻതന്നെ കൊന്നെന്നമൂലം

ഗന്ധർവ്വർ:

പാട്ടുപാടിക്കഴിഞ്ഞീടും
കൂട്ടരാം ഞങ്ങളൊക്കെയും
രാമ! നിൻചരിതം പാടീ–
ട്ടാമോദം പൂണ്ടിരുന്നതെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കഷ്ടമെന്നാൽ ദശഗ്രീവൻ
ദുഷ്ടൻ ശാസിച്ചു ഞങ്ങളെ
അവനെത്താൻ സ്തുതിച്ചീടാ;–
നാവതെന്തതിനപ്പുറം.

രക്ഷയായ് രാമ! നിന്നാലാ
രാക്ഷസൻ ഹതനാകയാൽ.''
ഈവിധം ദിവ്യ നാഗങ്ങൾ
സിദ്ധന്മാർ കിന്നരാദിയും

വസുക്കൾ ഗുഹ്യകന്മാരും
പശുക്കൾ മുനിവർഗ്ഗവും
അപ്സരസ്ത്രീകളും ദിവ്യ–
പക്ഷിവൃന്ദവുമങ്ങനെ

എല്ലാരും രാമനെക്കണ്ടു
നല്ലോണം കൺകുളിർത്തുമെ
രാമനെ സ്തുതിയും ചെയ്തു
പോയിനാർ സ്വഗൃഹങ്ങളിൽ.

പിന്നെപ്പിനാകിയും സാക്ഷാൽ
ബ്രഹ്മദേവൻ തുടങ്ങിയോർ
രാമനെത്താൻ പ്രശംസിച്ചും
കീർത്തിച്ചും രാമലീലകൾ

സിംഹാസനസ്ഥൻ രാജേന്ദ്രൻ
സീതാലക്ഷ്മണ സംയുതൻ
രാമനെത്താൻ സദാഹൃത്തിൽ
ധ്യാനിച്ചും കൊണ്ടു പോയിനാർ,

വാദ്യം ദിവ്യം മുഴങ്ങെ, ദ്ദിവിവിബുധഗണം
സ്തോത്രഗീതം പൊഴിക്കെ,
വർഷിക്കെപ്പുഷ്പജാലം, മുനിവരനികരം
നാലുപാടും സ്തുതിക്കെ,
രാമൻ ശ്യാമൻ പ്രസന്നൻ സ്മിത രുചിരമുഖൻ
സൂര്യകോടി പ്രകാശൻ
സീതാസൌമിത്രി വാതാത്മജമുനിവരരും
ചേർന്നു ഭംഗ്യാവിളങ്ങി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—16

## സമ്മാനദാനം

ലോകരെല്ലാം സുഖം പൂണ്ടാർ
രാമൻ രാജേന്ദ്രനാകവെ;
സസ്യസമ്പന്നയായ് ഭൂമി,
ഫലം തിങ്ങി തരുക്കളിൽ,

നിർഗ്ഗന്ധകുസുമം പോലും
ഗന്ധവത്തായ് വിളങ്ങിതെ.
പാലേറും പശുവൃന്ദത്തെ
കാലേനൽകി രഘൂത്തമൻ

ആയിരപ്പടിയായശ്വ
ജാലവും വിപ്രദാനമായ്,
കോടിക്കണക്ക നാണ്യങ്ങൾ
ബ്രാഹ്മണർക്കേകി പിമ്പവൻ.

വസ്ത്രമാഭരണം രത്ന-
മത്രയും നൽകി പിന്നെയും
സൂര്യകാന്തി പ്രഭംഹാരം
നാനാ രത്നമയം ശുഭം

സുഗ്രീവന്നേകിനാൻ പ്രീത്യാ
രാഘവൻ ഭക്തവത്സലൻ.
അംഗദന്നേകി ദിവ്യങ്ങ-
ളംഗദങ്ങളുമാവിധം.

കോടിരത്ന പ്രഭാപൂരം
മണിരത്ന വിഭൂഷിതം
ഹാരമൊന്നേകിനാൻ പ്രീത്യാ
സീതയ്ക്കായ് രഘുനന്ദനൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തൻഗളേ ചേർത്തൊരാമാല—
യങ്ങനെത്താനെടുത്തവരാം
നോക്കിനാരം പലവട്ടം തൻ
പതിയെ, പ്ലവഗേന്ദ്രരെ.

ഇംഗിതം ബോദ്ധ്യമായ് രാമ—
നിങ്ങനെച്ചൊല്ലിനാൻ തദാ.
"ആരിൽ നീ തുഷ്ടയാമേറെ
ഹാരം നൽകുകവന്നു താൻ."

ഹനുമാനേകിനാരം ദേവി
ഹാരം, തൻപതി കാണവെ.
പാരം ശോഭിച്ചു താനപ്പോരം
ഗൌരവം പൂണ്ടു മാരുതി

ഭക്തി പൂണ്ടരികെത്തന്നെ
തൊഴുകയ്യോടെ നില്പവൻ
മരുദാത്മജനെക്കണ്ടു
തുഷ്ടനായ് രാമനോതിനാൻ.

"നിന്നിൽ പ്രസന്നനായ് തീർന്നേ-
നിന്നെന്താം വരമാഗ്രഹം
ദേവന്മാർക്കും ലഭിക്കാത്ത
വരമേകാം നിനക്കെടൊ."

ഹനുമാനോതിനാനപ്പോരം
നമിച്ചും ഹൃഷ്ടമാനസൻ.
"രാമ! നിന്നെ സ്മരിച്ചേതും
തൃപ്തനായ് തീർന്നതില്ല ഞാൻ.

അതിനാൽ സതതം നിന്നെ
സ്മരിക്കാൻ സാദ്ധ്യമാകണം
നിൻനാമമെത്രനാരം നിൽക്കു
മന്നോളം മമദേഹവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നിന്നുകൊള്ളട്ടെ രാജേന്ദ്ര
നന്നിതേ വരമാഗ്രഹം.''
രാമൻ പറഞ്ഞു ''നീ ജീവൻ–
മുക്തനായ് വാഴ്ക ഭൂമിയിൽ;

കല്പകാലാവസാനത്തിൽ
സായൂജ്യം ലബ്ധമായിടും.''
സീതയും ചൊല്ലി സംപ്രീതാ
''മാരുതേ! നിന്നൊടൊപ്പമായ്

സർവ്വഭോഗങ്ങളും ചേരു–
മെങ്ങായാലും മമാജ്ഞയാ.''
ഏവമെല്ലാം ശ്രവിച്ചേററം
ഹൃഷ്ടനായ് പവനാത്മജൻ

ലോകേശരവരെ ബ്ഭക്ത്യാ
വീണ്ടും വീണ്ടും നമിച്ചഹൊ
ഹിമവാങ്കൽ തപം ചെയ്‌വാൻ
ഗമിച്ചാൻ വിഷമിച്ചുമെ.

പിന്നെ രാമൻ ഗ്ഗുഹൻതന്നോ–
ടോതിനാൻ ഭക്തനോടിദം
''സഖാവേ! ശൃംഗിവേരാഖ്യ
നഗിരിക്കിനി പോയിടാം

സ്വയമാർജ്ജിച്ച ഭോഗങ്ങൾ
ഭുജിച്ചും വാഴ്ക ഭക്തനായ്
ഒടുവിൽ പ്രാപ്തനാമെൻെറ
സാരൂപ്യം സംശയംവിനാ.''

ഇങ്ങനെച്ചൊല്ലി താനേകി
ദിവ്യമാം ഭൂഷണങ്ങളെ
രാജ്യഖണ്ഡങ്ങളും നൽകി
ചെയ്തു തത്ത്വോപദേശവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഹൃഷ്ടനായ് സ്വഗൃഹേ പോയാൻ
രാമേണാലിംഗിതൻ ഗുഹൻ.
അയോദ്ധ്യയ്ക്കെത്തിയോർ കീശ–
പ്രമുഖർക്കൊക്കെ രാഘവൻ

മേത്തരം വസ്ത്രഭൂഷാദി
മേൽക്കുമേലേകി മോദിതൻ.
സുഗ്രീവൻ മുതലാം മുഖ്യ
വാനരന്മാർ വിഭീഷണൻ

എല്ലാരെയും യഥായോഗ്യം
സൽക്കരിച്ചാൻ രഘൂത്തമൻ
ഈവിധം സൽകൃതന്മാരായ്
സർവ്വരും പോയി തുഷ്ടരായ്

സുഗ്രീവൻ കൂട്ടരൊന്നിച്ചു
കിഷ്ക്കിന്ധയ്ക്കു തിരിച്ചുപോയ്
എതിരില്ലാതെ കൈവന്ന
രാജ്യം ലങ്കയിലേക്കു താൻ.

രാമനാൽ പൂജിതൻ പോയാൻ
പ്രീതിയോടും വിഭീഷണൻ.
പ്രജാവത്സലനായ് രാമൻ
രാജ്യഭാരം തുടങ്ങിനാൻ

ലക്ഷ്മണൻ യുവരാജാവാ–
യഭിഷിക്തനുമായിനാൻ
രാമനാ; ലവനോ നിത്യം
രാമസേവയിൽ മുങ്ങിനാൻ

രാമനോ, പരമാത്മാവാം
നിർമ്മലൻ നിരുപാധികൻ
അഹങ്കാരാദി നിർമ്മുക്തൻ
നിർവ്വികാരൻ സദായ്പൊഴും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തന്നിൽത്താൻ തുഷ്ടനെന്നാലും
ലോകർക്കുപകരിക്കുവാൻ
അശ്വമേധാദിയജ്ഞങ്ങളും
പലതും വിസ്തരിച്ചവൻ

മനുഷ്യാകാരനായ് ചെയ്താൻ
പരമാനന്ദ ചിത്തനായ്.
വൈധവ്യ ദുഃഖമില്ലെങ്ങു-
മില്ലെങ്ങും സർപ്പബാധയും.

ആധിവ്യാധിയുമില്ലെങ്ങും
രാമൻ രാജ്യം ഭരിക്കവെ.
കള്ളന്മാരില്ലനർത്ഥങ്ങ-
ളെള്ളോളം വന്നിടാതെയായ്

വൃദ്ധരിൽബ്ബാലരിൽപ്പോലും
മൃത്യു കൈവെച്ചിടാതെയായ്.
രാമപൂജാപരന്മാരാ-
യെല്ലാരും രാമചിന്തകർ.

വർഷമുണ്ടായ് യഥാകാലം
ലോകത്തിന്നിഷ്ടമാംപടി;
സ്വധർമ്മനിഷ്ഠരെല്ലാരും
വർണ്ണാശ്രമ ഗുണാന്വിതർ

സർവ്വലക്ഷണ സംയുക്തൻ
സർവ്വധർമ്മപരായണൻ
രാമൻ പ്രജകളെപ്പോററി
പുത്രരെത്താതനെന്നപോൽ

പതിനായിരമാണ്ടോളം
രാമൻ രാജ്യം ഭരിച്ചതെ.

രഹസ്യമേററം ധനധാന്യവർദ്ധകം
ദീർഘായുരാരോഗ്യകരം സുപുണ്യദം
അദ്ധ്യാത്മരാമായണമീ പുരാണമൊ
വചിച്ചു സാക്ഷാൽ ശിവനാദി ശങ്കരൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പഠിക്കുവോൻ ഭക്തിയോടാവിധേനതാൻ
ശ്രവിക്കുവോനും പരിതുഷ്ട ചിത്തനായ്
ലഭിച്ചിടും സർവ്വവിധാഭിലാഷവും
നശിച്ചിടും പാതകകോടിയും ക്ഷണാൽ

ധനാഗ്രഹിയ്ക്കുത്തുമനേകമാം ധനം
മനസ്സുവെച്ചീകഥ താൻ ശ്രവിക്കുകിൽ
പുത്രാഭിലാഷിക്കുളവാം സുനന്ദനൻ
പഠിക്കിലാദ്യംമുതലീ പുരാണമെ.

രാജാവൊരാളീകഥ കേട്ടുവെങ്കിലോ
രാജ്യത്തിനുണ്ടാം ധനധാന്യ വർദ്ധനം
ജയിച്ച ശത്രുക്കളെ ദുഃഖഹീനനാ
യധൃഷ്യനായ് തീരുമവൻ മഹാബലൻ.

ശ്രവിക്കുവോർ സ്ത്രീജനമെങ്കിലോ ചിരം
സുപൂജ്യരാം പുത്രഗണങ്ങളാലവർ.
വന്ധ്യയ്ക്കുപോലും ശ്രവണം നിമിത്തമായ്
സന്താനമുണ്ടാം സുകുമാര രൂപികം.

ശ്രദ്ധാതിരേകത്തോടെവൻ പഠിക്കിലും
ഭക്ത്യാദരംകേട്ടു രസിക്കിലും ശരി
ജയിച്ചുതൻ ദോഷമശേഷമേററവും
കൃതാത്മനായ് നിർഭയ സൌഖ്യമാർന്നിടും.

അദ്ധ്യാത്മ രാമായണമാദി തൊട്ടുതാൻ
ശ്രവിക്കുവോരിൽപ്പരിതുഷ്ടരായിടും
ദേവൌഘമെല്ലാമതുകൊണ്ടുലബ്ധമാം
സമ്പത്തു; മാപത്തുകളങ്ങു നീങ്ങിടും.

രജസ്വലാസ്ത്രീപുരു രാമഭക്തിയാൽ,
ശ്രവിക്കിലും രാമചരിത്രമീ ദൃശം
അത്യുത്തമൻ പുത്രനെനേടുമേവരും
കീർത്തിക്കുവോളാം സതിയായ് ഭവിച്ചിടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പൂജിപ്പോർ ഭക്തിയോടെന്നും
പ്രണാമം ചെയ്തിടുന്നവർ
വിഷ്ണുവിൻ പരമം ധാമം
പ്രാപിക്കും പാപമുക്തരായ്.

അദ്ധ്യാത്മ രാമചരിതം
നിശ്ശേഷം കേട്ടിടുന്നവർ
വായിപ്പോരും സ്വയം ഭക്ത്യാ
രാമപ്രീതിക്കു പാത്രമാം.

സർവ്വാത്മാവാം പരബ്രഹ്മം
സാക്ഷാൽ രാമൻ പ്രസന്നനായ്
ഭവിക്കിൽപ്പുരുഷാർത്ഥങ്ങൾ
ഫലിക്കും വേണ്ടതേതുമേ.

അതിനാൽ പതിവായെന്ന-
മിതുകേൾക്കേണമേവരും
കോടിപാപഹരം പുണ്യ-
മായുരാരോഗ്യ വർദ്ധകം.

രാമായണം ശ്രവിച്ചെന്നാൽ
ദേവന്മാർ തുഷ്ടരായിടും
ഗ്രഹൌഘങ്ങളുമവ്വണ്ണം
മഹർഷീന്ദ്രർ പിതൃക്കളും.

അദ്ധ്യാത്മരാമായണമെന്നിതത്ഭുതം
വൈരാഗ്യവിജ്ഞാനയുതം പഠിക്കുവോൻ
ശ്രവിക്കുവോൻ, ലേഖക, നേവരും ക്ഷണാൽ
സംസാരപാഥോധി കടന്നു മുക്തരാം

രാമൻ വിഷ്ണു രഹസ്യമൂർത്തി, യതുതാനാ
താരകബ്രഹ്മ,മെ-
ന്നാത്മായാബ്ധി കടഞ്ഞറിഞ്ഞു ഭഗവാൻ
ശ്രീ പാർവ്വതീവല്ലഭൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വേദാന്താഖിലസാര സംഗ്രഹമയം
രാമായണാദ്ധ്യാത്മികം
മോദാൽ മോഹമിയന്ന തൻദയിതയെ
കേൾപ്പിച്ച ഭൂതേശ്വരൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# ഉത്തരകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# സർഗ്ഗവിവരം


1. രാവണാദികളുടെ പൂർവ്വചരിത്രം
2. രാക്ഷസരാജ്യസ്ഥാപനം
3. ബാലിസുഗ്രീവചരിതം–സനൽകുമാരഭാഷണം
4. സീതാപരിത്യാഗം
5. രാമഗീത
6. ലവണവധം–കുശോപദേശം
7. സീതാഭൂഗർഭ പ്രവേശം
8. കാലസന്ദർശനം–ലക്ഷ്മണത്യാഗം
9. മഹാപ്രസ്ഥാനം


CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം —1

# രാവണാദികളുടെ പൂർവ്വചരിത്രം

ദശാസ്യനിഹനൻ, ദാശ-
രഥി, രാജീവലോചനൻ,
ജയ, രാമൻ, രഘുശ്രേഷ്ഠൻ,
കൌസല്യാ പ്രിയനന്ദനൻ.

പാർവ്വതി:

ഭീമവിക്രമിയാം രാമൻ,
കൌസല്യാ നന്ദവർദ്ധനൻ,
രാവണാന്തം വരുത്തിപ്പി-
ന്നെന്തെല്ലാം ചെയ്തതോതുക.

അയോദ്ധ്യാരാജനായ് രാമ-
നഭിഷിക്തൻ സസീതയാ
മായാമാനുഷ രൂപത്തി-
ലെത്രനാളംവാണു ഭൂമിയിൽ.

ലീലപൂണ്ടാവിധം ദേവൻ
പരമാത്മാ സനാതനൻ
ജീവിച്ചൊടുക്കമെന്മട്ടായ്
ത്യജിച്ചു തന്റെ ദേഹവും.

ശ്രദ്ധയാർന്നോരെനിക്കായി
വിസ്തരിച്ചോതുകൊക്കെയും.
കർണ്ണപീയൂഷമാം രാമ-
വർണ്ണനം ലീലയും തഥാ
കേൾക്കവെക്കേൾക്കെക്കെയേറുന്നു
കേൾക്കുവാൻ മോഹമെൻപ്രഭോ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പരമേശ്വരൻ:

രാക്ഷസന്മാരെയും കൊന്നു
രാമൻ രാജ്യം ഭരിക്കവെ
വന്നൊരിക്കൽ, മുനീന്ദ്രന്മാർ,
വന്ദിക്കാൻ രാമചന്ദ്രനെ.

ദുർവ്വാസസ്സംഗിരസ്സത്രി
വിശ്വാമിത്രൻ, തഥാസിതൻ,
കശ്യപൻ, വാമദേവൻ താൻ,
കണ്വനും ഭൃഗുവിങ്ങനെ

സാക്ഷാൽ സപ്തർഷിമാരൊന്നി-
ച്ചഗസ്ത്യൻ ശിഷ്യവർഗ്ഗവും
ഹ്യത്തി രാമന്റെ വാതുക്കൽ
കാത്തുനില്പോനൊടോതിനാർ.

''അഗസ്ത്യ പ്രമുഖന്മാരാ-
മനേകം മുനിമാരിതാ
രാമനോടറിയിച്ചാലും
വന്ദിപ്പാൻ വന്നിരിപ്പതായ്''

ദ്വാരപാലനുടൻ പോയി
പാരം വിനയമാർന്നവൻ
നമസ്കരിച്ച കൈകൂപ്പി
രാമനോടോതിയിങ്ങനെ.

''അഗസ്ത്യൻ മുതലാം മാന്യ
മുനിമാർ പലരും പ്രഭോ!
ഭവാനെക്കാണ്മവാൻ, ദേവ!
പുറമേകാത്തു നില്ക്കയാം''

അവരെക്കൊണ്ടു വന്നീടാൻ
സാദരം ചൊല്ലി രാഘവൻ.
വിധിവൽ പൂജിതന്മാരായ്
പ്രവേശിച്ചാർ മുനീന്ദ്രരും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുനിമാർ വന്നു കണ്ടപ്പോ-
ളെണീററു തൊഴുകയ്യുമായ്
അർഘ്യപാദ്യങ്ങളും നൽകി
ഗോദാനം ചെയ്തു രാഘവൻ

വീണ്ടും നമിച്ചവർക്കോരോ
ദിവ്യപീഠങ്ങളേകിനാൻ.
ഇരുന്നാരവരങ്ങേററം
ഹൃഷ്ടരായ് രാമപൂജിതർ.

കുശലപ്രശ്നമന്യോന്യം
ചെയ്തുരാമൻ മുനീന്ദ്രരും.
ഋഷിമാർ വീണ്ടുമാരാഞ്ഞാർ
''എങ്ങും കുശലമല്ലയോ.

ഭാഗ്യാൽ ഞങ്ങൾക്കു കാണാറായ്
ഭവാനെശ്ശത്രുഹീനനായ്.
ഭാരിച്ച പണിയോ രാമ!
രാവണാദിവധം തവ.

ധനുർദ്ധരൻ ഭവാൻ, ശക്താൻ
ത്രിലോകം കീഴടക്കുവാൻ.
രക്ഷോവർഗ്ഗംമുടിച്ചു നീ
രക്ഷപ്പെട്ടിതു ഞങ്ങളും.

രാവണാന്തം വരുത്തീടാ-
നേറെ ക്ലേശിച്ചിരുന്നിടാ;
ഇന്ദ്രജിത്തിൻ വധം പാരം
ദുഷ്കരം തന്നെയോർക്കുകിൽ

കുംഭകർണ്ണാദി ദൈത്യന്മാർ
വമ്പന്മാർ കാലതുല്യരാം
അവരെല്ലാം ഹതന്മാരായ്
തവതീക്ഷ്ണ ശരങ്ങളാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അഭയം നൽകിനീ മുന്നം
ഞങ്ങൾക്കെല്ലാ,മരിന്ദമ!
വധിച്ചു ദൈത്യരെസ്സർവ്വം
വസിപ്പൂ നീ കൃതാർത്ഥനായ്.''

ആത്മനിഷ്ഠർ മുനീന്ദ്രന്മാ-
രിപ്രകാര മുരയ്ക്കവെ
വിസ്മയാഞ്ചിതനായ് രാമൻ
കൈകൂപ്പിച്ചൊല്ലിയിങ്ങനെ.

''രാവണൻ തൊട്ടഗംഭീര-
രാക്ഷസന്മാരെ വിട്ടഹോ
മേഘനാദ പ്രശംസയ്ക്കായ്
മാത്രമെന്തേ മുതിർന്നിടാൻ?''

മഹാത്മാ രാഘവൻ ചെയ്ത
ചോദ്യംകേട്ടുത്തരം തദാ
അഗസ്ത്യൻ മുനിതേജസ്വി
രാമനോടോതിയീവിധം.

''രാവണനീ രാവണന്മാർ തൻ
ചരിത്രംകേൾക്ക ചൊല്ലിടാം
ജന്മകർമ്മങ്ങളും പിന്നെ
വരലാഭങ്ങളെന്നിവ.

പണ്ടാകൃതയുഗം തന്നിൽ
പുലസ്ത്യൻ ബ്രഹ്മനന്ദനൻ
മേരുപർവ്വത പാർശ്വത്തിൽ
മേവിനാൻ തപമാളുവാൻ.

'തൃണബിന്ദു' കടീരത്തിൽ
വസിച്ചാമുനി പുംഗവൻ
സ്വാദ്ധ്യായ നിഷ്ഠനായ് തന്നെ
തപസ്സാർന്നേ സദായ്പൊഴും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രമ്യമാ, മാശ്രമം തന്നിൽ,
ദേവഗന്ധർവ്വ കന്യമാർ
ആട്ടവും പാട്ടുമായ് കൂട്ടം
കൂടിനാർ കുസലെന്നിയെ.

പുലസ്ത്യൻെറ തപോവിഘ്ന-
മാവിധം ചെയ്തിതായവർ.
താപസൻ ക്രുദ്ധനായ് തീർന്നി-
ട്ടവരോടോതിയിങ്ങനെ.

"മേലിലെൻ ദൃഷ്ടിയിൽപ്പെട്ടോ-
ളെവളും ഗർഭമാണ്ടിടും."
ശാപം ഭയന്നു പിന്നീടാ
സ്ത്രീകരം ചെന്നില്ലിതദ്ദിശി.

തൃണബിന്ദു മഹീശൻെറ
മകളോ, ശാപവാക്കുകരം
കേട്ടമില്ല; പുലസ്ത്യൻെറ
ദൃഷ്ടിയിൽപ്പെട്ടിതായവരം.

വിളർത്തു ദേഹമപ്പോരം താൻ
വളർന്നൂ സ്തനയുഗ്മവും
പാവ,മീ ഭാവമാററത്താൽ
ഭയന്നച്ഛനുകലെത്തിനാരം.

രാജർഷിതാതനോ, കന്യാ-
ഗർഭലക്ഷണമോർക്കവെ
ജ്ഞാനചക്ഷുസ്സിനാൽ കണ്ടാൻ
മുനിതാൻ ഹേതുവെന്നമായ്.

പുത്രിയെത്തൽക്ഷണം തന്നെ
പുലസ്ത്യന്നേകിനാൻ പിതാ.
സ്വീകരിച്ചാൻ സസന്തോഷം
സ്ത്രീദാനമതു താപസൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശുശ്രൂഷാപരയായ് കണ്ടോ-
രവളോടോതിനാൻ മുനി
ഇരുവംശവി വൃദ്ധിക്കാ-
യൊരു പുത്രനെ ഞാൻ തരാം.

അപ്രകാരമവൾക്കുണ്ടായ്
സൽപ്പുത്രൻ ലോകവിശ്രുതൻ
വിശ്രുവസ്സെന്നു പേരാണ്ടോൻ,
പൌലസ്ത്യൻ, ബ്രഹ്മവിത്തമൻ.

വിശ്രുവസ്സിൻ ഗുണംകണ്ടാ
ഭരദ്വാജൻ മഹാമുനി
അവന്നു ഭാര്യയായ് നൽകി
ശ്രേയോം തന്റെ പുത്രിയെ.

ദാമ്പത്യമതിൽ നിന്നുണ്ടായ്
വമ്പൻ വൈശ്രുവണാഭിധൻ.
പിതൃതുല്യനവൻ, സാക്ഷാൽ
ബ്രഹ്മാവാലും പ്രശംസിതൻ.

പൌലസ്ത്യതനയൻ, ബ്രഹ്മ-
പ്രീതിക്കായ് തപമേററവൻ,
ധനേശത്വവരം നേടി
ധന്യനായവനങ്ങനെ.

ബ്രഹ്മദത്തം വിമാനത്തിൽ
പുഷ്പകത്തിൽക്കരേറിയും
ധനേശനായവൻ പിന്നെ
താതസന്നിധി പൂകിനാൻ.

പിതാവെ പ്രണമിച്ചോതി
തപസ്സിൻ ഫലമൊക്കെയും
''നന്മയേറും വരം നൽകി
ഭഗവാൻ ബ്രഹ്മണെങ്കിലും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പാർക്കുവാൻ പററിടും സ്ഥാനം
പ്രത്യേകം നൽകിയില്ലജൻ.
ചൊന്നാലുമുത്തമം സ്ഥാന-
മെന്നും ദ്രോഹവിവർജ്ജിതം.''

വിശ്രവസ്സോതിനാനപ്പോരം
''വിശ്രുതം ലങ്കയാം പുരി
വിശ്വകർമ്മാവിനാൽ സൃഷ്ടം
രാക്ഷസർക്കു വസിക്കുവാൻ.

ദൈത്യരോ വിട്ടുപോയ്, വിഷ്ണു-
ഭീത്യാ, പുകിരസാതലം.
കടൽ മദ്ധ്യസ്ഥിതാലങ്ക
കടന്നാരുമെതിർത്തിടാ.

മററാരും കൈവശംവെയ്ക്കാ-
ത്താദ്വീപിൽ പാക്ക നീ സുഖം.''
ചൊന്നപോൽ ധനദൻ ചെന്നു
ലങ്കയിൽ പാർപ്പുമായിതെ.

ധനേശനേറെനാരം തത്ര
വസിച്ചാൻ പിതൃസമ്മതൻ.
അകാലത്തൊരുനാരം, ദൈത്യൻ
സുമാലിപ്പേരെഴുന്നവൻ,

രസാതലം കടന്നിങ്ങു
മർത്ത്യലോകത്തിലെത്തിനാൻ
പുമകരംക്കൊപ്പമായുള്ളൊ-
രോമനപ്പുത്രിയൊത്തുമെ.

ധനേശൻ പുഷ്പകം കേറി
സഞ്ചരിപ്പതു കണ്ടവൻ
രാക്ഷസർക്കു ഹിതം ചേരാ-
നുപായം ചിന്ത ചെയ്കയായ്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കൈകസിപ്പേരെഴും തന്റെ
മകളോടോതിയിങ്ങനെ.
''യൌവ്വനം കഴിയുന്നു നിൻ
വിവാഹം വൈകിയെന്നുമായ്.

അസ്വീകാര്യഭയാൽ വേളി–
നിശ്ചയം നീട്ടിവെച്ചതാം.
പൌലസ്ത്യമുനിയെത്തന്നെ
സ്വയം നീ പോയ് വരിക്കുക.

എന്നാൽ നിനക്കുമുണ്ടാകും
നന്ദനന്മാർ സുശോഭനെ!
കുബേരനു സമന്മാരായ്
കോമളന്മാർ ബലാന്വിതർ.''

ചൊന്നപോലവളോ ചെന്നു
നിന്നാൾ മാമുനി മുന്നിലായ്
മുഖംതാഴ്ത്തി പദാഗ്രത്താൽ
ഭൂലേഖം ചെയ്തുമങ്ങനെ.

നീയാരെന്തിനു വന്നെന്നു, –
മാരാഞ്ഞു മുനിയും തദാ.
''ധ്യാനത്താലറിയാമങ്ങ''–
യ്യെന്നായ് കൈക്കൂപ്പി ഭാമിനി.

ധ്യാനത്താൽ കാര്യമെല്ലാം താൻ
മുനിക്കപ്പോൾ സുബോദ്ധ്യമായ്.
പിന്നെപ്പറഞ്ഞു, ''നിൻമോഹം
പുത്രലാഭത്തിനല്ലയോ.

എന്നാൽ നീ വന്നൊരീ നേരം
നിന്ദ്യം, നന്നെ ഭയങ്കരം;
അതിനാൽ രണ്ടു പുത്രന്മാ–
രുണ്ടാം, രാക്ഷസർ ഭീഷണർ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇമ്മട്ടോതവ പുത്രന്മാ-
രെന്നപ്പോളവരും ചോദ്യമായ്
മുനിചൊല്ലി "ഭയം വേണ്ടാ
ജനിക്കും വീണ്ടുമേ മകൻ.

അവനോ, ബുദ്ധിമാൻ ശ്രീമാൻ
രാമഭക്തനുമായിടും."
അപ്രകാരം യഥാകാലം
ജനിച്ചാൻ മുമ്പു രാവണൻ,

ഒരുപത്തു മുഖത്തോടു-
മിരുപത്തു കരത്തോടും.
ഭീഷണൻ ജാതനായപ്പോൾ
ഭൂമിയൊന്നു വിറച്ചുപോയ്.

ദുർനിമിത്തമനേകങ്ങൾ
ദൃഷ്ടമായ് നാശഹേതുകം.
പിന്നെജ്ജനിച്ചു ശൈലേന്ദ്ര-
സന്നിഭൻ കുംഭകർണ്ണനും.

രണ്ടാമൾക്കും സോദരീസ്ഥാന-
ത്തുണ്ടായ് ശൂർപ്പണഖാഖ്യയാൾ
സൌമ്യനായ് ജാതനായ് പിന്നെ
ശാന്താത്മാവാം വിഭീഷണൻ,

മിതാഹാരൻ സദാചാരൻ
നിത്യകർമ്മപരായണൻ
ജ്യേഷ്ഠനാം കുംഭകർണ്ണൻ, ഹാ,
ദുഷ്ടനായതി ഭീഷണൻ,

ഭക്ഷിച്ചും മുനിവർഗ്ഗത്തെ
ഭൂമിചുററി നടന്നതെ.
ബലവാൻ രാവണൻ താനും
ത്രിലോകർക്കും ഭയപ്രദൻ,
വളർന്നാൻ ജീവികൾക്കെല്ലാം
വ്യാധിപോൽ നാശഹേതുവായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നിത്യൻ, നിർമ്മലനാണുനീ, നിഖിലവും കാണു
ന്നവൻ സാക്ഷിയായ്,
ചിത്തേ ഭൂതഗണത്തിലൊക്കെ വിലസും
ചൈതന്യ ഭാവോജ്ജ്വലൻ,
മർത്ത്യാകാരനിലസ്സു ലീലയൊടഹോ
ചോദിച്ചതിന്നുത്തരം
പ്രീത്യാ ചൊല്ലിയിതേവിധം, നൃപതേ!
രക്ഷോഗണോല്പത്തി ഞാൻ

ചിന്ത്യസ്സതീതനു, മനന്ത,നജൻ ഭവാനോ
ചിന്മാത്രബോധപുരുഷൻ ശരിബോദ്ധ്യമെന്നാൽ
ശുദ്ധസ്വരൂപമതിലാർന്നൊരു ഭക്തിമൂലം
മൂഢൻ ചരിക്കവത ഹംതവ സുപ്രസാദാൽ.''

ഏവം പറഞ്ഞ മുനിയോടൊരു പുഞ്ചിരിച്ച
ഭാവത്തിലോതി ഭഗവാൻ, പ്രഭു രാമചന്ദ്രൻ
''ഞാനേ പ്രപഞ്ച, മതിനാൽ ഭുവിപാപനാശം
താനേ, ജപിക്കിലെവനും മമ കീർത്തനങ്ങൾ''

സർഗ്ഗം—2

## രാക്ഷസ രാജ്യസ്ഥാപനം

ശ്രീരാമവചനം കേൾക്കെ
പരംതോഷിച്ച മാമുനി
അഗസ്ത്യൻ വിസ്തരിക്കാനായ്
മുതിർന്നു പിന്നെയും കഥ.

''അക്കാലത്തൊരുനാൾ ദേവൻ
വിത്തേശൻ വിശ്വമോഹനൻ
പുഷ്പകംകേറി വന്നെത്തീ
പിതൃഗേഹത്തിലഞ്ജസാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തേജസ്സിൻ മൂർത്തിമത്തായ് താൻ
ഭ്രാജിക്കും ധനനാഥനെ
കണ്ടു കൈകസി കാലുഷ്യം
പൂണ്ടോതിപ്പുത്രനോടിദം.

"രാവണാ! കണ്ടുവോ തേജോ-
മയനാം ധനനാഥനെ
ആവിധം യോഗ്യനായ് തീരാ-
നാവതോ, യത്നമാളുക."

അതുകേട്ടഥ കോപത്തോ-
ടോതി രാവണനപ്പൊഴെ.
"കുബേരനൊപ്പമാം ഞാനും
കവിഞ്ഞോനെന്നുമായിടാം

ഓതിടാമതു ഞാനേററു
മാതാവേ! ഖേദിയായ്ക നീ."
ഉറച്ചേവം ദശഗ്രീവ-
നുഗ്രമാം തപമാളുവാൻ,

സഹജന്മാരൊടും കൂടെ
ഗോകർണ്ണത്തേക്കു പോയിനാൻ.
ഭ്രാതാക്കൾ മൂവരും തത്ര
തപസ്സാർന്നിതു ദുഷ്കരം.

തപസ്സിൻ നിഷ്ഠതാന്താങ്ങൾ
നിശ്ചയിച്ചതുപോലെയായ്.
പതിനായിരമാണ്ടോളം
കുംഭകർണ്ണൻ തപിച്ചതെ.

വിഭീഷണൻ മഹാഭാഗൻ
സത്യധർമ്മ പരായണൻ
അതിലും പാതികാലം താൻ
തപിച്ചാനേക പാദനായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സഹസ്രാബ്ദം, നിരാഹാരൻ
ദശാസ്യൻ തപമേററുതെ.
ആയിരം പൂർത്തിയായപ്പോറം
ഹോമിച്ചു തലയൊന്നവൻ.

ആവർത്തിച്ചാവിധം പിന്നീ-
ടെട്ടു ശീർഷവുമായവൻ.

സഹസ്രം പത്തുമായപ്പോറം
പത്താം ശീർഷമരിഞ്ഞിടാൻ
തുടങ്ങെ ബ്രഹ്മനങ്ങെത്തി
ധർമ്മാത്മാ ചൊല്ലിയിങ്ങനെ.
''പോരുമേ സാഹസം വത്സാ!
പ്രീതനായ് നിന്നിലിന്നു ഞാൻ.

എന്തിഷ്ടം ചൊല്ലിയാലും ഞാൻ
സന്തോഷാൽ തന്നിടാം വരം''
ഹൃഷ്ടനായിതു കേട്ടാറെ
ദൃഷ്ടൻ ചൊല്ലി ദശാനനൻ

''വരദൻതാൻ ഭവാനെങ്കിൽ
മരണം വന്നിടായ്കമെ
ദേവദാനവ നാഗങ്ങറം
യക്ഷപക്ഷി ഗണങ്ങളാൽ
ആ വരംമതി, മർത്ത്യന്മാർ
കേവലം പുല്ലെനിക്കഹൈാ.''

''തഥാസ്തു''വെന്നുമേ ചൊല്ലി
വിധാതാവോതി പിന്നെയും
''ഏതെല്ലാം തലഹോമിച്ചോ
നീ താനഗ്നിയി, ലൊക്കെയും

മുന്നെപ്പോൽ വീണ്ടുമുണ്ടാകും
നിന്നിടും ക്ഷയമെന്നിയെ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാവണന്നീവരം നൽകി
ദേവ,നാ ഭക്തവത്സലൻ
വിഭീഷണന്നടുത്തെത്തി
പ്രഭാഷിച്ചാനിതേവിധം.

''ധർമ്മസമ്പാദനത്തിന്നാ-
യിമ്മട്ടിൽ തപമാണ്ടു നീ;
സമ്മതം; വരമെന്തിഷ്ടം
സമ്മോദാലേതുമേകിടാം''

വിഭീഷണൻ നമിച്ചും കൈ-
ക്കൂപ്പിയും ചൊല്ലിയിങ്ങനെ.
''ശ്രദ്ധയോടെന്നുമേ ധർമ്മ-
ബുദ്ധിയായ് താനിരിക്കണം
മനമെങ്ങുമധർമ്മത്തി-
ലിണങ്ങാനിടയാക്കൊലാ.''

പ്രീതനായോതിനാനപ്പോഠം
പ്രജാപതിയിതേവിധം.
''വത്സ! നീ ധർമ്മശീലൻ താൻ,
വർത്തിക്കും മേലുമങ്ങനെ.

അമരത്വവരം കൂടി
തരാം ചോദിച്ചിടാതെ താൻ''
കുംഭകർണ്ണന്നുമെന്തിഷ്ടം
പിമ്പാരാഞ്ഞിതജൻ മഹാൻ.

വാണിതൻ വലയിൽപ്പെട്ടോ-
നവനോ ചൊല്ലിയിങ്ങനെ.
''ഉറക്കമാറു മാസത്തേ-
യ്ക്കുണരിക്കൽ പിന്നെ ഭക്ഷണം''

അപ്രകാരം വരം നൽകി
ബ്രഹ്മാവെന്നറിവാകവെ
കുംഭകർണ്ണമുഖം വിട്ടു
സാമ്പ്രതം പോയി വാണിയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



കുംഭകർണ്ണൻ പരം ദുഃഖി–
ച്ചമ്പരന്നോർക്കയായിദം
''ഇച്ഛിക്കാതെന്തിതിൻ മട്ടാ-
യാശ്ചര്യം വിധി തൻവിധി.''

പൌത്രന്മാർ വരമേററൊരു
വാർത്തകേട്ടു സുമാലിയും
പ്രഹസ്താദികളെക്കൂട്ടി
പാതാളം വിട്ടു പോന്നതെ.

രാവണങ്കലണഞ്ഞാദരാ–
ളേവമോതി പുണർന്നുമെ.
''യോഗ്യൻ നീ ഫലവത്താക്കീ
ഭാഗ്യാലെൻെറ മനോരഥം

വിഷ്ണുവിൽ പേടി പൂണ്ടല്ലോ
വിട്ടുപോയ് പണ്ടു ലങ്കയെ
പാതാളേ പാർപ്പുമായ് ഞങ്ങൾ;
പേടിവേണ്ടിനിയേതുമെ.

കുബേരൻ കൈവശം വെച്ചും
ഭരിക്കും ലങ്കയില്ലയോ
പണ്ടതിൻ നാഥരാം ഞങ്ങൾ
വീണ്ടെടുക്കായതിന്നു നീ,

സാമത്താൽ ദണ്ഡനത്താലോ;
സൌഭ്രാത്രം സൌഹൃദത്തിലാം.''
ചിതമല്ലീവിധം ചൊല്ലെ–
ന്നിതു കേട്ടോതി രാവണൻ;

ധനേശൻ ഗുരുവെപ്പോലാം
തനിക്കെന്നും പറഞ്ഞവൻ.
അപ്പോൾ പ്രഹസ്തനോ ചൊന്നാ–
നിപ്രകാരം വണക്കമൊയ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''കേൾക്ക രാവണ! നീ ചൊന്ന
വാക്കേതും യുക്തമല്ലെടൊ.
രാജധർമ്മം ധരിച്ചോ, നീ,
നീതിശാസ്ത്രവുമാവിധം.

സൌഭ്രാത്രം നോക്കുമാറില്ലാ
ശ്ശൂരന്മാർ. കേൾക്കുകെൻ പ്രഭോ!
ദേവർഷി കശ്യപൻ പുത്രർ
ദേവദൈത്യ മഹാബലർ.

സൌഹൃദം വിട്ടുമന്യോന്യ-
മാഹവം ചെയ്തിതായവർ.
ദേവന്മാർ നമ്മളും തമ്മിൽ
വൈരമാം പണ്ടു കാലവും.''

ദുരാത്മാവാം പ്രഹസ്തന്റെ
വാക്യവും കേട്ടു രാവണൻ
'ശരി'യെന്നോതി കോപാന്ധ്യൻ
ലങ്കയിൽ ചെന്നു കേറിനാൻ.

പ്രഹസ്തൻ കൂടെപ്പോയി
പുറത്താക്കി ധനേശനെ
അവിടെപ്പാർപ്പുറപ്പിച്ചാൻ
രാവണൻ രാക്ഷസാന്വിതൻ

കുബേരൻ ലങ്കവിട്ടോടി
കൈലാസോപരി ചെന്നവൻ
പിതൃവാക്യേന, സേവിച്ചാൻ
പാർവ്വതീപതിയെച്ചിരം

ശിവനോ, തൃപ്തനായേററാ-
നവനെക്കാത്തുകൊള്ളുവാൻ.
വിശ്വകർമ്മാവിനാൽ തത്ര
സൃഷ്ടമായളകാപുരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദിക്പാലനിലയ്യം നേടി
ധനേശൻ വാണുതത്ദിശി.
രാവണൻ രാക്ഷസന്മാരാൽ
രാജാവായഭിഷിക്തനായ്.

ത്രൈലോക്യദ്രോഹിയായ് രാജ്യം
പാലിച്ചാൻ സോദരാനുജിതൻ
സ്വരൂപം വികൃതം പൂണ്ടോരാ
സ്വസാവെക്കർബ്ബുരാധിപൻ,

വിദ്യുജ്ജിഹ്വനിതിപ്പേരാം
ദാനവന്നേകി ഭാര്യയായ്.
അതിൽപ്പിന്നെ മയൻ തന്റെ
സുതയാം സുന്ദരാംഗിയെ,

മന്ദോദരീതി പേരുള്ള
കന്യയെക്കർബ്ബുരേശനായ്
ഭാര്യയായ് നൽകിനാൻ, ശക്തം
ശക്തിയൊന്നും കൊടുത്തുതെ.

വിരോചനന്റെ ദൌഹിത്രി
''വൃത്രജ്ജ്വാല''യെ രാവണൻ
സ്വയമേ കൊണ്ടുവന്നേകി
കുംഭകർണ്ണന്നു ഭാര്യയായ്.

ഗന്ധർവ്വരാജനാം ശ്രീമാൻ
ശൈലൂഷന്റെ കുമാരിയാം
സർവ്വലക്ഷണ സമ്പന്നാ
സുഭഗാ 'സരമാ' ഭിധാ;

വിവാഹം ചെയ്തിതാ ധർമ്മ-
വിജ്ഞയെത്താൻ വിഭീഷണൻ
കാലേ മന്ദോദരിക്കുണ്ടായ്
മേഘനാദാഹ്വയൻ മകൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജനിക്കെഗ്ഗർജ്ജനം ചെയ്യാൻ
ജലദംപോലവൻ ബലാൽ
അതിനാൽ മേഘനാദാഖ്യ
പതിയാനിടയായിതെ.

ഉറക്കംവന്നു ബാധിച്ചു
മുറയ്ക്കാ കുംഭകർണ്ണനെ
അപ്പോഴു നിർമ്മിച്ചിതായാരക്കാ-
യല്പം വിസ്തൃതമാം ഗുഹ.

അങ്ങേ ചടഞ്ഞു കൂടീട്ടാ
'തൊങ്ങൻ' നിദ്രയിലാണ്ടുപോയ്.
അവനോ നിദ്രയിൽപ്പുകെ
രാവണൻ ലോകരാവണൻ

ദ്വിജന്മാർ മുനിമാർ ദേവ-
ദൈത്യകിന്നര മർത്ത്യരെ
ദ്രോഹിച്ചാൻ ദേവസമ്പത്തു-
മാഹരിച്ചാൻ ദിനേ ദിനേ.

കുബേരൻ കേട്ടുതൻ ഭ്രാതാ
കുകർമ്മം ചെയ്തിടുന്നതായ്
അധർമ്മമാചരിയ്ക്കൊല്ലെ-
ന്നുപദേശിച്ചു നോക്കിനാൻ

രാവണൻ ക്രുദ്ധനായപ്പോ-
ളാക്രമിച്ചളകാപുരി
തോല്പിച്ചാൻ ജ്യേഷ്ഠനെപ്പിന്നെ
പുഷ്പകം കയ്യിലാക്കിനാൻ.

പിന്നെപ്പോയ്, വരുണൻ കാല-
നെന്നവർക്കെതിരായവൻ
തോല്പിച്ചവരെയും, ചെന്നു
സാക്ഷാലിന്ദ്രന്റെ നേർക്കുതാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദേവേന്ദ്രന്നെതിരായന്നാരം
രാവണൻ പോരടിച്ചതെ
അവനെന്നാലൊട്ടുക്കത്തിൽ
കേവലം ബന്ധനസ്ഥനായ്.

ആ വാർത്ത കേട്ടറിഞ്ഞപ്പോരം
മേഘനാദൻ പ്രതാപവാൻ
ചെന്നുചെയ്താൻ പെരുംയുദ്ധ-
മിന്ദ്രനോ തോററുപോയിതെ.

മുക്തനാക്കിപ്പിതാവെ ത്തൻ
ശക്തിയാൽ, ദേവരാജനെ
ബന്ധിച്ചുകൊണ്ടു പോന്നെത്തി
സ്വന്തം നാടായ ലങ്കയിൽ

വിധാതാവവിടെച്ചെന്നു
വിമോചിപ്പിച്ചുമിന്ദ്രനെ
വരങ്ങരം പലതും നൽകി
വാഴ്ത്തിനാൻ മേഘനാദനെ.

ക്രമേണ രാവണൻ സർവ്വ
ലോകവും കീഴ്പ്പെടുത്തിനാൻ
കൈലാസം പോലുമേ, കേമൻ,
കയ്യുകാലൊന്നിളക്കിനാൻ.

അന്നേരം രാവണന്നേററു
നന്ദികേശൻെറ ശാപവും
വാനരന്മാർ നരന്മാരും
വരുത്തും നാശമെന്നുമായ്.

പിന്നെപ്പോയ് ഹേഹയാധീശൻ
തന്നോടൊന്നേററു നോക്കിനാൻ
ബദ്ധനായവിടെ, പ്പക്ഷെ
പുലസ്ത്യൻ മുക്തനാക്കിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

· Digitized by Arya Samaj Foundation Chennai and eGangotri



ബലവാൻ ബാലിയെക്കൊല്ലാൻ
പിന്നെച്ചെന്നു ദശാനനൻ.
ഇടുക്കി ബാലി കക്ഷത്തിൽ
കടുക്കീ രാക്ഷസേശനെ.

ആവിധം കൊണ്ടുപോയ് നാലു
വാരിധിക്കരെ ചുററിനാൻ.
പിന്നയോ, വിട്ടയച്ചപ്പോഠം
ദൈന്യൻ സഖ്യത്തിലായിനാൻ

ഈവിധം പലതും ചെയ്തു
രാവണൻ ലോകമാകവെ
സ്വവശം വെയ്ക്കുവാൻ നോക്കി
സസുഖം വാണിതങ്ങനെ.

പ്രഭാവമേവമാർന്നോരാ
രാവണൻ ലോക രാവണൻ
ഭൂപതേ! ഹതനായ് നിന്നാ-
ലാപതിച്ചാൻ രണാങ്കണെ.

മഹാത്മാ ലക്ഷ്മണൻ കൊന്നാൻ
മേഘനാദനെയും തഥാ.
കുന്നുപോലുന്നതൻ കുംഭ-
കർണ്ണനെക്കൊന്നു നീയുമെ

ഭവാൻ നാരായണൻ സാക്ഷാൽ
ജഗത്തിന്നാദി കാരണൻ
ചരാചരാത്മകം വിശ്വ-
മഖിലം നിൻ സ്വരൂപമാം.

നിൻ നാഭികമലോല്പന്നൻ
ബ്രഹ്മൻ ലോക പിതാമഹൻ.
വഹ്നിയും വാണിയും നിൻെറ
വക്ത്രദ്വാരാ ജനിച്ചവർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദിക്പാലർ കൈകളാൽ ജാതർ
ദിക്കെല്ലാം കർണ്ണജാതമാം
ദിനേശൻ ശശിയും ജാതർ
ദൃക്കിനാൽ തവ, രാഘവ!

നാസികാജാതരാം പ്രാണ–
നശ്വിനീദേവരും ക്രമാൽ
ജംഘാജാനൂരു ജഘനാൽ
ലോകങ്ങളുളളവായിതെ.

സർവ്വേശാ! സാഗരം നാലും
സമുല്പന്നം തവോദരാൽ;
വരുണേന്ദ്രർ മുലക്കണ്ണാൽ,
വീര്യത്താൽ ബാലഖില്യരും.

ലിംഗത്താൽ യമനും, ക്രോധാൽ
രുദ്രൻ, മൃത്യുഗുദത്തിനാൽ,
ശൈലങ്ങളസ്ഥിയാൽ മേഘ-
ജാലം കേശത്തിനാലുമെ;

രോമങ്ങളാൽ ചെടിക്കൂട്ടം
നഖത്താൽ കഴുതാദിയും.
ഈവിധം വിശ്വരൂപൻ നീ
പുരുഷൻ മായ ചേർന്നവൻ,

ഗുണഭേദേന ഭാസിപ്പൂ
ഗുണവർജ്ജിതനെങ്കിലും.
ദേവന്മാരമൃതം പാനം
ചെയ്വു നിന്നാശ്രയത്തിനാൽ

നിന്നാൽ സൃഷ്ടമിദം സർവ്വം
വിശ്വം സ്ഥാവര ജംഗമം.
നിന്നെത്താനാശ്രയിച്ചല്ലൊ
ജീവിപ്പൂ സർവ്വജീവിയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വ്യവഹാരത്തിലുള്ളോരാ
വസ്തുവേതൊന്നിലും ഹരേ
പാലിലുറത്തിങ്ങിടും വെണ്ണ
പോലെനീ വ്യാപ്തനെപ്പൊഴും

ശോഭിപ്പു നിൻെറ തേജസ്സാൽ
സോമനും സൂര്യനും പ്രഭോ!
ഏകൻ, സർവ്വഗതൻ, നിത്യൻ,
നീ, ദൃശ്യൻ ജ്ഞാനദൃഷ്ടിയാൽ.

അർക്കനെക്കാണ്മതില്ലന്ധ,-
നജ്ഞാനി, നിന്നെയും, തഥാ
വേദാന്തതത്വമോർപ്പോരാ
യോഗിമാർ, പരമേശനെ,

സ്വദേഹേഭാവനം ചെയ്വൂ
സതതം ഭക്തിയുക്തരായ്.
ആ വിധം ഭക്തിലേശത്താ--
ലല്പജ്ഞാനം ലഭിച്ചവർ,

ചിന്തിച്ചു കണ്ടറിഞ്ഞീടും
ചിത്താം നീയെന്നുമാത്രമായ്
സർവ്വജ്ഞൻ നിന്നോടീ മട്ടി-
ലല്പജ്ഞൻ ഞാൻ പറഞ്ഞുപോയ്
സർവ്വം ക്ഷമിക്ക ദേവേശ!
സർവ്വേശാ! കൃപവേണമേ.

കാലസ്ഥലാദി പരിഹീന,നന്യ,നേകൻ,
ചിന്മാത്ര,നക്ഷര,നജൻ ചലനാദിഹീനൻ,
ഭക്തപ്രിയൻ, വിഗതമായ, നധീശ,നാദ്യൻ,
മുക്തിപ്രദൻ, വിജയരാമനെ ഞാൻ ഭജിപ്പൂ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—3

# ബാലിസുഗ്രീവചരിതം—സനൽകുമാരഭാഷണം

-രാമൻ:

കേൾക്കുവാനാഗ്രഹിപ്പൂ ഞാൻ
ബാലിസുഗ്രീവർ തൻ കഥ.
സൂര്യേന്ദ്രർ വാനരന്മാരായ്
ജനിച്ചാരെന്നു കേൾവിമെ.

അഗസ്ത്യൻ:

മേരുവിൻ മദ്ധ്യശൃംഗത്തിൽ
മണികാഞ്ചനശോഭിതം
ബ്രഹ്മാവിൻ സഭയുണ്ടല്ലൊ
ശതയോജന വിസ്തൃതം.

യോഗാരൂഢ നിലയ്ക്കുണ്ട
മേവും ലോകപിതാമഹൻ
ധ്യാനിച്ചിരിയ്ക്കവെദ്ദിവ്യ-
മാനന്ദാശ്രു പൊഴിച്ചതെ.

കണ്ണീർ കയ്യാൽ ഗ്രഹിച്ചല്പം
ധ്യാനിച്ചും വീഴ്ത്തി ഭൂമിയിൽ
ഉത്ഭവിച്ചതിൽ നിന്നപ്പോ-
ളൃക്ഷരാംഗൻ മഹാകപി.

അവനോടോതിനാൻ ബ്രഹ്മൻ
''വത്സ! നീ വാഴ്ക തെല്ലനാരം
ഇങ്ങുതാനെന്നൊടും കൂടെ
മംഗളം വന്നുചേർന്നിടും.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സമ്മതിച്ചാവിധം, സാക്ഷാൽ
ബ്രഹ്മനൊത്തേറെ നാളുകളും,
മേരുവിൻ മുകളിൽത്തന്നെ
മേവിനാൻ കപിയാം "സുധി."

ഒരിയ്ക്കൽ ഫലമൂലങ്ങൾ
ഹരിക്കാൻ ഹരിപുംഗവൻ
ചരിക്കെക്കണ്ടു ദിവ്യാംബു
നിറയും വാപിയൊന്നവൻ

ജലപാനത്തിനായ് ചെൽകെ
ജലത്തിൽ ച്ഛായ കണ്ടവൻ
എടുത്തുചാടി വെള്ളത്തി-
ലെതിരാളി പ്രതീതിയാൽ

കരയ്ക്കുകേറിനാൻ പിന്നെ
കാണാഞ്ഞന്യനൊരുത്തനെ
അന്നേരം കണ്ടു, താനേക,
സുന്ദരീ രൂപമാർന്നതായ്.

ദേവേന്ദ്രൻ ബ്രഹ്മനെപ്പൂജി-
ച്ചാവഴിക്കങ്ങു പോകവെ
കാണുവാനിടയായ് കന്യാ-
മണിയാം, മോഹനാംഗിയെ

കാമംമൂർച്ഛിച്ചവൻ വീര്യം
സ്ഖലിച്ചു കണ്ടമാത്രയിൽ;
വീണതോ, വാനരത്താന്റെ
വാലിന്മേൽക്കൂടി ഭൂമിയിൽ.

അതിൽ നിന്നുളവാ,യപ്പോൾ
ബാലി, ദേവേന്ദ്രതുല്യനായ്.
സ്വർണ്ണമാലയവന്നേകി
സുരേശൻ സ്വർഗ്ഗമേറിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സൂര്യനും കണ്ടു മോഹിച്ചാൻ
സുന്ദരീമണിയെത്തദാ.
അവൻെറ വീര്യമോ വീണി–
തവൾതൻ ഗള സീമനി.

ജാതനായതിൽ നിന്നപ്പോൾ
സുഗ്രീവൻ ഭീമനാം കപി
ഹനുമാനെസ്സഹായാർത്ഥ
മവന്നേകി ദിവാകരൻ

പുത്രദ്വയം ലഭിച്ചോൾ പോയ്
രാത്രി നിദ്രയിലാണ്ടതെ.
പ്രഭാതേ കണ്ടുതാൻ മുന്നെ–
പ്പോലവേ കീശരൂപനായ്.

ഫലമൂലങ്ങളും കയ്യിൽ
ഭേസിപുത്രരൊടൊത്തുമെ
കപീന്ദ്രൻ ചെന്നു കൈക്കൂപ്പി
നിന്നാൻ ബ്രഹ്മൻെറ മുന്നിലായ്.

ബ്രഹ്മാവോ, നല്ല വാക്കോതി
കപിയെശ്ശാന്തനാക്കിയും
ദേവതാരൂപനാമേതോ
ദൂതനോടോതിയിങ്ങനെ.

''ഒന്നിച്ചു കൊണ്ടുപോയാലും
നിന്നൊപ്പം കപിവര്യനെ
കിഷ്ക്കിന്ധാ നഗരം ദിവ്യം
വിശ്വകർമ്മാവു തീർത്തതാം

സർവ്വസമ്പൽ സമൃദ്ധം താൻ
സർവ്വരാലുമജയ്യമാം
അഭിഷേചിക്കകീ ശ്രേഷ്ഠ–
കപിയെത്തത്ര രാജനായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സപ്തദ്വീപ നിവാസന്മാർ
വാനരന്മാർ ബലാന്വിതർ
സർവ്വമീ കപിരാജന്റെ
സ്വാധീനം വന്നുചേർന്നിടും.

ഭൂഭാരം തീർക്കുവാൻ വേണ്ടി
ദൈത്യരെക്കൊന്നൊടുക്കുവാൻ
എന്നു നാരായണൻ സാക്ഷാൽ
രാമനായവതീർണ്ണനാം,

അന്നു രാമസഹായാർത്ഥം
ചെന്നിടും കീശരൊക്കെയും."
അപ്രകാരം വിധാതാവിൻ
കല്പനപ്പടി ദൂതനും,

കപിയെക്കൊണ്ടുപോയ് സർവ്വ
കാര്യവും ക്രമമാംവിധം.
ചെയ്തുവീണ്ടും മടങ്ങിപ്പോയ്
വിവരം ബ്രഹ്മനേകിനാൻ

അന്നേ മുതൽക്കു കിഷ്ക്കിന്ധ
തീർന്നു വാനര രാജ്യമായ്

ഭവാൻ സർവ്വേശ്വരൻ തന്നെ
ബ്രഹ്മാവർത്ഥിക്ക കാരണം
ഭൂഭാരമൊക്കെയും തീർത്തു
മായാമാനുഷ രൂപനായ്.
സർവ്വ ഭൂതാന്തരസ്ഥൻ നീ
നിത്യമുക്തൻ ചിദാത്മകൻ

നിൻപക്ഷത്തിലിതൊന്നും താൻ
വമ്പോലും കാര്യമായിടാ.
എങ്കിലും പാപനാശാർത്ഥം,
തങ്കുവാൻ സുഖമെന്നുമെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വർണ്ണിപ്പൂ സജ്ജനം നിൻെറ
മായാമാനുഷ ലീലകൾ.
കീർത്തിപ്പോർ ബാലിസുഗ്രീവ -
വൃത്തമീചൊന്ന മട്ടിലായ്,

നിന്നൊത്താനാശ്രയിപ്പോരായ്
ധന്യരായ് പാപമുക്തരാം.

മററൊന്നു പറയാം നിന്നെ–
പ്പററിഞ്ഞാൻ, കേൾക്ക രാഘവ!
രാവണൻ സീതയെക്കൊൻ
കാരണം വിവരിപ്പതായ്

മുന്നം കൃതയുഗം തന്നിൽ
ബ്രഹ്മാവിൻ സുതനാകിയോൻ
സനൽക്കുമാരനൊററയ്ക്കു–
ങ്ങിരിക്കുന്നൊരു വേളയിൽ
ദശാസ്യൻ വിനയത്തോടും
ചെന്നുചൊല്ലിയിതേവിധം

''ആരാശ്രയം ജയം നേടാൻ
സുരന്മാർക്കു രണാങ്കണെ
ദേവന്മാരിലെവൻ ശ്രേഷ്ഠൻ
ബലശാലിയുമായവൻ.

ആരെപ്പൂജിപ്പു വിപ്രന്മാ–
രാരെദ്ധ്യാനിപ്പുയോഗികൾ
ചോദ്യത്തിന്നുത്തരം നൽകു;
സർവ്വജ്ഞൻ വിഭുവും ഭവാൻ.''

രാവണൻെറ മനോരാജ്യം
സർവ്വവും കണ്ടറിഞ്ഞവൻ
ജ്ഞാനദൃഷ്ട്യാമുനി ശ്രേഷ്ഠ–
നേവമുത്തരമോതിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജഗത്തെല്ലാം ഭരിക്കുന്നോൻ,
ജന്മനാശമെഴാത്തവൻ,
സുരാസുരാർച്ചിതൻ നിത്യം,
ഹരിനാരായണൻ പരൻ.

ആർക്കെഴും നാഭിപത്മത്തിൽ
ബ്രഹ്മദേവൻ ജനിച്ചുവോ
ആരീ പ്രപഞ്ചമൊട്ടാകെ
ഭരിച്ചുംകൊണ്ടിരിപ്പിതോ,

ആശ്രയി,ച്ചവനെത്തന്നെ,
ദേവന്മാർ ജയമേല്പതും,
യോഗിമാരവനെത്തന്നെ
ധ്യാനമാർന്നുമിരിപ്പതും.''

മാമുനിച്ചൊല്ലിദം കേട്ടു
രാവണൻ ചൊല്ലി പിന്നെയും
''വിഷ്ണുവാൽ നിഹതന്മാരാം
ദൈത്യദാനവ രാക്ഷസർ,

പ്രാപിക്കും ഗതിയെന്താകാം
പ്രാണൻ പോയതിനപ്പുറം.''
രാക്ഷസേശന്റെ ചോദ്യത്തി-
ന്നുത്തരം ചൊല്ലി മാമുനി.

''ദേവന്മാരാൽ ഹതന്മാരാ-
ദേവലോകം ഗമിച്ചുടൻ
സ്വർഗ്ഗസൌഖ്യം ഭുജിച്ചിങ്ങീ
ഭൂലോകേ വീണ്ടുമെത്തിടും

മുജ്ജന്മ പുണ്യപാപങ്ങളാ-
ലൊത്തുതാൻ മൃത്യുജന്മവും
വിഷ്ണുവാൽഹതരായെന്നാൽ
വിഷ്ണുപാദം ഗമിച്ചിടും.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുനിവാക്യം ശ്രവിച്ചേററം
ഹൃഷ്ടനായ് രാവണൻ തദാ
ഉറച്ചാൻ ഹരിയോടേററു
മുറസ്സൊന്നടരാടുവാൻ.

മുനിയോ കണ്ടറിഞ്ഞേവം
രാവണൻെറ മനോഗതം
ചൊല്ലി, "വത്സ! നിനക്കിഷ്ടം
സാധിക്കും സംശയം വിനാ.

തെല്ലുകാലം സുഖംവാഴ്ക
നല്ലതക്കം വരും ക്രമാൽ.''
എന്നെല്ലാമോതിയാ യോഗി
പിന്നെയും ചൊല്ലി രാഘവ!

"അരൂപൻ താനവൻ, പക്ഷെ
സ്വരൂപം ഞാൻ പറഞ്ഞിടാം.
അവനാൽ വ്യാപ്തമാം സർവ്വ
സ്ഥാവരങ്ങളുമൂഴിയിൽ.

സത്യ, മോങ്കാരവും, ധാത്രീ,
സാവിത്രീ, സർവ്വ,മായവൻ.
ജഗദാധാരമാം സാക്ഷാൽ
ശേഷനായതുമായവൻ.

ദേവന്മാർ, കാലവും, സൂര്യ-
ചന്ദ്രന്മാർ, സാഗരങ്ങളും,
യമനും, വായുവും സൂര്യോ-
ദയവും ദിനരാത്രിയും,

ഇന്ദ്ര, നഗ്നി, തഥാ, മൃത്യു,
മേഘജാലം, വസുക്കളും,
രുദ്രബ്രഹ്മാദി ദേവന്മാർ,
ദൈത്യരും തൽസ്വരൂപമാം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിശ്വകർത്താവവൻ വിഷ്ണു
വിദ്യോതിപ്പൂ ജ്വലിപ്പതെ
അവ്യക്തൻ ലീലയാസർവ്വം
ഭരിപ്പോൻ സംഹരിപ്പവൻ

അവനാൽ വ്യാപ്തമീ മൂന്നു
ലോകവും സചരാചരം.
നീലോല്പലദളശ്യാമൻ
മിന്നും പീതാംബരാവൃതൻ

തനിത്തങ്കനിറം പൂണ്ടോരു
തന്നങ്കസ്ഥിതയായവരു
ലക്ഷ്മീദേവിയെയും പുല്കി
വീക്ഷിച്ചെന്നു മിരിപ്പവൻ.

ദേവദാനവരാർക്കും താൻ
ദർശിപ്പാൻ ശക്യമല്ലെടൊ:
തൽപ്രസാദം ലഭിച്ചോരിൽ
നിഷ്പ്രയാസം വിളങ്ങുവോൻ.

യജ്ഞദാനതപം കൊണ്ടോ
വേദാദ്ധ്യയന മൂലമൊ
ഭഗവദ്ദർശനം നേടാൻ
സുഗമം വഴികിട്ടിടാ.

ഏകാന്ത ശ്രദ്ധയോടെന്നും
ഭക്തരായ് നഷ്ടപാപരായ്
വേദാന്ത തത്വമോർക്കുന്നോർ
വിഷ്ണുദർശന ശക്തരാം.

എന്നാൽ, മോഹിപ്പൂ നീയെങ്കിൽ,
കാണുവാൻ പരമേശനെ,
ത്രേതായുഗേ ജനിക്കും, കേരം,
ദേവേശൻ രാജപുത്രനായി;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമനായ് രഘുവംശത്തിൽ
രാജിക്കും ബലശാലിയായ്,
സർവ്വലോകഹിതം ചെയ്‌വാ-
നയോദ്ധ്യാപതി പുത്രനായ്.

അവനോ പിതൃവാക്യേന
വിപിനേ സഞ്ചരിച്ചിടും
ഭ്രാതാവൊത്തും മഹാമായാ
ദേവിയാം ഭാര്യയൊത്തുമെ.

ഈവിധം വിസ്തരിച്ചോതി
രാവണാ! ഞാനിതൊക്കെയും
ദേവീസമേതനാം രാമ-
ദേവനെസ്സേവ ചെയ്യുക.''

മുനിവാക്യം ശ്രവിച്ചല്പം
വിചാരം ചെയ്തു രാവണൻ
വൈരഭാവം ഭവാൻ നേരെ
വരിക്കാൻ താനുറച്ചുതെ.

പാരെല്ലാം ചുററിനാൻ പിന്നെ
പോരിൽപ്പാരം കൊതിച്ചവൻ.
നൃപതേ! നിൻകരം കൊണ്ടു
മരണം വന്നു ചേരുവാൻ,
കരുതിച്ചെയ്തതാം സീതാ-
ഹരണം ബുദ്ധിമാനവൻ.

പഠിക്കുവോനീകഥ കേൾക്കുവോനും
ശ്രവിക്കുവോനിച്ഛു പുലത്തുവോനും
ആയുസ്സുമാരോഗ്യമനന്തസൌഖ്യം
സമ്പത്തുമെമ്പാടു കരസ്ഥമാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം—4

# സീതാപരിത്യാഗം

പരമേശ്വരൻ:

നാരദൻ ബ്രഹ്മലോകം വി–
ട്ടിറങ്ങുന്നൊരു വേളയിൽ
രാവണൻ ലോകസഞ്ചാരം
ചെയ്യവെക്കണ്ടിതോതിനാൻ

''ഭഗവാനേ! ഭവാൻ ലോക–
ഭാഗമെല്ലാമറിഞ്ഞവൻ
പോരടിക്കാനെനിയ്ക്കെങ്ങാം
പോരും ബലമെഴുന്നവർ''

ഏറെനേരം വിചാരിച്ചാ
മുനിചൊല്ലി, ''മഹാമതെ!
ശ്വേതദ്വീപമതിൽപ്പാർപ്പോ–
രതികായ ബലാന്വിതർ.

വിഷ്ണുപൂജാപരന്മാരും
വിഷ്ണുവാൽഹതരും തഥാ
ജനിച്ചോരങ്ങു, മററാർക്കും
ജയിക്കാനവരെപ്പണി.''

കാര്യമേവം ഗ്രഹിച്ചാറെ
രാവണൻ മന്ത്രിമാരൊടും
പുഷ്പകം കേറി പോരിന്നായ്
ശ്വേതദ്വീപമണഞ്ഞുതെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദീപിൻതേജഃ:പ്രഭാവത്താൽ
വിമാനം നീങ്ങിടാതെയായ്
രാവണൻ പിന്തിരിഞ്ഞില്ലാ
സാവധാനം നടന്നുപോയ്.

അന്നേരം കൈപിടിച്ചേതോ
കന്യയാം വന്നുചോദ്യമായ്
'ആരെടോ, വന്നതെന്തിന്നി-
ങ്ങാരയച്ചതു' മെന്നുമായ്

കളിയായയീവിധം പൊട്ടി-
ച്ചിരിച്ചും മററു നാരിമാർ
ചോദിച്ചാ, രവർ കൈവിട്ടു
പോരാൻ ക്ലേശിച്ചു രാവണൻ.

അത്ഭുതസ്തബ്ധനായ് പിമ്പാ
ക്കർബ്ബുരൻ ചിന്തചെയ്കയായ്.
''വിഷ്ണുവാൽഹതനായെന്നാൽ
വൈകുണ്ഠം ഞാനണഞ്ഞിടും

നോക്കിടാമതിനാൽ, കോപി-
പ്പിക്കുവാൻ വിഷ്ണുദേവനെ.''
ഈവിധം നിശ്ചയിച്ചല്ലോ
സീതയെക്കട്ടതായവൻ.

രാമ! നീ പരമാത്മാവെ-
ന്നറിഞ്ഞുംകൊണ്ടു രാവണൻ
സീതയെക്കട്ടു, നിൻ കയ്യാൽ
ഹതാനാവാൻ കൊതിച്ചതാൻ.

രാമൻ നീ പരമേശ്വരൻ സകലവും ബോ
ധിപ്പവൻ ജ്ഞാനവാൻ
ഭൂതംഭാവികരം വർത്തമാനമൊരുപോൽ
കാണ്മാൻ കരുത്തുള്ളവൻ
എന്നാലും തവ സേവകർക്കനുഗമിച്ചീടാൻ
ക്രിയാമാർഗ്ഗിയായ്-
ത്തീർന്നീമാമുനിമാർ വചിപ്പതു മഹോ
ത്കോരുകുന്ന ലോകാർച്ചിതൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമനെസ്തുതി ചെയ്തേവം
സൽക്കാരാൽ ഹൃഷ്ടനായവൻ
അഗസ്ത്യൻ പോയിനാൻ മററു
മുനിമാരൊടു കൂടവെ.

ഭ്രാതാവും മന്ത്രിമാരും തൻ
ഭാര്യയും ചേർന്നുമങ്ങനെ
രാമൻ രമാവരൻ വാണാൻ
സാമാന്യ ജനരീതിയിൽ

മാരുതി പ്രമുഖന്മാരാൽ
പരീതൻ പ്രഭു രാഘവൻ
ഭുജിച്ചാൻ പല ഭോഗങ്ങൾ
പ്രിയയൊത്തുമസക്തനായ്.

ഒരിക്കൽ പുഷ്പകം വന്നു
രാമനോടോതിയിങ്ങനെ
''കുബേരച്ചൊല്ലിനാൽ വന്നേൻ
രാമനിൻ സേവനത്തിനായ്.

ജിതൻ നീ രാവണക്കയ്യാൽ
രാമനാലവനും ജിതൻ
അതിനാൽ രാമനെത്തന്നെ
ചിതം നീ സേവ ചെയ്യുക,

രാമന്റെ ജീവപര്യന്തം;
പിന്നെസ്സേവിക്കുകെന്നെ നീ.
എന്നാംകുബേരവാ;'' ക്കപ്പോൾ
ചൊന്നാൻ രാമനുമിങ്ങനെ

''മംഗളം! ഞാൻ നിനക്കുമ്പോ–
ളിങ്ങെത്തിച്ചേർന്നുകൊള്ളുക.
പ്രത്യക്ഷമായിടേണ്ടേണ്ടും
പാർത്താലും പഥ്യമാം പടി.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഏവമോതി വിമാനത്തെ
പോവാൻ പ്രേഷിച്ചു രാഘവൻ
ഭ്രാതാക്കരം മന്ത്രിമാരൊത്തും
രാജ്യഭാരം തുടങ്ങിനാൻ.

രാമൻ രമാവരൻ രമ്യൻ
രാജ്യം പാലിച്ചിരിക്കവെ
സസ്യസമ്പന്നയായ് ഭൂമി
സഫലം തരുജാലവും.

സർവ്വരും ധർമ്മനിഷ്ഠന്മാർ
സതികരം സ്ത്രീകളൊക്കെയും.
പുത്രദുഃഖവുമില്ലാർക്കും
ചിത്രം! രാമൻ ഭരിക്കവെ.

വിമാനം കേറി നാടെങ്ങും
രാമൻ സീതാസമന്വിതൻ
സഞ്ചരിച്ചാൻ പലപ്പോഴും
സുമന്ത്രാദികളൊത്തുമെ.

അതിമാനുഷ കാര്യങ്ങരം
പലതുംചെയ്തു രാഘവൻ,
വിപ്രനേക,നകാലത്തിൽ
പുത്രൻ ചത്തതുമൂലമായ്,

ദുഃഖിപ്പെന്നറിവായ് രാമൻ
ചിക്കെന്നെത്തി വനാന്തരെ
തപസ്സാർന്നങ്ങിരുന്നോരാ
ശ്ശൂദ്രനെക്കൊന്നു, പുത്രനെ

ജീവിപ്പിച്ചു; തപസ്വിക്കോ
സ്വർഗ്ഗവാസവുമേകിനാൻ.
ലൗകികർക്കുപദേശിപ്പാൻ
പരമാത്മാ രഘൂത്തമൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അനേകം ശിവലിംഗങ്ങ്രം
സ്ഥാപിച്ചാൻ നാട്ടിലെങ്ങുമെ.
ദിവ്യഭോഗ്യങ്ങളാൽ സീതാ
ദേവിക്കും സൌഖ്യമേകിനാൻ.

ഈവിധം ധർമ്മമാർഗ്ഗേണ
രാജ്യം പാലിച്ച രാഘവൻ
പാവനം തൻ കഥാകീർത്തി
ഭുവിലെന്നും പരത്തിയും.

മായാമാനുഷ രൂപത്തിൽ
മാലോകർക്കഭിവന്ദ്യനായ്
പതിനായിരമാണ്ടോളം
പാലനം ചെയ്തു രാഘവൻ

ഏകപത്നീവ്രതൻ രാമൻ
രാജർഷിപദമാർന്നവൻ
ഗൃഹസ്ഥാശ്രമധർമ്മത്തെ
ഗ്രഹിപ്പിച്ചാൻ ജനങ്ങളെ.

ഭീരുത്വം, വിനയം, ലജ്ജാ,
പ്രേമം ദമവുമാർന്നവ്രം
സീതാ, സാദ്ധ്വി, രമിപ്പിച്ചാ്രം
പതിയെത്തൻ ഗുണങ്ങളാൽ

രാമനന്നൊരുനാ്രം തൻെറ
രമണീമണിയൊത്തുമെ
രമ്യകേളീവനം തന്നിൽ
നർമ്മാലാപമുതിർക്കയാം,

നീലരത്നനിറം പൂണ്ടോൻ
ദിവ്യാഭരണ ഭൂഷിതൻ
പ്രസന്നവദനൻ ശാന്തൻ
പ്രഭാപൂർണ്ണാംബരാവൃതൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സാരസേക്ഷണയാം സീതാ
സർവ്വാഭരണ ഭൂഷിതാ
രാമപാദം തലോടിക്കൊ-
ണ്ടോമലാരം ചൊല്ലിയിങ്ങനെ.

ദേവദേവ! ജഗന്നാഥാ!
പരമാത്മൻ! സനാതന!
അനാദിനിധനാ! സച്ചി-
ദാനന്ദാശേഷ കാരണാ!

ദേവന്മാരെന്നൊടേകാന്തേ
വന്നുചൊൽവു രഹസ്യമായ്
''വൈകി രാമൻ തിരിച്ചെത്താൻ-
വൈകുണ്ഠത്തിൽ വിദേഹജേ!

വൈകുണ്ഠംതൻ സ്ഥിരാവാസം
വാനോർജ്ജങ്ങളെയും സ്വയം
വിട്ടെറിഞ്ഞൂഴിയിൽപ്പാർപ്പം
കഷ്ടംചിച്ചകതിയൊത്തവൻ

ജഗദംബേ! സദാനിന്നോ-
ടൊരുമിച്ചാണിരിപ്പവൻ
നീയാദ്യം വന്നുചേർന്നെന്നാ-
ലവനെത്തുമുടൻ ക്രമാൽ,

വൈകുണ്ഠത്തി; ലതിൻമൂലം
ഞങ്ങളെല്ലാം സനാഥരാം''
അവരെന്നെദ്ധരിപ്പിച്ച
വിവരം ചൊല്ലി ഞാനിതാ.

യുക്തമേതത്തു ചെയ്താലു-
മുപദേശിപ്പതല്ല ഞാൻ
സീതാവാക്യം ശ്രവിച്ചല്പം
ചിന്തിച്ചോതി രഘൂത്തമൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''ദേവി! ഞാനറിയും സർവ്വ,-
മുപായമതിനോതിടാം.
നിന്നെപ്പററി ജനങ്ങൾക്ക
തോന്നാം ദുശ്ശങ്കയെന്നുമായ്,

കാരണം ചൊല്ലിഞ്ഞാൻ നിന്നെ
കാന്താരത്തിലയച്ചിടാം.
പുത്രർ രണ്ടാൾ നിനക്കുണ്ടാം
തത്ര വാല്മീകി മന്ദിരെ.

നീയിപ്പോൾ ഗർഭിണീ; പെററാ-
ലായംപോൽ പോരികിങ്ങെടൊ;
പിന്നെയോ, ശപഥം ചെയ്ക
ജനബോദ്ധ്യം വരുത്തുവാൻ.

അതോടേ ഭൂ പിളർന്നുള്ളിൽ
ക്കൂടെ വൈകുണ്ഠമെത്തുക.
താമസിക്കാതെ ഞാനും മൽ
സ്ഥാനമെത്താം സുനിശ്ചയം.''

സീതയോടീവിധം ചൊല്ലി
ഗൃഹം പൂകാനയച്ചവൻ
ജ്ഞാനസ്വരൂപനാം രാമ-
നവിടെത്താനിരുന്നതെ.

സചിവന്മാർ (വിദൂഷന്മാർ) തമാശക്കാർ
സുഹൃത്തുക്കളെമൊത്തവൻ
ഫലിതം ഹാസ്യവും മററു
പലതും കേട്ടിരിക്കയായ്.

വിജയപ്പേരെഴുന്നോനോ-
ടിടയിൽച്ചൊല്ലി രാഘവൻ
''എന്തുചൊല്ലുന്നു നാട്ടാർക-
ളെന്നെപ്പററിയതാതിടം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭ്രാതൃമാതാക്കളെപ്പററി
സീതയെപ്പററിയും തഥാ.
കാതിടാം കേട്ടതവ്വണ്ണം
ഭീതിവേണ്ടൊരു ലേശവും''

വിജയൻ ചൊല്ലി ''ദേവേശ!
സർവ്വരും പറയുന്നിദം
ദുഷ്ക്കരം കർമ്മമാം, രാമൻ,
നിശ്ചയം, ചെയ്തതൊക്കെയും.

എങ്കിലും സീതയെത്തീരെ
ശങ്കയെന്യേ ഗ്രഹിച്ചവൻ
വീട്ടിലെത്തിച്ചു താനൊത്തീ
മട്ടിൽപ്പാർപ്പിച്ചതെന്തുവാൻ

സീതയൊത്തവനെമ്മട്ടു
സുഖം കിട്ടും ഹൃദന്തരെ
വിജനക്കാട്ടിലാ ദുഷ്ടൻ
രാവണൻ തീണ്ടിയോളവരം.

ഞങ്ങൾക്കും, സ്ത്രീകളിൽദ്ദോഷം
പൊങ്ങിൽ, ത്താങ്ങേണ്ടിവന്നിടും;
രാജാവിൻ തോതുവെച്ചല്ലോ
പ്രജാവലി നടപ്പതും.''

അതു കേട്ടഥ ചോദിച്ചു
രാമൻ തൻ സ്വജനത്തൊടും
അങ്ങനെത്തന്നെയെന്നോതി
യവരും സംശയം വിനാ.

വിടനൽകി സുഹൃത്തുക്കൾ-
ക്കപ്പോൾ പോകാൻ രഘൂത്തമൻ
വിളിച്ചുചൊല്ലിനാൻ പിന്നെ
ലക്ഷ്മണൻ തന്നൊടീവിധം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''ലോകാപവാദ മത്യുഗ്രം
സീതയെപ്പററി കേഠംപ്പുഞാൻ
നാളെത്താ, നതിനാൽ, തേരി–
ലവളെക്കൊണ്ടുപോയി, നീ

വാല്മീകി വാണീടുന്നേട–
ത്തെത്തിച്ചിങ്ങു മടങ്ങുക.
മറിച്ചുവല്ലതും ചൊൽകിൽ
നീയെന്നെ കൊന്നതായ്‌വരും''

ചൊന്നപോൽ ലക്ഷ്മണൻ ഭീത്യാ
പിന്നെക്കാലത്തു സീതയെ
പെട്ടെന്നു തേരിലേററിക്കൊ–
ണ്ടോട്ടമായ് കാട്ടിലേയ്ക്കഹൊ

മുനിവാടത്തിലെത്തിച്ച
സീതയോടോതിനാനവൻ.
''ലോകാപവാദഭീത്യാതാൻ
ത്യജിച്ചു നിന്നെ രാഘവൻ.

നിർദ്ദോഷി ഞാനിതിൽ; ച്ചെന്നു
ചേർന്നുകൊഠംകാശ്രമാന്തരെ.''
ഏവം പറഞ്ഞു വേഗത്തിൽ
മടങ്ങീ പിന്നെ ലക്ഷ്മണൻ.

സീതയോ, മൂഢയെപ്പോലെ
വിലാപം കൂട്ടി, ദുഃഖിതാ.
അതുകേട്ടവളാരെന്നായ്
ബോധിച്ചാൻ ജ്ഞാനിയാം മുനി.

അർഘ്യപാദ്യാദിയാലപ്പോഠം
പൂജിച്ചവളെ, മാമുനി,
സർവ്വജ്ഞൻ, സാന്ത്വനം ചെയ്തു
സ്വ ഭാര്യാവശമാക്കിനാൻ.

മുനിവാക്യാൽ, മഹാലക്ഷ്മി
തന്നെയാം സീതയെന്നുമായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ബോധിച്ചു സൽക്കരിച്ചാരാ
മുനിനാരികളൊക്കെയും.
അവളെസ്സേവനം ചെയ്താ–
രവരാദര പൂർവ്വകം.

സർവ്വജ്ഞനാം കേവലനാദിദേവൻ
രാമൻ പരാത്മാ, വിരഹാർത്തനെപ്പോൽ
ഭോഗങ്ങളെല്ലാം സഹസാത്യജിച്ചും
മുനിവ്രതം പൂണ്ടു വസിച്ചുഗേഹെ.

സർഗ്ഗം—5

## രാമഗീത

രാമൻ, ജഗന്മംഗളകാരി, ലീലയാ
രചിച്ച തൻകീർത്തി, പരത്തിയെങ്ങുമെ
രാജർഷിമാർ പണ്ടു ചരിച്ചപോലവെ
ഭരിച്ചുരാജ്യം സുചിരം സമർത്ഥമായ്.

സൌമിത്രി ചോദിച്ചതുകൊണ്ടു, രാഘവൻ
ചൊന്നാനനേകം കഥ പൂർവ്വികം ശുഭം
പ്രസംഗമദ്ധ്യേ, നൃഗരാജനേററൊരാ
ശാപത്തെയും മററുമുരച്ചു വിസ്തരാൽ.

ഒരിക്കലെമ്മട്ടു, രമാവരൻ, തനി–
ച്ചിരിക്കവെ, ത്തന്നനുജൻ മഹാമതി
വിശുദ്ധനാം ലക്ഷ്മണ, നാത്ത ഭക്തിയാ–
ലടുത്തുചെന്നേവമുരച്ചു സാദരം

"ജ്ഞാനസ്വരൂപൻ, സകലാന്തരസ്ഥിതൻ,
സർവ്വേശ്വരൻ, രൂപവിഹീനനാം ഭവാൻ,
പ്രത്യക്ഷ, നെന്നാൽ തവപാദ പങ്കജം
നിത്യം സ്മരിപ്പോരുടെ മുന്നിലെപ്പൊഴും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മോക്ഷൈകലാഭത്തിന്നു യോഗിവര്യരും
വീക്ഷിച്ചിടും നിൻ തിരുപാദപങ്കജം
ശരിക്കുഞാനും ശരണം വരിച്ചവൻ;
തരിപ്പതെങ്ങട്ട ഭവാർണ്ണവത്തെ ഞാൻ.''

ശ്രവിച്ച സൌമിത്രി വചസ്സതൊക്കെയും
പ്രസന്നനായിങ്ങനെ ഭക്തവത്സലൻ
പറഞ്ഞിതജ്ഞാന തമസ്സു നീക്കുവാൻ
വിജ്ഞാനതത്വം ശ്രുതിയാൽ പ്രകീർത്തിതം.

ആദ്യം സ്വവർണ്ണാശ്രമമൊത്ത ചര്യയാൽ
കർമ്മങ്ങളെച്ചെയ്തു വിശുദ്ധചിത്തനായ്,
ശമാദിസമ്പത്തൊടുചെല്ല, സദ്ഗുരോ-
സ്സമീപ,മാത്മാവിനെ ബോദ്ധ്യമായിടാൻ.

കർമ്മാദരം താനിഹ ജന്മകാരണം;
പ്രിയാപ്രിയംപോൽ കൃതമാം ക്രിയാദികം;
ക്രിയാദികംക്കൊത്ത ശരീരമാംഫലം;
സംസാരമിമ്മട്ടൊരു ചക്രരീതിയിൽ.

സംസാര,മജ്ഞാനമതൊന്നു മൂലമാ-
മജ്ഞാനനാശാലതു വിട്ടുപോയിടും,
അജ്ഞാന നാശത്തിനു വിദ്യയേവഴി;
കർമ്മങ്ങ,ളജ്ഞാന സഖാക്കളം മാത്രമാം.

സദോഷമാം കർമ്മമശേഷ,മാകയാൽ
സംസാരസംവർദ്ധനതാനതിൻ ഫലം;
രാഗാദിയേതും ക്രിയയാൽക്ഷയിച്ചിടാ;
ജ്ഞാനം ലഭിപ്പാനതിനാൽ, ശ്രമിക്കണം

''ജ്ഞാനത്തിനൊപ്പം പുരുഷാർത്ഥ സാധനം
കർമ്മത്തെയും വേദമുരപ്പതില്ലയോ
കർത്തവ്യകർമ്മങ്ങളൊഴിച്ചു നിർത്തുവാൻ
പററാത്തതു,ണ്ടായവ വൈരിവൃന്ദമോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അകർമ്മദോഷം ശ്രുതിചൊൽവിതാകയാൽ
മുമുക്ഷു, കർമ്മത്തെ വെടിഞ്ഞിടാവതോ.
''കർമ്മത്തിനേറെക്കരണങ്ങൾ വേണ്ടതാം,
ജ്ഞാനത്തി,നെന്നാൽ,മനമൊന്നുപോരുമെ''

എന്നുള്ളതൊന്നും ശരിയല്ല; കാരക-
പ്രകാശിതം കർമ്മവിചാരമൊത്തുതാൻ
വിദ്യാവിധാനത്തെ വിധിച്ചതോർക്കുകിൽ
കർമ്മം ത്യജിക്കുന്നതു യുക്തമാകുമോ.''

അസജ്ജഗത്തിൽക്കൊതിവിട്ടിടാത്തവർ,
കുതർക്കവാദം തുടരുന്നിതേവിധം
ദേഹാഭിമാനാലിഹകർമ്മവർദ്ധനം,
ജ്ഞാനപ്രകാശാലഭിമാന നാശനം

വാക്യാത്ഥബോധാൽ പരിശുദ്ധമാം മനോ
വൃത്തിക്കുതാൻ ചൊൽവിതു വിദ്യയെന്നപേർ.
കർമ്മങ്ങളെല്ലാം കരണങ്ങളാൽ കൃതം;
വിദ്യോദയേ, കാരകമാകെ മിഥ്യയാം

വിരോധഭാവങ്ങളിലൈക്യമാർന്നിടാ,
ത്യജിക്കതിൻമൂല,മശേഷ കർമ്മവും;
ആത്മാവിനെത്താൻ സതതംസ്മരിക്കണം
സർവ്വേന്ദ്രിയം തന്നിലടക്കി, സാധകൻ.

ദേഹാഭിമാനം നിലനിൽക്കുവോളവും
വേദോക്തകർമ്മങ്ങൾ സമാചരിച്ചിടാം
'നേതീ'തിവാക്യാൽ പരമാത്ഥബോധമൊ-
ട്ടുയർന്നുവന്നാൽ, ത്യജസർവ്വകർമ്മവും.

ആത്മാപരാത്മാക്കളഭേദമെന്നൊരാ
വിജ്ഞാനമാത്മാവിലുദിച്ച മാത്രയിൽ
പ്രപഞ്ചസംഭാവിനിമായമാഞ്ഞുപോം
സഹായിവർഗ്ഗം കരണങ്ങളൊത്തുമെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വേദാത്ഥ ചിന്താഗതിയാലുദിച്ചിടും
വിജ്ഞാന,മേററം വിമലം പ്രകാശകം;
അവിദ്യയാമജ്ഞത, കാര്യകാരണ-
പ്രഭാവമായ്, പിമ്പുയരില്ലൊരിക്കലും.

അവിദ്യവീണ്ടും പുലരാതിരിക്കവെ
ജീവന്നഹങ്കാരമുദിപ്പതെങ്ങനെ.
സ്വതന്ത്രയാം വിദ്യ;യതൊന്നുമാത്രമെ
വിമോചനത്തിന്നുതകുന്ന സാധനം.

എന്നല്ല, ചൊല്ലുന്നിതുതൈത്തരീയവും
മററുള്ള വേദങ്ങളുമീവിധം സ്ഫുടം
"ത്യജിക്കണം കർമ്മകലാപമൊക്കെയും
ജ്ഞാനം തനിച്ചാമിഹമോക്ഷസാധനം"

യജ്ഞങ്ങളും ജ്ഞാനസമാനമെന്നൊരാരാം
വാദിക്കുമെങ്കിൽത്തെളിവില്ല നൽകുവാൻ
യജ്ഞത്തിനേറെക്കരണങ്ങളാംവേണ്ടയോ,
വിദ്യക്കുവേണ്ടാ; ഫലവും വിഭിന്നമാം

കർമ്മംമുടക്കിൽ സ്വജനം വെറുത്തിടാ-
മിതിഭ്രമം കേവലമജ്ഞനുള്ളതാം.
ബ്രഹ്മൈകനിഷ്ഠസ്ഥടവേററിടായ്വതി-
ന്നൊഴിക്കണം വേദവിധാനകർമ്മവും.

ശ്രദ്ധാന്വിതം 'ത്വമസീ'തിവാചകം
ഗുരുപ്രസാദംവഴി ചർച്ചചെയ്കയാൽ
ജീവാത്മഭാവങ്ങളഭേദമെന്നറി-
ഞ്ഞചഞ്ചലത്വേനവസിക്ക സൌഖ്യമായ്.

വാക്യാത്ഥബോധം വരുവാൻ പദങ്ങളെ
തിരിച്ചുവെവ്വേറെ മനസ്സിലാക്കണം
'ത്വം'തന്നെ ജീവൻ, പരമാത്മഭാവമാം
'തദ്',തമ്മിലേകത്വ 'മസീ'തി ചൊൽവതും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പ്രത്യക്ഷജീവൻ, പരമാത്മാ ഭാവമോ
വ്യത്യസ്ത,മെന്നാലവരണ്ടുമൊന്നുതാൻ
എന്നുള്ള ബോധം ശരിയായ് വളർന്നിടും
സംശോധനം ലക്ഷണകൊണ്ടു ചെയ്യുകിൽ

'ത്യാഗാ' ഭിധം, 'ഭാഗ'മതെന്ന ലക്ഷണ-
ദ്വയങ്ങളാൽ താത്വികബോധമാർന്നിടാ.
ഭാഗത്യാഗലക്ഷണ വിസ്തരിക്കുകിൽ
തോന്നീടുമാത്മാക്കളിലൈക്യഭാവന.

രസാദി ധാതുർമ്മയ ഭൂതസംഭവം,
കർമ്മോത്ഭവം, ദുഃഖസുഖാദികാരണം,
ശരീര, മാത്മാവിന നിത്യമായിടും
മായാമയം സ്ഥൂലമുപാധിമാത്രമാം.

എന്നാ,ലപഞ്ചീകൃതഭൂതസംഭവം
പ്രാണൻ മനോബുദ്ധിയുമിന്ദ്രിയങ്ങളും
കലർന്നതാം സൂക്ഷ്മ ശരീരമോതിടാ-
മുപാധിസൂക്ഷ്മം സുഖദുഃഖസാധനം.

അനാദ്യമായ് കാരണദേഹമു;ണ്ടതോ
മായാമയം വാക്കിനതീതമാംപരം
ഉപാധിഭേദങ്ങളിൽ നിന്നു വേറെയാ-
മാത്മാവിരിപ്പെന്നു ധരിക്കണം ക്രമാൽ.

കോശങ്ങളിൽ ബിംബിതനായ് ഭ്രമിക്കയാം
ജീവൻ സ്വസംഗാൽ സ്ഫടികത്തിലെന്നപോൽ
അസംഗനാം താ,നജനാ; മതോർക്കുകിൽ,
പിന്മാറി സംസാരനിവർത്തനായിടും.

ബുദ്ധിയ്ക്കേഴും മൂന്നു ഗുണങ്ങളാംതന്നെയാ-
മവസ്ഥമൂന്നിനുമൊരൊററ കാരണം.
ജ്ഞാനസ്വരൂപം ശിവമദ്വയം പരം
ബ്രഹ്മത്തിനേവം സ്ഥിതിഭേദമേററിടാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തമോമയം വൃത്തിയെഴുന്ന ബുദ്ധിയാൽ
സംജാതമാകും പരിവർത്തനം സദാ
ദേഹേന്ദ്രിയപ്രാണമനസ്സുകാം; ക്കതോ
സംസാര സംവർദ്ധകമത്രമാത്ര താൻ

ഭൂതാദിതത്വങ്ങളശേഷവും ക്രമാൽ
'നേതി' പ്രമാണേന നിരാകരിക്കണം
അപ്പോളം ചിദാനന്ദരസം സ്ഫുരിച്ചിടും
ഹൃത്തിൽ; ഭുജിക്കാമമൃതൊത്തൊരാരസം.

ജന്മം വിനാശം ക്ഷയവൃദ്ധിയൊന്നുമെ
ചേരാത്തതാത്മാ,വതു നിത്യനൂതനം,
നിർല്ലക്ഷണം, പൂർണ്ണസുഖാത്മകം, സ്വയം
പ്രകാശിതം, സർവ്വഗതം തദദ്വയം.

ഏവംവിധംജ്ഞാനമയം സുഖാത്മകം
സ്വാത്മാവിലേലോ, ഭവദുഃഖമാംനിഴൽ
അജ്ഞാനജാദ്ധ്യാസവശാലതേല്പതാം
ജ്ഞാനോദയേ നീങ്ങിടുമാപ്രതീതിയും

ഒന്നിങ്കലന്യഭ്രമഭാവമേൽക്കലാ-
ണദ്ധ്യാസമെന്നോതുവതുണ്ടു പണ്ഡിതർ
സർപ്പഭ്രമം രജ്ജുവിലെന്നപോൽ, ജഗ-
ത്തുണ്ടെന്നു തോന്നും പരമാത്മവസ്തുവിൽ

അഹംകൃതിഭ്രാന്തി ജനിച്ചിതാദ്യമായ്
നിർമ്മായമാത്മാവവികല്പമായതിൽ.
സംസാരമദ്ധ്യാസിതമായിടുന്നതിൻ
തുടച്ചയായ്, കേവലചിൽസ്വരൂപനിൽ

ബുദ്ധിസ്ഥെഴും വൃത്തികളാണു ജീവനിൽ
സംസാര സംഭ്രാന്തി വളർത്തിടുന്നതും
സുഷുപ്തിയിൽ തദ്വിധവൃത്തി ശൂന്യമായ്
ലയിച്ചു, സംസാര; മുടൻ സുഖിപ്പതാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അനാദി മായാകൃതമായ് ബുദ്ധിയിൽ
ബിംബിച്ചൊരാത്മാവത്തുതന്നെ ജീവനാം
എന്നാൽ പരിച്ഛിന്നനല്ല, കേവലം
വൃത്തിയ്ക്കെഴും സാക്ഷി ചിദാത്മകൻ പരൻ

ചൈതന്യമാത്മാ, ജഡമാണു ബുദ്ധിയും;
രണ്ടിന്നിടയ്ക്കുള്ളൊരു ജീവ,നാകയാൽ
ജഡത്വചൈതന്യവുമൊപ്പമേല്ക്കയാം
തപിച്ചലോഹം പ്രഭചേർത്തപോലവെ.

ഗുരൂപദേശാൽ ശ്രുതിവാക്യബോധനാൽ
ജനിച്ചവിദ്യാനുഭവം വഴിക്കുതാൻ
സാക്ഷാല്ക്കരിക്കേണ മുപാധിവർജ്ജിതം
സ്വാത്മാവിനെ, ത്തള്ളി, ജഡങ്ങളൊക്കയും

അജൻ, സ്വയം നിഷ്ക്രിയ,നദ്വയൻ,സദാ
പ്രകാശരൂപേണ വിളങ്ങിടുന്നവൻ,
വിശുദ്ധവിജ്ഞാനഘനൻ, നിരാമയൻ,
സമ്പൂർണ്ണ,നാനന്ദമയൻ, സുനിർമ്മലൻ,

മുക്തൻ സദാനേര,മചിന്ത്യശക്തിമാ
നതീന്ദ്രിയൻ, സർവ്വവികാരശൂന്യനും,
അനന്തനും ഞാൻ, ഹൃദിവേദവിജ്ഞരാൽ
വിഭാവനം ചെയ്വൊരു തത്വവുംപരം

ഏവം സദാനേരവുമാത്മചിന്തനം
നിരന്തരം ചെയ്ക വിശുദ്ധഭാവനായ്
രോഗം മരുന്നാലൊഴിയും പടിക്രമാ-
ലവിദ്യയും കാരകമൊത്തൊഴിഞ്ഞിടും.

വിശുദ്ധചിത്തത്തൊടുമേകനായ്, മനോ
ബുദ്ധീന്ദ്രിയം സർവ്വമടക്കി സാധകൻ
വിജ്ഞാനചക്ഷുസ്സവലംബമായ്ദൃഢം
വിഭാവനം ചെയ്യണമാത്മസത്തയെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ജഗത്തിതെല്ലാം പരമാത്മരൂപമാ-
മെന്നോർത്തുമന്യസ്മരണങ്ങളെന്നിയെ
പൂർണ്ണംചിദാനന്ദമയം പരാൽപരം
ബ്രഹ്മത്തിലേ,ദ്ധ്യാനമുറച്ചിരിക്കണം.

സമാധിദാർഢ്യം വരുമോളമീജഗ-
ത്തോങ്കാരരൂപേണ ധരിച്ചുകൊള്ളണം
ജഗത്തിനെത്താൻ പ്രണവംകുറിപ്പതെ-
ന്നറിഞ്ഞിടിൽബ്ബാധയൊഴിഞ്ഞുമാറിടും

അകാരമെന്നുള്ളതു വിശ്വനും ക്രമാ-
ലുകാരമാതൈജസ ജീവരൂപനും
മകാരമോപ്രാജ്ഞനുമുള്ള വാചകം,
സമാധിയെത്തുംവരെ കാൺകിതേവിധം.

നിർല്ലീനമാക്കേണമുകാരമാദ്ധ്യ, മാ
വികാരവാഗ്ഗോലുമകാരവിശ്വനെ
പിന്നെക്രമാൽതൈജസനാ മുകാരമോ
മകാരവർണ്ണത്തിലുമാകണം ലയം.

മകാരമാം പ്രാജ്ഞനനന്തരം പരൻ
ചിദാത്മനിൽത്തന്നെ ലയിച്ചുചേരണം.
അപ്പോാം പരബ്രഹ്മമവൻ സ്വതന്ത്രനായ്
വിജ്ഞാനദൃക്കായ്നിതരാം വിളങ്ങിടും

ആത്മാവിനെബ്ഭാവനചെയ്കിതേവിധം
പ്രപഞ്ചബോധം പരിശൂന്യമാകവെ
വിമുക്തനാ,യാത്മസുഖാനുഭൂതിയിൽ
നിമഗ്നനായ്, ശാന്തസമുദ്രതുല്യനാം

ജീവന്റെ ശത്രുക്കൾ വികാരരൂപമാം
ചിത്തേന്ദ്രിയങ്ങൾക്കുടയോരു വൃത്തിതാൻ.
സദാസമാധിസ്ഥിതനായ യോഗിയോ
ജയിച്ചതെല്ലാം വിലസുന്നു മുക്തനായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ആത്മാവിനെത്താൻ സതതം സ്മരിച്ചുകൊ-
ണ്ടേവം വിമുക്തസ്ഥിതിവന്നുവെങ്കിലും
പ്രാരബ്ധമെല്ലാമഭിമാനമെന്നിയെ
ഭുജിക്കണം, പിന്നെ ലയിക്കുമെന്നിലായ്

ആദ്യന്തമെന്നും ഭയദുഃഖകാരണം
സംസാരമെന്നോർത്തഖിലം ക്രിയാദികൾ
ത്യജിച്ചു സർവ്വാന്തരവർത്തിയായിട്ട-
ന്നാത്മസ്വരൂപം സതതം ഭജിക്കണം.

പയസ്സുപാലിൽ, ജലമംബുധൌ, നഭ-
സ്ഥലേഘടാകാശവുമെന്നപോലെതാൻ
അഭേദമാത്മാവഖിലം ജഗത്തുമെ-
ന്നുറച്ചുഭാവിക്കിലിണങ്ങുമെന്നിലായ്.

ജഗത്തിതില്ലാത്തതു, വേദവാക്കിനാൽ
യുക്ത്യാദിയാലും നിരൂപിച്ചു നോക്കുകിൽ
ചന്ദ്രക്ഷയോവൃദ്ധി കണക്കുതോന്നലാ-
മുണ്ടെന്ന; തോർമ്മിക്കണമേതുനേരവും

ബ്രഹ്മാത്മകം വിശ്വമിതെന്നുബോദ്ധ്യമാ-
മന്നോളമെന്നെസ്സ്മരണം വരിക്കണം.
സശ്രദ്ധഭക്ത്യാദര പൂജകൊണ്ടുതാൻ
സാക്ഷാല്ക്കരിക്കാം പരമേശനെ ദൃഢം.

ചിന്തിച്ചുറച്ചാശ്രുതിസാര സംഗ്രഹം
രഹസ്യമേററം വിവരിച്ചു ഞാനിഹ
മാനിച്ചതിന്മേൽമനനം നടത്തുവോൻ
വിമുക്തനാം പാപമൊഴിഞ്ഞു ബുദ്ധിമാൻ

വിശ്വംവെറുംമായ; പരിത്യജിക്കതിൻ
പ്രതീതിയെല്ലാം മനസാ, മമാനുജ!
ഭജിച്ചുമെന്നെപ്പരിശുദ്ധചിത്തനാ-
യാനന്ദപൂർണ്ണൻസുഖിയായ്ഭവിക്ക നീ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അരൂപനാമെന്നെയതേവിധത്തിലോ
സ്വരൂപനായോസതതംസ്മരിക്കുവോൻ
ജ്ഞാനായ്ഭവിക്കും, നിജപാദരേണുവാൽ
ശുദ്ധീകരിക്കും, രവിപോൽ, ത്രിലോകവും

വേദാന്തവേദ്യനമലൻ മമവാക്കിനെല്ലാം
വേദാന്തതത്വമയമാം ശ്രുതിസാരമേകം
ശ്രദ്ധാന്വിതം ഗുരുമുഖേന പഠിച്ചിടുന്നോൻ
സാരൂപ്യമാം പദവി ദിവ്യമണഞ്ഞുകൊള്ളും

സർഗ്ഗം—6

## ലവണവധം-കുശോപദേശം

ഒരുനാൾ രാമനെക്കാണ്മാൻ
യമുനാതീരവാസികൾ
മുനിമാർ വന്നു രക്ഷയ്ക്കായ്
ലവണാസുരഭീതിയാൽ.

നേതാവായ്ച്യവനൻ മുന്നിൽ
പിന്നിലായ് മററു താപസർ
അസംഖ്യം പേരഹോചെന്നാ–
രഭയം തേടി രാമനിൽ

അവരെസ്സൽക്കരിച്ചപ്പോൾ
നൃവരൻ പൂജചെയ്തുമെ
മധുരോദാരമാം വാക്കാൽ
മതിമോദം വളർത്തിനാൻ.

''ഭവാന്മാർക്കെന്തുതാൻ കാര്യ–
മിവനാൽ കൃതമാകണം
പ്രീതിയാൽ കാണുവാൻ മാത്രം
വന്നതോ; ധന്യനായി ഞാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദുഷ്ക്കരം കാര്യമെന്നാലും
നീക്കുപോക്കില്ല ചെയ്തിടാം
ദാസൻ ഞാൻ താപസന്മാരെ!
ശാസിക്കാം ദേവതുല്യരേ!''

ഈവിധം വചനം കേട്ടുടൻ
ച്യവനൻ ചൊല്ലി ഹൃഷ്ടനായ്
''പൃഥിവീജാതനായ് പണ്ടു
'മധു'വെന്നൊരു ദാനവൻ.

അവനോ, രാജ! ധർമ്മിഷ്ഠൻ
ദേവബ്രാഹ്മണപൂജകൻ
ശിവനേററം പ്രസാദിച്ചു
ശൂലമൊന്നവനേകിനാൻ.

അതിൻ പ്രഹരമേൽക്കുന്നോൻ
ഹതനാമെന്നുമോതിനാൻ.
ദശാസ്യസോദരീ, ''കുംഭീ–
നസി''താൻ, മധുപത്നിയായ്.

അവർക്കു പുത്രനായുണ്ടായ്
'ലവണൻ' ഭീമവിക്രമൻ.
ദുരാത്മാവെതിരില്ലാത്തോൻ
ദേവബ്രാഹ്മണഹിംസകൻ

അവനാൽ പീഡിതന്മാരാ–
യിവിടേയ്ക്കെത്തി ഞങ്ങളും''
ഇതുകേട്ടോതിനാൻ രാമൻ,
''ഭീതിവേണ്ട മുനീന്ദ്രരെ!

അവനെക്കൊന്നിടാം വേഗം
ഭവാന്മാർ പോക ശാന്തരായ്''
പിന്നെത്തന്നനുജന്മാരോ–
ടൊന്നുചോദിച്ചു രാഘവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''ബ്രാഹ്മണർക്കഭയം നൽകാ–
നവനെക്കൊൽവതാരുവാൻ''
ഭരതൻ ക്ഷുപ്പകയ്യോടെ
പറഞ്ഞാനീവിധം തദാ.

''കർബ്ബു്രേശനെ ഞാൻ കൊല്ലാം
കൽപിച്ചാൽ മതിഭൂപതെ!''
അതുകേട്ടോതി ശത്രുഘ്നൻ
നമിച്ചുംകൊണ്ടുമിങ്ങനെ.

''ലക്ഷ്മണൻ യുദ്ധരംഗത്തി–
ലക്ഷീണം പണി ചെയ്തവൻ
നന്ദിഗ്രാമത്തിലൊട്ടേറെ
ഭരതൻ ദുഃഖമേററവൻ.

അതിനാൽ പോയിടാം ഞാനേ
ലവണന്റെ വധത്തിനായ്
ഭവൽപ്രസാദമുണ്ടെന്നാ–
ലവനെക്കൊന്നു വന്നിടാം.''

വാത്സല്യനിധിയാം രാമൻ
വാക്കേവം കേട്ട മാത്രയിൽ
മധുരാ രാജപട്ടംതൻ
ഭ്രാതാവിന്നേകി ഹൃഷ്ടനായ്

സംഭാരങ്ങളൊരുക്കീട്ടി
സൌമിത്രി; യവയാലുടൻ
ഓർത്തിരിക്കാതെ താൻതത്ര
ശത്രുഘ്നഭിഷിക്തനായ്

ശത്രുഘ്നനേകിനാൻ ദിവ്യ–
മസ്ത്രമൊന്നഥ രാഘവൻ
എന്നിട്ടോതി ''വധിച്ചാലും
ചെന്നുനീ മധുപുത്രനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ലവണൻ നിജഗേഹത്തിൽ
ശൂലം പൂജിച്ചുവെച്ചഹോ.
തീററയ്ക്കായ് കാട്ടിലോ മറേറാ
വേട്ടയ്ക്കായ് പോയിരിക്കയാം

ദൈത്യനെപ്പോഠം തിരിച്ചെത്തും
പത്തനത്തിലതേവരെ
കാത്തുനിൽക്ക പുരദ്വാരെ
കാർമ്മുകം കയ്യിലേന്തിയും

നിന്നെക്കണ്ടവനോ ക്രോധാൽ
വന്നേറിട്ടടരാടുകിൽ
കൊന്നിടാമുടനെ;പ്പിന്നെ
ചെന്നിടാം തൽപുരാന്തരെ.

അവിടെപ്പാർത്തുകൊണ്ടാലു
മതിനാജ്ഞതരുന്നു ഞാൻ
അശ്വങ്ങഠം രഥവും പിന്നെ
കാലാഠംപ്പട ഗജങ്ങളും,

ആയിരപ്പടി ഞാനങ്ങോ-
ട്ടയയ്ക്കാം വഴിയേ ക്രമാൽ
പോയിനീ മുമ്പിനാൽ രക്ഷ-
സ്സായവൻ തലവീശണം.''

ആശീർവ്വാദവുമീമട്ടി-
ലാദേശങ്ങളുമേററവൻ
ശത്രുഘ്നൻ മുനിമാരൊത്തു
യാത്രയായ് ഭ്രാതൃസൽകൃതൻ.

രാമനിർദ്ദേശമെല്ലാം താ-
നാമഹാൻ നിറവേററിനാൻ
മധുപുത്രവധം ചെയ്തു
മധുരാപുരി വാണവൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പുഷ്ടമാക്കി പുരംസർവ്വം
തുഷ്ടരാക്കി ജനങ്ങളെ.
ജാതരായ് രണ്ടു പുത്രന്മാർ
സീതയ്ക്കാ പർണ്ണശാലയിൽ

കുശനെന്നൊട്ടനും പേരായ്
ലവനെന്നനുജന്നുമെ.
വിദ്യാസമ്പന്നരായ് തീർന്നാൻ
ക്രമത്തിലിരുപേർകളും.

ഉപനീതരുമായ് വേദാ-
ദ്ധ്യയനം ചെയ്തു പോന്നവർ
രാമായണം മഹാകാവ്യം
പഠിച്ചാർ മുനിയാൽകൃതം.

പാർവ്വതിക്കറിയാൻ പണ്ടു
പരമേശൻ പറഞ്ഞതാം
കഥയെജ്ഞാനലബ്ധിക്കായ്
മുനിതാൻ വിസ്തരിച്ചതാം.

താളമേളത്തൊടാകാവ്യം
ഭംഗിയിൽ പാടി ലീലയാ
സുന്ദരന്മാർ കുമാരന്മാർ
സഞ്ചരിച്ചാർ വനാന്തരെ

പാട്ടുപാടി നടക്കുമ്പോഴാ
കേട്ടു കേട്ടു മുനീശ്വരൻ
അത്ഭുതപ്പെട്ടു നോക്കിക്കൊ-
ണ്ടന്യോന്യമുരിയാടിനാർ.

ഗന്ധർവ്വകിന്നരന്മാരിൽ
ഭുവിലോദ്യോവിലോശരി
പാതാളത്തിലതോ ബ്രഹ്മ-
ലോകത്തോവേറെയെങ്ങുമോ
ഈവിധം ഭംഗിയിൽ പാടും
കോമളാകാര ബാലരെ,
ചിരംജീവികളാം നമ്മൾ
കണ്ടും കേട്ടുമറിഞ്ഞിടാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇപ്രകാരം മുനീന്ദ്രന്മാർ
പുകഴ്ത്തും മൊഴികേട്ടവർ
ബാലന്മാർ സസുഖം വാണാർ
വാല്മീകിനിലയേചിരം.

സ്വർണ്ണനിർമ്മിതമാം സീതാ–
വിഗ്രഹം വെച്ചു രാഘവൻ
അശ്വമേധാദിയാഗങ്ങ–
ളക്കാലത്തു നടത്തിനാൻ.

യാഗം ദർശിക്കുവാൻ തത്ര
ചെന്നെത്തി പലയോഗ്യരും
ബ്രഹ്മക്ഷത്രിയ വൈശ്യന്മാ–
രമ്മഹാ മുനിമാർകളും.

കുശനും ലവനും കൂടെ
വാല്മീകി മുനിവര്യനും
അങ്ങെത്തി മുനിവാടത്തിൻ
സമീപം പാർപ്പുമായിതെ.

സമാധിസ്ഥിതി വിട്ടന്നാം
ശമംപൂണ്ടു മഹാമുനി
ഏകനായ്തത്രമേവുമ്പോൾ
കുശൻ ചൊല്ലിയിതേവിധം.

''കേൾപ്പാനിച്ഛിപ്പു ഞാൻ സർവ്വം
ഭവാൻ ചൊല്ലിയിതൊക്കെയും
ജീവൻ സംസാരബന്ധത്തി–
ലേവംകെട്ടു പിണഞ്ഞതും,

എന്തിനാൽ, മോചനം കിട്ടാ–
നെന്തുവേണമതെന്നുമായ്
ശിഷ്യനാമെന്നൊടോതേണം
ഭവാൻ സർവ്വജ്ഞനല്ലയോ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വാല്മീകി:

ബന്ധമോക്ഷസ്വരൂപം, ഞാൻ,
സാധനം, രണ്ടുമോതിടാം
ചുരുക്കമാ, യതിൻവണ്ണം
സ്ഥിരമായാചരിക്കുകിൽ,

മംഗളം വന്നുചേരും, നീ
ജീവൻ മുക്തനുമായിടും.
വിദേഹനാം ചിദാത്മാവിൻ
ഗേഹമീദേഹമോർക്കുക.

അഹങ്കാരത്തെതൻ ദേഹെ
ജീവൻകല്പിപ്പു മന്ത്രിയായ്
ദേഹാഭിമാനിയായ് മന്ത്രി
ചിദാത്മാവൊത്തു ചേർന്നവൻ,

സ്വയം ചേഷ്ടിപ്പതെല്ലാം ത-
ന്നാത്മാവെന്നു നടിക്കയാം.
അഹങ്കാരത്തൊടാജീവൻ
സങ്കല്പപ്രേരണാവശാൽ,

തന്നെത്താൻ ബദ്ധനായ് തീർന്നു
പിന്നെസ്സംസാരമഗ്നനാം
ഭാര്യാപുത്രഗൃഹം തൊട്ട
കാര്യങ്ങരംക്കടിപെട്ടുപോം.

സങ്കല്പാലീവിധം ജീവൻ
സ്വയംശോകം വരിക്കയാം.
അധമോത്തമ മദ്ധ്യങ്ങരം
തമഃസത്വരജസ്സുകരം,

ഈവിധം മൂന്നു രൂപത്തി-
ലഹങ്കാരം ജഗത്തിതിൽ
ഇതിൽത്താമസ സങ്കല്പാൽ
നിത്യം താമസചേഷ്ടകരം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചേഷ്ടിപ്പോർ കൃമി കീടാദി
യോനിയിൽ ജാതരായിടും.
സത്വസങ്കല്പ ത്രപന്മാർ
ധർമ്മജ്ഞാനൈകതല്പരർ,

മോക്ഷസാമ്രാജ്യസാമീപ്യ--
സൌഖ്യം പൂണ്ടു വസിച്ചിടും,
രജോസങ്കല്പരൂപന്മാർ
ജഗൽച്ചേഷ്ടാനിബദ്ധരായ്

ഭാര്യാപുത്ര സുഖം മററും
തേടിത്താനതിൽമുങ്ങിടും
സങ്കല്പയിവമൂന്നും വി–
ട്ടവൻ ചിത്തം വിശുദ്ധമൊ

അവൻ ചിത്തം പരാത്മാവിൽ
പതിഞ്ഞീടും മഹാമതെ!
വിചാരം വിട്ടതൻ ചിത്തം
ചിത്തത്താൽ നിയമിച്ചഹോ

സങ്കല്പക്ഷയമേല്പിയ്ക്കു
ബാഹ്യാഭ്യന്തരവൃത്തിയിൽ
സ്വർല്ലോകം ഭൂമി പാതാള--
മെവിടെച്ചെന്നിരിക്കിലും,

എത്രകാലം തപംചെയ്തു
തീവ്രമാം വ്രതമേൽക്കിലും
സങ്കല്പക്ഷയമേല്പിക്കാൻ
മററു മാർഗ്ഗങ്ങളില്ലെടൊ.

വികാരരഹിതം ശുദ്ധ–
മാനന്ദാത്മകമാം നില!
സങ്കല്പശൂന്യഭാവം താ--
നതിനായ് യത്നമാളുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സങ്കല്പച്ചരടാൽ കോർത്ത,-
തെല്ലാമാനസഭാവവും
ആ നൂലുപൊട്ടിയാൽ പിന്നെ
കാണില്ലാഭവവൈഭവം.

സങ്കല്പഹീനനായ് തൻെറ
പ്രാരബ്ധാൽ ഭുവിവാഴുക;
ബ്രഹ്മത്വപ്രാപ്തനാം ജീവൻ
സങ്കല്പക്ഷയമേൽക്കവെ.

പരമപുരുഷതത്വബോധമേൽക്കെ
കളകവികല്പവികാരജാലമെല്ലാം,
മനമുപശമമാർന്നുസൌഖ്യമേല്ക്കാ-
മനുപമമാംപദ,മാദ്യ,മൊത്തുചേരാം.

സർഗ്ഗം—7

## സീതാ ഭൂഗർഭ പ്രവേശം

വാല്മീകിച്ചൊല്ലിനാലെല്ലാ-
ഭ്രമവും തീർന്നവൻ ക്ഷണം
ഉള്ളാലേമുക്തനായ്, ബാഹ്യ
കാര്യവ്യാപൃതനായ് കുശൻ.

സീതാപുത്രരൊടന്നേരം
ചൊല്ലിവാല്മീകിയിങ്ങനെ.
''പാടിപ്പാടി നടന്നോളിൻ
പട്ടണത്തിലതാതിടം.

രാമനെക്കൂടി കേറംപ്പിക്കാം-
മാമഹാൻ ശ്രദ്ധവെയ്ക്കുകിൽ.
എന്നാൽ സമ്മാനമായൊന്നും
തന്നാലും സ്വീകരിയ്ക്കൊലാ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മുനിത്തന്നാജ്ഞ പോലോരോ
സ്ഥാനം തോറുമണഞ്ഞവർ
രാമായണ കഥാകാവ്യം
ക്രമാൽ പാടി നടന്നതെ.

രാമൻ തൻ പൂർവ്വവൃത്താന്ത-
മോരോന്നും പാട്ടുപാടലായ്
കേട്ട കേരംപ്പിച്ചറിഞ്ഞല്ലോ
കുട്ടികരംക്കുള്ള പാടവം.

അവർ തൻ സ്വരമാധുര്യ-
മതിലും വിസ്മയിച്ചതെ.
പിന്നെ രാമൻ വിളിച്ചു, താൻ
വിശ്രമം കൊണ്ട വേളയിൽ

രാജാക്കരം മുനിമാർവേദ-
പണ്ഡിതന്മാർ ദ്വിജാളികരം
ശബ്ദശാസ്ത്രവിദഗ്ദ്ധന്മാർ
വൃദ്ധന്മാരിവരെക്രമാൽ.

യുവഗായകരെപ്പിന്നെ
തന്മുന്നിൽത്താൻ വരുത്തിനാൻ.
രാജാക്കരം, വിപ്രരും, രാമ
സാദൃശ്യംകണ്ടു ബാലരിൽ,

വിസ്മയം ഹർഷവും പൂണ്ടു
നോക്കിനാർ നിർന്നിമേഷരായ്.
അവരന്യോന്യമിമ്മട്ടിൽ
പ്രവചിക്കാൻ തുടങ്ങിനാർ.

''ഇവരെക്കാൺക, രാമന്റെ
പ്രതിബിംബങ്ങളെന്നപോൽ.
ജടയും വല്ക്കലം രണ്ടു-
മുടയോരല്ലയെങ്കിലൊ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇവരും രാമനും തമ്മിൽ
വ്യത്യാസം കാണുകില്ലനാം''.
ഈവിധം വിസ്മയം പൂണ്ടു-
മവരോരോന്നുരസ്സവെ

ഗീതമാലാപനം ചെയ്‌വാൻ
മുതിർന്നാർ മുനിബാലകർ
കേൾക്കയായ് മധുരം ഗാനം
ഗാന്ധർവ്വ മതിമാനുഷകം.

രാമനോ, പാട്ടുകേട്ടപ്പോൾ
ഭരതൻ തന്നോടോതിനാൻ
ആയിരം സ്വർണ്ണനാണ്യങ്ങ-
ളവർക്കായ് ദാനമേകുവാൻ.

ഏകും നാണ്യത്തെയാബ്ബാലർ
സ്വീകരിക്കാതെ ചൊല്ലിനാർ
''സ്വർണ്ണംകൊണ്ടെന്തുവാൻകാര്യം
ഞങ്ങളോ വനവാസികൾ''

ദാനമേവം ത്യജിച്ചങ്ങു
പോയിനാർ മുനിബാലരും.
രാമൻ, തൻചരിതം കേട്ട
വിസ്മയം പൂണ്ടിരിക്കയായ്.

ബോദ്ധ്യമാ,യവരോ, സീതാ-
പുത്രരെ,ന്നഥ, രാഘവൻ
ചൊന്നാൻ ശത്രുഘ്നനോടേവം
കീശദൈത്യേശരോടുമായ്

''നിങ്ങൾ ചെന്നു മഹാത്മാവാം
വാല്മീകി മുനിവര്യനെ
സീതാസമേതമിങ്ങോട്ടു
സാദരം കൊണ്ടുപോരണം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



സീതവ, ന്നീ സഭാമദ്ധ്യേ
സത്യവാക്കരചെയ്യണം
നിഷ്ക്കളങ്കിതതാനെന്നു
സർവ്വർക്കും ബോദ്ധ്യമായിടാൻ''

രാമവാക്യം ശ്രുവിച്ചേററം
വിസ്മയം പൂണ്ടുകൊണ്ടവർ
ചെന്നുവാല്മീകിയോടപ്പോൾ
ചൊന്നാർ സന്ദേശമൊക്കെയും

മുനിയോ, ചൊല്ലി, രാമൻെറ
മനോഗതമറിഞ്ഞവൻ.
''നാളെത്താൻ ജനമദ്ധ്യത്തിൽ
ശപഥം സീത ചെയ്തിടും.

സ്ത്രീകൾക്കു പരമം ദൈവം
പതിതന്നെയസംശയം.''
രാമനെച്ചെന്നു കേൾപ്പിച്ചാർ
മുനിചൊന്നതു ദൂതരും

മാന്യനാം മുനിതൻ വാക്യം
മാനിച്ചോതി രഘൂത്തമൻ.
''രാജാക്കൾ മുനിമാരെല്ലാം
കേൾക്കുവിൻ സജ്ജനങ്ങളും,

സീതതൻ ശപഥം; പിന്നെ
ശങ്കയെല്ലാമൊഴിക്കുവിൻ.''
രാഘവോക്തികൾ കേട്ടാറെ
കൌതുഹല സമന്വിതം,

ബ്രാഹ്മണക്ഷത്രിയന്മാരും
മുനിമാർ വൈശ്യശ്ശൂദ്രരും
വാനരന്മാരുമെല്ലാരും
വന്നാരാസ്സ്യജ്ഞശാലയിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പിന്നെ വന്നെത്തി വാല്മീകി
പിന്നിൽ സീതയുമൊത്തവൻ.
മുഖമല്പം കുനിച്ചും ഗൽ-
ഗദഭാവമിയന്നുമെ,

ക്ലപ്തകയ്യോടുമാസാദ്ധ്വി
സീത, ശാലയിലെത്തിനാൾ.
ബ്രഹ്മാവിൻ പിന്നിലായ്സാക്ഷാൽ
ലക്ഷ്മിതാൻ വന്നിടും പടി

''ധന്യധന്യ''യിതേശബ്ദ--
മൊന്നുയർന്നു ജനങ്ങളിൽ.
പിന്നീടു ജനമദ്ധ്യത്തിൽ
പ്രവേശിച്ചു മുനീശ്വരൻ.

സീതയോടൊത്തു വാല്മീകി
ചൊന്നാൻ രാമനൊടിങ്ങനെ.
''ഇവളോ, സീതയാം, രാമ!
സുവ്രതാ, ധർമ്മചാരിണി.

ദുഷ്പ്പേർ നാട്ടിൽ ഭയന്നന്നാൾ
നിഷ്പാപയിവളെ ബ്ഭവാൻ,
ത്യജിച്ചാൻ കാട്ടിലെൻവാസ-
സ്ഥലത്തിന്നൊട്ടടുക്കെയായ്.

ശപഥത്തിന്നൊരുങ്ങുന്നു
സീത; സമ്മതമേകുക.
ഇവരോ, സീതപെററുള്ളോ-
രിരട്ടപ്പുത്രരും ശൂരർ.

അധൃഷ്യൻ നിൻെറ പുത്രന്മാ-
രിവർ, ഞാൻ സത്യമോതിടാം
ഓർത്തിടേണം പ്രചേതസ്സിൻ
പത്താമൻ പുത്രനാണു ഞാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അസത്യമെന്നിലണ്ടാകാ;
സത്യം, നിൻ പുത്രരാണിവർ
വേണ്ടപോൽ ഞാൻ തപംചെയ്തോ
നാണ്ടനേക, മതിൻ ഫലം,

പതിരായ് പോട്ടെ, സീതയ്ക്കി--
ങ്ങേതാൻ ദോഷമിരിക്കിലൊ.''
വാല്മീകിതൻ വചസ്സേവം
കേൾക്കവെച്ചൊല്ലി രാഘവൻ

''ആര്യനാമങ്ങരച്ചോണം
കാര്യം ശരി, മഹാമതേ!
വിശ്വാസംവന്നെനിയ്ക്കിപ്പോൾ
തവ നിർദ്ദോഷ വാക്കിനാൽ.

ലങ്കയിൽത്തന്നെ വിശ്വാസം
തെളിയിച്ചാൾ വിദേഹജ
ദേവന്മാർമുമ്പിൽവെ,ച്ചപ്പോൾ
മന്ദിരേകൊണ്ടുപോന്നുഞാൻ

നിഷ്പാപാസതിയെന്നാലു-
മിവളെസ്സന്ത്യജിച്ചുഞാൻ
ലോകനിന്ദാ ഭയംമൂലം;
മാപ്പെനിയ്ക്കരുളേണമെ.

അറിയാമെൻെറ പുത്രന്മാ-
രിവരെന്നും കുശീലവർ.
പ്രീതിയും ചേർന്നിടുന്നേററം
സ്വാദ്ധിയീസീതയിങ്കലും!!

രാമാഭിപ്രായമീവണ്ണം
വെളിവായറിവാകയാൽ
ബ്രഹ്മാവൊത്തവിടെയ്യെത്തി
ദേവന്മാർ കൂട്ടമായ്തദാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വടക്കോട്ടുമുഖം, നോട്ടം
കീഴ്പ്പോട്ടായും, വിദേഹജാ
നിന്നു, പൂമ്പട്ടണിഞ്ഞുള്ളോരം,
കൈക്കൂപ്പിച്ചൊല്ലിയിങ്ങനെ

"സ്മരിച്ചിട്ടില്ലഞാനെങ്കിൽ
രാമനല്ലാതൊരുത്തനെ
ശരണം നല്ലണംസാക്ഷാൽ
ധരണീദേവിതാൻ മമ."

ഇങ്ങിനെശ്ശപഥംചെയ്കെ
പൊങ്ങിഭൂമിയിൽനിന്നുടൻ
അത്ഭുതം ദിവ്യമാമേക
സിംഹാസനമനുത്തമം.

ഭാനുശോഭമതോ ദിവ്യ
നാഗേന്ദ്രന്മാർ വഹിപ്പതാം.
ഭൂദേവി കൈകളാൽ സീതാ-
ദേവിയെസ്വീകരിച്ചുടൻ,

സിംഹാസനേപിടിച്ചേററി
സസ്നേഹം സ്വാഗതാന്വിതം.
കൊണ്ടുപോയ്കീഴ്ത്തലത്തേയ്ക്കായ്
കണ്ടുനില്ക്കേ ജനാവലി.

''ധന്യധന്യേ''തിശബ്ദത്താ-
ലന്നേരംവാഴ്ത്തിദേവകരം
പുഷ്പവൃഷ്ടിയുമുണ്ടായി,
പിന്നെയും പിന്നെയും തദാ.

ആഹ്ളാദാൽ പലതുംചൊന്നാ-
രാകാശസ്ഥിതവാനവർ;
ഭൂവിലും ദ്യോവിലുംകാണും
ജീവിവർഗ്ഗത്തിലൊക്കെയും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പലരും ചിന്തയാൽവാടി
സീതാശപഥമോർക്കയാൽ
ചിലരോദ്ധ്യാനമാർന്നുള്ള
നിലയാ,യന്യരങ്ങനെ,

നോക്കിനാർ സീതയെത്തന്നെ,
നോക്കീ രാമനെ മററുപേർ.
നഷ്ടചേതനരായ്നിന്നാർ
നിമേഷം സർവ്വ ജീവിയും.

സ്തബ്ധമായ്പോയ് ജഗത്താകെ
സീതാഗതിനിരീക്ഷണാൽ.
രാമനോ, ഭാവികാര്യജ്ഞ-
നെങ്കിലും നാടനെന്നപോൽ,

സീതാവിരഹ സന്തപ്ത-
ഭാവം താനാചരിച്ചവൻ,
ബ്രഹ്മാവിൻ വാക്കിനാൽ, പിന്നെ
സ്വസ്ഥനായ്, മുനിവാക്കിനാൽ.

ഉറക്കംവിട്ടപോൽ,പിന്നെ
മുറയ്ക്കായ്കാര്യചര്യകം.
യാഗകർമ്മത്തിലേർപ്പെട്ട
യോഗിമാർകളെയൊക്കെയും

പിരിച്ചയച്ചു,സമ്മാനം
പലതേകിയഥാക്രമം.
പിന്നെപ്പുത്രരൊടും കൂടെ
ചെന്നുവാണുനിജാലയെ

അവിടെസ്സുഖഭോഗങ്ങ-
ളഖിലം വിട്ടെറിഞ്ഞവൻ
എപ്പോഴും ചിന്തപൂണ്ടോനാ-
യേകാന്തേനിവസിസ്സയായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഒരു നാളാവിധം രാമ-
നേകാന്തേ മരുവുംവിധൌ
ഹരിയാണവനെ,ന്നുള്ളാ,-
ലറിയും ഹിതഭാഷിണി,

കൌസല്യ, ഭക്തിയോടിത്ഥം
മകനെപ്പാർത്തുചൊല്ലിനാൾ
''ജഗത്തിന്നാദിമൂലം നീ,-
യാദിമദ്ധ്യാന്തവർജ്ജിതൻ,

പരമാത്മാ,പരാനന്ദൻ,
പൂർണ്ണൻ, പുരുഷ,നീശ്വരൻ,
മമ പുണ്യാതിരേകത്താൽ
മകനായ്ത്തീർന്നെനിക്കുനീ.

എന്നാൽ സംസാരബന്ധങ്ങ-
ളെന്നിൽനിന്നു വിടുർത്തുവാൻ
ഇന്നിതേവരെയും, രാമ!
വന്നില്ലാവഴിയേതുമെ.

സംസാരബന്ധനം നീങ്ങാൻ
സാദ്ധ്യമാംജ്ഞാനമത്രയും.
ഇത്തവ്വിലെങ്കിലും നീതാ-
നൊത്തപോൽ നല്കണം, വിഭോ!''

വൈരാഗ്യപൂർണ്ണമാം വാക്യ-
മേവം മാതാവുചൊല്കവെ
വൃദ്ധയാമവളോടോതി
ധർമ്മാത്മാ മാതൃവത്സലൻ

''മോക്ഷ പ്രാപ്തികൾമാർഗ്ഗങ്ങൾ
മൂന്നാം ഞാൻ പറയുന്നവ,
കർമ്മയോഗമതും പിന്നെ
ഭക്തിജ്ഞാനങ്ങളെന്നതും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഭക്തിയോ;ത്രിവിധംചൊല്ലാം
ഗുണഭേദക്രമത്തിനാൽ
സ്വഭാവമെങ്ങനെ, ബ്ഭക്തി-
ഭാവവും മാറുമങ്ങനെ.

ക്രോധത്താൽ, ഡംഭിനാൽ, ദ്രോഹ-
ബുദ്ധിയാൽ മത്സരത്തിനാൽ
ഭക്തരായ്ചമയുന്നെന്നാ-
ലവർതാമസഭക്തരാം.

കാര്യസിദ്ധി, യശോലാഭം,
ധനം, ഭോഗസുഖങ്ങളും
ആഗ്രഹിച്ചർച്ചനം ചെയ്യും
ഭക്തൻ, രാജസഭക്തനാം.

ബ്രഹ്മാർപ്പണമനോഭാവാ-
ലതോ കർത്തവ്യചിന്തയാൽ
ചെയ്യും കർമ്മത്തിലാം ഭക്തി-
യെന്നാൽ സാത്വികഭക്തിയാം.

അനന്തഗുണവാനെന്നിൽ,
ചിത്തവൃത്തിനിരന്തരം
ആഴിയിൽഗ്ഗംഗചേരും പോ-
ലാഴ്ന്നുചേർന്നുലയിക്കണം

നിർഗ്ഗുണം ഭക്തിയോഗത്തിൻ
ലക്ഷണം തന്നെയാണതു്.
നിഷ്ക്കാമം ഭക്തിയാർക്കെന്നിൽ
നിൽക്കുന്നിതു നിരന്തരം,

സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം.
സമ്പാദിക്കുമവൻ ദൃഢം.
അത്തരം ഭക്തരെൻ സേവാ-
വൃത്തിമാത്രം ഗ്രഹിച്ചിടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇതല്ലോഭക്തിമാർഗ്ഗത്തിൻ
പരമോച്ചപദസ്ഥിതി.
തൽഭക്ത്യാത്രിഗുണാതീതൻ
മമസാരൂപ്യമാർന്നിടും

സ്വധർമ്മാചരണം സർവ്വ
കാമസങ്കല്പവർജ്ജിതം,
അഹിംസാ സത്യഭാവേന
കർമ്മയോഗപ്രവർത്തനം,

എന്നെ സ്തുതിച്ചു പൂജിക്ക,
വന്ദിച്ചെന്നെ സ്മരിക്കുക,
എന്നെത്താൻ കാൺക സർവ്വത്ര,
സജ്ജനപ്രീതി നേടുക.

ബഹുമാനം മഹാന്മാരിൽ,
ദാക്ഷിണ്യം ദുഃഖിതാർത്തരിൽ,
സമന്മാരിൽ സദാസ്നേഹം,
സ്ഥിരനിശ്ചയമാദിയിൽ,

വേദാന്തവാക്യശ്രവണം,
മമ നാമാനു കീർത്തനം,
സൽസംഗ, മാർജ്ജവം സർവ്വ
ദംഭാഹങ്കാരവർജ്ജനം;

ഭഗവദ്ധർമ്മ താല്പര്യ,
മിവയാൽ ശ്രദ്ധരായവർ
എന്നെ കീർത്തിച്ചു കേട്ടാൽ താ-
നെന്നെ പ്രാപിക്കുമഞ്ജസാ.

വായുദ്വാരാ യഥാഗന്ധം
നാസികാദ്വാരമെത്തുമോ,
യോഗാഭ്യാസാൽ തഥാ ചിത്ത-
മാത്മാവിൽ ചെന്നു ചേർന്നിടും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പ്രാണിവർഗ്ഗത്തിലെല്ലാംഞാ
നാത്മാവായ് സ്ഥിതിചെയ്യുവോൻ
ഈ തത്വമറിയാ മൂഢർ
ബാഹ്യപൂജ നടത്തുവോർ.

നാനാദ്രവ്യങ്ങളാലർച്ചി–
ച്ചാലും തോഷിച്ചിടില്ല ഞാൻ
അന്യജന്തുവധാൽ ചെയ്യും
പൂജ, മൽപ്പൂജയായിടാ

സർവ്വഭൂതസ്ഥനായെന്നെ
സ്മരിക്കാനായിടും വരെ
പ്രതിമാദികളിൽത്തന്നെ
പൂജിക്കാമെന്നെ ദേവനായ്

ജീവാത്മപരമാത്മാക്കൾ
ഭിന്നമെന്നു നിനയ്ക്കുവോൻ
ഭേദദൃഷ്ടിയൊടേ മൃത്യു–
ഭീതിയാൽ വിഷമിച്ചുപോം

വിവിധം ഭൂതജാലത്തിൽ
വിളങ്ങുന്നേകനാണു ഞാൻ
എന്നറിഞ്ഞെന്നെ മാനിച്ചു
നന്ദ്യാപൂജിച്ചിടേണ്ടതാം.

ശുദ്ധചൈതന്യമായ്, ജീവ–
ഭാവേനാസ്ഥിതനേതിലും
ഞാനെന്നായോർത്തുപാസിക്ക
സർവ്വഭൂതങ്ങളെസ്സദാ.

അതിനാൽ ഭേദമില്ലോർക്ക,
ജീവനും പരമേശനും.
ഭക്തിമാർഗ്ഗമതും ജ്ഞാന
മാർഗ്ഗവും വിവരിച്ചു ഞാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇതിലേതിൽച്ചരിച്ചാലും
ഹിതമാം, ശുഭമാം ഫലം.
അതിനാൽ, ഭക്തിയോഗേന
സർവ്വാന്തസ്ഥിതനെന്നെ നീ,

പുത്രഭാവാൽ സ്മരിച്ചാലും
മാതാവേശാന്തി കൈവരും.''
രാമൻെറ വചനം കേട്ടു
കൌസല്യാഹൃഷ്ടചിത്തയായ്,

രാമനെത്താൻ സദാഹൃത്തിൽ
ദ്ധ്യാനിച്ചേകാഗ്ര ചിത്തയായ്
സംസാരക്കെട്ടു പൊട്ടിച്ചു
പരമാംഗതി നേടിനാൾ

കൈകേയീദേവി, മുന്നേ രഘുവരനുപ
ദേശിച്ചയോഗം ധരിച്ചും,
ധ്യാനിച്ചും രാമനെത്താ,നുപശമ മതി
യായ് മൃത്യുവെ കൈവരിച്ചാൾ;
പിന്നെസ്വർഗ്ഗത്തിലെത്തിദ്ദശരഥസഹിതം
മോദമാർന്നാവസിച്ചാ—
ളമ്മട്ടിൽത്താൻ സുമിത്രാ, പതിസവിധ
മണഞ്ഞങ്ങു വാണാൾ സുശീലാ

സർഗ്ഗം—8

## കാലസന്ദർശനം-ലക്ഷ്മണത്യാഗം

കുറെക്കാലം കഴിഞ്ഞാറെ
ഭരതൻ ഭീമവിക്രമൻ
മാതുലച്ചൊല്ലിനാലങ്ങു
ചെന്നാൻസൈന്യസമേതനായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പിന്നെ രാമാജ്ഞയാചെന്നു
വെന്നാൻ ഗന്ധർവ്വവീരരെ
അവർക്കുള്ളപുരം രണ്ടും
തൻപുത്രർക്കേകിദാനമായ്.

പുഷ്ക്കരൻ 'പുഷ്ക്കരെ'ത്തിങ്കൽ
തക്ഷൻ'തക്ഷശിലാ'പുരെ
അഭിഷിക്തരുമായ് രണ്ടു
പുത്രരും പുഷ്ടശോഭരായ്.

ഭരതൻ പിന്നെവന്നെത്തി
ഭ്രാതാവെസ്സേവചെയ്കയായ്.
അന്നേരം രാഘവൻ പ്രീത്യാ
ചൊന്നാൻ ലക്ഷ്മണനോടിദം.

പടിഞ്ഞാറുണ്ടുപാർക്കുന്നു
''ഭില്ലന്മാർ'', ദുഷ്ടജാതികൾ
അവരെക്കീഴ്പ്പെടുത്തി, ത്തീ–
ക്ക്വിടെത്താൻ പുരദ്വയം.

മഹാബലർ മഹാവീര–
രംഗദൻ ചിത്രകേതുവും
നിൻപുത്രരവ, രാ രണ്ടു
വമ്പൻ പുരികളിൽക്രമാൽ,

അഭിഷിക്തരുമാകേണം;
പിന്നീടിങ്ങുമടങ്ങുക.
രാമൻശാസിച്ചപോൽസൈന്യ
സമേതം ചെന്നുലക്ഷ്മണൻ,

കൊന്നുശത്രുക്കളെ, പ്പിമ്പാ–
മന്നിൽസ്ഥാപിച്ചു പുത്രരെ
മന്നിൻമണാളരായ് വീണ്ടും
ചെന്നുസേവിച്ചുരാമനെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



രാമൻ സദാധാർമ്മികനായ്ഭരിച്ചും
കാലം കുറെച്ചെന്നൊരുവേളയിങ്കൽ
വന്നെത്തികാലൻ മുനിവേഷമാർന്നു
ചൊല്ലീടിനാൻ ലക്ഷ്മണനോടിദാനീം.

''മഹർഷിവര്യാതിബലൻെറ ദൂതൻ
ഞാനുണ്ടിതാവന്നിതുകാണ്മതിന്നായ്
സന്ദേശമേറെപ്പറയാനുമുണ്ടെ-
ന്നൊന്നങ്ങുചൊല്ലീടുക രാമനോടായ്.''

താപസൻചൊന്നതെക്കേട്ടെ
ത്വരിതംചെന്നു ലക്ഷ്മണൻ
രാമനോടറിയിച്ചാൻ താ-
നാമഹർഷിവചസ്സകം.

രാമനങ്ങതുകേട്ടാറെ
സൌമിത്രിയ്ക്കേകി കല്പന
മുനിയെക്കൊണ്ടുവന്നീടാൻ
തന്മുന്നിൽ സല്ക്കരിച്ചുടൻ.

ലക്ഷ്മണൻ ചൊന്നപോൽ തത്ര
പ്രവേശിപ്പിച്ചിതാദരാൽ
നെയ്യൊഴിച്ചഗ്നിപോലാളും
തേജസ്സോലും മുനീന്ദ്രനെ.

ക്ഷമേശൻ രാമനെക്കണ്ടാ
ക്ഷണം മാമുനി രൂപവാൻ
മധുരോദാരമാം വാക്കാ-
ലഭിവാദ്യങ്ങളോതിനാൻ.

രാമനും മുനിയെ, തൃപ്ത-
കാമനായ് പൂജ ചെയ്തുടൻ
സല്ക്കരിച്ചു യഥായോഗ്യം
കുശലപ്രശ്നമോതിനാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ദിവ്യസിംഹാസനാസീനൻ
ചോദിച്ചുമുനിയോടിദം
''എന്തുകാര്യം പ്രമാണിച്ചാം
ഭവാനിന്നിഹവന്നതും''

രാമവാക്യം ശ്രവിച്ചാറെ
മുനിയുത്തരമോതിനാൻ.
''ആകാര്യം കേൾക്കുവാൻ വയ്യാ
മററാരും നമ്മളെന്നിയെ.

ആരൊടും ചൊല്ലുവാൻ പാടി-
ല്ലാരും കേൾക്കാതിരിക്കണം;
കേൾക്കയോ കാൺകയോചെയ്യോൻ
ഭവാനാൽ വദ്ധ്യനാകണം.''

സമ്മതിച്ചാവിധം രാമൻ
സൌമിത്രിയൊടു ചൊല്ലിനാൻ
''വാതില്ക്കൽ നില്ക്കകാരേയും
വന്നിടാൻ സമ്മതിക്കൊലാ.

ആരാനകത്തുവന്നെന്നാ-
ലവനെന്നാൽ ഹതൻ തദാ.''
പിന്നെ മാമുനിയോടോതി
''ഭവാനാരുടെ ദൂതനാം

മനസ്സിൽ കണ്ടതാം കാര്യം
മുനേ! ചൊല്ലുക സാമ്പ്രതം.''
അപ്പൊളോതി മുനിശ്രേഷ്ഠൻ,
''സത്യം കേൾക്കുക, രാഘവ!

ബ്രഹ്മാവയച്ചു വന്നോൻ ഞാൻ
കാര്യമൊന്നുരചെയ്യുവാൻ.
ഞാനോ, ദേവ! ഭവൽപുത്ര-
നാദ്യജാതൻ, പുരന്തപ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മായയോടങ്ങു ചേർന്നപ്പോരം
ജനിച്ചോൻ കാലനാണു ഞാൻ
ദേവർഷിവന്ദ്യനാം ബ്രഹ്മ-
നേവം ചൊല്ലുന്നു നിന്നോടായ്

''സമയം വന്നു നിൻസ്വർഗ്ഗ-
നിലയം രക്ഷ ചെയ്യുവാൻ
മുന്നം നീയേകനായ് തീർന്നോൻ
മായയാ മായ്ച്ചു സർവ്വവും

സ്വഭാര്യ മായയിൽത്തന്നെ
ജനിപ്പിച്ചാദ്യമെന്നെ നീ
പിന്നെയോ, ശേഷനാം ദിവ്യ
പന്നഗം ജലശായിയെ.

അതിൻശേഷം ഹനിച്ചു നീ
മധുകൈടഭ ദൈത്യരെ
അവർക്കെഴുന്ന മേദസ്സു-
മസ്ഥിയും സഞ്ചയിച്ചു നീ,

മാമലാബദ്ധമിക്കാണും
ഭൂമിയേയും ചമച്ചുതെ.
ഉത്പാദിപ്പിച്ചു നിൻ നാഭി-
പത്മത്തിൽ നിന്നുമെന്നെയും,

പ്രജാപതി നിലയ്ക്കെന്നെ
പ്രതിഷ്ഠിച്ചധികാരിയായ്.
ഭാരമേവം ചുമന്നോൻ ഞാൻ
സാരമൊന്നു ചൊല്ലിനേൻ.

''ദുഷ്ടരാൽ ക്ലേശമേല്ക്കാതെൻ
സൃഷ്ടിയെക്കാണണം ഭവാൻ''
കശ്യപപ്പുത്രനായപ്പോരം
വിഷ്ണുവാമനരൂപനായ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വീണ്ടും രാക്ഷസരെക്കൊന്നു
ഭൂഭാരമൊഴിവാക്കി നീ.
ജീവിവർഗ്ഗം വലപ്പിക്കും
രാവണന്റെ വധത്തിനായ്,

മർത്ത്യനായീയുഗം തന്നിൽ
പാർത്തലത്തിൽപ്പിറന്നു നീ.
പതിനോരായിരം കൊല്ലം
ക്ഷിതിവാസത്തിനല്ലയോ,

നിശ്ചയിച്ചതു നീ മുന്നം
ത്രിദശന്മാർ മുഖാന്തരം.
ആ കാലം തീർന്നുപോയിപ്പോ–
ളായുസ്സും തവ പൂർത്തിയായ്.

കാലനിന്നു വരുന്നുണ്ടി–
ക്കാര്യം നിങ്കൽപ്പറഞ്ഞിടാൻ
ഇനിയും രാജ്യകാര്യത്തിൻ
തുടരാനിച്ഛയെങ്കിലോ,

നന്നായങ്ങനെയാവട്ടെ;''
ചൊന്നാൻ ബ്രഹ്മനിതേവിധം.
ദേവലോകം ഗമിക്കാൻ താൻ
തവനിശ്ചയമെങ്കിലോ

വിഷ്ണുവാൽ സുരരെല്ലാരും
സനാഥന്മാർ സുഖിച്ചിടും.''.
നാലാനനവചസ്സേവം
കാലനാലോതി കേട്ടക്കവെ

മന്ദഹാസത്തൊടും രാമൻ
ചൊന്നാൻ കാലനൊടുത്തരം.
''എനിക്കും ഹൃദ്യമാം കാര്യം
ഭവാനോതിയതൊക്കെയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ഇങ്ങെനിക്കുണ്ടു സന്തോഷ–
മങ്ങുവന്നതു കാരണം.
ത്രൈലോക്യകാര്യ സിദ്ധിക്കാ–
യീലോകേ ജാതനായി ഞാൻ,

മടങ്ങാം വന്നിടത്തേയ്ക്കാ–
യുടൻ ഞാൻ; തവമംഗളം.
സാധിച്ചു ചിന്തിതം കാര്യം
സാധിക്കേണ്ടിനിയൊന്നുമെ.

ദേവന്മാരെന്റെ സേവയ്ക്കാ–
രവർക്കുള്ളേതു കാര്യവും
എന്മായയാവൃതനായ് ചെയ്യാം
ബ്രഹ്മാവോതിയമാതിരി.''

രഹസ്യമീവിധം തമ്മിൽ
പറഞ്ഞുംകൊണ്ടിരിക്കവെ
ദുർവ്വാസാവെത്തി വാതുക്കൽ
ദർശിപ്പാൻ രാമനെദ്രുതം.

ലക്ഷ്മണന്നരികെച്ചെന്നു
ദുർവ്വാസാവോതിയിങ്ങനെ
"രാമനെക്കാണണം വേഗം
കാര്യം ഗൌരവമുള്ളതാം''

തേജസ്വി മുനിയോടപ്പോഴം
സൌമിത്രിയുമുരച്ചതെ.
''എന്തുകാര്യം ഭവാനിപ്പോഴം
ഞാൻതന്നെ നിറവേററിടാം.

വ്യഗ്രനാണന്യകാരത്തി–
ലഗ്രജൻ, കാത്തുനിൽക്കണം''
ഏവംകേട്ട മുനിശ്രേഷ്ഠൻ
ഭാവം മാറിയുരച്ചതെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''ഇപ്പോഴുംതാൻ രാമനെ കാണ്മാൻ
തക്കം നല്ലാതിരിക്കിലോ
അവനബ്ഭസ്മമാക്കും ഞാൻ
വംശം രാജ്യവുമൊപ്പമായ്''

ഘോരമീവചനം കേൾക്കെ
പാരം വിഭ്രമമാണ്ടവൻ
ലക്ഷ്മണൻ സ്വമനസ്സാലെ
നിശ്ചയിച്ചിതു മട്ടിലായ്.

''സർവ്വനാശത്തിലും ഭേദം
ഞാനേതാൻ നാശമേൽക്കയാം.''
എന്നുറച്ചകമേ ചെന്നു
ചൊന്നാൻ മാമുനി വാഞ്ഛിതം

ലക്ഷ്മണൻ ചൊൽവതെക്കേട്ട
രാമൻ കാലനെ വിട്ടടൻ,
പുറമേ വന്നു, നേരിട്ട
മുനിയെ സ്വീകരിക്കുവാൻ.

വന്ദിച്ചു മുനിയെ പ്രീത്യാ
മന്നവൻ ചൊല്ലിയിങ്ങനെ
''വന്നകാര്യം പറഞ്ഞീടാ-
മിന്നു ഞാനെന്തു ചെയ്യണം.''

രാമൻ ചൊന്നതു കേട്ടപ്പോൾ
ദുർവ്വാസാവോതിയിങ്ങനെ
''ഉപവാസവ്രതം പൂണ്ടി-
ന്നായിരം കൊല്ലമായിതെ.

വ്രതം തീർന്നിനി ഭക്ഷിപ്പാൻ
വന്നേൻ ഞാൻ തവസന്നിധൌ.''
അതുകേട്ടഥ സന്തോഷ-
മതിയായ് പൂണ്ടു രാഘവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വിവിധം വിഭവം ചേരും
വിരുന്നൂട്ടി മുനീശനെ.
മൃഷ്ടാന്നഭോജനം നേടി
തുഷ്ടനായ് പോയിനാൻ മുനി.

പിന്നെ രാമൻ സ്മരിച്ചാൻ താൻ
മുന്നമേ ചെയ്തനിശ്ചയം.
കാലനായ് ഭാഷണം ചെയ്കെ!
കാര്യം വൈഷമ്യമേറെയാം.

ലക്ഷ്മണൻ ഹതനായ്പോമെ-
ന്നാംക്കളത്തിലുറച്ചവൻ
മുഖവും താഴ്ത്തിമിണ്ടാതെ
ദുഃഖവും പൂണ്ടിരിക്കയായ്.

ത്രൈലോക്യാധിപനെന്നാലും
തപ്തനായ് തീർന്ന രാമനെ
കണ്ടുകാര്യം ഗ്രഹിച്ചേവം
രണ്ടുവാക്കോതി ലക്ഷ്മണൻ.

"പ്രേമബന്ധം നിനച്ചേന്തി-
ന്നീമട്ടിൽ തപ്തനാവണം
ത്യജിക്ക ദുഃഖമെൻ പേരിൽ,
വധിക്കെന്നെ രഘൂത്തമ.

കാലത്തിൻ ഗതിയിമ്മട്ടാ-
മെന്നെനിക്കറിവുള്ളതാം;
പ്രതിജ്ഞാ ലംഘനം വന്നാൽ
ഗതിമേ നരകത്തിലാം.

എങ്കൽ പ്രീതി ജനിച്ചെങ്കി-
ലേകുമെങ്കിലനുഗ്രഹം,
ശങ്കവിട്ടു വധിച്ചാലും;
തങ്കൊലാധർമ്മസങ്കടം."

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ലക്ഷ്മണോക്തികരം കേട്ടാറെ
രാമൻ ചഞ്ചലചിത്തനായ്
മന്ത്രിമാർ ഗുരുവും ചേർന്നു
മന്ത്രണം ചെയ്കയായ് ദ്രുതം

കാലേ പ്രതിജ്ഞയെച്ചെയ്തു
കാലനൊത്തുരിയാടവെ
മുനിതൻ വരവാൽ വന്ന
വൈഷമ്യം വിസ്തരിച്ചതെ.

രാമൻെറ വചനം കേട്ട
കാര്യമെല്ലാമറിഞ്ഞവർ
മന്ത്രിമാർഗുരുവുംകൂടി
കൈകൂപ്പിച്ചൊല്ലിയിങ്ങനെ.

''ഭൂഭാരംതീർത്തതിൽപ്പിന്നെ
ഭ്രാതാ വിട്ടുപിരിഞ്ഞിടും
ഭവാനെ; പ്പണ്ടുറച്ചുള്ളോ-
ന്നിതു ഞങ്ങൾക്കറിഞ്ഞിടാം.

പ്രതിജ്ഞയ്ക്കുടവേല്ലാതെ
ഭ്രാതാവെത്താൻത്യജിയ്ക്കുക.
പ്രതിജ്ഞാലംഘനം രാമ!
ധർമ്മച്യുതിവരുത്തിടും.

ധർമ്മമെല്ലാംനശിച്ചെന്നാൽ
ത്രൈലോക്യം നാശമാംദ്രുഢം.
ഭവാനോ, സർവ്വലോകത്തിൻ
പാലകൻ താനുമല്ലയോ.

ത്രൈലോക്യരക്ഷചെയ്കെന്നാൽ
ലക്ഷ്മണത്യാഗമൊന്നിനാൽ.''
സഭാമദ്ധ്യത്തിലീമട്ടിൽ
സജ്ജനങ്ങൾ കഥിക്കവെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ലക്ഷ്മണൻ നേർക്കു് നോക്കിത്താൻ
വാക്കേവം ചൊല്ലി രാഘവൻ
''യഥേഷ്ടം പോകനീയെങ്ങോ,
ക്ഷയം ധർമ്മത്തിനേല്ലൊലാ.

സത്തുക്കളാകുകിൽപ്പിന്നെ
ത്യാഗവും വധവും സമം.''
രാമനേവം പറഞ്ഞപ്പോ-
ളാമയം പൂണ്ടു ലക്ഷ്മണൻ

കണ്ണീരോടും സ്ഥലം വിട്ടാൻ
കാൽക്കൽവീണു നമിച്ചുടൻ.
പിന്നെപ്പോയ് സരയൂതീരം
തന്നിൽച്ചെ,ന്നാചമിച്ചവൻ,

നിരോധിച്ചിന്ദ്രിയം സർവ്വം
നിന്നു കൈക്കൂപ്പിയങ്ങനെ
മൂർദ്ധാവിൽ പ്രാണനേ നിർത്തി
ചിത്തമേകാഗ്രമാക്കിയും,

അവ്യയം പരമം ധാമം
ബ്രഹ്മത്തിൽത്താൻ നിമഗ്നനായ്.
ഈവിധം നിഷ്ഠ കണ്ടപ്പോൾ
ദേവന്മാർ മുനിമാർകളും,

പുഷ്പം വർഷിച്ചു സന്തോഷാൽ
സ്തുതിച്ചു കീർത്തനങ്ങളാൽ.
അന്നേരം വന്നു ദേവേന്ദ്ര-
നന്യർക്കെല്ലാമദൃശ്യനായ്,

മെയ്യോടെ ലക്ഷ്മണൻ തന്നെ
കയ്യോടെ സ്വർഗ്ഗമേററിനാൻ
വിഷ്ണുവിൻെറ ചതുർത്ഥാംശ-
രൂപനായ് ലക്ഷ്മണൻ തദാ,
അങ്ങുകണ്ടായ്സുരന്മാർക്കും
ദേവർഷിപ്രവരർക്കുമെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ലക്ഷ്മണൻ ദിവിതലത്തിലെത്തവെ
ബ്രഹ്മനൊത്തഖിലസിദ്ധയോഗികൾ
ശേഷരൂപധരനാമവൻെറ സ-
ന്ദർശനാത്ഥമവിടത്തിലെത്തിനാർ

സർഗ്ഗം—9

## മഹാപ്രസ്ഥാനം

സൗമിത്രിയെ ത്യജിച്ചേററം
ദുഃഖിച്ചു രാമ,നപ്പുറം
വസിഷ്ഠൻ വേദവിജ്ഞന്മാർ
മന്ത്രിമാരൊടുമോതിനാൻ.

''അഭിഷേചിച്ചിടാമിപ്പോൾ
ഭരതൻ തന്നെ രാജനായ്
ലക്ഷ്മണൻ പോയ മാർഗ്ഗത്തി-
ലിക്ഷണം പോകയാണു ഞാൻ''

രാമൻെറ വചനം കേൾക്കെ
പൌരന്മാർ വന്നുകൂടിയോർ
വേരററ തരുജാലംപോൽ
വീണു ദുഃഖിച്ചു ഭൂമിയിൽ.

മൂർച്ഛിച്ചു ഭരതൻ താനും
രാമവാക്യം ശ്രവിക്കവെ.
നിന്ദിച്ചു രാജ്യലാഭത്തെ
ചൊന്നാനേവം മഹാമതി.

''ദേവലോകാധിപത്യത്തിൽ
പോലും ഞാൻ കൊതിവച്ചിടാ
ഭവാനില്ലാതെ, സത്യം താൻ
തവ ദാസത്വമെൻ ഹിതം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അഭിഷേചിക്ക, രാജേന്ദ്ര!
ത്വൽപ്പുത്രരിരുപേരെയും
കുശനെദ്ദക്ഷിണാർദ്ധത്തി-
ലുത്തരേ ലവനേയുമെ.

സ്വർഗ്ഗവാസത്തിനായ് നമ്മാം
നിർഗ്ഗമിപ്പതറിഞ്ഞിടാൻ
ശത്രുഘ്നൻ വന്നുചേരട്ടെ
സത്വരം ദൂതർ പോകണം.''

ഭരതൻ ചൊന്നതെക്കേട്ടു-
മവനെത്തന്നെ നോക്കിയും
പൌരന്മാർ ഭയവിഭ്രാന്തർ
പതിച്ചാർ പാരിലാർത്തരായ്

വിഷമം വാച്ചൊരിത്തവ്വിൽ
വസിഷ്ഠൻ ചൊല്ലിയിങ്ങനെ
''പൌരരെക്കാൺക രാജേന്ദ്ര!
പാരിൽ വീണു കിടപ്പതായ്

പ്രേമിപ്പോർ നിന്നെയെല്ലാരും
പ്രസാദിച്ചീടണം ഭവാൻ''
രാമനെല്ലാരെയും കയ്യാ-
ലെണീപ്പിച്ചഥ സാദരം

തന്നാൽ ചെയ്യേണ്ടതെന്തെന്നായ്
നന്ദ്യാ ചോദിച്ചു മന്ദമായ്.
അപ്പോഴം പൌരജനം സർവ്വം
കൂപ്പുകയ്യോടെ ചൊല്ലിനാർ

''എങ്ങുപോകും ഭവാനെങ്കി-
ലങ്ങുപോരട്ടെ ഞങ്ങളും.
അതുതാനേററവും പ്രീതി-
യതു താൻ ധർമ്മമക്ഷയം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അങ്ങയെപ്പിന്തുടർന്നീടാൻ
ഞങ്ങൾക്കത്യന്തമാഗ്രഹം
നാകമോ നഗരം നാടോ
പൂകുവേൻ ഞങ്ങളൊക്കെയും

കുടുംബസഹിതം രാമ!
കൂടെത്താൻ കൊണ്ടുപോവുക.''
കാലവാക്യം ഗണിച്ചും സ-
ജ്ജന ചിത്തമറിഞ്ഞുമെ

ഭക്തരോടങ്ങനെച്ചെയ്‌വാൻ
സമ്മതിച്ചു രഘൂത്തമൻ.
ആ വിധം നിശ്ചയംചെയ്തി–
ട്ടാവും വേഗത്തൊടന്നു താൻ,

രാമൻ തൻ പുത്രരെ, പ്പോകാൻ
ചൊല്ലിവിട്ടാൻ നിജാലയെ.
ആയിരപ്പടി ചേരും ന-
ല്ലാനതേർ കുതിരപ്പട

ഒട്ടേറെ ധനവും പിന്നെ
ഹൃഷ്ടപുഷ്ടജനത്തെയും,
രണ്ടുപേർക്കും വേറെ വേറെ
കൊണ്ടുപോകാൻ കൊടുത്തുതെ.

താതനെപ്രണമിച്ചേററം
ഖേദത്തോടവർ പോയിനാർ.
ഇതിന്നിടയ്ക്കു ശത്രുഘ്ന–
ന്നാളയച്ചിതു രാഘവൻ.

ദൂതന്മാർത്വരിതം ചെന്നു
ശത്രുഘ്നന്നറിവേകിനാർ.
കാലൻെറവരവും പിന്നെ
ദുർവ്വാസാവിൻ പ്രവൃത്തിയും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ലക്ഷ്മണന്നേററ നിര്യാണം,
രാഘവൻചെയ്ത സത്യവും,
പുത്രാഭിഷേചനം, രാമ–
ചിത്തവൃത്തിയുമങ്ങനെ,

കുലനാശകരം വാർത്ത
കേട്ടശത്രുഘ്നനും തദാ
ഏറ്റെത്തപിച്ചുവെന്നാലും
സ്ഥൈര്യബുദ്ധി കലർന്നവൻ,
പുത്രൻസുബാഹുവിന്നേകി
മധുരാ രാജപട്ടവും,

വിദിശാരാജനായ്തീർത്തു
പുത്രനാംയൂപകേതുവെ,
രാമനെക്കാണുവാൻവെമ്പി-
ട്ടയോദ്ധ്യയ്ക്കങ്ങുപോയിനാർ.

തേജസ്സാലുജ്ജ്വലിപ്പോനായ്
ദുകൂലാദ്വയധാരിയായ്
മഹാത്മാരാമനെക്കണ്ടാൻ
മഹർഷിപ്രജസേവ്യനായ്.

വന്ദനം ചെയ്തു ശത്രുഘ്നൻ
രാമനാം രഘുവര്യനെ
കൈക്കൂപ്പി ധാർമ്മികം വാക്യം
ധർമ്മാത്മാവോതിയിങ്ങനെ.

''ഭവാനെപ്പിന്തുടർന്നീടാൻ
ഭഗവൻ; ഞാനുറച്ചിതാ
വന്നു, വാഴിച്ചു രാജ്യത്തിൻ
മന്നരായ് പുത്രരേയുമെ.

ത്യജിയ്ക്കൊല്ലെന്നെ, ഞാൻ നിന്നെ
ഭജിപ്പോനെന്നുമോർക്കണം''
ശത്രുഘ്നന്റെ ദൃഢം ബുദ്ധി
കണ്ടറിഞ്ഞു രഘൂത്തമൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



''എന്നാലുച്ചയ്ക്കു തയ്യാറായ്
നിൽക്കനീ''യെന്നുചൊല്ലിനാൻ.
പിന്നെക്ഷണത്തിലാ രംഗേ
വന്നെത്തീ, കാമരൂപികാം

വാനരന്മാർ പലേവർഗ്ഗം
രാക്ഷസന്മാരുമങ്ങനെ;
ദേവാംശർ മുനി പുത്രന്മാ-
രവരും രാമനിശ്ചയം,

കേട്ടറിഞ്ഞേവരും കൂട്ടം
കൂട്ടമായ് ചൊല്ലിയിങ്ങനെ
''അങ്ങയെ പിന്തുടർന്നീടാൻ
ഞങ്ങളും കാപ്പുകെട്ടിയോർ''

ഇതിന്നിടയ്ക്കു സുഗ്രീവൻ
മതിമാൻ വന്നു രാമനെ
വന്ദിച്ചു തൊഴുതും കൊണ്ടു
ചൊന്നാൻ ഭക്തിമുഴുത്തവൻ

''അംഗദൻ തന്നെ രാജാവായ്
വാഴിച്ചാണു വരുന്നു ഞാൻ
ഭവാനൊത്തു ഗമിക്കാനാ-
യിവനും തീർച്ചയാക്കിനേൻ.''

രക്ഷോവാനര വീരന്മാർ
പ്രസ്താവിച്ചതു കേൾക്കവെ
രാക്ഷസേശനൊടായ് ചൊന്നാ-
നിക്ഷ്വാകുകുല നന്ദനൻ.

''ഭൂതവർഗ്ഗത്തൊടും കൂടി
ഭൂമിനില്ക്കുന്നതെത്ര നാൾ
അത്രനാൾ രാക്ഷസം രാജ്യം
ഭരിച്ചാലും വിഭീഷണ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മറുവാക്കോതിടേണ്ടാ നീ,
മാനിച്ചിടുക മന്മതം.''
അതിൽ പിന്നെ ഹനൂമാനോ-
ടിതുമട്ടോതി രാഘവൻ.

''മാരുതേ! നീ ചിരം ജീവി-
ച്ചിരുന്നാലും; മമാജ്ഞയാം.''
പിമ്പോതി ജാംബവാനോടായ്
''നില്ക്കനീ ദ്വാപരത്തിലും

അക്കാലത്തടരാടും നാം
തല്ക്കാലം ചില കാരണാൽ''
മററുള്ള വാനരന്മാരും
രാക്ഷസന്മാരുമൊക്കെയും

തന്നോടൊന്നിച്ചു പോന്നീടാൻ
തന്നെസ്സമ്മതമേകിനാൻ

പിന്നെ പ്രഭാതേ രഘുവംശനാഥൻ
വിശാലഹൃത്താം ശതപത്രനേത്രൻ
വസിഷ്ഠനോടഗ്നിയുമേന്തി മുന്നിൽ
ചരിക്കുവാൻ ചൊല്ലി ദയാപയോധി.

വസിഷ്ഠനപ്പോഠം വിധിയാം വിധത്തിൽ
പ്രസ്ഥാനകർമ്മം നിറവേററി സർവ്വം.
പട്ടാംബരൻ, ദർഭപവിത്രഹസ്തൻ,
മഹാപ്രയാണത്തിനൊരുങ്ങിനില്പോൻ,

രാമൻ കടന്നാൻ സ്വപുരത്തിൽ നിന്നും
വെൺകാറു വിട്ടുള്ള ശശാങ്കനെപ്പോൽ.
ഇടത്തുഭാഗത്തു നടന്നു ലക്ഷ്മി
വെൺതാമരപ്പൂവു കരത്തിലേന്തി;

ചെന്താമരപ്പൂവു കരത്തിലേന്തി
ശ്യാമാംഗിയാം ഭൂമിയുമന്യഭാഗേ.
ശാസ്ത്രങ്ങളാം ശസ്ത്രങ്ങളുമസ്ത്രചാപം
സർവ്വം നടന്നാർ ബഹുരൂപമാണ്ടോർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



വേദങ്ങളും വിഗ്രഹഭാവമേന്തി
നടന്നു ദേവർഷി ഗണങ്ങളോടെ.
ഗായത്രിയും വ്യാഹൃതിയൊത്തുമുമ്പേ
നടന്നിതോങ്കാരമൊടപ്രകാരം.

ഏവം ഗമിക്കുന്നവനൊട്ടു പിന്നിൽ
ചരിച്ചു ബന്ധുക്കളൊടൊത്തു നാട്ടാർ
തുറന്നുവെച്ചുള്ളൊരു മോക്ഷമാർഗ്ഗ
പ്രയാണമെന്നോർത്തവർ തൃപ്തരായി.
അന്തഃപുരസ്ത്രീകളകമ്പടിക്കാർ
ശത്രുഘ്നനൊത്തും ഭരതൻ ഗമിച്ചു.

ശ്രീരാമനേവം രമയൊത്തു, രാജ്യം
ദൂരാൽ ത്യജിച്ചങ്ങു നടന്നുകാൺകെ
അമാത്യരും വിപ്രരുമൊത്തു പൌര-
രാബാലവൃദ്ധം പിറകേ ഗമിച്ചാർ.

ഉല്ലാസരായ് ക്ഷത്രിയവൈശ്യശൂദ്ര-
രെല്ലാരു മമ്മട്ടു നടന്നു കൊണ്ടാർ
തുടർന്നു സുഗ്രീവനുമൊത്തു കീശൻ
നടന്നുതേ മംഗളശബ്ദഘോഷാൽ

ഒരാൾക്കുമേ ബാഹ്യസുഖേച്ഛയില്ല
സംസാര ദുഃഖങ്ങളുമില്ലൊരാൾക്കും;
ആനന്ദരൂപൻ വിഭുരാമനെത്താ-
നനന്യചിന്താപരരായ് സ്മരിച്ചാർ

പ്രാണൻപെട്ടും സ്ഥാവരജംഗമങ്ങൾ
കാണാത്തതും കണ്ടതുമാ പ്രദേശെ
സാക്ഷാൽ പരാത്മാ പരമേശ്വരൻ തൻ
പിമ്പേഗമിച്ചാരതുലം വിരക്ത്യാ.

രാമൈകചിന്താപരരായ് ഗമിക്കാ-
തില്ലങ്ങയോദ്ധ്യാ നഗരത്തിലാരും.
രാജാവുരാമൻ പുരിവിട്ടതോടെ
ജീവസ്സുപോയ് ശൂന്യതയാർന്നിതെങ്ങും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചെന്നെത്തി പിന്നെബ്ബഹുദ്ദൂരെ, വിഷ്ണു-
നേത്രോത്ഥയാകും സരയൂതടത്തിൽ,
സ്മരിക്കവെ ശ്ശുദ്ധിവരുത്തുമീശൻ,
സ്മരിച്ചു, രാമൻ, ഹൃദിവിശ്വമെല്ലാം

അന്നേരമങ്ങെത്തി പിതാമഹൻ താൻ
പിന്നെസ്സുരന്മാർ മുനിസിദ്ധസംഘം
അപാരവാനത്തിലനേക ദിവ്യ
വിമാനമേറീട്ടവരും വിളങ്ങി.

ഭാനുപ്രഭാസന്നിഭ കാന്തിയേന്തും
വിമാനജാലങ്ങൾ പരന്നുമെങ്ങും
സ്വയം പ്രകാശാത്മകർ പുണ്യവാന്മാർ
നിറഞ്ഞുമാകാശമത്തുജ്ജ്വലിച്ചു.

സുഗന്ധമേറുന്നൊരു കാററുവീശി
വർഷിച്ചു പുഷ്പങ്ങളുമാമുഹൂർത്തെ
മൃദംഗവാദ്യങ്ങളുയർത്തി വാനോർ
സ്തുതിച്ചു വിദ്യാധര കിന്നരന്മാർ

രാമൻ കരത്താൽ ജലമൊന്നുതൊട്ടു
പിന്നെ ക്രമത്തിൽ ക്രമണം തുടങ്ങി.
ബ്രഹ്മൻ തദാചൊല്ലി കരങ്ങൾ കൂപ്പി
പരാത്മനാം രാമനൊടിപ്രകാരം.

"ആനന്ദരൂപൻ പരിപൂർണ്ണനെങ്ങും
വ്യാപിച്ചവൻ തത്വമറിഞ്ഞവൻ നീ
എന്നാലുമെൻപ്രാർത്ഥന ചെയ്തുതന്നോ-
നെന്നാളുമീഭക്തരിലാർദ്രചിത്തൻ.

ഭ്രാതാക്കളോടൊത്തിനി വിഷ്ണുരൂപം
പ്രാപിച്ചു കാത്തീടുക ദേവസംഘം,
ഗ്രഹിക്കകിഷ്ടപ്പടി മററു രൂപ,-
മെന്നാലുമീ ഞങ്ങളെ കാത്തുകൊൾക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



നീതന്നെ ദേവാധിപനായ വിഷ്ണു
ഞാൻമാത്രമീവാർത്തയറിഞ്ഞിടുന്നോൻ
ഒരായിരം പാടിത കുമ്പിടുന്നേൻ
പ്രസീദ, ദേവേശ! നമോ നമസ്തേ.''

ബ്രഹ്മാവിനാൽ പ്രാത്ഥിതനായ രാമൻ
ദേവൌഘമെല്ലാം ദിവി നോക്കിനില്ക്കെ
ക്രമേണ ചക്രാദികളേന്തിനിൽക്കും
ചതുർഭുജം പൂണ്ടു വിളങ്ങിമേന്മേൽ.

സൌമിത്രിയോ വൈഷ്ണവതല്പമാകും
ഫണീശ്വരൻ ശേഷനമായ് ചമഞ്ഞു.
ചക്രസ്വരൂപം ഭരതൻ ഗ്രഹിച്ചു
ശത്രുഘ്നനോ ശംഖവുമായ് കഴിഞ്ഞു.

ലക്ഷ്മീപദം മുന്നമണഞ്ഞു സീതാ
സാക്ഷാൽ മഹാവിഷ്ണുവുമായി രാമൻ
ഭ്രാതാക്കളൊത്തും നിജപൂർവ്വരൂപം
വരിച്ചു തേജോമയ ദിവ്യമൂർത്തി.

ദേവർഷിമാർ യക്ഷഗണങ്ങൾസിദ്ധർ
ദേവേന്ദ്രനും ദേവകൾ മററുപേരും
പിതാമഹൻ തന്നൊടുമൊത്തു നന്ദ്യാ
സ്തവങ്ങളാൽ വിഷ്ണുവെവാഴ്ത്തി നിന്നാർ

അക്കൂട്ടരെല്ലാം നിജകാര്യലാഭാ-
ലാനന്ദപൂർണ്ണാബ്ധിയിൽ മഗ്നരല്ലോ.
അന്നേരമാ ബ്രഹ്മനൊടോതിവിഷ്ണു
''ഇന്നെന്നൊടൊന്നിച്ചിഹ വന്നഭക്തർ

തിര്യക്കിനത്തിൽപ്പെട്ടവോരുമേറേ
ത്യാഗത്തിനാൻ പുണ്യമിയന്നിടുന്നോർ
വൈകുണ്ഠതുല്യം സ്ഥലമൊന്നവർക്കായ്
വൈകാതെനൽകെന്നുടെ ശാസനത്താൽ''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പിതാമഹൻചൊല്ലി''യിവക്കുപോകാം
'സാന്താനികം' നാമവിചിത്രലോകെ
മദീയലോകത്തിനുമേൽ വിളങ്ങു-
ന്നതാണയുക്തതം തവ ഭക്തരായാൽ

സ്മരിക്കുവോരാർ തവനാമമെന്നും
ഭജിക്കുവോർ ജ്ഞാനവിഹീനർപോലും
യോഗീന്ദ്രരെത്തുന്നൊരു ദിവ്യലോക-
മാകുന്നതിൽത്താനവരെത്തുമല്ലൊ.''

ശ്രവിച്ചിദംകീശ നിശാചരന്മാർ
സ്പർശിച്ചു കയ്യാൽസരയൂജലത്തെ;
ത്യജിച്ചു ദേഹംസ്വയമാത്മവംശ
സ്ഥിതിയ്ക്കൊഴുംദേഹമുടൻഗ്രഹിച്ചാർ

സുഗ്രീവനാദിത്യനിലേ ലയിച്ചാ-
നാദിത്യവീര്യോത്ഭവനാകമൂലം.
പിന്നെപ്രജാസഞ്ചയമാജലത്തിൽ
മുങ്ങിത്യജിച്ചാർ നരരൂപദേഹം

വിമാനമേറീട്ടവർ ഭൂഷിതാംഗർ
പ്രാപിച്ചുതേ സാന്താനികാഖ്യലോകം.
തിര്യക്കിനത്തിൽപ്പെട്ടവോരുമേവം
രാമപ്രസാദാൽ സുരലോകമെത്തി.

കാഴ്ചയ്ക്കുവന്നാ പുറനാട്ടുകാരും
രാമപ്രസാദാൽ ഭവമുക്തരായി
സ്പർശിച്ചുവെള്ളം ഹരിയെ സ്മരിച്ചും
സ്വർഗ്ഗത്തിലെത്തീയവരും ക്രമേണ.

ശ്രീരാമചന്ദ്രൻെറ കഥാവശേഷ-
മീമട്ടിലാം ചൊന്നതു ചന്ദ്രചൂഡൻ.
ഏതെങ്കിലും പാദമിതിൽപ്പഠിപ്പോൻ
പാപത്തിൽ നിന്നാകെ വിമുക്തനാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



പാപത്തിലെന്നും മുഴകുന്നവൻ താൻ
പഠിക്കിലീ പദ്യമൊരെണ്ണമെങ്കിൽ
സംസാരദുഃഖങ്ങളകന്നൊഴിഞ്ഞും
രാമന്റെ സാലോക്യമവന്നുലഭ്യം

ഉമാവരൻ, രാഘവചോദിതൻ താൻ,
വരാനിരിക്കുന്നൊരു കാര്യമെല്ലാം
കഥിച്ചതല്ലോ കഥ രാഘവീയം;
രുചിച്ച രാമന്നിതു കേൾക്കയാലെ.

രാമായണം കാവ്യമനന്തപുണ്യം
ഭവാനിയോടോതി മഹേശ്വരൻ താൻ
ഭക്ത്യാപഠിപ്പോനഥ കേൾക്കുവോനും
മുക്തിപ്രദം പാപവിനാശശക്തം.

അദ്ധ്യാത്മരാമായണമെന്നുമേവം
ശ്രവിക്ക വായിയ്ക്കെഴുതുന്നതേതും
ചെയ്‌വോനടുക്കൽ സതി സീതയൊത്തും
രാമൻ വിളങ്ങും പരമംഗളാത്മാ.

രാമായണം ജനമനോഹരമാദികാവ്യം
ബ്രഹ്മാദിദേവഗണകീർത്തിതമത്ര പുണ്യം
വായിക്കുവോനുമഥ കേൾപ്പവനും വിശുദ്ധി
ഭാവിച്ചു വിഷ്ണുനിലയേ, വിലയിച്ചുകൊള്ളും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

# അദ്ധ്യാത്മരാമായണം

കപ്രശ്ശേരി അപ്പുണ്ണിക്കയ്മൾ

കേരളീയഭവനങ്ങളിൽ പാവനമായ ഒരു നിത്യപാരായണഗ്രന്ഥമായി നിലനിന്നുപോരുന്നു, അദ്ധ്യാത്മരാമായണം. എഴുത്തച്ഛന്റെ കിളിപ്പാട്ടുരൂപത്തിലുള്ള പ്രശസ്തകൃതി, സംസ്കൃതത്തിലുള്ള 'അദ്ധ്യാത്മരാമായണ'ത്തെ അവലംബിച്ചാണ് രചിക്കപ്പെട്ടിരിക്കുന്നത്. ഇതിഹാസപുരാണങ്ങളിൽ പ്രസിദ്ധമായ അദ്ധ്യാത്മരാമായണത്തിന് നല്ല മലയാളത്തിൽ ഒരു പരിഭാഷ ഉണ്ടായിട്ടില്ലെന്ന കുറവ്, കപ്രശ്ശേരി അപ്പുണ്ണിക്കയ്മൾ ഇവിടെ നികത്തുന്നു. വൃത്താനുവൃത്തമായ പരിഭാഷകൊണ്ട് മൂലത്തിന്റെ കാവ്യഭംഗിയും രൂപസൗഭാഗ്യവും അതേപടി പരിഭാഷയിലും നിലനിർത്താൻ സാധിച്ചിരിക്കുന്നു. സംസ്കൃതപദ്യങ്ങളിലുള്ള ഭാവം നല്ലപോലെ മനസ്സിലാക്കി സ്വാംശീകരിച്ചശേഷം അവയെ ആവുന്നത്ര ലളിതവും ആയാസരഹിതവുമായി, ചിലപ്പോൾ സംഭാഷണശൈലിയിലേക്കുപോലും വഴുതിവീഴുന്ന മട്ടിൽ, പ്രകാശിപ്പിക്കുകയാണ് കയ്മൾ ചെയ്തിട്ടുള്ളത്. ഉത്തരകാണ്ഡമുൾപ്പെടെ രാമായണം ഏഴു കാണ്ഡവും വൃത്താനുവൃത്തം പരിഭാഷപ്പെടുത്തിയിരിക്കുന്ന ഈ മഹത്ഗ്രന്ഥത്തിൽ 4218 പദ്യങ്ങളാണ് അടങ്ങിയിരിക്കുന്നത്. ചൈതന്യയുക്തവും ലളിതമനോഹരവും ആയ ഭാഷയിൽ, വേദാന്തതത്വങ്ങളുടെ ഗൗരവം അല്പംപോലും നഷ്ടപ്പെടാതെ സുന്ദരമായ കാവ്യശൈലിയിൽ പരിഭാഷ സാധിച്ചിരിക്കുന്നു, വാസനാസമ്പന്നനും കൃതഹസ്തനുമായ കവികൂടിയായ കപ്രശ്ശേരി അപ്പുണ്ണിക്കയ്മൾ. പുരാണപ്രസിദ്ധമായ രാമായണത്തിന്റെ ആത്മാവിലേക്കിറങ്ങുവാൻ പര്യാപ്തമാകുന്ന അപൂർവ്വഗൗരവവും പ്രൗഢവുമായ, കെ. പി. നാരായണപ്പിഷാരോടിയുടെ അവതാരികയും.

വില 25·00

നാഷനൽ ബുക്ക്സ്റ്റാൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar